# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

2018 ഫെബ്രുവരി 6, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ഫെബ്രുവരി 6, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നിറാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

425/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യൂതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 74

**II അടിയന്തരപ്രമേയം**

പ്രവാസി സമൂഹം നേരിടുന്ന പ്രതിസന്ധി

അവതരണാനുമതി നിഷേധിച്ചു .. 398

**III ശ്രദ്ധ ക്ഷണിക്കൽ**

(1) ശബരിമല ഭക്തർ നേരിടുന്ന ബുദ്ധിമുട്ടുകൾ

-ശ്രീ. കെ. ബി. ഗണേഷ് കുമാർ .. 419

(2) വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ

-ശ്രീ. മോൻസ് ജോസഫ് .. 425

**IV സബ്മിഷൻ**

1. കുരിപ്പുഴ ശ്രീകുമാറിന് നേരെയുണ്ടായ ആക്രമണം

-ശ്രീ. മുല്ലക്കര രത്നാകരൻ .. 429

2. കുട്ടികളെ തട്ടിക്കൊണ്ടുപോകൽ

-ഡോ. എം. കെ. മുനീർ .. 431

3. ദേശീയ പാത

-ശ്രീ. സി. കെ. ശശീന്ദ്രൻ .. 433

4. ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം

-ശ്രീമതി വീണാജോർജ്ജ് .. 434

5. വില്ലേജ് രേഖകളിലെ അപാകത

-ശ്രീ. കെ. എം. മാണി .. 435

6.സേവന-വേതന വ്യവസ്ഥകൾ

-ശ്രീ. സി. ദിവാകരൻ .. 436

7. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

-ശ്രീ. പാറക്കൽ അബ്ദുല്ല .. 437

8. മൃതസഞ്ജീവനി പദ്ധതി

-ശ്രീ. വി. എസ്. ശിവകുമാർ .. 438

9. കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം

-ശ്രീ. റോജി എം. ജോൺ

-ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ .. 442

10. ആഭരണ തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ

-ശ്രീ. എസ്. ശർമ്മ .. 444

11. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

-ശ്രീ. എം. നൗഷാദ്

-ശ്രീ. പി. സി. ജോർജ് .. 446

12. മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക്

-ശ്രീ. എം. ഉമ്മർ .. 450

13. ഹൈഡൽ ടൂറിസം പദ്ധതി

-ശ്രീ. പുരുഷൻ കടലുണ്ടി. .. 450

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) ലിസ്റ്റ്-1 പ്രകാരം .. 451

(2) ലിസ്റ്റ്-2 പ്രകാരം

(ചട്ടം 236 (5) അനുസരിച്ചുള്ളത്) .. 461

(3) ലിസ്റ്റ് -3 പ്രകാരം

(ചട്ടം 236 (6)അനുസരിച്ചുള്ളത്) .. 467

**VI ക്രമപ്രശ്നം**

1. ചട്ടങ്ങളുടെ രൂപീകരണം

-ശ്രീ. എൻ. ഷംസുദ്ദീൻ .. 478

2. ചട്ടങ്ങൾ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിലെ കാലതാമസം

-ശ്രീ. എം. ഉമ്മർ .. 481

**റൂളിംഗ്**

-മി.സ്പീക്കർ .. 483

**VII റിപ്പോർട്ട് സമർപ്പണം**

പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ .. 485

**VIII ധനകാര്യം**

2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച് (തുടർച്ച) .. 486

**IX അറിയിപ്പ്**

-മി.സ്പീക്കർ .. 557

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ഫെബ്രുവരി 6, ചൊവ്വ*

വാല്യം 170] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2018 ഫെബ്രുവരി മാസം 6-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ (*211)

### ഭൂഗർഭജലസംരക്ഷണ നടപടികൾ

1 (*211) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭജലസംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) ഉപയോഗശൂന്യമായ കുഴൽ കിണറുകൾ റീചാർജ് ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ;

(സി) കുഴൽകിണർ നിർമ്മിക്കുന്നതിനായി എൻ.ഒ.സി. നൽകുന്നതിനും ഭൂഗർഭജലദുരുപയോഗം തടയുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനുമായി കേന്ദ്രം പുറത്തിറക്കിയ കരട് മാർഗ്ഗനിർദ്ദേശങ്ങളിൽ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ,

(എ) ഭൂജല വകുപ്പ്"ഭൂജലസംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല

425/2020.

സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിനും മറ്റുമായി നടപ്പിലാക്കിവരുന്നു.

(ബി) ഭൂജല വകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ കുഴൽ കിണർ വഴിയുള്ള ഭൂജല സംപോഷണം (ഇടുക്കി ജില്ലയിൽ) നടപ്പിലാക്കിവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതിയിൻകീഴിൽ വിപുലമായ രീതിയിൽ ജലലഭ്യത കുറവുള്ളതും ജലനിരപ്പ് കുറഞ്ഞുവരുന്നതുമായ കുഴൽക്കിണറുകളിൽ കൃത്രിമ ഭൂജല സംപോഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഭൂജലം വിനിയോഗിക്കുന്നതിനുള്ള നിരാക്ഷേപ പത്രങ്ങൾ നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ഭൂജല അതോറിറ്റി ഒരു സാങ്കേതിക സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് അതോറിറ്റി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും തുടർന്ന് ലഭിച്ച നിയമ ഭേദഗതി നിർദ്ദേശങ്ങളെപ്പറ്റിയും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത സാങ്കേതിക സമിതിയെ തന്നെ ഭൂജല അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സി. കെ. നാണു : സർ, സംസ്ഥാനത്ത് വിവിധ ജില്ലകളിലെ ഭൂഗർഭ ജലത്തിന്റെ താഴ്ചയും ഉയർച്ചയും എത്രയാണെന്ന് അറിയുന്നതിനായി ജില്ലാടിസ്ഥാനത്തിൽ പഠനം നടത്തിയതിന്റെ റിപ്പോർട്ട് സർക്കാരിന്റെ കൈവശമുണ്ടോ?

ശ്രീ. മാത്യു ടി. തോമസ് : സർ, സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 871 നിരീക്ഷണ കിണറുകളുണ്ട്. ഓരോ കിണറുകളിലെയും ജലനിരപ്പ് പരിശോധിച്ചുകൊണ്ട് ഭൂജല നിരപ്പിന്റെ അവസ്ഥ അതാത് സമയം ഭൂജല വകുപ്പ് നിർണ്ണയിക്കുന്നുണ്ട്. ഈ സമ്മേളനത്തിൽത്തന്നെ 25-1-2018-ലെ നക്ഷത്രചിഹ്ന മിടാത്ത ചോദ്യം നമ്പർ 968-ന്റെ ഉത്തരത്തിൽ ഇതുവരെയുള്ള പഠന റിപ്പോർട്ടുകൾ വിശദമായി കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. നാണു : സർ, സ്വകാര്യ ഏജൻസികൾ മുഖേനയുള്ള അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കാൻ കേരള ഭൂജല അതോറിറ്റി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. മാത്യു ടി. തോമസ് : സർ, ചില നിബന്ധനകൾ ഇപ്പോൾത്തന്നെ നമ്മുടെ നിയമത്തിലുണ്ട്. അവ കുറച്ചുകൂടി ലഘൂകരിക്കണമെന്നാണ് കേന്ദ്രത്തിന്റെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളിലുള്ളത്. ആ മാർഗ്ഗനിർദ്ദേശങ്ങൾ ലഘൂകരിക്കുന്നത്

സംസ്ഥാനത്തിന് അപകടകരമാകുമെന്ന കാര്യം സംബന്ധിച്ചുള്ള നമ്മുടെ എതിർപ്പ് അറിയിക്കുന്നതിനുവേണ്ടിയാണ് സാങ്കേതിക സമിതി ഇപ്പോൾ പഠനം നടത്തി വരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, കർഷകന് കിണറോ കുഴൽക്കിണറോ കുഴിക്കുന്നതിന് വലിയ പ്രയാസം അനുഭവപ്പെടുന്നുണ്ട്. അത് ലഘൂകരിക്കാൻ എന്താണ് നടപടി? അതുപോലെ, ഭൂഗർഭജലത്തിൽ ഫ്ലൂറൈഡ്, സോഡിയം നൈട്രേറ്റ് മുതലായ വിഷംകലർന്ന രാസവസ്തുക്കളുണ്ട്. അത് പ്രതിരോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. മാത്യു ടി. തോമസ് : സർ, കർഷകർ അടക്കമുള്ള ഉപഭോക്താക്കൾക്ക് ഇപ്പോഴുള്ള നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നൽകിയിരിക്കുന്നത്. എന്നാൽ, ഭൂഗർഭ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ അത്തരം ലഘൂകരണം നടപ്പാക്കാൻ കഴിയൂ എന്ന ആശയമാണ് കേരളത്തിൽനിന്ന് ഉന്നയിക്കപ്പെട്ടിരിക്കുന്നത്. മറ്റ് രാസപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം ഇല്ലാതാക്കുന്നതിനെ സംബന്ധിച്ച് കൂടുതൽ ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണ്. അക്കാര്യത്തിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റി സൂക്ഷ്മമായ പഠനങ്ങൾ നടത്തി വരുന്നുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, സംസ്ഥാനത്ത് ജലചൂഷണം അമിതമായി നടക്കുന്ന കാര്യം ഡിപ്പാർട്ടുമെന്റിൽ അറിയിച്ചിട്ടുണ്ടെങ്കിലും യാതൊരു നടപടികളും സ്വീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇത്തരം അമിത ജലചൂഷണം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ ആവശ്യമായ മോണിറ്ററിംഗ് സംവിധാനം നിലവിലുണ്ടോ?

ശ്രീ. മാത്യു ടി. തോമസ് : സർ, കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് വച്ചിരിക്കുന്ന പ്രധാനപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലൊന്ന് ജലം ഉപയോഗിക്കുന്നത് സംബന്ധിച്ച് ഇപ്പോഴുള്ള നടപടിക്രമങ്ങൾ കൂടുതൽ വേഗത്തിലാക്കണം എന്നതാണ്. എന്നാൽ നിലവിലിരിക്കുന്ന സംവിധാനങ്ങൾ തന്നെ ഫലപ്രദമായി നടപ്പിലാക്കുന്നില്ല എന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. നിയമപ്രകാരമുള്ള എല്ലാ അധികാരങ്ങളും ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ സ്വീകരിക്കും. വീഴ്ചകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അക്കാര്യത്തിൽ നടപടിയെടുക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, Over exploited ആയിട്ടുള്ള സ്ഥലത്തുമാത്രമാണ് സാധാരണഗതിയിൽ നിയന്ത്രണങ്ങൾ വരേണ്ടത്. ഒരു

കോളനിയിലെ 50-60 വീടുകൾക്ക് പൈപ്പ് എക്സ്റ്റന്റ് ചെയ്തുകൊടുക്കുന്നതിന് ലക്ഷക്കണക്കിന് രൂപ ചെലവാകും. എന്നാൽ അവിടെ ഒരു കുഴൽക്കിണർ കുഴിച്ചുകൊടുത്താൽ അവരുടെ പ്രശ്നം അവസാനിക്കും. ഇതിനെ രണ്ടിനെയും രണ്ടായി കാണണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Over exploited ആയിട്ടുള്ള പുതുശ്ശേരി പോലെയുള്ള പഞ്ചായത്തുകളിൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നോളൂ. പക്ഷേ നാട്ടിൻപുറത്ത് സാധാരണക്കാരും സാധുക്കളും ജീവിക്കുന്ന വേറെ സ്ഥലങ്ങളുണ്ട്. അവിടെ ഒരു കുഴൽക്കിണറുണ്ടെങ്കിൽ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. അതുകൊണ്ട് ഒരേ അളവിൽ ഒരേ രൂപത്തിൽ എല്ലാം തുല്യമായി തീരുമാനിക്കുന്നത് ശരിയല്ല. അവിടത്തെ പ്രത്യേകമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വേണം അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്.

സംസ്ഥാനത്ത് വലിയ വരൾച്ച വരികയാണ്. അതിനെ നേരിടുന്നതിനുവേണ്ടി പല സ്ഥലങ്ങളിലും കുഴൽക്കിണറുകൾ കുഴിച്ചിട്ടുണ്ട്. ഈ കുഴൽക്കിണറുകൾക്കൊക്കെ 6 മാസത്തെ ലൈഫ് മാത്രമേയുള്ളൂ. അത് നന്നാക്കുന്നതിനുവേണ്ടിയുള്ള നടപടി എടുക്കുന്നില്ലെങ്കിൽ, രൂക്ഷമായ വരൾച്ചയിൽ നമ്മൾ പണ്ട് ആരംഭിച്ച കുഴൽക്കിണർ പോലും ഇന്ന് സഹായകരമല്ലാത്ത സ്ഥിതിയിലേയ്ക്ക് പോകും. അതിനാവശ്യമായ അടിയന്തര നടപടികൂടി സ്വീകരിക്കണം.

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ഒന്നാമതായി ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടത് Over exploited ആയിട്ടുള്ള പ്രദേശങ്ങളെയും Critical, Semi critical പ്രദേശങ്ങളെയും വെവ്വേറെ കാണണം എന്നാണ്. അങ്ങനെ തന്നെയാണ് വകുപ്പ് കണ്ടുകൊണ്ടിരിക്കുന്നത്. സേഫ് ആയ സ്ഥലങ്ങളിൽനിന്ന് ഒരു ദിവസം 50000 ലിറ്റർ വരെയും Over exploited ആയിട്ടുള്ള പ്രദേശങ്ങളിൽ നിന്ന് 20000 ലിറ്റർ വരെയും വെള്ളമെടുക്കാൻ ജില്ലാ കളക്ടർമാർക്ക് അധികാരം കൊടുക്കണമെന്നാണ് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ ഇപ്പോൾ പറഞ്ഞിരിക്കുന്നത്. എന്നാൽ സംസ്ഥാന സർക്കാർ കൊടുത്തിരിക്കുന്ന അഭിപ്രായം, ജില്ലാ കളക്ടർമാർക്ക് കൊടുക്കുന്ന അനുമതി സേഫ് ആയ സ്ഥലങ്ങളിൽ 5000 ലിറ്റർ മാത്രമേ ആകാവൂയെന്നും ക്രിട്ടിക്കലും Over exploited-ഉം ആയിട്ടുള്ള സ്ഥലങ്ങളിൽ 2500 ലിറ്റർ മാത്രമേ ആകാവൂ എന്നുമാണ്. ആ ക്ലാസിഫിക്കേഷൻ തീർച്ചയായുമുണ്ട്. ഒരേ പോലെയല്ല എല്ലാ പ്രദേശങ്ങളെയും കാണുന്നത്. എന്നാൽ Over exploited ആയിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് നേരത്തെ നോട്ടിഫൈ ചെയ്തത് 2004-ൽ ആണ്. 2004-ൽ Over exploited ആയി അതിയന്നൂർ, കൊടുങ്ങല്ലൂർ, കോഴിക്കോട്, ചിറ്റൂർ, കാസർഗോഡ് എന്നിങ്ങനെ 5 ബ്ലോക്കുകളെയാണ് കണ്ടെത്തിയിരുന്നത്. 2013-ൽ പഠനം നടത്തി രണ്ടാമതൊരു

എസ്റ്റിമേഷൻ നടത്തിയപ്പോൾ ചിറ്റൂർ ബ്ലോക്ക് മാത്രമാണ് Over exploited ആയി കണ്ടെത്തിയിരിക്കുന്നത്. പക്ഷേ അത് സംബന്ധിച്ച് രണ്ടാമതൊരു നോട്ടിഫിക്കേഷൻ ഇറങ്ങിയിട്ടില്ല. ഇപ്പോൾ നിലനിൽക്കുന്ന നോട്ടിഫിക്കേഷൻ അനുസരിച്ച് ആദ്യത്തേത് നിൽക്കുകയാണ്. എന്നാൽ അത് വളരെ പഴകിയൊരു എസ്റ്റിമേഷനാണ്. 2013-ലെ പഠനം അനുസരിച്ചുള്ള നോട്ടിഫിക്കേഷൻ ഇറക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട അംഗം രണ്ടാമത് ചൂണ്ടിക്കാണിച്ചത് വരൾച്ചയെ സംബന്ധിച്ചാണ്. അതിരൂക്ഷമായ വരൾച്ചയാണ് കഴിഞ്ഞ വർഷമുണ്ടായത്. ഈ വർഷവും എങ്ങനെയാകുമെന്നത് വിലയിരുത്താറായിട്ടില്ല. നല്ലത് വരട്ടെ എന്ന് നമുക്കാഗ്രഹിക്കാം. കഴിഞ്ഞ വർഷത്തെ വരൾച്ചയെ നേരിടാനുള്ള ആദ്യഘട്ടമായി സ്വീകരിച്ചത് കുഴൽക്കിണറുകളുള്ള സ്ഥലങ്ങളിൽ ഹാന്റ് പൈപ്പുകൾ നന്നാക്കി അവ പ്രവർത്തനസജ്ജമാക്കുക എന്നതാണ്. പ്രവർത്തന രഹിതമായിരുന്ന ഏതാണ്ട് 5500-ഓളം കുഴൽക്കിണറുകൾ പ്രവർത്തനസജ്ജമാക്കി. ഈ കുഴൽക്കിണറിനെ ആശ്രയിച്ചുള്ള 350-ഓളം ചെറുകിട കുടിവെള്ള പദ്ധതികളും പ്രവർത്തനസജ്ജമാക്കി. കഴിഞ്ഞ വർഷം വരൾച്ചയെ നേരിടാൻ വേണ്ടി ആദ്യം സ്വീകരിച്ച നടപടി അതാണ്. ഈ വർഷം അതിരൂക്ഷമായ വരൾച്ച ഉണ്ടാകുമോ എന്ന് പറയാറായിട്ടില്ല. പക്ഷേ അതിനെ നേരിടാനുള്ള തയ്യാറെടുപ്പുകൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി : സർ, എല്ലാ വേനലിലും ഏറ്റവും കൂടുതൽ ആശ്വാസകരമാകുന്ന ഒരു പദ്ധതിയാണ് കല്ലട ഇറിഗേഷൻ പ്രോജക്ട്. അതിന്റെ കനാലുകൾ തുറന്നുവിടുമ്പോൾ അതിരൂക്ഷമായ വെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാകാറുണ്ട്. എന്നാൽ ആ ഡാമിന്റെ കപ്പാസിറ്റി അടുത്തകാലത്തായി തീരെ കുറഞ്ഞുവരുന്നതായിക്കാണുന്നു. അതിലെ ചെളിയും മണലും വാരി കൂടുതൽ ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ് : സർ, ഭൂഗർഭ ജലവുമായി ബന്ധപ്പെട്ടതും മൂലചോദ്യത്തിൽനിന്ന് വ്യത്യസ്തമാണെങ്കിലും അങ്ങ് അനുവദിക്കുന്നതുകൊണ്ട് മറുപടി പറയാം. തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായിരുന്നു സംസ്ഥാനത്തെ എല്ലാ കനാലുകളും വൃത്തിയാക്കിയിരുന്നത്. തൊഴിലുറപ്പ് പദ്ധതിയുടെ ഗൈഡ്‌ലൈൻസിൽ ഇത്തവണ വന്ന മാറ്റങ്ങൾ കാരണം ചില തടസ്സങ്ങളുണ്ടായി. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് തന്നെ ചില പ്രവൃത്തികൾ അറേഞ്ച് ചെയ്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അതേസമയം ചില സ്ഥലങ്ങളിൽ പഞ്ചായത്തുകൾതന്നെ അത് ഏറ്റെടുക്കാൻ തയ്യാറായിട്ടുണ്ട്.

ഏതായാലും കല്ലട ഇറിഗേഷൻ പദ്ധതിയുടെ കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ നടന്നുവരികയാണ്. ചില സ്ഥലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും മറ്റ് ചില സ്ഥലങ്ങളിൽ ഡിപ്പാർട്ടുമെന്റുമാണ് ആ പ്രവൃത്തികൾ ചെയ്യുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഭൂഗർഭ ജലവും ഉപരിതല ജലവും തമ്മിൽ ക്വാളിറ്റിയെ സംബന്ധിച്ച് എന്തെങ്കിലും താരതമ്യ പഠനങ്ങൾ നടന്നിട്ടുണ്ടോ? പഠനത്തിനുശേഷം ഇതിലേതാണ് ക്വാളിറ്റി കൂടിയതെന്ന് നിർവ്വചിച്ചിട്ടുണ്ടോ? അതുപോലെ, തണ്ണീർത്തട നിയമത്തിൽ വന്നതുപോലെ ഹെൽത്ത് സെന്ററുകൾ, സ്കൂളുകൾ, അങ്കണവാടികൾ പോലെ പൊതു ആവശ്യങ്ങൾക്ക് വേണ്ടിയുള്ള സ്ഥാപനങ്ങൾക്ക് ഭൂഗർഭജലം ഉപയോഗിക്കുന്നതിന് കുഴൽക്കിണർ കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങളുണ്ടോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഭൂഗർഭ ജലമാണോ, ഉപരിതല ജലമാണോ മെച്ചപ്പെട്ടത് എന്നത് സംബന്ധിച്ച് പഠനം നടന്നിട്ടുണ്ടോയെന്ന് എനിക്ക് പരിശോധിച്ച മാത്രമേ പറയാൻ കഴിയുകയുള്ളൂ. ജലത്തിന്റെ മേന്മയെ സംബന്ധിച്ച് വ്യത്യാസമില്ലെന്നാണ് ഞാൻ ഇതിനകം മനസ്സിലാക്കിയത്. അത് ആധികാരികമായ പ്രസ്താവനയായി ഞാൻ പറയാൻ ശ്രമിക്കുന്നില്ല. ബിൽഡിംഗ് റൂൾസ് പ്രകാരം കുഴൽക്കിണർ നിർമ്മിക്കുന്നതിനുള്ള അനുമതി നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കുഴൽക്കിണർ ഉപയോഗിക്കാനുള്ള അനുമതിക്കാണ് മറ്റ് തരത്തിലുള്ള നിയന്ത്രണങ്ങൾ ഉള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധാരണ ബിൽഡിംഗ് റൂൾസ് അനുസരിച്ച് നൽകേണ്ടത് നിർമ്മാണത്തെ സംബന്ധിച്ച് മാത്രമാണ്. ബിൽഡിംഗ് പെർമിറ്റിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഒരു പ്രത്യേക രൂപത്തിലുള്ള, പ്രത്യേക അളവിൽ കൂടുതൽ എക്സ്ട്രാക്റ്റ് ചെയ്യാനുള്ള പെർമിഷൻ സംബന്ധിച്ച്, സാങ്കേതികമായി നിർമ്മാണത്തിനുള്ള അനുമതിയും ഭൂജലം ഉപയോഗിക്കാനുള്ള അനുമതിയും രണ്ടും തമ്മിലുള്ള വ്യത്യാസം സാങ്കേതികമായി മാത്രമാണ്. ഇത്തരത്തിലുള്ള നിർമ്മാണത്തിന് അങ്കണവാടികൾക്കും മറ്റു പൊതു സ്ഥാപനങ്ങൾക്കും പ്രത്യേകമായി ഒരു നിയമ ആനുകൂല്യം ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടില്ല, അത് ആവശ്യമാണെങ്കിൽ പരിശോധിക്കാം.

ശ്രീ. വി. ആർ. സുനിൽ കുമാർ : സർ, വാണിജ്യ വ്യവസായ ആവശ്യത്തിനായി കുഴൽക്കിണറിൽ നിന്ന് ജലമെടുക്കുന്നതിന് ഫീസ് ഏർപ്പെടുത്തി നിയന്ത്രണം കൊണ്ടുവരുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ചില നിയന്ത്രണങ്ങൾ ഉണ്ടായിരുന്നു. നാം ഇപ്പോൾ കൊണ്ടുവരുന്ന ease of doing business-ൽ കുറച്ചുകൂടി അത്

ലളിതമാക്കണമെന്ന ആശയമുണ്ട്. അത് ലളിതമാക്കുമ്പോൾ സഭയിൽ അംഗങ്ങൾ പങ്കുവച്ച ആശങ്ക പരിപൂർണ്ണമായി പരിഹരിക്കുന്ന രൂപത്തിൽ മാത്രമായിരിക്കും. സബ്ജക്ട് കമ്മിറ്റി ഘട്ടത്തിൽ അത്തരത്തിൽ മാറ്റങ്ങൾ വരുത്താമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിതന്നെ സഭയിൽ ഉറപ്പു നൽകിയിട്ടുണ്ട്, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള തീരുമാനങ്ങൾ ആയിരിക്കും ഉണ്ടാകുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിൽ ഫ്ലാറ്റ് സമുച്ചയങ്ങൾ വളർന്നു കൊണ്ടിരിക്കുകയാണ്. ആ ഫ്ലാറ്റുകളിലെല്ലാം വൻതോതിൽ കുഴൽക്കിണറുകൾ കുഴിച്ച് ലക്ഷക്കണക്കിന് ലിറ്റർ വെള്ളം ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. വെള്ളത്തിന്റെ ഗുണമേന്മയോ മറ്റ് കാര്യങ്ങളോ പരിശോധിക്കാതെ ഇത്തരത്തിൽ പോയിക്കഴിഞ്ഞാൽ ഉപ്പുവെള്ളം തള്ളിക്കയറാനുള്ള സാധ്യതപോലും ഉണ്ടെന്നാണ് ചില പഠനങ്ങൾ തെളിയിക്കുന്നത്. അനിയന്ത്രിതമായ ഈ ചൂഷണം തടയാനായി എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ കഴിയുമോ; അത്രയധികം ജലചൂഷണമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫ്ലാറ്റ് കെട്ടുന്ന ആളുകൾ, അത് വാങ്ങുന്ന ആളുകളോട് വെള്ളത്തിന്റെ ഉപയോഗത്തെ സംബന്ധിച്ചും വെള്ളം ലഭ്യമല്ല എന്നുള്ള കാര്യങ്ങളും നേരത്തെ അറിയിക്കാതെയാണ് ചെയ്യുന്നത്. അത് വളരെ ഗുരുതരമായ പ്രതിസന്ധിയുണ്ടാക്കുകയാണ്. കാക്കനാട് മേഖലയിൽ കളക്ടറേറ്റുമായി ബന്ധപ്പെട്ട് വല്ലാത്തൊരു പ്രശ്നം നിലനിൽക്കുകയാണ്. അതിന് ഒരു പ്രത്യേക പഠനം നടത്താൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ഫ്ലാറ്റ് നിർമ്മാണത്തിന് കേരള വാട്ടർ അതോറിറ്റിയുടെ കണക്ഷൻ കൊടുക്കുന്നതിന് ചില പരിമിതികൾ ഇപ്പോഴുണ്ട്. പ്രത്യേക ഡയമീറ്ററിലുള്ള പൈപ്പിൽക്കൂടി പ്രത്യേക കണക്ഷൻ എടുക്കണമെന്നുണ്ട്. അതിൽ കുറച്ച് ലഘൂകരണം ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ വെള്ളം കിട്ടാതെ വരുന്ന സാഹചര്യത്തിൽ കിണറുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിന് ശ്രമിക്കുന്നത് സ്വാഭാവികമാണ്. അതിന് നിയമ പ്രകാരമുള്ള നിയന്ത്രണം ഏർപ്പെടുത്തുന്നതിനും കൂടാതെ, വാട്ടർ അതോറിറ്റിയുടെ കണക്ഷൻ കൊടുക്കുന്നതിന് ഇപ്പോഴുള്ള കർക്കശ നിയന്ത്രണങ്ങൾ കുറച്ചുകൂടി ലഘൂകരിക്കുന്നതിനുള്ള കാര്യങ്ങൾക്കൂടി പരിശോധിച്ചു വരികയാണ്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : സർ, ത്രിതല പഞ്ചായത്തുകളെല്ലാം കുടിവെള്ള പദ്ധതി നടപ്പിലാക്കുമ്പോൾ, ജല സ്രോതസ്സ് കണ്ടെത്തുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയേയും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയേയുമാണ് സമീപിക്കുന്നത്. എന്റെ പ്രദേശത്ത് ഒരു വാർഡിൽ അഞ്ച് സ്ഥലത്താണ് ഗ്രൗണ്ട് വാട്ടർ അതോറിറ്റി സ്ഥലം

ചൂണ്ടിക്കാണിച്ചുകൊടുത്തത്. അഞ്ച് കുഴൽക്കിണർ കുഴിച്ചെങ്കിലും അഞ്ചിടത്തും വെള്ളം കിട്ടിയില്ല. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ എഫിഷ്യൻസിയെക്കുറിച്ച് സംശയമുണ്ട്. സ്വകാര്യവ്യക്തികൾ ചൂണ്ടിക്കാണിക്കുന്ന സ്ഥലത്ത് വെള്ളം കിട്ടുന്നുമുണ്ട്. ഇങ്ങനെ സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നികത്തിക്കൊടുക്കാൻ വാട്ടർ അതോറിറ്റി തയ്യാറാകുമോ; നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്താൻ ആലോചിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് അവരുടെ ലഭ്യമായ സാങ്കേതിക വിദ്യഉപയോഗിച്ച് ചൂണ്ടിക്കാണിച്ച സ്ഥലങ്ങളിൽ പരാജയപ്പെട്ടു വരുന്നത് സന്തോഷകരമല്ല, കൂടുതൽ സൂക്ഷ്മമായി പരിശോധനകൾ നടത്താൻ വേണ്ട നിർദ്ദേശം കൊടുക്കാം.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കഴിഞ്ഞ വർഷം കടുത്ത വേനലിൽ നിന്ന് രക്ഷനേടുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റ് സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. കടുത്തവേനൽ ഇത്തവണ ഉണ്ടാകുമോയെന്ന് പ്രതീക്ഷിക്കാതെ തന്നെ കഴിഞ്ഞവർഷം ആരംഭിച്ച നടപടികൾ തുടരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം ബോർവെല്ലിൽ വാട്ടർ റീചാർജ് ചെയ്യാൻ പറ്റും. ഹരിതകേരളം പോലെയുള്ള പദ്ധതികൾ വാട്ടർ റീചാർജിംഗ് വളരെ ബൃഹത്തായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സംസ്ഥാനത്ത് ഒട്ടാകെ അതിനൊരു പൊതുസ്വീകാര്യത ഉണ്ടായിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ബോർവെല്ലുകൾ റീചാർജ് ചെയ്യുന്നതിനുള്ള പദ്ധതിയെ സംബന്ധിച്ച് വിപുലമായി സംസ്ഥാന സർക്കാർ ആലോചിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഭൂജലം സംരക്ഷിക്കപ്പെടണം എന്ന വലിയ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഹരിത കേരളം എന്ന ദൗത്യം പൊതു സമൂഹം ഏറ്റെടുക്കണമെന്ന് പറയുന്നത്. ചില പ്രദേശങ്ങളിൽ ആ ദൗത്യം പൊതു സമൂഹം ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടിയും എം.എൽ.എ-മാരുടെ നേതൃത്വത്തിലും വളരെ കാര്യക്ഷമമായി നടന്നുകൊണ്ടിരിക്കുകയാണ്. അത് വ്യാപകമായി എല്ലാ സ്ഥലങ്ങളിലും ഏറ്റെടുക്കാൻ ജനപ്രതിനിധികളുടെ നേതൃത്വപരമായ ഇടപെടൽ കൂടി ഞാൻ അഭ്യർത്ഥിക്കുന്നു. ഇന്നത്തെ ഒരു ആവശ്യമാണ് ഹരിതകേരളം ദൗത്യത്തിലൂടെയും അല്ലാതെ നാട്ടിൽ നടപ്പിലാക്കുന്ന എല്ലാ ജലസംപോഷണത്തിനു വേണ്ടിയുള്ള പദ്ധതികളും ആശാവഹമാണ്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ വിപുലീകരിക്കുന്നതിനുള്ള ജനപ്രതിനിധികളുടെ നേതൃത്വപരമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ഭൂഗർഭ ജലത്തിന്റെ അളവ് കുറഞ്ഞുവരുന്ന എന്നുള്ളത് ആശങ്കാജനകമാണ്. വ്യാവസായികാടിസ്ഥാനത്തിൽ സമുദ്രജലം ശുദ്ധീകരിച്ച് വ്യവസായ ആവശ്യങ്ങൾക്കുവേണ്ടി വിതരണം ചെയ്യുന്ന കാര്യത്തിൽ ഈ ഗവൺമെന്റ് എന്തെങ്കിലും ആലോചിച്ചിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ കൊച്ചി പോലുള്ള പ്രധാന പട്ടണങ്ങളിൽ അത്തരത്തിലുള്ള സംവിധാന മേർപ്പെടുത്തിയാൽ ഭൂഗർഭജലം ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്ന ഫ്ലാറ്റുകൾ അടക്കമുള്ള വ്യവസായ ശാലകൾക്ക് വാണിജ്യാടിസ്ഥാനത്തിൽ ജലം കൊടുക്കാൻ കഴിയും. അത്തരത്തിലുള്ള വല്ല ആലോചനയും ഗവൺമെന്റിന്റെ പക്ഷത്തുണ്ടോ?

ശ്രീ. മാത്യു ടി. തോമസ് : സർ, അത്തരത്തിലുള്ള ഒരു പരിശോധനയും ഇതുവരെ നടത്തിയിട്ടില്ല. Desalination, കുടിവെള്ള ആവശ്യത്തിനുവേണ്ടി സമുദ്രജലം ഉപയോഗിക്കുന്നതിനെക്കുറിച്ച് ആലോചന നടന്നിരുന്നു, വളരെ ചെലവേറിയ പദ്ധതിയാകുമെന്ന ഭയപ്പാട് അക്കാര്യത്തിലുണ്ട്. കേരളംപോലെ ഇത്രമാത്രം വെള്ളമുള്ള സംസ്ഥാനത്ത് അക്കാര്യത്തിലേക്ക് പോകണമോ എന്ന ന്യായമായ ചോദ്യം നിരീക്ഷകർ ഉന്നയിക്കുന്നുണ്ട്. ഭൂജല നിരപ്പിൽ വലിയ കുറവ് കഴിഞ്ഞ വർഷം അനുഭവപ്പെട്ടിരുന്നു. ഈ വർഷം 89 ശതമാനം കിണറുകളിലും കഴിഞ്ഞ വർഷത്തെക്കാൾ ജലമുണ്ട്, വലിയ മെച്ചമെന്നൊന്നും ഞാൻ പറയുന്നില്ല, 871 നിരീക്ഷണ കിണറുകൾ നിരീക്ഷിച്ച് കണക്കെടുത്തതിൽ കഴിഞ്ഞ വർഷത്തെക്കാൾ മെച്ചപ്പെട്ട അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. എന്നാൽ 10 വർഷത്തെ ശരാശരിയെക്കാൾ മോശപ്പെട്ട അവസ്ഥയിലുമാണ്. സമുദ്രജലം വ്യവസായ ആവശ്യങ്ങൾക്ക് എടുക്കുന്നതിനെ സംബന്ധിച്ചുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. അനിൽ അക്കര : സർ, കുഴൽക്കിണറുകൾ റീചാർജ് ചെയ്യുന്നതിന് മഴവെള്ളം ഉപയോഗിക്കുന്ന രീതിയാണ് നടന്നുവരുന്നത്. പാലക്കാട് ജില്ലയിലും മറ്റ് പ്രദേശങ്ങളിലും വാട്ടർ ലെവൽ വലിയ രീതിയിൽ താഴേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ 4 ഇഞ്ചിന്റേയും 6 ഇഞ്ചിന്റേയും ബോർവെല്ലുകൾ കുഴിക്കുന്നതിനു പകരം വിദേശ രാജ്യങ്ങളിൽ ചെയ്യുന്നതുപോലെ വലിയ റിഗ്ഗുകൾ ഉണ്ടാക്കി വർഷകാലത്ത് വെള്ളം അതിൽ റീചാർജ് ചെയ്തുകഴിഞ്ഞാൽ സ്വാഭാവികമായും വേനൽക്കാലത്ത് ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കാൻ കഴിയും. മഴവെള്ളം റീചാർജ് ചെയ്യുന്നത് ഇപ്പോൾ നമുക്ക് ഗുണകരമായി വരുന്നില്ല. അത് റിഗ്ഗുകൾ പോലെ വലിയ കുഴൽക്കിണർ കുഴിച്ച്, അതിലേക്ക് വ്യാപകമായ തോതിൽ വർഷകാലത്ത് കിണറുകളിൽ ഓവർഫ്ലോ വരുന്ന വെള്ളം പമ്പ് ചെയ്ത് റീചാർജ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ജല സംപോഷണത്തിനു വേണ്ടി ഏതെല്ലാം രൂപത്തിൽ റീചാർജ് ചെയ്യാൻ കഴിയുമോ അതെല്ലാം സ്വീകരിക്കും, ബഹുമാനപ്പെട്ട

അംഗം ചൂണ്ടിക്കാണിച്ച കൂടുതൽ ഫലപ്രദമെന്നുള്ള നിർദ്ദേശം സാങ്കേതികമായി പരിശോധിക്കാം.

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, കാസർഗോഡ് ജില്ലയിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം വരാൻ പോകുകയാണ്. കേരളത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ ഈ വർഷം തുലാവർഷ മഴ തീരെ ലഭിച്ചില്ല, തെക്കൻ കേരളത്തിലാണ് കുറച്ച് മഴ ലഭിച്ചത്. ഭൂഗർഭജലത്തിന്റെ അളവ് ഓരോ വർഷവും താഴ്ന്നുപോകുകയാണ്. 500 അടിക്ക് മുകളിലാണ് കുഴൽക്കിണർ കുഴിക്കുന്നത്. ഇങ്ങനെ പോയാൽ കുടിവെള്ളക്ഷാമം രൂക്ഷമാകും. നമ്മുടെ നാട്ടിലെ പുഴകളിൽ തടയണ നിർമ്മിക്കലാണ് ഇത് പരിഹരിക്കാനുള്ള മാർഗ്ഗം. കുഴൽക്കിണർ നിർമ്മിച്ചാലും ആ തടയണ നിർമ്മിച്ചെങ്കിൽ മാത്രമേ നാട്ടിൽ വെള്ളം കിട്ടുകയുള്ളൂ. അല്ലെങ്കിൽ വെള്ളം കിട്ടുകയില്ല എന്നുള്ളത് ഒരു ശാസ്ത്രീയവശമാണ്. അതുകൊണ്ട് നമ്മൾ ചെലവാക്കുന്ന സംഖ്യ നമ്മുടെ നാട്ടിലെ പുഴകളിൽ തടയണ നിർമ്മാണത്തിന് ചെലവഴിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. മാത്യു ടി. തോമസ് : സർ, ജലദൗർലഭ്യം അനുഭവപ്പെടുന്ന നദികളിൽ ചെക്ക്ഡാമുകളുടേയും റെഗുലേറ്ററുകളുടേയും ഒരു ശൃംഖല തന്നെ നിർമ്മിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിനായി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ അതിന് നല്ല തുക നീക്കിവച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ കൂടുതലായി അത്തരം ശ്രമങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; അതിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. റെഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്ന ചില സ്ഥലങ്ങളിൽ എൻവയോൺമെന്റൽ ഇംപാക്ട് സ്റ്റഡി ആവശ്യമുണ്ട്. അതാണ് ഇത് നടപ്പിലാക്കുന്നതിൽ വന്ന കാലതാമസം.

## ജല അതോറിറ്റിയുടെ കുടിവെള്ള വിതരണം

2 (*212) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി വിതരണം നടത്തുന്ന വെള്ളത്തിന്റെ വലിയൊരു ഭാഗവും ചോർച്ച വഴി നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കണ്ടെത്തി തടയുന്നതിനും പരിഹരിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രധാന നഗരപ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിനും ചോർച്ച ഒഴിവാക്കുന്നതിനും എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) കുടിവെള്ള വിതരണം സ്മാർട്ടാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ,

(എ) വിതരണത്തിനായി തയ്യാറാക്കപ്പെട്ട ജലത്തിന്റെ ഒരു ഭാഗം ചോർച്ച കാരണം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി റണ്ണിംഗ് കോൺട്രാക്ട്, ബ്ലൂ ബ്രിഗേഡ് എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്. പുറമേ കാണപ്പെടാത്ത ലീക്കുകൾ കണ്ടുപിടിച്ച് പരിഹരിക്കാൻവേണ്ടി ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ ഉപയോഗിച്ചുവരുന്നു. കാലപ്പഴക്കം ചെന്ന പൈപ്പുകളാണ് കൂടുതലും പൊട്ടുന്നത് എന്നതിനാൽ ഇത്തരം പൈപ്പുകൾ കണ്ടെത്തി സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിലും (State Plan Fund) കിഫ്ബിയിലും അമൃത് പദ്ധതിയിലും ഉൾപ്പെടുത്തി അവ മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എം.എൽ.എ./എം.പി.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പൈപ്പുകൾ മാറ്റിസ്ഥാപിച്ച് ജലനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ 2017-2018-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്ക് 5957.12 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പാക്കുന്നതിന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) ധനസഹായത്തോടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയിലുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ വേണ്ടി പ്രധാന നഗര പദ്ധതികൾക്ക് സമാന്തര സ്രോതസ്സുകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിന് നെയ്യാർ ഡാം സ്രോതസ്സായി ഒരു പുതിയ ജല ശുദ്ധീകരണ ശാലയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. അമൃത് പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 9 നഗരങ്ങളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) കുടിവെള്ള വിതരണം കാര്യക്ഷമമാക്കുവാൻ 140.95 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) കുടിവെള്ള വിതരണം സ്മാർട്ടാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികൾ വിഭാവന ചെയ്തിട്ടുണ്ട്.

### 1. സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം മീറ്റർ ചെയ്യുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി 2.29 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

### 2. സ്മാർട്ട് ഓഫീസുകൾ നിർമ്മിക്കുന്ന പദ്ധതി

ഉപഭോക്തൃ സേവനം കേന്ദ്രീകൃത സംവിധാനത്തിലൂടെ വേഗത്തിലും കുറ്റമറ്റ രീതിയിലുമാക്കുന്നതിനായി തിരുവനന്തപുരം നഗരത്തിലെ വെള്ളയമ്പലം, കവടിയാർ, പോങ്ങുംമൂട് എന്നിവിടങ്ങളിൽ സ്മാർട്ട് ഓഫീസുകൾ നിർമ്മിക്കുന്ന പദ്ധതിയാണിത്. ഇതിലൂടെ ബില്ലടയ്ക്കൽ, പരാതി പരിഹാരം തുടങ്ങിയവ ഉപഭോക്താക്കൾക്ക് ലളിതമായും വേഗത്തിലും കുറ്റമറ്റ രീതിയിലും നടത്താനാവും. കേന്ദ്രസർക്കാരിന്റെ അമൃത് പദ്ധതിയിലുൾപ്പെടുത്തി 1.75 കോടി രൂപയുടെ ഭരണാനുമതിയാണ് ഈ പദ്ധതിക്ക് ലഭ്യമായിട്ടുള്ളത്.

### 3. ഫ്ലോമീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി

ജലസംഭരണികളിൽ നിന്നുള്ള പൈപ്പ് ലൈനുകളിൽ ഫ്ലോമീറ്ററുകൾ സ്ഥാപിച്ച് പൈപ്പ് ലൈനുകളിലൂടെ ഒഴുകുന്ന ജലത്തിന്റെ അളവ് കണക്കാക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിലൂടെ ജല സംഭരണികളിൽ നിന്നും പൈപ്പ് ലൈനുകൾ വഴി ഒഴുകുന്ന ജലത്തിന്റെ അളവ് കൃത്യമായി കണക്കാക്കി ചോർച്ചകൾ പെട്ടെന്ന് കണ്ടുപിടിച്ച് പരിഹരിക്കുന്നതിനും പാഴായി പോകുന്ന ജലത്തിന്റെ അളവ് കുറയ്ക്കാനും കഴിയും. പ്രസ്തുത പദ്ധതിക്ക് 7.5 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

കുടിവെള്ള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയുക്തമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഇന്നവേറ്റീവ് സോൺ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് വ്യക്തികളും സ്റ്റാർട്ട് അപ്പുകളും നിർദ്ദേശിക്കുന്ന നൂതനമായ ആശയങ്ങളിൽ പ്രായോഗികമായത് ഏറ്റെടുത്ത് ആവശ്യമായ ധനസഹായം നൽകി കേരള വാട്ടർ അതോറിറ്റിക്ക് അനുയോജ്യമായ രീതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ജല അതോറിറ്റിയുടെ കുടിവെള്ള വിതരണ ശൃംഖല ഇപ്പോഴും വളരെ പഴഞ്ചൻ രീതിയിലുള്ളതാണ്. നൂതനമായ സാങ്കേതികവിദ്യകൾ പലതും ഇപ്പോൾ വിതരണ ശൃംഖലയ്ക്ക് ലഭ്യമാണ്. ഗ്രിഡ് അയൺ സിസ്റ്റം, റിംഗ് സിസ്റ്റം, റേഡിയൽ സിസ്റ്റം, ഡെഡ് എന്റ് സിസ്റ്റം തുടങ്ങിയ പലയിനത്തിലുമുള്ള പുതിയ സാങ്കേതികവിദ്യകൾ ഇന്ന് നിലവിലുണ്ട്. ഓരോന്നും നഗരം, ഗ്രാമം, ചെറുപട്ടണം തുടങ്ങിയ മേഖലകളിലെ മികച്ച വിതരണ രീതികളാണ്. ജലസ്രോതസ്സുകൾ കുറഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഉപഭോക്താക്കൾക്ക് നിശ്ചിത അളവിലും ഗുണത്തിലും തടസ്സങ്ങളില്ലാതെ ജലം എത്തിക്കുന്നതിനായി ഈ സർക്കാർ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണ്? മന്ത്രി പറഞ്ഞ ഇന്നവേഷൻ സോൺ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതല്ലാതെ പുതിയ ടെക്നോളജി ഉപയോഗിച്ച് ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ജലവിതരണ സമ്പ്രദായം ആധുനിക വത്ക്കരിക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രത്യേകിച്ച് നമ്മുടെ പൈപ്പുകളിൽ ജലച്ചോർച്ചയുണ്ടാകുമ്പോൾ അത് നന്നാക്കുന്നതിനായി പി.ഡബ്ല്യു.ഡി. റോഡുകൾ കുഴിക്കുന്നതുമൂലം കോടികൾ നഷ്ടപ്പെടുന്നു എന്നു മാത്രമല്ല പലപ്പോഴും ജലത്തിന്റെ വലിയ നഷ്ടവുമുണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി ആധുനികമായ എന്തെല്ലാം സാങ്കേതികവിദ്യകൾ ഉപയോഗിക്കാൻ കഴിയുമെന്ന് പരിശോധിക്കുന്നതാണ്, ബഹുമാന്യനായ അംഗം നിർദ്ദേശിച്ച ഓരോ സ്കീമിന്റെയും സാങ്കേതികമായ വിശദാംശങ്ങൾ ഒരു ലേ മാൻ എന്ന നിലയിൽ എനിക്ക് അറിയില്ലെങ്കിലും, അതടക്കമുള്ള കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എ.ഡി.ബി. സഹായത്തോടുകൂടി 2400 കോടി രൂപയുടെ ഒരു പദ്ധതി പ്രധാന നഗരങ്ങൾക്കായി ഇപ്പോൾ ഏറ്റെടുക്കുന്നുണ്ട്, അതിൽ ഇത്തരം ആധുനിക സാങ്കേതികവിദ്യകൾ പരമാവധി അവലംബിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, വൻതോതിലുള്ള ചോർച്ചയെപ്പറ്റി ഇവിടെ സൂചിപ്പിച്ചു. മറ്റ് പലവിധത്തിലുമുള്ള ജലനഷ്ടവും പണനഷ്ടവും ജല അതോറിറ്റിക്ക് ഓരോ ദിവസവും സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നത്തെ സംവിധാനത്തിന്റെ കൂടപ്പിറപ്പാണ് നഷ്ടം. വിസിബിൾ ലീക്കേജ് മാത്രമാണ് ജല അതോറിറ്റി എപ്പോഴും ഓടിവന്ന് റിപ്പയർ ചെയ്യുന്നത്. എന്നാൽ 90 ശതമാനവും വിസിബിൾ ലീക്കേജ് അല്ലാത്തതാണെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഉപരിതല സ്പർശിയല്ലാത്തതായ ഇത്തരം ചോർച്ചകൾ മനസ്സിലാക്കുന്നതിന് ടോട്ടൽ പൈപ്പ് ലൈൻ സിസ്റ്റം 6 മാസത്തിൽ ഒരിക്കലെങ്കിലും നിരന്തരമായി പരിശോധിക്കേണ്ടതായി

വരും. ഇതിനായി ലീക്ക് ഡിറ്റക്ഷൻ സ്പെഷ്യലിസ്റ്റുകൾ എന്ന ഒരു വിഭാഗത്തിനെ പ്രത്യേകമായി നിയോഗിക്കുന്ന പതിവ് മറ്റ് രാജ്യങ്ങളിലുണ്ട്. ഉപരിതലത്തിൽ കാണപ്പെടാത്ത ഈ ചോർച്ചകൾ ശബ്ദം വഴി തിരിച്ചറിയാനുള്ള ലിസണിംഗ് ഡിവൈസസ് ആവശ്യമാണ്, അതിനുള്ള ടെക്നോളജി ഇന്ന് ലഭ്യമാണ്. Simple Mechanical Listening Stick, Electronic Ground Microphone, Leak Noise Correlator എന്നിവ ഉപയോഗിച്ച് ചോർച്ചയും നഷ്ടവും കണ്ടെത്തി തടയാൻ ഈ ഗവൺമെന്റ് റെഗുലറായിട്ടുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, നമ്മൾ വിതരണം ചെയ്യുന്ന ജലത്തിന്റെ 40 ശതമാനത്തോളം ചോർച്ചയിൽ നഷ്ടപ്പെടുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ദേശീയ ശരാശരി വെറും 15 ശതമാനമാണ്. കുറഞ്ഞപക്ഷം ദേശീയ ശരാശരിയിലേക്കെങ്കിലും ചോർച്ചയുടെ അളവ് കുറച്ചുകൊണ്ട് വരുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ. വച്ച നിർദ്ദേശങ്ങളിൽ ആധുനിക സാങ്കേതികവിദ്യ അവലംബിക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തും. ഇപ്പോൾത്തന്നെ കാണപ്പെടാത്ത ചോർച്ചകൾ ഡിറ്റെക്ട് ചെയ്യാനുള്ള ലീക്ക് ഡിറ്റെക്ഷൻ ഡിവൈസുകൾ കൈവശമുണ്ട്, മറ്റ് ശബ്ദങ്ങളുള്ള സമയത്ത് ഡിറ്റെക്ട് ചെയ്യില്ല എന്നുള്ള പോരായ്മ അതിനുണ്ട്. അതുകൊണ്ട് പകൽ സമയത്ത് നമ്മുടെ പ്രധാന റോഡുകളിൽ ഈ ഡിവൈസ് പ്രവർത്തിപ്പിക്കാനാകുന്നില്ല. വാഹനങ്ങൾ ഓടാത്ത അർദ്ധരാത്രി സമയങ്ങളിൽ മാത്രമേ ഈ ഡിവൈസ് ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. കാണപ്പെടാത്ത ചോർച്ചകൾ ഏതെല്ലാം തരത്തിൽ കണ്ടെത്തി പരിഹരിക്കാനാകുമെന്ന് പരിശോധിക്കുന്നതാണ്. വാട്ടർ അതോറിറ്റിയുടെ ലക്ഷ്യം 40 ശതമാനത്തിൽക്കൂടുതലുള്ള ചോർച്ച കുറച്ചുകൊണ്ടുവന്ന് ദേശീയ ശരാശരിയിലേക്കെങ്കിലും എത്തിക്കണമെന്നുള്ളതാണ്. അതിനുവേണ്ട എല്ലാ ശ്രമങ്ങളും ഇപ്പോൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. എ. അഹമ്മദ് കബീറിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള : സർ, മലപ്പുറം മണ്ഡലത്തിലെ പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ കുടിവെള്ള പദ്ധതികളൊന്നുമില്ല. ഈ പഞ്ചായത്തുകൾക്ക് സംയുക്തമായി ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് രൂപം നൽകിയിരുന്നു. ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾക്കായി പഞ്ചായത്തുകൾ പണം ഡെപ്പോസിറ്റ് ചെയ്യണമെന്ന് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടു. മൂന്ന് ലക്ഷം രൂപ വീതം പഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തു. ആ മൂന്ന് പഞ്ചായത്തുകളോടൊപ്പം പിന്നീട് രണ്ട് പഞ്ചായത്തുകളെക്കൂടി ഈ പദ്ധതിയിൽ കൂട്ടിച്ചേർത്തുവെന്നാണ് അറിയാൻ

സാധിച്ചത്. എന്നാൽ വാട്ടർ അതോറിറ്റി സർവ്വേക്കായി പണം ഡെപ്പോസിറ്റ് ചെയ്ത പഞ്ചായത്തുകളെ ഇപ്പോൾ ഒഴിവാക്കുകയും രണ്ടാമതായി കൂട്ടിച്ചേർത്ത പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ പോകുന്നതിനാണ് ബഡ്ജറ്റിൽ പണം വകയിരുത്തിയിരിക്കുന്നത്. പഞ്ചായത്തുകളുടെ പണം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി എന്തായാലും കുടിവെള്ളത്തിൽ രാഷ്ട്രീയം കലർത്തില്ല എന്നറിയാം, പക്ഷേ യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്തുകളെ ബോധപൂർവ്വം ഒഴിവാക്കി മറ്റ് രണ്ടു പഞ്ചായത്തുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നത് എന്തിന്റെ ഭാഗമായാണെന്ന് അറിയില്ല. അതുകൊണ്ട്, പൂക്കോട്ടൂർ, മൊറയൂർ, പുൽപ്പറ്റ എന്നീ ഗ്രാമ പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പദ്ധതി നടപ്പാക്കാൻ അങ്ങ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, ഒരു കാരണവശാലും പഞ്ചായത്ത് ഭരിക്കുന്നത് ഏത് പാർട്ടിയാണെന്ന് നോക്കി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കാറില്ല. കുടിവെള്ളത്തിന്റെ കാര്യത്തിൽ ജനങ്ങളുടെ ആവശ്യത്തിന് തന്നെയാണ് മുൻഗണന കൊടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പദ്ധതിയുടെ ഫീസിബിലിറ്റിയെക്കുറിച്ച് അറിയില്ല. ഒരു പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ ഫീസിബിലിറ്റിയാണ് പ്രധാനം. ജലസ്രോതസ്സുണ്ടാകണം; അതിൽ നിന്നും നമുക്ക് വെള്ളം പമ്പ് ചെയ്ത് ശുദ്ധീകരണ ശാലയിൽ എത്തിക്കാൻ കഴിയണം; അവിടെ നിന്നും പമ്പ് ചെയ്ത് ഓവർഹെഡ് ടാങ്കിലെത്തിക്കാൻ കഴിയണം. അങ്ങനെ സാങ്കേതികമായി സാധ്യമായ പദ്ധതികളാണ് തെരഞ്ഞെടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച വിഷയത്തിൽ മൂന്ന് പഞ്ചായത്തുകളുടെ കൂടെ രണ്ടെണ്ണവും കൂടി കൂട്ടിച്ചേർക്കുകയും ആദ്യമുള്ളത് ഒഴിവാക്കപ്പെടുകയും ചെയ്തു എന്നുള്ള പ്രശ്നം എനിക്കറിയില്ല. സാങ്കേതികമല്ലാത്ത എന്തെങ്കിലും പ്രശ്നമാണെങ്കിൽ അത് പരിഹരിച്ച് എല്ലാവർക്കും കുടിവെള്ളമെത്തിക്കുക എന്ന പൊതു സമീപനമായിരിക്കും സർക്കാർ സ്വീകരിക്കുന്നത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : സർ, കേരള വാട്ടർ അതോറിറ്റി പണി പൂർത്തീകരിച്ചതും പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതുമായ ചില പദ്ധതികളെങ്കിലും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ഇതിന്റെ പ്രധാന കാരണം പൈപ്പ് ലൈൻ റോഡിലൂടെ കൊണ്ടുപോകാനാവശ്യമായ പണം പി.ഡബ്ല്യു.ഡി.- യിൽ കെട്ടിവയ്ക്കാത്തതാണ്. കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര ഗ്രാമ പഞ്ചായത്തിലേയ്ക്കും വളാഞ്ചേരി മുനിസിപ്പാലിറ്റിയിലേയ്ക്കും ഉണ്ടാക്കിയ തിരുനാവായ കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിരിക്കുകയാണ്; പൈപ്പ് ലൈൻ കൊണ്ടുപോകാൻ സാധിക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിക്കുന്നില്ല. ഏകദേശം നാൽപ്പത് ലക്ഷം രൂപ

അടയ്ക്കേണ്ടതുണ്ട്, ബന്ധപ്പെട്ട രണ്ട് വകുപ്പുകളും സഹകരിച്ച് ഇതിനൊരു പരിഹാരം കാണുകയും ആവശ്യമായ തുക അടയ്ക്കുകയും ചെയ്താൽ ആ പദ്ധതി കമ്മീഷൻ ചെയ്ത് കുടിവെള്ള വിതരണം സാധ്യമാകും. ഇക്കാര്യത്തിൽ ആവശ്യമായ നടപടിയുണ്ടാകുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, അവിടെ മാത്രമല്ല, പല സ്ഥലങ്ങളിലും പി.ഡബ്ല്യു.ഡി. റോഡ് കട്ടിംഗിനുവേണ്ടി പണം കൊടുക്കാൻ കഴിയാത്തതിന്റെ പേരിൽ നമുക്ക് പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിയാതിരുന്നിട്ടുണ്ട്. ഇക്കാര്യത്തിൽ രണ്ടു വകുപ്പുകളും സഹകരിച്ചു തന്നെയാണ് പ്രവർത്തിക്കുന്നത്. മന്ത്രിമാർ മാത്രമല്ല, വകുപ്പുകൾ തന്നെ ഒരുമിച്ചിരുന്ന് സംസാരിക്കുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യാറുണ്ട്. പി.ഡബ്ല്യു.ഡി. റോഡുകൾ ഏറ്റവും മനോഹരമായി ഒരുക്കിയശേഷം ഉടൻതന്നെ അത് കുത്തിപ്പൊളിക്കുമ്പോൾ ജനങ്ങൾ തന്നെ പലസ്ഥലങ്ങളിലും എതിർപ്പുയർത്തുന്നുണ്ട്. റോഡ് പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തിക്കുള്ള പണമടച്ചുകൊണ്ട് ആ റോഡുകളിലൂടെ പൈപ്പിടാനുള്ള അനുമതി ചില നിബന്ധനകൾക്ക് വിധേയമായി പൊതുമരാമത്ത് വകുപ്പ് നൽകുന്നുണ്ട്, ആ നിബന്ധനകൾ പാലിച്ചിരിക്കണം. അതിൽ ഏറ്റവും പ്രധാനമായി റോഡ് റെസ്റ്റൊറേഷൻ ചാർജസ് അടയ്ക്കണമെന്നുള്ളതാണ്. വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ചില ഘട്ടങ്ങളിൽ പദ്ധതികളുടെ പണം ഉടൻ അടയ്ക്കാൻ സാധിക്കാതെ വരുന്നുണ്ട് എന്ന പ്രശ്നമുണ്ട്, അത് ഉടൻ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. സി. മമ്മൂട്ടി : സർ, കടലോര മേഖലയിലെ രണ്ട് പഞ്ചായത്തുകൾക്ക് കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകുകയും പദ്ധതി ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ കേന്ദ്രത്തിൽ നിന്ന് വേണ്ടത്ര ഫണ്ട് ലഭിക്കുന്നില്ലെന്ന് പറഞ്ഞ് ആ പ്രവൃത്തി നിർത്തിവയ്ക്കുകയും ഉടൻ പണി പുനരാരംഭിക്കുമെന്ന് പറയുകയും ചെയ്തു. കഴിഞ്ഞ ദിവസത്തെ ശ്രദ്ധ ക്ഷണിക്കലിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിച്ച് വേറെ ഫണ്ട് കണ്ടെത്തി പ്രവൃത്തി പൂർത്തിയാക്കുമെന്ന് പറഞ്ഞു. പുതിയ ബഡ്ജറ്റ് നിലവിൽ വന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ അങ്ങ് എന്ത് നടപടി സ്വീകരിക്കും? കടലോര മേഖലയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന രണ്ട് പ്രദേശങ്ങളാണ് വെട്ടം, തലക്കാട് ഗ്രാമപഞ്ചായത്തുകൾ. ഈ രണ്ട് പഞ്ചായത്തുകൾക്കും 50 ലക്ഷം രൂപ വീതം ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയാൽ താൽക്കാലികമായി പ്രശ്നം പരിഹരിക്കാം. ഭാരതപ്പുഴയിൽനിന്നും വെള്ളം കൊണ്ടുപോകാനുള്ള ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, എൻ.ആർ.ഡി.ഡബ്ല്യു.പി.-യിൽ ഏറ്റെടുത്ത പല പദ്ധതികളും കേന്ദ്ര ഗവൺമെന്റ് പണം വെട്ടിച്ചുരുക്കിയതുകൊണ്ട് ഉപേക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്; ഉപേക്ഷിച്ചു എന്ന വാക്ക് ഞാൻ ഉപയോഗിക്കുന്നില്ല, ടെണ്ടർ നടപടികളുമായി മുന്നോട്ടു പോകാൻ കഴിയാതെ വന്നിട്ടുണ്ട്. 25 ശതമാനം പണം ചെലവാക്കിയിട്ടില്ലാത്ത പദ്ധതികളുമായി മുന്നോട്ടുപോകണ്ടെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സ്റ്റേറ്റ് പ്ലാനിന്റെ ചില ഹെഡ് ഓഫ് അക്കൗണ്ടുകളിൽ റീ-അലോക്കേഷൻ നടത്തി ഏറ്റവും അത്യാവശ്യമെന്ന് കണ്ട ചില പദ്ധതികൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഏറ്റെടുത്ത് ടെണ്ടർ നടപടിയുമായി നിൽക്കുന്ന പദ്ധതികൾ ഉപേക്ഷിച്ചു കളയുകയല്ല, റീ-അലോക്കേഷൻ നടത്തിയോ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയോ കിഫ്ബിയിൽ ഉൾപ്പെടുത്തിയോ പരമാവധി വർക്കുകൾ ചെയ്യുക എന്നുള്ളതാണ് ലക്ഷ്യം. എൻ.ആർ.ഡി.ഡബ്ല്യു.പി.-യുടെ പണം ഗണ്യമായി കുറഞ്ഞത് കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. അത് പരിഹരിക്കാൻ ഏതെല്ലാം രൂപത്തിൽ കഴിയുമോ ആ പോംവഴികളെല്ലാം ഗവൺമെന്റ് സ്വീകരിക്കും.

ശ്രീ. ഡി. കെ. മുരളി : സർ, പി.ഡബ്ല്യു.ഡി.ക്കും എൽ.എസ്.ജി.ഡി.ക്കും റോഡ് നവീകരണവും നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കേണ്ടിവരുന്നുണ്ട്. അതിന് തയ്യാറാക്കുന്ന എസ്റ്റിമേറ്റിലും തുക അടച്ചുകഴിഞ്ഞാൽ പൈപ്പ്ലൈൻ മാറ്റുന്ന കാര്യത്തിലുമൊക്കെ വലിയ കാലതാമസമാണ് നേരിട്ടു കൊണ്ടിരിക്കുന്നത്. അത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, പ്രായോഗികമായി ഈ സമയത്തുണ്ടാകുന്ന വലിയൊരു ബുദ്ധിമുട്ടാണിത്. ചില സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി. തന്നെ പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയുമോ എന്നത് പരീക്ഷിച്ചു നോക്കിയതാണ്. പി.ഡബ്ല്യു.ഡി. വർക്കിന്റെ ഭാഗമായി ആ കരാറുകാരൻതന്നെ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ സൂപ്പർവിഷനിൽ പ്രസ്തുത വർക്കുകൾ ചെയ്യുന്ന കാര്യംകൂടി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. അൻവർ സാദത്ത് : സർ, വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസിന് പല ഫണ്ടുകൾ ലഭിക്കാറുണ്ട്. കോൺട്രാക്ടർമാരുടെ വർക്കുകൾ പൂർത്തീകരിച്ചതിനു ശേഷമുള്ള തുക കൃത്യമായി നൽകാത്തതുകൊണ്ട് പുതിയ വർക്കുകൾ അവർ ഏറ്റെടുക്കാത്ത ഗുരുതരമായ സ്ഥിതിവിശേഷം നിലവിലുണ്ട്. ഇക്കാര്യത്തിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ജോലി ചെയ്തുകഴിഞ്ഞാലും കൂലി ലഭിക്കുന്നില്ലെന്നതാണ് ഇവിടത്തെ പ്രശ്നം. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് പണം ലഭിക്കാത്തതിനാലാണോ അതോ മറ്റെന്തെങ്കിലും സാമ്പത്തിക പ്രശ്നത്താലാണോ

അവരുടെ കുടിശ്ശിക നൽകാത്തത്? ഇക്കാര്യത്തിൽ ഇടപെട്ട് എത്രയും വേഗത്തിൽ കോൺട്രാക്ടർമാരുടെ കുടിശ്ശിക നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. രൂക്ഷമായ വരൾച്ചയാണ് വരാൻ പോകുന്നത്. ആ സമയത്ത് കോൺട്രാക്ടർമാർ വർക്ക് ഏറ്റെടുക്കാത്ത സാഹചര്യം വന്നാൽ ഗുരുതരമായ പ്രശ്നമായിരിക്കും നാട്ടിലുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെട്ട് കുടിശ്ശിക തീർത്ത് വർക്ക് എത്രയുംവേഗം ഏറ്റെടുക്കാനുള്ള സാഹചര്യമുണ്ടാക്കണം.

ശ്രീ. മാത്യു ടി. തോമസ്: സർ, വാട്ടർ അതോറിറ്റിക്ക് കിട്ടിയ ഫണ്ടൊന്നും നൽകാതിരുന്നിട്ടില്ല. ഫണ്ട് ആവശ്യത്തിന് നൽകാൻ കൈവശമില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഗൗരവമായ പ്രശ്നമാണ്. കഴിഞ്ഞ ആഴ്ചയിൽ രണ്ടുമാസത്തെ കുടിശ്ശിക റണ്ണിംഗ് കോൺട്രാക്ട്സിന് കൊടുത്തിട്ടുണ്ട്. എന്നാലും ദീർഘകാലത്തെ പണം കുടിശ്ശികയായി നൽകാൻ ബാക്കിയുണ്ട്. വേഗത്തിൽ നൽകാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, കുടിവെള്ള വിതരണത്തിന്റെ കാര്യത്തിൽ യാതൊരുവിധ കേന്ദ്രീകൃത പദ്ധതിയുമില്ലാത്ത കുലശേഖരപുരം, തൊടിയൂർ, തഴവ എന്നീ മൂന്ന് പഞ്ചായത്തുകൾ എന്റെ മണ്ഡലമായ കരുനാഗപ്പള്ളിയിലുണ്ട്. അവിടെ ഒരു സമഗ്ര കുടിവെള്ള പദ്ധതിക്ക് അനുമതി നൽകുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, അതിന്റെ സാദ്ധ്യതകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാം. ഒരു പദ്ധതിയെ സംബന്ധിച്ച് ഇന്ന പദ്ധതി എന്ന് പറയുമ്പോൾ ഉടനെ ഒരു മറുപടി അല്ലെങ്കിൽ ഉടനെ ചെയ്യാമെന്ന് പറഞ്ഞ് കയ്യടി വാങ്ങുന്നതിൽ കാര്യമില്ല. അവിടെ ജലത്തിന്റെ ലഭ്യത, സാധ്യത, ഫണ്ടിന്റെ ലഭ്യത ഇതെല്ലാം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ദൈവം കനിഞ്ഞ് അനുഗ്രഹിച്ച് നൽകുന്ന മഴവെള്ളം സ്റ്റോർ ചെയ്യാത്തതാണ് നമ്മുടെ ജലവിതരണത്തിലുള്ള ഏറ്റവും വലിയ പ്രശ്നം. ഇത് തടയണ വഴി മാത്രമേ സംഭരിക്കാൻ സാധിക്കുകയുള്ളൂ. തടയണ നിർമ്മിക്കാൻ എന്തെങ്കിലും പരിപാടി സർക്കാരിനുണ്ടോ; എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. മാത്യു ടി. തോമസ് : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ഗൗരവമായ വിഷയമാണ്. കേരളത്തിന്റെ പ്രത്യേകമായ ഭൂപ്രകൃതിയനുസരിച്ച് പെയ്യുന്ന മഴവെള്ളം വേഗത്തിൽ കടലിലെത്തുകയാണ് ചെയ്യുന്നത്. തെക്കുവടക്ക് നീളത്തിൽ കിടക്കുന്ന കേരളത്തിന് കിഴക്കു പടിഞ്ഞാറുള്ള വീതി വളരെ കുറവാണ്. സമുദ്രത്തിലേയ്ക്ക് ജലമെത്താൻ സഞ്ചരിക്കേണ്ട ദൂരം വളരെ കുറവാണ്. നമ്മുടെ ഭൂപ്രദേശം വളരെ ചരിവായി കിടക്കുകയാണ്. അതോടൊപ്പംതന്നെ ലാറ്ററൈറ്റ്

കണ്ടന്റ് വളരെ കൂടുതലുമാണ്. ലഭിക്കുന്ന മഴയെ പരമാവധി ഭൂമിയിലേയ്ക്ക് കിനിഞ്ഞ് ഇറക്കിവിടുന്നതിന് വലിയ തോതിലുള്ള തടയണകളാകാം, മഴക്കുഴികളാകാം, കിണർ റീചാർജിംഗ് അടക്കമുള്ള എന്തുമാകാം. ഹരിത കേരളം ലക്ഷ്യമിടുന്ന വലിയൊരു സ്വപ്നവും അതാണ്. അതൊടൊപ്പംതന്നെ കഴിഞ്ഞ വരൾച്ചക്കാലത്ത് ജലദൗർലഭ്യം രൂക്ഷമായി അനുഭവപ്പെട്ട നദികളെ തടയണ നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയ്ക്ക് കുറുകെയും മറ്റുമായി പല തടയണകൾ തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ശ്രീ. ബി. സത്യൻ</u> : സർ, അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതും അങ്ങ് മുൻകയ്യെടുത്ത് വരുന്നതുമായ ഒരു കാര്യമാണ്. മൂന്ന് താലൂക്കുകളിലേയ്ക്കുള്ള ജലം നൽകുന്ന ഒരു പ്രധാനപ്പെട്ട നദിയാണ് വാമനപുരം നദി. അത് കഴിഞ്ഞ വേനലിൽ, നൂറ് വർഷക്കാലത്തിനിടയിലുണ്ടായ കഠിനമായ വേനലിൽ വറ്റിവരണ്ടു. ഇക്കാര്യം അങ്ങേയ്ക്കും അറിയാവുന്നതാണ്. ആ നദിയെ അടിസ്ഥാനമാക്കിയാണ് ചിറയിൻകീഴ്, വർക്കല, നെടുമങ്ങാട് താലൂക്കിന്റെ കുറെ ഭാഗങ്ങളിലെ കുടിവെള്ള പദ്ധതികൾ നിലകൊള്ളുന്നത്. പ്രധാനപ്പെട്ട മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ളം നൽകുന്ന കിളിമാനൂർ-പഴയകുന്നുമ്മൽ - മടവൂർ കുടിവെള്ള പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അങ്ങും ചേർന്ന് ഉദ്ഘാടനം ചെയ്തതാണ്. അവിടെ ഇപ്പോൾ വെള്ളം വറ്റി ജലവിതരണം തടസ്സപ്പെടുമെന്ന അവസ്ഥ സംജാതമായിരിക്കുകയാണ്. അങ്ങ് പ്രത്യേകമായി ഇടപെട്ട് തടയണ നിർമ്മിച്ച് ഈ പദ്ധതി നന്നായി മുന്നോട്ട് കൊണ്ടുപോകാമെന്ന് പറഞ്ഞതാണ്. വാട്ടർ അതോറിറ്റി ഇക്കാര്യത്തിൽ മുൻകയ്യെടുത്ത് ഇത് നടപ്പിലാക്കാനുള്ള നിർദ്ദേശം നൽകുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, പല കുടിവെള്ള പദ്ധതികൾക്കുമായി ആശ്രയിക്കുന്ന ഒരു നദിയാണ് വാമനപുരം നദി. കഴിഞ്ഞ വർഷം രൂക്ഷമായ ജലദൗർലഭ്യം ഇവിടെ അനുഭവപ്പെട്ടു. അവിടെ ഒരു കുടിവെള്ള പദ്ധതി ഉദ്ഘാടനം ചെയ്യാൻ തീയതി നിശ്ചയിച്ചിട്ട് നദിയിൽ വെള്ളമില്ലാത്തതുകാരണം മാറ്റിവയ്ക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇപ്പോൾ പണിയുന്ന റെഗുലേറ്ററിൽ ഒന്ന്, വാമനപുരം നദിക്ക് പ്രത്യേകിച്ച് കുടിവെള്ള സ്രോതസ്സിൽ വെള്ളം ഉറപ്പാക്കുന്ന രൂപത്തിൽ പണിയുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനുവേണ്ടിയുള്ള പഠനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് വേഗത്തിൽ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, അതിരൂക്ഷമായ കുടിവെള്ളക്ഷാമം നമ്മൾ നേരിടാൻ പോകുകയാണ്. കഴിഞ്ഞ വർഷവും അതിരൂക്ഷമായ വരൾച്ചയായിരുന്നു. അപ്പോൾ എന്റെ ജില്ലയായ പത്തനംതിട്ട ജില്ലയിൽ അങ്ങുകൂടി പങ്കെടുത്ത്

നടത്തിയ ഒരു യോഗമുണ്ട്. അതിലെടുത്ത തീരുമാനം എല്ലാ പഞ്ചായത്തുകളിലും കിയോസ്കുകൾ സ്ഥാപിക്കുകയെന്നതാണ്. കിയോസ്കുകൾ സമയബന്ധിതമായി സ്ഥാപിക്കാൻ വേണ്ട നിർദ്ദേശം നൽകിയെങ്കിലും ഒന്നോരണ്ടോ പഞ്ചായത്തുകളിൽ മാത്രമാണ് സ്ഥാപിച്ചത്. മലയോര മേഖല എന്നുള്ള നിലയിൽ ഞങ്ങളുടെയൊക്കെ പ്രദേശത്ത് കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. അതിനുള്ള പരിഹാരമാർഗ്ഗങ്ങൾക്ക് നേരത്തെതന്നെ തുടക്കം കുറിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. മാത്യു ടി. തോമസ് : സർ, ഈ വർഷത്തെ സൗത്ത്‌വെസ്റ്റ് മൺസൂണും നോർത്ത്ഈസ്റ്റ് മൺസൂണും കഴിഞ്ഞ വർഷത്തേക്കാൾ മോശമായിരുന്നു. എന്നാൽ അതിനുശേഷം പെയ്ത മഴ കുറച്ച് ലഭിച്ചു എന്നുള്ളതുകൊണ്ട് മാത്രം വരൾച്ചയുണ്ടാകില്ലെന്ന് പ്രവചിക്കാൻ തക്കവണ്ണം നമ്മൾ ഒരു സുരക്ഷിത സ്ഥിതിയിലായിട്ടില്ല. അതുകൊണ്ട് വളരെ കരുതലോടുകൂടിത്തന്നെയാണ് സർക്കാർ അക്കാര്യത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിലുള്ള നടപടികളൊക്കെ സ്വീകരിക്കുന്നത് ദുരന്തനിവാരണ അതോറിറ്റിയും റവന്യൂ വകുപ്പും ചേർന്നാണ്. കഴിഞ്ഞ വർഷം കിയോസ്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ കാലതാമസമുണ്ടായിയെന്നത് യാഥാർത്ഥ്യമാണ്. അത് തിരിച്ചറിഞ്ഞ നിമിഷംതന്നെ എല്ലാ ജില്ലകളിലും ടാങ്കർ ലോറി വഴി കുടിവെള്ളം വിതരണം നടത്താൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വർഷവും ഫലപ്രദമായി കുടിവെള്ളമെത്തിക്കാൻ ഏത് രീതിയാണോ ആവശ്യം അത് വേഗത്തിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ചില കുടിവെള്ള പദ്ധതികൾ കുറച്ചുകൂടി എക്സ്റ്റെന്റ് ചെയ്താൽ കുടിവെള്ള പദ്ധതികളില്ലാത്ത പഞ്ചായത്തുകളിലേയ്ക്കുകൂടി വെള്ളമെത്തിക്കാൻ കഴിയും. നിലമേൽ, കുമ്മിൾ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കാൻ ഇതുമൂലം സാധിക്കും. തിരുവനന്തപുരം ജില്ലയിലുള്ള ഒരു റോഡിൽ കൂടി കടന്നുപോകുന്ന കുടിവെള്ള പദ്ധതിയുടെ അതിർത്തിയിൽ ചടയമംഗലം മണ്ഡലവും കൊല്ലം ജില്ലയുമാണ്. പ്രസ്തുത പദ്ധതിയിൽ ഇതുംകൂടി ഉൾപ്പെടുത്തിയാൽ റോഡിന്റെ ഒരു വശത്തു കിട്ടുകയും മറുവശത്ത് വെള്ളം കിട്ടാതിരിക്കുകയും ചെയ്യുന്ന അവസ്ഥ അവസാനിപ്പിക്കാൻ സാധിക്കുന്നതാണ്. ഇങ്ങനെയുള്ള ചില എക്സ്റ്റെൻഷൻ പ്രവർത്തനവും നടപടിക്രമങ്ങളിലുള്ള മാറ്റവും ജില്ലാ അതിർത്തി നോക്കാതെയുള്ള സംവിധാനവും രൂപീകരിച്ചാൽ നമുക്ക് വരൾച്ചാകാലത്ത് ധാരാളം ആളുകളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു. ടി. തോമസ് : സർ, എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം ശുദ്ധീകരിച്ച് എത്തിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ചില പദ്ധതികൾ രൂപകല്പന ചെയ്യുമ്പോൾ അതിന്റെ ഡിസ്ട്രിബ്യൂഷൻ നെറ്റ്‌വർക്ക് ചില പ്രദേശങ്ങളിൽ മാത്രമായിട്ടായിരിക്കും പരിമിതപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ജലലഭ്യത കണക്കാക്കിയും പൈപ്പ് നീട്ടുന്നതിനും മറ്റും ആവശ്യമായ പണത്തിന്റെ ലഭ്യത അനുസരിച്ചും ശുദ്ധീകരിച്ച വെള്ളം വിതരണം ചെയ്യാതിരിക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

**ക്ഷീരകർഷകരുടെ ക്ഷേമം**

3 (*213) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സമഗ്ര ലൈവ്‌സ്റ്റോക്ക് ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; പ്രസ്തുത പദ്ധതി കൂടുതൽ ഗ്രാമ പഞ്ചായത്തു-കളിലേക്ക് വ്യാപിപ്പിക്കുമോ;

(ഡി) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ ഉദ്ദേശമുണ്ടോയെന്നറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ,

(എ) 1. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും കർഷകർക്ക് ലഭിച്ചിരുന്ന വില ശാസ്ത്രീയമായി പരിഷ്കരിച്ചു.

2. സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് 1-രൂപ പ്രകാരം കാലിത്തീറ്റ ധനസഹായം അനുവദിച്ചു.

3. ക്ഷീരവികസന വകുപ്പിൽ നിന്ന് അനുവദിക്കുന്ന കാലിത്തീറ്റ സബ്സിഡി ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും ആകെ ലിറ്ററിന് 4 രൂപ വരെ കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

4. പുതിയ സംരംഭകരേയും ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നിലവിലുള്ളവ ശാക്തീകരിക്കുന്നതിനുമായി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതി എന്നിവ നടപ്പിലാക്കി.

5. കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും മറ്റ് ജോലികൾ ലഘൂകരിക്കുന്നതിനും ആവശ്യമായ യന്ത്രവൽക്കരണം, കറവയന്ത്രം മുതലായവയ്ക്കായി ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതി നടപ്പിലാക്കി.

6. തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങളിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചു. കൂടാതെ തരിശ് നിലങ്ങളിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനായി പ്രത്യേക പദ്ധതിയും നടപ്പിലാക്കി.

7. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ പരിഷ്കരിച്ചു നടപ്പിലാക്കി.

8. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ക്ഷീരസഹകരണ സംഘങ്ങൾക്ക് കൂടുതൽ ധനസഹായം അനുവദിക്കുകയും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും ചെയ്തു.

9. ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരുടെ വായ്പാ കുടിശ്ശിക എഴുതിതള്ളി.

10. വരൾച്ച നേരിടുന്നതിനായി അടിയന്തര സഹായം അനുവദിച്ചു. മേൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിലൂടെയാണ് പ്രതികൂല സാഹചര്യത്തിലും ക്ഷീരോല്പാദക മേഖലയിൽ വൻ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞത്. പെൻഷന് അർഹത നേടിയ ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് നല്കിവരുന്ന പെൻഷൻ തുക 500- രൂപയിൽ നിന്നും ജനുവരി 2017 മുതൽ 1000- രൂപയായും ഏപ്രിൽ 2017 മുതൽ 1,100- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ക്ഷീരകർഷകർക്കും കുടുംബത്തിനും അവരുടെ കറവമാടുകൾക്കും വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ കേരള ക്ഷീരകർഷക ക്ഷേമനിധിബോർഡ്, കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനുകൾ എന്നിവരുടെ സംയുക്ത സംരംഭമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും പദ്ധതിയുടെ കരട് തയ്യാറാക്കി സംസ്ഥാന തലത്തിൽ നിർവ്വഹണ സമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുവരികയും ചെയ്യുന്നു.

കന്നുകാലികളുടെ മരണവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുകാരണവും ഉണ്ടാകുന്ന നഷ്ടം പരിഹരിച്ച് ക്ഷീര കർഷകരെ ഈ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM) 2016-17, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഗോസമൃദ്ധി 2017-18 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(സി) ക്ഷീരഗ്രാമങ്ങൾ

2017-18 വർഷം ക്ഷീരഗ്രാമം പദ്ധതി തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ, ആലപ്പുഴ ജില്ലയിലെ മണ്ണാഞ്ചേരി, തൃശ്ശൂർ ജില്ലയിലെ ചാഴൂർ, പാലക്കാട് ജില്ലയിലെ പറളി എന്നീ 5 ഗ്രാമപഞ്ചായത്തുകളിലാണ് നടപ്പിലാക്കിവരുന്നത്. 2018-19 വർഷത്തിൽ കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(ഡി) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് പുതിയതായി രണ്ടു പദ്ധതികൾ വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

1. കന്നുകുട്ടികളെ ദത്തെടുക്കൽ പദ്ധതി

കന്നുകുട്ടികളുടെ ജനനം മുതൽ 4 മാസം വരെ അവയ്ക്ക് വേണ്ടുന്ന തീറ്റ, ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റ്, വിര മരുന്ന് എന്നിവ സൗജന്യ നിരക്കിൽ വിതരണം ചെയ്ത്, ദത്തെടുക്കുന്ന കന്നുകുട്ടികളെ വളർത്തി നല്ല കിടാക്കളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കന്നുകുട്ടികളുടെ സംരക്ഷണ ചെലവ് താങ്ങാനാവാതെ കർഷകർ അവയെ വിറ്റൊഴിവാക്കുന്നത് തടയാനും ഈ പദ്ധതിമൂലം സാധിക്കും.

2) ഹീഫർ പാർക്കുകൾ

ഒരു വയസ്സിനു മുകളിലുള്ള കിടാരികളെ വളർത്തി കറവ പശുക്കളാക്കി വിൽക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. 100 കിടാരികളെ വരെ വളർത്തുന്ന യൂണിറ്റുകളാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിനകത്ത് ഉല്പാദനശേഷിയുള്ള നല്ല കറവ പശുക്കളെ ഉല്പാദിപ്പിച്ചെടുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. വിൻസെന്റ് : സർ, ഓരോ ദിവസവും ഇതര സംസ്ഥാനങ്ങളിൽ നിന്നും പതിനായിരക്കണക്കിന് ലിറ്റർ പാലാണ് നമ്മുടെ സംസ്ഥാനത്തേയ്ക്ക് ഒഴുകിയെത്തുന്നത്. ഇതിൽ പലതും ശവശരീരങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ വേണ്ടി ഉപയോഗിക്കുന്ന ഫോർമാലിൻ പോലുള്ള രാസപദാർത്ഥങ്ങൾ കലർന്നതും കൊഴുപ്പ് കൂട്ടാൻവേണ്ടി കൊഴുപ്പുശ്രവം ഉല്പാദിപ്പിക്കുന്ന ജീവികളെ ഇട്ട് കൊഴുപ്പ് കൂട്ടിയുമാണ് പാൽ വിതരണം ചെയ്യുന്നത്. പലപ്പോഴും ഈ പാൽ ഉപയോഗിക്കുന്നത് കൂടുതലും കൊച്ചുകുഞ്ഞുങ്ങളാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ഇവിടെയുള്ള മിക്കവാറും ഹോട്ടലുകളിൽ ഇത്തരത്തിലുള്ള പാലാണ് ഉപയോഗിക്കുന്നത്. നമ്മുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന തരത്തിലുള്ള ഇത്തരം പാലിന്റെ ഉപയോഗം വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. രണ്ടു തരത്തിലാണ് ഇതര സംസ്ഥാനങ്ങളിൽ നിന്നും പാൽ ഇവിടെ വരുന്നത്. അവരുടെതന്നെ കവറിൽ പാൽ ഇവിടെ മറ്റൊരു രീതിയിൽ വിതരണം ചെയ്യുന്നു. അതായത്, അടുത്ത കാലത്ത് രണ്ട് പശുവിനെ മാത്രം വളർത്തുന്ന ഒരാൾ 250 ലിറ്റർ പാൽ വിതരണം ചെയ്യുകയാണ്. എല്ലാ ദിവസവും രാവിലെ അയാളുടെ വീട്ടിലേയ്ക്ക് വാഹനം വന്നു നിൽക്കും, കവർ പാലെടുത്ത് കുപ്പികളിലാക്കി വിതരണം ചെയ്യുകയാണ്.

മി. സ്പീക്കർ : ചോദ്യം ചോദിക്കൂ...

ശ്രീ. എം. വിൻസെന്റ് : സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. നാടൻ പാലെന്നും തനി നാടൻ പാലെന്നുമുള്ള രീതിയിലാണ് വിതരണം ചെയ്യുന്നത്. ഇങ്ങനെ ഒരു പരിശോധനയുമില്ലാതെ വരുന്ന ഈ പാൽ കൃത്യമായ ദിവസങ്ങളിൽ പരിശോധന നടത്തി ആരോഗ്യത്തിന് ഹാനികരമായിട്ടുള്ള content കണ്ടെത്തിയാൽ നിരോധിക്കാനും നാടൻ പാലെന്നും തനി നാടൻ പാലെന്നുമുള്ള രീതിയിൽ വിതരണം ചെയ്യുന്ന ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാൽ നിയന്ത്രിക്കാനുമുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാജു : സർ, പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടുക എന്നുള്ളതാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിലേയ്ക്കുള്ള പരിശ്രമങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. നമുക്കാവശ്യമുള്ള 83-84 ശതമാനത്തോളം പാൽ നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. കഴിഞ്ഞ ഒരു വർഷംകൊണ്ടുതന്നെ പാൽ ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് എല്ലാ ജില്ലകളിലും ഉണ്ടായിട്ടുണ്ട്. ബാക്കി വരുന്ന പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്. അവയുടെ ഗുണമേന്മ കൃത്യമായി പരിശോധിക്കുന്നതിനുള്ള സംവിധാനം എല്ലാ ചെക്ക് പോസ്റ്റുകളിലും ഇല്ലെന്നുള്ളത് ശരിയാണ്. പാലക്കാട് ജില്ലയിൽ മീനാക്ഷിപുരത്താണ് ആദ്യമായി ക്ഷീരവകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ചെക്ക് പോസ്റ്റ് സ്ഥാപിച്ചത്. അത് ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഞാൻതന്നെയാണ് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ചെക്ക് പോസ്റ്റുവഴി കടന്നുവരുന്ന പാൽ കഴിഞ്ഞ ഓണക്കാലത്ത് പരിശോധിച്ചപ്പോൾ കുറെയേറെയും നിശ്ചിത ക്വാളിറ്റി ഇല്ലാത്തതാണെന്ന് മനസ്സിലാക്കി അവരുടെ പേരിൽ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പാറശാല, ആര്യങ്കാവ് എന്നീ സ്ഥലങ്ങളിൽ ചെക്ക് പോസ്റ്റുകൾ ആരംഭിക്കുന്നതിനാവശ്യമായിട്ടുള്ള തസ്തികകൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി ചെക്ക് പോസ്റ്റുകളിലും മറ്റ് ജില്ലകളിലെ അതിർത്തി ചെക്ക് പോസ്റ്റുകളിലും ഇതുപോലുള്ള പരിശോധനാകേന്ദ്രങ്ങൾ ആവശ്യമുണ്ട്. ഗവൺമെന്റ് അത് നടപ്പിലാക്കുന്നതിനുള്ള പരിശ്രമത്തിലാണ്. ഈ വർഷം തന്നെ ഈ രണ്ട് ചെക്കുപോസ്റ്റുകളും കൂടി ആരംഭിക്കും. പാലിന്റെ ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത നേടുക എന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിന് ഏറ്റവും ആവശ്യമായിട്ടുള്ള കാര്യമാണ്.

<u>ശ്രീ. എം. വിൻസെന്റ്</u> : സർ, ക്ഷീരസംഘങ്ങളിൽ പാൽ ഒഴിക്കുന്ന ക്ഷീരോല്പാദകർക്ക് സർക്കാരിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന കാലിത്തീറ്റ സബ്സിഡി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഒരു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്കുമാത്രമേ ലഭ്യമാകുകയുള്ളൂ എന്നുള്ള നിബന്ധന ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ഏകദേശം ഒരു ലക്ഷം ലിറ്ററിലധികം പാലിന്റെ കുറവുണ്ട്. പാലിന്റെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ ആഗ്രഹിക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലക്ഷം രൂപയെന്നുള്ള വരുമാനപരിധിവച്ചാൽ പലരും ഈ രംഗത്തുനിന്ന് പിന്മാറാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഈ വരുമാന പരിധി എടുത്തുകളയാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u> : സർ, തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ക്ഷീരകർഷകർക്ക് നൽകുന്ന പ്രോത്സാഹന ധനസഹായ പദ്ധതിക്ക് വരുമാനപരിധി ബാധകമാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും പൊതുവിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് രണ്ടുലക്ഷം രൂപയും വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. ക്ഷീരകർഷകർക്ക് ഈ ഒരു നിബന്ധന ഏർപ്പെടുത്തുന്നതുമൂലം യഥാർത്ഥത്തിൽ ചെറുകിട കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്നു വെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് ശരിയാണ്. ഇത് ക്ഷീരകർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഒരു വിഷയമാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്ക് ഈ വിഷയം സംബന്ധിച്ച് ഞാൻ കത്ത് നൽകിയിട്ടുണ്ട്. ഒരു നല്ല പശുവിന് ഒന്നര ലക്ഷത്തോളം രൂപവരെ വിലയുണ്ട്. ഒരു പശുവിനെ വളർത്തുന്ന കർഷകനുപോലും ഇതിന്റെ ആനുകൂല്യം ലഭ്യമാകാത്ത സ്ഥിതിയാണ്

ഉണ്ടാകുന്നത്. അതുസംബന്ധിച്ച് പരിശോധിച്ച് ക്ഷീരകർഷകരെ ഈ വരുമാനപരിധിയിൽനിന്നും ഒഴിവാക്കുന്നതിന് ഈ പറയുന്ന വരുമാനപരിധി ക്ഷീരകർഷകർക്ക് ബാധകമാക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫിനുവേണ്ടി ശ്രീ. പി. ടി. തോമസ് : സർ, സംസ്ഥാനത്ത് രണ്ട് ലക്ഷത്തോളം ക്ഷീരകർഷർ ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ 3625-ഓളം രജിസ്റ്റർ ചെയ്ത സംഘങ്ങളുണ്ട്. സംസ്ഥാനത്തിന്റെ കണക്കനുസരിച്ച് നാല് ലക്ഷത്തോളം ലിറ്റർ പാലിന്റെ കുറവ് ഇവിടെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പരിശോധനയെ സംബന്ധിച്ച് പറയുകയുണ്ടായി. ഭക്ഷ്യസുരക്ഷാ നിയമം വന്നതിനുശേഷം പരിശോധനാ അധികാരം മുഴുവൻ ഭക്ഷ്യസുരക്ഷാ അതോറിറ്റിക്കാണ്. അതിന്റെ പേരിൽ നമ്മുടെ പരിശോധന കാര്യമായി നടക്കുന്നില്ല. യഥാർത്ഥത്തിൽ, പരിശോധന നടക്കുന്നത് പാലക്കാട് ചെക്ക് പോസ്റ്റിൽ മാത്രമാണ്. പാറശാല, ആര്യങ്കാവ് എന്നീ ചെക്ക് പോസ്റ്റുകളിൽ പരിശോധനയ്ക്കാവശ്യമായ തസ്തിക സൃഷ്ടിച്ചിട്ടില്ല. അവിടെ ഇതിനുള്ള സംവിധാനമുണ്ടായിട്ടില്ല. അതുപോലെ ഇടുക്കിയിലെ കുമിളിയിലും ഇതുവരെയും പരിശോധന ആരംഭിച്ചിട്ടില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ ഗൗരവതരമായി പരിശോധിക്കാൻ തയ്യാറാകുമോ? ശ്രീ. എം. വിൻസെന്റ് ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ നാട്ടിൽ ഇറക്കുമതി ചെയ്യുന്ന പാൽ ഏറ്റവും ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; ചെക്ക് പോസ്റ്റുകളിൽ പരിശോധനാ സമ്പ്രദായം നിർബന്ധമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന് ഗുണനിലവാരം ഉറപ്പാക്കുക എന്ന കാര്യത്തിൽ സർക്കാർ വളരെ ജാഗ്രതയോടുകൂടിയാണ് നീങ്ങുന്നത്. അതിന്റെ ഭാഗമായാണ് പാലക്കാട് ജില്ലയിലെ മീനാക്ഷിപുരത്ത് ഒരു ചെക്ക് പോസ്റ്റ് സ്ഥാപിച്ചത്. പാറശാലയിലും ആര്യങ്കാവിലും രണ്ട് ചെക്ക് പോസ്റ്റുകൾ ഉടൻതന്നെ സ്ഥാപിക്കാൻ കഴിയും. അതിനാവശ്യമായ തസ്തികകളും അനുവദിച്ചു. ഉടൻ തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കാനാകും. ബാക്കിയുള്ള പ്രദേശങ്ങളിൽ, അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധന കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ : സർ, ക്ഷീരകർഷകർ വളരെ വലിയ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കാർഷിക വായ്പയ്ക്ക് ഇപ്പോൾ 4 ശതമാനം പലിശയാണ് ഈടാക്കുന്നത്. അതുപോലെ പശുവിനെ വാങ്ങുന്നതിന്

50,000 രൂപയ്ക്ക് 12 ശതമാനം പലിശ ഈടാക്കുന്നുണ്ട്. പശു വളർത്തലിനെ കാർഷികവൃത്തിയായി അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു : സർ, അങ്ങ് ഇവിടെ മന്ത്രിയായിരുന്ന സമയത്തും അതിനുശേഷവുമെല്ലാം നമ്മൾ ഐകകണ്ഠ്യേന നിയമസഭയിൽ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിന് അയച്ചുകൊടുത്തതാണ്. മൃഗസംരക്ഷണ പ്രവർത്തനവും ക്ഷീരവികസന മേഖലയിലെ പ്രവർത്തനവും കൃഷിയുടെ അനുബന്ധ പ്രവർത്തനം തന്നെയാണ്. കൃഷിക്കുള്ള എല്ലാ ആനുകൂല്യങ്ങളും ഇതിലും ലഭ്യമാകണം എന്നുള്ളതാണ് സർക്കാരിന്റെ നയവും അഭിപ്രായവും. ഇതിനെ കാർഷിക വൃത്തിയായി അംഗീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. കാർഷികവൃത്തിയായി അംഗീകരിക്കണമെന്ന് നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. പക്ഷേ ഇതു സംബന്ധിച്ച് ഒരു തീരുമാനവും ലഭിച്ചില്ല. വടക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും വിപുലമായ തോതിൽ, ആയിരമോ പതിനായിരമോ പശുക്കളെ വളർത്തുന്ന വലിയ ഡയറികളും പാലുൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വലിയ വ്യവസായ സ്ഥാപനങ്ങളും ഡയറി സെക്ടറിലുണ്ട്. അതുകൊണ്ടായിരിക്കാം അവർ ഇതിനെ ഒരു വ്യവസായ മേഖലയായി കണക്കാക്കുന്നത്. ഡയറി സെക്ടറിനെ കാർഷികവൃത്തിയായി കണക്കാക്കിയിട്ടില്ല. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ, പശുവിനെ വാങ്ങുന്നതിന് വേണ്ടി ലോൺ എടുക്കാൻ ഒരു നാഷണലൈസ്ഡ് ബാങ്കിനെ സമീപിച്ചാൽ വായ്പയ്ക്ക് 12 ശതമാനം പലിശ നൽകണം. അതേസമയം കാർഷിക മേഖലയിലാണെങ്കിൽ 4 ശതമാനം പലിശയാണ് ഇപ്പോഴുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിൽ കൂട്ടായി പരിശ്രമിക്കാം. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ അനുമതി നൽകണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ ശക്തമായ അഭിപ്രായം.

ശ്രീ. കെ. വി. വിജയദാസ് : സർ, പത്ത് ദിവസം കൂടുമ്പോൾ പാലിന്റെ വില കൃത്യമായി ലഭിക്കുന്നുവെന്നുള്ള ഒരു സംവിധാനമുള്ളതുകൊണ്ടാണ് ക്ഷീരകർഷകർ ഈ മേഖലയിൽ നിലനിൽക്കുന്നത്. അതിന് കോട്ടംതട്ടുന്ന തരത്തിലുള്ള ചില ഉത്തരവുകൾ ക്ഷീരവികസന വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നു. പാലിന്റെ വില നൽകുന്നത് അതിൽ പ്രധാനപ്പെട്ടതാണ്. മിൽമ, പാലിന്റെ വില ബാങ്കുകൾ വഴി പാൽ സൊസൈറ്റികളിൽ എത്തിക്കുകയും അവിടെനിന്നും പാൽ വില നൽകുകയുമാണ് ചെയ്യുന്നത്. അതിനുപകരം ഇപ്പോൾ പാൽ സൊസൈറ്റിയിൽ നിന്നും പാൽ വില നൽകേണ്ടതില്ല, ബാങ്കുകളിൽപോയി ക്ഷീരകർഷകൻ വാങ്ങിയാൽ മതി എന്നുള്ള ഉത്തരവാണ് ക്ഷീരവികസന വകുപ്പ് ഇറക്കിയിരിക്കുന്നത്.

ക്ഷീരകർഷകരിൽ കൂടുതലും വനിതകളും വൃദ്ധരുമാണ്. ഈ രണ്ട് വിഭാഗക്കാരും ഇപ്പോൾ നാഷണലൈസ്ഡ് ബാങ്കിൽപോയി പണമെടുക്കണം. മാത്രവുമല്ല, ബാങ്ക് അക്കൗണ്ടിൽ രണ്ടായിരം രൂപ മിനിമം ബാലൻസ് ഉണ്ടെങ്കിൽ മാത്രമേ അവർ സ്വീകരിക്കുകയുള്ളൂ. ഒരു ലിറ്ററും രണ്ട് ലിറ്ററും പാൽ കൊടുക്കുന്ന ക്ഷീരകർഷകന് പണം ലഭിക്കുന്നില്ല. ഈ ജനവിരുദ്ധ ഉത്തരവ് പിൻവലിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, ക്ഷീരകർഷകരെ സഹായിക്കുക എന്ന ലക്ഷ്യത്തോടു കൂടി ആയിരിക്കും ഈ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചത് എന്നാണ് ഞാൻ കരുതുന്നത്. പാൽ വില കർഷകന്റെ അക്കൗണ്ടിൽ തന്നെ ലഭ്യമാകുന്നൊരു പ്രൊസീഡ്യുവർ ആണിത്. ഇടനിലക്കാരുടെ ഭാഗത്തുനിന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും തലത്തിലോ ചൂഷണമൊന്നുമില്ലാതെ തന്നെ ആ വില കൃത്യമായി കർഷകർക്ക് ലഭിക്കും. ബാങ്കിൽ പോയി പണമിടപാടുകൾ നടത്തുന്നതിന് ബുദ്ധിമുട്ടുള്ള കർഷകരെ സംബന്ധിച്ച് ഈ പറഞ്ഞത് ശരിയാണ്. അതിനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് ആലോചിക്കാം. ഈ ഉത്തരവുമൂലം കർഷകന് എന്തെങ്കിലും പ്രശ്നമുണ്ടാകുന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. റോജി എം. ജോൺ : സർ, ക്ഷീരകർഷകരുടെ സമഗ്രമായ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടാണ് ക്ഷീരഗ്രാമം, ഡയറി സോൺ എന്നീ പദ്ധതികൾ നിരവധി ബ്ലോക്ക് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കിവരുന്നത്. എന്നാൽ വളരെ പരിമിതമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഡയറി സോൺ പദ്ധതി കൂടുതൽ ബ്ലോക്ക് പഞ്ചായത്തുകളിൽ വ്യാപിപ്പിച്ച് ക്ഷീരകർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ. രാജു : സർ, ഡയറി സോൺ സർക്കാർ നടപ്പിലാക്കുന്ന ഒരു പുതിയ പദ്ധതിയാണ്. കർഷകരുടെ എണ്ണം, പശുക്കളുടെ എണ്ണം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് പ്രത്യേക ഡയറി സോണായി പ്രഖ്യാപിക്കുന്നത്. ഇതുകൂടാതെ പ്ലാനിംഗ് ബോർഡിന്റെകൂടി മാനദണ്ഡങ്ങൾ വച്ചുകൊണ്ടാണ് സോൺ നിശ്ചയിക്കുന്നത്. അങ്ങനെ നമ്മുടെ സംസ്ഥാനത്ത് 50 ബ്ലോക്ക് പഞ്ചായത്തുകളെയാണ് ഇപ്പോൾ തെരഞ്ഞെടുത്തിട്ടുള്ളത്. 50 ബ്ലോക്കുകളുടെയും ജില്ല തിരിച്ചുള്ള കണക്ക് എന്റെ കൈവശമുണ്ട്. സമയക്കുറവുമൂലം അത് വിശദീകരിക്കുന്നില്ല. എല്ലാ ജില്ലകളിലും ക്ഷീര സോൺ പ്രഖ്യാപിച്ചിട്ടുണ്ട്. ആ സോണിൽ, ഒരു വർഷം അരക്കോടി രൂപയുടെ പ്രവർത്തനങ്ങൾ, അങ്ങനെ അഞ്ചുവർഷംകൊണ്ട്

രണ്ടരക്കോടി രൂപയുടെ പ്രത്യേക പദ്ധതി ഏറ്റെടുക്കുന്ന പ്രവർത്തനമാണ് ഈ മേഖലയിൽ നടക്കുന്നത്. പ്ലാനിംഗ് ബോർഡിന്റെ കൂടിയുള്ള നിർദ്ദേശമനുസരിച്ചാണ് 50 സോണുകളെയും തെരഞ്ഞെടുത്തിട്ടുള്ളത്. ആ മേഖലകളിൽ നിശ്ചിത രീതിയിലുള്ള പ്രവർത്തനങ്ങൾ നടക്കാത്ത മേഖലകൾ ഏതെങ്കിലും വരികയാണെങ്കിൽ പുതിയ മേഖലകൾ ഉൾപ്പെടുത്താൻ സാധിക്കും. അതല്ലെങ്കിൽ വരും വർഷങ്ങളിൽ കൂടുതൽ സോൺ പ്രഖ്യാപിക്കുന്ന കാര്യത്തെ സംബന്ധിച്ച് സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, കേരളം പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തതയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ, ആസിയാൻ കരാറിൽ ഇപ്പോൾ മറ്റ് രാജ്യങ്ങളിൽനിന്നും പാൽ, പാൽപ്പൊടി, പാലിൽനിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ ഇറക്കുമതി ചെയ്യുന്നതിന് തീരുമാനമുണ്ട്. ഇതുമൂലം ക്ഷീരകർഷകർക്ക് വല്ലാത്ത പ്രതിസന്ധിയുണ്ടാകും. 2003-ൽ ക്ഷീര കർഷകർ പാൽ റോഡിൽ ഒഴുക്കിക്കളഞ്ഞു. ഇപ്പോൾ തമിഴ്നാട്ടിലടക്കം 35 രൂപ വിലയുള്ള പാൽ 20 , 15- രൂപയായി കുറഞ്ഞു. ഈ കരാറിന്റെ അടിസ്ഥാനത്തിൽ പാലും പാലുൽപ്പന്നങ്ങളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയുണ്ടായാൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു : സർ, ഇന്ത്യയിലെ ക്ഷീരകർഷകർ അഭിമുഖീകരിക്കാൻ പോകുന്ന വലിയൊരു വിഷയത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത്. ആസിയാൻ രാജ്യങ്ങളുടെ പത്ത് പ്രധാനമന്ത്രിമാർ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് ഇവിടെ വരികയുണ്ടായി. അവർ റിപ്പബ്ലിക് ദിനാഘോഷം കാണാനുള്ള അതിഥികളായിരുന്നുവെന്നുള്ളത് ശരിയാണെങ്കിൽക്കൂടി അവരുടെ ലക്ഷ്യം ആസിയാൻ കരാറുമായി ബന്ധപ്പെട്ട ചർച്ചയായിരുന്നു. ആ കരാറിൽ ക്ഷീര മേഖലയെ ബാധിക്കുന്ന ഒട്ടേറെ ആശങ്ക ഉളവാക്കുന്ന സംഗതികൾ വരുന്നുണ്ട്. R.C.E.P. (Regional Comprehensive Economic Partnership) കരാർ ഒപ്പിടുമ്പോൾ, പാൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യങ്ങളുമായുള്ള കരാറിലേർപ്പെടുന്നതുവഴി അവിടെനിന്നും പാലും പാലുൽപ്പന്നങ്ങളും യഥേഷ്ടം നമ്മുടെ രാജ്യത്ത് കൊണ്ടുവരാൻ കഴിയുന്നൊരു സ്ഥിതിയുണ്ടാകും. അത് ഇന്ത്യയിലെ ക്ഷീരകർഷകരെ ബാധിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. അതുകൊണ്ട് ആസിയാൻ കരാറുമായി ബന്ധപ്പെടുത്തി ആർ.സി.ഇ.പി. കരാറിൽ പാലും പാലുൽപ്പന്നങ്ങളും ഉൾപ്പെടുത്താൻ പാടില്ല എന്നതാണ് സർക്കാരിന്റെ അഭിപ്രായം. അത് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇതിന്റെ ചുമതല വഹിക്കുന്ന കേന്ദ്രമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്. അനുകൂല മറുപടി ഇതുവരെ ലഭിച്ചിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മനുഷ്യവാസകേന്ദ്രങ്ങളിലെ വന്യജീവി ആക്രമണം

4 (*214) ശ്രീ.ജോർജ് എം. തോമസ് :

ശ്രീ. കെ. ബാബു :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയോട്ട ചേർന്നുള്ള മനുഷ്യവാസകേന്ദ്രങ്ങളിൽ ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയാൻ ആവശ്യപ്പെട്ടുകൊണ്ട് മനുഷ്യാവകാശ കമ്മീഷൻ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) വനത്തിനുള്ളിൽ ജലത്തിനും ആഹാരത്തിനും ദൗർലഭ്യം വർദ്ധിച്ചു വരുന്നതും വന്യമൃഗങ്ങളുടെ എണ്ണം പെരുകുന്നതും കൊണ്ട് വനാതിർത്തിയിൽ മനുഷ്യവാസം അസാദ്ധ്യമാക്കുന്ന തരത്തിൽ വന്യജീവി ആക്രമണം വർദ്ധിച്ചു വരുന്നത് നിയന്ത്രിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) കിഫ്ബി വഴി നടത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള റെയിൽ ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ് തുടങ്ങിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) വനാതിർത്തിയോട് ചേർന്നുള്ള മനുഷ്യവാസ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന വന്യജീവി ആക്രമണം തടയാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ മുമ്പാകെ ഫയൽ ചെയ്തിരുന്ന എച്ച്.ആർ.എം.പി. നമ്പർ 3097/17, 4538/17, 4509/17 എന്നീ കേസ്സുകളിൽ 4-10-2017 തീയതിയായി ബഹു. കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. കേരളത്തിലെ വനാതിർത്തിയിൽ റെയിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതും, ഇതിനായി ആവശ്യമായ അഡീഷണൽ ബഡ്ജറ്റ് പ്രൊവിഷൻ വകയിരുത്തേണ്ടതുമാണ്.

2. ബഡ്ജറ്റ് പ്രൊവിഷൻ അനുവദിക്കുന്നതുവരെ കിഫ്ബി-യിൽ ഉൾപ്പെടുത്തിയും, നബാർഡ് വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയും ധനസമാഹരണം നടത്തി വനാതിർത്തി മുഴുവൻ റെയിൽ ഫെൻസിംഗ് നിർമ്മിക്കേണ്ടതാണ്. റെയിൽ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാകുന്നതുവരെ താല്ക്കാലികമായി ആനപ്രതിരോധ കിടങ്ങുകളും മതിലുകളും സൗരോർജ്ജ കമ്പിവേലികളും നിർമ്മിച്ച് വന്യജീവി ആക്രമണം തടയുന്നതിനുള്ള ശക്തമായ നടപടി വനം വകുപ്പ് സ്വീകരിക്കേണ്ടതാണ്.

3. വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നതുമൂലം നൽകുന്ന നഷ്ടപരിഹാരത്തുക വർഷംതോറും സർക്കാർ പുതുക്കി നിശ്ചയിക്കേണ്ടതും, ആയത് കാലതാമസം കൂടാതെ വിതരണം നടത്തേണ്ടതുമാണ്.

4. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന മരണത്തിന് അനന്തരാവകാശികൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യേണ്ടതാണ്. കൂടാതെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് തുക 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

(ബി) വേനൽക്കാലത്ത് ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, 500-ഓളം വരുന്ന ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഉദ്ദേശം 500 ഹെക്ടർ സ്ഥലത്ത് മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റെയിൽ ഫെൻസിംഗ്, സോളാർ പവർ ഫെൻസിംഗ് എന്നിവയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## വനമേഖലയിൽ നടത്തിയിട്ടുള്ള വേനൽക്കാല മുന്നൊരുക്കങ്ങൾ

5 (*215) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരുന്ന വേനൽക്കാലത്തെ നേരിടാൻ വനമേഖലയിൽ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വ്യക്തമാക്കുമോ;

(ബി) ജലലഭ്യതയും ഭക്ഷണലഭ്യതയും കുറയുന്നതിനാൽ വേനൽക്കാലത്ത് വന്യജീവികൾ കൂടുതലായി നാട്ടിലേക്കിറങ്ങാനുള്ള സാധ്യത കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) മൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പാക്കുന്ന വിധത്തിൽ വനത്തിനുള്ളിൽ ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ടോ;

(ഡി) വനത്തിനുള്ളിൽ ഒരു പ്രത്യേക മേഖല വേലി കെട്ടിത്തിരിച്ച് അതിനുള്ളിലെ ഫലവൃക്ഷങ്ങൾ വളർച്ചയെത്തുന്നതുവരെ സംരക്ഷിച്ച് വളർത്തുന്ന രീതി പരീക്ഷിക്കുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വേനൽക്കാലത്ത് ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും, ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്ന പോലെ ഈ വർഷവും സ്വീകരിച്ചു വരുന്നുണ്ട്. കേരളത്തിലെ വനമേഖലകളിലാകെ ഇതുവരെ ഏകദേശം 3000 ഓളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 2016-17 വർഷം 67 ചതുപ്പു പ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക്ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും, 91 താല്ക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ നാളിതുവരെ 86 ജലസ്രോതസ്സുകൾ നവീകരിച്ചിട്ടുണ്ട്. കഴിഞ്ഞ വേനൽക്കാലത്ത് നിലമ്പൂർ, ചിന്നാർ വന്യജീവി സങ്കേതം എന്നിവിടങ്ങളിൽ ലോറിയിൽ വെള്ളമെത്തിച്ച് കുളങ്ങൾ നിറച്ചതുപോലെ, ആവശ്യമുള്ള പക്ഷം ഈ വർഷവും ഇത്തരം പ്രവർത്തികൾ സ്വീകരിക്കുന്നതാണ്. വനത്തിനുള്ളിലെ വനവൽക്കരണത്തിന് ഫലവൃക്ഷതൈകൾ, പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്.

(ബി) വേനൽക്കാലത്ത് ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റേയും ജലത്തിന്റേയും ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, ജലസ്രോതസ്സുകളും നവീകരിക്കുകയും, കുളങ്ങൾ വൃത്തിയാക്കുകയും, ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(സി) വനത്തിനുള്ളിലെ വനവൽക്കരണത്തിന് ഫലവൃക്ഷത്തൈകൾ, പുല്ല്, ഈറ്റ എന്നിവ വച്ചു പിടിപ്പിച്ച് പരിപാലിക്കുന്നുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഉദ്ദേശം 500 ഹെക്ടർ സ്ഥലത്ത് മുളംതൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിയുടെ പ്രായോഗികത പരിശോധിച്ച് നടപ്പിലാക്കാൻ കഴിയുന്നതാണെങ്കിൽ അത് പരിഗണിക്കുന്നതാണ്.

## ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കാൻ നടപടി

6 (*216) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജലസ്രോതസ്സുകളിൽ മാലിന്യം തള്ളി വെള്ളം മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിൽ മാറ്റം വരുത്തി കർശന നടപടി സ്വീകരിക്കുമോ;

(ബി) കേരളത്തിൽ കുടിവെള്ളക്ഷാമം പല സന്ദർഭങ്ങളിലും വളരെ കൂടുതലായതിനാൽ ഈ വസ്തുത മുന്നിൽക്കണ്ട് ജലസ്രോതസ്സുകളെ മാലിന്യമുക്തമാക്കി, വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കുടിവെള്ള ലഭ്യതയ്ക്കും കൃഷിക്കും മറ്റുമായി പുതിയ ജലസ്രോതസ്സുകൾ കണ്ടെത്താൻ അതത് പ്രദേശത്തെ നിയമസഭാംഗങ്ങളെ ഉൾപ്പെടുത്തി, പ്രത്യേക ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ് ഉണ്ടാക്കി, പദ്ധതികൾ രൂപീകരിച്ച്, ജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്; ഇത് തടയുന്നതിന്റെ ഭാഗമായി, കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003, ഭേദഗതി ചെയ്ത് (ഓർഡിനൻസ്) മുഖേന കനാലുകളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപ വരെ പിഴയോ മൂന്നുവർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന സെക്ഷൻ കൂട്ടിച്ചേർത്തിട്ടുണ്ട്. (ഓർഡിനൻസ് നമ്പർ 27/2017, 2017 ഡിസംബർ 7 നോട്ടിഫിക്കേഷൻ നമ്പർ 24395/ലെജി. എഫ്2/ 2017/നിയമം).

(ബി) ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയ യൂണിറ്റായി നീർത്തടാടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് പരമാവധി മഴവെള്ളം അതാത് പ്രദേശത്ത് തന്നെ സംരക്ഷിക്കുന്നതിനുള്ള നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം, ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണ (ജലസമൃദ്ധി)-ത്തിന്റെ ഭാഗമായി ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ആദ്യഘട്ട പ്രവർത്തനം എന്ന നിലയിൽ 536 കുളങ്ങൾ മാലിന്യമുക്തമാക്കി ജലസംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞു.

ജലസ്രോതസ്സുകളുടെ ഗുണനിലവാര വ്യതിയാനങ്ങൾ നിരീക്ഷിച്ച് ശുദ്ധീകരണ സംവിധാനങ്ങൾക്ക് അനുയോജ്യമായ സ്രോതസ്സുകൾ തിരഞ്ഞെടുത്ത് കേരള വാട്ടർ അതോറിറ്റി പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നു.

(സി) പ്രത്യേക ഇൻവെസ്റ്റിഗേഷൻ ഗ്രൂപ്പ് ഉണ്ടാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

### ജലമോഷണവും ചോർച്ചയും ഒഴിവാക്കാൻ നടപടി

7 (*217) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി പമ്പ് ചെയ്ത ശുദ്ധീകരിക്കുന്ന ജലത്തിന്റെ 55 ശതമാനത്തിൽ താഴെ മാത്രമേ മീറ്റർ ചെയ്യപ്പെടുന്നുള്ളൂ എന്നതിനാൽ വൻതോതിലുള്ള ജലമോഷണവും ചോർച്ചയും ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; പഴക്കംചെന്ന പൈപ്പുകളും പമ്പ് സെറ്റുകളും മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ സദാസമയവും കുടിവെള്ളം കിട്ടുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച കണക്കിലെടുത്ത് നടത്തിയിട്ടുള്ള ജലസംരക്ഷണ, ജലസുരക്ഷ പദ്ധതികളുടെ പുരോഗതിയെന്തെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ജലനഷ്ടം യഥാസമയം ലീക്കുകൾ പരിഹരിക്കുന്നതിലൂടെയും, പതിവായി ലീക്കുകൾ ഉണ്ടാകുന്ന പഴയ പൈപ്പുകൾ മാറ്റി സ്ഥാപിച്ചും ഒരു പരിധി വരെ ഒഴിവാക്കുവാൻ കഴിയും. ലീക്കുകൾ യഥാസമയം ലീക്കുകൾ പരിഹരിക്കുന്നതിലേയ്ക്കായി റണ്ണിംഗ് കോൺട്രാക്ട് സിസ്റ്റവും ബ്ലൂ ബ്രിഗേഡ് സിസ്റ്റവും പ്രവർത്തിച്ചു വരുന്നു. അതോറിറ്റി നേരിട്ട് അറ്റകുറ്റപ്പണികൾ നടത്തുന്ന ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ മൂന്ന് നഗരങ്ങളിലേയും ജലനഷ്ടം ദേശീയ ബെഞ്ച് മാർക്ക് നിലവാരത്തിൽ (15%) എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

ജല മോഷണം തടയുന്നതിനായി ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 x 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. ഈ പദ്ധതി പൂർത്തിയാകുമ്പോൾ മൂന്ന് നഗരങ്ങളിലേയും ജല നഷ്ടം ദേശീയ ബെഞ്ച് മാർക്ക് നിലവാരത്തിൽ (15%) എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24 x 7 ജല വിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വരുന്നു. താഴെ പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉൽപ്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.

4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory Control And Data Acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geographical Information System) മാപ്പ് തയ്യാറാക്കുക.

9. ഐ.റ്റി. അധിഷ്ഠിത എം.ഐ.എസ്. (Management Information System)ലൂടെ കൃത്യമായ മാനേജ്മെന്റ് കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക. മേൽ പദ്ധതിക്ക് ADB (Asian Development Bank)യുടെ ധനസഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടാകുന്ന വരൾച്ച കണക്കിലെടുത്ത് ലഭ്യമായ ജലം കരുതലോടെ വിനിയോഗിക്കുവാൻ ശ്രദ്ധ പതിപ്പിച്ചു വരുന്നു. കൂടാതെ ജലനഷ്ടം ഒഴിവാക്കുവാനായി പഴയ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തിയും ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു. വരൾച്ചയുടെ കാഠിന്യം വർദ്ധിക്കുന്നതനുസരിച്ച് ഉയർന്ന ആവശ്യകതയ്ക്ക് അനുയോജ്യമായി ജലവിതരണം നടത്താൻ വാട്ടർ അതോറിറ്റി പദ്ധതികളുടെ സ്രോതസ്സിൽ മതിയായ ജല ലഭ്യത ഉറപ്പു വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. ആയതിനായി സ്ഥിരമായും താത്കാലികമായും തടയണകൾ നിർമ്മിക്കുക, നീരൊഴുക്ക് തടസ്സങ്ങൾ നീക്കി സുഗമമാക്കുക, കിണറുകൾ വൃത്തിയാക്കുക എന്നീ പ്രവർത്തികൾ ചെയ്യാറുണ്ട്. നിലവിലെ സ്രോതസ്സുകൾ പൂർണ്ണമായും തടസ്സപ്പെടുന്ന സ്ഥിതി ഉണ്ടായാൽ പെട്ടെന്ന് പ്രയോജനപ്പെടുത്താവുന്ന കുളങ്ങൾ, ഉപേക്ഷിച്ച ക്വാറികൾ തുടങ്ങിയവ കണ്ടെത്തി നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നു. ഇത് കൂടാതെ ആവശ്യമായ സ്ഥലങ്ങളിൽ കുഴൽകിണറുകൾ നിർമ്മിക്കുവാനുള്ള

സാധ്യതയും പരിഗണിക്കുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി ടാങ്കർ ലോറി വഴി ജല വിതരണം നടത്തുവാൻ അതോറിറ്റി സുസജ്ജമാണ്.

ഇതോടൊപ്പം തന്നെ നിവിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള സംഭരണികളിലെ ജലം കുടിവെള്ളാവശ്യത്തിന് മുൻഗണന നൽകി മാത്രം വിനിയോഗിച്ചുവരുന്നു. ഹരിത കേരളം പദ്ധതി വഴി ഇത്തരം പ്രവർത്തനങ്ങളും നടന്നു വരുന്നു.

## എൻഫോഴ്സ്മെന്റ് പ്രവർത്തനം

8 (*218) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ മദ്യത്തിന്റെയും മയക്കമരുന്നിന്റെയും ഉപയോഗം തടയുന്നതിനായുള്ള എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) വർദ്ധിച്ച് വരുന്ന അബ്കാരി, എൻ.ഡി.പി.എസ്. കേസുകൾ കണക്കിലെടുത്ത് 'വിമുക്തി'യുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ ലഹരി വിമുക്ത മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) മദ്യത്തിന് അടിമപ്പെട്ടവരെ ചികിത്സിക്കാനായി എല്ലാ ജില്ലകളിലും ഡി അഡിക്ഷൻ സെന്ററുകൾ തുടങ്ങാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; ലഹരിയിൽ നിന്നും മോചിപ്പിക്കാനെന്ന പേരിൽ ഉള്ള അസംഖ്യം വ്യാജ ഡി അഡിക്ഷൻ സെന്ററുകളെ നിയന്ത്രിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും

വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.

(ബി & സി) ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8 മണിമുതൽ രാത്രി 8 മണിവരെ ടോൾഫ്രീ നമ്പരിലുള്ള ടെലിഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ലഹരിക്കെതിരെ 'കായിക ലഹരി'യെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഇതിനോടകം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിലേയ്ക്ക് ആരോഗ്യവകുപ്പ് 10 ജില്ല/താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും ആവശ്യമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ലഹരിയിൽ നിന്നും മോചിപ്പിക്കാനെന്ന പേരിൽ വ്യാജ ഡി-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

9 (*219) ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. ആൻസലൻ
ശ്രീമതി യു. പ്രതിഭ ഹരി

ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തുടർന്നുവരുന്ന തൊഴിലാളി വിരുദ്ധ നയങ്ങൾക്ക് ബദലായി, സംസ്ഥാന സർക്കാർ തൊഴിലാളി ക്ഷേമത്തിനായും വേതന സുരക്ഷയ്ക്കായും നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം സംസ്ഥാനത്തെ വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കൂടുതൽ കാര്യക്ഷമമായ പ്രവർത്തനത്തിനും ചെലവ് കുറച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ വഴി തൊഴിലാളി ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയായ വേതന സുരക്ഷാ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന മിനിമം വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നു. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ ഓൺലൈൻ ആയിതന്നെ പരിശോധിക്കുകയും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) അവലോകനം ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ ടി ബോർഡുകളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹധനസഹായം, അപകട - ചികിത്സാ ധനസഹായം എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് പെൻഷൻ വിതരണത്തിന് സർക്കാർ ധനസഹായം നൽകുന്നു.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**വനബന്ധു കല്യാൺ യോജന**

10 (*220) ശ്രീ. എസ്. രാജേന്ദ്രൻ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗക്കാരുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി 'വനബന്ധു കല്യാൺ യോജന' നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പട്ടിക വർഗ്ഗ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത വിഭാഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക ഉന്നമനം എന്നിവയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ & ബി) ഉണ്ട്.

1. ഗുണനിലവാരമുള്ളതും സുസ്ഥിരവുമായ തൊഴിൽ

2. ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകൽ.

3. പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക.

4. സമ്പൂർണ്ണ ആരോഗ്യം.

5. സമ്പൂർണ ഭവനം.

6. ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും വീട്ടുവാതിൽക്കൽ ലഭ്യമാക്കുക.

7. സ്ഥലത്തിന് അനുയോജ്യമായ ജലസേചന സൗകര്യങ്ങൾ.

8. അടുത്തുള്ള ടൗൺ/സിറ്റികളെയും ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ്.

9. എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക.

10. നഗരവികസനം.

11. പട്ടികവർഗ്ഗ മേഖലകളിൽ കായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുക.

12. പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണവും പ്രോത്സാഹനവും.

മുതലായ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) പട്ടികവർഗ്ഗ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി 2016-2017 സാമ്പത്തികവർഷം വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ അധികാരപരിധിയിൽ വരുന്ന 1854 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് ടി വീടുകളുടെ ആദ്യ ഗഡു അനുവദിച്ച് നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ ഇടുക്കി ജില്ലയിൽ കാഞ്ചിയാർ പഞ്ചായത്തിലെ മേമാരി എസ്.ടി. കോളനി, മറയൂർ പഞ്ചായത്തിലെ അപ്പർ വാല്സപ്പെട്ടിക്കുടി കോളനി ചിലന്തിയൂർ കീഴ് വാല്സപ്പെട്ടി കോളനി എന്നീ കോളനികളുടെ വൈദ്യുതീകരണവും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു.

(ഡി) ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനത്തിനുമായി പാരാമെഡിക്കൽ കോഴ്സിനും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കായിക അഭിവൃദ്ധിക്കായിട്ടുള്ള സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. കൂടാതെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസംരക്ഷണത്തിനായി കോട്ടാത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

**വന്യമൃഗ ഇടനാഴി**

11 (*221) ശ്രീ. കെ. ബാബു :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ട ങ്ങളുണ്ടാക്കുന്നതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) വനമേഖലകൾ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് വന്യമൃഗ ഇടനാഴി നിർമ്മിക്കണമെന്ന് വൈൽഡ് ലൈഫ് ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശം സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിദഗ്ധ സമിതി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u> ):

(എ) വന്യമൃഗങ്ങൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് ശാശ്വത പരിഹാരം എന്ന നിലയ്ക്ക് സ്വീകരിച്ചുവരുന്ന ചുവടെ പറയുന്ന നടപടികൾ തുടർന്നും കാര്യക്ഷമതയോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

12. കിഫ്ബിൽ വഴി ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് 220.5 കി.മീ. സോളാർ വൈദ്യുതിവേലി, 2.9 കി.മീ. ആന പ്രതിരോധ മതിൽ, 11.35 കി.മീ. റെയിൽ ഫെൻസിംഗ് എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) നൽകിയിട്ടില്ല. എന്നാൽ 6-8-2007-ൽ നടന്ന സംസ്ഥാന വന്യജീവി ബോർഡ് യോഗത്തിൽ നിലവിലുണ്ടായിരുന്ന വന്യമൃഗ ഇടനാഴികളുടെ പരിപാലനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ ചുമതലപ്പെടുത്തിയിരുന്നു.

(സി & ഡി) നിലവിൽ ഇത്തരം തീരുമാനം എടുത്തിട്ടില്ല.

**വനസംരക്ഷണത്തിനായി ശാസ്ത്രീയ ജാഗ്രതാ സംവിധാനം**

12 (*222) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി ശാസ്ത്രീയ ജാഗ്രതാസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതുമൂലം വനംകൊള്ള തടയുന്നതിനും വനവിഭവങ്ങളുടെ സംരക്ഷണത്തിനും കഴിഞ്ഞിട്ടുണ്ടോ;

(സി) 2017-ൽ വനം കൊള്ളയുടെ പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ഡി) വനസംബന്ധമായ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു ):

(എ) ഉണ്ട്. ജി.പി.എസ്. വനസംരക്ഷണത്തിനായി ജി.ഐ.എസ്, വയർലെസ്സ്, ക്യാമറ ട്രാപ്, ഫയർ അലെർട്ട് ഉൾപ്പെടുന്ന ശാസ്ത്രീയ ജാഗ്രതാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഗൗരവതരമായ കുറ്റകൃത്യങ്ങളിൽ പോലീസ് സഹായത്തോടെ കുറ്റകൃത്യം നടന്ന സ്ഥലത്തെ മൊബൈൽ ടവർ വിവരങ്ങൾ പ്രതികളെ കണ്ടുപിടിക്കുന്നതിന് ഉപയോഗിക്കുന്നുണ്ട്. ഉൾവനങ്ങളിലെ ആശയവിനിമയം സുഗമമാക്കുന്നതിനായി വയർലെസ്സ് സംവിധാനം ഉപയോഗിക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളിൽ വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഔദ്യോഗിക മൊബൈൽ സിംകാർഡുകൾ നൽകിയിട്ടുണ്ട്. നിലവിൽ വനസംരക്ഷണത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പട്രോളിംഗ്, സംയോജിത പരിശോധനകൾ, രാത്രികാല പരിശോധന, വനാന്തരങ്ങളിൽ ക്യാമ്പുചെയ്തുകൊണ്ടുള്ള പട്രോളിംഗ് ഓപ്പറേഷനുകൾ, റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം മുതലായവ കൂടുതൽ കാര്യക്ഷമമായി ഉപയോഗിച്ചുവരുന്നു. വനസംരക്ഷണ വിഭാഗം ജീവനക്കാരും താൽക്കാലിക വാച്ചർമാരും ഉൾപ്പെടുന്ന സംഘം മികച്ച രീതിയിൽ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടകൾ നിർമ്മിച്ച് വനഭൂമി സ്വകാര്യ ഭൂമിയിൽനിന്നും വേർതിരിക്കുന്നതിനായി ടോട്ടൽസ്റ്റേഷൻ പോലുള്ള സർവ്വേ ഉപകരണങ്ങളും ഉപയോഗിക്കുന്നുണ്ട്.

(ബി) കഴിഞ്ഞിട്ടുണ്ട്.

(സി) 2017-ൽ വനം കൊള്ളയുടെ പേരിൽ 543 കേസുകൾ രജിസ്റ്റർ ചെയ്തു.

(ഡി) വനസംബന്ധമായ കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെടുമെന്ന് ഉറപ്പ് വരുത്തുന്നതിന് കാര്യക്ഷമമായ രീതിയിൽ അന്വേഷണം നടത്തി ആവശ്യമായ തെളിവുകൾ സഹിതം കുറ്റപത്രം കോടതിയിൽ സമർപ്പിക്കുകയും വിചാരണ കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## ഐ.റ്റി.ഐ. കളുടെ പ്രവർത്തനം മികവുറ്റതാക്കുന്നതിന് നൂതന പദ്ധതികൾ

13 (*223) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. റ്റി. വി.രാജേഷ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഐ.ടി.ഐ.കളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ സർക്കാർ, സ്വകാര്യ ഐ.ടി.ഐ.കളിൽ നിന്ന് ട്രേഡ് ടെസ്റ്റ് വിജയിച്ച ഉദ്യോഗാർത്ഥികൾക്കായി ജോബ് ഫെയർ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) എല്ലാ ഐ.ടി.ഐ.കളിലും ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് എന്റർപ്രണർഷിപ്പ് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഐ.ടി.ഐ കാമ്പസുകൾ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ലഹരിവിമുക്ത ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ ):

(എ) 1. ഐ.റ്റി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്

10 ഐ.ടി.ഐ. കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപറമെ തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ

വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 24 സർക്കാർ ഐ.ടി.ഐ.കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമെ 10 ഐ.ടി.ഐ.കൾക്കുകൂടി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് (വനിത) ഐ.ടി.ഐ.-യിൽ പരിശീലന സംബന്ധമായ നൂതന ഐ.എസ്.ഒ. 29993 : 2017- നായുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

3. വെർച്വൽ ക്ലാസ് റൂം പദ്ധതി

സംസ്ഥാനത്തെ 34 ഐ.ടി.ഐ.കളിൽ വെർച്വൽ ക്ലാസ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. 3 ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡ്

മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, ഫിറ്റർ, ടർണർ, മെഷിനിസ്റ്റ് എന്നീ ട്രേഡുകളിലെ തിയറി വിഷയങ്ങൾ, വിവിധ ട്രേഡുകളിലെ എഞ്ചിനീയറിംഗ് ഡ്രോയിംഗ് എന്ന വിഷയം തുടങ്ങിയവ ത്രീ-ഡി ഇന്ററാക്ടീവ് ടീച്ചിംഗ് എയ്ഡിലൂടെ പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു.

5. ഐ.ടി.ഐ. വെബ്സൈറ്റ്

വകുപ്പിന് കീഴിലുള്ള 74 സർക്കാർ ഐ.ടി.ഐ.-കൾക്ക് പ്രത്യേകം ഔദ്യോഗിക വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്.

6. വ്യാവസായിക പ്രമുഖ സ്ഥാപനങ്ങളുമായുള്ള സഹകരണം

ഐ.ടി.ഐ.-കളിലെ പരിശീലനാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിജ്ഞാനം ലഭ്യമാക്കുന്നതിനും അതുവഴി തൊഴിൽസാധ്യത വർദ്ധിപ്പിക്കുന്നതിനുമായി M/s മാരുതി സുസുകി, M/s വോക്സ് വാഗൺ. M/s ടൊയോട്ട കിർലോസ്കർ ലിമിറ്റഡ്, M/s മഹീന്ദ്ര & മഹീന്ദ്ര, M/s സാംസങ് തുടങ്ങിയ കമ്പനികളുമായി വിവിധ ഐ.ടി.ഐ.കൾ ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുണ്ട്.

7. പ്ലേസ്മെന്റ് സെൽ

വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി പ്ലേസ്മെന്റ് സെല്ലുകൾ സർക്കാർ ഐ.ടി.ഐ.കളിൽ രൂപീകരിച്ചിട്ടുണ്ട്.

8. സംരംഭകത്വ വികസനക്ലബ്ബ്

(എന്റർപ്രണർഷിപ് ഡെവലപ്മെന്റ് ക്ലബ്ബ്)

വ്യവസായ വകുപ്പുമായി സംയോജിച്ച് ഭൂരിഭാഗം ഐ.ടി.ഐ.-കളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ സംസ്കാരം പരിശീലനാർത്ഥികളിൽ വളർത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) വ്യാവസായിക പരിശീലന വകുപ്പ് 2017 നവംബർ, ഡിസംബർ മാസങ്ങളിലായി 14 ജില്ലകളിലും സ്പെക്ട്രം 2.0 എന്ന പേരിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും ആയതിൽ കേരളത്തിനകത്തും പുറത്തും നിന്നുള്ള 683 കമ്പനികൾ പങ്കെടുക്കുകയും 10,729 തൊഴിലവസരങ്ങൾ ഓഫർ ചെയ്യുകയുമുണ്ടായി. 22,148 ഉദ്യോഗാർത്ഥികൾ പങ്കെടുത്ത ഈ തൊഴിൽ മേള വഴി 10,218 പേർ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുകയും ഇതിനോടകം 3,600 പേർക്ക് നിയമനം ലഭ്യമാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രവുമായി ചേർന്ന് വകുപ്പിന് കീഴിലുള്ള 48 ഐ.ടി.ഐ.-കളിൽ എന്റർപ്രണർഷിപ് ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഐ.ടി.ഐ.-കളിൽ എന്റർപ്രണർഷിപ് ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പുതലത്തിൽ ഡെപ്യൂട്ടി ഡയറക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഡയറക്ടേറ്റ്തല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

14 (*224) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരിൽ സാമ്പത്തികമായും, സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ഉന്നമനത്തിനായുള്ള വാത്സല്യനിധി പദ്ധതി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ പട്ടികജാതി വിദ്യാർത്ഥികളുടെ വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള തുക വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ഡി) പട്ടികജാതിയിൽപ്പെട്ട യുവതികൾക്ക് വിവാഹധനസഹായം നൽകുന്നുണ്ടോ;വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന വിവിധ വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. നഴ്സറി സ്കൂളുകൾ.

2. പ്രീ-മെട്രിക് വിദ്യാർത്ഥികൾക്കുള്ള

a) ലംപ്സംഗ്രാന്റും, സ്റ്റൈപ്പന്റും.

b) 9, 10 ക്ലാസിൽ പഠിക്കുന്നവർക്ക് പ്രീ-മെട്രിക് സ്കോളർഷിപ് (കേന്ദ്ര സഹായ പദ്ധതി)

c) മാന്വൽ സ്കാവഞ്ചർമാരുടെ മക്കൾക്കുള്ള ധനസഹായം (കേന്ദ്ര സഹായ പദ്ധതി)

d) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്.

e) ബോർഡിംഗ് സ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യം.

f) ശ്രീ. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്.

g) മോഡൽ റസിഡൻഷ്യൽ സ്കൂൾ

h) പ്രീ-മെട്രിക് ഹോസ്റ്റലുകൾ

i) സബ്സിഡൈസ്ഡ് ഹോസ്റ്റൽ

j) ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവ. റസിഡൻഷ്യൽ സ്പോർട്ട്സ് സ്കൂൾ.

3. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം

a) ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും

b) പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ

c) അംഗീകൃത ഹോസ്റ്റൽ ലഭ്യമല്ലാത്തവർക്കുള്ള ആനുകൂല്യം

d) പ്രത്യേക പ്രോത്സാഹന സമ്മാനം

e) റാങ്ക് ജേതാക്കൾക്ക് സ്വർണ്ണ മെഡൽ

f) ക്ഷേത്രപ്രവേശന വിളംബര സ്മാരക സ്കോളർഷിപ്

g) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം.

h) സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്നവർക്ക് ആനുകൂല്യം.

i) എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചെലവിന് ഗ്രാന്റ്.

j) പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്.

k) ലാപ്ടോപ് വാങ്ങുന്നതിന് ധനസഹായം.

l) സ്റ്റെതസ്കോപ്പ് വിതരണം

m) 2.50 ലക്ഷം രൂപയ്ക്ക് താഴെ വാർഷിക വരുമാനമുള്ള കുട്ടികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്.

n) ഈവനിംഗ് കോഴ്സ് പഠിക്കുന്നവർക്ക് ധനസഹായം

o) വിദൂര വിദ്യാഭ്യാസത്തിനുള്ള സഹായം.

p) സംസ്ഥാനത്തിനു പുറത്ത് പഠിക്കുന്നവർക്കുള്ള ആനുകൂല്യം.

q) ഭാരതത്തിന് വെളിയിൽ പഠിക്കുന്നവർക്കുള്ള ആനുകൂല്യം.

r) പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം

s) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ( ഐ.ടി.ഐ.കൾ)

t) കമ്മ്യൂണിറ്റി കോളേജ്, പാലക്കാട്.

u) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ

v) ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി, തിരുവനന്തപുരം

w) പാരാ മെഡിക്കൽ സ്ഥാപനങ്ങൾ

x) സെന്റർ ഓഫ് എക്സലൻസ്, കോഴിക്കോട്

y) മോഡൽ റസിഡൻഷ്യൽ പോളിടെക്നിക്, പാലക്കാട്

z) ബുക്ക് ബാങ്ക് പദ്ധതി.

4. പഠന യാത്രയ്ക്കുള്ള സഹായം.

5. പാലക്കാട് മെഡിക്കൽ കോളേജ്

6. ബിരുദ/ ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം.

പട്ടികജാതി വികസന വകുപ്പ് സാമ്പത്തിക വളർച്ച ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സ്വയം തൊഴിൽ പദ്ധതികൾ

2. വക്കീലൻമാർക്ക് ധനസഹായം

3. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രന്റീസ്ഷിപ്പ്

4. ടൂൾ കിറ്റ്

5. പട്ടികജാതിക്കാരുടെ 31-3-2010-ന് മുമ്പ് കാലാവധി കഴിഞ്ഞ വായ്പ എഴുതിത്തള്ളൽ പദ്ധതി.

6. ഉല്പന്ന പ്രദർശന വിപണന മേള

7. അംബേദ്കർ ഗ്രാമ വികസന പരിപാടി

പട്ടികജാതി വികസന വകുപ്പ് സാമൂഹിക അഭിവൃദ്ധിക്ക് വേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. വിവാഹ ധനസഹായം

2. മിശ്ര വിവാഹിതർക്ക് ധനസഹായം

3. ഭൂരഹിത പുനരധിവാസ പദ്ധതി

4. ഭവന നിർമ്മാണ ധനസഹായം

5. ഭവന പുനരുദ്ധാരണം/അഡീഷണൽ റൂം ധനസഹായ പദ്ധതി

6. ദുർബ്ബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി

7. ടോയ്‌ലറ്റ് നിർമ്മാണ പദ്ധതി

8. പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ച ദുരിതാശ്വാസ നിധി.

9. ഉദ്യോഗാർത്ഥികൾക്ക് യാത്രാബത്ത.

10. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം.

11. വിജ്ഞാൻവാടി.

12. ഹോമിയോ ഹെൽത്ത് സെന്റർ.

13. വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം.

14. വാത്സല്യനിധി.

(ബി) ഉണ്ട്.

<u>വാത്സല്യനിധി പദ്ധതി</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാതസല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

<u>പഠനമുറി</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 2017-18 വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു.

(സി) ഉണ്ട്. സംസ്ഥാനത്തെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം 25 % വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടതും വരുമാനപരിധി 1,00,000 രൂപ വരെയുള്ളതുമായ കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 75,000 രൂപ വിവാഹധന സഹായമായി നൽകുന്നു. ജാതി/വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത് സഹിതം ബ്ലോക്ക് മുനിസിപ്പൽ/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവാഹ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനം**

15 (*225) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>പ്രൊഫ. കെ. യു. അരുണൻ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി ഉചിതമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ആരംഭിച്ച കൗശൽ കേന്ദ്രങ്ങളുടെ പ്രവർത്തനം വിശദമാക്കാമോ; എത്ര പേർക്ക് ഇതുവഴി പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ബി) അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കാൻ തൊഴിലന്വേഷകരെ പ്രാപ്തരാക്കാനായി എംപ്ലോയബിലിറ്റി സെന്ററുകൾക്ക് എത്രമാത്രം സാധ്യമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കരിയർ ഡെവലപ്മെന്റ് സെന്ററുകൾ തൊഴിലന്വേഷകർക്ക് ഏതു വിധത്തിലുള്ള സേവനങ്ങളാണ് നൽകി വരുന്നത്; ഇത്തരം സെന്ററുകൾ കൂടുതലായി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) ഇന്ത്യയിലാദ്യമായി നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നതാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. അസെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ്, ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ, പ്രാഥമിക ഐ.ടി. പരിശീലനം, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ബേസിക് ആപ്റ്റിറ്റ്യൂഡ് പരിശീലനം എന്നിവയാണ് നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാകുന്ന സേവനങ്ങൾ. കൗശൽ കേന്ദ്രങ്ങളിൽ (December 2017 വരെ) വിവിധ കോഴ്സുകളിൽ പരിശീലനം നേടിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| കൗശൽ കേന്ദ്ര | പരിശീലനം നേടിയവർ |
|---|---|
| കൊല്ലം | 3156 |
| കോഴിക്കോട് | 3098 |
| പാലക്കാട് | 1385 |
| ആകെ | 7639 |

(ബി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന പ്രവർത്തനം നടത്തിവരുന്നു. തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകി തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റി. അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ തൊഴിലന്വേഷകരെ പ്രാപ്തരാക്കി വരുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും, ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

ടി സെന്ററുകളിൽ നാളിതുവരെയായി 1,13,690 പേർ രജിസ്റ്റർ ചെയ്യുകയും അതിൽ 71,762 പേരെ അസസ്സ് ചെയ്യുകയും 69,795 പേർക്ക് നൈപുണ്യ പരിശീലനം നൽകി വിവിധ തൊഴിലുകൾക്ക് പ്രാപ്തരാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ഇതിലൂടെ വിവിധ സേവനങ്ങളായ കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിങ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ നടത്തിവരുന്നു. ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് അറിവും പലിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ ടി സെന്റർ ഉടൻ പ്രവർത്തനസജ്ജമാകുന്നതാണ്. ഇത്തരം സെന്ററുകൾ ഘട്ടംഘട്ടമായി സംസ്ഥാന വ്യാപകമായി എല്ലാ ജില്ലകളിലും ആരംഭിക്കുന്ന വിഷയം പരിശോധിച്ച് വരികയാണ്.

## ഐ.ടി.ഐ. കളിൽ പുതിയ പാഠ്യ പദ്ധതി

16 (*226) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളെ ഉൾപ്പെടുത്തി ഐ.ടി.ഐ -കളിൽ പുതിയ പാഠ്യ പദ്ധതി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ സംസ്ഥാനത്ത് നടക്കുന്നുണ്ടോ;

(ബി) ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടാത്തതുമൂലം സംസ്ഥാനത്തിനകത്തും പുറത്തുമായി തൊഴിൽ നഷ്ടപ്പെട്ടവരുടെ വിവരങ്ങൾ സംബന്ധിച്ച് പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ പഠനഫലം ലഭ്യമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) നടത്തുന്ന ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിനു (CTS) കീഴിലുള്ള ട്രേഡുകളാണ് ഐ.ടി.ഐ. കളിൽ നിലവിലുള്ളത്. ഓഫീസ് ഓട്ടോമേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ് എന്നീ മൂന്നു കോഴ്സുകളും നിലവിൽ സി.റ്റി.എസ്. സ്കീമിനുകീഴിൽ ഇല്ല. ടി കോഴ്സുകളുടെ സാദ്ധ്യത സംബന്ധിച്ച് പഠനം നടത്തി ആവശ്യമെങ്കിൽ ടി വിഷയം ഡി.ജി.റ്റി. യുടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. നിലവിൽ ഇതുമായി ബന്ധപ്പെട്ട കോഴ്സുകൾ സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ നടക്കുന്നില്ല.

(ബി) ഈ വിഷയം സംബന്ധിച്ച് പഠനം നടന്നിട്ടില്ല.

## സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ

17 (*227) ശ്രീ. വി .ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലിടങ്ങളെ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) വിവിധ നിയമങ്ങളനുസരിച്ച് സ്ത്രീത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ ഇടപെടലുകളാണ് വകുപ്പ് നടത്തുന്നത്;

(സി) തുണിവ്യാപാര സ്ഥാപനങ്ങൾ പോലുള്ള മേഖലകളിൽ സ്ത്രീത്തൊഴിലാളികൾ മണിക്കൂറുകളോളം നിന്നുകൊണ്ട് ജോലിചെയ്യേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്ത്രീത്തൊഴിലാളികൾക്ക് ഇരിപ്പിടസൗകര്യം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് പൂർണ്ണതോതിൽ നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാന തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ജോലിക്കിടയിലെ വിശ്രമ വേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം തൊഴിൽ സ്ഥലത്തുതന്നെ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിഗണനയിലാണ്. കൂടാതെ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ ടി സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് കുറഞ്ഞ വേതനം, വർദ്ധിച്ച ജോലിഭാരം, വിശ്രമമില്ലായ്മ തുടങ്ങിയ തൊഴിൽ നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നോട്ടീസ് നൽകി നിയമ നടപടികൾ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) കുറഞ്ഞ വേതനം, അമിത ജോലി ഭാരം, വിശ്രമമില്ലായ്മ എന്നീ പ്രശ്നങ്ങൾ സ്ത്രീത്തൊഴിലാളികൾ നേരിടുന്നതായി സ്ഥാപന പരിശോധനകൾ നടത്തുമ്പോഴോ പരാതികളിൽ നിന്നോ ബോധ്യപ്പെടുന്ന അവസരത്തിൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നു. ഈക്വൽ റെമ്യൂണറേഷൻ ആക്ട്, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേതന നിയമം തുടങ്ങി സ്ഥാപനത്തിന് ബാധകമാകുന്ന എല്ലാ നിയമങ്ങളുടെയും അടിസ്ഥാനത്തിലുള്ള സമഗ്ര പരിശോധനകൾ നടത്തുന്നു.

കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജീവനക്കാർക്ക് ജോലിക്കിടയിലെ വിശ്രമ വേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം തൊഴിൽ സ്ഥലത്തുതന്നെ ഏർപ്പെടുത്തി നൽകുന്നതിനുള്ള നിയമ ഭേദഗതി സർക്കാർ പരിശോധിച്ചുവരുന്നു.

**തൊഴിൽ നയം**

18 (*228) ശ്രീ. കെ. മുരളീധരൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നയം നടപ്പിലാക്കുന്നതിലൂടെ തൊഴിൽ മേഖലയിൽ എന്തൊക്കെ സമഗ്ര മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്;

(സി ഐ.റ്റി. മേഖലയിൽ നിലനിൽക്കുന്ന അനിശ്ചിതാവസ്ഥയുടെ പശ്ചാത്തലത്തിൽ, പ്രസ്തുത മേഖലയിൽ ജോലി ചെയ്യുന്നവരുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുന്നതിന് തൊഴിൽ നയത്തിൽ പ്രത്യേക പ്രാധാന്യം നൽകുമോ;

(ഡി) ഇവരെ കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ബോർഡിൽ അംഗങ്ങളാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഉത്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, ന്യായമായ മെച്ചപ്പെട്ട വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തി ശുചിത്വം എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം

സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിലാളി സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും സാമൂഹ്യ സുരക്ഷയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങി തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് സംരംഭക സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ നയം ഊന്നൽ നൽകുന്നു. സമസ്ത മേഖലയിലേയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുവാനും തൊഴിൽ നയം ലക്ഷ്യമിടുന്നു.

(സി) ഐ.ടി. മേഖലയടക്കം എല്ലാ വിഭാഗം തൊഴിലാളികൾക്കും തൊഴിൽ സുരക്ഷയും സാമൂഹ്യസുരക്ഷയും ഉറപ്പാക്കുന്നതിന് തൊഴിൽനയത്തിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹിക വനവൽക്കരണം**

19 (*229) ശ്രീ. വി. ഡി. സതീശൻ :
ശ്രീ.അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചുവെങ്കിലും ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തുവാൻ സാധിച്ചിട്ടില്ലയെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(ബി) വഴിയോരങ്ങളിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വച്ച് പിടിപ്പിച്ച വൃക്ഷങ്ങൾ റോഡ് വികസനം ഉണ്ടാകുമ്പോൾ വെട്ടി നശിപ്പിക്കുന്നത് കണ്ടെത്തിയിട്ടുണ്ടോ;

(സി) മുറിച്ചു മാറ്റുന്ന മരങ്ങളുടെ എണ്ണത്തിന്റെ പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന നിബന്ധന കൃത്യമായി പാലിക്കാറുണ്ടോ;

(ഡി) കഴക്കൂട്ടം-കോവളം റോഡ് വികസനത്തിന്റെ പേരിൽ പ്രസ്തുത ഭാഗങ്ങളിൽ നിന്ന് മുറിച്ചു മാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ടോ;

(ഇ) സ്കൂളുകളിലും കോളേജുകളിലും തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ അദ്ധ്യാപകരുടെ പേരിൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും അത് പരിപാലിക്കുന്നതിനും സ്കൂൾ ഫോറസ്ട്രി ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വികസന പ്രവർത്തനങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റുമായി ഓരോ വർഷവും ലക്ഷക്കണക്കിന് വൃക്ഷങ്ങൾ വനേതര പ്രദേശങ്ങളിൽനിന്നും മുറിച്ച് മാറ്റപ്പെടുന്നുണ്ട്. സാമൂഹ്യ വനവൽക്കരണവിഭാഗം വനവൽക്കരണത്തിനായി 'ഹരിതകേരളം', 'എന്റെ മരം', 'നമ്മുടെ മരം', 'വഴിയോരത്തണൽ', 'അർബൻ ഫോറസ്ട്രി', 'പുഴയോര സംരക്ഷണം', 'institutional Plantation', 'കണ്ടൽ വനവൽക്കരണം' തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും ആഗോളതാപന തോത് കുറയ്ക്കുന്നതിനും ഗാർഹിക-വ്യാവസായിക തടി ഉപയോഗത്തിനുമായി വിവിധങ്ങളായ നല്ലയിനം വധക്ഷത്തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തുവരുന്നു. ഫലപ്രദമായ ഈ പദ്ധതികൾ വഴി വനേതര പ്രദേശങ്ങളിലെ വൃക്ഷ സമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയുള്ള വകുപ്പുകളിലും വ്യക്തികളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിദ്യാർത്ഥികൾക്കും വിവിധ സംഘടനകൾക്കും സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതികൾ പ്രകാരം നൽകുന്ന വൃക്ഷത്തൈകളുടെ തുടർ പരിപാലനം വനം വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ല. 2015-ലെ Forest Survey of India യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനുപുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഇപ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ യഥാസമയം പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹികവനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകൾ മൂലമുണ്ടായതാണ്. 2005-ൽ K.F.R.I, പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം കർഷകർക്ക് നല്ലൊരു ധനലഭ്യതാ മാർഗ്ഗം കൂടിയാണ്. വർത്തമാനകാലത്ത് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ ഗുണഫലങ്ങൾ വരും കാലങ്ങളിൽ മാത്രമേ

തിട്ടപ്പെടുത്താനാവൂ. കൂടാതെ വൃക്ഷവൽക്കരണം മുഖേന ലഭ്യമാകുന്ന ജൈവവൈവിധ്യം, മണ്ണൊലിപ്പ് തടയൽ, ആഗോളതാപന ക്രമീകരണം എന്നിവയുടെ ഗുണഫലങ്ങൾ അളന്നു തിട്ടപ്പെടുത്താനാവാത്തതാണ്. ഇക്കാരണങ്ങളാൽ സാമൂഹ്യവനവൽക്കരണത്തിനായി ചെലവഴിച്ച തുക ലക്ഷ്യപ്രാപ്തിയിലെത്തുവാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതാപരമല്ല.

(ബി) വികസന പ്രവർത്തനങ്ങൾക്കായി വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുന്നത് 10.-2-2010-ലെ ജി. ഒ. (ആർ.റ്റി) 68/2010/വനം പ്രകാരം രൂപീകരിച്ച ട്രീ കമ്മിറ്റിയാണ്. റോഡ് വികസനം, കെട്ടിടനിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് വൃക്ഷങ്ങൾ മുറിക്കേണ്ട അടിയന്തര ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഏജൻസികൾ ജില്ലാതലത്തിലുള്ള വൃക്ഷ കമ്മിറ്റിക്ക് അപേക്ഷ നൽകുന്നു. തുടർന്ന് അപേക്ഷ കമ്മിറ്റി പരിശോധിച്ച് ആവശ്യകത ബോദ്ധ്യപ്പെട്ട് അടിയന്തര ഘട്ടങ്ങളിൽ മാത്രമാണ് സാധാരണയായി മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നത്.

(സി) മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കുപകരം യൂസർ ഏജൻസി പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന് അനുമതി പത്രത്തോടൊപ്പം വനം വകുപ്പ് രേഖാമൂലം നിർദ്ദേശം നൽകാറുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകൾ പകരം വച്ചുപിടിപ്പിച്ചതായിട്ടുള്ള മരങ്ങളുടെ വിവരങ്ങൾ പലപ്പോഴും റിപ്പോർട്ട് ചെയ്യാറില്ല.

(ഡി) കഴക്കൂട്ടം-കോവളം നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി ഇൻഡ്യൻ നാഷണൽ ഹൈവേ അതോറിട്ടിയുടെ സാമ്പത്തിക സഹായത്തോടെ കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗണ്ടിൽ 20.10 ഹെക്ടർ സ്ഥലത്ത് 32000 വൃക്ഷത്തൈകളും ഗ്രീൻഫീൽഡ് സ്റ്റേഡിയം പരിസരത്ത് 1.25 ഹെക്ടർ സ്ഥലത്ത് 2000 വൃക്ഷത്തൈകളും നട്ട് നല്ല രീതിയിൽ പരിപാലിച്ചുവരുന്നു.

(ഇ) സ്കൂളുകളിലും കോളേജുകളിലും 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ സ്കൂളുകളിലും കോളേജുകളിലും തുറസായി കിടക്കുന്ന സ്ഥലങ്ങളിൽ ഔഷധ തോട്ടം നിർമ്മിക്കുകയും institutional planting നടത്തുകയും ചെയ്യാറുണ്ട്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നതിന് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ നിലവിലുണ്ട്. സ്കൂളുകളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ മികച്ച പരിപാലനം അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്കായി പ്രോത്സാഹന ധനസഹായവും നൽകാറുണ്ട്.

**നദികൾ മലിനമാക്കുന്നത് തടയാൻ കർമ്മ പദ്ധതി**

20 (*230) ശ്രീ. ടി. വി. ഇബ്രാഹിം :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ.പി. കെ. അബ്ദു റബ്ബ് :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികൾ മലിനമാക്കുന്നത് തടയാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികൾ എന്തൊക്കയാണെന്ന് വിശദമാക്കുമോ?

(ബി) നദികളിലേക്ക് മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ ശിക്ഷ നൽകുന്നതിനും സ്വീകരിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) നദികൾ മലിനമാക്കുന്നത് തടയുന്നതിനും മാലിന്യ ലഘൂകരണത്തിനുമുള്ള ശ്രമമാണ് ഹരിതകേരളം മിഷന്റെ ഉപമിഷനായ മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി) പ്രവർത്തനം വഴി ലക്ഷ്യമിട്ടിട്ടുള്ളത്. നദീതടം എന്നത് വലിയ ഒരു പ്രദേശമായതിനാൽ ചെറു നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും അതുവഴി നീരൊഴുക്ക് വർദ്ധിപ്പിച്ച്, മാലിന്യം എത്തിച്ചേരുന്ന സ്രോതസ്സുകൾ കണ്ടെത്തി അവ ശാസ്ത്രീയമായി പരിഹരിച്ച് നദികളെ സംരക്ഷിക്കുക എന്ന പ്രവർത്തനമാണ് ആരംഭിച്ചിട്ടുള്ളത്. ചെറുനീർത്തടപ്ലാനുകൾ സംയോജിപ്പിച്ച് നദീതടമാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങളെ ജില്ലാ തലത്തിൽ ഏകോപിപ്പിക്കുന്നതിന് ജില്ലാ തല സാങ്കേതിക സമിതികൾക്ക് രൂപം നൽകിയിട്ടുണ്ട്. നദികൾ മലിനമാക്കുന്നതിന് മറ്റൊരു കാരണം ഓരു വെള്ളക്കയറ്റമാണ്. ഇത് പ്രതിരോധിക്കുന്നതിന് റെഗുലേറ്ററുകൾ/തടയണകൾ നിർമ്മിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളായ നദികളിൽ ശുദ്ധീകരണത്തിനായി ജലമെടുക്കുന്ന ഭാഗങ്ങളിൽ കമ്പിവേലി കെട്ടി സംരക്ഷിച്ചും ബോർഡുകൾ സ്ഥാപിച്ചും ജനങ്ങളെ ബോധവൽക്കരിച്ചും മലിനീകരണം നിയന്ത്രിക്കുന്നുണ്ട്.

ജലസ്രോതസ്സുകളിൽ താൽക്കാലിക തടയണകൾ, ഗ്യാലറി വൃത്തിയാക്കൽ, ഓപ്പൺവെൽ നിലവിലുള്ള സ്കീമുകളിൽ കിണർ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി സംരക്ഷിച്ചുവരുന്നു. കൂടാതെ ജലസംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്കരണം നടത്താറുണ്ട്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Streches എന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം, തിരുവനന്തപുരം ജില്ലയിലെ കരമന, കണ്ണൂർ ജില്ലയിലെ കുപ്പം എന്നീ നദികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി ചെയ്ത് കനാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ രണ്ടുലക്ഷം രൂപ വരെ പിഴയോ മൂന്ന് വർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷ വിധിക്കുന്ന തരത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

നദികളിലും മറ്റ് ജലസ്രോതസ്സുകളിലും മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിനും പിഴ ചുമത്തുന്നതിനും നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.

മലിനീകരണത്തിന് കാരണമാകാവുന്ന വ്യവസായ സ്ഥാപനങ്ങൾക്കും മറ്റും എതിരെ നിലവിലെ ജലനിയമപ്രകാരം നടപടി സ്വീകരിക്കുവാൻ സാധിക്കും. ഇത്തരം സ്ഥാപനങ്ങളെ അടച്ചുപൂട്ടുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. വ്യവസായ മലിനീകരണത്തിനെതിരെ ഫലപ്രദമായ നിയന്ത്രണ സംവിധാനം നിലവിലുണ്ട്.

ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു.

**ഇ.എസ്.ഐ.പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

21 (*231) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷന്റെ കോഴിക്കോട്, കൊല്ലം മേഖലാ ഓഫീസുകൾ നിർത്തലാക്കാൻ നടത്തുന്ന നീക്കത്തിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്രം നിലപാട് അറിയിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാർ ഈ മേഖലയിൽ ചെലവ് ചുരുക്കൽ നടത്തുമ്പോഴും സംസ്ഥാന സർക്കാർ ഇ.എസ്.ഐ. പദ്ധതി വിപുലപ്പെടുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ജീവനക്കാരുടെ അഭാവം കൊണ്ട് ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനും ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കുന്നതിനും ആശുപത്രികളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഓഫീസുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി & സി) സൂപ്പർസ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള നിബന്ധനയിൽ ഇ.എസ്.ഐ. കോർപ്പറേഷൻ വരുത്തിയ ഭേദഗതികൾ ഗുണഭോക്താക്കളെ ദോഷകരമായി ബാധിക്കുന്നതിനാൽ ടി തീരുമാനം റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇ.എസ്.ഐ. പദ്ധതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പുതിയതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യാനുസരണം മരുന്ന് ലഭ്യമാക്കുവാനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തേയ്ക്ക് 30,19,68,791 രൂപയുടെ മരുന്ന് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. റേറ്റ് കോൺട്രാക്ടിൽ ലഭ്യമല്ലാത്ത മരുന്നുകൾ KMSCL മുഖേന വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗത്തിൽ 46 സ്വകാര്യ ആശുപത്രികൾ എംപാനൽ ചെയ്തിട്ടുണ്ട്. ഇലക്ട്രോണിക് ടോക്കൺ സിസ്റ്റം, കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ, എൻ.സി.ഡി. ക്ലിനിക്കുകൾ, ഫാർമസി ഔട്ട്ലെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഡിസ്പെൻസറികളിലെ, ആശുപത്രികളിലെ ഒഴിവുകളെല്ലാം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കോൺട്രാക്ട് അടിസ്ഥാനത്തിലും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പേവിഷ വാക്സിൻ നിർമ്മാണം

22 (*232) ശ്രീ.മുഹമ്മദ് മുഹസിൻ പി. :

ശ്രീ. ജി. എസ്.ജയലാൽ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ പേവിഷ വാക്സിൻ നിർമ്മാണം സംബന്ധിച്ച പദ്ധതി ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത വാക്സിൻ നിർമ്മാണം എത്ര മാസങ്ങൾക്കുള്ളിൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി പേവിഷ വാക്സിൻ വാങ്ങുന്നതിനായി സർക്കാർ പ്രതിവർഷം എത്ര തുകയാണ് ചെലവാക്കുന്നതെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ & ബി) 2017-ലെ ഉത്തരവുപ്രകാരം പേവിഷ വാക്സിൻ നിർമ്മാണത്തിനുള്ള ലബോട്ടറി പാലോട് സ്ഥിതി ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ സ്ഥാപിക്കുന്നതിന് കൺസൾട്ടന്റായി NABCONS-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. മൃഗങ്ങളിലെ പേവിഷ ബാധയ്ക്കെതിരെയുള്ള വാക്സിൻ നിർമ്മാണം സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് മൃഗ സംരക്ഷണ ഡയറക്ടറേറ്റിൽ പരിശോധനയിലാണ്.

(സി) 2017 വർഷത്തിൽ ഒരു ഡോസ് വാക്സിന് 7.6650 രൂപ നിരക്കിൽ നാല് ലക്ഷം ഡോസ് വാക്സിന് 30,66,000 രൂപ ചെലവാക്കിയിട്ടുണ്ട്.

## വിജ്ഞാൻ വാടി പദ്ധതി

23 (*233) ശ്രീ. യു. ആർ. പ്രദീപ് :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ആർ. രാജേഷ് :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനായി സർക്കാർ നടത്തിയ ഇടപെടലിന്റെ വിശദാംശം നൽകുമോ;

(ബി) അഭ്യസ്തവിദ്യരായ പട്ടികജാതി യുവാക്കളെ മത്സരപരീക്ഷയിലൂടെ ജോലി കരസ്ഥമാക്കുന്നതിന് പ്രാപ്തരാക്കാനായുള്ള വിജ്ഞാൻ വാടി പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പട്ടികജാതിയിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനത്തിനും വൈദഗ്ധ്യ വികസനത്തിനുമായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനായി എന്തൊക്കെ സഹായം നൽകി വരുന്നുണ്ടെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>):

(എ) വിദേശത്തേയ്ക്ക് തൊഴിൽ തേടി പോകുന്ന യുവതീ യുവാക്കൾക്ക് വിസ സംബന്ധമായ ചെലവുകൾക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്ന പദ്ധതി പ്രകാരം 2017-18 വർഷം ഇതുവരെ 256 പേർക്ക് ധനസഹായം അനുവദിച്ചു. കൂടാതെ IELTS/TOEFL, NEP (Nursing Eligiblity Programme), Skill Training Programmer for Oil and Rig എന്നിങ്ങനെ വിദേശത്ത് തൊഴിൽ നേടാൻ സഹായകമായ കോഴ്സുകളിലും വകുപ്പ് പരിശീലന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്നതനുസരിച്ച് വിദേശത്ത് തൊഴിൽ ലഭ്യമാകുന്നതിനു വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

(ബി ) വിലയിരുത്തിയിട്ടുണ്ട്.

(സി) ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിലൂടെ 2016-17-ൽ 3944 പേർക്കും 2017-18 വർഷം ഇതുവരെ 1634 പേർക്കും പരിശീലനം നൽകിയിട്ടുണ്ട്.

(ഡി) 18 വയസ്സിനും 40 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി ബാങ്ക് വായ്പാ തുകയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്നു. ഇപ്രകാരം നൽകുന്ന പരമാവധി വായ്പാ സബ്സിഡി നിലവിൽ 1 ലക്ഷം രൂപയാണ്. സ്റ്റാർട്ട്-അപ് മിഷനിലൂടെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭം തുടങ്ങുതിനും start-up dreams എന്ന പേരിൽ പരിശീലനം നൽകുകയും സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളും ധനസഹായവും അനുവദിക്കുകയും ചെയ്യുന്നു.

**ക്ഷേമനിധി ബോർഡുകളുടെ സംയോജനം**

24 (*234) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തികസ്ഥിതിയുടെയും അടിസ്ഥാനത്തിൽ സംയോജിപ്പിക്കുന്നതിന് നീക്കമുണ്ടോ;

(ബി) ക്ഷേമനിധി ബോർഡുകളിലെ വിവരങ്ങൾ പൂർണ്ണമായി ഡിജിറ്റൈസ് ചെയ്ത് അംഗങ്ങൾക്ക് യുണീക് ഐ.ഡി. കാർഡുകൾ വിതരണം ചെയ്യുന്നത് പരിഗണിക്കുമോ;

(സി) വിവിധ ക്ഷേമനിധി പദ്ധതികളിലെ അംശദായം അടയ്ക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ & ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**തൊഴിൽ നിയമ ഭേദഗതി**

25 (*235) ശ്രീ. പി. കെ. ശശി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട തൊഴിൽ നിയമ ഭേദഗതിയോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ബി) സ്ഥിരം സ്വാഭാവമുള്ള തൊഴിലുകളിലും കരാർ തൊഴിലാളികളെ നിയമിക്കാനുള്ള നിർദ്ദിഷ്ട നിയമ ഭേദഗതി, തൊഴിലാളികളുടെ സംഘടിത ശക്തി ചോർത്തി തൊഴിൽ ചൂഷണം നിയമവിധേയമാക്കാൻ വഴിയൊരുക്കുമെന്ന് ആക്ഷേപമുള്ളതിനാൽ പ്രസ്തുത നിയമ ഭേദഗതിയിൽ നിന്നും പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായി സർവ്വ മേഖലകളിലും തൊഴിൽ നഷ്ടമുണ്ടായതിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്ത് തൊഴിലാളികളുടെ ദുരിതം ലഘൂകരിക്കുന്നതിനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ ഭാഗമായി തൊഴിലാളികൾ നാനാതരത്തിലുള്ള പ്രയാസങ്ങൾ നേരിട്ട് വരികയാണ്. ഇതിനോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ നയങ്ങളുടെ ഫലമായി സംസ്ഥാനത്ത് തൊഴിലാളികൾക്ക് പ്രശ്നങ്ങൾ ഉണ്ടാകുന്ന പക്ഷം അത് ദൂരീകരിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്.

**ഗോത്രരശ്മി പദ്ധതി**

26 (*236) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പട്ടിക ഗോത്രവർഗ്ഗ മേഖലകളിൽ ചികിത്സാ സൗകര്യത്തിന്റെ അഭാവം കൊണ്ടും യഥാസമയം ചികിത്സ തേടാൻ സാധിക്കാത്തതുകൊണ്ടും മരണനിരക്ക് വർദ്ധിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) സർക്കാർ പുതുതായി പ്രഖ്യാപിച്ച ഗോത്രരശ്മി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരോഗ്യ പ്രശ്നങ്ങളുൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ സൗകര്യം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിലും സൗജന്യ ചികിത്സ ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായുള്ള ജനനീ ജന്മരക്ഷാ പദ്ധതി, പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകിവരുന്ന പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതും HLL (Hindustan Life Care Limited), KMSCL (Kerala Medical Services Corporation Limited) എന്നിവ മുഖേനയുള്ളതുമായ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 5 ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, 4 മിഡ് വൈഫറി സെന്ററുകൾ എന്നിവ മുഖേനയും ചികിത്സ ഉറപ്പു വരുത്തുന്നു. ഹെൽത്ത് പ്രൊമോട്ടർമാരും പട്ടികവർഗ്ഗ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകളും ഉപയോഗിക്കപ്പെടുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസി ഗോത്ര വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനായി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് 'ഗോത്രരശ്മി'. ഗോത്ര സമൂഹത്തിനകത്ത് നേതൃത്വശേഷി ഉയർത്തി ശക്തമായ ഇടപെടലിലൂടെ സമഗ്ര വികസനത്തിലേയ്ക്ക് നയിക്കുന്നതിനായാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

പദ്ധതിയുടെ ആദ്യഘട്ടം ഇടുക്കി ജില്ലയിൽ ഹിൽപ്പുലയ, മുതുവാൻ, മന്നാൻ, പളിയർ, ഊരാളി, ഗോത്ര സമൂഹങ്ങളിൽ നടപ്പിലാക്കും.

ടി പദ്ധതിക്കായി 41.71 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 'വിവ' എന്ന കൾച്ചറൽ ഡെവലപ്മെന്റ് ഓർഗനൈസേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

ആരോഗ്യ പ്രശ്നങ്ങൾ, വിദ്യാഭ്യാസ സാമൂഹ്യ പിന്നോക്കാവസ്ഥ, സംരംഭകത്വമില്ലായ്മ എന്നിവ പരിഹരിക്കാനുള്ള പരിശീലനം, സ്ത്രീശാക്തീകരണം, സ്ത്രീ-ശിശു സൗഹൃദ, പരിസ്ഥിതി സൗഹൃദ- ലഹരി രഹിത ഗോത്രം സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അടങ്ങുന്നതാണ് പദ്ധതി.

ഓരോ ആദിവാസി വിഭാഗത്തിൽനിന്നും 50 വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പാക്കാൻ ആവശ്യമായ റിസോഴ്സ് ടീം പരിശീലനം നൽകും.

നയരൂപീകരണ പ്രക്രിയയിലേയ്ക്ക് കടന്നുവരാൻ താൽപ്പര്യമുള്ള 100 പേരെ കണ്ടെത്തി വിവിധ വിഷയങ്ങളിൽ പരിശീലനം നൽകും.

സ്ത്രീ-ശിശു സുരക്ഷയ്ക്ക് പഞ്ചായത്തുതല ജാഗ്രതാസമിതികൾ വാർഡു തലത്തിൽ പ്രവർത്തനക്ഷമമാകും.

വിമുക്തി പദ്ധതിയുമായി സഹകരിച്ച് ലഹരി രഹിത ഊരുകൾ സൃഷ്ടിക്കും.

ജൈവ കാർഷിക പ്രവർത്തനം സജീവമാക്കാൻ ഓർഗാനിക് തിയേറ്റർ 5 ഊരുകളിൽ നടപ്പാക്കും.

സമഗ്ര ആരോഗ്യ കാഴ്ചപ്പാടിന് രൂപം നൽകും.

മതനിരപേക്ഷ സാംസ്കാരിക കൂട്ടായ്മകൾ സംഘടിപ്പിക്കും.

ഋതുക്കൾക്കനുസരിച്ച് ഗോത്രവിഭാഗങ്ങൾക്കിടയിലുള്ള കലകൾ, ആഘോഷം. കൃഷി, ഭക്ഷണം, കളികൾ തുടങ്ങി ആദിവാസി വിഭാഗങ്ങൾക്കിടയിലെ വൈവിധ്യമാർന്ന സാംസ്കാരിക ഉറവിടങ്ങൾ കണ്ടെത്തുന്നതിനും പൊതു സമൂഹത്തിന് പകർന്നു നൽകുന്നതിനും വേണ്ടി പരിശീലനം സിദ്ധിച്ച റിസോഴ്സ് ടീം 'ഋതുകാലസഞ്ചാര പഠനം' നടത്തും.

പദ്ധതിയുടെ ആദ്യഘട്ടം ഇടുക്കി ജില്ലയിൽ ഹിൽപ്പുലയ, മുതുവാൻ, മന്നാൻ, പളിയർ, ഊരാളി ഗോത്ര സമൂഹങ്ങളിൽ ഗോത്രരശ്മി ഗ്രൂപ്പുകൾ ഉണ്ടാക്കും.

ഇവ കലകളുടെ സാംസ്കാരിക ജൈവ ഐക്യവേദിയായി വളർന്ന്, സാംസ്കാരിക ഇടപെടലിലൂടെ ആദിവാസി വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ പ്രാപ്തരാകുന്ന, മാനവികത നഷ്ടപ്പെട്ടു പോകുന്നവർക്ക് പ്രചോദനം പകരുന്ന ആരോഗ്യമുള്ള ഒരു ഗോത്ര സമൂഹ മാതൃക ഇടുക്കിയിൽ സൃഷ്ടിക്കുന്നതിനാണ് പട്ടികവർഗ്ഗ വികസന വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്.

(സി) പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങളുൾപ്പെടെയുള്ള സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയാണിത്. ആദ്യഘട്ടത്തിൽ ഇടുക്കി ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് നിയമനിർമ്മാണം**

27 (*237) ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ന്യായമായ വേതനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മിനിമം വേതനം ഉറപ്പുവരുത്തുന്നതിന് സഹായകരമായ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) മിനിമം വേതനം നടപ്പാക്കാത്ത മേഖലകളിൽ ഒരു അടിസ്ഥാന വേതനം നടപ്പിലാക്കുന്നതിനുള്ള കേവല വേതന നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധനയിലാണ്.

(ബി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടാത്ത മേഖലകളെ ഘട്ടംഘട്ടമായി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തു വരുന്നു. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പു വരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുമായി തൊഴിൽ വകുപ്പിന് കീഴിലെ 16 ക്ഷേമനിധി ബോർഡുകളിലായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**തൊഴിലാളികളുടെ ചികിത്സയ്ക്കായുള്ള പദ്ധതികൾ**

28 (*238) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ചികിത്സയ്ക്കായി സംസ്ഥാനത്ത് പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പുതിയതായി ആരംഭിക്കുന്ന ഡിസ്പെൻസറികളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഇ.എസ്.ഐ. പദ്ധതി

2. ആർ.എസ്.ബി.വൈ./ ചിസ് പദ്ധതി

3. എസ്.ചിസ് പദ്ധതി

4. ചിസ് പ്ലസ് പദ്ധതി

5. ആബി പദ്ധതി

(ബി-ഡി) 15-9-2017 ലെ സ.ഉ.(കൈ) നമ്പർ 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിശദാംശവും ആരംഭിക്കാനുദ്ദേശിക്കുന്ന തസ്തികകളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.* പുതുതായി അനുവദിക്കപ്പെട്ട ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

29 (*239) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നൈപുണ്യവികസന മിഷൻ ആയ കേയ്സ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) കേയ്സിന്റെ കീഴിലുള്ള വിവിധ സെന്റർ ഓഫ് എക്സലൻസ് നടത്തി വരുന്ന വൈദഗ്ദ്ധ്യ വികസന പരിശീലനങ്ങൾ എന്തൊക്കെയെന്നും അതുവഴി എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിൽ നിർമ്മാണ രംഗത്ത് വിവിധ മേഖലകളിൽ പ്രാവീണ്യം പകർന്ന് നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന ലക്ഷ്യവും രീതിയും വിശദമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)ന്റെ പ്രധാന ലക്ഷ്യം.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

3. കൗശൽ കേന്ദ്രകൾ

4. അക്രഡിറ്റേഷൻ

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

6. ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന നൈപുണ്യ വികസന പദ്ധതികൾ

a) എംപ്ലോയബിലിറ്റി സെന്ററുകൾ

b) കരിയർ ഡെവലപ്മെന്റ് സെന്റർ

(ബി) കേയ്സിന്റെ കീഴിലുള്ള വിവിധ സെന്റർ ഓഫ് എക്സലൻസ് നടത്തി വരുന്ന വൈദഗ്ധ്യ വികസന പരിശീലനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| സെന്റർ ഓഫ് എക്സലൻസ് | കോഴ്സുകൾ/പരിശീലന പദ്ധതികൾ | പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർ | തൊഴിൽ ലഭിച്ചവർ |
|---|---|---|---|
| 1 | 2 | 3 | 4 |
| നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) | അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം (ANEP) | 230 | 132 |
| എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് (ESPiOR) | 1. ഫാബ്രിക്കേറ്റർ/ ഫിറ്റർ<br>2. ജനറൽ ഇലക്ട്രീഷ്യൻ<br>3. ഇൻസ്ട്രുമെന്റ് ഫിറ്റർ<br>4. വെൽഡർ<br>5. ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ<br>6. മെക്കാനിക്കൽ സൂപ്പർ വൈസർ<br>7. ഇലക്ട്രിക്കൽ സൂപ്പർ വൈസർ<br>8. ഇൻസ്ട്രുമെന്റേഷൻ സൂപ്പർവൈസർ | 345 | 232 |

| 1 | 2 | 3 | 4 |
|---|---|---|---|
| സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ് (CRETT) | പ്രോഗ്രാം ഫോർ അച്ചീവിംഗ് കോംപിറ്റൻസീവ് ഓഫ് എഡ്യൂക്കേറ്റേഴ്സ് (PACE) | 27 | 25 |
| സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി (CATS) | 1.അണ്ണാർമ്ഡ് സെക്യൂരിറ്റി ഗാർഡ്<br>2. സർട്ടിഫിക്കറ്റ് ഇൻ സെക്യൂരിറ്റി മാനേജ്മെന്റ്<br>3. ഡിപ്ലോമ/പോസ്റ്റ് ഗ്രാഡ്യൂവേറ്റ് ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി | 96 | 15 |
| സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED) | ടെക്നിക്കൽ എന്റർ പ്രണർ ഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ ഇന്റർനെറ്റ് ഓഫ് തിങ്സ് (TEDP in loT) | 23 പേർക്കുള്ള പരിശീലനം പുരോഗമിച്ചു വരുന്നു. | |
| കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി (KGNLA) | നഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം (NCAP) | 10 പേർക്കുള്ള പരിശീലനം പുരോഗമിച്ചു വരുന്നു. | |

(സി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാദമി (IIIC) പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ വ്യവസായ പങ്കാളികളിൽനിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിച്ച് സ്കില്ലിങ് പാർട്ണറെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും ഈ അധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.

(ഡി) ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ സാധിക്കുന്ന തരത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന പരിശീലനവും IIIC യിലൂടെ ലഭ്യമാക്കും. മേൽപ്പറഞ്ഞ കോഴ്സുകൾ/പരിശീലനങ്ങൾ ലഭ്യമാക്കുന്നത് ടെക്നീഷ്യൻ, സൂപ്പർവൈസറി, മാനേജീരിയൽ എന്നീ മൂന്നു വിഭാഗത്തിലുള്ള പരിശീലന പദ്ധതികളിലൂടെയാണ്.

**ചെറുകിട വൈനറികൾ ആരംഭിക്കാൻ നടപടി**

30 (*240) ശ്രീ. കെ. കൃഷ്ണൻകുട്ടി :

ശ്രീ. കോവൂർ കുഞ്ഞുമോൻ :

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ ചെറുകിട വ്യവസായമായി വൈനറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം വൈനറികൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പാലിക്കേണ്ടത്; ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ & ബി) 1970-ലെ കേരളാ വൈനറി റൂളിലെ 3, 4 എന്നീ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് വൈനറികൾ തുടങ്ങുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. വ്യവസ്ഥകൾ പാലിച്ചുകൊണ്ട് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതും സർക്കാർ തീരുമാനത്തിനു വിധേയമായി ലൈസൻസ് ലഭിക്കാവുന്നതുമാണ്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഐ.ടി.ഐ.കളിൽ തസ്തികകൾ അനുവദിക്കുന്നതിന് നടപടി

1 (2544) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി.ഐ.യും വ്യവസായ പരിശീലന വകുപ്പിന്റെ ഐ.ടി.ഐ.കളും ഒരേ പോലെ ആണ് പ്രവർത്തിക്കുന്നതെങ്കിലും സ്റ്റാഫ് പാറ്റേൺ വ്യത്യസ്തമായതിനാൽ, വ്യവസായ വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളിലെ എല്ലാ തസ്തികകളും പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളിലും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

പട്ടികജാതി വികസന വകുപ്പിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന 44 ഐ.ടി.ഐ.-കളിൽ മിക്കവാറും ഐ.ടി.ഐ.-കളിലും രണ്ടോ മൂന്നോ ട്രേഡുകളിലാണ് പരിശീലനം നൽകുന്നത്. അതിനാൽ വ്യവസായ പരിശീലന വകുപ്പിലെ ഐ.ടി.ഐ.-കളുടേതിന് സമാനരീതിയിൽ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല.

വ്യവസായ വകുപ്പിലേതിന് സമാനമായ രീതിയിൽ കൂടുതൽ ട്രേഡുകൾ ഐ.ടി.ഐ.-കളിൽ ആരംഭിക്കുന്നതനുസരിച്ച് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമുള്ളൂ.

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഓച്ചിറയിലെ ഐ.ടി.ഐ.

2 (2545) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറയിലെ, പട്ടിക ജാതി-പട്ടിക വർഗ്ഗ വകുപ്പിന്റെ കീഴിലുള്ള ഐ. ടി. ഐ.യിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടെ ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഇലക്ട്രീഷ്യൻ, പ്ലംബർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനാവശ്യമായ തസ്തികകൾ ഏതെല്ലാമെന്ന് വ്യകതമാക്കുമോ; പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഇതിനെ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ. ആയി ഉയർത്തി ഹോസ്റ്റൽ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓച്ചിറ ഗവ. ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളിൽ നിലവിൽ പരിശീലനം നൽകുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഓച്ചിറയിൽ ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നില്ല.

(ബി) ഓച്ചിറ ഐ.ടി.ഐ.യിൽ പ്ലംബർ ട്രേഡ് ഇപ്പോൾ നിലവിലുണ്ട്. മറ്റു ട്രേഡുകൾ അനുവദിച്ചതിനുശേഷം മാത്രമേ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

(സി) ഓച്ചിറ ഐ.ടി.ഐ. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വരുന്ന 7 മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ.കളിൽ ഒന്നാണ്. ഹോസ്റ്റൽ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ പൂർത്തിയായിവരികയാണ്.

## എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ്

3 (2546) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണത്തിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ, ആയത് എന്ന് മുതൽ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധിപ്പിച്ച തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2017-18 വർഷം പ്രീമെട്രിക് ലംപ്സംഗ്രാന്റ് വിതരണത്തിന് ആവശ്യമായ മുഴുവൻ തുകയും അനുവദിച്ചു നൽകിയിട്ടുണ്ട്. പോസ്റ്റ്മെട്രിക് ലംപ്സംഗ്രാന്റ് വിതരണവും കുടിശ്ശികയില്ലാതെ നടന്നു വരുന്നു.

(ബി) 23/07/2016-ലെ സ.ഉ.(നം.)04/2016/പജപവവിവ പ്രകാരം ലംപ്സംഗ്രാന്റ് തുക 25 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വർദ്ധിപ്പിച്ച നിരക്കിലാണ് തുക വിതരണം ചെയ്യുന്നത്.

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

4 (2547) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. ആന്റണി ജോൺ :

ശ്രീ. ബി. സത്യൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; ജീവിതച്ചെലവുകൾക്കനുസരിച്ച് ഇപ്രകാരമുള്ള തുക പുതുക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ പുതുതായി പ്രഖ്യാപിച്ച സ്കോളർഷിപ്പ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) മാതൃകാ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും താമസം,ഭക്ഷണം, പഠനസൗകര്യങ്ങൾ തുടങ്ങിയവ മികച്ച നിലവാരത്തിലുള്ളതാണെന്ന് ഉറപ്പു വരുത്താൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഇത്തരം സ്കൂളുകളിലും ഹോസ്റ്റലുകളിലും കുട്ടികളുടെ പഠനശേഷി വിലയിരുത്തി, പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ് തുക 23-7-2016-ലെ സ.ഉ.(പി)4/16 പജപവവിവ. ഉത്തരവ് പ്രകാരം 25 ശതമാനം വർദ്ധിപ്പിച്ച് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന ആനുകൂല്യങ്ങളും നൽകിവരുന്നു:

പട്ടികജാതി വികസന വകുപ്പ്

1. പ്രീമെട്രിക് സ്കോളർഷിപ്പ്

2. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്

4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)

5. 9, 10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ്

6. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ്

7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം

8. ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം

9. M.Tech, MBBS, BAMS, BHMS, BDS വിദ്യാർത്ഥികൾക്കുള്ള പ്രാരംഭ ചെലവ്

10. വൃത്തിഹീന സാഹചര്യങ്ങളിലുള്ള തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം

11. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കീം

12. വിഷൻ 2013-മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലന ധനസഹായം

13. പ്രത്യേക പ്രോത്സാഹന സമ്മാനം

14. ബുക്ക് ബാങ്ക് സ്കീം

15. അന്യസംസ്ഥാന/വിദേശ പഠന ധനസഹായം

16. 5 മുതൽ 8 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള ധനസഹായം

17. നൃത്ത/സംഗീത വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

2017-18 വർഷത്തിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾക്കായി 260 കോടി രൂപയും വിദ്യാഭ്യാസ അനുബന്ധ പ്രവർത്തനങ്ങൾക്കായി 404 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള പോസ്റ്റ്മെട്രിക് വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ്, ഹോസ്റ്റൽ ഫീസ് തുടങ്ങിയ ആനുകൂല്യങ്ങളും പ്രീമെട്രിക് വിഭാഗത്തിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പും (സ്റ്റൈപ്പന്റ്, ബുക്ക് അലവൻസ്, ലംപ്സംഗ്രാന്റ് എന്നിവ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു.

2017-18 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിനായി 30 കോടി രൂപയും പ്രീമെട്രിക് സ്കോളർഷിപ്പ് വിതരണത്തിനായി 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 2000 രൂപ സ്കോളർഷിപ്പായി നൽകുന്ന പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് എന്ന പദ്ധതി ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിലെ പഠനത്തിനായി ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 4-10-2017 ലെ സ.ഉ.(എം. എസ്.) നമ്പർ 81/2017/പ.ജ.പ.വ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഐ.ടി.ഐ.കളിൽ പ്രഭാത, മദ്ധ്യാഹ്ന ഭക്ഷണം, 7 ഐ.ടി.ഐ.-കളിൽ റസിഡൻഷ്യൽ സൗകര്യം എന്നിവയും ഏർപ്പെടുത്തി.

(സി) മാതൃകാ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും മെനു അനുസരിച്ചുള്ള ഭക്ഷണം നൽകുന്നതിന് മെസ്ചാർജ് 2500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിഷവിമുക്തമായ പച്ചക്കറി ഉൽപ്പാദനം ലക്ഷ്യമിട്ട് ജൈവ പച്ചക്കറിത്തോട്ടം നിർമ്മിച്ച് വിളവെടുക്കുന്നു.

ഭക്ഷ്യവസ്തുക്കൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതികരണി ഉപയോഗിക്കുന്നു.

അന്തേവാസികൾക്കാവശ്യമായ ബെഡ്ഡുകൾ, ഷീറ്റുകൾ, തലയണ എന്നിവ യഥാസമയം വിതരണം ചെയ്യുന്നുണ്ട്.

മാതൃകാ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്നതിനും ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുന്നപ്ര എം.ആർ.എസ്സിന് ISO സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്.

മറ്റ് സ്കൂളുകളിലും യൂണിസെഫ് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ലാസ് റൂമുകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുഴൽമന്ദം എം.ആർ.എസ്സിൽ ക്ലാസ്സുകൾ ഹൈടെക് ആക്കിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ച് വിദ്യാഭ്യാസം നടത്തുന്നതിന് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ്‌വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡെസ്ക്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും യഥാസമയം ലഭ്യമാക്കിവരുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും, വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലേയും അന്തേവാസികൾക്ക് പരിഷ്കരിച്ച മെനു പ്രകാരമുള്ള ഭക്ഷണം നൽകിവരുന്നു. 1 മുതൽ 10-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 3000 രൂപയും പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 3450 രൂപയും ഭക്ഷണം ഇനത്തിൽ പ്രതിമാസം അനുവദിച്ചിട്ടുണ്ട്.

(ഡി) <u>പട്ടികജാതി വികസന വകുപ്പ്</u>

പഠനശേഷി വർദ്ധിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

രാത്രികാല പഠനം മോണിറ്റർ ചെയ്യുന്നതിന് മാതൃക റസിഡൻഷ്യൽ സ്കൂളുകളിൽ മാനേജർ-കം-റസിഡന്റ് ട്യൂട്ടർമാരേയും ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരേയും നിയമിച്ചിട്ടുണ്ട്.

പൊതുപരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന പത്താംക്ലാസ്, +2 വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ നടത്തുന്നു.

അവധി ദിവസങ്ങളിൽ 10-ാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾക്കായി ASAP-ന്റേയും CREST-ന്റേയും സഹകരണത്തോടെ അധികക്ലാസുകൾ നടത്തുന്നുണ്ട്.

ഹൈടെക്/സ്മാർട്ട് ക്ലാസ് റൂം, കമ്പ്യൂട്ടർ ലാബ് തുടങ്ങിയ സൗകര്യങ്ങളും വിദ്യാർത്ഥികളുടെ പഠനശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

Centre For Management Development (CMD), തിരുവനന്തപുരം വഴി പഠനം നടത്തുകയും പഠന നിലവാരം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നൽകുന്ന ഒരു പരിപാടി നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആശ്രമം/ ഏകലവ്യാ/മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലുമുള്ള വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി കൗൺസിലർമാരെ നിയമിച്ചുവരുന്നു.

എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്ലാസ്സുകൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടത്തി വരുന്നു.

**കൊല്ലങ്കോട് ബ്ലോക്കിലെ പ്രീമെട്രിക് ഹോസ്റ്റൽ**

5 (2548) <u>ശ്രീ.കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട് ബ്ലോക്കിലെ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് മതിയായ ഭൗതിക സാഹചര്യം ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രശ്നപരിഹാരത്തിനായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം പണി എന്നാണ് ആരംഭിച്ചത് എന്നും ഇതിന് വകയിരുത്തിയ തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) പ്രീമെട്രിക് ഹോസ്റ്റലിനാവശ്യമായ അടിസ്ഥാന സൗകര്യം കുറവാണെന്ന ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ്.

കെട്ടിടം മാർച്ച് മാസത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെട്ടിടം പണി 7-10-2014-ന് ആരംഭിച്ചു. ആദ്യഘട്ടത്തിൽ ബി.ആർ.ജി.എഫ്. ഫണ്ട് 60 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ എൽ.എസ്.ജി.ഡി. പ്ലാൻ ഫണ്ടിൽ 60 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

6 (2549) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്ക്കരിച്ച അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഓരോ ജില്ലയിലും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നാക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളുടെ സമഗ്രവികസനമാണ് അംബേദ്കർ ഗ്രാമം

വികസന പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അംബേദ്കർ ഗ്രാമം വികസന പദ്ധതിയുടെ ഭാഗമായി ഓരോ സങ്കേതത്തിനുമാവശ്യമായ കർമ്മപദ്ധതി തയ്യാറാക്കണം. താഴെ പറയുന്ന പ്രവൃത്തികളിൽ കോളനിക്കാവശ്യമായവ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്താവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്

2. ആശയ വിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവു വിളക്ക്

7. സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ഓരോ ജില്ലയിലും മേൽ പറഞ്ഞിട്ടുള്ള പ്രവൃത്തികളിൽ കോളനിക്കനുയോജ്യമായവ കോളനി നിവാസികൾ തെരഞ്ഞെടുക്കുന്നു. ഓരോ കോളനിയിലെയും നിർവ്വഹണ പ്രവർത്തനങ്ങൾ അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെ ചുമതലപ്പെടുത്തിക്കൊണ്ടാണ് ഉത്തരവായിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ള പക്ഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച് താഴെപ്പറയുന്ന

ഏജൻസികളെ സ്ഥലം എം.എൽ.എ.-യുടെ ശിപാർശയോടെ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കാവുന്നതാണ്.

i. SIDCO - കേരള സ്മാൾ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

ii. KESNIK - കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

iii. KEL -കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

iv. KSHB - കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

v. KLDC - കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

vi. DNK - ജില്ലാ നിർമ്മിതി കേന്ദ്രം

vii. KAICO - കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്

viii.KITCO-കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ആന്റ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷൻ

ix. KPHCC -കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ

x. FIT - ഫോറസ്റ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ്

xi. RBDCK - റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ്.

## സ്വയം പര്യാപ്ത ഗ്രാമം

7 (2550) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് അനുവദിച്ച സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പാതിവഴിയിൽ നിലച്ചു പോയ വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം സ്വയം പര്യാപ്തഗ്രാമം പദ്ധതി പ്രകാരം പകുതി നിർമ്മാണ പ്രവർത്തനം കഴിഞ്ഞിട്ടുള്ളവയ്ക്ക് ബാക്കി തുക കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ പദ്ധതി പ്രകാരം എത്ര ഗ്രാമങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ ആരംഭിച്ച 209 സ്വാശ്രയ ഗ്രാമങ്ങളിൽ 54 എണ്ണം ഈ സർക്കാർ വന്നശേഷം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സങ്കേതങ്ങളിൽ പ്രവൃത്തിനടന്നു വരുന്നു.

(ബി) പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(സി) അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം 198 കോളനികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

8 (2551) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെട്ട എഴുകോൺ പഞ്ചായത്തിലെ പ്ലാക്കാട് കോളനി, കുളക്കട ഗ്രാമ പഞ്ചായത്തിലെ മാറ്റടി അംബേദ്കർ കോളനി എന്നിവയുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചത് എന്നാണ്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണം നടത്തിയത് ആരാണ്;

(സി) പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ബിൽ തുകകൾ മാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; ബിൽ തുക ഇനിയും മാറി നൽകാനുണ്ടെങ്കിൽ നിയമ പ്രകാരം ആയതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലാക്കാട് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചത് 3-1-2017-നും കുളക്കട അംബേദ്കർ കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചത് 21-11-2017 നുമാണ്.

(ബി) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം

(സി) എഴുകോൺ പ്ലാക്കാട് കോളനിയുടെ ഫൈനൽ ബിൽ തുക മാറി നൽകിയിട്ടുണ്ട്. കുളക്കട അംബേദ്കർ കോളനിയിലെ ബിൽ തുക മാറി നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതി നടത്തിപ്പിലെ അപര്യാപ്തതകൾ

9 (2552) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന പദ്ധതി വിഹിതം അവർക്കായി ചെലവിടുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി വിവിധ പദ്ധതികളിലൂടെ ധാരാളം തുക വിനിയോഗിച്ചെങ്കിലും വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ അഴിമതിയും കെടുകാര്യസ്ഥതയും മൂലമാണെന്നുള്ള യാഥാർഥ്യം ശ്രദ്ധയിൻപ്പെട്ടിട്ടുണ്ടോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞ 15 വർഷം നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ പ്രസ്തുത വിഭാഗങ്ങൾക്കുണ്ടായ നേട്ടങ്ങളും പരിശോധിക്കുന്നതിന് ഒരു പ്രത്യേക സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ സ്ഥിതി പൊതുവേ മറ്റു വിഭാഗങ്ങളോട് തുലനം ചെയ്യുവാൻ പറ്റുന്ന നിലയിൽ എത്തിയിട്ടില്ല.

(ബി) ആസ്തികളുടെ അഭാവം വർഷങ്ങളായി നിലനിൽക്കുന്ന സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ ദുർഘടപ്രദേശങ്ങളിലെ താമസം തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത അവസ്ഥയ്ക്ക് കാരണമാകുന്നത്. എന്നിരുന്നാലും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾ നടപ്പാക്കുന്ന സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പരിപാടികളിലൂടെ ഇവരുടെ അവസ്ഥയിൽ ഗണ്യമായ മാറ്റം ക്രമാനുഗതമായി വന്നിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ വർഷവും പട്ടികവർഗ്ഗ കുടുംബങ്ങളിലെ ഉപകുടുംബങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതിനാലും വീടുകൾക്കുണ്ടാകുന്ന കേടുപാടുകൾ മൂലവും വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പട്ടികജാതി വികസനത്തിനായി വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികളെ സംബന്ധിച്ച് പഠിക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിൽ പുരോഗതി വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇത് വകുപ്പിന്റെ വെബ് സൈറ്റിലൂടെ പൊതുജനങ്ങൾക്ക് പരിശോധിക്കാവുന്നതാണ്.

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം

10 (2553) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി/ പട്ടിക വർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട് എന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഗ്രാമ പഞ്ചായത്തുകളിലെയും മുനിസിപ്പാലിലിറ്റിയിലേയും കണക്ക് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടിക വർഗ്ഗ കോളനികൾ നിലവിലുണ്ട്; ഏതെല്ലാം; വിശദമാക്കാമോ;

(സി) എത്ര പട്ടിക ജാതി കുടുംബങ്ങൾ ഉള്ള കോളനികളെയാണ് അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നത്; അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലം

പട്ടികജാതി കുടുംബങ്ങളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിശദാംശങ്ങൾ;

| | | |
|---|---|---|
| തച്ചനാട്ടുകര | - | 415 |
| കടമ്പഴിപ്പുറം | - | 535 |
| കരിമ്പുഴ | - | 482 |

പൂക്കോട്ടുകാവ് - 584

ശ്രീകൃഷ്ണപുരം - 413

അമ്പലപ്പാറ - 673

ലക്കിടി - 769

ഒറ്റപ്പാലം മുനിസിപ്പാലിറ്റി - 1059

പട്ടികവർഗ്ഗ കുടുംബങ്ങൾ

കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് - 9 കുടുംബങ്ങൾ

കരിമ്പുഴ ഗ്രാമപഞ്ചായത്ത് - 11 കുടുംബങ്ങൾ

(ബി) പട്ടികജാതി കോളനികൾ - 425

പട്ടികവർഗ്ഗ കോളനികൾ

| ക്രമ നമ്പർ | പഞ്ചായത്ത് | കോളനി | കുടുംബങ്ങൾ |
|---|---|---|---|
| 1 | കടമ്പഴിപ്പുറം | പാളമല | 9 |
| 2 | കരിമ്പുഴ | ഇടുമ്പൻചോല | 3 |
| | | പൂവക്കാട് | 4 |
| | | കരിപ്പുമണ്ണ | 2 |
| | | അരിയാനിച്ചാള | 2 |
| | | ആകെ | 20 |

(സി നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന പ്രവർത്തനങ്ങൾ ആവശ്യമുള്ളതുമായ കോളനികളെയാണ് അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുമ്മാംപാറ, വടക്കേടത്ത്കുന്ന് എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തുവെങ്കിലും ഫീസിബിൾ അല്ലാത്തതിനാൽ അംഗീകാരം നൽകിയിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോളനികൾ ഒന്നും തെരഞ്ഞെടുത്തിട്ടില്ല.

## പട്ടികജാതി, പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ

11 (2554) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സമുദായത്തിലെ വ്യക്തികൾക്ക്/ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(ബി) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ലഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള സഹായവും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലഭിക്കുന്ന സഹായങ്ങളും എന്തെല്ലാം എന്നും വിശദമാക്കാമോ;ഇതിന്റെ മാനദണ്ഡങ്ങളെന്തെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിന് ശേഷം എസ്.സി വിഭാഗത്തിലേയും ഒ.ബി.സി വിഭാഗത്തിലേയും എത്ര പേർക്ക് ഇപ്രകാരം സഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാ തുകയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്.

7-ാം ക്ലാസ് പാസ്സായ 18 വയസ്സിനും 40 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് ടി പദ്ധതിയിൽ അപേക്ഷിക്കാം. വരുമാന പരിധി ബാധകമല്ല. വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റ്, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, എസ്.ജി.എസ്.വൈ. ലോൺ വാങ്ങിയിട്ടില്ലായെന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതിവികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നല്കുന്ന വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി നല്കുന്നു*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വായ്പാ പദ്ധതികൾ കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.+

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിലെ യുവതി യുവാക്കൾക്ക് 2016-17 സാമ്പത്തിക വർഷം 542 പേർക്കും 2017-18 സാമ്പത്തിക വർഷം ഇതുവരെ 302 പേർക്കും സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.

പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന 61712 പേർക്ക് 578.69 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്.

**ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ**

12 (2555) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭവനരഹിതതായ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്ക് ഈ സർക്കാർ വീട് വച്ച് നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വികസന വകുപ്പിലെ ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ/ പട്ടികവർഗ്ഗ വികസന വകുപ്പ് ഓഫീസർ മുഖേന 1-7-2017 തീയതി പ്രകാരം നടത്തിയ വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ സ്വന്തമായി ഭൂമിയുള്ളവരിൽ ഭവനരഹിതരായ 15176 പട്ടികവർഗ്ഗ കുടുംബങ്ങളും ഭൂമിയില്ലാത്ത ഭവനരഹിതരായി 11594 കുടുംബങ്ങളും ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ച് സംസ്ഥാനത്ത് നിലവിൽ 48154 ഭവനരഹിതരായ പട്ടികജാതിക്കാരുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. *

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാരായ 6709 കുടുംബങ്ങൾക്ക് പുതിയ വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് 2017-18 സാമ്പത്തിക വർഷം 7000 വീടുകൾ നിർമ്മിക്കുന്നതിന് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്വയംപര്യാപ്ത, അംബേദ്കർ ഗ്രാമങ്ങൾ

13 (2556) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് അനുവദിച്ച സ്വയംപര്യാപ്ത ഗ്രാമങ്ങളുടെയും അംബേദ്ക്കർ ഗ്രാമങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ കോളനികളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) ഓരോ കോളനിക്കും എത്ര രൂപ വീതമാണ് ചെലവിടുന്നത് ;

(ഡി നിർമ്മാണത്തിനുണ്ടായ കാലതാമസം മൂലം ലക്ഷ്യമിട്ടിരുന്ന എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിലുള്ള സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെയും ഈ സർക്കാർ അനുവദിച്ച അംബേദ്കർ ഗ്രാമങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വയംപര്യാപ്ത ഗ്രാമം

1. മാടപ്പള്ളി കോളനി : പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

2. സചിവോത്തമപുരം കോളനി : പദ്ധതി പ്രവർത്തനം അവസാന ഘട്ടത്തിലാണ്.

അംബേദ്കർ ഗ്രാമവികസന പരിപാടി

ഈ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ നിന്നും അമര, പുതുച്ചിറ എന്നീ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പുതുച്ചിറ കോളനിയുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്.

(സി) രണ്ട് പദ്ധതികളിലും ഓരോ കോളനിക്കും ഓരോ കോടി രൂപ വീതം ചെലവഴിക്കാവുന്നതാണ്.

(ഡി) നിർമ്മാണത്തിലുണ്ടായ കാലതാമസംമൂലം ലക്ഷ്യമിട്ടിരുന്ന എല്ലാ പ്രവൃത്തികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കാലതാമസം ഒഴിവാക്കി എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ ചികിത്സാധനസഹായ വിതരണം**

14 (2557) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതിവികസന വകുപ്പു മുഖേന എത്രപേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്; ആകെ എത്ര തുക നല്കിയിട്ടുണ്ട് ;

(ബി) ഇതു സംബന്ധിച്ച് പഴയന്നൂർ, വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസുകളുടെ വിശദാംശങ്ങൾ പ്രത്യേകമായി വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചികിത്സാ ധനസഹായം അനുവദിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | ആകെ അനുവദിച്ച തുക |
|---|---|---|
| 2016-2017 | 547 | 82,43,500 |
| 2017-2018 | 213 | 31,71,500 |
| ആകെ | 760 | 1,14,15,000 |

(ബി) പഴയന്നൂർ, വടക്കാഞ്ചേരി പട്ടികജാതി വികസന ആഫീസുകളിൽ നിന്ന് വിതരണം ചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ബ്ലോക്ക് | കാലയളവ് | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| പഴയന്നൂർ | 2016-2017 | 476 | 71,16,000 |
| | 2017-2018 | 168 | 24,84,500 |
| വടക്കാഞ്ചേരി | 2016-2017 | 71 | 11,27,500 |
| | 2017-2018 | 45 | 6,87,000 |

**ചികിത്സാ ധനസഹായം**

15 (2558) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി വികസന വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര പേർക്ക് എത്ര തുക വീതം ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 33915 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ജില്ല | | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| തിരുവനന്തപുരം | | 2934 | 4,18,67,500 |
| കൊല്ലം | 3962 | | 5,82,87,900 |
| പത്തനംതിട്ട | 2249 | | 4,53,57,500 |
| ആലപ്പുഴ | 2643 | | 4,67,30,500 |
| കോട്ടയം | 612 | | 1,08,08,100 |

| 1 | 2 | 3 |
|---|---|---|
| ഇടുക്കി | 1205 | 1,93,80,500 |
| തൃശ്ശൂർ | 5123 | 8,49,55,999 |
| എറണാകുളം | 2499 | 5,11,85,500 |
| പാലക്കാട് | 6073 | 10,48,52,300 |
| മലപ്പുറം | 3201 | 6,67,74,455 |
| കോഴിക്കോട് | 1558 | 2,46,59,000 |
| വയനാട് | 146 | 22,43,500 |
| കണ്ണൂർ | 719 | 1,36,64,500 |
| കാസർഗോഡ് | 991 | 1,38,31,350 |
| ആകെ | | 58,45,98,104 |

**കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

16 (2559) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് സമർപ്പിച്ച പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ.;

(ബി) ഇതിൽ ഓരോ പദ്ധതിക്കും എന്ത് തുകയാണ് കിഫ്ബിയിൽ നിന്നും അനുവദിച്ചതെന്നും അതിൽ എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പാലക്കാട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്പോർട്സ് എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

2. കോഴിക്കോട് ചക്കിട്ടപ്പാറയിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

3. കണ്ണൂർ തളിപ്പറമ്പിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

4. തിരുവനന്തപുരം തോന്നയ്ക്കലിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

5. എറണാകുളം ആലുവ പി.ഇ.റ്റി.സി.യോട് ചേർന്ന് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

6. പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

7. കണ്ണൂർ താനയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

8. കാസർഗോഡ് വെള്ളച്ചാലിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

9. കണ്ണൂർ കതിരൂരിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം.

10. തിരുവനന്തപുരം മണ്ണന്തലയിൽ ഹോസ്റ്റൽ നിർമ്മാണം.

11. കോഴിക്കോട് CREST - ന് കെട്ടിടം നിർമ്മിക്കൽ.

12. കണ്ണൂർ അഴീക്കോട് പി.ഇ.റ്റി.സി. നിർമ്മാണം

13. പൊന്നാനി ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

14. വെട്ടിക്കവല ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

15. ആറ്റിപ്ര ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

16. തിരുവനന്തപുരം മണ്ണന്തലയിൽ റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം.

താഴെ ചേർക്കുന്ന പ്രൊപ്പോസലുകൾ കിഫ്ബിയിൽ അംഗീകരിച്ചിട്ടുണ്ട്.

1. പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

2. കാസർഗോഡ് വെള്ളച്ചാലിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

3. എറണാകുളം ആലുവയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

4. കണ്ണൂർ താനയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

5. കണ്ണൂർ കതിരൂരിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം.

6. കോഴിക്കോട് ചക്കിട്ടപ്പാറയിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

7. തിരുവനന്തപുരം തോന്നയ്ക്കലിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

8. കണ്ണൂർ തളിപ്പറമ്പിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

9. വെട്ടിക്കവല ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

10. ആറ്റിപ്ര ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം

11. കണ്ണൂർ അഴിക്കോട് പി.ഇ.റ്റി.സി. നിർമ്മാണം

12. തിരുവനന്തപുരം മണ്ണന്തലയിൽ റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം.

പട്ടികവർഗ്ഗ വികസന വകുപ്പ് കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. എം.ആർ.എസ്. - ആറളം, കണ്ണൂർ

2. എം.ആർ.എസ്. - കുറ്റിച്ചൽ, തിരുവനന്തപുരം

3. പ്രീമെട്രിക് ഹോസ്റ്റൽ - ബേഡഡുക്ക (ഗേൾസ്), കാസർഗോഡ്

4. പ്രീമെട്രിക് ഹോസ്റ്റൽ - കുറ്റിക്കോൽ (ബോയ്സ്), കാസർഗോഡ്

5. പ്രീമെട്രിക് ഹോസ്റ്റൽ - അച്ചൻകോവിൽ (ഗേൾസ്), കൊല്ലം

6. പ്രീമെട്രിക് ഹോസ്റ്റൽ - അരുവിളാംചാൽ (ഗേൾസ്), ഇടുക്കി

7. പ്രീമെട്രിക് ഹോസ്റ്റൽ - പിണവൂർകുടി (ബോയ്സ്), എറണാകുളം

8. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ - നേര്യമംഗലം (ഗേൾസ്), എറണാകുളം

9. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ - കോടാലിപ്പാറ (ബോയ്സ്), ഇടുക്കി

10. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ - (അക്കാഡമിക് ബ്ലോക്ക്), നാട്ടുകാണി

11. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ - (ഹോസ്റ്റൽ കെട്ടിടം), നാട്ടുകാണി

12. യൂത്ത് ഹോസ്റ്റൽ, പാലോട്, തിരുവനന്തപുരം.

ടി പദ്ധതികളിൽ പിണവൂർകുടി പ്രീ-മെട്രിക് ഹോസ്റ്റലിനും കുറ്റിച്ചൽ മോഡൽ റസിഡൻഷ്യൽ സ്കൂളിനും ഒഴികെ ബാക്കി എല്ലാ പദ്ധതികൾക്കും കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള ഓരോ പദ്ധതികൾക്കും കിഫ്ബിയിൽ നിന്ന് അംഗീകരിച്ച് അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

**പട്ടികജാതി വികസന വകുപ്പ്**

| | | | |
|---|---|---|---|
| 1. | പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം. | - | 5.3 കോടി |
| 2. | കാസർഗോഡ് വെള്ളച്ചാലിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | - | 5 കോടി |
| 3. | എറണാകുളം ആലുവയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം. | - | 5 കോടി |
| 4. | കണ്ണൂർ താനയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം. | - | 2 കോടി |
| 5. | കണ്ണൂർ കതിരൂരിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം. | - | 2 കോടി |
| 6. | കോഴിക്കോട് ചക്കിട്ടപ്പാറയിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം. | - | 16.48 കോടി |
| 7. | തിരുവനന്തപുരം തോന്നയ്ക്കലിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം. | - | 15.97 കോടി |
| 8. | കണ്ണൂർ തളിപ്പറമ്പിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം. | - | 14.70 കോടി |
| 9. | വെട്ടിക്കവല ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം | - | 1.43 കോടി |
| 10. | ആറ്റിപ്ര ഐ.റ്റി.ഐ. കെട്ടിട നിർമ്മാണം | - | 2.32 കോടി |
| 11. | കണ്ണൂർ അഴിക്കോട് പി.ഇ.റ്റി.സി. നിർമ്മാണം | - | 1.3 കോടി |
| 12. | തിരുവനന്തപുരം മണ്ണന്തലയിൽ റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണം. | - | 1.95 കോടി |

<u>പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് അനുവദിച്ച തുക സംബന്ധിച്ച വിവരം</u>

| | | | |
|---|---|---|---|
| 1. | പ്രീ-മെട്രിക് ഹോസ്റ്റൽ - അച്ചൻകോവിൽ, കൊല്ലം | - | 5 കോടി |
| 2. | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ - കോടാലിപ്പാറ | - | 3.91 കോടി |
| 3. | പ്രീമെട്രിക് ഹോസ്റ്റൽ - അരുവിളാംചാൽ | - | 3.63 കോടി |
| 4. | പ്രീ-മെട്രിക് ഹോസ്റ്റൽ - കുറ്റിക്കോൽ | - | 4.2 കോടി - |

| | | | |
|---|---|---|---|
| 5. | പ്രീ-മെട്രിക് ഹോസ്റ്റൽ - ബേഡഡുക്ക | - | 4.7 കോടി |
| 6. | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ - നേര്യമംഗലം | - | 5 കോടി |
| 7. | ഹോസ്റ്റൽ കെട്ടിടം വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ - നാട്ടുകാണി | - | 3.42 കോടി |
| 8. | അക്കാഡമിക് ബ്ലോക്ക് കെട്ടിടം - വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ - നാട്ടുകാണി | - | 4.03 കോടി |
| 9. | യൂത്ത് ഹോസ്റ്റൽ, പാലോട് | - | 3.14 കോടി |
| 10. | എം.ആർ.എസ്. ആറളം, കണ്ണൂർ | - | 18.60 കോടി |

ടി പദ്ധതികളുമായി ബന്ധപ്പെട്ട് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ

17 (2560) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട, എത്ര ഭൂരഹിതരായ കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ ഭൂമി ഉണ്ടായിട്ടും ഭവന രഹിതരായിരുന്ന ഇത്തരം എത്ര കുടുംബങ്ങൾ ഉണ്ടായിരുന്നു; ആയത് ഇപ്പോൾ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2011-16-ലെ സർക്കാർ, ഈ വിഭാഗങ്ങളിലെ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനും ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിനുമായി ആകെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിനുള്ളിൽ തന്നെ ഭവനരഹിതരായ മുഴുവൻ കുടുംബങ്ങൾക്കും വീട് വച്ച് നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ 45225 പട്ടികജാതി വിഭാഗ കുടുംബങ്ങൾ ഭൂരഹിതരായിരുന്നു. ഇപ്പോൾ 38236 പട്ടികജാതി വിഭാഗ കുടുംബങ്ങൾ ഭൂരഹിതരാണ്.

ഈ സർക്കാർ അധികാരമേൽക്കുന്ന അവസരത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 12435 ഭൂരഹിതരായ കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടായിരുന്നു. ഇപ്പോൾ 11,520 കുടുംബങ്ങളാണ് ഭൂരഹിതരായിട്ടുള്ളത്. 2017-18-ൽ 108 പേർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേൽക്കുന്ന വേളയിൽ ഭൂമി ഉണ്ടായിട്ടും ഭവനരഹിതരായിരുന്ന 26210 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ 48154 ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർ ഉണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ ഈ സർക്കാർ അധികാരമേൽക്കുന്ന സമയത്ത് ഭൂമിയുണ്ടായിട്ടും ഭവനരഹിതരായ 15149 കുടുംബങ്ങൾ ഉണ്ടായിരുന്നു. ആയത് ഇപ്പോൾ 15176 കുടുംബങ്ങൾ ആയിട്ടുണ്ട്.

(സി) 2011-2016-ലെ സർക്കാർ പട്ടികജാതി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് 59944.59 ലക്ഷം രൂപയും ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിന് 54408.71 ലക്ഷം രൂപയും ചെലവഴിച്ചു.

2011-2016-ലെ സർക്കാർ, പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിന് 45,10,81,536 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്.

2011-2016 കാലയളവിൽ ഭൂമിയുള്ളവർക്ക് വീട് വച്ച് നൽകുന്നതിനായി 288,22,62,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പിൽ, ഭൂമി വാങ്ങുന്നതിനായി ഈ സർക്കാർ നാളിതുവരെയായി 27898.24 ലക്ഷം രൂപയും, വീട് വച്ച് നൽകുന്നതിനായി 465.238 കോടി രൂപയും ചെലവഴിച്ചു.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 4,93,71,524 | 13,37,64,389 |
| 2017-18 | 9,68,94,548 | 4,53,13,073 |
| | ആകെ | 17,90,77,462 |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭവന നിർമ്മാണ പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 202,74,26,520 |
| 2017-18 | 78,07,75,000 |
| ആകെ | 280,82,01,520 |

(ഇ) പട്ടികജാതി വികസന വകുപ്പിൽ 2016-17 വർഷം 14846 വീടുകളും 2017-18 വർഷം 7000 വീടുകളും നിർമ്മിക്കുന്നതിന് ഭൗതികലക്ഷ്യം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഈ സർക്കാർ മുഴുവൻ ഭവനരഹിതരായവർക്കും വീട് നിർമ്മിച്ച് നൽകുന്നതിനായി ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം 4 ലക്ഷം രൂപ നിരക്കിൽ നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഈ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ്മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായ മുഴുവൻ പട്ടിക വർഗ്ഗക്കാർക്കും വീട് അനുവദിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കോളനികളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി

18 (2561) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ കോളനികളിൽ അധിവസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി എത്ര കോളനികൾക്ക്,എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന് ചെലവായ തുക പ്രവൃത്തികൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതന്നും അതിനുവേണ്ടി വരുന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) അനുവദിച്ച ഫണ്ട് തീർന്നതിനലാണോ പ്രവൃത്തി മട്ടങ്ങി കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ ബാക്കിയുള്ള പ്രവൃത്തികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ജി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് തുക പൂർണ്ണമായും നൽകിയോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

| (എ - സി) | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|
| | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കാസർഗോഡ് നിയോജകമണ്ഡലത്തിൽ താഴെപറയുന്ന കോളനികൾക്ക് കോർപ്പസ് ഫണ്ടിൽ നിന്ന് തുക അനുവദിച്ചിട്ടുണ്ട്.<br>കെ. കെ. പുറം പട്ടികജാതി കോളനി,<br>ചെങ്കള - 58,97,300<br>തോട്ടദമൂലെ എസ്.സി.കോളനി,<br>ബെള്ളൂർ - 4,65,000<br>ചോയിമൂലെ എസ്.സി.കോളനി,<br>ബദിയടുക്ക - 4,98,000<br>ചെമ്പെൽ കോളനി എടനീർ - 2,33,000<br>കൊല്യ എസ്.സി.കോളനി മധൂർ - 4,80,000<br>ഉളിയത്തടുക്ക എസ്.സി. കോളനി<br>മധൂർ - 15,00,000 | പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II ൽ ഉൾപ്പെടുത്തിയിരിക്കുന്നു.* |

| | | | |
|---|---|---|---|
| | പച്ചക്കാട് എസ്.സി.കോളനി, മധൂർ - 2,57,700<br><br>കല്ലുക്കൂട്ടം എസ്.സി. കോളനി, ചെങ്കള - 6,00,000<br><br>അജക്കോട് എസ്.സി. കോളനി ചെങ്കള - 2,95,000<br><br>സ്വയംപര്യാപ്ത ഗ്രാമ പദ്ധതി പ്രകാരം കാസർഗോഡ് നിയോജകമണ്ഡലത്തിൽ അമെയ് കോളനിയുടെ വികസനത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകുകയും 25.00 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പ്രവർത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായിI-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.* | | |
| (ഡി) | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം | |
| | സ്വയംപര്യാപ്ത കോളനികളുടെ വികസനത്തിനായി അനുവദിച്ചതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ<br><br>1.കമ്മ്യൂണിറ്റി ഹാൾ പ്ലാസ്റ്ററിംഗ്<br><br>2.അമ്പലത്തിലെ പ്ലാസ്റ്ററിംഗും, വൈദ്യുതീകരണവും<br><br>3. കോളനി ഡ്രെയിനേജ് നിർമ്മാണം | (ഡി-ജി) | ചെങ്കള പഞ്ചായത്തിലെ പിലക്കുടലു കോളനിയെ 2017-18 വർഷത്തെ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപവരെ ചെലവഴിച്ച് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി രൂപീകരണത്തിനായി ഊരുക്കൂട്ടംകഴിഞ്ഞ് ഡി. പി. ആർ. തയ്യാറാക്കുന്നത് |
| (ഇ) | അല്ല | | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | | |
|---|---|---|---|
| (എഫ്) | പ്രവൃത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. | | അന്തിമ ഘട്ടത്തിലാണ്. |
| (ജി) | പ്രവൃത്തി ഏറ്റെടുത്ത ഏജൻസിക്ക് 25.00 ലക്ഷം രൂപ അനുവദിച്ചു നൽകിയിരുന്നു. അംഗീകരിച്ച് നൽകിയ എസ്റ്റിമേറ്റിൽ നിന്നു വ്യതിചലിച്ചു കൊണ്ടുള്ള പ്രവൃത്തികൾ ചെയ്തിരിക്കുന്നതിനാൽ ഏജൻസി റിവൈസ്ഡ് എസ്റ്റിമേറ്റ് ഹാജരാക്കിയാൽ ഉടൻ തന്നെ രണ്ടാം ഗഡു തുക അനുവദിക്കുന്നതാണ്. | | |

**പട്ടികജാതിക്കാർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ**

19 (2562) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്വന്തമായി വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്നതിനും വീടു നിർമ്മിച്ച് നൽകുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്നും എത്ര പട്ടികജാതി കുടുംബങ്ങൾക്ക് വീടു നിർമ്മാണത്തിന് ധനസഹായം നൽകിയെന്നും വെളിപ്പെടുത്താമോ;

(ഇ) ഇത്തരം പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും 2017-18 സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിന്റെ കണക്കു പ്രകാരം 43282 ഭൂരഹിത കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) വകുപ്പിന്റെ കണക്കു പ്രകാരം 47130 ഭവനരഹിതരുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50,000 രൂപയിൽ താഴെ വരുമാനമുള്ളതും സ്വന്തമായി ഭൂമിയില്ലാത്തതുമായ അപേക്ഷകർക്ക് പഞ്ചായത്തുകളിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുൻസിപ്പാലിറ്റികളിൽ 3 സെന്റിന് 4,50,000 രൂപയും കോർപ്പറേഷനിൽ 3 സെന്റിനു 6,00,000 രൂപയും നിരക്കിൽ അനുവദിച്ചു വരുന്നു. ഗുണഭോക്താക്കളെ ഗ്രാമസഭ/ വാർഡ് സഭ ലിസ്റ്റുകളിൽ നിന്നും തെരഞ്ഞെടുക്കുന്നു. വാർഡ് സഭ/ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വകുപ്പ് മുഖേന നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും നിലവിലുള്ള അർഹതാമാനദണ്ഡങ്ങളനുസരിച്ച് ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി നിലവിൽ 3 ലക്ഷം രൂപ ധനസഹായമായി നൽകി വരുന്നു. ടി തുക നിശ്ചിത 4 ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടു വഴി വിതരണം ചെയ്യുന്നു. 2017-18 വർഷം മുതൽ ഭവന നിർമ്മാണ ധനസഹായ പദ്ധതികൾ ഏകോപിപ്പിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 4 ലക്ഷം രൂപ യൂണിറ്റ് കോസ്റ്റിൽ ഭവന നിർമ്മാണ ധനസഹായം നൽകുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ വന്നശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന 7016 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി നൽകി. 20194 പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകി.

(ഇ) ഇത്തരത്തിലുള്ള രണ്ട് പദ്ധതികൾക്കായി 2016-17-ൽ ആകെ 409.39 കോടി രൂപ ചെലവഴിച്ചു. (ഭൂമി - 174.89 കോടി + ഭവനം - 234.50 കോടി)

2017-18-ൽ നാളിതുവരെ 334.81 കോടി രൂപ ചെലവഴിച്ചു. (ഭൂമി - 104.08 കോടി, ഭവനം - 230.73 കോടി)

**കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

20 (2563) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു കോഴ്സ് ഇല്ലാത്തതിനാൽ ഇവിടത്തെ വിദ്യാർത്ഥികൾ ഏറെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഒട്ടുമിക്ക എം.ആർ.എസ്. ലും പ്ലസ് ടു കോഴ്സ് ഉണ്ടായിരിക്കെ എസ്.എസ്.എൽ.സി. ആദ്യ ബാച്ച് പുറത്തിറങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സ്കൂൾ ഹോസ്റ്റലിൽ മതിയായ സൗകര്യം ഇല്ലാത്തതാണ് പ്ലസ് ടു കോഴ്സ് അനുവദിക്കാത്തതിനു കാരണം. ഇവിടെ നിന്ന് എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് മറ്റ് എം.ആർ.എസ്സുകളിൽ മുൻഗണന നല്കി വരുന്നുണ്ട്. ഈ സ്കൂളിന് 5 കോടി രൂപ ചെലവിൽ പുതിയ ഹോസ്റ്റൽ KIIFB-യിൽ പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. ഹോസ്റ്റൽ പണി പൂർത്തിയായാൽ പ്ലസ് ടു ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

## അരൂർ മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നിർവ്വഹണം

21 (2564) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ പട്ടണക്കാട്, തൈക്കാട്ടുശ്ശേരി എന്നി ബ്ലോക്കുകളിലായി ഏതെല്ലാം കോളനികൾ ആണ് ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമ പദ്ധതിയിൽപ്പെടുത്തി അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 2016-17 വർഷത്തിൽ ഏറ്റെടുത്ത ഇത്തിത്തറ കോളനിയിലെ നിർവ്വഹണ ഏജൻസിയായ എഫ് ഐ ടി ഏറ്റെടുത്ത പ്രവൃത്തി കൃത്യസമയത്ത് ചെയ്യാതെ വൈകിയത് നിമിത്തം കോളനിയിലേക്കുള്ള റോഡ് സഞ്ചാര യോഗ്യമല്ലാതായി തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് എത്രയും വേഗം പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ പട്ടണക്കാട് ബ്ലോക്കിൽ നിന്നും കുമ്പഞ്ഞി കോളനിയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. തൈക്കാട്ട്ശ്ശേരി ബ്ലോക്കിൽ നിന്നും ടി പദ്ധതിയിൽ കോളനി തെരഞ്ഞെടുത്തിട്ടില്ല.

(ബി) KITCO എന്ന ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) 2013-14-ൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഏറ്റെടുത്ത ഇത്തിത്തറ കോളനിയിൽ പദ്ധതിയുടെ ഭാഗമായി ചെയ്യാൻ ഉദ്ദേശിച്ച റോഡ് പ്രവൃത്തി വൈകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രവൃത്തി നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) എത്രയും വേഗം പദ്ധതി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുവാൻ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭരതർ, പരവൻ സമുദായം**

22 (2565) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭരതർ, പരവൻ സമുദായത്തെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഈ വിഭാഗത്തിനെ പട്ടികജാതി വിഭാഗത്തിനുള്ള വിദ്യാഭ്യാസ /ജോലി സംവരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമുദായത്തിന്റെ സംസ്കാരം, പാരമ്പര്യം, പരമ്പരാഗത തൊഴിൽ മേഖല എന്നിവ സംബന്ധിച്ച വിഷയങ്ങൾ കിർത്താഡ്സ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഭരതർ, പരവൻ സമുദായത്തെ ക്രമ നമ്പർ 12 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ടി വിഭാഗത്തിന് ലഭിക്കുന്നുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ഭരതർ/പരവൻ സമുദായം കേരളത്തിലുടനീളമുള്ള സമുദായമാണ്. 2011-ലെ സെൻസസ് പ്രകാരം പരവൻ സമുദായത്തിന്റെ ജനസംഖ്യ 35120 ആണ്. സമുദായത്തിലെ സ്ത്രീകൾ പാരമ്പര്യമായി പ്രസവം എടുക്കുന്ന (Midwifery) ജോലിയിലും, പുരുഷന്മാർ ചുണ്ണാമ്പു നീറ്റലിലും (നൂറ്

നീറ്റൽ) ഏർപ്പെട്ടിരിക്കുന്നവരാണ്. ഹെർമ്മൻ ഗുണ്ടർട്ടിന്റെ 1876-ലെ രേഖപ്പെടുത്തലുകളിൽ ഇവരുടെ പാരമ്പര്യ തൊഴിൽ മരം കയറ്റം, കെട്ടിയാട്ടം, ബാധ ഒഴിപ്പിക്കൽ എന്നിവയാണെന്നും കാണുന്നു.

**ചേലക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

23 (2566) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കും ഓരോ കോളനിയിലെ കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ 407 പട്ടികജാതി സങ്കേതങ്ങൾ ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്കും, ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. *

**കൊല്ലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

24 (2567) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിയിലെയും കുടുംബങ്ങളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പട്ടികജാതി പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം മണ്ഡലത്തിലേക്ക് എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2017-18 ൽ കൊല്ലം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*

(ബി & സി) 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ കൊല്ലം മണ്ഡലത്തിലേയ്ക്ക് കോർപ്പസ് ഫണ്ട് പ്രകാരം തുക അനുവദിച്ചിട്ടില്ല.

**പാറശ്ശാല പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ**

25 (2568) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റി ഉള്ള എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ട് എന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനിയിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ട്; ഇവിടെ റോഡ്, കുടിവെള്ളം, ശുചിമുറികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ എന്നുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) പ്രസ്തുത കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്നും പുതിയതായി ഏതെല്ലാം പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്നും അറിയിക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഫീസിബിലിറ്റിയുള്ള പട്ടികജാതി കോളനികളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത് | കോളനികളുടെ എണ്ണം | കോളനികളുടെ പേര് |
|---|---|---|---|
| 1 | പാറശ്ശാല | 1 | പാതിരിയോട് |
| 2 | ആര്യൻകോട് | 5 | ഏതുക്കര, മുന്നാമുക്ക്, മുഴങ്ങിൽ കൈലാസപുരം, കീഴാറ്റൂർ പട്ടികജാതി കോളനി, ഇടവാൽ - പേപ്പാറക്കോണം |
| 3 | കൊല്ലയിൽ | 3 | എ.കെ.ജി. കോളനി പനയംമൂല-കടുക്കാരുവിള<br>പി.ആർ.ഡി.എസ്. കോളനി |
| 4 | ഒറ്റശേഖരമംഗലം | 1 | കുരുവിൽപുറം |

പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും പാറശ്ശാല നിയോജകമണ്ഡലത്തിൽ അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ സങ്കേതത്തെ അംബേദ്കർ ഡെവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) ടി കോളനികളിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം ഇപ്രകാരമാണ്.

| ക്രമ നമ്പർ | കോളനി | കുടുംബങ്ങളുടെ എണ്ണം | അടിസ്ഥാന സൗകര്യങ്ങൾ |
|---|---|---|---|
| 1 | പാതിരി കോളനി | 50 | പ്രസ്തുത കോളനികളിൽ റോഡ്, കുടി |
| 2 | എതുക്കര | 48 | |
| 3 | മുന്നാമുക്ക് | 55 | |

| | | | |
|---|---|---|---|
| 4 | മുഴങ്ങിൽ കൈലാസപുരം | 48 | വെള്ളം, ശുചിമുറി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. |
| 5 | കീഴാറ്റൂർ | 48 | |
| 6 | ഇടവാൽ-പേപ്പാറക്കോണം | 42 | |
| 7 | എ.കെ.ജി. | 45 | |
| 8 | പനയംമൂല-കടുക്കാരുവിള | 60 | |
| 9 | പി.ആർ.ഡി.എസ്. | 47 | |
| 10 | കുരുവിൽപുറം | 46 | |

തെന്മല പട്ടികവർഗ്ഗ സങ്കേതത്തിൽ 52 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. പരിമിതമായ കുടിവെള്ള, ശുചിമുറി സൗകര്യങ്ങളാണ് ടി സങ്കേതത്തിൽ നിലവിൽ ഉള്ളത്. സഞ്ചാരയോഗ്യമായ റോഡുകൾ ഇല്ലാത്ത അവസ്ഥയും നിലവിലുണ്ട്.

(സി) പട്ടികജാതി കോളനിയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പസ് ഫണ്ട്, അംബേദ്കർ സ്വാശ്രയ ഗ്രാമം എന്നീ പദ്ധതികൾ നിലവിലുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും സങ്കേതവികസനത്തിനുള്ള പ്രോജക്ടുകൾ നടപ്പാക്കി വരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിലാകട്ടെ, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് പദ്ധതികൾക്കായി തെരഞ്ഞെടുത്ത തെന്മല പട്ടികവർഗ്ഗ സങ്കേതത്തിൽ പ്രത്യേക ഊരുകൂട്ടം ചേർന്ന് ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കുടിവെള്ള പ്രശ്നം പരിഹരിക്കുക

2. ഊരിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് സാമൂഹ്യ പഠനമുറിയോടു കൂടിയ സൗകര്യം ലഭ്യമാക്കുക.

3. ടോയ്‌ലറ്റ് സൗകര്യം ഇല്ലാത്ത ഭവനങ്ങളിൽ ടോയ്‌ലറ്റ് നിർമ്മിക്കുക.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

26 (2569) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും ഏതെല്ലാം പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏത് നിർവ്വഹണ ഏജൻസി മുഖേനയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെടുങ്ങരൻ കാട്, പനമ്പഴക്കാട് എന്നീ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് പദ്ധതി നിർവ്വഹണം ഏൽപ്പിച്ചിരിക്കുന്നത്.

**ഭവനരഹിതരായ എസ്.സി./എസ്.ടി. കുടുംബങ്ങൾ**

27 (2570) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17, 2017-18 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര എസ്.സി./എസ്.ടി. കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള സഹായം അനുവദിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഒരു വീടിന് എസ്.സി./എസ്.ടി. വിഭാഗത്തിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി വാസയോഗ്യമായ ഭവനമില്ലാത്ത എസ്.സി./എസ്.ടി. കുടുംബങ്ങളുടെ കണക്ക് തയ്യാറാക്കിയിട്ടുണ്ടോ;ഉണ്ടെങ്കിൽ എത്ര കുടുംബങ്ങളെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന വിവിധ പദ്ധതികളിലുൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ അനുവദിച്ച 24,314 കുടുംബങ്ങൾക്ക് 2015-16, 2016-17, 2017-18 വർഷങ്ങളിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി പ്രവർത്തനങ്ങൾക്കായി ചുവടെ പറയുംപ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വർഷം | അനുവദിച്ച തുക |
|---|---|
| 2015-16 | 187,72,62,000 |
| 2016-17 | 206,92,30,000 |
| 2017-18 | 109,01,65,250 |

പട്ടികജാതി വകുപ്പ് മുഖേനയുള്ള ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2015-16 - 5490

2016-17 - 14946

2017-18 - 7000

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നിലവിൽ 3.50 ലക്ഷം രൂപയാണ് ഭവന നിർമ്മാണ ധനസഹായമായി നല്കി വരുന്നത്.

പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച് നൽകുന്ന ഭവന നിർമ്മാണ ധനസഹായം 3 ലക്ഷം രൂപയാണ്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽ സ്വന്തമായി ഭൂമിയുള്ളവരിൽ വാസയോഗ്യമായ ഭവനമില്ലാത്ത 15,176 കുടുംബങ്ങളും, പട്ടികജാതി വിഭാഗത്തിൽ സംസ്ഥാനത്ത് 48154 ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങളുമാണുള്ളത്.

**പട്ടികജാതി, പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ**

28 (2571) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നല്കി എന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിക്കായി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടാണ് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ നല്കിയതും ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം 1/3rd കോർപ്പസ് ഫണ്ട് ഉപയോഗിച്ച് റോഡ് നിർമ്മാണം, റോഡ് കോൺക്രീറ്റ്, നടപ്പാത നിർമ്മാണം, റോഡ് ടാറിംഗ്, റോഡ് സംരക്ഷണഭിത്തി നിർമ്മാണം, ഓടനിർമ്മാണം എന്നീ തരത്തിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 വർഷത്തിൽ 1/3rd കോർപ്പസ് ഫണ്ടിനത്തിൽ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പട്ടികവർഗ്ഗ കോർപ്പസ്

ഫണ്ട് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

2016-17 സാമ്പത്തിക വർഷം

| | | |
|---|---|---|
| 1. | കുന്നേവെളി കോളനി പിച്ചിംഗ് കെട്ടൽ | - 10,00,000 |
| 2. | പുളിമൂട്ടിൽ കോളനി ഭൂമി സംരക്ഷണം | - 3,50,000 |
| 3. | പഴയകാട് കോളനി ഭൂമി സംരക്ഷണം | - 1,13,062 |
| 4. | കഞ്ഞിക്കുഴി കോളനി ഭൂമി സംരക്ഷണം | - 1,90,910 |
| 5. | നെടുംചിറ കോളനി ഭൂമി സംരക്ഷണം | - 7,25,000 |
| 6. | തണ്ണീർമുക്കം കോളനി റോഡ് നവീകരണം | - 1,00,000 |
| | ആകെ | - 24,78,972 |

2017-18 സാമ്പത്തിക വർഷം

| | | |
|---|---|---|
| 1. | പെരുമ്പളം ഗ്രാമപഞ്ചായത്തിലെ 8 പട്ടികവർഗ്ഗക്കാരുടെ ഭൂമി പിച്ചിംഗ് കെട്ടി സംരക്ഷണം | - 11,10,777 |
| 2. | 10 പട്ടികവർഗ്ഗ വനിതകൾക്ക് പശുവളർത്തൽ പദ്ധതിക്കായി ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | - 3,00,000 |
| 3. | ആലപ്പുഴ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിൽ പട്ടികവർഗ്ഗക്കാർക്ക് ഉപയോഗപ്പെടുംവിധം സഹായി സെന്റർ ആരംഭിക്കൽ | - 1,10,000 |
| | ആകെ | - 15,20,777 |

(ബി) മാവേലിക്കര മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് സ്പിൽ ഓവറായി ചെയ്ത പ്രവർത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

2017-18 സാമ്പത്തിക വർഷം പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ മാവേലിക്കര മണ്ഡലത്തിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

29 (2572) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷത്തിൽ സർക്കാർ ഉത്തരവ് (നമ്പർ 16/2017 പ.ജ.പ.വ.വി.വ. തീയതി 16-3-17) പ്രകാരം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ എണ്ണമെത്രയാണ്;

(ബി) ഈ കോളനികളിൽ 31-12-2017 വരെ ഫീസിബിൾ ആയ കോളനികളുടെയും നോൺ ഫീസിബിൾ ആയ കോളനികളുടെയും എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) നോൺ ഫീസിബിൾ ആയ കോളനികൾക്ക് പകരമായി കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമ പഞ്ചായത്തിലെ പാലയാട്നട, മംഗര, ഐ.എച്ച്.ഡി.പി എന്നീ കോളനികളും തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ തിരുത്തി കോളനിയും 2017-18 വർഷത്തെ അംബേദ്ക്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന്അനുമതി നൽകുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ (നമ്പർ 1100/2017) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 18-3-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 15/2017/പജപവവിവ പ്രകാരം 249 കോളനികളെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) 229 കോളനികൾ ഫീസിബിളും 20 കോളനികൾ നോൺ ഫീസിബിളും ആണ്.

(സി) ഒരു നിയോജകമണ്ഡലത്തിൽ നിന്നും ഫീസിബിൾ ആയ രണ്ട് കോളനികളെ വീതം തെരഞ്ഞെടുക്കുവാനേ മാനദണ്ഡ പ്രകാരം കഴിയുകയുള്ളൂ. പകരം സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്.

## പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ ആനുകൂല്യത്തിനുള്ള വ്യവസ്ഥകൾ

30 (2573) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹിതരല്ലാത്തവരും 50 വയസ്സിനു മുകളിൽ പ്രായമുള്ളവരും

അശരണരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) ഏതെല്ലാം ഗണത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാർക്കാണ് ഭവനനിർമ്മാണ ആനുകൂല്യങ്ങൾ നൽകുന്നതെന്നും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും ഭവനനിർമ്മാണ ധനസഹായത്തിന് തെരഞ്ഞെടുത്ത അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിലെ തോട്ടത്തുംപടി നാരായണൻ മകൾ ഓമനയെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായവരും അശരണരുമായവരെ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരാക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. അവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. എന്നാൽ മോശമായ ജീവിത സാഹചര്യങ്ങൾ ഉള്ളവരും അശരണരുമായവർക്ക് നിലവിലെ വ്യവസ്ഥകൾക്ക് ഇളവുവരുത്തി പ്രത്യേക പരിഗണനയിൽ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നുണ്ട്. ഇതിൽ പ്രായപരിധിയില്ല.

(ബി) വീട് നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമിയുള്ള 50,000 രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. ഭവനനിർമ്മാണത്തിനായി വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതും വാസയോഗ്യമായ ഭവനം ഇല്ലാത്തതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കുമാണ് ധനസഹായം നൽകുന്നത്. മുമ്പ് ഭവനനിർമ്മാണ ധനസഹായം ലഭിച്ചവരായിരിക്കരുത് എന്നും വ്യവസ്ഥയുണ്ട്. ഗ്രാമസഭാ ലിസ്റ്റ് നിലവിലില്ലാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ, മുൻപ് ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, കൈവശാവകാശ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അതാത് ബ്ലോക്ക്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ അർഹത പരിശോധിച്ച് ധനസഹായം അനുവദിച്ചുവരുന്നു.

(സി) അരിമ്പൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ പട്ടികജാതി വിഭാഗത്തിലെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന്റെ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ഓമന റ്റി.എൻ., തോട്ടത്തുംപടി വീട്, വെളത്തൂർ എന്നയാൾ അവിവാഹിതയായതിനാലാണ് ഭവന നിർമ്മാണ ധനസഹായം അനുവദിക്കാതിരുന്നത്. അവിവാഹിതയായതിനാൽ പഞ്ചായത്തിന്റെ 'ആശ്രയ' പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി അരിമ്പൂർ ഗ്രാമ പഞ്ചായത്തിന് തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന കത്ത് നൽകിയിട്ടുണ്ട്.

(ഡി) അവിവാഹിതരായവർക്ക് നിലവിലെ വ്യവസ്ഥ പ്രകാരം ധനസഹായം അനുവദിക്കാൻ കഴിയില്ല. പദ്ധതിക്ക് പ്രായപരിധിയില്ല. അശരണരും നിരാലംബരും വാസയോഗ്യമായ വീടില്ലാത്തവരും ഗ്രാമസഭ ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ അവിവാഹിതർക്ക് സർക്കാരിന്റെ പ്രത്യേക അനുമതിക്ക് വിധേയമായി ധനസഹായം നൽകി വരുന്നുണ്ട്.

**അംബേദ്കർ ഗ്രാമം പദ്ധതി**

31 (2574) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതി കോളനികളുടെ വികസനത്തിന് ഫണ്ട് അനുവദിക്കുന്ന സ്കീമിൽ പുതിയ കോളനികളെ ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അൻപതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന മുഴുവൻ അംഗീകൃത പട്ടികജാതി കോളനികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ 2016-17-ൽ 280 സങ്കേതങ്ങൾ തെരഞ്ഞെടുക്കുവാൻ അനുമതി നൽകിയിരുന്നു. അതിൽ 243 സങ്കേതങ്ങൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. 196 സങ്കേതങ്ങൾക്കുള്ള ഒന്നാംഗഡു വിഹിതം നൽകിയിട്ടുണ്ട്. പുതിയ സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്ന കാര്യം അടുത്ത സാമ്പത്തിക വർഷത്തിൽ മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനുള്ള പദ്ധതികൾ**

32 (2575) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെന്തൊക്കെയാണ്; ഇതിനകം എത്ര സങ്കേതങ്ങളിൽ ഈ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതികൾ നടപ്പിലാക്കുന്നതിലെ അഴിമതിയും കെടുകാര്യസ്ഥതയും മൂലം പദ്ധതികളുടെ ഗുണഫലങ്ങൾ പൂർണ്ണതോതിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ, വകുപ്പിന് പുറത്തുള്ള ഒരു ഏജൻസിയെക്കൊണ്ട് പദ്ധതികൾ അവലോകനം ചെയ്യിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടും കൂടിയ ഒരുമുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള 'പഠനമുറി' എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യ നിധിക്ക് അംഗീകാരം നൽകുകയും 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾ പ്രായപൂർത്തി (18 വയസ്) ആകുമ്പോൾ 3 ലക്ഷം രൂപ ലഭിക്കും.

3. ബി.ആർക്, എംഫിൽ, പി.എച്ച്.ഡി. എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നു.

4. പട്ടികജാതി വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി ഒരു മുട്ടയും ഒരു ഗ്ലാസ് പാലും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട നഴ്സിംഗ് പൂർത്തിയാക്കിയ യുവതി യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ പ്രതിമാസം 15000 രൂപ ധനസഹായത്തോടെ നഴ്സിംഗ് പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമ വികസന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 54 സ്വയംപര്യാപ്ത ഗ്രാമങ്ങളിലെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക്/ജില്ലാതല/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസ പദ്ധതി അവലോകന യോഗങ്ങളിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങളിലും പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് പ്രവർത്തന പുരോഗതി വിലയിരുത്തുന്നു.

(ഡി) പ്രസ്തുത സാഹചര്യം നിലവിലില്ല.

**പട്ടികജാതി സങ്കേതങ്ങൾ ആധുനികവൽക്കരിക്കുന്ന പദ്ധതി**

33 (2576) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങൾ ആധുനികവൽക്കരിക്കുന്ന പദ്ധതിയുടെ ഭാഗമായി ഇപ്പോൾ എത്ര കോളനികളിൽ അടിസ്ഥാന സൗകര്യ വികസനമേർപ്പെടുത്തിയിട്ടുണ്ട്; ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റാന്നി നിയോജകമണ്ഡലത്തിൽ ഇതിനകം ഏതൊക്ക കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞുവെന്നറിയിക്കാമോ; ഓരോ കോളനികളിലും എന്തൊക്കെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് നടപ്പാക്കാൻ കഴിഞ്ഞതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ഈ വർഷം പദ്ധതി നടപ്പാക്കുന്നതിനായി ഏതൊക്കെ കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ഡി) ഏതൊക്കെ ഏജൻസികൾ മുഖേനയാണ് പദ്ധതി നടപ്പാക്കുന്നതെന്നും എന്ന് മുതൽ ഇവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം 2012-13, 2013-14 വർഷങ്ങളിൽ 209 എണ്ണവും അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ 2016-17-ൽ 243 ഉം സങ്കേതങ്ങളെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. 306 സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം ഏർപ്പെടുത്തി വരുന്നു. ഇതിനായി നാളിതുവരെ 2,37,35,02,574 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) റാന്നി നിയോജകമണ്ഡലത്തിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ബിമ്മരം കോളനിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ടി കോളനിയിൽ ഭവന പുനരുദ്ധാരണം, റോഡ് കോൺക്രീറ്റിംഗ്, അങ്കണവാടി പുനരുദ്ധാരണം, സാംസ്കാരിക നിലയം പുനരുദ്ധാരണം, കിണർ നിർമ്മാണം, കുടിവെള്ള വിതരണം എന്നീ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി.

(സി) ചാന്തോലിൽ, മോതിരവയൽ 52 ഏക്കർ എന്നീ പട്ടികജാതി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. ചാന്തോലിൽ കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. മോതിരവയൽ 52 ഏക്കർ കോളനിയുടെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കിയിട്ടില്ല.

**അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം**

34 (2577) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഏതൊക്കെ പ്രദേശങ്ങളെ തെരഞ്ഞെടുത്തുവെന്നും ഓരോ പ്രദേശത്തെയും പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കുമോ;

(ബി) തിരുവമ്പാടി മണ്ഡലത്തിൽ തെരഞ്ഞെടുത്ത തടപ്പറമ്പ്, കയ്യിട്ടാപൊയിൽ എന്നീ കോളനികളുടെ പദ്ധതികൾക്ക് അന്തിമ അംഗീകാരം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് അന്തിമ അനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്ത കോളനികളുടെ നിലവിലെ സ്ഥിതി വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) പ്രസ്തുത പദ്ധതികൾക്ക് അന്തിമ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

35 (2578) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭീതിരഹിതമായി ജീവിക്കുന്നതിനുള്ള സാഹചര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസുകളിൽ സ്ഥല സന്ദർശനവും തെളിവെടുപ്പും നടത്തുകയും കുറ്റക്കാരായി കാണുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളെ തടയാനായി ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾ നിയന്ത്രിക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള നിയമ പരിരക്ഷയെക്കുറിച്ച് അവരെ ബോധവൽക്കരിച്ചും പട്ടികജാതി പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചും, പട്ടികജാതി പട്ടികവർഗ്ഗ സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാരീരികവും മാനസികവുമായ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കൗൺസിലിംഗ് ക്ലാസ്സുകളും, ചികിത്സാ സഹായങ്ങളും ധനസഹായങ്ങളും നൽകിയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭീതിരഹിതമായി ജീവിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നുണ്ട്.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോളനികളുടെ നവീകരണം**

36 (2579) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഏതെല്ലാം കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ല പട്ടികജാതി വകുപ്പ് ഓഫീസിൽ നിന്നും നവീകരണത്തിനായി തെരഞ്ഞെടുത്ത കോളനികൾ ഏതെല്ലാമെന്നും ഇനി ഏതെല്ലാം കോളനികൾ പുതിയതായി ഉൾപ്പെടുത്തണമെന്ന് ശിപാർശ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കോളനികളുടെ നവീകരണത്തിനായി നാളിതുവരെ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ഡി) നിലവിൽ പുനരുദ്ധാരണം ആവശ്യപ്പെട്ട പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഇ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പുനരുദ്ധാരണ പ്രവർത്തനത്തിന് 2017-18 ബജറ്റിൽ നിന്നും നാളിതുവരെയായി എത്ര തുക ചെലവാക്കിയിട്ടുണ്ട്; വിശദ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പൊറ്റേക്കളം പട്ടികജാതി കോളനി തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.* കോട്ടക്കൽ നിയമസഭാ മണ്ഡലത്തിലെ തെക്കേക്കര കോളനി പുതുതായി ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ട്.

(സി) ആറ് കോളനികളുടെ എസ്റ്റിമേറ്റ് ലഭിച്ചതിൽ ഇതുവരെ 4 കോളനികളുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി കോളനികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു നടപടികളെടുത്തിട്ടുണ്ട്. നവീകരണ പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല.

(ഡി) അനുബന്ധത്തിൽ പറയുന്ന 27 കോളനികളാണ് എം.എൽ.എ.-മാർ ശിപാർശ ചെയ്തിട്ടുള്ളത്. കൂടാതെ കോട്ടയ്ക്കൽ എം.എൽ.എ. തെക്കേക്കര കോളനിയും ശിപാർശ ചെയ്തിട്ടുണ്ട്.

(ഇ) 2017-18 വർഷത്തിൽ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഒരു കോളനിക്ക് 50 ലക്ഷം രൂപ നിരക്കിൽ രണ്ട് കോളനികൾക്ക് ഒരു കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അംബേദ്കർ ഗ്രാമവികസന പരിപാടി

37 (2580) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് കോളനിയിലും കളമശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത കോളനികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17-ൽ അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തിയ ആലുവ നിയോജകമണ്ഡലത്തിലെ മലയൻകാട് വെസ്റ്റ് കോളനിയിലും കളമശ്ശേരി നിയോജകമണ്ഡലത്തിലെ കുന്നുകര പട്ടികജാതി കോളനിയിലും എം. എൽ. എ. യുടെ അദ്ധ്യക്ഷതയിൽ 20-10-2017-ന് പ്രാഥമിക യോഗം ചേർന്നിരുന്നു. നിർമ്മാണ പ്രവൃത്തികൾ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് ഏൽപ്പിച്ചിരുന്നതെങ്കിലും എം. എൽ. എ. യുടെ 12-12-2017-ലെ കത്ത് പ്രകാരം പദ്ധതി നിർവ്വഹണം KEL എന്ന ഏജൻസിയെ ചുമതലപ്പെടുത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) ഏജൻസി ഹാജരാക്കുന്ന എസ്റ്റിമേറ്റിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അംഗീകാരം നൽകുന്നതോടെ പദ്ധതി നിർവ്വഹണത്തിന് തുടക്കമാകും.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത കോളനികളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

കുന്നുകര പട്ടികജാതി കോളനി

1. കുടിവെള്ള പദ്ധതി

2. ടോയ്‌ലറ്റ് നിർമ്മാണം

3. ഭവന പുനരുദ്ധാരണം

4. സോളാർ ലൈറ്റ്

5. റോഡുകൾ

6. ടൈൽസ് വർക്ക്

7. കോളനി സൈഡ് കെട്ട്

8. സ്വയം സഹായ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭം

മലയൻകാട് വെസ്റ്റ് പട്ടികജാതി കോളനി

1. കുടിവെള്ള പദ്ധതി

2. ആശയവിനിമയ സൗകര്യം

3. സംരക്ഷണ ഭിത്തി

4. വൈദ്യുതീകരണം

5. സോളാർലൈറ്റ്

6. മാലിന്യ നിർമ്മാർജ്ജനം

7. വീട് അറ്റകുറ്റപ്പണി

8. ടോയ്‌ലറ്റ് നിർമ്മാണം

9. മൃഗസംരക്ഷണം

10. മെയിൻ റോഡ് ടൈൽ പാകൽ

11. ഓഡിറ്റോറിയം നിർമ്മാണം

12. കാന നിർമ്മാണം

**അംബേദ്കർ ഗ്രാമപദ്ധതി**

38 (2581) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമപദ്ധതി പ്രകാരം അതിയന്നൂർ പഞ്ചായത്തിലെ ഭാസ്കർനഗർ, പൂഴിക്കുന്ന് എന്നീ സ്ഥലങ്ങളിൽ അനുവദിച്ച പദ്ധതിക്ക് നിർമ്മിതി കേന്ദ്രം നൽകിയ ഒരു കോടി രൂപയുടെ ഡി.പി.ആർ.-ന് തിരുവനന്തപുരം ജില്ലാ പട്ടികജാതി ഓഫീസ്

ഡെവലപ്മെന്റ് വിഭാഗം ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന്റെ കാലാവധി എത്ര മാസമാണെന്നും ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) 2018-19-ൽ അംബേദ്ക്കർ ഗ്രാമ പദ്ധതി നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എത്രകോടിയുടെ പദ്ധതിയാണ് ഓരോ നിയോജകമണ്ഡലത്തിലും അനുവദിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പട്ടികജാതി കോളനികൾ നവീകരിക്കുന്നതിനായി മുൻപ് അനുവദിച്ചിരുന്ന കോർപ്പസ് ഫണ്ട് 2018-19 വർഷത്തിൽ അനുവദിക്കുമോ;

(ഇ) എങ്കിൽ എത്ര ലക്ഷം രൂപ വീതം ഓരോ മണ്ഡലത്തിലും അനുവദിക്കുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

ഭാസ്കർ നഗർ, പൂഴിക്കുന്ന് കോളനികളുടെ കർമ്മപരിപാടിക്ക് ഭരണാനുമതി ഉത്തരവ് നൽകിയത് 28-3-2017-നാണ്. ടി കോളനികളിൽ ഭാസ്കർ നഗർ കോളനിയുടെ ഡി.പി.ആർ.-ന് 18-1-2018-നും പൂഴിക്കുന്ന് കോളനിയുടെ എസ്റ്റിമേറ്റിന് 22-11-2017-നും അംഗീകാരം നൽകിയിട്ടുണ്ട്. ടി കോളനികളിലെ പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) MOU ഒപ്പുവെച്ച് 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കേണ്ടതാണ്. ഭരണാനുമതി നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(സി - ഇ) ഇക്കാര്യത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ**

39 (2582) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)

1. ഗോത്രജീവിക

2. സാമൂഹ്യ പഠനമുറി

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

4. ഗോത്ര വാത്സല്യ നിധി

5. പി. കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി

(ബി) 1. ഗോത്രജീവിക

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും, കേരള സർക്കാർ സ്വയം ഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ വച്ച് പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ഗോത്രജീവിക' എന്ന പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.

പട്ടികവർഗ്ഗക്കാർക്കുള്ള സ്വയം തൊഴിൽ പദ്ധതി പ്രകാരം 5 പേർക്ക് ഡ്രൈവിംഗ് പരിശീലനം, 30 പേർക്ക് വസ്ത്ര നിർമ്മാണ പരിശീലനം എന്നിവ നൽകുന്നതിന് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാ പട്ടിക തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. സാമൂഹ്യ പഠനമുറി

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമിട്ടുള്ള ടി പദ്ധതിക്ക് 8 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

3. <u>അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം</u>

2017-18 സാമ്പത്തിക വർഷത്തെ പദ്ധതി നിർദ്ദേശങ്ങളിൽ അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം (പുതുക്കിയ എ.ടി.എസ്.പി./പ്രത്യേക പാക്കേജ്) എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

പദ്ധതിയിൽ ഉൾപ്പെടുത്തി 7 കോളനികളിൽ ഒരു കോടി രൂപയുടെ വിവിധ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. <u>ഗോത്ര വാത്സല്യ നിധി</u>

പട്ടികവർഗ്ഗ വിഭാഗത്തിലെ 1-4-2017-ന ശേഷം ജനിച്ചിട്ടുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യ നിധി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രസ്തുത പദ്ധതിയിൽ ദേവികുളം നിയോജകമണ്ഡലത്തിൽ നിന്നും 38 പട്ടികവർഗ്ഗ പെൺകുട്ടികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

5. <u>പി. കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി</u>

പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന ഒറ്റപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ഇവരുടെ എണ്ണം വളരെ കുറവായതിനാൽ പലപ്പോഴും പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കണമെന്നില്ല. ഇത്തരം കുടുംബങ്ങൾ ഓരോന്നിനെയും ദാരിദ്ര്യത്തിൽ നിന്നും കരകയറ്റുന്നതിന് മൈക്രോപ്ലാനുകൾ തയ്യാറാക്കണം. ഇതിനായുള്ള സർവ്വേ പൂർത്തീകരിച്ചു വരുന്നു.

പട്ടികവർഗ്ഗ ഊരുകൾക്ക് പുറത്ത് ചിന്നിചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതിയിൽ ദേവികുളം നിയോജകമണ്ഡലത്തിൽ നിന്നും 171 പേരെ തെരഞ്ഞെടുത്തിട്ടുണ്ട്.

**ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ**

40 (2583) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾക്കായി പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത്, ആയത് തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി നടപടികൾ നേരിടുന്ന എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) ഇതിൽ പട്ടികജാതിക്കാരുടേത് എത്രയെണ്ണമെന്നും പട്ടികവർഗ്ഗക്കാരുടേത് എത്രയെണ്ണമെന്നും അറിയിക്കുമോ;

(സി) ജപ്തി നടപടികൾ നേരിടുന്നവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 3551

(ബി) പട്ടികജാതി - 3500

പട്ടികവർഗ്ഗക്കാർ - 51

(സി & ഡി) സർക്കാർ ഉത്തരവ് (പി) നമ്പർ 118/2016 ധന. തീയതി 20-8-2016 കടാശ്വാസ പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ജപ്തി ഭീഷണി നേരിടുന്ന വായ്പകളിലും കടാശ്വാസം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളിലെ വായ്പ തുകയുടെ ഇരട്ടിയോ അതിലധികമോ തിരിച്ചടവ് വന്നിട്ടുള്ള വായ്പകളിൽ ശേഷിക്കുന്ന തുക പൂർണ്ണമായും എഴുതിത്തള്ളുന്നു. കൂടാതെ വായ്പാ തുകയും അതിന്റെ പകുതി തുകയും തിരിച്ചടച്ചിട്ടുള്ളവർക്ക് ശേഷിക്കുന്ന തുക 24 പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കാവുന്ന വിധത്തിൽ പുനഃക്രമീകരിച്ച് നല്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ജില്ലകളിൽ സംഘടിപ്പിക്കുന്ന റവന്യൂ റിക്കവറി അദാലത്തുകളിൽ പങ്കെടുത്ത് വായ്പാ കണക്ക് അവസാനിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് 31-3-2017-ന് ശേഷമുള്ള 2% പിഴപ്പലിശയും നോട്ടീസ് ചാർജ്ജും പൂർണ്ണമായി ഒഴിവാക്കുന്നുണ്ട്.

**പട്ടികജാതിക്കാർക്കായുള്ള കടാശ്വാസ പദ്ധതി**

41 (2584) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കായി ഈ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ കടാശ്വാസ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിലൂടെ എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഈ വിഭാഗത്തിന് ലഭ്യമായതെന്നറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ, പട്ടികജാതിക്കാരുടെ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം ഏതൊക്കെ തരത്തിലുള്ള വായ്പകളാണ് എഴുതി തള്ളിയത്;

(സി) പ്രസ്തുത വായ്പ കുടിശ്ശിക/കടാശ്വാസ പദ്ധതി പട്ടികജാതിക്കാരുടെ സാമൂഹ്യാവസ്ഥയിൽ ഏത് തരത്തിലുള്ള മാറ്റമാണ് കൊണ്ടുവന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്ത വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് മുതലിന്റെ ഇരട്ടിയെങ്കിലും തിരിച്ചടച്ച വായ്പകളിലെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ടും ഒന്നരയിരട്ടി തിരിച്ചടച്ച വായ്പകളിൽ രണ്ടിരട്ടി എത്തുന്നതുവരെയുള്ള കുടിശ്ശിക തുക 24 പ്രതിമാസ ഗഡുക്കളായി പുനഃക്രമീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനായി 4,74,777.13 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിന് പുറമേ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 1096 ഗുണഭോക്താക്കൾക്കായി 6,33,30,217.91 രൂപ ചെലവഴിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ കുടിശ്ശിക എഴുതി തള്ളുന്നതിനായി 88,79,64,000 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) സഹകരണ ബാങ്കുകൾ, കേരള ഖാദി ഗ്രാമവികസന ബോർഡ്, വ്യവസായ വാണിജ്യ വകുപ്പ് എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-3-2006-ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ കുടിശ്ശികയായ 50,000 രൂപവരെയുള്ള തുകയും കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും പിഴപ്പലിശയും ചേർത്ത് കുടിശ്ശികയായ ഒരു ലക്ഷം രൂപവരെയുള്ള തുകയും എഴുതി തള്ളുന്നതിന് സ.ഉ.(പി) നമ്പർ 24/2015/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരവും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത്

7728 കുടുംബങ്ങൾക്ക് മാത്രമാണ് കടാശ്വാസം ലഭ്യമാക്കിയത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്കീമിൽ കടാശ്വാസത്തിലേയ്ക്കായി 88.54 കോടി രൂപ അനുവദിച്ചു. അതിനുപുറമേ ട്രഷറി നിയന്ത്രണംമൂലം മുൻസർക്കാരിന്റെ കാലത്ത് തടഞ്ഞ് വച്ചിരുന്ന 44 കോടി രൂപയും റിലീസ് ചെയ്ത് നൽകി. കൂടാതെ 69,413 പേർക്ക് കടാശ്വാസത്തിന്റെ ആനുകൂല്യം നൽകാൻ കഴിഞ്ഞു.

(സി) പ്രസ്തുത വായ്പാ കുടിശ്ശിക എഴുതി തള്ളൽ പദ്ധതി/കടാശ്വാസ പദ്ധതിയിലൂടെ പട്ടികജാതി വിഭാഗക്കാർ വിവിധ ഏജൻസികളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എടുത്ത വായ്പകളിൽ തിരിച്ചടവ് കാലാവധി പൂർത്തിയായ വായ്പകളിലെ കുടിശ്ശിക ഒഴിവാക്കി ലഭിച്ചതിലൂടെ വായ്പാ സ്ഥാപനത്തിന്റെ ജപ്തിയുൾപ്പെടെയുള്ള റിക്കവറി നടപടികളിൽ നിന്ന് രക്ഷ നേടുവാനും ഈടായി നൽകിയ സ്വത്തുവകകൾ തിരികെ ലഭിക്കുന്നതിനും അതുവഴി സുരക്ഷിതമായ സാമൂഹ്യ ജീവിതം ഉറപ്പാക്കാനും കഴിഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്.

## എസ്. സി. കോർപ്പസ് ഫണ്ട്

42 (2585) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദവിവരം നൽകാമോ?

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ?

### ഉത്തരം

(എ & ബി) 2016-17, 2017-18 വർഷങ്ങളിൽ വാമനപുരം നിയോജക മണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഫയർ ഫയിറ്റിങ്ങിൽ മെഡലുകൾ കരസ്ഥമാക്കിയ അപർണ്ണ ലാലുവിന്റെ അപേക്ഷ

43 (2586) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ ഫയിറ്റിങ്ങിൽ നിരവധി മെഡലുകൾ കരസ്ഥമാക്കിയിട്ടുള്ള, എറണാകുളം ജില്ലയിലെ പനങ്ങാട് കരയിൽ, ചേപ്പനം, കണ്ണാറത്ത് വീട്ടിൽ ശ്രീമതി അപർണ്ണ ലാലുവിന് സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പരിശീലനം ലഭിക്കുന്നതിനും പരിശീലനത്തിന് സഹായം ലഭിക്കുന്നതിനുമായി പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

കുമാരി അപർണ്ണ ലാലു സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രവേശനം ലഭിക്കുന്നതിന് അപേക്ഷിച്ചിരിക്കുകയാണ്. പ്രവേശനം ലഭിച്ച ശേഷം മാത്രമേ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ആലത്തൂർ മണ്ഡലങ്ങളിലെ പദ്ധതികൾ

44 (2587) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളും പദ്ധതികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം പ്രസ്തുത വിഭാഗങ്ങൾക്കായി ആലത്തൂർ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം, ഭവന നിർമ്മാണം, ഭവന നവീകരണം, ഫുഡ് സപ്പോർട്ട് പ്രോഗ്രാം, കുടിവെള്ള വിതരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പട്ടികജാതി വകുപ്പ് ആലത്തൂർ മണ്ഡലത്തിലെ നെടുങ്ങരൻകാട്, പനമ്പൻക്കാട് എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ഇതിൽ നെട്ടങ്ങരൻകാട് കോളനിയിലെ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ടി കോളനിയിൽ താഴെ പറയുന്ന പ്രവൃത്തികൾ നടത്താനുദ്ദേശിക്കുന്നു.

1. Side protection work

2. RCC Road work

3. House repair work

4. Water supply and Borewell, Electrical line

പനമ്പഴക്കാട് കോളനിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടില്ല.

ഇതിനുപുറമെ നടപ്പ് പദ്ധതികളായ ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ തുടങ്ങിയ പദ്ധതികൾക്കും പഠനമുറി, വാത്സല്യനിധി എന്നീ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്.

പിന്നോക്ക വിഭാഗ വികസന വകുപ്പിൽ മണ്ഡലാടിസ്ഥാനത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി) ഫുഡ് സപ്പോർട്ട് പ്രോഗ്രാം, ഭവന നിർമ്മാണം, ഭവന നവീകരണം, കണിച്ചിപ്പരിത കുടിവെള്ള പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

പട്ടികജാതി വകുപ്പ് ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ, പഠനമുറി, വാത്സല്യനിധി എന്നീ പദ്ധതികൾക്കു പുറമെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംബേദ്കർ ഗ്രാമവികസന പരിപാടിയും കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നു. ആയതിന്റെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

**കോർപ്പസ് ഫണ്ട്**

45 (2588) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള കോർപ്പസ് ഫണ്ട് എറണാകുളം ജില്ലയ്ക്ക് 2016-2017, 2017-2018 സാമ്പത്തിക വർഷത്തിൽ അനുവദിച്ചത് നിയോജകമണ്ഡലാടിസ്ഥാനത്തിൽ എത്രയാണെന്നുള്ളതും എന്തെല്ലാം പ്രവൃത്തികൾക്കായാണെന്നും വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി വില്ലേജിലെ അത്തിത്തറ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പരുത്തിത്തറ കോളനിയിലെ അപ്രോച്ച് റോഡില്ലാത്തതിനാൽ ഗതാഗതത്തിന് തടസമായിരിക്കുന്ന കൾവർട്ടിന്റെ പൂർത്തീകരണത്തിനും തുക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയ്ക്ക് കോർപ്പസ് ഫണ്ടിനത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ ഇടക്കൊച്ചി വില്ലേജിലെ അത്തിത്തറ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 8,70,000 രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പരുത്തിത്തറ കോളനിയിലെ കൾവെർട്ട് നിർമ്മാണ പദ്ധതി കൊച്ചി കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതിയാണ്. പദ്ധതിയുടെ ഭാഗമായ അപ്രോച്ച് റോഡ് നിർമ്മാണം വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

46 (2589) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെടുന്നതും കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ ഭാഗമായി വരുന്നതുമായ തദ്ദേശസ്ഥാപനങ്ങളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബ്ലോക്കുകളിൽ 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് പ്രകാരം ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ - സി) 2016-17 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽപ്പെടുന്നതും കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ ഭാഗമായി വരുന്നതുമായ തദ്ദേശ സ്ഥാപനങ്ങളിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

2017-18 സാമ്പത്തിക വർഷം എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ചും 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ചും പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

**പട്ടികജാതി വികസന ഓഫീസറുടെ തസ്തികകൾ**

47 (2590) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ പട്ടികജാതി വികസന ഓഫീസറുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ള നഗരസഭകളിൽ ഒന്നായ കൊണ്ടോട്ടി നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2 തസ്തിക സൃഷ്ടിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിക്കുന്ന പരിഹാര മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ഇരുപതിനായിരത്തോളം പട്ടികജാതി ജനസംഖ്യയുള്ള കൊണ്ടോട്ടി ബ്ലോക്കിൽ ഭരണ സൗകര്യത്തിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 19 നഗരസഭകളിൽ 19 പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലുണ്ട്. പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ലാത്ത ബ്ലോക്ക്/നഗരസഭകളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊണ്ടോട്ടി നഗരസഭയിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക നിലവിലില്ല. കൊണ്ടോട്ടി നഗരസഭ പ്രദേശത്തെ പട്ടികജാതി വികസന വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ചുമതല കൊണ്ടോട്ടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**കോർപ്പസ് ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ**

48 (2591) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ൽ ആറൻമുള മണ്ഡലത്തിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ആറൻമുള നിയോജകമണ്ഡലത്തിൽപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിൽ 2017-18-ൽ കോർപ്പസ് ഫണ്ട് പ്രകാരം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ - സി) 2016-17-ൽ പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ആറൻമുള മണ്ഡലത്തിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ 22 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതിൽ 21 എണ്ണം പൂർത്തീകരിച്ചു. (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*).

2017-18-ൽ കോർപ്പസ് ഫണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ആറൻമുള മണ്ഡലത്തിൽപ്പെടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി നീക്കിവച്ച തുക

49 (2592) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി ചെലവഴിച്ച തുക ഏതൊക്കെ മേഖലകളിലാണ് എന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി വിദ്യാഭ്യാസം, ഭവനം, ഭൂമി വാങ്ങി നല്കൽ, തൊഴിൽ, നൈപുണ്യ വികസനം, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തിക വികസനം, സാമൂഹ്യക്ഷേമം, സാംസ്കാരികം, നിയമാധിഷ്ഠിത സേവനം തുടങ്ങിയ മേഖലകളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയും പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധം 2 ആയും ചേർത്തിരിക്കുന്നു*.

## പട്ടികജാതി നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം

50 (2593) ശ്രീ. പി . ഉബൈദുള്ള :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി നഴ്സിങ് ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് പ്രോഗ്രാം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രോഗ്രാം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർക്കാർ ആശുപത്രികളിൽ നിയമനം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) ബി.എസ്.സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ് എന്നീ കോഴ്സുകൾ പാസ്സായവരും, +2 സയൻസ് ഗ്രൂപ്പെടുത്ത് പഠിച്ചവരുമായ പട്ടികജാതി യുവതി യുവാക്കളെ ഒരു മാസത്തെ പ്രത്യേക പരിശീലനം നൽകി 80 താലൂക്ക് ആശുപത്രികളിൽ ഒരാൾ വീതവും 18 ജില്ല/ജനറൽ ആശുപത്രികളിൽ 3 പേർ വീതവും (ആകെ 314) 15,000 രൂപ വീതം പ്രതിഫലം നൽകി കരാർ അടിസ്ഥാനത്തിൽ രണ്ടു വർഷത്തേയ്ക്ക് നഴ്സായി നിയമിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം

51 (2594) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനത്തിനും പുരോഗതിക്കുമായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്ര ശതമാനം പേർ ഇപ്പോഴും നിരക്ഷരരായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ആയവരുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് സർക്കാർ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രീമെട്രിക്-പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ 23-7-2016-ലെ സ. ഉ.(പി) നമ്പർ 4/2016/ പജപവവിവ. ഉത്തരവുപ്രകാരം 25% വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളിൽ 5 മുതൽ 8 വരെ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ പ്രാഥമിക ചെലവുകൾ നിർവ്വഹിക്കുന്നതിനായി 2,000 രൂപ അനുവദിക്കുന്ന പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി നടപ്പിലാക്കി.

സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ നൃത്ത/സംഗീത വിഷയങ്ങൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്തെ പട്ടികജാതി വിഭാഗം ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 1 ലക്ഷം രൂപവരെ വാർഷിക

കുടുംബ വരുമാനമുള്ള ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 120 square feet വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 5000 പേർക്ക് 2017-18 വർഷം ആനുകൂല്യം ലഭിക്കും.

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 49-10-2017-ലെ സ.ഉ.(എം.എസ്) നമ്പർ 81/2017/പജപവവിവ. പ്രകാരം ഈ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 7 ഐ.റ്റി.ഐ.കൾ റസിഡൻഷ്യൽ ഐ.റ്റി.ഐ.കളാക്കി വകുപ്പിന്റെ എല്ലാ ഐ.റ്റി.ഐ.കളിലും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകിത്തുടങ്ങി.

നീറ്റ് മെറിറ്റിൽനിന്ന് സംസ്ഥാന എൻട്രൻസ് കമ്മീഷണർ അലോട്ട് ചെയ്യുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുവാൻ നടപടിയെടുത്തു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 100 സാമൂഹ്യ പഠനമുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി. റ്റി. സി., ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി, ആദ്യ ഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻപ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2008-ലെ സോഷ്യോ-എക്കണോമിക് സർവ്വേ പ്രകാരം കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത നിരക്ക് 74.44 ശതമാനവും 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരത നിരക്ക് 75.85 ശതമാനവുമാണ്. വിവിധ സമുദായങ്ങളിൽ വിവിധ സാക്ഷരത നിരക്കാണ്

രേഖപ്പെടുത്തുന്നത്. ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗക്കാരായ കാടർ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ, ചോലനായ്ക്കൻ എന്നീ 5 സമുദായങ്ങളിൽ ആകെ 60.02 ശതമാനം സാക്ഷരത നിരക്കാണുള്ളത്. ഇതിൽ ഏറ്റവും കുറവ് സാക്ഷരത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് ചോലനായ്ക്കൻ സമുദായത്തിനാണ് (39.63 ശതമാനം).

കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന നിരക്ഷരരായിട്ടുള്ളവരുടെ ഉന്നമനത്തിനായി സർക്കാർ, കേരള സംസ്ഥാന സാക്ഷരത മിഷൻ മുഖേന 4, 7, 10, +2 എന്നീ ക്ലാസ്സുകളിലേയ്ക്കുള്ള തുല്യതാ പരീക്ഷ നടത്തി വരുന്നു. കൂടാതെ പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽ നിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും "സമഗ്ര ആദിവാസി സാക്ഷരതാ തുല്യതാ പരിപാടി" സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ**

52 (2595) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) 2017 മാർച്ച് 31 വരെ ഇതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വകയിരുത്തിയ തുക പൂർണമായും വിനിയോഗിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി 2785.32 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി 823.46 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി 2162.62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി 687.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതികളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതിനുള്ള കാലതാമസവും, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസവുമാണ് പദ്ധതി ചെലവ് 100% പൂർത്തീകരിക്കാൻ കഴിയാത്തത്.

**ഗോത്രജീവിക പദ്ധതി**

53 (2596) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത വിഭാഗക്കാരുടെ തൊഴിൽ തത്പരത വർദ്ധിപ്പിക്കുന്നതിനും അവർക്ക് അനുയോജ്യമായ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ സമഗ്ര വികസനം, ലക്ഷ്യമാക്കി വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യം വികസനം എന്നീ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. സങ്കേതങ്ങളിൽ പഠനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ സാമൂഹിക പഠനമുറി

2. ഗോത്രഭാഷ അറിയാവുന്ന അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കുന്ന ഗോത്രബന്ധു പദ്ധതി

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

4. ഗോത്ര വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി

5. സമഗ്ര ആരോഗ്യ പദ്ധതി

6. പട്ടികവർഗ്ഗക്കാർക്ക് ഭക്ഷ്യ സഹായ പദ്ധതി

7. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി

8. ഭവന രഹിതർക്ക് ഭവന നിർമ്മാണ പദ്ധതി

9. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ

10. ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി

11. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

12. സമ്പൂർണ്ണ കുടിവെള്ള പദ്ധതി

13. ജീവനോപാധി പ്രവർത്തനങ്ങൾ / സ്വയം തൊഴിൽ പദ്ധതികൾ

14. അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

15. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിന് ഗോത്രസാരഥി പദ്ധതി

16. വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, കൊഴിഞ്ഞു പോക്ക് തടയുക, ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുക, എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് സാമൂഹ്യ പഠനമുറി, ഗോത്രബന്ധു പദ്ധതികൾ

17. പട്ടികവർഗ്ഗ പെൺകുട്ടികളുടെ ശാക്തീകരണത്തിനായി ഗോത്രവാത്സല്യനിധി പദ്ധതി

18. തൊഴിലവസരം സൃഷ്ടിക്കുന്നതിനായി വിവിധ നൈപുണ്യ വികസന പരിശീലനം

19. പി.കെ. കാളൻ കുടുംബ ക്ഷേമ പദ്ധതി

(ബി) പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കി വരുന്നു.

2016-17 സാമ്പത്തിക വർഷം മുതൽ ഗോത്രജീവിക എന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽരഹിതരായ 1170 പേരെ അഭിമുഖത്തിലൂടെ കണ്ടെത്തി അവർക്ക് കെട്ടിട നിർമ്മാണ അനുബന്ധമേഖലയിൽ പരിശീലനം നൽകി വരുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, ആയത് പ്രവർത്തന

ക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് സൊസൈറ്റികൾ, വ്യക്തിഗത യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത വിഭാഗക്കാർക്ക് തൊഴിൽ തൽപ്പരത വർദ്ധിപ്പിക്കുന്നതിനും അവർക്കനുയോജ്യമായ സ്വയം തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുമായി പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലിനും നൈപുണ്യവികസന പരിശീലനത്തിനുമുള്ള സഹായം പദ്ധതി നിലവിലുണ്ട്.

- നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ട് മാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യപരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കി വരുന്നു.

2016-17 വർഷം മുതൽ ഗോത്രജീവിക എന്ന പദ്ധതി പ്രകാരം 1170 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തന ക്ഷമമാക്കുന്നതിനുമുള്ള സഹായം നൽകുന്നതിനായി 3.34 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

ഡെസ്ക്ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ്, മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് തുടങ്ങിയ ഐ.റ്റി. മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിന് വകുപ്പിന്റെ കീഴിൽ ഒരു സെന്റർ ഓഫ് എക്സലൻസ് തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് 3.08 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 240 കുട്ടികൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വനിതകൾക്ക് ആധുനിക രീതിയിലുള്ള വസ്ത്രനിർമ്മാണത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പുവരുത്തുന്നതിന് അട്ടപ്പാടിയിൽ അപ്പാരൽ പാർക്ക് ആരംഭിക്കുന്നതിന് 2.67 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിലൂടെ 250 വനിതകൾക്ക് 6 മാസത്തെ പരിശീലനം നൽകി, തൊഴിൽ ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു.

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയ്സ്മെന്റ് ഉറപ്പുവരുത്തുന്നു.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF) മുഖേന 351 പേർക്ക് വിവിധ സാങ്കേതിക വിഷയങ്ങളിൽ പരിശീലനം നൽകി പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.

2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി (CBPST) മുഖേന പ്ലാസ്റ്റിക് നിർമ്മാണ മേഖലയിൽ 50 പേർക്ക് പരിശീലനത്തിലൂടെ പ്ലെയ്സ്മെന്റ് ഉറപ്പു വരുത്തി.

3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (ECIL) മുഖേന അട്ടപ്പാടിയിൽ ഡി.സി.എ. കോഴ്സ് പരിശീലനം നൽകി 21 പേർക്ക് പ്ലെയ്സ്മെന്റ് ലഭ്യമാക്കി.

4. എത്തിയോസ് (Atheos) എന്ന സ്ഥാപനം മുഖേന ഹോട്ടൽ മാനേജ്മെന്റിൽ 125 പേർക്ക് പരിശീലനം നൽകി പ്ലെയ്സ്മെന്റ് നടപടികൾ സ്വീകരിച്ചു വരുന്നു.

5. സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (C-DIT) മുഖേന 60 കുട്ടികൾക്ക് മീഡിയ ടെക്നോളജിയിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

ഇതിനു പുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി

- മിൽമ മുഖേന മലപ്പുറം, എറണാകുളം, കാസർഗോഡ്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ 450 പേർക്ക് ഡയറി യൂണിറ്റുകളും മിൽമ ഉല്പന്നങ്ങളുടെ വിപണനകനോപ്പികളും ആരംഭിക്കുന്നതിന് 12.24 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

കുടുംബശ്രീ മുഖേന പട്ടികവർഗ്ഗക്കാരുടെ സുസ്ഥിര വികസന പദ്ധതിക്കായി 3.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന മോഡേൺ മീറ്റ് ഷോപ്പ് സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് 30 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

കൂടാതെ പട്ടികവർഗ്ഗ സഹകരണ സ്വയം സഹായ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പരിപാടികൾ നടപ്പാക്കി വരുന്നു.

വകുപ്പിന്റെ ജില്ലാ ഓഫീസുകൾ വഴി ആർട്ടിക്കിൾ 275(1), കോർപ്പസ് ഫണ്ട്, എസ്.സി.എ. ടു ടി.എസ്.പി. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ പറയുന്ന മേഖലകളിൽ തൊഴിൽ പരിപാടികൾ നടപ്പിലാക്കി വരുന്നു:

1. കൃഷി

2. പശു, ആട്, പന്നി, കോഴി വളർത്തൽ

3. തയ്യൽ യൂണിറ്റുകൾ

4. വയറിംഗ്

5. ഫാഷൻ ഡിസൈനിംഗ്

6. സിവിൽ, ആർക്കിടെക്ചർ, ഡ്രാഫ്റ്റിംഗ് പരിശീലനം ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം

7. ചെറുകിട വ്യാപാരം

8. യന്ത്രസഹായത്തോടെ കാട് വെട്ടൽ, മരം മുറി

9. കുട നിർമ്മാണം

10. റബ്ബർ റോളർ വിതരണം

11. ഫോട്ടോസ്റ്റാറ്റ് മെഷീൻ

12. കലാട്രൂപ്പുകൾക്ക് തൊഴിൽ സംഗീത ഉപകരണങ്ങൾ

13. ലൈറ്റ് - ഹെവി മോട്ടോർ ഡ്രൈവിംഗ്

14. കയർ ഉത്പാദനം

15. കമ്പ്യൂട്ടർ ട്രെയിനിംഗ്

16. മെഴുകുതിരി നിർമ്മാണം

17. കരകൗശല ഉൽപ്പന്നങ്ങൾ

18. ഫർണിച്ചർ ഉത്പാദനം

**വേട്ടുവ സമുദായക്കാർക്കുള്ള ആനുകൂല്യങ്ങൾ**

54 (2597) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പഞ്ചായത്തിൽ വരുന്ന വേട്ടുവ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത വിഭാഗക്കാർക്ക് പട്ടികവർഗ്ഗത്തിന് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ചെറുപുഴ പഞ്ചായത്തിലെ വേട്ടുവ സമുദായാംഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിവരുന്നുണ്ട്. ഇവർക്ക് ആനുകൂല്യം ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങൾ**

55 (2598) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) സ്വന്തമായി ഭൂമിയും വീടുമില്ലാത്ത പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കുവാനും വീടു നിർമ്മിച്ചു നൽകുവാനും നടപ്പിലാക്കി വരുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കിയെന്നും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയെന്നും വ്യക്തമാക്കുമോ;

(ഇ) ഇത്തരം പദ്ധതികൾക്കായി 2016-17 ൽ എത്ര തുക ചെലവഴിച്ചെന്നും 2017-18 ൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഭൂമിയില്ലാത്ത പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | തിരുവനന്തപുരം | 27 |
| 2 | കൊല്ലം | 47 |
| 3 | പത്തനംതിട്ട | 185 |
| 4 | ആലപ്പുഴ | 290 |
| 5 | കോട്ടയം | 138 |
| 6 | ഇടുക്കി | 117 |
| 7 | എറണാകുളം | 227 |
| 8 | തൃശ്ശൂർ | 48 |
| 9 | കോഴിക്കോട് | 117 |
| 10 | പാലക്കാട് | 681 |
| 11 | മലപ്പുറം | 598 |
| 1 | 2 | 3 |
| 12 | കണ്ണൂർ | 264 |
| 13 | വയനാട് | 8263 |
| 14 | കാസർഗോഡ് | 518 |
| | ആകെ | 11,520 |

(ബി) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ളവരിൽ വീടില്ലാത്ത 15176 പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10 ലക്ഷം രൂപ ചെലവഴിച്ച് കുറഞ്ഞത് 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് നിർമ്മിക്കുന്നതിനായി ജനറൽ ഹൗസിംഗ്, ഹഡ്കോ, എ.റ്റി.എസ്.പി., വനബന്ധു കല്യാൺ യോജന എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-17 -ൽ 174 പേർക്കും 2017-18-ൽ 74 പേർക്കും ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കാസർഗോഡ് 150 പേർക്കും പാലക്കാട് 517 പേർക്കും കേന്ദ്രാനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി 2017-18-ൽ വിതരണം ചെയ്തിട്ടുണ്ട്. ഇതുവരെ 915 പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. 34 പേർക്ക് കൂടി ഭൂമി വാങ്ങി നൽകുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവനപദ്ധതി, വനബന്ധു കല്യാൺ യോജന പദ്ധതികൾ പ്രകാരം 6709 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പുതിയ വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഇ) ഭൂമി വാങ്ങി നൽകുന്ന പദ്ധതിക്കായി 2016-17 -ൽ 13,37,64,389 രൂപയും 2017-18-ൽ നാളിതുവരെ 4,53,13,073 രൂപയും ചെലവഴിച്ചിട്ടുണ്ട്. 5,15,81,475 രൂപ കൂടി ഭൂമി വാങ്ങുന്നതിന് അനുവദിച്ചിട്ടുണ്ട്.

ഭവന നിർമ്മാണ പദ്ധതിക്കായി 2016-17 വർഷം 202,74,26,520 രൂപയും 2017-18 വർഷം ഇതുവരെ 78.92 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

## ആദിവാസി സമൂഹത്തിന്റെ ഉന്നമനം

56 (2599) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : (ശ്രീ വി. ടി. ബൽറാം): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസത്തിനായി 2017-18-ലെ ബഡ്ജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിരുന്നു എന്ന് അറിയിക്കുമോ;

(ബി) അതിൽ എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസി മേഖലയിലെ പെൺകുട്ടികൾക്കായി 2017-18-ലെ ബഡ്ജറ്റിൽ എന്തെങ്കിലും പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിരുന്നോ;

(ഡി) ഇതുവരെ എത്ര പെൺകുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ആദിവാസി സമൂഹത്തിന്റെ വിദ്യാഭ്യാസത്തിനായി 2017-18-ലെ ബഡ്ജറ്റിൽ ആകെ 232.69 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽനിന്ന് 114.3 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി & ഡി) ആദിവാസി മേഖലയിലെ പെൺകുട്ടികൾക്കായി 2017-18-ലെ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 1-4-2017-ന് ശേഷം ജനിച്ച പട്ടികവർഗ്ഗ പെൺകുട്ടികൾക്കായി "ഗോത്ര വാത്സല്യ നിധി" എന്ന പേരിൽ പ്രത്യേക സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രഖ്യാപിച്ചിരുന്നു. സ.ഉ.(സാധാ) നമ്പർ 2341/2017/ പജപവവിവ തീയതി 22-9-2017 പ്രകാരം ടി പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതിയും സ.ഉ.(സാധാ) നമ്പർ 213/2018/പജപവവിവ തീയതി 2-2.-2018 പ്രകാരം ടി പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും ഉത്തരവായിട്ടുണ്ട്. 1-4-2017 മുതൽ ജനിച്ച പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 800 പെൺകുട്ടികളെ ആദ്യഘട്ടത്തിൽ ഇൻഷ്വർ ചെയ്യുന്നതായിരിക്കും.

**ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം**

57 (2600) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് ആവിഷ്കരിച്ച സമഗ്ര പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) എത്ര ഊരുകളിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രേരക്മാരെ തെരഞ്ഞെടുത്തിട്ടുണ്ടോ; ആദിവാസി വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ഇക്കാര്യത്തിൽ മുൻഗണന നൽകുമോ;

(ഡി) സാക്ഷരതാ പരീക്ഷയിൽ വിജയിക്കുന്നവർക്ക് സാക്ഷരതാ മിഷന്റെ തുല്യതാ കോഴ്സുകളിൽ ഉപരിപഠനത്തിന് അവസരം നൽകുമോ;വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്ന് മോചിതരാകുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ

കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ പ്രാപ്തരാക്കുന്നതിനുമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ സമഗ്ര-ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 100 കോളനികളിലാണ് നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്ന് മോചിപ്പിക്കുക.
- നാലാംതരം, ഏഴാംതരം തുല്യതാ കോഴ്സുകളിലൂടെ ആദിവാസികളെ തുടർ വിദ്യാഭ്യാസത്തിന് പ്രാപ്തരാക്കുക.
- ആദിവാസി വിഭാഗങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിച്ച് അറിവ് വർദ്ധിപ്പിക്കുക.
- തുടർ വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കുക വഴി ആദിവാസി വിഭാഗത്തിലെ വിദ്യാസമ്പന്നർക്ക് പ്രേരക്, ഇൻസ്ട്രക്ടർ തുടങ്ങിയ സേവന മേഖലയിൽ പ്രവേശിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- സർക്കാരിന്റെ വിവിധ പദ്ധതികളെക്കുറിച്ചുള്ള അവബോധം ആദിവാസി വിഭാഗങ്ങളിൽ ഉണ്ടാക്കുക.
- സാക്ഷരതാ തുടർ വിദ്യാഭ്യാസത്തിലൂടെ ആദിവാസി വിഭാഗത്തിൽ പ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.
- ആദിവാസി മേഖലകളിൽ അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാദേശിക വികസനം സാധ്യമാക്കുക.
- ആദിവാസി വിഭാഗങ്ങൾക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനം ഉണ്ടാക്കാൻ പ്രാപ്തരാക്കുക.

ടി പദ്ധതിയുടെ സാമ്പത്തിക ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓണറേറിയം പ്രേരക്മാർ, ഇൻസ്ട്രക്ടർമാർ - 2,10,00,000
2. പഠിതാക്കൾക്കുള്ള ലഘുഭക്ഷണം - 1,00,00,000
3. ആദിവാസി ജന ബോധവത്കരണ ക്ലാസ് - 24,00,000
4. പാഠപുസ്തകങ്ങൾ, പഠനോപകരണങ്ങൾ - 10,00,000

| | | |
|---|---|---|
| 5. തുടർ വിദ്യാകേന്ദ്രം ഓഫീസ് ചെലവുകൾ | - | 16,00,000 |
| 6. പ്രേരക്മാർക്കും ഇൻസ്ട്രക്ടർമാർക്കും പരിശീലനം | - | 3, 60,000 |
| 7. സംസ്ഥാനതല സംഘാടനം | - | 3,50,000 |
| 8. അപ്രതീക്ഷിത ചെലവുകൾ | - | 2, 90,000 |
| ആകെ | - | 3,70,00,000 |

(ബി) പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ 100 ഊരുകളിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

(സി) പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രേരക്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദിവാസി ഊരുകൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്ന ടി പദ്ധതി തുടർ വിദ്യാകേന്ദ്രങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ളവരെ പ്രേരക്മാരായി നിയമിക്കുകയും പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർ ഇല്ലാതെ വന്നാൽ മാത്രമാണ് സാക്ഷരതാ മിഷൻ പ്രേരക്മാരെ പുനർവിന്യാസം നടത്തിയോ/അതാത് വാർഡിലുള്ളവരെയോ പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിക്കുന്നത്.

(ഡി) സാക്ഷരതാ പരീക്ഷയിൽ വിജയിക്കുന്നവർക്ക് നാലാംതരം തുല്യതാ വിദ്യാഭ്യാസത്തിനും അതിൽ വിജയിക്കുന്നവർക്ക് ഏഴാംതരം തുല്യതാ വിദ്യാഭ്യാസത്തിനും അതിനുശേഷം അർഹരായവർക്ക് പത്താംതരം തുല്യതാപരീക്ഷയിലും പിന്നീട് ഹയർസെക്കണ്ടറി വിദ്യാഭ്യാസത്തിനും സാക്ഷരതാ മിഷൻ അർഹത നേടിക്കൊടുക്കുന്നു.

**പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്**

58 (2601) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യൂണിവേഴ്സിറ്റികളിലും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

യൂണിവേഴ്സിറ്റികളിലും പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷം മുതലാണ് ലാപ്ടോപ് വിതരണ പദ്ധതി ആരംഭിച്ചത്. സ.ഉ. (സാധാ) നമ്പർ 1072/2016/പജപവവിവ. തീയതി 6-8-2016 പ്രകാരം എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.വി.എസ്.സി. & എ.എച്ച്., ബി.ടെക്./ബി.ആർക്, എം.ടെക്., എം.ബി.എ., ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, പി.എച്ച്.ഡി., എം.സി.എ. എന്നീ 12 പ്രൊഫഷണൽ കോഴ്സുകളിൽ രണ്ടാം വർഷം അദ്ധ്യയനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് അനുവദിച്ച് നല്കുന്നുണ്ട്.

**നെന്മാറ പ്രീ മെട്രിക് ഹോസ്റ്റലിന് കെട്ടിടം നിർമ്മിക്കാൻ നടപടി**

59 (2602) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലായെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹോസ്റ്റലിന് ആവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുത്ത് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആയിലൂർ ഹോസ്റ്റലിലെ അന്തേവാസികൾ പഠിക്കുന്ന സ്കൂൾ മാനേജ്മെന്റ് സൗജന്യമായി 30 സെന്റ് സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ടുതരുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരിൽനിന്നും ടി സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കോതമംഗലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

60 (2603) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം കേന്ദ്രീകരിച്ച് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനായി നല്കിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എറണാകുളം ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരിപക്ഷവും അധിവസിക്കുന്ന കോതമംഗലം മണ്ഡലത്തിലെ ആദിവാസി വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനപ്രദമായ പ്രസ്തുത ഹോസ്റ്റലിന്റെ പ്രവർത്തനം ഏത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഹോസ്റ്റൽ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 24-4-2017-ന് കുഞ്ചിപ്പാറ കോളനിയിൽ കൂടിയ ഊരുകൂട്ടത്തിന്റെ മിനിട്ട്സിൽ പത്താംക്ലാസ് പാസ്സായ കുട്ടികൾക്ക് തുടർപഠനത്തിന് സൗകര്യമുണ്ടാക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ അംബേദ്കർ സെറ്റിൽമെന്റ് കോളനി വികസനത്തിനോടനുബന്ധിച്ച് തേര കോളനിയിൽ കൂടിയ ഊരുകൂട്ടത്തിലും പത്താം ക്ലാസ്സിനുശേഷം തുടർ പഠനത്തിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു.

(ബി & സി) എറണാകുളം ജില്ലയിൽ കോതമംഗലം ബ്ലോക്കിൽ വടാശ്ശേരിയിൽ ബ്ലോക്കിന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ 30 കുട്ടികൾക്ക് താമസിച്ചുപഠിക്കുന്നതിന് സൗകര്യം ലഭ്യമാണ്. എന്നാൽ ഹോസ്റ്റൽ ആവശ്യത്തിനായി കെട്ടിടം പൂർണ്ണമായി സജ്ജമാകുന്നതിന് അഞ്ചുലക്ഷം രൂപയോളം ചെലവാക്കി അറ്റകുറ്റപ്പണി നടത്തേണ്ടതായിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയതിനുശേഷം ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി ആശുപത്രി

61 (2604) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സൗകര്യാർത്ഥം കിടത്തി ചികിത്സാസൗകര്യമുള്ള ഒരു ആശുപത്രി അതിരപ്പിള്ളി പഞ്ചായത്തിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അതിരപ്പിള്ളി പഞ്ചായത്തിൽ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുള്ള ആശുപത്രി സ്ഥാപിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടില്ല. ഇക്കാര്യം സംബന്ധിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി

62 (2605) ശ്രീ.പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി വിതരണം ചെയ്തതിന്റെ ഫലമായി, ഭൂരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(സി നിലവിൽ ഏത് ജില്ലയിലാണ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ളതെന്ന് അറിയിക്കാമോ;

(ഡി) അർഹരായ മുഴുവൻ പട്ടികവർഗ്ഗ ഭൂരഹിതർക്കും ഭൂമി നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനമേഖലയിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമ പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനും സുപ്രീം കോടതി വിധി പ്രകാരം ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും റ്റി.ആർ.ഡി.എം. ശീർഷകത്തിൽ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗക്കാർക്ക് വനാവകാശ നിയമ പ്രകാരം ഭൂമിയുടെ കൈവശാവകാശം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയുണ്ടായി. ഈ സർക്കാർ വന്നതിനുശേഷം പുതിയതായി 2234 അപേക്ഷകൾ ലഭിക്കുകയുണ്ടായി. സർവ്വേ പ്രവർത്തനത്തിനായി സർവ്വേ വകുപ്പിന് കൈമാറിയ ടി അപേക്ഷകളിന്മേൽ സത്വര നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഈ സർക്കാർ വന്നതിനുശേഷം 164 പേർക്ക് 757 ഏക്കർ ഭൂമിയുടെ കൈവശാവകാശം ലഭിച്ചിട്ടുണ്ട്. SDLC , DLC എന്നിവയുടെ പരിഗണനയിലുള്ള 5494 അപേക്ഷകൾ കൂടി തീർപ്പാക്കുന്നതോടുകൂടി കൂടുതൽ പേർക്ക് ഭൂമിയുടെ കൈവശാവകാശം ലഭിക്കുന്നതാണ്.

(സി) നിലവിൽ വയനാട്, പാലക്കാട്, കാസർഗോഡ്, മലപ്പുറം ജില്ലകളിലാണ് ഭൂരഹിതരുടെ എണ്ണം ഏറ്റവും കൂടുതലുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ജില്ല | ഭൂരഹിതരുടെ എണ്ണം |
|---|---|
| വയനാട് | 8263 |
| പാലക്കാട് | 681 |
| കാസർഗോഡ് | 518 |
| മലപ്പുറം | 598 |

(ഡി) വനാവകാശ നിയമം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിലൂടെയും കേന്ദ്ര സർക്കാർ വിതരണത്തിന് വിട്ട് നൽകിയ നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിലൂടെയും ഭൂമി വിലയ്ക്ക് വാങ്ങി നൽകിയുമാണ് അർഹരായ മുഴുവൻ പട്ടിക വർഗ്ഗ ഭൂരഹിതർക്കും ഭൂമി നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നത്.

**അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവസികൾക്ക് ഭൂമി**

63 (2606) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം, ഷോളയാർ, വാഴച്ചാൽ തുടങ്ങിയ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനും, കൃഷിക്കും ആവശ്യമായ ഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി ഇല്ലെങ്കിൽ ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം, വാഴച്ചാൽ എന്നീ കോളനികളിൽ വനാവകാശ നിയമ പ്രകാരം ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. ഇവർക്ക് പതിച്ച് കിട്ടിയിട്ടുള്ളത് പരിമിതമായ ഭൂമിയായതിനാൽ കുറച്ചുപേർക്കെങ്കിലും കൃഷി ചെയ്യുന്നതിനോ വീട് വയ്ക്കുന്നതിനോ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഭൂമി ലഭിക്കുന്നതിനായി വകുപ്പിന്റെ നിലവിലുള്ള ഭൂമി വാങ്ങൽ പദ്ധതിയിൽ ആരുംതന്നെ അപേക്ഷ നൽകിയിട്ടില്ല.

മേൽപ്പറഞ്ഞ കോളനി നിവാസികൾ പി.വി.ടി.ജി. വിഭാഗത്തിലെ കാടർ സമുദായക്കാരാണ്. പരമ്പരാഗതമായി വനത്തിൽ താമസിച്ചുവരുന്ന ഇവരെ വനത്തിന് പുറത്ത് പുനരധിവസിപ്പിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ഇവരുടെ പുനരധിവാസം സംബന്ധിച്ച് റവന്യൂ, വനം വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികവർഗ്ഗ വികസനം**

64 (2607) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി എത്ര തുക വകയിരുത്തിയിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു എന്നറിയിക്കാമോ ;

(ബി) പട്ടികവർഗ്ഗ വികസനത്തിനായി 2017-18 ൽ വകയിരുത്തിയിരുന്ന തുക എത്രയാണ്; അതിൽ എത്ര തുക 2017 ഡിസംബർ 31 വരെ ചെലവഴിച്ചു എന്നറിയിക്കാമോ;

(സി) പദ്ധതി വിഹിതം കാലേക്കൂട്ടി ചെലവഴിക്കുന്നതിനും അനുവദിച്ച തുക ലാപ്സ് ആകുന്നില്ലായെന്ന ഉറപ്പുവരുത്തുന്നതിനും വകുപ്പിലുണ്ടാക്കിയിട്ടുള്ള സംവിധാനം എന്താണ്; വ്യക്തമാക്കാമോ;

(ഡി) സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും വിഘാതം സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) 2016-17- ലെ സംസ്ഥാന ബജറ്റിൽ പട്ടികവർഗ്ഗ വികസനത്തിനായി പ്രതീക്ഷിത കേന്ദ്ര വിഹിതമുൾപ്പെടെ 823.46 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 687.49 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസനത്തിനായി പ്രതീക്ഷിത കേന്ദ്ര വിഹിതമുൾപ്പെടെ 892.92 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 2017 ഡിസംബർ 31 വരെ 299.22 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെ തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നു

വെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ. മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം. 1013/2012/പജപവവിവ. തീയതി 17-7-2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

(ഡി) സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വിഘാതം സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആദിവാസി മേഖലയിൽ ഭൂമി ഏറ്റെടുക്കുവാനും ഭവനനിർമ്മാണത്തിനുമായി വകയിരുത്തിയ തുക**

65 (2608) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആദിവാസിമേഖലയിൽ ഭൂമി ഏറ്റെടുക്കുവാനും ഭവനനിർമ്മാണത്തിനുമായി 2017-18-ലെ ബഡ്ജറ്റിൽ എത്ര രൂപ വകയിരുത്തിയിരുന്നു; അതിൽ എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാനത്തെ പട്ടിവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി നടപ്പ് വർഷം 50 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ നാളിതുവരെ 9,68,94,548 രൂപ ചെലവഴിച്ച് ഭൂരഹിതരായ 108 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി 2017-18 വർഷം 115.08 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 108.76 കോടി രൂപ ജില്ലാ ഓഫീസുകൾക്ക് അനുവദിക്കുകയും 72.22 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**എസ്.സി/എസ്.ടി. വകുപ്പിൽ നിന്നുള്ള ധനസഹായം**

66 (2609) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. സി, എസ്. ടി, വകുപ്പിൽ നിന്നുള്ള ധനസഹായത്തിന് അക്ഷയകേന്ദ്രം വഴിയും ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് വഴിയും ഒരേ സമയം അപേക്ഷ സമർപ്പിക്കുന്നതു മൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പ് മന്ത്രിക്കു മുമ്പാകെ എം.എൽ.എ.-മാർ മുഖേന അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുവാദം കൂടി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ചികിത്സാധനസഹായം ലഭിക്കുന്നതിനായുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ഓൺലൈനായി സമർപ്പിക്കുകയും ആയതിന്റെ ഹാർഡ് കോപ്പി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് പ്രയാസങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നതായി നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യം കാണുന്നില്ല.

**ആറളം ആദിവാസി മേഖലയുടെ വികസനം**

67 (2610) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം ആദിവാസി മേഖലയുടെ സമഗ്ര വികസനത്തിന് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയുടെ പ്രവർത്തനം ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ; പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ആറളം ആദിവാസി മേഖലയുടെ സമഗ്ര വികസനത്തിന് നബാർഡിന്റെ ആർ.ഐ.ഡി.എഫ്- 22 സ്കീമിൽ ഉൾപ്പെടുത്തി "ആറളം സമഗ്ര വികസന പ്രോജക്ട് " എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) ടി പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ അംഗീകൃത ഏജൻസിയായ കിറ്റ്കോയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആകെ 60.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ടി പ്രോജക്ടിൽ 42.68 കോടി രൂപയുടെ പ്രവൃത്തികൾക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**ആദിവാസി മേഖലയിലെ സാക്ഷരതാ മിഷൻ പദ്ധതി**

68 (2611) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് സാക്ഷരതാ മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) 2008-ലെ ആദിവാസി സർവ്വേ പ്രകാരം ആദിവാസി മേഖലയിലെ നിരക്ഷരത എത്ര ശതമാനമായിരുന്നു; നിലവിൽ ഇത് എത്രയാണ് എന്നറിയിക്കാമോ ;

(സി) ആദിവാസികൾക്കിടയിലുള്ള മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നൽകുന്നതിന് ഇത്തരം ക്ലാസുകൾ ഉപയോഗിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2008-ലെ സോഷ്യോ എക്കണോമിക്ക് സർവ്വേ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 74.44 ശതമാനവും 2011-ലെ (നിലവിലെ) സെൻസസ്സ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 75.85 ശതമാനവുമാണ്.

(സി) ആദിവാസി ഊരുകളിൽ തുടർ വിദ്യാകേന്ദ്രങ്ങൾ വഴി മദ്യം, ലഹരി ഉപയോഗം തുടങ്ങിയവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി നടത്തിവരുന്നുണ്ട്. ആദിവാസികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കുന്നതിനും

തുടർ വിദ്യാകേന്ദ്രങ്ങൾ വഴി കരിയർ ഗൈഡൻസ്, നിയമം, വിദ്യാഭ്യാസം, കുടുംബക്ഷേമം, ആരോഗ്യം, ശുചിത്വം, ജലസംരക്ഷണം, പരിസ്ഥിതി, കുടുംബ ബഡ്ജറ്റ് എന്നിവയെപ്പറ്റി ബോധവത്കരണം നടത്തുവാനും തൊഴിൽ പരിശീലനം നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനമുണ്ടാക്കാൻ പ്രാപ്തരാക്കാനും ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നു.

**പ്രാക്തന ഗോത്ര വർഗ്ഗക്കാരിൽ കിടപ്പാടമില്ലാത്തവർ**

69 (2612) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരിലും ആദിവാസികളിലും സ്വന്തമായി കിടപ്പാടമില്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് വഴി അത്തരം എത്ര കുടുംബങ്ങൾക്ക് കിടപ്പാടങ്ങൾ നൽകിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി വീടില്ലാത്ത 72 പ്രാക്തന ഗോത്രവിഭാഗക്കാരുൾപ്പെടെ 6677 കുടുംബങ്ങൾ ഭവനരഹിതരായുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്തന ഗോത്രവർഗ്ഗക്കാരായ 40 പട്ടികവർഗ്ഗക്കാർക്ക് ഹഡ്കോ ഭവനപദ്ധതി പ്രകാരം പുതിയ വീടുകൾ അനുവദിച്ച് നല്കിയിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിലെ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

70 (2613) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം നവീകരിക്കുന്നതിന് ആറന്മുള നിയോജകമണ്ഡലത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ടിരുന്ന കോളനികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത കോളനികളുടെ നവീകരണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) നവീകരണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏഴിക്കാട് പട്ടികജാതി കോളനി, പറയനാലി പട്ടികജാതി കോളനി.

(ബി) പ്രസ്തുത കോളനികളിൽ, എസ്റ്റിമേറ്റ് ലഭ്യമായ ഏഴിക്കാട് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിന് ജില്ലാതലത്തിൽ മീറ്റിംഗ് കൂടുകയും വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ഹാംലെറ്റ് പദ്ധതി**

71 (2614) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന നടപ്പിലാക്കുന്ന ഹാംലെറ്റ് പദ്ധതിയിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള ഇടുക്കി കഞ്ഞിക്കുഴിയിലെ ഉമ്മൻചാണ്ടി കോളനി, കഞ്ചരിയാർ പഞ്ചായത്തിലെ കോവിൽമല കോളനി എന്നിവിടങ്ങളിലെ പദ്ധതി ഏതുഘട്ടംവരെയായി; വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിലെ ഉമ്മൻചാണ്ടി കോളനിയിലും, കഞ്ചരിയാർ ഗ്രാമപഞ്ചായത്തിലെ കോവിൽമല കോളനിയിലും 2014-15 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

**ഊരുമിത്രം പദ്ധതി**

72 (2615) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന ഊരുമിത്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇതിനായി വോളന്റിയർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ 19-4-2017-ലെ G.O.(Rt)No. 1106/2017/H&FWD ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ദേശീയ ആരോഗ്യ മിഷൻ (എൻ.എച്ച്.എം) കേരള ഘടകം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഊരുമിത്രം. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ മാതൃ-ശിശു മരണം കുറയ്ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഊരുമിത്രം (ഹാംലെറ്റ് ആശ) പദ്ധതി 2016-17 -ൽ ആരംഭിച്ചത്.

വാർഡ് മെമ്പർ അദ്ധ്യക്ഷനായി ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ, കുടുംബശ്രീ വർക്കർ, ആശാ ട്രൈബൽ പ്രൊമോട്ടർ, അംഗൻവാടി വർക്കർ എന്നീ അംഗങ്ങൾ പങ്കെടുക്കുന്ന ഊരുകൂട്ടത്തിൽവച്ച് താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസരിച്ച് 2 വനിതകളെ നാമനിർദ്ദേശം ചെയ്യും. ഇപ്രകാരം ഓരോ ഊരിൽ നിന്നും നിർദ്ദേശിക്കപ്പെട്ട രണ്ടുപേരിൽനിന്നും ദ്വിദിന പരിശീലന/തെരഞ്ഞെടുപ്പ് പ്രക്രിയയിൽനിന്നും മികവുറ്റ ഒരു ഊരുമിത്രത്തെ ഓരോ ഊരിനും വേണ്ടി തെരഞ്ഞെടുക്കുന്നു.

അതേ ഗോത്രത്തിൽപ്പെടുന്നതും വിവാഹിതയും ഒരു കുഞ്ഞിന്റെ അമ്മയും ആയിരിക്കണം.

എഴുത്തും വായനയും അറിഞ്ഞിരിക്കണം.

സന്നദ്ധ സേവനതല്പരയായിരിക്കണം.

വൈകിയ സമയത്തും ജോലിയിൽ ഏർപ്പെടുന്നതിനായി കുടുംബാംഗങ്ങളുടെ പിന്തുണ ഉണ്ടായിരിക്കണം.

## വെറ്റിലപ്പാറയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായി ഹോസ്റ്റൽ

73 (2616) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വെറ്റിലപ്പാറ എക്സ് സർവ്വീസ് മെൻസ് കോളനി സൊസൈറ്റി വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുള്ള സ്ഥലത്ത് പ്രസ്തുത ഹോസ്റ്റൽ നിർമ്മിക്കുന്ന തിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തായി എക്സ്-സർവ്വീസ് മെൻസ് കോളനിയുടെ സ്ഥലം, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ട് നല്കാമെന്ന് അറിയിച്ചിട്ടുണ്ട്. ആയത് വിട്ടുകിട്ടുന്ന മുറയ്ക്ക് ഹോസ്റ്റൽ നിർമ്മിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ

74 (2617) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആന്ത്രപോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യയുടെ ഫീൽഡ് സ്റ്റേഷൻ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് അത് ആരംഭിക്കുന്നത്;

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പിൻതുണയോടെ ആദിവാസികൾക്കിടയിലെ ജനിതക രോഗങ്ങൾ സംബന്ധിച്ച പഠനം ആന്ത്രപോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനം മുന്നോട്ട് വച്ച മറ്റ് ഏതെങ്കിലും നിർദ്ദേശം ഏറ്റെടുക്കുവാൻ പ്രസ്തുത സ്ഥാപനം തയ്യാറായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികഗോത്ര ജനവിഭാഗങ്ങളെ സംബന്ധിച്ച രാജ്യത്തെ ഏറ്റവും വലിയ പഠന ഗവേഷണ കേന്ദ്രമാണ് ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ.

ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഫീൽഡ് സ്റ്റേഷൻ സംസ്ഥാനത്ത് ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച നടന്നുവരുന്നു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പിന്തുണയോടെ ആദിവാസികൾക്കിടയിലെ ജനിതകരോഗങ്ങൾ സംബന്ധിച്ച് ആന്ത്രപ്പോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പട്ടിക-ഗോത്ര വിഭാഗങ്ങളെ സംബന്ധിച്ച ആധികാരിക നരവംശ പഠനം നടത്തുക, പട്ടിക-ഗോത്രവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ ഡോക്യുമെന്റ് ചെയ്യുക, കിർത്താഡ്സ് മ്യൂസിയത്തിൽ ഗോത്രകലയും സംസ്കാരവും സംബന്ധിച്ച ഡോക്യുമെന്ററികൾ തയ്യാറാക്കാൻ സഹായിക്കുക, പട്ടിക-ഗോത്ര വിഭാഗങ്ങളുടെ വൈദ്യം ഉൾപ്പെടെയുള്ള പരമ്പരാഗത തനത് വിജ്ഞാനം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുക തുടങ്ങിയ വകുപ്പ് മുന്നോട്ടുവച്ചിട്ടുള്ള ആവശ്യങ്ങളെല്ലാം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

**വനബന്ധു കല്യാൺയോജന പദ്ധതി**

75 (2618) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനബന്ധു കല്ല്യാൺയോജന പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങൾ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് എന്തുമാത്രം സഹായകരമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടിക വർഗ്ഗ സംസ്ക്കാരത്തിന്റെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ ) ഉണ്ട്.

(ബി) ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം മാനന്തവാടി ടി.ഡി.ഒ.-യുടെ അധികാര പരിധിയിൽ വരുന്ന 1854 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിന് ടി വീടുകളുടെ ആദ്യ ഗഡു അനുവദിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ, ഇടുക്കി ജില്ലയിൽ കാഞ്ചിയാർ പഞ്ചായത്തിലെ മേമാരി എസ്.ടി. കോളനി, മറയൂർ പഞ്ചായത്തിലെ അപ്പർ വാല്സപ്പെട്ടിക്കുടി കോളനി, ചിലന്തിയൂർ കിഴ് വാല്സപ്പെട്ടി കോളനി എന്നീ കോളനികളുടെ വൈദ്യുതീകരണം, കായിക വികസനത്തിനായി ഒരു കോടി രൂപ, പാരാമെഡിക്കൽ ട്രെയിനിംഗിന് 2 കോടി രൂപ എന്നിവയാണ് ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികൾ.

(സി) പട്ടികവർഗ്ഗ സമുദായത്തിന്റെ കലകളും പാരമ്പര്യ ഭക്ഷണം, വൈദ്യം തുടങ്ങിയവ സംരക്ഷിക്കുന്നതിനായി ഗദ്ദിക എന്ന പേരിൽ പ്രദർശന വിപണന മേള സംഘടിപ്പിച്ചുവരുന്നു. പട്ടികവർഗ്ഗ സംസ്ക്കാരത്തിന്റെ സംരക്ഷണത്തിന് പാരമ്പര്യ നൃത്ത രൂപങ്ങളുടെ അവതരണം, പാരമ്പര്യ ഭക്ഷ്യമേളകൾ , ഗോത്ര സംസ്കൃതിയുടെ പ്രദർശനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, കരകൗശല ഉത്പന്നങ്ങളുടെ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ ആസ്ഥാനമായ കോഴിക്കോട് വച്ച് വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകളും ഭക്ഷ്യമേളകളും വംശീയ കലകളുടെ പ്രദർശനവും സാഹിത്യ ക്യാമ്പും സംഘടിപ്പിച്ചുവരുന്നു.

**ചീങ്ങേരി ട്രൈബൽ ഫാം**

76 (2619) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വയനാട് ജില്ലയിലെ ചീങ്ങേരി ട്രൈബൽ ഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ചീങ്ങേരി ട്രൈബൽ ഫാമിലെ സ്ഥിരപ്പെടുത്തിയ തൊഴിലാളികൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തടസ്സമില്ലാതെ ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സുൽത്താൻ ബത്തേരി, അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ചീങ്ങേരി ഫാമിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 31 തൊഴിലാളികളെ 26-8-2017-ലെ സ.ഉ. (എം.എസ്) നമ്പർ 70/2017/പജപവവിവ. പ്രകാരം സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) ചീങ്ങേരി ഫാമിലെ സ്ഥിരപ്പെടുത്തിയ 31 പട്ടികവർഗ്ഗ തൊഴിലാളികൾക്ക് കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് അനുവദിക്കുന്ന ശമ്പളം, പെൻഷൻ, അവധി ആനുകൂല്യങ്ങളും സേവനഘടനയും ബാധകമാക്കിക്കൊണ്ട് 22-1-2018-ലെ സ.ഉ.(എം.എസ്.) നമ്പർ 3/2018/ പ.ജ.പ.വ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിലെ എസ്.ടി. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ**

77 (2620) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; വിശദവിവരം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം നൽകാമോ?

ഉത്തരം

(എ & ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എസ്.ടി. കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളും അവയുടെ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒ. ഇ. സി. ഗ്രാന്റ് വിതരണം

78 (2621) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഒ. ഇ. സി. യിൽ ഉൾപ്പെടുന്ന ജാതി വിഭാഗങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) സ്കൂളുകളിൽ പഠിക്കുന്ന ഒ. ഇ. സി. വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഈ അദ്ധ്യയനവർഷം ഗ്രാന്റ് നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സ്കൂൾ വർഷം അവസാനിക്കാറായിട്ടും ഒ. ഇ. സി. ഗ്രാന്റ് വിതരണം ചെയ്യാത്തതിന് പ്രത്യേക കാരണങ്ങളുണ്ടോ; വിശദീകരിക്കുമോ;

(ഡി) ഒ. ഇ. സി. വിഭാഗത്തിൽപ്പെടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഒ.ഇ.സി-യിൽ ഉൾപ്പെടുന്ന ജാതി ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒ.ഇ.സി. (എസ്.സി) വിഭാഗം വിദ്യാർത്ഥികൾക്കുള്ള 2017-18 -ലെ ലംപ്സം ഗ്രാന്റ്, അൺ എയ്ഡഡ് സ്ഥാപനങ്ങളുടെതൊഴികെ വിതരണം ചെയ്തിട്ടുണ്ട്. ഒ.ഇ.സി. (എസ്.റ്റി) വിഭാഗത്തിൽപ്പെട്ട 145 കുട്ടികൾക്ക് ആകെ 3,29,715 രൂപ ഈ അദ്ധ്യയന വർഷം ഗ്രാന്റായി നൽകിയിട്ടുണ്ട്.

(സി) പ്രീ-മെട്രിക് തലത്തിൽ ഒ.ഇ.സി. വിഭാഗങ്ങൾക്ക് കാലതാമസം കൂടാതെ തന്നെ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നുണ്ട്. ഓൺലൈനായി വിവരം നൽകിയ അൺ എയ്ഡഡ് ഒഴികെയുള്ള എല്ലാ സ്കൂളുകൾക്കും 2017 ഓഗസ്റ്റിൽതന്നെ തുക നൽകിയിട്ടുണ്ട്. സ്ഥാപന മേധാവികൾ യഥാസമയം ഓൺലൈൻ വഴി വിവരം നൽകാത്തവരുടെ കാര്യത്തിലാണ് കാലതാമസം നേരിടുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളുടെ വിവരങ്ങൾ ഓൺലൈൻ വഴി പുനഃസമർപ്പണം നടത്തുന്നതിന് വീണ്ടും സമയം അനുവദിച്ച് നൽകിയിട്ടുണ്ട്. തുക ഉടൻ അനുവദിച്ചുനൽകുന്നതാണ്.

(ഡി) ഒ. ഇ. സി. പ്രീ-മെട്രിക് ആനുകൂല്യത്തിന് അർഹരായ എല്ലാവർക്കും ആനുകൂല്യം അനുവദിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. മാന്വലായി നല്കി വന്നിരുന്ന ഗ്രാന്റ് ഓൺലൈനായി അനുവദിച്ചു തുടങ്ങിയപ്പോൾ ഉണ്ടായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സാങ്കേതിക പ്രശ്നങ്ങൾ മൂലമാണ് ചില സ്കൂളുകൾക്ക് തുക ലഭ്യമാവാതെ പോയത്. ആയതു പരിഹരിച്ച് പൂർണ്ണമായും തുക വിതരണം ചെയ്യുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

**ഡോ. പി.എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്**

79 (2622) ശ്രീ. അൻവർ സാദത്ത് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിശ്വകർമ്മജരുടെ സാമൂഹിക സർവ്വെ നടത്തിയ ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; ഈ ശിപാർശകൾ നടപ്പിലാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നടപടി ഒന്നും സ്വീകരിച്ചില്ലായെങ്കിൽ അടിയന്തരമായി ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ) 31-12-2014-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതായതിനാൽ പ്രസ്തുത വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. വിവിധ വകുപ്പുകൾ വിശദമായ പരിശോധനകൾക്കുശേഷം ലഭ്യമാക്കുന്ന അഭിപ്രായങ്ങൾ പരിശോധിച്ചശേഷം ഡോ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിൽ ഏതെല്ലാം അംഗീകരിക്കുമെന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതാണ്.

**പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതികൾ**

80 (2623) ശ്രീ. ബി. സത്യൻ :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്കായി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ ക്ഷേമ,വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കെ.എസ്.ബി.സി.ഡി.സി. യുടെ നിലവിലുള്ള വായ്പാ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് ഗുണഭോക്താക്കൾക്ക് കൂടുതൽ ആകർഷകവും പ്രയോജനപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾ അർഹരായ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം -1 ആയി ചേർക്കുന്നു.*

(ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.*

(സി) ദേശീയ ഏജൻസികളുടെ വായ്പാ പദ്ധതി വ്യവസ്ഥകളിൽ സ്വന്തം നിലയിൽ ഭേദഗതി വരുത്തുന്നതിന് കോർപ്പറേഷന് അധികാരമില്ല. പദ്ധതി വ്യവസ്ഥകളിൽ ടി ഏജൻസികൾ വരുത്തുന്ന ഭേദഗതികൾക്ക് അനുസൃതമായി വായ്പാ പദ്ധതികളിൽ കോർപ്പറേഷൻ ഭേദഗതികൾ വരുത്തുന്നതാണ്. സ്വന്തം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ ഗുണഭോക്താക്കൾക്ക് കൂടുതൽ ആകർഷകവും പ്രയോജനപ്രദവുമായ വിധത്തിൽ ഈ സാമ്പത്തിക വർഷാരംഭത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾ അർഹരായ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന് വേണ്ടി കേരളത്തിലെ പത്ര മാധ്യമങ്ങൾ വഴി പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങുന്ന പരസ്യങ്ങൾ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. ഇതിനുപുറമേ കോർപ്പറേഷന്റെ പദ്ധതികൾ സംബന്ധിച്ച ഒരു പരസ്യ ചിത്രവും വിജയകരമായി സംരംഭങ്ങൾ നടപ്പിലാക്കി വരുന്ന കോർപ്പറേഷന്റെ ഗുണഭോക്താക്കളെ കൂടി ഉൾപ്പെടുത്തി അരമണിക്കൂർ ദൈർഘ്യമുള്ള ഡോക്യുമെന്ററിയും തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദൃശ്യ മാധ്യമങ്ങൾ, സിനിമാ തിയേറ്ററുകൾ എന്നിവ വഴി ഇവ പ്രദർശിപ്പിക്കുന്നതാണ്. കൂടാതെ കോർപ്പറേഷന്റെ ജില്ലാ/ഉപജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ മേളകളും നടത്തി വരുന്നുണ്ട്.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ പദ്ധതികൾ**

81 (2624) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കവിഭാഗ വികസന കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളും പദ്ധതികളുമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ വിദ്യാഭ്യാസ ലോൺ ഗഡുക്കൾ നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ച് സ്വയം തൊഴിൽ, വിദ്യാഭ്യാസം, ഭവന നിർമ്മാണം, ഭവന പുനരുദ്ധാനരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വ്യവസ്ഥകൾക്ക് വിധേയമായാണ് വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നത്. ഇന്ത്യയ്ക്ക് അകത്തുള്ള പഠനത്തിന് പ്രതിവർഷം 2 ലക്ഷം രൂപ നിരക്കിൽ 10 ലക്ഷം രൂപ വരെയും വിദേശത്ത് പഠിക്കുന്നതിന് പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ 20 ലക്ഷം രൂപ വരെയും വായ്പ അനുവദിച്ചുവരുന്നു. മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 6 ലക്ഷം രൂപ വരുമാനമുള്ള കുടുംബങ്ങൾക്ക് ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ) വരെയും വിദേശത്ത് പഠിക്കുന്നതിന് 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ ) വരെയും അനുവദിക്കുന്നതിനും പദ്ധതി നിലവിൽ ഉണ്ട്. പഠനത്തിന് വേണ്ടിവരുന്ന ചെലവിന്റെ 90% വരെ വായ്പയായി അനുവദിക്കും. ഓരോ വർഷത്തെയും പഠന ചെലവിന്റെ അടിസ്ഥാനത്തിലാണ് പ്രതിവർഷത ഗഡുക്കൾ നിശ്ചയിക്കുന്നത്. വായ്പയുടെ രണ്ടാം ഗഡു മുതലുള്ള തുടർ ഗഡുക്കൾ അനുവദിക്കുന്നതിന് അതുവരെയുള്ള പഠനം വിജയകരമായി പൂർത്തിയാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട കോളേജിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**വിശ്വകർമ്മജർക്ക് നൽകിവരുന്ന പെൻഷൻ**

82 (2625) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മജർക്ക് പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകിവരുന്നത്; വിശദമാക്കുമോ;

(ബി) മറ്റ് ക്ഷേമ പെൻഷനുകൾക്ക് തുല്യമായ തുക വിശ്വകർമ്മജർക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജി.ഒ.(പി.) നമ്പർ 76/2003/എസ്.സി-എസ്.ടി ഡി.ഡി.,തീയതി : 27-11-2003-ലെ ഉത്തരവ് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. 500 രൂപ അനുവദിക്കുന്നുണ്ട്.

(ബി) വിശ്വകർമ്മ പെൻഷൻ, 23-1-208-ലെ സ.ഉ. (സാധാ) നമ്പർ 5/2018/പി.വി.വി.വ. ഉത്തരവ് പ്രകാരം 500 രൂപയിൽനിന്നും 1100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) തുടർ നടപടികൾ ആവശ്യമായി വരുന്നില്ല.

## കുമാരനാശാൻ സ്മാരക സമിതി പ്രവർത്തനങ്ങൾ

83 (2626) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല്ലനയിലെ കുമാരനാശാൻ സ്മാരക സമിതിയുടെ മുൻകാല പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുമാരനാശാൻ കവിതകളെക്കുറിച്ചും അദ്ദേഹത്തിൻെറ നവോത്ഥാന പ്രവർത്തനങ്ങളെക്കുറിച്ചും വിലയിരുത്തുന്നതരത്തിൽ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ;

(സി) ആശാൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ രൂപം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്മാരക സമിതിയുടെ പ്രവർത്തന റിപ്പോർട്ട് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി & സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. *

## എല്ലാ ജില്ലയിലും ഒരു സാംസ്കാരിക സമുച്ചയം

84 (2627) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലയിലും ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വെളിപ്പെടുത്താമോ;

(ബി) ഇവ സ്ഥാപിക്കുന്ന സ്ഥലങ്ങൾ, ജില്ല എന്നിവ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ & ബി) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 40 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിവിധ ജില്ലകളിൽ സ്ഥല ലഭ്യത, കൈവശാവകാശത്തിന്റെ കൈമാറ്റം എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം**

85 (2628) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം അടിമാലിയിൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് ആരംഭിക്കാൻ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഉണ്ടെങ്കിൽ അവ പരിഹരിച്ച് സാംസ്കാരികനിലയം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കാമ്മ ചെറിയാന്റെ നാമധേയത്തിൽ ഇടുക്കി ജില്ലയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി ആവശ്യമായ ഭൂമി ഇടുക്കി അടിമാലിക്ക് സമീപം സൗജന്യമായി വിട്ടുനൽകാൻ സ്വകാര്യ വ്യക്തി തയ്യാറായതിനെ തുടർന്ന് പ്രസ്തുത ഭൂമി സാംസ്കാരിക വകുപ്പ് അദ്ധ്യക്ഷൻ സന്ദർശിച്ച് ദേവികുളം താലൂക്കിൽ മന്നാംകണ്ടം വില്ലേജിൽ 1061/1, 3, 1066/1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട പ്രസ്തുത ഭൂമി പദ്ധതിക്കായി അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥത കൈമാറുന്നതും സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതും സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി മെസ്സേഴ്സ് പ്രൈസ് വാട്ടർ ഹൗസ് കൂപ്പേഴ്സ് എന്ന ഏജൻസിയെ ഇതിനോടകംതന്നെ നിയമിച്ചിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായാലുടൻതന്നെ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നതും നിർമ്മാണം ആരംഭിക്കുന്നതുമാണ്.

## വാമനപുരം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം

86 (2629) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷങ്ങളിൽ വാമനപുരം നിയോജകണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അനാവർത്തന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ആവർത്തന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി ) 2016, 2017, 2018 എന്നീ വർഷങ്ങളിൽ വാമനപുരം നിയോജക മണ്ഡലത്തിലെ ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റിക്ക് അനാവർത്തന ഗ്രാന്റായി 25,000 രൂപ അനുവദിച്ചിട്ടുണ്ട്. ആവർത്തന ഗ്രാന്റായി വാമനപുരം നിയോജകമണ്ഡലത്തിലെ 'രംഗപ്രഭാത് ' എന്ന സാംസ്കാരിക സ്ഥാപനത്തിന് 2016-17 വർഷം 10,00,000 (പത്ത് ലക്ഷം രൂപ മാത്രം) രൂപയും 2017-18 വർഷം 10,00,000 (പത്ത് ലക്ഷം ) രൂപ വകയിരുത്തിയതിൽ 5,00,000 (അഞ്ച് ലക്ഷം മാത്രം) രൂപയും അനുവദിച്ചു.

(സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. സാംസ്കാരിക പുരോഗതിക്ക് പ്രോത്സാഹനം നൽകുന്നുവെന്ന് പ്രത്യക്ഷ ബോധമുള്ള സംഘടനകളെയാണ് ധനസഹായത്തിന് പരിഗണിക്കുന്നത്.

2. ലാഭോദ്ദേശ്യം വച്ച് പ്രവർത്തിക്കുന്ന സംഘടനകളെ ധനസഹായ പദ്ധതിയിൽ നിന്നൊഴിവാക്കുന്നതാണ്.

3. രജിസ്റ്റർ ചെയ്ത രണ്ട് വർഷത്തെ പ്രവർത്തനം പൂർത്തിയാക്കിയവയും മുമ്പൊരിടത്തുനിന്നും ധനസഹായം ലഭിച്ചിട്ടില്ലാത്തവയുമായ ജനകീയ സംഘടനകൾക്ക് മുൻഗണന നൽകും.

4. നാടൻ കലാരൂപങ്ങൾ, ക്ലാസിക് കലാരൂപങ്ങൾ, പ്രാചീന കലാരൂപങ്ങൾ, മറ്റംഗീകൃത കലാരൂപങ്ങൾ എന്നിവ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സന്നദ്ധ സംഘടനകളെ ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തും. പ്രാചീന കലാരൂപങ്ങളുടെ പഠന ഗവേഷണങ്ങൾ നടത്തുന്ന സംഘടനകൾക്ക് ധനസഹായം നൽകും.

5. സാമൂഹിക പ്രതിബദ്ധതയോടെ കാലിക പ്രാധാന്യമുള്ള പ്രശ്നങ്ങളുടെ കലാപരമായ ആവിഷ്കാരത്തിന് മുന്നോട്ടുവരുന്ന സന്നദ്ധ സംഘടനകൾക്ക് അത്തരം പരിപാടികളുടെ ഗുണമേന്മയനുസരിച്ച് ധനസഹായം നൽകുന്നതാണ്.

6. ഉത്തരവാദപ്പെട്ട ഒരു സന്നദ്ധ സംഘടന ഒരനുസ്മരണ പരിപാടിക്കോ ചരമ വാർഷികം, ജന്മശതാബ്ദി, ജൂബിലി തുടങ്ങിയവയ്ക്കോ ധനസഹായത്തിനായി അപേക്ഷിച്ചാൽ അനുസ്മരിക്കപ്പെടുന്ന വ്യക്തിയുടെ കലാ-സാംസ്കാരിക രംഗത്തെ സംഭാവനകൾക്ക് അനുസൃതമായി ധനസഹായം നൽകുന്നതാണ്.

7. അഞ്ച് വർഷത്തിനുള്ളിൽ മൂന്ന് തവണ മാത്രമേ ഒരു സംഘടനയ്ക്ക് ഇത്തരം ഗ്രാന്റ് അനുവദിക്കുകയുള്ളൂ.

8. ഒരു സംഘടനയ്ക്ക് ഒരേ വർഷം ഒന്നിൽ കൂടുതൽ ധനസഹായം നൽകുകയില്ല.

9. ജില്ലാ പഞ്ചായത്ത് ഭരണ സമിതികൾ ഏകകണ്ഠമായി ശിപാർശ ചെയ്യുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഒരു പരിപാടിക്കോ ഒരു സാംസ്കാരിക പ്രവർത്തന പദ്ധതിക്കോ മറ്റു നിബന്ധനകൾക്ക് വിധേയമായി ധനസഹായം നൽകുന്നതാണ്.

10. കലാ സാംസ്കാരിക പരിപാടികൾ, ദൃശ്യ-ശ്രാവ്യ പരിപാടികൾ, ചിത്രകലാ പ്രദർശനങ്ങൾ, പഠനകളരി, ചർച്ചകൾ, കലോത്സവങ്ങൾ, ജനകീയ അനുഷ്ഠാന കലകൾ എന്നിവ സൗജന്യമായി സംഘടിപ്പിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതാണ്.

11. അനാവർത്തന ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങൾ ഗ്രാന്റ് കൈപ്പറ്റി രണ്ടുമാസത്തിനകം വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന സംഘടനകൾക്ക് പിന്നീട് യാതൊരു കാരണവശാലും ഗ്രാന്റ് നൽകുന്നതല്ല.

**കുടവട്ടൂർ ഭരത് മുരളി നാടക പരിശീലന കേന്ദ്രം**

87 (2630) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽപ്പെടുന്ന വെളിയം പഞ്ചായത്തിലെ കുടവട്ടൂർ ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിനായി 2016-17 ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു; വ്യക്തമാക്കുമോ;

(ബി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ആരിലാണ് നിക്ഷിപ്തമാക്കിയിരുന്നത്; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ വെളിയം പഞ്ചായത്തിലെ കുടവട്ടൂർ ഭരത് മുരളി നാടക പരിശീലന കേന്ദ്രത്തിനായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതി കൊല്ലം ജില്ലയിലെ വെളിയം ഗ്രാമപഞ്ചായത്ത് മുഖാന്തരം നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്തിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഊരുട്ടമ്പലത്ത് ആർട്ട് മ്യൂസിയം**

88 (2631) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ടള ലഹളയുടെ ഓർമ്മയ്ക്കായി ഊരുട്ടമ്പലത്ത് ആർട്ട് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

കണ്ടള ലഹളയുടെ ഭാഗമായി ഊരുട്ടമ്പലത്ത് ആർട്ട് മ്യൂസിയം നിർമ്മിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം 2.71 കോടി രൂപ ചെലവിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## അവശ കലാകാരന്മാർക്ക് പെൻഷൻ

89 (2632) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശകലാകാരന്മാർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വരുമാന പരിധി കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) 11-8-2017- ലെ സ.ഉ. (കൈ) നമ്പർ 21/2017/സാം. കാ.വ. ഉത്തരവ് പ്രകാരം കലാകാരന്മാർക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി കാലോചിതമായി പരിഷ്കരിച്ച് 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) ആയി ഉയർത്തിയിട്ടുണ്ട്.

## മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം

90 (2633) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം ആചരിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. മതാതീതമായ മാനവികതയ്ക്കും സാഹോദര്യത്തിനും സഹിഷ്ണുതയ്ക്കും വേണ്ടിയുള്ള വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിൽ ജീവൻ വെടിഞ്ഞ മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം 2018 ജനുവരി 30 മുതൽ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ "രക്തസാക്ഷിത്വത്തിന്റെ 70 വർഷങ്ങൾ " എന്ന

പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടികളോടെ സംസ്ഥാനത്തൊട്ടാകെ ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗാന്ധിജി കേരളത്തിൽ സന്ദർശിച്ച സ്ഥലങ്ങളും അദ്ദേഹവുമായി സഹകരിക്കുകയും ഐക്യപ്പെടുകയും ചെയ്ത വ്യക്തികളും ചരിത്ര സന്ദർഭങ്ങളും കോർത്തിണക്കി ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന പരിപാടികൾ ജില്ലകൾതോറും വിപുലമായി ആചരിക്കുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ജില്ലകളിൽ നടത്തുന്ന പരിപാടികൾ സാംസ്കാരിക വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, ലൈബ്രറി കൗൺസിൽ, സാക്ഷരതാ മിഷൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഗാന്ധിജിയെക്കുറിച്ചുള്ള കവിതകളുടെയും ജീവിത മുഹൂർത്തങ്ങളുടെയും ദൃശ്യാവിഷ്കരണവും പ്രഭാഷണങ്ങൾ തുടങ്ങിയ സാംസ്കാരിക പരിപാടികളും ഗാന്ധിജിയുടെ ജീവിതം ആസ്പദമാക്കി വിപുലമായ എക്സിബിഷനും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ ജനുവരി മാസം 30-ന് വൈകിട്ട് 5.30-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. ജില്ലാതല പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

**പാറശ്ശാല മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് പാർലമെന്ററി പഠന പദ്ധതി**

91 (2634) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് പാർലമെന്ററി അവബോധം സൃഷ്ടിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കയാണെന്ന് അറിയിക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളിൽ ഒൻപത്, പതിനൊന്ന് എന്നീ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി പാർലമെന്ററി അവബോധം വളർത്തുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ സഹകരണത്തോടെ ഒരു സമഗ്ര പദ്ധതി നടപ്പിലാക്കാമോ?

ഉത്തരം

(എ & ബി) വിദ്യാർത്ഥികളിൽ പാർലമെന്ററി അവബോധം സൃഷ്ടിക്കുന്നതിനായി ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂൾ/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ/കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് സെമിനാറുകൾ, അനുസ്മരണ

പ്രഭാഷണങ്ങൾ എന്നിവയോടൊപ്പം യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ, ഹ്യൂമൺ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകൾ എന്നിവയും അദ്ധ്യയന വർഷാടിസ്ഥാനത്തിൽ രൂപീകരിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ജില്ലാ/സംസ്ഥാനാടിസ്ഥാനത്തിൽ ജനാധിപത്യത്തെയും അനുബന്ധ വിഷയങ്ങളെയും സംബന്ധിച്ച പ്രശ്നോത്തരി, പ്രസംഗ മത്സരം, പ്രബന്ധ രചനാ മത്സരം എന്നിവയും നടത്തിവരുന്നു. പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്കൂളുകൾ മേൽ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കുന്ന പക്ഷം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് അനുമതി നൽകുന്നതാണ്.

## ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണം

92 (2635) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള തീയേറ്ററിൽ എന്തൊക്കെ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ നവീകരണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ 2017 ഡിസംബർ ആദ്യവാരം ആരംഭിച്ചു. സിവിൽ, ഇലക്ട്രിക്കൽ, അക്കൗസ്റ്റിക്, എ.സി. ഫയർ ജോലികൾക്കായി ടെണ്ടറിലൂടെ കോൺട്രാക്ടർമാരെ തെരഞ്ഞെടുത്തു. ഓഡിറ്റോറിയം ചെയർ സപ്ലൈ ചെയ്യുന്ന ഏജൻസിയെ തെരഞ്ഞെടുക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുകയാണ്. 2018 ഏപ്രിൽ-മേയ് മാസത്തിനുള്ളിൽ രണ്ട് തീയേറ്ററുകൾ പ്രവർത്തനസജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. രേഖകൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള തീയേറ്ററിന്റെ ബാൽക്കണി മറ്റൊരു ചെറിയ തീയേറ്ററായി മാറ്റും. നിലവിലെ ടോയ്‌ലറ്റുകൾ ആധുനികവൽക്കരിക്കും. രണ്ട് തീയേറ്ററിലും പുതിയ എ.സി. സംവിധാനം സ്ഥാപിക്കും. ചെയറുകൾ മാറ്റി പുതിയ പുഷ്ബാക്ക് ചെയറുകൾ ഘടിപ്പിക്കും. 7.1 ശബ്ദസംവിധാനവും 2 കെ ഡിജിറ്റൽ പ്രൊജക്ഷൻ സൗകര്യങ്ങളും ഉണ്ടാകും. തീയേറ്ററിന്റെ അക്കൗസ്റ്റിക് സംവിധാനം അപ്പാടെ പരിഷ്കരിക്കും. പുതിയ ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ ഘടിപ്പിക്കും. പുതിയ ഇലക്ട്രിക് പാനലുകൾ, സി.സി.ടി.വി., എൽ.ഇ.ഡി. ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ , സ്റ്റെപ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കും. നവീകരണ പ്രവർത്തനങ്ങൾ 2018 ഏപ്രിൽ-മേയ് മാസത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## ശ്രീകൃഷ്ണപുരത്ത് സിനിമാ തീയേറ്റർ

93 (2636) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി. യുടെ ആഭിമുഖ്യത്തിൽ ശ്രീകൃഷ്ണപുരത്ത് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്ററിന്റെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സംരംഭത്തിന്റെ പ്രവർത്തനം ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുവാൻ കഴിയുമോ; വിശദവിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ & ബി) ഇല്ല. കെ.എസ്.എഫ്.ഡി.സി.-ക്ക് പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് കൈമാറിക്കിട്ടിയിട്ടുള്ള സ്ഥലത്ത് തീയേറ്റർ സമുച്ചയം സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ശ്രീകൃഷ്ണപുരത്ത് തീയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതി ഈ സാമ്പത്തിക വർഷം പരിഗണനയിലില്ല.

## ചലച്ചിത്ര തീയേറ്റർ സമുച്ചയങ്ങൾ

94 (2637) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ആധുനിക ചലച്ചിത്ര തീയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ച് എവിടെയൊക്കെ തീയേറ്ററുകൾ നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചു എന്ന് അറിയിക്കുമോ;

(സി) കിഫ്ബിയിൽ നിന്നും പ്രസ്തുത പദ്ധതിക്ക് എന്ത് തുക ലഭ്യമാക്കി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ആധുനിക തീയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. അഞ്ചുമാസത്തിനുള്ളിൽ ഡി.പി.ആർ. സമർപ്പിക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഡി.പി.ആർ. തയ്യാറാക്കിയശേഷം ടെണ്ടർ നടപടികൾ ആരംഭിക്കുന്നതും അതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതുമാണ്.

(സി) കിഫ്ബിയിൽനിന്നും പ്രസ്തുത പദ്ധതിക്കായി 100 കോടി രൂപയാണ് അനുവദിക്കുക. ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചതിനുശേഷമാണ് തുക അനുവദിക്കുക.

**അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി**

95 (2638) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് നടക്കുന്ന കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി ഏർപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയും; എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ;

(ബി) ചലച്ചിത്രമേള തിരുവനന്തപുരം നഗരഹൃദയത്തിൽ നിന്നും മാറ്റികൊണ്ടു പോകുന്നത്, മേളയുടെ ജനകീയതയും സ്വീകാര്യതയും കുറയ്ക്കുകയും ഒപ്പം സിനിമാ ആസ്വാദകർക്ക് കൂടുതൽ കഷ്ടപ്പാട് സഹിക്കേണ്ടി വരികയും ചെയ്യുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) നല്ല സിനിമകൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ ഭാഗമായി, കൂടുതൽ സ്ഥലങ്ങളിൽ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി നിർമ്മിക്കുന്ന പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പ്രൈസ് വാട്ടർ കൂപ്പർ എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കാൻ 5 മാസ സമയം അനുവദിച്ചിട്ടുണ്ട്. 2018 ജൂണോടെ നിർമ്മാണം തുടങ്ങാൻ സാധിക്കുന്നതാണ്. 2020-ൽ പണി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കിഫ്ബി-യിൽനിന്നും 100 കോടി രൂപയാണ് ഇതിനായി അനുവദിക്കുന്നത്.

(ബി) അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്കായി സ്ഥിരം വേദി തിരുവല്ലത്തുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയിൽ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കോർപ്പറേഷൻ പരിധിയിൽ വരുന്നതും, കോർപ്പറേഷൻ വാർഡായ തിരുവല്ലത്തേയ്ക്ക് തമ്പാനൂരിൽനിന്ന് കേവലം ഒൻപത് കിലോമീറ്റർ ദൂരമേയുള്ളൂ. അവിടെനിന്നും അരകിലോമീറ്റർ ദൂരം മാത്രം ചിത്രാഞ്ജലി സ്റ്റുഡിയോയിലേയ്ക്കും കഴക്കൂട്ടം-വിഴിഞ്ഞം ദേശീയ പാതയിലാണ് തിരുവല്ലം സ്ഥിതി ചെയ്യുന്നത് എന്നതിനാൽ വാഹന സൗകര്യത്തിന് ബുദ്ധിമുട്ട് നേരിടുകയില്ല. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടെ ഗതാഗതമുൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും വർദ്ധിക്കും. വ്യാപാരശാലകളും ഹോട്ടലുകളും റെസ്റ്റോറന്റുകളും വരുന്നതോടെ നഗരമദ്ധ്യം നൽകുന്ന എല്ലാ സൗകര്യങ്ങളും ഇവിടെയും ലഭ്യമാകും. കോവളം തിരുവല്ലത്തിന് സമീപമായതിനാൽ ഇതൊരു ടൂറിസ്റ്റ് സ്പോട്ടായി മാറുകയും ചെയ്യും. അതോടെ ഡെലിഗേറ്റുകളുടെ താമസത്തിനോ യാത്രയ്ക്കോ ഒരു പ്രയാസവും നേരിടുകയില്ല. തിരുവല്ലം എയർപോർട്ടിന് അടുത്തായതിനാൽ വിദേശ പ്രതിനിധികൾക്ക് എത്തിച്ചേരാനുള്ള സൗകര്യവും വർദ്ധിക്കും. ഇക്കാരണങ്ങളാൽ ചലച്ചിത്രമേള ചിത്രാഞ്ജലിയിലേക്ക് മാറ്റുന്നത് വഴി മേളയുടെ ജനകീയതയ്ക്കും സ്വീകാര്യതയ്ക്കും ഒട്ടും കുറവ് വരികയില്ല.

(സി) നല്ല സിനിമകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന്റെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് എന്ന പദ്ധതിയുടെ ഭാഗമായി നാല് മേഖലാ കേന്ദ്രങ്ങൾകൂടി ആരംഭിച്ചു. കൂടാതെ ചലച്ചിത്രമേളകളിൽ പ്രദർശിപ്പിക്കുന്ന നല്ല സിനിമകൾ അക്കാദമി സംഘടിപ്പിക്കുന്ന മറ്റ് മേളകൾ വഴി വീണ്ടും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം പയ്യന്നൂരിൽ വച്ച് നാഷണൽ ഫെസ്റ്റിവലും കോഴിക്കോട്, കൊടുങ്ങല്ലൂർ, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ എന്നിവിടങ്ങളിലായി പ്രാദേശിക ചലച്ചിത്രമേളകളും അക്കാദമി സംഘടിപ്പിക്കുന്നുണ്ട്.

### ആദിച്ചനല്ലൂരിൽ കെ.എസ്.എഫ്.ഡി.സി.യുടെ തീയേറ്റർ

96 (2639) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് സന്നദ്ധത അറിയിച്ചിട്ടുള്ള തിയേറ്റർ നിർമ്മാണ പദ്ധതിക്ക് കെ.എസ്.എഫ്.ഡി.സി. കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കിഫ്ബിയിൽ നിന്നുള്ള തുക കൊണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ, ഏതൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കെ.എസ്.എഫ്.ഡി.സി. തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥലം ചലച്ചിത്ര വികസന കോർപ്പറേഷന്റെ വിദഗ്ദ്ധ സംഘം പരിശോധിച്ച് തീയേറ്റർ സമുച്ചയത്തിനുള്ള സാദ്ധ്യത വിലയിരുത്തിയതിനുശേഷം തുടർ നടപടികൾ തീരുമാനിക്കുന്നതാണ്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനവും കെ.എസ്.എഫ്.ഡി.സി.-യുമായി ഒപ്പിടുന്ന ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിലാവും തീയേറ്റർ സമുച്ചയം നിർമ്മിക്കുന്നത്. സ്ഥലം 30 വർഷത്തെ പാട്ടത്തിനാവും ഏറ്റെടുക്കുക. പാട്ടത്തുക സർക്കാർ മാനദണ്ഡപ്രകാരം നിശ്ചയിക്കുന്നതാണ്. സവിശേഷമായി മറ്റ് മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദ്ദേശിച്ചാൽ പരസ്പരം ചർച്ച ചെയ്ത് അതിൽ തീരുമാനം എടുക്കുകയും ആയത് ധാരണാപത്രത്തിൽ ഉൾപ്പെടുത്തുകയും ചെയ്യും.

### വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി

97 (2640) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) ഭൂമി എന്നത്തേയ്ക്ക് കൈമാറാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലേയ്ക്ക നാളിതുവരെ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ഡി) ഇനി എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളുവാനുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ- ഡി) കോന്നി ഫയർ സ്റ്റേഷന്റെ നിർമ്മാണത്തിനായി വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി അനുവദിച്ച് നൽകുന്നതിനായി യൂസർ ഏജൻസിയായ ഫയർ & റെസ്ക്യൂ സർവ്വീസസ് ഓൺലൈനായി അപേക്ഷ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കിയാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**വനഭൂമി കയ്യേറ്റം ഒഴിപ്പിക്കൽ**

98 (2641) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1977 ജനുവരി 1 ന ശേഷമുള്ള, എത്രത്തോളം ഹെക്ടർ വനഭൂമി കയ്യേറ്റം ഒഴിപ്പിക്കാനുണ്ടെന്നാണ് കരുതപ്പെട്ടിട്ടുള്ളത്;

(ബി) ഈ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളിന്മേൽ ബഹു:ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്മേൽ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വനഭൂമി കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും പുതിയ കയ്യേറ്റങ്ങൾ തടയുന്നതിനും വനം വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഒ.പി. നമ്പർ 18467/02 നമ്പർ കേസിൽ 27.10.2012 തീയതിയിൽ സർക്കാർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലമനുസരിച്ച് 7289.3377 ഹെക്ടർ വനഭൂമിയാണ് 1-1-1977-ന് ശേഷം ഒഴിപ്പിക്കാനുള്ളതായി കണക്കാക്കിയിരുന്നത്.

(ബി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് 4-9-2015-ന് ഒ. പി. നമ്പർ 18467/02, ഒ. പി. നമ്പർ 1947/03 നമ്പർ കേസുകളിൽ പൊതുവായി ബഹു. ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ട്. കേരള ലാന്റ് കൺസർവൻസി ആക്ട് (1957), കേരള ഫോറസ്റ്റ് ആക്ട് (1961) എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നൽകി.

(2) ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

(3) 4-9-2015-ലെ ബഹു. ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹു. കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

വനം കയ്യേറ്റം തടയുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാന പരിഹാര വനവത്ക്കരണനിധി**

99 (2642) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനേതര ആവശ്യങ്ങൾക്കായി വനഭൂമി വിട്ടു നൽകുന്നതിന് പകരം ലഭിക്കുന്ന പരിഹാര വനവത്ക്കരണത്തിനായുള്ള ഫണ്ട് വിനിയോഗിക്കുന്നതിന് കാംപ (CAMPA) നിയമപ്രകാരം സംസ്ഥാനതല അതോറിറ്റിയും സംസ്ഥാന പരിഹാര വനവത്കരണ നിധിയും സ്ഥാപിതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന പരിഹാര വനവത്കരണ നിധിയിലേക്ക് എത്ര തുക ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക വിനിയോഗിച്ചിട്ടുണ്ട്; എത്ര തുക ബാക്കിയുണ്ട്; വ്യക്തമാക്കുമോ;

(ബി) കാംപ (CAMPA) നിയമപ്രകാരം സംസ്ഥാനതല അതോറിറ്റിയും സംസ്ഥാന പരിഹാര വനവത്കരണ നിധിയും രൂപീകരിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. The Compensatory Afforestation Fund Act 2016 പ്രാബല്യത്തിൽ വന്നിട്ടില്ല. എന്നാൽ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ആവശ്യങ്ങൾക്ക് അഡ്ഹോക് കാംപ നിലവിൽ ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഡ്ഹോക് കാംപയിൽനിന്നും സംസ്ഥാന കാംപ അക്കൗണ്ടിലേക്ക് ഇൻസ്പെക്ടർ ജനറൽ ഓഫ് ഫോറസ്റ്റ്സ് & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അഡ്ഹോക് കാംപ ന്യൂഡൽഹിയുടെ 18-12-2017 -ലെ 15-2 (18)/2017-CAMPA നമ്പർ ഉത്തരവുപ്രകാരം 8 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പ്രവർത്തന രേഖ അനുസരിച്ച് വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം**

100 (2643) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പുഴാതി പഞ്ചായത്തിലെ കക്കാട് റീസർവ്വെ 205-ൽപ്പെട്ട കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് ശിപാർശ ചെയ്തിരിക്കുന്ന

നിലവിലെ ഗ്രൗണ്ട് ഡിമാർക്കേഷൻ നടപടികൾ പൂർത്തിയായപ്പോൾ റിസർവ് വനത്തിനകത്ത് ഉൾപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലത്ത് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കക്കാട് സ്റ്റേഡിയം നിർമ്മിക്കുന്നതിന് വനം വകുപ്പിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ 4-1-2016-ന് എ 3-23/2016 നമ്പരായി പൂഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തളിപ്പറമ്പ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അയച്ച കത്ത് ഇപ്പോഴും നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ വനം ഡിവിഷൻ തളിപ്പറമ്പ് റെയിഞ്ചിന്റെ പരിധിയിൽവരുന്ന പൂഴാതി വില്ലേജിലെ റീസർവ്വേ നമ്പർ 205-ൽപ്പെട്ട 1.036 ഹെക്ടർ സ്ഥലമാണ് കണ്ടൽ റിസർവ്വായി പ്രഖ്യാപിച്ചിട്ടുള്ളത്. ടി സ്ഥലത്ത് സർവ്വേ പ്രവൃത്തികൾ നടന്നുവരുന്നതേയുള്ളൂ. സർവ്വേ നടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ കക്കാട് സ്റ്റേഡിയം നിർമ്മാണത്തിന് ശിപാർശ ചെയ്തിരിക്കുന്ന സ്ഥലം റിസർവ്വിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പറയുവാൻ സാധിക്കുകയുള്ളൂ.

(ബി) സർവ്വേ നടപടികൾ പൂർത്തിയാക്കി വനത്തിലുൾപ്പെടുന്നതല്ല എന്ന് കണ്ടെത്തിയാൽ വനം വകുപ്പിന് തടസ്സം ഉണ്ടാകുന്നതല്ല.

(സി) സർവ്വേ നടപടികൾ പൂർത്തിയാക്കി നോട്ടിഫിക്കേഷൻ പ്രകാരമുള്ള 1.036 ഹെക്ടർ വനഭൂമിയുണ്ടെന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ മാത്രമേ തളിപ്പറമ്പ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പൂഴാതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിന്മേൽ തുടർനടപടികൾ നിർത്തിവെയ്ക്കുവാൻ കഴിയുകയുള്ളൂ.

**മാങ്കുളം ഫോറസ്റ്റ് ഡിവിഷൻ ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം**

101 (2644 ) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാങ്കുളം ഡിവിഷനിലെ മിച്ചഭൂമിയെ വനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് സർക്കാർ 16-5-2007-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 22-5-2007-ൽ കൂടിയ വനം-റവന്യൂ വകുപ്പ്മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും യോഗതീരുമാനപ്രകാരം വരുത്തിയ മാറ്റങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.ഡി.എച്ച്. നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടി പൂർത്തിയാകാത്തതും അതിർത്തി നിർണയം പൂർത്തിയാകാത്തതുമായ മാങ്കുളത്തെ സ്ഥലത്ത് വനം വകുപ്പ് ജണ്ട കെട്ടിയും മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയും സർക്കാരിന്റെ പണം ദുർവിനിയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നിയമനടപടി സ്വീകരിക്കുമോ;

(സി) കേരള വന നിയമത്തിലെ 19-ാം വകുപ്പ് പ്രകാരം കെ.ഡി.എച്ച്. ഭൂമിയിൽ നിന്നും മാങ്കുളം ഫോറസ്റ്റ് ഡിവിഷൻ ഏറ്റെടുത്ത ഭൂമിയുടെ വിസ്തീർണ്ണം എത്ര; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാങ്കുളം ഡിവിഷനിലെ മിച്ചഭൂമിയെ വനമായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച സർക്കാർ 16-5-7-ൽ പുറപ്പെടുവിച്ച നോട്ടിഫിക്കേഷനിൽ, 22-5-2017-ൽ കൂടിയ വനം-റവന്യൂ വകുപ്പുമന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും യോഗതീരുമാനപ്രകാരം മാറ്റങ്ങൾ ഒന്നും വരുത്തിയിട്ടില്ല.

(ബി) കെ.ഡി.എച്ച്. നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാകാത്തതും അതിർത്തി നിർണ്ണയം പൂർത്തിയാകാത്തതുമായ മാങ്കുളത്തെ സ്ഥലത്ത് വനം വകുപ്പ് ജണ്ട കെട്ടിയും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയും സർക്കാരിന്റെ പണം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കെ.ഡി.എച്ച് ഭൂമിയിൽപ്പെട്ടതും മാങ്കുളം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽപ്പെട്ടതുമായ 9005.72 ഹെക്ടർ ഭൂമി കേരള വന നിയമം സെക്ഷൻ (4) പ്രകാരം റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതും അന്നുമുതൽ ടി ഭൂമി റിസർവ് വനമായി സംരക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്. കേരള വന നിയമം 19-ാം വകുപ്പ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുന്നോടിയായുള്ള തുടർ നടപടികൾ നടന്നുവരുന്നുണ്ട്.

**പട്ടാമ്പി രാമഗിരി കോട്ട**

102 (2645) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഓങ്ങല്ലൂർ, കൊപ്പം പഞ്ചായത്തുകളിലായി കിടക്കുന്ന രാമഗിരികോട്ടയുടെ സമീപ പ്രദേശങ്ങളിൽ വനം വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കാണ് നൽകിയത് എന്നും എപ്പോഴാണ് നൽകിയത് എന്നും എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലക്കാട് ഡിവിഷന് കീഴിലെ ഒ.എ. 103/79, 203/79, 257/79 കേസുകളിലുൾപ്പെട്ടതും ഒറ്റപ്പാലം റെയിഞ്ചിലെ പട്ടാമ്പി സെക്ഷനിലെ പരിധിയിൽ വരുന്ന വി.എഫ്.സി. ഐറ്റം നമ്പർ 70 രാമഗിരി കോട്ട മലവാരത്തിൽപ്പെട്ടതുമായ ടി സ്ഥലങ്ങൾ 15-7-1994, 18-9-1995 എന്നീ തീയതികളിലായി വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ് ആക്ട് 1971 പ്രകാരം വിട്ടുനൽകിയിട്ടുള്ളതാണ്.

മേൽ കേസുകളിൽപ്പെട്ട 49.81 Ha സ്ഥലം ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് ആയി വിജ്ഞാപനം ചെയ്യുകയും തുടർന്ന് ടി സ്ഥലങ്ങൾ ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കി, ഇക്കോളജിക്കലി ഫ്രജയിൽ ലാന്റ് കസ്റ്റോഡിയൻ 23-9-2015-ന് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 14-1-2016-ലെ ഇ.എഫ്.എൽ. 6-1061/1997 നമ്പർ ഉത്തരവ് പ്രകാരം ഡീ-നോട്ടിഫൈ ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ശ്രീ. ഈശ്വരനുണ്ണി മുതൽ പേർക്ക് 1-6-2016-ന് ടി സ്ഥലങ്ങൾക്ക് എൻ.ഒ.സി. അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## വനഭൂമിയുടെ വിസ്തൃതി

103 (2646) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി, സംസ്ഥാന ഭൂവിസ്തൃതിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് വനവൽക്കരണത്തിനായി നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനഭൂമിയുടെ വിസ്തൃതി സംസ്ഥാന ഭൂവിസ്തൃതിയുടെ 29.10 ശതമാനമാണ്.

(ബി) സംസ്ഥാനത്ത് വനവൽക്കരണത്തിനായി നടപ്പ്സാമ്പത്തിക വർഷം നാളിതുവരെ 865.63 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## വനമേഖലയിലെ പ്ലാന്റേഷനുകൾ

104 (2647) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിൽ എത്ര വിസ്തൃതിയിൽ പ്ലാന്റേഷനുകളുണ്ടെന്നും, ഇതിൽ തേക്ക്, അക്കേഷ്യ, മാഞ്ചിയം തുടങ്ങിയ പ്ലാന്റേഷനുകളുടെ വിസ്തൃതി എത്രയെന്നും വ്യക്തമാക്കുമോ;

(ബി) വനമേഖലയിൽ കൃഷി ചെയ്തിരുന്ന തേക്ക് മരങ്ങൾ പിന്നീട് ആ പ്രദേശങ്ങൾ വന്യമൃഗസങ്കേതമായി പ്രഖ്യാപിക്കപ്പെട്ടതുമൂലം മുറിച്ച് മാറ്റാൻ കഴിയാത്ത സാഹചര്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതിൽ എത്ര വിസ്തൃതിയിൽ തേക്കിൻ തോട്ടങ്ങൾ ഉണ്ടെന്നും, ഈ തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് വിൽക്കാൻ കഴിഞ്ഞാൽ സർക്കാരിന് എത്ര വരുമാനം ലഭിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) നിയമത്തിൽ ഭേദഗതി വരുത്തി ഓരോ വർഷവും ഇത്തരത്തിലുള്ള തേക്ക് മരങ്ങൾ മുറിച്ച് വിൽക്കുന്നതിനും അവിടെ ഫലവൃക്ഷങ്ങൾ നട്ട് സ്വാഭാവിക വനമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നിലവിലുള്ള കണക്കുകൾ പ്രകാരം വനമേഖലയിൽ ആകെ 154950.325 ഹെക്ടർ പ്രദേശത്താണ് പ്ലാന്റേഷനുകളുള്ളത്. ഇതിൽ 77440.84 ഹെക്ടർ തേക്കിൻതോട്ടങ്ങളും 13537.283 ഹെക്ടർ തേക്കും സോഫ്റ്റ് വുഡ് തോട്ടങ്ങളും 3048.425 ഹെക്ടർ മാഞ്ചിയം തോട്ടങ്ങളും 6482.983 ഹെക്ടർ അക്കേഷ്യ തോട്ടങ്ങളുമാണ്.

(ബി) വനമേഖലയിൽ കൃഷി ചെയ്തിരുന്ന തേക്കുമരങ്ങൾ പിന്നീട് ആ പ്രദേശങ്ങൾ വന്യമൃഗസങ്കേതമായി പ്രഖ്യാപിക്കപ്പെട്ടാൽ മുറിച്ചുമാറ്റാൻ കഴിയില്ല.

(സി) വന്യമൃഗ സങ്കേതങ്ങളിലെ തേക്ക് മരങ്ങൾ മുറിച്ചുമാറ്റാൻ പാടില്ലാത്തതുകൊണ്ട് അതിൽനിന്ന് ലഭിക്കാവുന്ന വരുമാനം എത്രവരുമെന്ന് പരിശോധിച്ചിട്ടില്ല.

(ഡി) വന്യജീവി സങ്കേതങ്ങളിൽ നിൽക്കുന്ന തേക്കുമരങ്ങൾ മുറിക്കുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റേതുൾപ്പെടെയുള്ള അനുമതി ആവശ്യമുള്ളതും ഇത്തരം അനുമതി ലഭിക്കാനുള്ള സാധ്യത തുലോം കുറവുമാണ്.

**വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

105 (2648) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം വ്യാപകമാകുന്നതായും അതിനെതിരെ നടപടി എടുക്കുവാൻ രാഷ്ട്രീയ സമ്മർദ്ദങ്ങളുടെ പേരിൽ ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലായെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് ഏത് മേഖലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) 1977 ജനുവരി 1 ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന് 2015 സെപ്റ്റംബർ 4-ാം തീയതി കേരള ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; എത്ര ഏക്കർ വനപ്രദേശം ഒഴിപ്പിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) അടുത്ത കാലത്തായി വനം കയ്യേറ്റം വ്യാപകമായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കയ്യേറ്റം ഒഴപ്പിക്കുന്നതിനെതിരെ രാഷ്ട്രീയ സമ്മർദ്ദമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വനം കയ്യേറ്റം നടന്നിട്ടുള്ളത് കിഴക്കൻ മേഖലയിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കേരള ലാന്റ് കൺസർവൻസി ആക്ട് (1957), കേരള ഫോറസ്റ്റ് ആക്ട് (1961) എന്നിവ പ്രകാരം കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ടി പ്രവൃത്തി കോടതി വിധി കൈപ്പറ്റിയ തീയതി മുതൽ 6 മാസത്തിനകം ആരംഭിച്ച് അടുത്ത 6 മാസത്തിനകം പൂർത്തീകരിക്കുന്നതിനും 4-9-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കോടതി ഉത്തരവ് അനുസരിച്ച് 20-1-2016 തീയതിയിലെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ 6-ാമത് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ വിശദമായ ചർച്ചയ്ക്ക് വയ്ക്കുകയും യോഗ തീരുമാനപ്രകാരം ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

2. ലാന്റ് കൺസർവൻസി ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാൻ കയ്യേറ്റക്കാരുടെ ലിസ്റ്റ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നൽകി.

3. ഏതാനും സ്ഥലങ്ങളിൽ വനം കയ്യേറ്റക്കാർക്ക് വനം വകുപ്പ് നേരിട്ട് നോട്ടീസ് നൽകിയിട്ടുണ്ട്.

4. 4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നോട്ടീസ് നൽകുന്നതിനും, കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും അധിക സമയവും നോട്ടീസ് നൽകുന്ന കാര്യത്തിൽ വ്യക്തതയും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. അതിന്മേൽ അന്തിമ ഉത്തരവ് ആയിട്ടില്ല.

4-9-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ 113.7337 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്.

**ആദിവാസികൾക്കെതിരെയുള്ള കേസുകൾ**

106 (2649) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഭവനനിർമ്മാണത്തിനായി വനപ്രദേശത്തെ മരങ്ങൾ മുറിച്ച് ഉപയോഗിക്കാമെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ആദിവാസികൾക്ക് കെട്ടുറപ്പുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിനായി വനപ്രദേശങ്ങളിൽനിന്നു തന്നെ കെട്ടിടസാമഗ്രികൾ കണ്ടെത്താം എന്ന സർക്കാർ ഉത്തരവ് നിലനിൽക്കെ വനം വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ആവശ്യത്തിനായി മരം മുറിക്കുന്ന ആദിവാസികൾക്ക് എതിരെ കേസ് എടുക്കുന്നതും പിഴ ഈടാക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അരുവിക്കര നിയോജകമണ്ഡലത്തിലെ ഫോറസ്റ്റ് റെയ്ഞ്ചുകളിൽ ഇത്തരത്തിലുള്ള കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഭവനനിർമ്മാണത്തിനായി മാത്രം നിയമ പ്രകാരം മരം മുറിച്ചവർക്കെതിരെയുള്ള കേസുകളോ വസൂലാക്കിയ പിഴയോ പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആദിവാസികൾക്ക് ഭവന നിർമ്മാണത്തിനായി അവർ കൈവശം വച്ചുവരുന്ന വനഭൂമിയിലെ മരങ്ങൾ മുറിച്ച് ഉപയോഗിക്കാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ആദിവാസികൾ മരം മുറിക്കുന്നതിനെതിരെ കേസുകളൊന്നും എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അരുവിക്കര നിയോജകമണ്ഡലത്തിലെ ഫോറസ്റ്റ് റെയിഞ്ചുകളിൽ ഇത്തരത്തിലുള്ള കേസുകൾ നിലവിലില്ല.

**പട്ടയഭൂമിയിലെ റിസർവ് ചെയ്യാത്ത മരങ്ങൾ**

107 (2650) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ റിസർവ് ചെയ്യാത്ത മരങ്ങൾ മുറിക്കുന്നതിന് പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വനഭൂമി പട്ടയം ലഭിച്ചിട്ടുള്ള കർഷകർ അവർ നട്ടു വളർത്തിയ തേക്ക്, ആഞ്ഞിലി മുതലായ മരങ്ങൾ വെട്ടി വില്ക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ തടസ്സം നീക്കി മരങ്ങൾ മുറിക്കുന്നതിന് അനുമതി നല്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് നിലവിലെ വ്യവസ്ഥകൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടയഭൂമിയിലെ മരംമുറി സംബന്ധമായി പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പട്ടയഭൂമിയിലെ മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി എന്നീ 11 ഇനം മരങ്ങൾ മുറിക്കുന്നതിന് തടസ്സമില്ല. മറ്റ് മരങ്ങൾ മുറിക്കുന്നതിന് നിയന്ത്രണമുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

(ഡി) വനഭൂമിയിൽ നിലവിൽ പട്ടയം ലഭിച്ചിട്ടുള്ള സ്ഥലങ്ങളിൽ പട്ടയക്കാർക്ക് 11 ഇനങ്ങളിൽപ്പെട്ട (മാവ്, അമ്പഴം, പുളി, നെല്ലി, കുടംപുളി, മട്ടി, മുരിക്ക്, അൽബീസിയ, സിൽവർ ഓക്ക്, പ്ലാവ്, ആഞ്ഞിലി) മരങ്ങൾ മുറിച്ചെടുത്ത് ഉപയോഗിക്കുവാൻ 15-3-1993-ലെ സ. ഉ. (എം. എസ്.) നമ്പർ 23/93/വനം, 19-5-1993-ലെ സ.ഉ.(എം.എസ്.) നമ്പർ 36/93/വനം, 27-5-2015-ലെ സ. ഉ.(എം. എസ്.) നമ്പർ 40/2015/വനം, 9-7-2015 തീയതിയിലെ സ. ഉ. (എം. എസ്) നമ്പർ 49/15/വനം എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം അനുവാദം ഉണ്ട്. കേരള ഭൂപതിവ് ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് പതിച്ച് കൊടുക്കുന്ന പട്ടയഭൂമിയിലെ മരം മുറിക്കുന്നതിന് ബന്ധപ്പെട്ട നിയമത്തിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങളുണ്ട് .

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക

108 (2651) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയെ യൂണിഫോം തസ്തികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശവും ഉത്തരവുകളുടെ പകർപ്പുകളും നൽകുമോ;

(ബി) ഇപ്പോൾ അവർക്ക് നൽകിവരുന്ന ട്രെയിനിംഗുകളും അവയുടെ കാലയളവുകളും വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തിക സേനാവിഭാഗത്തിൽപ്പെടുമോ; ഇല്ലെങ്കിൽ അവർക്ക് പോലീസ് ട്രെയിനിംഗിന്റെ ആവശ്യമുണ്ടോ;

(ഡി) സംസ്ഥാനത്ത് നിലവിൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ എത്ര ഒഴിവുകളുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ഫോറസ്റ്റ് കോഡ് വാല്യം III Appendix XVII ലാണ് ടി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് . (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) *

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് നിലവിൽ 6 മാസത്തെ ഫോറസ്റ്റ് ട്രെയിനിംഗും 3 മാസത്തെ പോലീസ് ട്രെയിനിംഗും നൽകിവരുന്നു.

(സി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക നിലവിൽ സേനാവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് കായികശേഷിയും ശാരീരികക്ഷമതയും അത്യന്താപേക്ഷിതമായതിനാൽ പോലീസ് ട്രെയിനിംഗ് നൽകിവരുന്നു.

(ഡി) നിലവിലുള്ള ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഒഴിവുകളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| പത്തനംതിട്ട | - | 17 |
| ഇടുക്കി | - | 5 |
| എറണാകുളം | - | 6 |
| തൃശ്ശൂർ | - | 5 |
| പാലക്കാട് | - | 16 |
| മലപ്പുറം | - | 9 |
| കോഴിക്കോട് | - | 2 |
| വയനാട് | - | 1 |
| കണ്ണൂർ | - | 2 |
| കാസർഗോഡ് | - | 3 |
| ആകെ | | 67 |

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ**

109 (2652) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എത്ര മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ടെന്നും ഏതൊക്കെ സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം ഉണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 114 ഫോറസ്റ്റ് സ്റ്റേഷനുകൾ ഉണ്ട്. 10 ഫോറസ്റ്റ് സ്റ്റേഷനുകൾ കൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷനുകളിൽ 8 മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നിലവിലില്ല.

**കാടുകളിലെ ജലസ്രോതസ്സുകൾ**

110 (2653) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാൻ കഴിഞ്ഞ വർഷം എത്ര പുതിയ പദ്ധതികൾ തുടങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ കാടുകളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും 500-ഓളം ജലസ്രോതസ്സുകളും നവീകരിച്ചു. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിച്ചുവരുന്നു. വനത്തിനുള്ളിലെ വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജലസംഭരണം ഉറപ്പുവരുത്തി സമീപ പ്രദേശത്തുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**വനസംരക്ഷണം**

111 (2654) ശ്രീ. അബ്ദുൽ ഹമീദ് പി. :

ശ്രീ. പാറക്കൽ അബ്ദുല്ല :

ശ്രീ. പി. കെ. അബ്ദു റബ്ബ് :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനായി കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കാണെന്ന വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനം വന്യജീവി വകുപ്പിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ( 60 % കേന്ദ്രവിഹിതം, 40% സംസ്ഥാന വിഹിതം) ഉൾപ്പെടുന്ന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ എന്നീ പദ്ധതികൾക്കായി 2018-19 സാമ്പത്തിക വർഷം യഥാക്രമം 1262.561 ലക്ഷം രൂപയും 823.22 ലക്ഷം രൂപയും 1465.60 ലക്ഷം രൂപയും ചേർത്ത് ആകെ 3551.381 ലക്ഷം രൂപയുള്ള വാർഷിക കർമ്മ പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിലെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും കടുവാ സങ്കേതങ്ങളുടെയും മറ്റു സംരക്ഷിത മേഖലകളുടെയും സംരക്ഷണത്തിനായാണ് തുക ആവശ്യപ്പെട്ടിട്ടുള്ളത്.

**വനപരിപാലനവും സംരക്ഷണവും**

112 (2655) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ സ്പെഷ്യൽ റൂൾ ഭേദഗതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) വനപരിപാലനവും സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വനംവകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂളിൽ സമഗ്രമായ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്കുള്ള വനിതകളുടെ നേരിട്ടുള്ള നിയമനവുമായി ബന്ധപ്പെട്ട് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിലവിലെ സ്പെഷ്യൽ റൂളിൽ ചില വ്യക്തതകൾ വരുത്തി ഭേദഗതി ചെയ്യണമെന്ന് ശിപാർശ ചെയ്യുകയും ആയത് സർക്കാർതലത്തിൽ പരിശോധിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വനപരിപാലനത്തിനും വനസംരക്ഷണത്തിനും വനം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നു.

- നിലവിലുള്ള വൻമരതോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളുടെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുക വഴി വർദ്ധിച്ചു വരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വന പരിസ്ഥിതി വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.
- പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ.
- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അനുവഴിയുള്ള ജൈവ വൈവിധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം.
- മറ്റു വകുപ്പുകളിൽനിന്നും പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ/ പുറമ്പോക്കുകൾ തുടങ്ങിയവയും റിസർവ് വനമായി പ്രഖ്യാപിക്കാത്ത വനഭൂമികളും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ.
- വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നു.
- വനം കയ്യേറ്റങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്താടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.
- നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മറയൂർ ചന്ദന ഡിപ്പോയുടെ സംരക്ഷണം ഉറപ്പാക്കുന്നു.
- വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട് വിവിധ ഭൂവിനിയോഗങ്ങളും മനുഷ്യന്റെ ആവാസവും പരസ്പരപൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ് പദ്ധതി നടപ്പാക്കുന്നു.
- കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ.
- ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ്.

## വനപരിപാലനത്തിനായി പദ്ധതികൾ

113 (2656) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപരിപാലനത്തിനായി വന സംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്;

(സി) വന പ്രദേശങ്ങളിലെ നീർത്തട സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാണോ; എങ്കിൽ അതിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും ഏജൻസികളുടേയും ധനസഹായം ഉപയോഗിച്ചുള്ള ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പദ്ധതി, ദേശീയ ബാംബൂ മിഷൻ പദ്ധതികൾ, ദേശീയ മെഡിസിനൽ പ്ലാന്റ്സ് ബോർഡിന്റെ പദ്ധതികൾ എന്നിവയും വന്യജീവി സങ്കേതങ്ങളിലും ദേശീയോദ്യാനങ്ങളിലും നടത്തുന്ന ഇക്കോടൂറിസം പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഗ്രീൻ ഇന്ത്യാ മിഷൻ പ്രവർത്തനങ്ങളിൽ 5 ഉപദൗത്യങ്ങളാണുള്ളത്. പ്രക്ഷീണവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കൽ, വനാവരണം വർദ്ധിപ്പിക്കലും ജൈവവ്യവസ്ഥയുടെ പുനർനിർമ്മാണവും നഗര-ഉപനഗര പ്രദേശങ്ങളിൽ വൃക്ഷാവരണം വർദ്ധിപ്പിക്കൽ, കാർഷിക വനവൽക്കരണവും സാമൂഹ്യ വനവൽക്കരണവും ശോഷിത തണ്ണീർത്തടങ്ങളുടെ പുനർ നിർമ്മാണം എന്നിവയോടൊപ്പം പാരമ്പര്യേതര ഇന്ധനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുന്നു.

(സി) വനപ്രദേശങ്ങളിലെ നീർത്തട സംരക്ഷണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമാണ്. വനപ്രദേശങ്ങളിലെ നീർത്തട സംരക്ഷണം മുൻനിർത്തി കാട്ടിനുള്ളിലെ ചെക്ക്ഡാമുകളും ജലസ്രോതസ്സുകളും നവീകരിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ

നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വയലുകൾ സംരക്ഷിക്കുന്നതിനും അതുവഴി മഴക്കാലത്ത് പരമാവധി ജലസംരക്ഷണം ഉറപ്പുവരുത്തി സമീപ പ്രദേശങ്ങളിലുള്ള നീരുറവകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

114 (2657) ശ്രീ. മഞ്ഞളാംകുഴി അലി :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കണ്ടൽക്കാടുകളുടെ വിസ്തൃതിയിൽ ആശങ്കാജനകമായ കുറവ് ഉണ്ടാകുന്നത് ഗൗരവമായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനും വികസന ആവശ്യങ്ങൾക്കായി നശിപ്പിക്കപ്പെടുന്ന കണ്ടൽക്കാടുകൾക്ക് പകരം കണ്ടൽക്കാടുകൾ വച്ചു പിടിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കണ്ടൽക്കാടുകൾ വ്യാപകമായി വെട്ടിനശിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അങ്ങിങ്ങായി കണ്ടൽച്ചെടികൾ മുറിച്ചുമാറ്റപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015-16 കാലഘട്ടത്തിൽ, എറണാകുളം സോഷ്യൽ ഫോറസ്ട്രി കൺസർവേറ്ററുടെ കീഴിൽ വരുന്ന തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിലുള്ള പൊയ്യ പഞ്ചായത്തിൽ മൂന്ന് ഏക്കറോളം കണ്ടൽത്തൈകൾ വെട്ടിമാറ്റിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കുന്നതായി പരാതി ലഭിക്കുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ടെറിട്ടോറിയൽ ഡിവിഷനുകളിലേയ്ക്ക് കൈമാറുന്നതാണ്.

(ബി) നശിച്ചുപോയ കണ്ടൽച്ചെടികൾക്ക് പകരം കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും സഹായ സഹകരണത്തോടെ ലഭ്യമായ സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നുണ്ട്. കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു. പുതുതായി വച്ചുപിടിപ്പിക്കുന്നതിനാവശ്യമായ കണ്ടൽച്ചെടികൾ

ലഭ്യമാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കണ്ടൽക്കാടുകളുടെ പുനരുദ്ധാരണത്തിനായി Conservation and Management of Mangroves and Coral Reefs in the State of Kerala എന്ന സ്കീമിൽ തൃശ്ശൂർ ജില്ലയിൽ 15,000 കണ്ടൽ തൈകളും എറണാകുളം ജില്ലയിൽ 40,000 കണ്ടൽത്തൈകളും ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ 2016-2017 വർഷത്തിൽ 5,000 കണ്ടൽത്തൈകൾ ഉത്പാദിപ്പിക്കുകയും വിവിധ പുഴയോരങ്ങളിൽ വച്ചുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഭൂമിയിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിനായി സ്ഥലം ഉടമകൾക്ക് പ്രോത്സാഹന ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ഗുണമേന്മയുള്ള കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ ഇതര സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന വിതരണം നടത്തുകയും ചെയ്തുവരുന്നു.

**പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ**

115 (2658) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷതൈകൾ വെച്ച്പിടിപ്പിക്കാൻ എത്ര രൂപ ചെലവഴിച്ചു; അന്നേദിവസം വിവിധ മാധ്യമങ്ങളിൽ നൽകിയ പരസ്യത്തിനായി എത്ര രൂപ ചെലവഴിച്ചു; വിശദീകരിക്കുമോ?

ഉത്തരം

2017-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 2017 ജൂൺ 5- ന് നടത്തിയ പരിസ്ഥിതി ദിനാചരണ പ്രവൃർത്തികൾക്കായി സാമൂഹ്യവനവൽക്കരണ വിഭാഗം 8,95,242 രൂപ (എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഇരുനൂറ്റി നാൽപ്പത്തിരണ്ട് രൂപ) യും അന്നേ ദിവസം വിവിധ മാധ്യമങ്ങളിൽ പരസ്യം നൽകിയ വകയിൽ 56,812 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**മരങ്ങൾ മുറിക്കുന്നതിന് തടസ്സം**

116 (2659) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പട്ടയ ഭൂമിയിൽ വച്ചുപിടിപ്പിച്ച 28 ഇനം മരങ്ങൾ മുറിക്കുന്നതിനു എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ ദേവികുളം, ഉടുമ്പൻചോല താലൂക്കുകൾ ഉൾപ്പെട്ടുവരുന്ന വിവിധ സ്ഥലങ്ങളിൽ ഭൂമിയുടെ സ്റ്റാറ്റസ് അനുസരിച്ച് വിവിധതരം നിയന്ത്രണങ്ങൾ നിലവിലുണ്ട്. കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 6-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകളിലെ ഒരു ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള കൈവശക്കാർക്ക് 28 ഇനം മരങ്ങൾ മുറിക്കുന്നതിന് അനുമതി ആവശ്യമില്ല. പക്ഷേ ഈ അവകാശം വനേതര ഭൂമിയിൽ മാത്രമെ ലഭ്യമായിട്ടുള്ളൂ. വിവിധ നിയമങ്ങൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങൾക്ക് മേൽപ്പറഞ്ഞത് ബാധകമല്ല. കേരള ഭൂപതിവ് ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് പതിച്ചുകൊടുത്തിട്ടുള്ള പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിന് ബന്ധപ്പെട്ട നിയമത്തിൽ പറഞ്ഞിട്ടുള്ള നിയന്ത്രണങ്ങൾ ഉണ്ട്.

(ബി) ആയത് സംബന്ധിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മൂന്നാറിലെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ അതിർത്തി പുനർനിർണ്ണയം**

117 (2660) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ നീലക്കുറിഞ്ഞി ഉദ്യാനത്തിന്റെ നിലവിലെ അതിർത്തി എത്രയാണെന്നും പുനർ നിർണയിക്കുമ്പോൾ വരുന്ന അതിർത്തി എത്രയാണെന്നും സ്ഥലത്തിന്റെ ചുറ്റളവ് ഉൾപ്പെടെ വ്യക്തമാക്കുമോ;

(ബി) നീലക്കുറിഞ്ഞി ഉദ്യാനത്തിനെ വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ;;

(സി) അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നീലക്കുറിഞ്ഞി സങ്കേതത്തിന്റെ അന്തിമവിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. 2006 ഒക്ടോബർ 6-ാം തീയതി പുറപ്പെടുവിച്ചിട്ടുള്ള പ്രാഥമിക വിജ്ഞാപനത്തിൽ ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് കുറിഞ്ഞിമല വന്യജീവി സങ്കേതമായി പ്രഖ്യാപിച്ചിട്ടുള്ളത്. അതിർത്തി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ ആയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നീലക്കുറിഞ്ഞി സങ്കേതത്തിനെ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. പ്രാഥമിക വിജ്ഞാപനം 2006 ഒക്ടോബർ 6-ാം തീയതി പുറപ്പെടുവിച്ചു.

(സി) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ അതിർത്തി നിർണ്ണയത്തിന് കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതി ആവശ്യമില്ല.

**ചെറുകിട ആവശ്യങ്ങൾക്കായി തേക്കിൻ തടി**

118 (2661) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ആവശ്യങ്ങൾക്കായി തേക്കിൻ തടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; അപ്രകാരം സാധാരണക്കാരന് നേരിട്ട് തേക്കിൻ തടി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) കുറഞ്ഞ തോതിൽ ചന്ദനത്തടി ആവശ്യമുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാതെ അത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തടി ഡിപ്പോകൾ മുഖേന ഇത്തരത്തിൽ ചന്ദനത്തടി വില്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെറുകിട ആവശ്യങ്ങൾക്കായി തേക്ക് തടി ലഭ്യമാക്കുന്നതിന് ഇതിനകം നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നടപടിക്രമം അനുസരിച്ച് സാധാരണക്കാർക്ക് സ്വന്തം ആവശ്യത്തിനായി 8 ക്യൂബിക് മീറ്റർ വരെ തേക്ക് തടികളോ, ഒരു ലോട്ട് തേക്ക് കഴകളോ ഇ-ലേലത്തിൽ പങ്കെടുത്ത് നേരിട്ട് വാങ്ങാൻ സാധിക്കുന്നതാണ്. ഇതുകൂടാതെ 5 ക്യൂബിക് മീറ്റർ തേക്ക് തടി സർക്കാർ തടി ഡിപ്പോകളിൽ നിന്ന് ലഭ്യതയ്ക്കനുസരിച്ച്, നടപടിക്രമങ്ങൾക്ക് വിധേയമായി ചില്ലറ വിൽപ്പനയിലൂടെ വാങ്ങാനും സാധിക്കും. ഇതിന്റെ നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ച സർക്കാർ ഉത്തരവുകളും ഗസറ്റ് വിജ്ഞാപനവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. കുളത്തുപ്പുഴ, കോന്നി, വീട്ടൂർ, ചാലിയം, കണ്ണോത്ത്, പരപ്പ എന്നീ സർക്കാർ തടി ഡിപ്പോകളെ ചന്ദനത്തിന്റെ ചില്ലറ വിൽപ്പനയ്ക്കുള്ള അംഗീകൃത ഏജൻസിയായി അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

**വനസംരക്ഷണ പ്രവർത്തനങ്ങൾ**

119 (2662) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്രസഹായത്തിന്റെ വിഹിതം എത്രയാണെന്നറിയിക്കുമോ;

(സി) പ്രസ്തുത കേന്ദ്രസഹായം കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഫണ്ടില്ലാത്തതു കൊണ്ട് വനസംരക്ഷണ പ്രവർത്തനങ്ങൾ അവതാളത്തിലാകുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണത്തിനായി നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്, നീലഗിരി ബയോസ്ഫിയർ റിസർവ്, ഫോറസ്റ്റ് ഫയർ പ്രിവൻഷൻ ആന്റ് മാനേജ്മെന്റ് , തണ്ണീർത്തട പദ്ധതി എന്നീ പദ്ധതികൾക്കാണ് കേന്ദ്ര സഹായം ലഭിക്കുന്നതിന് കർമ്മപദ്ധതി സമർപ്പിച്ചിട്ടുള്ളത്.

(ബി) പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60%-ഉം, റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50%- ഉം ആണ് കേന്ദ്രവിഹിതം.

(സി) പ്രസ്തുത കേന്ദ്രസഹായം കൃത്യമായി ലഭിക്കുന്നുണ്ട്.

(ഡി) വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന കേന്ദ്രസഹായ പദ്ധതികളിലേക്കായി സമർപ്പിച്ച കർമ്മപദ്ധതികളിൽ കേന്ദ്രവിഹിതം വെട്ടിക്കുറച്ചതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിയുന്നില്ല.

## ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വനം വികസന ഏജൻസിയുടെ സേഫ്റ്റി ആഡിറ്റ്

120 (2663) ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. എം. വിൻസെന്റ് :

ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സംസ്ഥാന വനംവികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ സേഫ്റ്റി ആഡിറ്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആഡിറ്റിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

ഉത്തരം

നടത്തിയിട്ടുണ്ട്. സർക്കാർ സ്ഥാപനമായ നാഷണൽ സേഫ്റ്റി കൗൺസിലിന്റെ കേരള ഘടകത്തെയാണ് അതിനായി ചുമതലപ്പെടുത്തിയത്. ടി സ്ഥാപനം കേരളത്തിലെ തെരഞ്ഞെടുത്ത ഇക്കോടൂറിസം പ്രദേശങ്ങളിൽ ഓഡിറ്റ് നടത്തുകയും ചില കാര്യങ്ങൾ ശിപാർശ ചെയ്യുകയുമുണ്ടായി. അതിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു.

- മതിയായ സുരക്ഷാ ബോർഡുകൾ സ്ഥാപിക്കൽ
- പ്രഥമ ശുശ്രൂഷക്കായുള്ള ക്രമീകരണങ്ങളുടെയും അടിയന്തര ഘട്ടങ്ങളിൽ മെഡിക്കൽ സേവനം ഉപയോഗപ്പെടുത്തുന്നതിനുമുള്ള ക്രമീകരണങ്ങൾ നടത്തുക.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ പരമാവധി തടയുകയും ഇക്കോടൂറിസം പ്രദേശങ്ങൾ പ്ലാസ്റ്റിക് രഹിതമാക്കുകയും ചെയ്യുക.
- സഞ്ചാരികൾക്ക് ലഘുപാനീയങ്ങളോ, ഭക്ഷണ പദാർത്ഥങ്ങളോ കഴിക്കുന്നതിനുള്ള സൗകര്യമൊരുക്കുക.
- ഇറക്കങ്ങളിലും മറ്റും കൈവരികൾ സ്ഥാപിക്കുക.
- സന്ദർശക രജിസ്റ്റർ സൂക്ഷിക്കുകയും എല്ലാ സഞ്ചാരികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക.

- സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി സെക്യൂരിറ്റി ക്യാമറകൾ സ്ഥാപിക്കുക.
- വെള്ളച്ചാട്ടങ്ങൾ പോലെയുള്ള അപകട സാധ്യതയുള്ള ഇടങ്ങളിൽ മതിയായ അപകട സൂചനാ ബോർഡുകൾ സ്ഥാപിക്കുക. കൈവരികളും മറ്റ് സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തുക.
- ടോയ്‌ലറ്റ് സംവിധാനങ്ങൾ മതിയായ രീതിയിൽ ഉപയോഗക്ഷമമാക്കുക.
- മാലിന്യം നിക്ഷേപിക്കുന്ന സംവിധാനങ്ങൾ വൃത്തിയായി സൂക്ഷിക്കുക. പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും തടയുക.

**വനം വകുപ്പിൽ സൃഷ്ടിച്ച പുതിയ തസ്തികകൾ**

121 (2664) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം വകുപ്പിൽ സൃഷ്ടിച്ച പുതിയ തസ്തികകളുടെ വിശദാംശങ്ങൾ നൽകാമോ:

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പിൽ പുതിയതായി എത്ര സ്റ്റേഷനുകൾ തുടങ്ങി;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്രപേർക്ക് പി.എസ്.സി മുഖേന നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിൽ 2 സ്ഥിരം തസ്തികകളും 17 സൂപ്പർ ന്യൂമററി തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| തസ്തികയുടെ സ്വഭാവം | തസ്തികയുടെ പേര് | എണ്ണം |
|---|---|---|
| സ്ഥിരം | പാർട്ട് ടൈം സ്വീപ്പർ | 2 |
| സൂപ്പർ ന്യൂമററി | സീനിയർ സൂപ്രണ്ട് | 2 |
| സൂപ്പർ ന്യൂമററി | ക്ലർക്ക് | 2 |
| സൂപ്പർ ന്യൂമററി | വാച്ചർ | 13 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10 പുതിയ വനം സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 598 പേർക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

**മറ്റ് വകുപ്പുകളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർ**

122 (2665) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിന്നും മറ്റു വകുപ്പുകളിൽ ഡെപ്യൂട്ടേഷനിലും വർക്ക് അറേഞ്ച്മെന്റിലും ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ ജോലി ചെയ്തു വരുന്നുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ പേരും അവർ ഇപ്പോൾ ജോലി ചെയ്തുവരുന്ന വകുപ്പിന്റെ പേരും വിശദമാക്കുമോ;

(സി) ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ കുറവ് മൂലം വനം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥരെ തിരികെ വനം വകുപ്പിൽ തന്നെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലും കോർപ്പറേഷനുകളിലും മറ്റുമായി അന്യത്ര സേവനം ചെയ്യുന്ന ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) മാനേജിംഗ് ഡയറക്ടർ, കെ.എഫ്.ഡി.സി. കോട്ടയത്ത് ജോലി ചെയ്യുന്ന ശ്രീ. ബെന്നിച്ചൻ തോമസ്-നെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) നമ്പർ 361/2018/ജി.എ.ഡി തീയതി 18-1-2018 പ്രകാരം വനം വകുപ്പിലേയ്ക്ക് തിരികെ പ്രവേശിപ്പിച്ച് സ്ഥാനക്കയറ്റത്തോടെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ് ലാന്റ് & റിസോഴ്സ്) തസ്തികയിൽ നിയമിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ അനിവാര്യമായ ചില തസ്തികകളിൽ അന്യത്രസേവനം തുടരുന്നുണ്ട്. ഒഴിവുള്ള തസ്തികകളിലേയ്ക്ക് അവരെ മടക്കി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൊണ്ടുവരാൻ ശ്രമിച്ചുവരുന്നു. അതേസമയം ലഭ്യമായ ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി കുറ്റമറ്റ രീതിയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

**വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം**

123 (2666) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി വകുപ്പിലെ വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ ഇരുപത്തിനാല് മണിക്കൂർ തുടർച്ചയായി ജോലി ചെയ്യേണ്ടി വരുന്ന പ്രസ്തുത ജീവനക്കാർക്ക് ഇതര യൂണിഫോം വിഭാഗം ജീവനക്കാർക്ക് നൽകുന്ന പോലെ ഡ്യൂട്ടി ഓഫ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലി സമയം/ദിവസം എന്നിവ ക്രമീകരിച്ചിട്ടുള്ളത്.

(ബി) വനപാലകരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുന്നതു സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

(സി) അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ്/ഡ്യൂട്ടി ഓഫ് അനുവദിക്കുന്നുണ്ട്.

**ഫോറസ്റ്റ് വാച്ചർമാർ**

124 (2667) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസികളെ ഫോറസ്റ്റ് വാച്ചർമാരായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ഉണ്ട്. 700 ആദിവാസികൾക്ക് വനം വകുപ്പിൽ ട്രൈബൽ വാച്ചർമാരായി നിയമനം നൽകിയിട്ടുണ്ട്.

**രൂക്ഷമായ വരൾച്ച വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതം**

125 (2668) <u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ച വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വരൾച്ച, വനമേഖലയ്ക്ക് ഉണ്ടാക്കിയ കോട്ടം പരിഹരിക്കുവാൻ സാധ്യമാണോ;

(ഡി) കാട്ടുതീ മൂലം കഴിഞ്ഞ വർഷം എന്ത് നഷ്ടം സംഭവിച്ചുവെന്നും എത്ര ഏക്കർ വനം കത്തി നശിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ &ബി) കഴിഞ്ഞ വർഷത്തെ രൂക്ഷമായ വരൾച്ച വനമേഖലയിലുണ്ടാക്കിയ പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

(സി) അനുയോജ്യമായ ദീർഘകാല പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരൾച്ച വനമേഖലയ്ക്കുണ്ടാക്കിയ കോട്ടം പരിഹരിക്കാൻ സാധ്യമാണ്.

(ഡി) കാട്ടുതീമൂലം കഴിഞ്ഞ വർഷം 2,49,258 രൂപയുടെ നഷ്ടം സംഭവിച്ചതായി കണക്കാക്കുന്നു. കഴിഞ്ഞ വർഷം 7398.779 ഏക്കർ വനപ്രദേശം കത്തിനശിച്ചിട്ടുണ്ട്.

**വന്യജീവികൾ നാട്ടിലിറങ്ങി അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ**

126 (2669) <u>ശ്രീ. അബ്ദുൽ ഹമീദ് .പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യജീവികൾ നാട്ടിലിറങ്ങി അപകടത്തിൽപ്പെടുന്ന സംഭവങ്ങൾ നിയന്ത്രിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ കൈക്കൊണ്ടുവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.

2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.

3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.

4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിലേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള നടപടികൾ.

5. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

6. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

7. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

8. റെയിൽ ഫെൻസിംഗ് നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.

**ജനജാഗ്രത സമിതികൾ**

127 (2670) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ നിലവിലെ സർക്കാർ കാലയളവിൽ പഞ്ചായത്ത് തലത്തിൽ എത്ര ജനജാഗ്രതാ സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ നിലവിലെ സർക്കാർ കാലയളവിൽ പഞ്ചായത്ത് തലത്തിൽ 204 ജനജാഗ്രത സമിതികൾ രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം**

128 (2671) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ വ്യാപകമായി കൃഷി നശിപ്പിക്കുന്നത് വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമീപകാലത്തായി എത്ര കർഷകരുടെ എത്രത്തോളം കൃഷി ഇപ്രകാരം നശിപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ടീമിന് വേണ്ട ജീവനക്കാർ, വാഹനങ്ങൾ എന്നിവ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ജില്ലയിൽ വന്യമൃഗശല്യം കൂടി വരുന്ന സാഹചര്യത്തിൽ റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരെയും വാഹനവും അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമീപകാലത്തായി 29 കർഷകരുടെ 43 ഹെക്ടർ സ്ഥലത്തുള്ള കൃഷി ഭാഗികമായും 2 ഹെക്ടർ സ്ഥലത്തുള്ള കൃഷി പൂർണ്ണമായും നശിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ജില്ലയിൽ റാപ്പിഡ് റെസ്പോൺസ് ടീം അനുവദിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം രൂക്ഷമാകുന്ന സാഹചര്യത്തിൽ ജീവനക്കാർ, വാഹനം എന്നിവ പുനഃക്രമീകരിച്ചുകൊണ്ടും ലഭ്യമായ അടിസ്ഥാന സൗകര്യങ്ങൾ പുനർ വിന്യാസം ചെയ്തുകൊണ്ടും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം നടത്തിവരുന്നു.

(ഡി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരെയും വാഹനവും അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**സൗരോർജ്ജ വേലി**

129 (2672) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മനുഷ്യ- മൃഗ സംഘർഷം മൂലമുള്ള അപകടങ്ങൾ ലഘൂകരിക്കുന്നതിനായി കഴിഞ്ഞ വർഷം എത്ര കിലോമീറ്റർ ദൈർഘ്യമുള്ള സൗരോർജ്ജ വേലി സ്ഥാപിക്കാൻ സാധിച്ചു; വിശദവിവരം നൽകുമോ?

ഉത്തരം

മനുഷ്യ-മൃഗ സംഘർഷംമൂലമുള്ള അപകടങ്ങൾ ലഘൂകരിക്കുന്നതിനായി കഴിഞ്ഞവർഷം 277.08 കി.മീ സൗരോർജ്ജ വേലി സ്ഥാപിച്ചു. സർക്കിൾ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| സതേൺ സർക്കിൾ, കൊല്ലം | 54.36 കി.മീറ്റർ |
| ഹൈറെയിഞ്ച് സർക്കിൾ, കോട്ടയം | 14.76 കി.മീറ്റർ |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 38.75 കി.മീറ്റർ |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 43.86 കി.മീറ്റർ |
| നോർതേൺ സർക്കിൾ, കണ്ണൂർ | 70.20 കി.മീറ്റർ |
| ഫീൽഡ് ഡയറക്ടർ (പി.റ്റി), കോട്ടയം | 15.70 കി.മീറ്റർ |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 21.65 കി.മീറ്റർ |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | 17.80 കി.മീറ്റർ |
| ആകെ | 277.08 കി.മീറ്റർ |

**വനമേഖലകളിലെ വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി**

130 (2673) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനത്താരകളിലും വനമേഖലകളിലും വികസന പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രവർത്തനങ്ങളാണ് ആനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേക്ക് ഇറങ്ങി ജനങ്ങളെ ആക്രമിക്കുന്നതിന് കാരണമാകുന്നതെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) എങ്കിൽ, ഇത്തരം വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) വനമേഖലകളിലേയ്ക്കും ദേശീയപാർക്കുകളിലേയ്ക്കും വ്യാപിക്കുന്ന വികസന പ്രവർത്തനങ്ങൾ മൂലം, കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾക്ക് ഉണ്ടാകുന്ന നാശം തടയുന്നതിനും ഇത്തരം വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പ് സംരക്ഷിച്ചുവരുന്ന ആനത്താരകളിലും വനമേഖലകളിലും വനേതര വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാട്ടാനകൾ പരമ്പരാഗതമായി സഞ്ചാരത്തിനുപയോഗിക്കുന്നതും നിലവിൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ളതുമായ ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ആനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങി ജനങ്ങളെ ആക്രമിക്കുന്നതിന് ഇടയാക്കുന്ന കാരണങ്ങളിൽ ഒന്നാണ്.

(സി) ആനത്താരകളായി വിജ്ഞാപനം ചെയ്യപ്പെടാത്തതും വനമേഖലകളോട് ചേർന്നുകിടക്കുന്ന സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ വനം വകുപ്പിന് പരിമിതികൾ ഉണ്ട്.

(ഡി) 1980-ലെ കേരള വനനിയമം, 1972-ലെ വന്യജീവി (സംരക്ഷണ) നിയമം എന്നിവയ്ക്ക് വിരുദ്ധമായി വനമേഖലകളിലേയ്ക്കും ദേശീയ പാർക്കുകളിലേയ്ക്കും വ്യാപിക്കുന്ന വികസന പ്രവർത്തനങ്ങൾ തടയുന്നതിനുള്ള നടപടി അപ്പപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

**പയ്യന്നൂർ മണ്ഡലത്തിലെ കുരങ്ങ് ശല്യം**

131 (2674) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരങ്ങ് ശല്യം കാരണം കാർഷിക വിളകൾ നശിക്കുകയും ഇതുമൂലം കർഷകർക്ക് കനത്ത നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുരങ്ങ് ശല്യം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരങ്ങുകൾ കാർഷിക വിളകൾക്ക് നാശനഷ്ടം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി ഭാഗങ്ങളിൽ കുരങ്ങുശല്യം ഉണ്ടാകുന്ന സമയങ്ങളിൽ അവയെ തുരത്തുവാൻ വേണ്ടുന്ന നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കാർഷിക വിളകൾക്കുള്ള നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. പ്രശ്നക്കാരായ ഏകദേശം നൂറോളം വരുന്ന കുരങ്ങുകളാണ് ഈ ഭാഗത്തുള്ളത്.

**വന്യമൃഗങ്ങളെ വേട്ടയാടി കൊലപ്പെടുത്തിയ കേസുകൾ**

132 (2675) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മാസത്തിനു ശേഷം, വന്യമൃഗങ്ങളെ വേട്ടയാടി കൊലപ്പെടുത്തിയതിന് വയനാട് ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ഇതുവരെ എത്ര പേരെ അറസ്റ്റു ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2016 ജനുവരി മാസത്തിനുശേഷം വന്യമൃഗങ്ങളെ വേട്ടയാടി കൊലപ്പെടുത്തിയതിന് വയനാട് ജില്ലയിൽ 34 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത് കേസ്സുകളിൽ ഇതുവരെ 64 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണം**

133 (2676) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മാസത്തിനുശേഷം വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് എത്ര ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) വന്യ മൃഗങ്ങളുടെ ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവർക്കായി 2016 ജനുവരിക്കുശേഷം നഷ്ടപരിഹാരം/ആശ്വാസ ധനസഹായം ഇനത്തിൽ എത്ര തുക വയനാട് ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) വന്യമൃഗശല്യം മൂലമുണ്ടായ കൃഷിനാശത്തെ തുടർന്ന് വയനാട് ജില്ലയിലെ കർഷകർക്ക് 2016 ജനുവരി മാസത്തിനു ശേഷം നഷ്ടപരിഹാരമായി എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016 ജനുവരി മാസത്തിനുശേഷം വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം 11 ആളുകൾ കൊല്ലപ്പെട്ടിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള സ്ഥിതി ചുവടെ ചേർക്കുന്നു:

| ഡിവിഷൻ | മരണപ്പെട്ടവരുടെ എണ്ണം |
|---|---|
| നോർത്ത് വയനാട് | 3 |
| സൗത്ത് വയനാട് | 4 |
| വയനാട് വൈൽഡ് ലൈഫ് | 4 |
| ആകെ | 11 |

(ബി) 2016 ജനുവരിക്കുശേഷം വയനാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 31.25 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഡിവിഷൻ തിരിച്ചുള്ള സ്ഥിതി ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | നൽകിയ തുക (രൂപയിൽ) |
|---|---|
| നോർത്ത് വയനാട് | 5,25,000 |
| സൗത്ത് വയനാട് | 16,00,000 |
| വയനാട് വൈൽഡ് ലൈഫ് | 10,00,000 |
| ആകെ | 31,25,000 |

(സി) വയനാട് ജില്ലയിലെ കർഷകർക്ക് വന്യമൃഗശല്യം മൂലമുണ്ടായ കൃഷിനാശത്തിന് 2016 ജനുവരി മാസത്തിനുശേഷം 260.70 ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഡിവിഷൻ | നൽകിയ തുക (ലക്ഷത്തിൽ) |
|---|---|
| നോർത്ത് വയനാട് | 109.69 |
| സൗത്ത് വയനാട് | 63.25 |
| വയനാട് വൈൽഡ് ലൈഫ് | 87.76 |
| ആകെ | 260.70 |

**വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം**

134 (2677) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള ആക്രമണം ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നഷ്ടപരിഹാരത്തിനുള്ള എത്ര അപേക്ഷകൾക്ക് തീർപ്പ് കല്പിച്ചിട്ടുണ്ട്; എത്ര തുകയാണ് ധനസഹായമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ആക്രമണങ്ങൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് പ്രവർത്തിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

12. കിഫ്ബി വഴി ലഭിക്കുന്ന ഫണ്ട് വിനിയോഗിച്ച് 220.5 കി.മീ. സോളാർ വൈദ്യുതിവേലി, 2.9 കി.മീ. ആന പ്രതിരോധ മതിൽ, 11.35 കി.മീ. റെയിൽ ഫെൻസിംഗ് എന്നിവ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി 5500 അപേക്ഷകൾ ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷം നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിൽ 1426 അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് 1,00,12,091 രൂപ വിതരണം ചെയ്തിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിന് നടപടികൾ**

135 (2678) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ -വന്യ ജീവി ഏറ്റുമുട്ടൽ മൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സൗരോർജ്ജവേലിയും, ആനയെ പ്രതിരോധിക്കുന്ന വേലിയും നിർമ്മിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിന് രൂപീകരിച്ച ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മൃഗങ്ങൾക്ക് ഭക്ഷണവും, വെള്ളവും ഉറപ്പ് വരുത്തുന്നതിന് വനത്തിൽ ഫലവൃക്ഷങ്ങൾ നടുന്ന പദ്ധതിയും തടയണ നിർമ്മിക്കുന്ന പ്രവർത്തനങ്ങളും ഫലപ്രദമാണോ;എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജനവാസ മേഖലയിൽ ആനയോ മറ്റ് വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പുനൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസമേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

ജനപങ്കാളിത്തത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സിമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ.)നമ്പർ51/2017/വനം പ്രകാരം മനുഷ്യവന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം

ഉദ്യോഗസ്ഥരും ചേർന്നുള്ള സമിതിയാണ് ടി ജനജാഗ്രതാ സമിതി. 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്തൊട്ടാകെ ഇതിനോടകം നിലവിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിവിധ പ്രദേശങ്ങളിൽ ഈ പദ്ധതി പ്രകാരമുള്ള പ്രവൃർത്തികൾ പുരോഗമിക്കുന്നു.

(സി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ഡി) മൃഗങ്ങൾക്ക് ഭക്ഷണവും വെള്ളവും ഉറപ്പ് വരുത്തുന്നതിന് വനത്തിൽ ഫലവൃക്ഷങ്ങൾ നടുന്ന പദ്ധതിയും തടയണ നിർമ്മിക്കുന്ന പ്രവർത്തനങ്ങളും ഫലപ്രദമാണ്. ആയതിന്റെ ഫലമായി വന്യമൃഗങ്ങൾ ഭക്ഷണത്തിനും വെള്ളത്തിനുംവേണ്ടി ജനവാസ മേഖലയിലേയ്ക്കിറങ്ങുന്നത് ഒരു പരിധിവരെ തടയുവാൻ കഴിഞ്ഞിട്ടുണ്ട്.

## മണ്ണാർക്കാട് താലൂക്കിലെ കാട്ടാന ശല്യം

136 (2679) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ രൂക്ഷമായ കാട്ടാന ശല്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടാന ശല്യം മൂലം കൃഷി നാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കാട്ടാന ശല്യം രൂക്ഷമായ ഭാഗങ്ങളിൽ സോളാർ വേലി സ്ഥാപിക്കുവാൻ ആവശ്യമായ നിർദ്ദേശം വനം വകുപ്പിന് നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ?

### ഉത്തരം

(എ) മണ്ണാർക്കാട് താലൂക്കിൽ കാട്ടാനശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടാനശല്യംമൂലം കൃഷിനാശം സംഭവിച്ച ആളുകൾ അപേക്ഷ സമർപ്പിക്കുന്ന ഉടൻ, ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(സി) കാട്ടാനശല്യം രൂക്ഷമായ ജനവാസ മേഖലകളിൽ സൗരോർജ്ജവേലി സ്ഥാപിക്കാനുള്ള പദ്ധതികൾ പുരോഗമിച്ചുവരുന്നുണ്ട്. കിഫ്ബി പദ്ധതിയിൽ

അനുവദിക്കപ്പെട്ട തുകയും മറ്റു പദ്ധതി-പദ്ധതിയേതര ശീർഷകങ്ങളിൽ ലഭ്യമായ തുകയും ഉപയോഗിച്ച് വിവിധ പ്രദേശങ്ങളിൽ സൗരോർജ്ജവേലി സ്ഥാപിച്ചിട്ടുണ്ട്. മറ്റു ചില സ്ഥലങ്ങളിൽ പണികൾ നടന്നുവരികയാണ്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം**

137 (2680) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2011-16) കാടിറങ്ങി വരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാനത്താകമാനം എത്ര പേർ മരണപ്പെട്ടുവെന്നും പരിക്കു പറ്റിയവർ എത്രയെന്നും കൃഷിയും വീടു തകർക്കലും ഉൾപ്പെടെ എത്ര മാത്രം നാശനഷ്ടങ്ങൾ ഉണ്ടായിയെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവർ,പരിക്കുപറ്റിയവർ,കൃഷിയും വീടും തകർന്നവർ എന്നിവർക്ക് കഴിഞ്ഞ സർക്കാർ എന്തൊക്കെ ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണങ്ങളിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്കു പരിക്കു പറ്റി; കൃഷിയും വീടു തകർക്കലും ഉൾപ്പെടെ എത്ര നാശനഷ്ടങ്ങൾ ഉണ്ടായി; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവർ, പരിക്കുപറ്റിയവർ, കൃഷിയും വീടും തകർന്നവർ എന്നിവർക്ക് എന്തൊക്കെ ധനസഹായം നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഇ) മനുഷ്യവാസ മേഖലകളിൽ വന്യജീവികൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാനുമായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(എഫ്) കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാൻ കേന്ദ്രസഹായം എന്തെങ്കിലും ലഭിച്ചുവോ; ഇല്ലെങ്കിൽ കേന്ദ്രസഹായം ആവശ്യപ്പെടാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ കാടിറങ്ങിവരുന്ന കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണങ്ങളിൽ സംസ്ഥാനത്താകമാനം 628 പേർ മരണപ്പെട്ടിട്ടുണ്ട്. 1793 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. 18.50 കോടി രൂപയുടെ കൃഷിയും കന്നുകാലികളും വീടും ഉൾപ്പെടെയുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്ക പറ്റിയവർക്കും കൃഷിയും മറ്റു വസ്തുവകകൾക്ക് നാശനഷ്ടം സംഭവിച്ചവർക്കും ആകെ 30.38 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ കാലയളവിൽ വന്യജീവികളുടെ ആക്രമണത്തിൽ നാളിതുവരെ 50 പേരും പാമ്പുകടിയേറ്റ് 137 പേരും മരണപ്പെട്ടിട്ടുണ്ട്. 1059 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്. കൃഷിയും വീടും മറ്റു വസ്തുവകകളുടെ നാശം ഉൾപ്പെടെ നാളിതുവരെ 9053 കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ മരണപ്പെട്ടവരുടെ ആശ്രിതർ, പരിക്ക് പറ്റിയവർ, കൃഷിയും മറ്റു വസ്തുവകകൾക്കും നാശനഷ്ടം സംഭവിച്ചവർ എന്നിവർക്ക് നാളിതുവരെ 12.98 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ) മനുഷ്യവാസ മേഖലകളിൽ വന്യജീവികൾ ഉൾപ്പെടെ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാനായി ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.

2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.

3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.

4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനു വെളിയിലേയ്ക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. പ്രശ്നക്കാരായ ആനകളെ പിടിച്ചുമാറ്റുന്നതിനുള്ള എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം.

8. ആനത്താരകളുടെ സംരക്ഷണത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥലങ്ങൾ ഏറ്റെടുക്കുന്ന നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

(എഫ്) വന്യജീവി സംരക്ഷണം, ദേശീയോദ്യാനങ്ങളുടെ പരിപാലനം എന്നിവയ്ക്കായി നിലവിലുള്ള വിവിധ കേന്ദ്രപദ്ധതികളിൽ കാട്ടുമൃഗങ്ങളുടെ ആക്രമണം തടയുവാനും തുക വകയിരുത്തിയിട്ടുണ്ട്.

## കേരള ഫീഡ്സിലെ ദിവസ വേതനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് നടപടി

138 (2681) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫീഡ്സിൽ 3 വർഷം തുടർച്ചയായി ജോലി ചെയ്ത ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുവാനുള്ള, 29-6-2010-ലെ ഡയറക്ടർ ബോർഡിന്റെ 18/79-ാം നമ്പർ തീരുമാനം നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലെ സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനായുള്ള നടപടി സ്വീകരിക്കുമോ;

(സി) കേരള ഫീഡ്സിൽ ജോലി നോക്കുന്ന ദിവസവേതനക്കാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) കേരള ഫീഡ്സ് ലിമിറ്റഡിന്റെ 13-12-2010-ലെ തീയതിയിലെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ തീരുമാന പ്രകാരം പ്രസ്തുത തീയതിയിൽ ജോലിയിൽ തുടരുന്നവരും 3 വർഷം പൂർത്തീകരിച്ചവരുമായ ദിവസ വേതനക്കാരെ അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥിരനിയമനത്തിനുള്ള നിർദ്ദേശം സർക്കാരിലേക്ക്

സമർപ്പിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിലൊരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ഇതിനെതിരെ കമ്പനിയിലെ സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി യൂണിയനുകൾ ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തതിനെ തുടർന്ന് കോടതി ഇടക്കാല വിധിയിലൂടെ ഇക്കാര്യം സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) കോടതിയിൽ കേസ് വാദത്തിനായി വരുന്ന മുറയ്ക്ക് ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേരള ഫീഡ്സിലെ ദിവസ വേതനക്കാരുടെ വേതനം അവസാനമായി 1-10-2017-ൽ പരിഷ്കരിച്ചിട്ടുണ്ട്.

## കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി

139 (2682) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെറ്ററിനറി സർവ്വകലാശാലയുടെ കീഴിൽ വരുന്നതും കരകുളത്തെ കെൽട്രോൺ കോംപ്ലക്സിൽ പ്രവർത്തിച്ചുവരുന്നതുമായ കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനം പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

### ഉത്തരം

സർവ്വകലാശാല ഉദ്യോഗസ്ഥരും ഭരണസമിതി പ്രതിനിധികളും പാറശ്ശാലയിലെ ആടുവളർത്തൽ കേന്ദ്രത്തിലെ സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

## മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം

140 (2683) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനത്തിനായുള്ള എത്ര ഫയലുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) ആശ്രിത നിയമനം ത്വരിതഗതിയിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള 63 ഫയലുകൾ നിലവിലുണ്ട്.

(ബി) നിയമനം ത്വരിതഗതിയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കോതമംഗലത്ത് കന്നുകാലി ഫാമുകൾ**

141 (2684) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയായ കോതമംഗലം മണ്ഡലത്തിൽ കർഷകർക്ക് മികച്ച ഗുണനിലവാരമുള്ള കന്നുകാലികളെ വിതരണം ചെയ്യുന്നതിന് സർക്കാർ ഉടമസ്ഥതയിൽ കന്നുകാലി ഫാം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമായി സംയോജിച്ച്, കോതമംഗലം മണ്ഡലത്തിലെ കീരംപാറ, കുട്ടമ്പുഴ, കവളങ്ങാട് ഗ്രാമപഞ്ചായത്തിലെ നേര്യമംഗലം എന്നിവിടങ്ങളിൽ കന്നുകാലി ഫാം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ ഇതുസംബന്ധിച്ച് പദ്ധതികളൊന്നുംതന്നെ സർക്കാരിന്റെ പരിഗണനയിലില്ല. സർക്കാരിലേക്ക് പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് സാധ്യതകളന്വേഷിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**നെയ്യാറ്റിൻകര മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കാൻ നടപടി**

142 (2685) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി സ്ഥലം എം.എൽ.എ. 2017-ൽ നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) മൃഗാശുപത്രി രാത്രികാലങ്ങളിലും പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) 2018 മാർച്ചിന് മുൻപ് പ്രസ്തുത മൃഗാശുപത്രിയുടെ സേവനം 24 മണിക്കൂർ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത നിവേദനം ലഭിച്ചതായി കാണുന്നില്ല.

(ബി) നിയമപരമായ തടസ്സമില്ല.

(സി) 2018-19 സാമ്പത്തിക വർഷം മുഴുവൻ ബ്ലോക്കുകളിലും രാത്രികാല അടിയന്തര വെറ്ററിനറി സേവന പദ്ധതി ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ നെയ്യാറ്റിൻകര മൃഗാശുപത്രി കേന്ദ്രീകരിച്ച് ഈ സേവനം ഏർപ്പെടുത്താൻ കഴിയുന്നതാണ്.

**സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്ന അറവുമാടുകളുടെ പരിശോധന**

143 (2686) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് എത്തിക്കുന്ന അറവുമാടുകളുടെ ആരോഗ്യസ്ഥിതി ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കാറുണ്ടോ;

(ബി) ഇപ്രകാരമുള്ള പരിശോധനയ്ക്കായി ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) സിറം പരിശോധന നടത്തുന്ന പക്ഷം, പരിശോധനാ റിസൾട്ട് ലഭിക്കുന്നതുവരെ പ്രസ്തുത അറവുമാടുകളെ ചെക്ക്പോസ്റ്റിൽ താല്ക്കാലികമായി സംരക്ഷിച്ച് നിരീക്ഷിക്കുവാനുള്ള സംവിധാനമുണ്ടോ എന്നറിയിക്കാമോ;

(ഡി) ചെക്പോസ്റ്റുകൾ വഴി രോഗബാധിതരായ അറവുമാടുകളെ പരിശോധനയില്ലാതെ കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അതിർത്തി കടന്ന് കേരളത്തിലെ വിവിധ ചെക്ക്പോസ്റ്റുകൾ വഴി വരുന്ന എല്ലാ മൃഗങ്ങളെയും ചെക്ക്പോസ്റ്റുകളിൽ ഭൗതിക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഓരോ കൺസൈൻമെന്റുകൾക്കൊപ്പവും കൊണ്ടുവരുന്ന

ആരോഗ്യ സർട്ടിഫിക്കറ്റും പരിശോധിച്ച് രോഗമില്ലെന്ന് ഉറപ്പ് വരുത്തിയതിനു ശേഷം മാത്രമേ കടത്തി വിടാറുള്ളൂ. അത്യാവശ്യ ഘട്ടങ്ങളിൽ റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ചുള്ള പരിശോധനയും നടത്തിവരുന്നു.

(സി) ചെക്ക്പോസ്റ്റുകളിൽ ഭൗതിക പരിശോധനയാണ് നടത്തുന്നത്. പക്ഷിപ്പനി, കുളമ്പ് രോഗം തുടങ്ങിയ രോഗങ്ങളുടെ ഭീഷണി നിലനിൽക്കുന്ന ഘട്ടങ്ങളിൽ റാപ്പിഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് രോഗ നിർണ്ണയം നടത്തുകയും സംശയം തോന്നുന്ന മൃഗങ്ങളെ തിരിച്ചയയ്ക്കുകയും ചെയ്യുന്നു. മൃഗങ്ങളെ ചെക്ക്പോസ്റ്റുകളിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല.

(ഡി) നിലവിലുള്ള നിയമങ്ങൾ കർശനമായി പാലിക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നിയമനം**

144 (2687) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയം മുൻ നിർത്തി ആരംഭിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം തൊഴിൽ സാധ്യതകളാണ് നിലവിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ബി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ അടിസ്ഥാനയോഗ്യത എന്താണ്; ഈ തസ്തികയിൽ നിശ്ചിത യോഗ്യതയില്ലാത്തവരെ പരിഗണിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ത് പ്രത്യേക പരിഗണനയാണ് ഇവർക്ക് കിട്ടുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി മറ്റ് തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏത് തസ്തികയിൽ നിന്നും ആണ് ഇങ്ങനെ പരിഗണിക്കുന്നത്; ഇവർക്ക് പ്രസ്തുത തസ്തികയിൽ ജോലിചെയ്യുന്നതിനുള്ള നിശ്ചിത യോഗ്യത ഉണ്ടോ; ഇല്ലെങ്കിൽ മൃഗസംരക്ഷണവും കന്നുകാലി പരിപാലനവും അറിയാത്തവർ ഇത് കൈകാര്യം ചെയ്യുന്നത് മൂലം കാലി സമ്പത്തിന് ദോഷം സംഭവിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) മൃഗസംരക്ഷണവകുപ്പിൽ അവസാനം നിലവിൽ വന്ന പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരായി

നിയമിച്ചിട്ടുണ്ട്; ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി. വഴി നിയമനം വൈകിച്ച് നിശ്ചിതയോഗ്യത ഇല്ലാത്തവരെ താഴ്ന്ന തസ്തികയിൽ നിന്നും നിയമിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കെ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരിൽ നിന്നും എത്ര പേർക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരായി നിയമനം ലഭിച്ചിട്ടുണ്ട്; ഇങ്ങനെ നിയമനം ലഭിച്ചവർ നിശ്ചിത യോഗ്യത ഉള്ളവരാണോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തികയിലേയ്ക്ക് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് പാസ്സായവരെ മാത്രം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വി.എച്ച്.എസ്.സി. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് വിജയിച്ചവർക്ക് മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, ചിക്ക് സെക്സർ എന്നീ തസ്തികകളിലേയ്ക്ക് ജോലിക്കായി അപേക്ഷിക്കാവുന്നതാണ്.

(ബി) വി.എച്ച്.എസ്.സി. ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ആണ് നിലവിൽ മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യത. എസ്.എസ്.എൽ.സി. യോഗ്യതയുള്ള വകുപ്പിലെ താഴ്ന്ന വിഭാഗം ജീവനക്കാരെ പ്രത്യേക പി.എസ്.സി. വിജ്ഞാപനം വഴി തെരഞ്ഞെടുത്തും നിയമനം നൽകിവരുന്നു. ജില്ലകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 15% ഇപ്രകാരം ബൈ-ട്രാൻസ്ഫർ നിയമനത്തിന് നീക്കിവയ്ക്കുന്നുണ്ട്.

(സി) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2, തസ്തികയുടെ 15% ബൈ-ട്രാൻസ്ഫർ മുഖേന നിയമിക്കുന്നുണ്ട്. നിശ്ചിത യോഗ്യതയുള്ള ക്ലാസ് 4 ജീവനക്കാർക്ക് ഇത്തരത്തിൽ നിയമനം നൽകാറുണ്ട്. ഇങ്ങനെ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുമ്പോൾ തന്നെ 11 മാസത്തെ തീവ്ര പരിശീലനം വകുപ്പ് നൽകുന്നുണ്ട്. പ്രായോഗിക ബുദ്ധിമുട്ടുകൾ ഒന്നുംതന്നെ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മൃഗസംരക്ഷണ വകുപ്പിൽ അവസാനം നിലവിൽ വന്ന റാങ്ക് ലിസ്റ്റുകളിൽനിന്നും 223 ഉദ്യോഗാർത്ഥികളെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നിയമനം വൈകിച്ച് നിശ്ചിത യോഗ്യത ഇല്ലാത്തവരെ താഴ്ന്ന തസ്തികയിൽനിന്നും നിയമിക്കുന്നില്ല.

(ഇ) മൃഗസംരക്ഷണ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽനിന്നും 75 പേർക്ക് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം ലഭിച്ചവർ നിശ്ചിത യോഗ്യത ഉള്ളവരാണ്.

**വളർത്തുമൃഗങ്ങളിലെ അർബുദ രോഗം**

145 (2688) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്തു മൃഗങ്ങളിൽ അർബുദ രോഗം വർദ്ധിച്ചു വരുന്നതായുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതു തടയുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർദ്ധിച്ചുവരുന്ന പരിസരമലിനീകരണവും ആഹാര സാധനങ്ങളിലെ മായം ചേർക്കലും കീടനാശിനികളുടെ അമിത പ്രയോഗവുമാണ് ഇതിന്റെ കാരണങ്ങൾ.

(സി) രോഗ നിർണ്ണയത്തിനായി ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൽ പത്തോളജി ഡിവിഷനുകീഴിൽ ഓങ്കോളജി ലാബ് സ്ഥാപിച്ചിട്ടുണ്ട്.

**കോഴി കർഷകർക്ക് നൽകുന്ന സഹായങ്ങൾ**

146 (2689) ശ്രീ.അനിൽ അക്കര :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ അംഗീകരിച്ച കാർഷിക വികസന നയത്തിൽ കോഴി വളർത്തലിനെ ഒരു കാർഷികവൃത്തിയായി അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ കോഴി കർഷകർക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) കോഴി കർഷകർക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ടോ; ഈ മേഖലയിലെ കർഷകർക്ക് സൗജന്യ വൈദ്യുതി അനുവദിക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷനെ സമീപിക്കുമോ?

ഉത്തരം

(എ) 2015-ലെ കാർഷിക വികസന നയത്തിൽ, ബ്രോയിലർ കൃഷിയെ ഒരു കാർഷിക പ്രവർത്തനമായി കണക്കാക്കി, ഇതിനാവശ്യമായ വൈദ്യുതി, കാർഷിക വൈദ്യുതി നിരക്കിൽ ലഭ്യമാക്കണം എന്ന് നയം 218-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോഴിവളർത്തലിനെ കാർഷിക വൃത്തിയായി അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) നിലവിലെ ജി.എസ്.റ്റി. നിയമ പ്രകാരം കോഴികൃഷിക്ക് നികുതിയില്ല. നിലവിൽ കർഷകർക്ക് 5 (എ), 5 (ബി) എന്നിങ്ങനെ വിഭാഗമായിട്ടാണ് വൈദ്യുതി താരിഫ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ കോഴി കർഷകരെ 5 (ബി) വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 5 (എ) വിഭാഗത്തിന് യൂണിറ്റിന് 2 രൂപ വസൂലാക്കുമ്പോൾ കോഴി കർഷകർക്ക് 2.50 പൈസയാണ് ഈടാക്കുന്നത്. 22-8-2017-ൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരും കോഴി കർഷക പ്രതിനിധികളുമായി നടത്തിയ യോഗത്തിൽ കോഴി കർഷകർക്കും മറ്റ് കാർഷിക ആവശ്യങ്ങൾക്ക് അനുവദിക്കുന്ന രീതിയിൽ വൈദ്യുതി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയെയും റെഗുലേറ്ററി കമ്മീഷനെയും സമീപിക്കുവാൻ ധാരണയായിട്ടുണ്ട്.

**ഇറച്ചിക്കോഴി കർഷകരെ സഹായിക്കാൻ പദ്ധതി**

147 (2690) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴി വളർത്തുന്നതിന് സർക്കാർ നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇറച്ചിക്കോഴി വളർത്തുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) സംസ്ഥാനത്തെ കോഴി ഇറച്ചിയുടെ ആവശ്യകതയും ലഭ്യതയും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇറച്ചിക്കോഴി വിപണിയുടെ സാധ്യതകൾ പരമാവധി മുതലെടുത്ത് ഈ രംഗത്തേക്ക് കർഷകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ധനസഹായം അനുവദിക്കുന്നില്ല.

(ബി) ഇറച്ചിക്കോഴി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെപ്കോ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് കോൺട്രാക്ട് ഫാമിംഗ്. ഇതിനുപുറമെ മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കെപ്കോ എന്നിവയുടെ സംയുക്ത സംരംഭമായി മറ്റൊരു പദ്ധതികൂടി നടപ്പിലാക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ കോഴി ഇറച്ചിയുടെ ആവശ്യകതയും ലഭ്യതയും തമ്മിൽ താരതമ്യ പഠനം നടത്തിയിട്ടില്ല. 2016-17 വർഷം 461871 മെട്രിക് ടൺ മാംസം കേരളത്തിൽ ആവശ്യമുണ്ട്. മാംസോല്പാദനത്തിന്റെ 40.26% പൗൾട്രി വിഭാഗത്തിൽ നിന്നുമാകയാൽ സംസ്ഥാനത്തെ പൗൾട്രി മാംസത്തിന്റെ ആവശ്യകത 185950 മെട്രിക് ടൺ ആണെന്ന് കണക്കാക്കുന്നു. 2016-17 വർഷത്തെ കേരളത്തിലെ പൗൾട്രി ഇറച്ചി ഉല്പാദനം (കോഴി, താറാവ് മുതലായവ ഉൾപ്പെടെ) 188760 മെട്രിക് ടൺ (മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന കോഴിവർഗ്ഗങ്ങളിൽനിന്നും ഉല്പാദിപ്പിച്ച മാംസം ഉൾപ്പെടെ) ആണ്. ഇതിൽ 40218 മെട്രിക് ടൺ സംസ്ഥാനത്തെ വീടുകളിലും ഫാമുകളിലുമായി വളർത്തിയ കോഴി വർഗ്ഗങ്ങളിൽനിന്നും ഉല്പാദിപ്പിച്ചതാണ്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

**കെപ്കോ നടപ്പാക്കിവരുന്ന ആശ്രയ പദ്ധതി**

148 (2691) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോയുടെ സഹകരണത്തോടെ വിധവകൾക്കായി നടപ്പാക്കിവരുന്ന ആശ്രയ പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വിധവകളുടെ സാമൂഹിക-സാമ്പത്തിക ഉന്നമനത്തിന് ഉതകുന്നതാണോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിധവകളുടെ ശാക്തീകരണത്തിന് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത പദ്ധതി വിധവകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് ഉതകുന്നതാണ്. കെപ്കോ ആശ്രയ പദ്ധതി വഴി തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഓരോ ഗുണഭോക്താവിനും 10 കോഴിയും 10 കിലോ തീറ്റയും 50 രൂപയുടെ മരുന്നും നൽകുന്നു.

(ബി) ഇല്ല. 74 പഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റ് പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) പരിഗണിക്കാവുന്നതാണ്.

**മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലെ ജീവനക്കാരുടെ ഒഴിവുകൾ**

149 (2692) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യയുടെ കൂത്താട്ടുകുളത്തെ സ്ഥാപനത്തിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ;

(ബി) ഏതൊക്കെ പോസ്റ്റുകളിൽ, എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് താല്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരെ നിയമിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപടിക്രമങ്ങൾ പാലിച്ചാണോ പ്രസ്തുത ജീവനക്കാരെ നിയമിച്ചിട്ടുള്ളത്;

(ഇ) മീറ്റ് പ്രോഡക്ടസ് ഓഫ് ഇന്ത്യയുടെ എം.ഡി. ആയ ഡോ. എ.എസ്. ബിജുലാലിനെതിരെ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(എഫ്) എങ്കിൽ വിജിലൻസ് അന്വേഷണം നേരിടുന്ന അദ്ദേഹത്തിന് നിയമന കാലാവധി ദീർഘിപ്പിച്ച് നൽകിയത് എന്ത് മാനദണ്ഡത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

| പോസ്റ്റിന്റെ പേര് | ഒഴിവ് |
|---|---|
| ജനറൽ മാനേജർ | 1 |
| മാനേജർ,അഡ്മിനിസ്ട്രേഷൻ | 1 |
| മെഷീൻ ഓപ്പറേറ്റർ | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| ഫിനാൻസ് അസിസ്റ്റന്റ് | 1 |
| അസിസ്റ്റന്റ് പ്രൊഡക്ഷൻ II | 16 |
| അസിസ്റ്റന്റ് പ്രൊഡക്ഷൻ I | 10 |

(സി & ഡി) ഉണ്ട്. ഫിനാൻസ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ഒരു താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

**ഡയറി എക്സ്റ്റൻഷൻ ഓഫീസർ**

150 (2693) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ പോസ്റ്റ് ഒഴിവുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ കേരളത്തിലെ എല്ലാ ഡയറി എക്സ്റ്റൻഷൻ ഓഫീസുകളിലും ഓഫീസർമാർ ഉണ്ടോ;

(സി) ഡയറി എക്സ്റ്റൻഷൻ ഓഫീസർമാരുടെ നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;

(ഡി) മാനദണ്ഡത്തിന് വിരുദ്ധമായി നിയമനം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം പരിശോധിക്കുമോ;

(ഇ) ഡിപ്പാർട്ട്മെന്റിൽ നിന്ന് സ്ഥാനക്കയറ്റം കിട്ടി വരുന്നവർക്കും പി.എസ്.സി. ലിസ്റ്റിൽ ഉള്ളവർക്കും 1:1 ആണ് നിയമന മാനദണ്ഡം എന്നതിന് വിരുദ്ധമായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ആയത് പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്, 6 ഒഴിവുകൾ

മലപ്പുറം-3, വയനാട്-1, കണ്ണൂർ-1, കാസർഗോഡ്-1

(ബി) ഇല്ല.

(സി) ബന്ധപ്പെട്ട തസ്തികയുടെ സ്പെഷ്യൽ റൂളിനുവിധേയമായി ആകെ അനുവദിച്ചിട്ടുള്ള തസ്തികകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 50% വകുപ്പിലെ യോഗ്യത നേടിയിട്ടുള്ള ഡയറി ഫാം ഇൻസ്ട്രക്ടർമാരിൽനിന്നും 50% പി.എസ്.സി. വഴി നേരിട്ടുള്ള നിയമനമായും 1:1 അനുപാതത്തിൽ നിയമനം നടത്തുന്നു.

(ഡി) ഇല്ല.

(ഇ) ഇല്ല.

**ക്ഷീര വ്യവസായം**

151 (2694) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള ക്ഷീര കർഷകരുടെ എണ്ണം എത്രയാണ്; കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ക്ഷീര കർഷകർക്കായി നിലവിലുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഏതെല്ലാമാണ് ; സബ്സിഡി ഏതിനെല്ലാമാണ് നല്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രതിദിനം എത്ര ലിറ്റർ പാൽ അന്യസംസ്ഥാനത്തിൽ നിന്നും കേരളത്തിലേക്ക് വരുന്നുണ്ട്; മിൽമക്ക് പ്രതിദിനം എത്ര ലിറ്റർ പാലാണ് ആവശ്യമുള്ളത്; ഇതിൽ എത്ര ലിറ്റർ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്നു; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 8 ലക്ഷത്തോളം ക്ഷീരകർഷകർ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്നതും ക്ഷീരവികസന വകുപ്പിൽ എൻറോൾ ചെയ്തതുമായ കർഷകരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | എൻറോൾ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| 2013-14 | 209112 |
| 2014-15 | 241263 |
| 2015-16 | 269277 |
| 2016-17 | 298596 |
| 2017-18 (2-2-2018 വരെ) | 332895 |

(ബി) ക്ഷീര വികസന വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന പദ്ധതികൾ

തീറ്റപ്പുൽകൃഷി വികസന പദ്ധതി

| ക്രമ നമ്പർ | ഇനം | യൂണിറ്റുകളുടെ എണ്ണം | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 20 സെന്റിന് താഴെ | 1310 (ഹെക്ടർ) | 262 |
| 2 | 20 സെന്റിന് മുകളിൽ | 400 (ഹെക്ടർ) | 30 |
| 3 | കടത്തുകൂലി | | 1.52 |
| 4 | ഡെയറി പ്രൊമോട്ടർ ഇൻസെന്റീവ് | 162 | 77.76 |
| 5 | അസോള കൃഷി | 3500 | 21 |
| 6 | ഇറിഗേഷൻ അസിസ്റ്റന്റ് | 82 | 8.2 |
| 7 | ഇറിഗേഷൻ അസിസ്റ്റന്റ് (1 ഏക്കറിന് മുകളിൽ) | 15 | 3.75 |
| 8 | മെക്കനൈസേഷൻ ആന്റ് മോഡേനൈസേഷൻ | 81 | 8.1 |
| 9 | ഫോഡർ ട്രീസ് | 50500 | 2.25 |
| 10 | സീസണൽ ക്രോപ്പ്സ് | 50 (ഹെക്ടർ) | 1.12 |
| 11 | മക്കച്ചോളം കൃഷി | 50 (ഹെക്ടർ) | 7.08 |
| 12 | തരിശുഭൂമിയിൽ പുൽകൃഷി | 94 (ഹെക്ടർ) | 87.49 |
| 13 | തീറ്റപ്പുൽകൃഷിയും വിപണനവും | 20 | 15 |

| | | | |
|---|---|---|---|
| 14 | സൗജന്യ നിരക്കിൽ തീറ്റപ്പുൽ വിതരണം | 80 | 8 |
| 15 | ഹൈഡ്രോപോണിക്സ് | 23 | 24.95 |
| 16 | ഫോഡർ കം അസോള നഴ്സറി | 5 | 4.5 |

മിൽക്ക് ഷെഡ് വികസന പദ്ധതി

| ക്രമ നമ്പർ | ഇനം | യൂണിറ്റുകളുടെ എണ്ണം | ആകെപദ്ധതി അടങ്കൽ | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഗോധനം | 305 | 289.75 | 97.62 |
| 2 | 2 പശു യൂണിറ്റ് | 345 | 652.05 | 220.8 |
| 3 | 5 പശു യൂണിറ്റ് | 40 | 202.8 | 70 |
| 4 | 10 പശു യൂണിറ്റ് | 30 | 316.2 | 105 |
| 5 | 5 കിടാരി യൂണിറ്റ് | 220 | 498.74 | 199.1 |
| 6 | 10 ഹീഫർ | 56 | 255.58 | 101.47 |
| 7 | പ്രോഗ്രസീവ് ഫാർമേഴ്സിനുള്ള ധനസഹായം | 280 | 280 | 140 |
| 8 | മിൽക്കിംഗ് മെഷീൻ | 640 | 320 | 160 |
| 9 | കാലിത്തൊഴുത്ത് നിർമ്മാണം | 640 | 640 | 320 |
| 10 | ക്ഷീരഗ്രാമം (5 എണ്ണം) | | 1351.73 | 500 |

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന പാലിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. ഏകദേശം 8 മുതൽ 9 ലക്ഷം ലിറ്റർ വരെ പാൽ പ്രതിദിനം കൊണ്ടുവരുന്നതായി കണക്കാക്കുന്നു.

മിൽമയ്ക്ക് പ്രതിദിനം വിപണനത്തിനും പാലുല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുമായി ശരാശരി 14.5 ലക്ഷം ലിറ്റർ പാൽ ആവശ്യമാണ്. ഇതിൽ 2017 ഡിസംബർ മാസത്തെ കണക്കനുസരിച്ച് ശരാശരി 12.91 (90%) ലക്ഷം ലിറ്റർ പാൽ പ്രതിദിനം സംഘങ്ങൾ വഴി സംഭരിക്കുന്നുണ്ട്. വിപണി നിലനിർത്തുന്നതിനു വേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ സ്വീകരിക്കുന്നു.

**ക്ഷീരകർഷകർക്ക് ധനസഹായം**

152 (2695) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. അബ്ദുൽ ഹമീദ് .പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് ലഭിച്ചിരുന്ന പാലുത്പാദന പ്രോത്സാഹന ധനസഹായത്തിന് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കുന്ന ഈ തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ക്ഷീരവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഡി.ബി.റ്റി. സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റ സബ്സിഡി പദ്ധതിക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. സംഘത്തിലളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിലാണ് ധനസഹായം നൽകിവരുന്നത്.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ്/കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും വാർഷിക വരുമാനം എന്ന ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ, ഫാമിലി പെൻഷണർ എന്നിവർ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം, പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ സ്വകാര്യ ഉപയോഗത്തിനുള്ള നാലുചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പുനഃപരിശോധിക്കുന്നതിനുള്ള നടപടിക്കായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ക്ഷീരകർഷകരുടെയും കന്നുകാലികളുടെയും രജിസ്ട്രേഷൻ**

153 (2696) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെയും കന്നുകാലികളുടെയും രജിസ്ട്രേഷൻ എത്രത്തോളം നടന്നിട്ടുണ്ട്;

(ബി) ആറന്മുള നിയോജകമണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് 7 ലക്ഷത്തിനുമേൽ കർഷകരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 5 ലക്ഷത്തോളം കന്നുകാലികളെയും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആറന്മുള നിയോജകമണ്ഡലത്തിലെ ചെന്നീർക്കര, ഇലന്തൂർ, ആറന്മുള, കോഴഞ്ചേരി, കുളനട, മലപ്പുഴശ്ശേരി, മെഴുവേലി, നാരങ്ങാനം, ഓമല്ലൂർ, ഇരവിപേരൂർ, കോയിപ്രം, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത**

154 (2697) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ക്ഷീരോത്പാദനത്തിൽ സ്വയം പര്യാപ്തത നേടിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) മിൽമ, ഇതര സംസ്ഥാനങ്ങളിൽ നിന്നും നിലവിൽ പാൽ ഇറക്കുമതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രതിമാസം എത്ര ലിറ്റർ; 2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ഇറക്കുമതി ചെയ്ത പാലിന്റെ അളവെത്രയാണ്;

(സി) സ്വകാര്യ പാലുത്പാദകസംഘങ്ങൾ സംസ്ഥാനത്ത് വില്പന നടത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സ്വയംപര്യാപ്തമായിട്ടില്ല. 2018 ഡിസംബർ മാസത്തോടെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽമയുടെ കീഴിലുള്ള മൂന്ന് മേഖലാ യൂണിയനുകൾ

(തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ, മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) വിപണി നിലനിർത്തുന്നതിനുവേണ്ടി പ്രതിദിനം ഏകദേശം 1.50 ലക്ഷം ലിറ്റർ പാൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുകളിൽനിന്നും മിൽമ സ്വീകരിക്കുന്നു.

2017 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ മിൽമ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽനിന്നും പ്രതിദിനം ശരാശരി 2,29,000 ലിറ്റർ പാൽ വാങ്ങിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ക്ഷീര സഹകരണ സംഘങ്ങളിൽനിന്ന് സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുക, മാർക്കറ്റിൽ ലഭ്യമായ കവർ പാലുകളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തിവരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡയറി ലാബ് പ്രവർത്തിച്ചുവരുന്നു. കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലും റീജിയണൽ ലാബുകളുടെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

NABL അക്രഡിറ്റേഷനോടു (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) കൂടിയ സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചുവരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോട്ടറി പ്രവർത്തിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും നടപ്പുവർഷംതന്നെ ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഭക്ഷ്യസുരക്ഷാ വിഭാഗത്തിൻകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും പ്രവർത്തിക്കുന്നു.

ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നു. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ട്.

**ഗുണനിലവാരമില്ലാത്ത പാൽ വിൽക്കുന്ന കമ്പനികൾക്കെതിരെ നടപടി**

155 (2698) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗുണനിലവാരം ഇല്ലാത്ത പാൽ വില്ക്കുന്ന കമ്പനികൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് സാധിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ക്ഷീരവികസന വകുപ്പിന് നിലവിൽ മിൽക്ക് ആൻഡ് മിൽക്ക് പ്രോഡക്റ്റ് ഓർഡർ 1992 (എം.എം.പി.ഒ.) പ്രകാരം നടപടിയെടുക്കാൻ സാധിക്കുമോ;

(ഡി) സാധിക്കുകയില്ലായെങ്കിൽ ഗുണനിലവാരമില്ലാത്ത പാൽ വില്ക്കുന്ന കമ്പനികൾക്കെതിരെ എപ്രകാരമാണ് വകുപ്പ് നടപടി സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ടയിൽ ഒരു ജില്ലാ ഫുഡ് ടെസ്റ്റിംഗ് ലാബും ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. ഈ ലാബുകളിലും പാൽ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരു ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിലുള്ള ലബോറട്ടറി സൗകര്യത്തോടുകൂടിയ ഗുണനിയന്ത്രണ വിഭാഗം പ്രവർത്തിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ സംഭരിക്കുന്ന

പാലിന്റെ ഗുണനിലവാരം പരിശോധിക്കുക, മാർക്കറ്റിൽ ലഭ്യമായ കവറുപാലുകളുടെ ഗുണനിലവാരം പരിശോധിക്കുക എന്നിവ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ മുഖേന നടത്തിവരുന്നു. കൂടാതെ ആലത്തൂരിൽ ഒരു റീജിയണൽ ഡയറി ലാബ് പ്രവർത്തിച്ചുവരുന്നു. കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലെ റീജിയണൽ ലാബുകൾ ഉടൻ പ്രവർത്തനസജ്ജമാകും.

NABL അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിച്ചുവരുന്നു.

ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി മീനാക്ഷിപുരത്ത് സ്ഥിരം പാൽ പരിശോധനാ ലബോറട്ടറി പ്രവർത്തിച്ചുവരുന്നു. ആര്യങ്കാവിലും പാറശ്ശാലയിലും ചെക്ക്പോസ്റ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പിന് നിലവിൽ ഗുണനിലവാരം കുറഞ്ഞ പൽ വിൽപ്പനക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അനുവാദമില്ല.

ഭക്ഷ്യസുരക്ഷാ നിയമം 2006 നടപ്പിൽ വന്നതോടുകൂടി ക്ഷീരവികസന വകുപ്പിന് മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട് ഓർഡർ 1992 (എം.എം.പി.ഒ) പ്രകാരം പാൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള ക്ഷീരവികസന വകുപ്പിന്റെ അധികാരം ഇല്ലാതായി.

(സി) നടപടിയെടുക്കാൻ കഴിയില്ല.

(ഡി) കേരളത്തിൽ വിൽപ്പന നടത്തുന്നവയിൽ ഗുണനിലവാരമില്ലാത്ത പാൽ കണ്ടെത്തുന്ന പക്ഷം നിയമ നടപടി സ്വീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുന്നു.

**മിൽമ കോഴിക്കോട് ഡയറിയുടെ വികസനം**

156 (2699) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം നടത്തിയ നടപടികളെന്തെന്ന് വിശദമാക്കാമോ;

(ബി) നെഗോഷ്യേറ്റഡ് പർച്ചേസ് രീതിയിൽ സ്ഥലം വാങ്ങുന്നതിന് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ സ്ഥല പരിശോധന നടത്തിയിട്ടുണ്ടോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുതുക്കേണ്ടതുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സ്ഥലം ഏറ്റെടുക്കൽ വൈകുന്നതു മൂലം ഏറ്റെടുക്കുവാൻ കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമകൾ അനുഭവിക്കുന്ന പ്രയാസങ്ങൾ കണക്കിലെടുത്ത്, നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം വില്ലേജിൽപ്പെട്ട പെരിങ്ങളത്ത് 5.0485 ഏക്കർ ഭൂമി കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഹൈ ലെവൽ കമ്മിറ്റി ഫോർമാറ്റിൽ വിശദവിവരം നൽകുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലപരിശോധന നടത്തി വിവരങ്ങൾ നൽകുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ സ്പെഷ്യൽ തഹസിൽദാർ (എൽ.എ)യെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചെങ്കിലും നാളിതുവരെ വിവരങ്ങൾ എൽ.എ.ഒ. കളക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) മിൽമ കോഴിക്കോട് ഡയറിയുടെ വികസന പ്രവർത്തനത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലാ കളക്ടർ ഹൈ ലെവൽ കമ്മിറ്റി നിശ്ചിത ഫോർമാറ്റിൽ വിശദവിവരം നൽകുന്ന മുറയ്ക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്ഥലമേറ്റെടുക്കൽ നടപടിക്കുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാതല പർച്ചേസ് കമ്മിറ്റി (DLFC) കൂടേണ്ടതും പ്രസ്തുത കമ്മിറ്റി നിശ്ചയിക്കുന്ന വില State Level Empowered Committee യുടെ അംഗീകാരത്തിന് വിധേയമായി സ്ഥലവില നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

**മിൽമയിലെ നിയമനങ്ങൾ**

157 (2700) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയിലെ നിയമനങ്ങൾ ഇപ്പോൾ നടത്തിവരുന്നതെപ്രകാരമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ സംവരണതത്വമനുസരിച്ചാണോ നടത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനങ്ങൾ പി.എസ്.സി. മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലെ (മിൽമ) നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തിവരുന്നത്.

(ബി&സി) പി.എസ്.സി. നിയമന ശിപാർശ നൽകുന്നത് സംവരണ തത്വം പാലിച്ചാണ്.

**കല്ലാമത്ത് ഐ.സി.ഡി.പി. സബ് സെന്റർ**

158 (2701) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ കീഴിൽ കന്നുകാലി പരിപാലനത്തിനായി എത്ര ഐ. സി. ഡി. പി. സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എത്ര സെന്ററുകൾ പ്രവർത്തനരഹിതമാണെന്ന് വ്യക്തമാക്കാമോ;

(ബി) നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതി മൂലം കന്നുകാലി പരിപാലനം സാധ്യമല്ലാത്ത സാഹചര്യത്തിൽ ഇത്തരം സെന്ററുകൾ മറ്റ് പ്രയോജനപ്രദമായ സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പൂവച്ചൽ പഞ്ചായത്തിലെ കല്ലാമം ഭാഗത്ത് കന്നുകാലി പ്രജനനത്തിനായി ഒരു സബ് സെന്റർ വേണമെന്ന ക്ഷീരകർഷകരുടെ ആവശ്യം പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയുടെ വർഷങ്ങളായി പൂട്ടിക്കിടക്കുന്ന ഐ.സി.ഡി.പി. സബ് സെന്റർ കല്ലാമം ഭാഗത്ത് മാറ്റി സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കല്ലാമത്തെ ക്ഷീരകർഷകർക്കായി പുതിയ സബ് സെന്റർ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) 18 ഐ.സി.ഡി.പി. സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ തിട്ടമംഗലം ഐ.സി.ഡി.പി. സബ്സെന്റർ പ്രവർത്തനരഹിതമാണ്.

(ബി) കർഷകരുടെ ആവശ്യം പരിഗണിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) കല്ലാമം പ്രദേശത്ത് ഒരു പുതിയ ഐ.സി.ഡി.പി. സബ്സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ക്ഷീരകർഷകർക്ക് പ്രോത്സാഹന ധനസഹായം

159 (2702) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് ലഭിച്ചിരുന്ന പാൽ ഉല്പാദന പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിന് ഇപ്പോൾ വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏത്ര രൂപയാണ് വരുമാന പരിധിയായി നിശ്ചയിച്ചിട്ടുള്ളത്;

(ബി) നിലവിൽ പാൽ ഉൽപാദന ചെലവ് കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, അതോടൊപ്പം വരുമാന പരിധി കൂടി നിശ്ചയിച്ചത് ഗ്രാമീണ മേഖലയിലെ ക്ഷീര കർഷകർ ഈ രംഗം വിടുന്നതിന് കാരണമാകുമോ;

(ഡി) ഈ നടപടി ക്ഷീരമേഖലയ്ക്ക് തിരിച്ചടിയാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം പുന:പരിശോധിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ക്ഷീരവികസന വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന ഡി.ബി.റ്റി (ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ) സംവിധാനത്തിലൂടെ ക്ഷീരകർഷകർക്ക് നൽകുന്ന കാലിത്തീറ്റ സബ്സിഡി പദ്ധതിക്ക് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിലാണ് ധനസഹായം നൽകിവരുന്നത്.

എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രൊഡക്ഷൻ ഇൻസെന്റീവ്/കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും വാർഷിക വരുമാനം എന്ന ഉയർന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ, ഫാമിലി പെൻഷണർ എന്നിവർ ആരെങ്കിലും ഉൾപ്പെടുന്ന കുടുംബം, പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ, സ്വകാര്യ ഉപയോഗത്തിനുള്ള നാലുചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം എന്നിവരെയും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ചെറുകിട നാമമാത്ര കർഷകരാണ് പ്രധാനമായും ക്ഷീരോല്പാദന മേഖലയിൽ പ്രവർത്തിക്കുന്നത്. പൊതു വിപണിയിലെ പാൽ വില 42 രൂപ മുതൽ 44 രൂപ വരെയാണ്. എന്നാൽ ക്ഷീരസഹകരണ സംഘത്തിൽ പാലളക്കുന്ന കർഷകർക്ക് അത്രയും തുക ലഭിക്കുന്നില്ല. ആയതിനാൽ പ്രോത്സാഹന സഹായങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ ഈ മേഖലയിൽ ക്ഷീരകർഷകരെ നിലനിർത്താൻ കഴിയുകയുള്ളൂ.

ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം ഉല്പാദന പ്രോത്സാഹന സഹായമില്ലാതെ ഈ മേഖലയിൽ നിലനിൽക്കുക എന്നുള്ളത് വളരെ പ്രയാസമാണ്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വരുമാനപരിധി നിശ്ചയിച്ചത് ഈ മേഖലയിൽനിന്നും കർഷകർ കൊഴിഞ്ഞു പോകുന്നതിന് ഇടയാക്കും.

(ഡി) ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിന് ഇത് തിരിച്ചടിയാകാൻ സാധ്യതയുണ്ട്.

(ഇ) പുനഃപരിശോധിക്കുന്നതിനുള്ള നടപടിക്കായി ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ജൂനിയർ അസിസ്റ്റന്റ് തസ്തിക**

160 (2703) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ റീജിയണൽ മിൽക് പ്രൊഡ്യൂസേഴ്സ് യൂണിയനിൽ ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്ക് എന്നാണ് പരീക്ഷ നടത്തിയതെന്നും എന്നത്തേക്ക് സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ;

(സി) മലബാർ റീജിയണൽ മിൽക് പ്രൊഡ്യൂസേഴ്സ് യൂണിയനിലെ നിയമനങ്ങൾ പി.എസ്.സി ക്ക് വിടാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജൂനിയർ അസിസ്റ്റന്റിന്റെ തസ്തികയിലേക്ക് മലബാർ മേഖലാ യൂണിയൻ 2016 ഡിസംബർ മാസത്തിൽ സ്ഥിര നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ 29 ഒഴിവുകൾ ആണ് ഉണ്ടായിരുന്നത്.

(ബി) ജൂനിയർ അസിസ്റ്റന്റിന്റെ സ്ഥിരം ഒഴിവുകൾ നികത്തുന്നതിനായി 22-4-2017 തീയതിയിൽ എറണാകുളത്ത് വച്ച് മലബാർ മേഖലാ യൂണിയൻ എഴുത്ത് പരീക്ഷ നടത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 21-4-2017 തീയതിയിലെ സി1/7300/2017 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലബാർ

മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയനിലെ സ്ഥിര നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും നിർത്തിവച്ചിരിക്കുകയാണ്.

(സി) സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**മിൽക്ക് ഷെഡ് പദ്ധതി**

161 (2704) <u>ശ്രീ. കെ. സി. ജോസഫ്</u> :

<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'മിൽക്ക് ഷെഡ് പദ്ധതി സംസ്ഥാനത്ത് എന്നുമുതലാണ് നടപ്പിലാക്കിയത്;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ ഉല്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പ്രസ്തുത പദ്ധതി എത്രമാത്രം സഹായകമായിട്ടുണ്ട്;

(ഡി) ക്ഷീരോല്പാദനം ഒരു ഉപജീവന മാർഗ്ഗമാക്കി സ്വയംതൊഴിൽ കണ്ടെത്തുന്നതിനു ഗ്രാമീണമേഖലയിലെ യുവതീ യുവാക്കളെ പ്രേരിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 2005-06 മുതലാണ് സംസ്ഥാനത്ത് മിൽക്ക് ഷെഡ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൈവരിച്ച നേട്ടങ്ങൾ ഓരോ വർഷവും വകുപ്പ് വിലയിരുത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി 2015-16 വർഷത്തിൽ സെന്റർ ഫോർ മാനേജീരിയൽ ഡവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തെക്കൊണ്ട് മുൻ വർഷങ്ങളിൽ വകുപ്പ് നടപ്പിലാക്കിയ മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ അവലോകനം നടത്തുകയുണ്ടായി. വകുപ്പ് തലത്തിലുള്ള ശില്പശാലകളിലും അവലോകന യോഗങ്ങളിലും ടി പദ്ധതി സംബന്ധിച്ച നേട്ടങ്ങൾ വിലയിരുത്താറുണ്ട്.

(സി) സംസ്ഥാനത്തിനകത്ത് ഇറച്ചിക്കും മറ്റും കന്നുകാലികളെ ഉപയോഗിക്കുന്നതിനാലും മറ്റ് വിവിധ കാരണങ്ങളാലും കന്നുകാലികളുടെ എണ്ണം വളരെയധികം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ കൂടുതൽ കറവപ്പശുക്കളെ സംസ്ഥാനത്ത് എത്തിക്കേണ്ടത് അനിവാര്യമാണ്. മിൽക്ക് ഷെഡ് വികസന പദ്ധതി നിർവ്വഹണ മാർഗ്ഗ നിർദ്ദേശ പ്രകാരം ഉല്പാദനക്ഷമതയുള്ള പശുക്കളെ ഇതര സംസ്ഥാനത്തുനിന്നും മാത്രമേ വാങ്ങാൻ സാധിക്കുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തെ ഉല്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പ് ഇത്തരത്തിൽ ഒരു മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്.

2005-06 മുതൽ 2016-17 വരെ 63592 കറവ പശുക്കളെയും 11880 കിടാരികളെയും പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിനകത്തേക്ക് വാങ്ങി കൊണ്ടുവന്നിട്ടുണ്ട്.

| വർഷം | കറവ പശുക്കൾ | കിടാരികൾ |
|---|---|---|
| 2005-06 | 490 | 0 |
| 2006-07 | 5884 | 0 |
| 2007-08 | 10440 | 0 |
| 2008-09 | 7000 | 480 |
| 2009-10 | 4079 | 750 |
| 2010-11 | 4270 | 1260 |
| 2011-12 | 2550 | 980 |
| 2012-13 | 3507 | 1000 |
| 2013-14 | 4717 | 1175 |
| 2014-15 | 6339 | 1770 |
| 2015-16 | 7215 | 2145 |
| 2016-17 | 7101 | 2320 |
| ആകെ | 63592 | 11880 |

(ഡി) ക്ഷീരോല്പാദനം ഒരു ഉപജീവനമാർഗ്ഗമാക്കി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഗ്രാമീണമേഖലയിലെ യുവതീ യുവാക്കളെ പ്രേരിപ്പിക്കുന്നതിന് ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഓരോ വർഷവും 25000 ത്തോളം ക്ഷീരകർഷകർക്ക് പ്രത്യക്ഷമായോ, പരോക്ഷമായോ ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ നിന്നുമുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിദേശ മലയാളികളെയും യുവാക്കളെയും യുവതികളെയും ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് പദ്ധതി സഹായകമായിട്ടുണ്ട്.

**തിരുവനന്തപുരം മൃഗശാല**

162 (2705) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മൃഗശാലയെ സെൻട്രൽ സൂ അതോറിറ്റി ലാർജ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മൃഗശാലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും കൂടുതൽ കാഴ്ചക്കാരെ ആകർഷിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;

(സി) തിരുവനന്തപുരം മാതൃകയാക്കി മലബാർ മേഖലയിലും മൃഗശാല ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മൃഗശാലാ അതോറിറ്റി തിരുവനന്തപുരം മൃഗശാലയെ എഫ്.നമ്പർ 18-1/2017-സി.ഇസഡ്.എ (വോള്യം 1) (എ.കെ.) 2049/2017 ഉത്തരവ് പ്രകാരം വലിയ മൃഗശാലാ വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജലപക്ഷികൾക്ക് വേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, നീർനായയ്ക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം, സ്ത്രീ സൗഹാർദ്ദപരവും വിശ്രമ മുറിയും ചേർന്ന ടോയ്‌ലറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം എന്നീ പ്രവർത്തികൾ നടന്നുവരുന്നു. സന്ദർശകർക്കുവേണ്ടി ഇന്റർപ്രെട്ടേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാൺപൂർ മൃഗശാലയിൽനിന്നും കഴുതപ്പുലികളെ കൊണ്ടുവരുന്നതിനും ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വാർ എന്നീ മൃഗങ്ങളെ മൃഗശാലയ്ക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ പുത്തൂർ എന്ന സ്ഥലത്ത് മൃഗശാലയുടെ നിർമ്മാണത്തിന് വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ മൃഗശാല ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പാലക്കാട് ജില്ലയിൽ 'സിൽട്ട്' നീക്കം ചെയ്ത് കനാലുകൾ വൃത്തിയാക്കൽ**

163 (2706) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഒൻപത് ഡാമുകൾക്കായി 300 കി.മി ലേറെ കനാലുകൾ തൊഴിലുറപ്പ് പദ്ധതിപ്രകാരം 'സിൽട്ട്' നീക്കം ചെയ്ത് വൃത്തിയാക്കിയിരുന്നതും ഇപ്പോൾ ആയത് തൊഴിലുറപ്പ് പദ്ധതിയിലൂടെ വൃത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം ഉള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ജലസേചന വകുപ്പ് മുഖേന കനാലുകൾ വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ വ്യവസ്ഥകൾ പ്രകാരം സിൽട്ട് നീക്കം ചെയ്യൽ പോലെ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എല്ലാ വർഷവും ചെയ്യുവാൻ അനുവാദമില്ല.

(ബി) ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള പീച്ചി പദ്ധതിയുടെ അനുബന്ധ കനാലുകളിലൂടെയുള്ള സുഗമമായ നീരൊഴുക്കിന് വാർഷിക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികാനുമതി നോൺപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നൽകുകയും അനുബന്ധ പ്രവൃത്തികൾ പദ്ധതി ഉദ്യോഗസ്ഥർ നിർവ്വഹിച്ചുവരികയും ചെയ്യുന്നു. മറ്റ് പദ്ധതികളുടെ അനുബന്ധ കനാലുകളുടെ വൃത്തിയാക്കൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം I ഉം II ഉം നിർവ്വഹിച്ചുവരുന്നു.

**അണക്കെട്ടുകളുടെ സുരക്ഷ**

164 (2707) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഡാമുകളിലാണ് വിവിധ തരത്തിലുള്ള നിർമ്മാണപ്രവൃത്തികൾ നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഓരോ ഡാമിലും നടത്തുന്ന നിർമ്മാണപ്രവൃത്തികൾ എന്തെല്ലാമെന്നും ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) അണക്കെട്ടുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നെന്മാറ നിയോജകമണ്ഡലത്തിലെ ചുള്ളിയാർ, മീൻകര, പോത്തുണ്ടി ഡാമുകളിലാണ് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നത്.

(ബി) വിശദാംശം ചുവടെ ചേർക്കുന്നു.

I. ചുള്ളിയാർ ഡാം

| സിവിൽ പ്രവൃത്തികൾ | അനുവദിച്ച തുക |
|---|---|
| (a) എർത്ത് ഡാമിന്റെ ചരിവ് ക്രമപ്പെടുത്തലും പുല്ല് വെച്ച് പിടിപ്പിക്കലും | (a) 64.50 ലക്ഷം രൂപ |
| (b) ഡാമിലെ ഡ്രെയിനുകളുടെ നിർമ്മാണം | (b) 40.30 ലക്ഷം രൂപ |
| (c) റിസർവ്വോയറിനു ചുറ്റും വേലിയും പ്രധാന ഗേറ്റും | (c) 202.20 ലക്ഷം രൂപ |
| (d) റോഡുകളുടെ പുനരുദ്ധാരണം | (d) 79.20 ലക്ഷം രൂപ |
| (e) എർത്ത് ഡാമിന്റെ റിപ്പ് റാപ്പ് പുനർനിർമ്മാണം | (e) 43.60 ലക്ഷം രൂപ |
| (f) ലിങ്ക് കനാൽ പുനർനിർമ്മാണം | (f) 10.50 ലക്ഷം രൂപ |
| (g) ഡാം പരിസരത്തെ സർവ്വേ | (g) 19.60 ലക്ഷം രൂപ |
| (h) ഡാം സേഫ്റ്റി കൺട്രോൾ റൂം | (h) 6.90 ലക്ഷം രൂപ |
| ആകെ | 466.80 ലക്ഷം രൂപ |
| മെക്കാനിക്കൽ പ്രവൃത്തികൾ | 16.86 ലക്ഷം രൂപ |
| ഇലക്ട്രിക്കൽ പ്രവൃത്തികൾ | 70.90 ലക്ഷം രൂപ |
| ആകെ | 554.56 ലക്ഷം രൂപ |

II. <u>മീങ്കര ഡാം</u>

<u>സിവിൽ പ്രവൃത്തികൾ</u>

| | | |
|---|---|---|
| (a) എർത്ത് ഡാമിന്റെ ചരിവ് ക്രമപ്പെടുത്തലും പുല്ല് വെച്ച് പിടിപ്പിക്കലും | (a) | 24.95 ലക്ഷം രൂപ |
| (b) ഡാമിലെ ഡ്രെയിനുകളുടെ നിർമ്മാണം | (b) | 30.75 ലക്ഷം രൂപ |
| (c) Toe drain & leading channels | (c) | 7.97 ലക്ഷം രൂപ |
| (d) ഡാമിന്റെ അതിർത്തി നിർണ്ണയവും ബൗണ്ടറി ഡീമാർക്കേഷനും | (d) | 17.99 ലക്ഷം രൂപ |
| (e) ഡാമിന്റെ മെയിൻ ഗേറ്റ് നിർമ്മാണവും അതിർത്തി കമ്പിവേലി കെട്ടലും | (e) | 306.28 ലക്ഷം രൂപ |
| (f) എർത്ത് ഡാമിന്റെ റിപ്പ് റാപ്പ് | (f) | 70.18 ലക്ഷം രൂപ |
| (g) റോഡുകളുടെ പുനരുദ്ധാരണം | (g) | 91.42 ലക്ഷം രൂപ |
| (h)ഡാം പാരപ്പെറ്റിന്റെ പുനരുദ്ധാരണം | (h) | 38.94 ലക്ഷം രൂപ |
| (I) പുതിയ ഓഫീസും കൺട്രോൾ റൂമും | (i) | 32.20 ലക്ഷം രൂപ |
| ആകെ | | 620.68 ലക്ഷം രൂപ |
| മെക്കാനിക്കൽ പ്രവൃത്തികൾ | | 23.60 ലക്ഷം രൂപ |
| ഇലക്ട്രിക്കൽ പ്രവൃത്തികൾ | | 48.60 ലക്ഷം രൂപ |
| ആകെ | | 692.88 ലക്ഷം രൂപ |

III. <u>പോത്തുണ്ടി ഡാം</u>

| | |
|---|---|
| (a) റിസർവ്വോയർ ഏരിയയുടെ സർവ്വേയും അതിർത്തി രേഖപ്പെടുത്തുന്ന പ്രവൃത്തികളും | (a) 37,80,500 രൂപ |
| (b) വേലി കെട്ടുന്ന പ്രവൃത്തികൾ | (b) 60,88,018/ രൂപ |
| (c) സൈറ്റ് ഓഫീസ് കെട്ടിട നിർമ്മാണം | (c) 11,90,700 രൂപ |

| | |
|---|---|
| (d) പോത്തുണ്ടി ഡാമിന്റെ അപ്സ്ട്രീമിന്റെയും ഡൗൺ സ്ട്രീമിന്റെയും ചരിവ് നവീകരിക്കുന്ന പ്രവൃത്തികൾ | (d 55,55,640 രൂപ |
| (e) സുരക്ഷ ഭിത്തിയുടെ നിർമ്മാണവും എൽ.ബി.ഹെഡ് സ്ലൂയിസിനടുത്തുള്ള റിപ്പ് റാപ്പിന്റെ നീളം കൂട്ടുന്ന പ്രവൃത്തികളും | (e) 78,07,500 രൂപ |
| (f) Longitudinal drain-ന്റെ പുനർനിർമ്മാണ പ്രവൃത്തികൾ | (f) 20,16,160 രൂപ |
| (g) പോത്തുണ്ടി എൽ.ബി. ഹെഡ് സ്ലൂയിസിന്റെ ഗ്രൈനെറ്റിംഗ് പ്രവൃത്തികൾ | (g) 29,03,100 രൂപ |
| ആകെ | 2,93,41,618 രൂപ |

(സി) ചുള്ളിയാർ ഡാമിലെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മീങ്കര ഡാമിലെ പ്രവൃത്തികൾ 2018 ഫെബ്രുവരിയിൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പോത്തുണ്ടി ഡാമിലെ Longitudinal drain-ന്റെ പുനർനിർമ്മാണ പ്രവൃത്തികൾ ഒഴികെ ബാക്കി എല്ലാ പ്രവൃത്തികളും പൂർത്തിയായി. പ്രസ്തുത പ്രവൃത്തി ഉടൻ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃശ്ശൂർ ജില്ലയിലെ റിംഗ് ബണ്ട് നിർമ്മാണം**

165 (2708) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം എന്നീ റഗുലേറ്ററുകളിൽ റിംഗ് ബണ്ട് നിർമ്മാണത്തിനായി 2015-16, 2016-17, 2017-18 വർഷങ്ങളിൽ ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) ഫണ്ട് ലഭിക്കാൻ വൈകുന്നതു കൊണ്ട് റഗുലേറ്ററുകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്താൻ കഴിയാതെ വരുന്നതുമൂലം ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്ന സാഹചര്യം ഇല്ലാതാക്കാനും ആവർത്തന ചെലവ് ഒഴിവാക്കാനുമായി

സ്ഥിരം സംവിധാനം എന്ന നിലയിൽ റബ്ബർ ബണ്ടുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ, മുനയം എന്നീ റെഗുലേറ്ററുകളിൽ റിംഗ് ബണ്ട് നിർമ്മാണത്തിനായി ചെലവഴിച്ച തുക താഴെ വിവരിക്കും പ്രകാരമാണ്.

| വർഷം | ഇടിയഞ്ചിറ | ഏനാമാക്കൽ | മുനയം |
|---|---|---|---|
| 2015-16 | 8,06,857 | 23,96,830 | 29,42,773 |
| 2016-17 | 7,22,836 | 20,92,837 | 26,64,230 |
| 2017-18 | 2017-18 കാലയളവിലെ ഉടമ്പടി തുക ചെലവഴിച്ചിട്ടില്ല. | | |

(ബി) റബർ ബണ്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. ഇതിന്റെ സാധ്യതകളെക്കുറിച്ച് അന്വേഷണം നടത്തിവരുന്നു. മുനയത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ സ്ഥിരം റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി നബാർഡ് XXIII പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

**കടൽ ഭിത്തികളും പുലിമുട്ടുകളും**

166 (2709) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കടൽ തീരങ്ങളെ കടലാക്രമണത്തിൽ നിന്ന് രക്ഷിക്കുന്നതിനായി കടൽ ഭിത്തികളും പുലിമുട്ടുകളും നിർമ്മിക്കുന്നതിന് ഏതെങ്കിലും തരത്തിൽ തടസ്സങ്ങളുണ്ടോ?

ഉത്തരം

സാധാരണയായി കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/പുലിമുട്ടുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർമ്മാണം നടത്തിവരുന്നു. എന്നാൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഫലപ്രദമായ മറ്റു മാർഗ്ഗങ്ങളും Geo tube മണൽച്ചാക്കുകൾ തുടങ്ങിയ soft solutions ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും നടത്തിവരുന്നുണ്ട്. അവയുടെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു. കൂടാതെ കേരളത്തിലെ തീരപ്രദേശങ്ങളിൽ

അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സ.ഉ.(സാധാ)നമ്പർ 677/2017/ജവിവ. തീയതി 5-8-2017 പ്രകാരം ഗവൺമെന്റ് തലത്തിൽ ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കേരളത്തിലെ കടൽത്തീര സംരക്ഷണത്തിന് അനുയോജ്യമായ നൂതന സാധ്യതകൾ പരിശോധിച്ചുവരുന്നു. ഭാവിയിലെ നിർമ്മാണങ്ങൾക്ക് അവരുടെ നിർദ്ദേശവും കണക്കിലെടുക്കുന്നതാണ്.

## കടലാക്രമണ ഭീഷണി

167 (2710) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണ ഭീഷണി നേരിടുന്ന കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ,മാടായി പഞ്ചായത്തുകളിലെ പലഭാഗങ്ങളിലും പുതിയ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും, പൊളിഞ്ഞവ പുതുക്കിപ്പണിയുന്നതിനും, പുലിമുട്ടുകൾ നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) കടലാക്രമണഭീഷണി നേരിടുന്ന തീരങ്ങളിൽ സി. ഡബ്ള്യു.പി ആർ.എസ് മുഖേന പഠനം നടത്തി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തലശ്ശേരി ഡിവിഷനിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി, മാട്ടൂൽ പഞ്ചായത്തിലെ തകർന്ന കടൽഭിത്തി പുനരുദ്ധീകരിക്കുന്നതിനായി നാല് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു. *

2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി സർപ്പിച്ച കല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, മാടായി പഞ്ചായത്തുകളിലെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ അനുബന്ധം 2-ൽ ചേർക്കുന്നു.*

(ബി) കേരളത്തിലെ കടൽത്തീരങ്ങളെക്കുറിച്ച് ഒരു പ്രാഥമിക പഠനം (Mathematical Model studies for shoreline changes for comprehensive study on sea erosion along the Kerala coast) നടത്തി സി.ഡബ്ല്യൂ.പി.ആർ.എസ്. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹരിപ്പാട് മണ്ഡലത്തിലെ പുലിമുട്ട്/കടൽഭിത്തി പ്രോജക്റ്റുകൾ

168 (2711) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ തീരദേശമേഖലകളിൽ കിഫ്ബി മുഖേന നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പുലിമുട്ട്/കടൽഭിത്തി പ്രോജക്റ്റുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രോജക്റ്റുകളുടെ നിലവിലെ അവസ്ഥ എന്താണ് എന്നറിയിക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രോജക്റ്റുകൾക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) എസ്റ്റിമേറ്റുകൾ തയ്യാറാക്കി കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ (hard and soft solutions) നിർദ്ദേശിക്കുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 677/2017/ജവിവ. തീയതി 5-8-2017 പ്രകാരം ഈ മേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി ലഭ്യമാക്കിയ വിലയിരുത്തൽ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി പരിശോധിച്ച് മറുപടി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ഭാരതപ്പുഴയിൽ സംരക്ഷണഭിത്തി

169 (2712) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമതി വസീമ വേളേരി ഭാരതപ്പുഴയുടെ ചങ്ങണംകടവ് ഭാഗത്ത് സംരക്ഷണഭിത്തി കെട്ടുന്നത് സംബന്ധിച്ച് നൽകിയ നിവേദനം ജലവിഭവ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ & ബി) പ്രസ്തുത നിവേദനം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പരിശോധിച്ചുവരുന്നു.

**ജല സ്രോതസ്സുകൾ**

170 (2713) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികൾ, കായലുകൾ, കുളങ്ങൾ ഉൾപ്പെടെ എത്ര ജലസ്രോതസുകളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ജല സ്രോതസ്സുകളിൽ എത്ര ശതമാനമാണ് ഉപയോഗ ശൂന്യമെന്നും ആയത് എത്ര വീതമെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) അത്തരം ജല സ്രോതസ്സുകളെ നവീകരിക്കാനും സംരക്ഷിക്കാനുമായി സംസ്ഥാന ഫണ്ടിൽ നിന്നും ഫ്ലഡ് കൺട്രോൾ ഇനത്തിലും ഫ്ലഡ് ഡാമേജ് ഇനത്തിലുമായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചു;വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രധാന നദികളിലെ മണൽവാരൽ, നദീതട കൈയേറ്റം എന്നിവ തടയാനും ഫാക്ടറി മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മലിനീകരണം നിയന്ത്രിക്കാനും നദികളെ സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 15 കിലോമീറ്ററിൽ കൂടുതൽ നീളമുള്ള 44 നദികൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഐ.ഡി.ആർ.ബി. നടത്തിയ കുളങ്ങളുടെ കണക്കെടുപ്പു പ്രകാരം 7474 പൊതുകുളങ്ങളും 33545 സ്വകാര്യ കുളങ്ങളും ഉണ്ട്. "വാട്ടർ റിസോഴ്സസ് ഓഫ് കേരള" പ്രകാരം 15 കായലുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിനായി പ്രത്യേകമായ പഠനം നടത്തി വിവരശേഖരണം നടത്തേണ്ടതുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഏതൊരു ജലാശയത്തിലും മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന് വ്യക്തമാക്കി 2017 ഡിസംബർ 8-ലെ നോട്ടിഫിക്കേഷൻ നം. 24395/Leg.F2/2017/Law പ്രകാരം കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി വരുത്തി 7-12-17-ന് ഓർഡിനൻസ് (നമ്പർ 27/2017) പുറപ്പെടുവിച്ചിട്ടുണ്ട്. "മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി 2 ലക്ഷം രൂപ വരെ പിഴയോ മൂന്ന് വർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷിക്കുന്നതാണ് എന്ന് പ്രസ്തുത ഓർഡിനൻസ് വ്യക്തമാക്കുന്നു.

ജലസേചന വകുപ്പിന് ലഭ്യമാകുന്ന ബഡ്ജറ്റ് വിഹിതം, നദീസംരക്ഷണ ഫണ്ട് (RMF, റവന്യൂ വകുപ്പ്) എന്നിവ വിനിയോഗിച്ച് നദികളുടെ സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഇതിനുപുറമേ വരും വർഷങ്ങളിൽ നദികളുടെ സമഗ്ര പുനരുദ്ധാരണം ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ ഉപമിഷനായ മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി) യുടെ ഭാഗമായി നീർത്തടാടിസ്ഥാനത്തിൽ സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത മാസ്റ്റർ പ്ലാൻ അനുസരിച്ച് റിഡ്ജ് ടു വാലി (മുകളിൽനിന്ന് താഴേക്ക്) സമീപനത്താൽ തയ്യാറാക്കുന്ന മുൻഗണനാക്രമം അനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നതുവഴി നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കാനും സ്ഥായിയായി നിലനിർത്തുന്നതിനും സാധിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയാണ് നിർവ്വഹണം ലക്ഷ്യമിട്ടിട്ടുള്ളത് എന്നതുകൊണ്ടുതന്നെ മാലിന്യപ്രശ്നവും വലിയൊരളവ് പരിഹരിക്കാൻ സാധിക്കും.

ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും തിട്ടപ്പെടുത്തി വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും മലിനീകരണ നിയന്ത്രണ ബോർഡ് പ്രസിദ്ധീകരിക്കുന്നു.

**ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി**

171 (2714) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം റിഹാബിലിറ്റേഷൻ ആൻറ് ഇംപ്രൂവ്മെന്റ് (ഡി.ആർ.ഐ.പി. ) എന്ന കേന്ദ്ര പദ്ധതിയിലൂടെ സംസ്ഥാനത്ത് നടത്തി വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ഇതുവരെ അനുവദിച്ചതും ലഭിച്ചതുമായ തുക എത്രയാണ്; എത്ര രൂപ വിനിയോഗിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിന് കീഴിലുള്ള പതിനാറ് "അണക്കെട്ടുകളുടെ നവീകരണവും പുനരുദ്ധാരണവും" നടത്തി അവ സുരക്ഷിതമായി നിലനിർത്തുക എന്നതാണ് ഡി.ആർ.ഐ.പി. (ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പദ്ധതി) യുടെ പ്രധാന ഉദ്ദേശ്യം. ഈ പദ്ധതിയുടെ monitoring നും consultancy യ്ക്കും വേണ്ടി കേന്ദ്ര ജലകമ്മീഷൻ (CWC) Central Project Monitoring Unit ആയി പ്രവർത്തിച്ചുവരുന്നു. നവീകരണ പ്രവൃത്തി അത്യാവശ്യമായ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, മീൻകര, കാഞ്ഞിരപ്പുഴ, മലങ്കര, ചിമ്മിനി, പഴശ്ശി, പെരിയാർ വാലി, മൂലത്തറ, കല്ലട, വാഴാനി, പീച്ചി, നെയ്യാർ, വാളയാർ, കുറ്റിയാടി എന്നീ പതിനാറു ഡാമുകൾ/ബാരേജുകൾ/റെഗുലേറ്ററുകൾ കൂടാതെ 19 ഡാമുകളുടെ സർവ്വിലൻസ്, ഇൻസ്ട്രുമെന്റേഷൻ (ശിരുവാണി, പമ്പ, മംഗലം എന്നിവ കൂടി ഉൾപ്പെടുത്തി) എന്നിവയും തിരുവനന്തപുരത്തെ ഡാം സേഫ്റ്റി ഹെഡ്ക്വാർട്ടേഴ്സിന്റെ നിർമ്മാണവുമാണ് DRIP പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ അണക്കെട്ടു സുരക്ഷാ വിഭാഗത്തിന്റെ ശാക്തീകരണവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) DRIP പദ്ധതിക്കായി 360 കോടി രൂപയ്ക്ക് G.O(MS)7/2016/WRD. 29-1-2016 തീയതി പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. ഈ പദ്ധതിക്കായി നാളിതുവരെ (ഡിസംബർ 2017) 135.35 കോടി രൂപ വിനിയോഗിച്ചു. ഈ പദ്ധതിയിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നുള്ള തുക ഇതിനകം വിനിയോഗിച്ചുകഴിഞ്ഞു. Interim Unaudited Financial Report (IUFR) സമർപ്പിക്കുന്ന മുറക്ക് reimburse ചെയ്തു കിട്ടുന്നതാണ്. ഇപ്രകാരം ഏപ്രിൽ 2017 വരെ 55.77 കോടി രൂപ reimburse ചെയ്തു കിട്ടിക്കഴിഞ്ഞു. ചെലവാക്കിയ തുകയുടെ പ്രതിവർഷ വിശദാംശം ചുവടെ ചേർക്കുന്നു:

| Year | State Budget Provision | Expenditure in Crores |
|---|---|---|
| 2012-2013 | 42.5 | 0.0085 |
| 2013-2014 | 40 | 2.49 |

| | | |
|---|---|---|
| 2014-15 | 30 | 6.47 |
| 2015-16 | 40 | 7.37 |
| 2016-17 | 40 | 39.93 |
| 2017-18 | 250 | 79.08 |
| ആകെ (ഡിസംബർ 2017) | | 135.3485 കോടി രൂപ |

**പമ്പ ഇറിഗേഷൻ പ്രോജക്ട്**

172 (2715) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം;

(ബി) വിവിധ ആവശ്യങ്ങൾക്കായി പ്രസ്തുത കാലയളവിൽ പമ്പ ഇറിഗേഷൻ പ്രോജക്ടിന് വകയിരുത്തിയിരിക്കുന്ന തുക, ചെലവഴിച്ച തുക, നടത്തിയ പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 55 ശുചീകരണ പ്രവൃത്തികളുടെ ടെൻഡർ നടത്തിയതിൽ 42 പ്രവൃത്തികൾ കരാർ ചെയ്തു. അതിൽ 22 പ്രവൃർത്തികൾ പൂർത്തീകരിച്ചു. ബാക്കി 20 പ്രവൃർത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം പി.ഐ.പി. ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ 4 കോടി രൂപയിൽ 2017-18 സാമ്പത്തിക വർഷം സ്പിൽ ഓവർ വർക്കായി 1.89 കോടി രൂപയുടെ 32 പ്രവൃത്തികൾക്ക് കരാർ നൽകുകയും അതിൽ 24 പ്രവൃർത്തികൾ പൂർത്തീകരിക്കുകയും 8 പ്രവൃർത്തികൾ നടന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. 2017-18 സാമ്പത്തിക വർഷം പ്രവൃത്തികൾക്കായി 3.86 കോടി രൂപയും സി.എൽ.ആർ വർക്കേഴ്സിന് വേജസ് ഇനത്തിൽ 25.9 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റിയിലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ**

173 (2716) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നടപ്പാക്കണമെന്ന് കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 25-2-2017-ലെ സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പൊതുസ്ഥലംമാറ്റ ഭേദഗതികൾ കേരള വാട്ടർ അതോറിറ്റിയിലെ അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച ചെയ്യുകയും ഡിവിഷൻ തലത്തിലുള്ള 70 ഓഫീസുകൾ വഴി കേരള വാട്ടർ അതോറിറ്റിയിലെ എല്ലാ ജീവനക്കാരുടെയും ഡാറ്റാ എൻട്രി നടത്തുന്നതിനായി ഓരോ ഓഫീസിലും ഓരോ നോഡൽ ഓഫീസർമാരെ തെരഞ്ഞെടുക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ടി ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൂടാതെ, 2018 മുതൽ പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം അപേക്ഷകൾ സ്വീകരിക്കുന്നതിനായി ഒരു സർക്കുലറും അപേക്ഷയുടെ മാതൃകയും പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം**

174 (2717) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ കിഫ്ബി, അമൃത് പദ്ധതി എന്നിവയുടെ നടത്തിപ്പിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർമാരെയും മറ്റ് ജീവനക്കാരെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രവർത്തനം അവസാനിച്ചു കഴിഞ്ഞ ജിക്ക, ജന്റം, യുഡിസ്മാറ്റ് എന്നീ പ്രോജക്ടുകളിലുണ്ടായിരുന്ന എഞ്ചിനീയർമാരെയും ഹെഡ് ഓഫീസിലുള്ള എഞ്ചിനീയർമാരെയും പുനർവിന്യസിച്ച് മേൽപ്പറഞ്ഞ പ്രോജക്ടുകൾക്ക് ആവശ്യമായ എഞ്ചിനീയർമാരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് സർക്കാരിന്റെ തൊഴിൽ നയത്തിന് അനുസൃതമായാണോ;

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ കിഫ്ബി, അമൃത് പദ്ധതി എന്നിവയുടെ നടത്തിപ്പിന്റെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിച്ചിട്ടില്ല. നിലവിൽ അമൃത് പദ്ധതിയുടെ സമയബന്ധിതവും കാര്യക്ഷമവുമായ നടത്തിപ്പിന് ആവശ്യമായ ഫീൽഡ് സ്റ്റാഫിന്റെ കുറവ് പരിഗണിച്ച് പ്രോജക്ടിന്റെ കാലാവധി സമയത്തേയ്ക്ക് മാത്രമായി പ്രോജക്ട് എഞ്ചിനീയർ (23 എണ്ണം), പ്രോജക്ട് സൂപ്പർവൈസർ (47 എണ്ണം) എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ അമൃതിന്റെ ഉന്നതാധികാര സമിതിയായ സ്റ്റേറ്റ് ഹൈ പവർ സ്റ്റീറിംഗ് കമ്മിറ്റി (SHPSC) കേരള ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) ജൻറം, യുഡിസ്മാറ്റ് പദ്ധതികളിലുണ്ടായിരുന്ന എഞ്ചിനീയർമാരെ കഴിയുന്നത്ര പുനർവിന്യസിച്ചിട്ടുണ്ട്. ഈ പദ്ധതികൾ പൂർണ്ണമായും അവസാനിച്ചുകഴിഞ്ഞിട്ടില്ല.

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും 114 പേരെ നേരിട്ടും 12 പേരെ ഡിപ്പാർട്ട്മെന്റ് ഇൻ-സർവ്വീസ് ക്വാട്ട വഴിയും നിയമിച്ചിട്ടുണ്ട്.

(ഡി) കേരള ജല അതോറിറ്റിയുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുവാൻ തീരുമാനിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

**മങ്കര ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

175 (2718) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കര ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതി പ്രകാരം കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഭാഗികമായിട്ടെങ്കിലും, ജലനിധി മുഖേന, പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത പഞ്ചായത്ത് നൽകിയിട്ടുള്ള നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ, ജലനിധി പദ്ധതിയിലൂടെ, പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

മങ്കര ഗ്രാമപഞ്ചായത്തിൽ അഞ്ച് വാർഡുകൾ ഉൾപ്പെടുത്തി ജലനിധി പദ്ധതി പ്രകാരം 417 ലക്ഷം രൂപ മതിപ്പ് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ടി പഞ്ചായത്തിലെ 1700 വീടുകളിൽ കുടിവെള്ളം ലഭ്യമാക്കുവാൻ ഈ പദ്ധതി പ്രകാരം സാധ്യമാകും. പദ്ധതി 2018 ഏപ്രിൽ മാസം പണി പൂർത്തീകരിക്കത്തക്ക വിധത്തിൽ ജോലികൾ പുരോഗതിയിലാണ്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) മങ്കര ഗ്രാമപഞ്ചായത്ത് കൂടി ഉൾപ്പെട്ട കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കാൻ വിഭാവനം ചെയ്ത കേരളശ്ശേരി മണ്ണൂർ ബൃഹദ് ശുദ്ധജല വിതരണ പദ്ധതിയിൽനിന്ന് ജലമെടുത്ത് ടി പഞ്ചായത്തിലെ മറ്റ് വാർഡുകളിൽ വിതരണ ശൃംഖല സ്ഥാപിച്ച് രണ്ടാംഘട്ട വിപുലീകരണം ജലനിധി പദ്ധതി പ്രകാരം നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി ഫണ്ടിന്റെ കുറവുമൂലം ടി പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിരുന്നു. ആയതിനാൽ രണ്ടാംഘട്ട വിപുലീകരണം ഉടൻ നടപ്പിലാക്കുവാൻ കഴിയുകയില്ല. ഒന്നാംഘട്ട പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് എന്നിവ ഉപയോഗപ്പെടുത്തി ട്രീറ്റ്മെന്റ് പ്ലാന്റ്, ജലസംഭരണി എന്നിവ സ്ഥാപിച്ച് രണ്ടാംഘട്ട പദ്ധതി ഏറ്റെടുക്കണമെന്നാണ് പഞ്ചായത്തിന്റെ നിവേദനം. ജലനിധി പദ്ധതിയുടെ കാലാവധി ഡിസംബർ 2018-ന് അവസാനിക്കുന്നതിനാൽ ഈ പ്രോജക്ട് ഇപ്പോൾ ഏറ്റെടുക്കാൻ നിർവ്വാഹമില്ല. ഈ വിവരം പഞ്ചായത്ത് അധികൃതരെ അറിയിച്ചിട്ടുണ്ട്.

**റാന്നി മേജർ ജലവിതരണ പദ്ധതി**

176 (2719) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി, പഴവങ്ങാടി, വടശ്ശേരിക്കര എന്നീ മൂന്ന് പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയുന്ന റാന്നി മേജർ ജലവിതരണ പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ;

(ബി) ഇനിയും എന്തൊക്കെ പ്രവൃത്തികൾ കൂടി പൂർത്തിയാക്കിയാൽ പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും നാളിതുവരെ ഈ പദ്ധതിക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ;

(ഡി) കടുത്ത വേനൽമൂലം ഉയർന്ന പ്രദേശങ്ങളിലെ ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്ന സാഹചര്യത്തിൽ പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റാന്നി പഴവങ്ങാടി വടശ്ശേരിക്കര ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ പണികൾ 10/2008-ലും രണ്ടാം ഘട്ടത്തിന്റെ പണികൾ 12/2012-ലും ആരംഭിച്ചു.

(ബി) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്ന എല്ലാ ഘടകങ്ങളുടേയും നിർമ്മാണം പൂർത്തീകരിച്ച് ജലവിതരണം നടത്തിവരുന്നു. ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഇതുവരെ 1453.794 ലക്ഷം രൂപയും രണ്ടാം ഘട്ടത്തിന് 963.6 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതി നിർവ്വഹണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നുണ്ട്. എന്നാൽ പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തിട്ടില്ല.

**കൊല്ലം മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

177 (2720) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം മണ്ഡലത്തിൽ 2017-18 വർഷം മേജർ/മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും പദ്ധതികൾക്ക് അനുവദിച്ച തുക, നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർക്കുന്നു. *

**ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി**

178 (2721) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വികസന പാക്കേജുകളിൽ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പിന്റെ എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ;

(ബി)ഈ പ്രവൃത്തികൾക്കെല്ലാം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി)ഇനി ഏതെങ്കിലും പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഭരണാനുമതി നൽകി ഒരു വർഷമാകാറായിട്ടും സാങ്കേതികാനുമതി വൈകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വികസന പാക്കേജുകളിൽ ഉൾപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജലസേചന വകുപ്പിനുകീഴിൽ 18 പ്രവൃത്തികൾക്കും കേരള ജല അതോറിറ്റിക്ക് 3 പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജലസേചന വകുപ്പ് നടപ്പിലാക്കുന്ന 18 പ്രവൃത്തികളിൽ 10 എണ്ണത്തിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തി പൂർത്തീകരിച്ചു. 7 എണ്ണം കരാർ ഉടമ്പടി ഒപ്പുവച്ചു. ഒരു പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. ഒരു പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 3 പദ്ധതികളിൽ 2 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി പുരോഗിക്കുന്നു. ഒരു പ്രവൃത്തി - മാലോത്ത് ബളാൽ കുടിവെള്ള പദ്ധതിയുടെ ഭരണാനുമതി നൽകിയ എസ്റ്റിമേറ്റിൽ മാറ്റം അനിവാര്യമായതിനാൽ സാങ്കേതികാനുമതി നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി & ഡി) ഉണ്ട്. ജലസേചന വകുപ്പിൽ സാങ്കേതികാനുമതിക്കായി ലഭിച്ച എസ്റ്റിമേറ്റുകൾ പരിശോധിച്ചപ്പോൾ ചില ന്യൂനതകൾ കണ്ടെത്തുകയും അതനുസരിച്ച് ചീഫ് എഞ്ചിനീയർ സ്ഥലം പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. അതിൻപ്രകാരം ന്യൂനതകൾ പരിഹരിച്ച് സാമ്പത്തിക പരിഗണന കൂടിയും പരിശോധിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള ജല അതോറിറ്റിയിൽ നിലവിലുള്ള മാലോം കുടിവെള്ള പദ്ധതിയിൽ കൂടുതൽ ഭാഗത്തേക്ക് വിതരണശൃംഖല സ്ഥാപിക്കാൻ വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിച്ചതും ഭരണാനുമതി നൽകിയതും. എന്നാൽ കഴിഞ്ഞ 2 വർഷമായി പ്രസ്തുത പദ്ധതിയുടെ സ്രോതസ്സുകളിൽ വേനൽക്കാലത്ത് വിതരണം ചെയ്യാൻ ആവശ്യത്തിന് വെള്ളമുണ്ടായിരുന്നില്ല. ഇപ്പോൾ നിലവിലുള്ള ഒരു മീറ്റർ ഉയരമുള്ള തടയണ ആവശ്യത്തിന് വെള്ളം ശേഖരിക്കാൻ പ്രാപ്തമല്ല. ആയതിനാൽ സ്രോതസ്സിൽനിന്നും വിട്ടുമാറി മുകൾഭാഗത്തായി രണ്ടര മീറ്റർ ഉയരമുള്ള തടയണയും പാർശ്വഭിത്തി സംരക്ഷണവും നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിതരണശൃംഖല മാത്രം സ്ഥാപിച്ചാൽ വിതരണത്തിന് ആവശ്യമായ വെള്ളം സ്രോതസ്സിലുണ്ടാവില്ല. അതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിരിക്കുന്നു. അനുവദിച്ച തുകയിന്മേൽ പ്രവൃത്തി കഴിച്ച് മിച്ചം വരുന്ന തുക വിതരണശൃംഖല സ്ഥാപിക്കാൻ ഉപയോഗിക്കാവുന്ന രീതിയിലാണ് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നത്.

**കോന്നി മെഡിക്കൽ കോളേജിലേക്കുള്ള പൈപ്പ് ലൈൻ നിർമ്മാണം**

179 (2722) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) ആയവ പരിഹരിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ നാളിതുവരെ കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) മെഡിക്കൽ കോളേജിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കോന്നി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഇൻടേക്ക് കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ജലശുദ്ധീകരണശാലക്കു സമീപം 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉപരിതല ടാങ്ക് എന്നിവയുടെ പ്രവൃത്തികൾക്ക് കരാർ നൽകി. ഇൻടേക്ക് കിണറും റോ വാട്ടർ പമ്പിംഗ് മെയിനും ഒറ്റ പ്രവൃത്തിയായിട്ടാണ് കരാർ നൽകിയത്.

ഇൻടേക്ക് കിണർ പണിയാനുദ്ദേശിച്ച സഞ്ചയത്തുകടവിനു സമീപം ജലനിധി പദ്ധതിയുടെ കിണർ നിലവിലുള്ളതിനാൽ പ്രദേശവാസികളുടെ എതിർപ്പിനെ തുടർന്ന് ഇൻടേക്ക് കിണർ പണിയുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തേണ്ടിവന്നു. കിണർ പണിയുന്നതിന് കണ്ടെത്തിയ പുതിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പുതിയ സ്ഥലത്ത് കിണർ പണിയുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്.

(ഡി) പദ്ധതി 5/2019-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കുടിവെള്ള പദ്ധതികൾ**

180 (2723) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ, ചേലേമ്പ്ര, പെരുവള്ളൂർ എന്നീ പഞ്ചായത്തുകളിൽ കാലഹരണപ്പെട്ട ജലവിതരണ മെയിൻ ലൈൻ എസി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കാലപ്പഴക്കത്താൽ നാശോന്മുഖമായ എസി പൈപ്പ് ലൈനുകൾ മൂലം ജലം നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയിൽ കാക്കഞ്ചേരി മുതൽ ഇത്തിളാംകുന്ന് വരെയും മറ്റ് പൈപ്പ് ലൈനുകളും മാറ്റുന്നത് സംബന്ധിച്ച് നിലവിൽ പ്രൊപ്പോസലുകൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എടുത്ത നടപടി വിശദമാക്കാമോ;

(ഡി) പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനായി ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ കാക്കഞ്ചേരി മുതൽ ഇത്തിളാംകുന്ന് വരെ പൈപ്പ് ലൈനുകൾ മാറ്റുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ഡി) പുതിയ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല.

**ചേരാമംഗലം ജലസേചന പദ്ധതി**

181 (2724) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ചേരാമംഗലം ജലസേചന പദ്ധതി കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) മലമ്പുഴ ജലസേചന പദ്ധതിയുടെ ആയക്കെട്ട് ചേരാമംഗലം ആയക്കെട്ടിൽ ഉൾപ്പെടുത്തി ലെഫ്റ്റ് ബാങ്ക് കനാലിൽ നിന്നും ടേൺ ഷെഡ്യൂൾ അടിസ്ഥാനത്തിൽ ജലം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേരാമംഗലം പദ്ധതി മലമ്പുഴ പദ്ധതിയുടെ LBC-യിൽനിന്നും ടേൺ ഷെഡ്യൂൾ അടിസ്ഥാനത്തിൽ 18 ദശലക്ഷം ഘനമീറ്റർ ജലം ലഭ്യമാക്കാനാകുമോ എന്നതിന് വിശദമായ പഠനം ആവശ്യമാണ്.

**നെയ്യാർ ജലസേചന പദ്ധതി**

182 (2725) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ജലസേചന പദ്ധതി ഒരു സംസ്ഥാനാന്തര പദ്ധതിയായി കേന്ദ്ര ജലകമ്മീഷന്റെ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പിശക് തിരുത്തുന്നതിന് കേന്ദ്ര ജല വിഭവ സെക്രട്ടറിക്ക് കത്ത് അയച്ചിട്ടുണ്ടോ ;വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേന്ദ്ര ജലകമ്മീഷന്റെ വെബ്സൈറ്റിൽ നെയ്യാർ ജലസേചന പദ്ധതി ഒരു സംസ്ഥാനാന്തര പദ്ധതിയായി രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര ജലകമ്മീഷന്റെയും ഐ.എസ്.ആർ.ഒ.യുടെയും സംയുക്ത സംരംഭമായ India-WRIS.nrsc.gov.in എന്ന വെബ്സൈറ്റിൽ നെയ്യാർ സ്റ്റേജ് I & II മീഡിയം ഇറിഗേഷൻ പ്രോജക്ട്, നെയ്യാർ മീഡിയം ഇറിഗേഷൻ പ്രോജക്ട് എന്നിവയുടെ വിവരണത്തിലാണ് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) India-WRIS.nrsc.gov.in എന്ന വെബ്സൈറ്റിൽ നെയ്യാർ ജലസേചന പദ്ധതി സംസ്ഥാനാന്തര (Interstate) പദ്ധതിയാണ് എന്ന് കാണിച്ചിരിക്കുന്നത് തെറ്റാണെന്നും അതിനാൽ പ്രസ്തുത തെറ്റ് തിരുത്തണമെന്നും കാണിച്ച് 7-1-2016, 10-5-2016, 4-6-2016, 23-12-2016 എന്നീ തീയതികളിൽ കേന്ദ്ര ജലകമ്മീഷന്റെ (Central Water Commission) ചെയർമാന് കത്തുകളയച്ചിട്ടുണ്ട്.

വെബ്സൈറ്റിൽ തിരുത്ത് വരുത്താത്തതിനെ തുടർന്ന് ഈ വിഷയം ജലവിഭവ വകുപ്പുമന്ത്രി 4-10-2017 തീയതിയിലെ കത്ത് മുഖേന കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും നെയ്യാർ ഇറിഗേഷൻ പദ്ധതി ഒരു Interstate പദ്ധതി അല്ലെന്നും ആയത് Intrastate (സംസ്ഥാനത്തിനുള്ളിലുള്ള) പദ്ധതി ആണെന്നും ആയതിനാൽ വെബ്സൈറ്റിലെ വിവരങ്ങളിൽ തിരുത്ത് വരുത്തണമെന്നും ആവശ്യപ്പെടുകയുണ്ടായി.

**ഇറിഗേഷൻ വകുപ്പിന്റെ പദ്ധതിക്ക് റവന്യൂ വകുപ്പിന്റെ അംഗീകാരം**

183 (2726) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ, പിഷാരിക്കൽ ഭഗവതി ക്ഷേത്രത്തിന്റെ ഭാരതപ്പുഴയോട് ചേർന്നുള്ള ഭാഗത്തെ ഭിത്തികെട്ടുവാൻ വേണ്ടി ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയ പദ്ധതിക്ക് റവന്യൂ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി പ്രസ്തുത പ്രൊപ്പോസൽ സർക്കാർ തലത്തിലുള്ള കമ്മിറ്റി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ തലത്തിലുള്ള കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗാഭഗവതി ക്ഷേത്രത്തിന് സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ആർ.എം.എഫ്.-ൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത്. ഇതിൽ 95.00 മീറ്റർ നീളം സംരക്ഷിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ജില്ലാ വിദഗ്ദ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. ഇതിൽ 60 മീറ്റർ നീളത്തിൽ സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അവർ ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധിക്കുകയും അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

**മേൽമുറി വലിയതോടിന്റെ നവീകരണം**

184 (2727) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേൽമുറി വലിയതോടിന്റെ നവീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മലപ്പുറം നഗരസഭയിലേയും പരിസര പ്രദേശങ്ങളിലേയും മുഖ്യ ജലസേചന സ്രോതസ്സായ വലിയതോടിന്റെ നവീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) മലപ്പുറം മുനിസിപ്പാലിറ്റിയിൽ വലിയ തോടിലുള്ള മേൽമുറി വാഴൻചിര വി.സി.ബി.യുടെ റിപ്പയർ വർക്ക് ഈ സർക്കാരിന്റെ കാലത്ത് 9,49,881.00 രൂപയ്ക്ക് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കയർഭൂവസ്ത്രം ഉപയോഗിച്ച് വലിയ തോടിന്റെ പാർശ്വഭിത്തി സംരക്ഷിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം കോടുത്തിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചെറുകിട ജലസേചന പദ്ധതി**

185 (2728) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മിണുക്കശ്ശേരി ഞാറയ്ക്കൽമട പാടശേഖര സമിതി പ്രദേശത്ത് ചെറുകിട ജലസേചന പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത ചെറുകിട ജലസേചന പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾക്ക് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഈ പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ മിണുക്കശ്ശേരി ഞാറയ്ക്കൽമട പാടശേഖര സമിതി പ്രദേശത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്.

(ബി & സി) പദ്ധതി നടത്തിപ്പിനായി 124 ലക്ഷം രൂപ (പര്യവേഷണ പ്രവൃത്തി ഉൾപ്പെടെ) ജില്ലാ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറേറ്റിലെ പ്ലാനിംഗ് വിഭാഗം മുഖേന 2017-ൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നീർത്തട-നദീതട സംരക്ഷണം**

186 (2729) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ, നീർത്തട-നദീതട സംരക്ഷണത്തിനും ജലലഭ്യത ഉറപ്പു വരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവ നടപ്പാക്കുന്നതിന് സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജലസംരക്ഷണത്തിനുള്ള ശാസ്ത്രീയമായ മാർഗ്ഗമായ നീർത്തടാധിഷ്ഠിത മണ്ണ്-ജലസംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)യുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ചെറുനീർത്തടാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ബ്ലോക്ക് തലത്തിൽ നീർത്തടമാസ്റ്റർ പ്ലാനുകളായും ജില്ലാ തലത്തിൽ നദീതട പ്ലാനുകളായും മാറ്റുന്നതിന് സാങ്കേതിക സമിതികൾ (വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ അടങ്ങിയത്) രൂപീകരിച്ചിട്ടുണ്ട്. ഇവർക്കാവശ്യമായ നീർത്തടമാപ്പുകളും ലഭ്യമാക്കിക്കഴിഞ്ഞു. വിവിധ വകുപ്പുകൾ നിലവിൽ ഏറ്റെടുത്ത് നടത്തിവരുന്ന പ്രവൃത്തികൾ മേൽപ്പറഞ്ഞ സമിതി തയ്യാറാക്കുന്ന നീർത്തട പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ഓരോ പ്രദേശത്തെയും ജലസംരക്ഷണം ഉറപ്പാക്കാൻ സാധിക്കും. ഇതുവഴി തോടുകളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും ജലലഭ്യത ഉറപ്പാക്കാൻ കഴിയുകവഴി നദികളിലെ നീരൊഴുക്ക് ഒരു പരിധിവരെ വർദ്ധിപ്പിക്കുന്നതിന് ഇടയാകും. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി തോടുകൾ, കുളങ്ങൾ, ചെറു നദികൾ എന്നിവ മാലിന്യ മുക്തമാക്കി വീണ്ടെടുക്കുന്ന പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

(ബി) നീർത്തടാടിസ്ഥാനത്തിൽ നദീസംരക്ഷണ പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി നീർത്തട പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും (സർക്കാർ ഉത്തരവ് പി.നമ്പർ 20/2017/ജവിവ തീയതി 23-10-2017) തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള സാങ്കേതിക സമിതികൾ യോഗം ചേർന്ന് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ഒറ്റപ്പാലം കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മാണം**

187 (2730) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നടത്തിയതെന്നും ഏത് ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തടയണ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത തടയണയുടെ ഡി. പി .ആർ തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിന് എന്ന് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിൽപ്പെട്ട കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടില്ല.

(ബി) കരുമ്പുഴയാറ്റിൽ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മാണത്തിനായി പദ്ധതി നിർദ്ദേശമൊന്നും നിലവിലില്ല.

**വരൾച്ചയെ പ്രതിരോധിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ**

188 (2731) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിന്റെ കുറവ് കാരണം ഈ വർഷം വരൾച്ച രൂക്ഷമാകുമെന്ന് കാലാവസ്ഥ പഠനങ്ങൾ പറയുന്ന സാഹചര്യത്തിൽ വരൾച്ചയെ പ്രതിരോധിക്കാൻ ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) <u>ജലസേചന വകുപ്പ്</u>

മുൻ വർഷത്തെ വരൾച്ച കണക്കിലെടുത്ത് ജലസേചന വകുപ്പ് ഡാമുകളിൽ ശേഖരിക്കാൻ കഴിയുന്ന പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുപുറമേ, സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം" (ജലസമൃദ്ധി)-യുടെ ഭാഗമായി മണ്ണ്-ജലസംരക്ഷണം പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനവും ജനപങ്കാളിത്തവും ഉറപ്പാക്കിക്കൊണ്ടാണ് നീർത്തട പദ്ധതികൾ തയ്യാറാക്കുന്നത്. ഇതിനായുള്ള സാങ്കേതിക സമിതികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ രൂപപ്പെടുത്തുന്ന നീർത്തട പ്ലാൻ, ബ്ലോക്ക് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളാക്കി മാറ്റുകയും ജലസംരക്ഷണത്തിനായുള്ള ഇടപെടൽ പ്രവർത്തനങ്ങൾ മുൻഗണനാക്രമത്തിൽ തീരുമാനിച്ച് വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. ഇതോടൊപ്പം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതുവഴി വരാൻ ഇടയുള്ള വരൾച്ചയെ ഒരു പരിധി വരെ പ്രതിരോധിക്കാൻ കഴിയും.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതോടൊപ്പം വരൾച്ചാ പ്രതിരോധം എന്ന നിലയിൽ നിലവിലുള്ള ജലസേചന/ജലസംരക്ഷണ നിർമ്മിതികളുടെ കേടുപാടുകൾ തീർക്കുക, കേടായ ഷട്ടറുകൾ മാറ്റി സ്ഥാപിക്കുക, ഉപ്പുവെള്ളക്കയറ്റത്തിൽ നിന്ന് കൃഷിയെയും കുടിവെള്ള സ്രോതസ്സുകളെയും സംരക്ഷിക്കുന്നതിനായി ഓരുമുട്ടുകൾ നിർമ്മിക്കുക എന്നീ പ്രവൃത്തികളും ഏറ്റെടുക്കുന്നതാണ്. ഇതിനുപുറമേ, ഇരുപതോളം നദികളിലായി മുപ്പതോളം റെഗുലേറ്ററുകൾ "കിഫ്ബി" ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായി 536 കുളങ്ങൾ മാലിന്യമുക്തമാക്കി, സംഭരണ ശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനവും ഏറ്റെടുത്തിട്ടുണ്ട്.

<u>കേരള ജല അതോറിറ്റി</u>

നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്നതിന്റെ അടിസ്ഥാനത്തിൽ സാധ്യമായ സ്ഥലങ്ങളിൽ എല്ലാം ചെക്ക്ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീ ചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മുൻകരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക് പമ്പ് ഹൗസുകളുടെ സമീപത്തായി താൽക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി ജല അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിന മാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും ജലചോർച്ച പരമാവധി ഒഴിവാക്കി ജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഹരിതകേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥലലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന് ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതാണ്.

<u>ഭൂജല വകുപ്പ്</u>

2017-ലെ വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ

അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി നവീകരണം ആവശ്യമായ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്ന ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 117-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമ ഭൂജലസംപോഷണ പ്രവൃത്തികൾക്കായി വിവിധ ജില്ലകൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടുക്കി ജില്ലയ്ക്കും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മുപ്പതോളം തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

<u>ജലനിധി</u>

ജലനിധി രണ്ടാംഘട്ടത്തിൽ ജലനിധി സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പുവരുത്താൻ ഭൂഗർഭജല പരിപോഷണത്തിന് മുൻഗണന നൽകുന്നുണ്ട്. സ്രോതസ്സുകളുടെ റീചാർജിംഗ് ഡയറക്ട് റീ ചാർജിംഗ്, പദ്ധതികളായ മഴക്കുഴികൾ, റൂഫ് വാട്ടർ റീ ചാർജിംഗ്, ചാലുകൾ, നദികൾ, ചെറുതും വലുതുമായ തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ സംരക്ഷണം മണ്ണിനടിയിൽ തടയണകൾ എന്നിവയ്ക്ക് മുൻതൂക്കം കൊടുക്കുന്നുണ്ട്.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

189 (2732) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്; മൈനർ ഇറിഗേഷനും മേജർ ഇറിഗേഷനും തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പ് ചീഫ് എഞ്ചിനീയർ തലത്തിൽ തീരുമാനിച്ച പദ്ധതികൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(സി) നിലവിൽ സർക്കാർ ആവശ്യപ്പെട്ട പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്നും അവ സർക്കാരിൽ എത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. കോട്ടയ്ക്കൽ നിയോജകമണ്ഡല പരിധിക്കുള്ളിൽ മൈനർ ഇറിഗേഷന്റെ കീഴിൽ സർക്കാരിലേയ്ക്ക് എസ്റ്റിമേറ്റുകൾ ഒന്നും ലഭിച്ചിട്ടില്ല.

2. മേജർ ഇറിഗേഷൻ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ കാക്കക്കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ആർ.സി.ബി.ക്കായി 100 കോടി രൂപയുടെ പ്രവൃത്തിക്ക് 17-10-2017-ലെ സ.ഉ. (സാധാ) നമ്പർ 859/2017/ജവിവ. പ്രകാരം ഇൻപ്രിൻസിപ്പൽ സാങ്ഷൻ നൽകിയിട്ടുണ്ട്.

3. മേജർ ഇറിഗേഷൻ കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രത്തിന് സമീപം ഭാരപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തിക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.എം.എഫ്.-ൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ വിദഗ്ദ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചത്. ഇതിൽ 60 മീറ്റർ നീളത്തിൽ സംരക്ഷണം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംസ്ഥാനതല വിദഗ്ദ്ധ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. അവർ ചുമതലപ്പെടുത്തിയ സബ്കമ്മിറ്റി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധിക്കുകയും അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് ഇതുവരെ ഭരണാനുമതി (റവന്യൂ വകുപ്പിൽ നിന്നും) ലഭിച്ചിട്ടില്ല.

(ബി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിലെ മേജർ, മൈനർ വിഭാഗത്തിൽ സാമ്പത്തിക/ഭരണാനുമതിക്കായി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അംഗീകാരം നൽകുന്നതാണ്.

1. മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലിന്റെ അറ്റകുറ്റ പ്രവൃത്തി 25 ലക്ഷം രൂപ.

2. കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ചങ്ങണക്കടവിന് മുകൾ ഭാഗത്ത് മണ്ണാത്തി പാറയ്ക്ക് അടുത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം-42 ലക്ഷം രൂപ.

(സി) സർക്കാരിൽ നിന്ന് ആവശ്യപ്പെട്ട പ്രകാരം കൈതക്കുളത്തിന്റെ നിർമ്മാണത്തിനായുള്ള പ്രോജക്ട് റിപ്പോർട്ട് ആസ്തി വികസന ഫണ്ടിൽ

ഉൾപ്പെടുത്തി ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**യൂഡിസ്മാറ്റ് പദ്ധതി**

190 (2733) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂഡിസ്മാറ്റ് പദ്ധതിയുടെ ഭാഗമായി തലശ്ശേരി നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി കണ്ണൂർ വാട്ടർ സപ്ലൈ ഡിവിഷന്റെ കീഴിൽ UIDSSMT പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ നാല് പാക്കേജുകളായി നടന്നുവരുന്നു. ഈ പ്രവൃത്തികളിൽ പാക്കേജ് I-ഉം പാക്കേജ് IV-ഉം പൂർത്തീകരിച്ചു. പാക്കേജ് I-ൽ മൈലാടി ജലശുദ്ധീകരണ ശാല മുതൽ തലശ്ശേരി വരെ ഗ്രാവിറ്റി മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കലും പൈപ്പ്ലൈൻ ബ്രിഡ്ജ് സ്ഥാപിക്കലുമാണ് ഉൾപ്പട്ടുത്തിയിട്ടുള്ളത്- ആയത് പൂർത്തീകരിച്ചു.

പാക്കേജ് II-ൽ:- തലശ്ശേരി നഗരസഭയോട് കൂട്ടിച്ചേർത്ത പഴയ കോടിയേരി പഞ്ചായത്ത് പ്രദേശത്തും ചിറക്കക്കാവ്, ഇല്ലിക്കുന്ന് പ്രദേശങ്ങളിലും വിതരണ ശൃംഖല സ്ഥാപിക്കലും, മോറക്കുന്ന്, ചിറക്കക്കാവ് എന്നീ പ്രദേശങ്ങളിൽ ജലസംഭരണികളിലെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ മൊത്തം പൈപ്പ്ലൈൻ 34.765 കി.മീ. സ്ഥാപിക്കേണ്ടതിൽ ഇനി 11.615 കി.മീ. പൈപ്പ്ലൈൻ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. കൂടാതെ ചിറക്കക്കാവ് ടാങ്കിന്റെ പ്രവൃത്തി 20 ശതമാനം പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

പാക്കേജ് III-ൽ മൊത്തം പൈപ്പ്ലൈൻ 27.115 കി.മീ. സ്ഥാപിക്കേണ്ടതിൽ 25.115 കി.മീ. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. രണ്ട് O.H.ടാങ്കുകൾ, തലായി, കൊട്ടുവള്ളി എന്നീ സ്ഥലങ്ങളിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തി 57-ാം മത് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനപ്രകാരം റദ്ദ് ചെയ്യുകയും കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റ് പുനർ ദർഘാസ് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിന് ആരും പങ്കെടുക്കുകയുണ്ടായിട്ടില്ല. പുനർ ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു.

പാക്കേജ് IV-ൽ മൈലാടിയിലെ ജലശുദ്ധീകരണ ശാലയുടെയും കീഴല്ലൂരിലെ റോ വാട്ടർ പമ്പ് ഹൗസിലെയും മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഘടകങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) പാക്കേജ് III പ്രവൃത്തിയുടെ കരാർ നടപടികൾ പൂർത്തിയാക്കിയ ശേഷം ഒരു വർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

191 (2734) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കാലങ്ങളായിട്ടും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പദ്ധതി സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) മണ്ഡലത്തിലെ കുടിവെള്ളക്ഷാമത്തിന് ഏറെ പരിഹാരമാവുന്ന പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട് പഞ്ചായത്തിലെ ആവോലിച്ചാലിൽ ഇറിഗേഷൻ വകുപ്പിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളില്ല. ആവോലിച്ചാലിൽ വിവിധ പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലവിതരണം നടത്തുന്നതിനുള്ള കേരള ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലയും രണ്ട് മോട്ടോർ പുരകളുമുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

**പൂരക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

192 (2735) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തി 3.81 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 23-ൽ ഉൾപ്പെടുത്തി 3-1-2018-ലെ സ.ഉ.(സാധാ) നമ്പർ 7/2018/ഡബ്ല്യു.ആർ.ഡി. പ്രകാരം 3.81 കോടി രൂപയുടെ ഭരണാനുമതി നൽകിയ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ പൂരക്കടവിൽ ഏറിയം പുഴയ്ക്ക് കുറുകെ വിയർ-കം-ട്രാക്റ്റർ വേ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതിക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**നെയ്യാർഡാം നീന്തൽക്കുളം**

193 (2736) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-2018 കാലയളവിൽ നെയ്യാർഡാം നീന്തൽകുളത്തിൽ പരിശീലനം നടത്തുന്നതിനിടയിൽ എത്രപേർക്കാണ് അപകടമരണമുണ്ടായതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരിൽ എത്രപേരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നെയ്യാർഡാം നീന്തൽകുളത്തിൽ പരിശീലനത്തിനായി എത്തുന്നവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നീന്തൽകുളത്തിൽ പരിശീലകനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) നെയ്യാർഡാം നീന്തൽക്കുളത്തിൽ പരിശീലനം നടത്തുന്നില്ല. ആ നിലയിൽ അപകടമരണം ഉണ്ടായിട്ടില്ല. കുളത്തിൽ നീന്തുന്നതിനിടയിൽ രണ്ടുപേർ അപകടത്തിൽപ്പെട്ട് മരണപ്പെട്ടിട്ടുണ്ട്. ജലവിഭവ വകുപ്പ് നഷ്ടപരിഹാരം നൽകിയിട്ടില്ല.

(സി) ലൈഫ്ഗാർഡിന്റെ സാന്നിധ്യത്തിൽ മാത്രമേ നീന്തൽക്കുളം തുറക്കാറുള്ളൂ. കൂടാതെ ലൈഫ്ബോയിയെ സുരക്ഷയ്ക്കായി ക്രമീകരിച്ചിട്ടുണ്ട്.

(ഡി) പരിശീലകനെ നിയമിച്ചിട്ടില്ല. 2012-മുതൽ നീന്തൽക്കുളത്തിൽ സുരക്ഷയ്ക്കായി ലൈഫ്ഗാർഡിനെ നിയമിച്ചിട്ടുണ്ട്.

**തൃപ്പൂണിത്തുറ അന്ധകാര തോടിന്റെ നവീകരണം**

194 (2737) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ 2016-17 സാമ്പത്തിക വർഷത്തെ പുതിയ ബജറ്റിൽ പ്രഖ്യാപിച്ച തൃപ്പൂണിത്തുറയിലെ അന്ധകാര തോടിന്റെ നവീകരണ പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) തോടിന്റെ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അന്ധകാര തോടിന്റെ നവീകരണ പ്രവൃത്തികൾക്കുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് കിഫ്ബിയുടെ പരിഗണനയിലാണ്.

(ബി) കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയതിനുശേഷം പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

(സി) നടപടി സ്വീകരിക്കുന്നതാണ്.

## നെയ്യാർ ഇറിഗേഷൻ പ്രോജക്റ്റിന് കീഴിൽ തടയണകൾ

195 (2738) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ ,നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ ഈരാറ്റിൻപുറം, അരുവിപ്പുറം, നെയ്യാറ്റിൻകര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനു സമീപം എന്നീ സ്ഥലങ്ങളിൽ നെയ്യാറിൽ തടയണ നിർമ്മിക്കുന്നതിന് സർക്കാരിൽ നൽകിയ എസ്റ്റിമേറ്റ് അനുസരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഈരാറ്റിൻപുറം ,അരുവിപുറം,ശ്രീകൃഷ്ണസ്വാമി ക്ഷേത്രക്കടവ് എന്നീ സ്ഥലങ്ങളിൽ തടയണ നിർമ്മിക്കുന്നതിന് എത്ര കോടി രൂപയാണ് ഓരോന്നിനും എസ്റ്റിമേറ്റ് അനുസരിച്ച് വകയിരുത്തിയത്;

(സി) ഈരാറ്റിൻപുറം ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ഡി. പി. ആർ. ഇറിഗേഷൻ വിഭാഗം തയ്യാറാക്കിയിട്ടുണ്ടോ; അതിൽ മേൽപ്പറഞ്ഞ തടയണ, പദ്ധതി പ്രദേശത്ത് ആണോ പണിയുന്നത് എന്ന് വിശദമാക്കാമോ;

(ഡി) ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിക്കായി ഇറിഗേഷൻ വകുപ്പിന് ഡി.ടി.പി.സി എത്ര കോടി രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്; അതിൽ തടയണയുടെ തുക ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിയിലെ സിവിൽ വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എന്നാൽ തടയണ പദ്ധതി പ്രദേശത്തിന് താഴ്ഭാഗത്താണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിക്കായി ജലസേചന വകുപ്പിന് 2,66,19,369 രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ) നം. 125/2017/ടൂറിസം തീയതി 15-3-2017 മുഖേന ലഭ്യമായിട്ടുണ്ട്. അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. തടയണയുടെ തുക ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ശുദ്ധജല പദ്ധതികൾ

196 (2739) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്ത് എത്ര ശുദ്ധജലപദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പദ്ധതികളാണ് നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് എന്ന വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

ഈ സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയതും നിലവിലുള്ളതിന്റെ വിപുലീകരണവും അടക്കം ഏറ്റെടുത്ത പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

കിഫ്ബി

2016-17-ൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിച്ച 23 കുടിവെള്ള പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി നൽകി. മേൽ പദ്ധതികളുടെ പട്ടിക അനുബന്ധം 1-ൽ ചേർക്കുന്നു.*

കൂടാതെ 2017-18 ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 35 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതികളുടെ പട്ടിക അനുബന്ധം 2-ൽ ചേർക്കുന്നു.+

അമൃത്

കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭമായ അമൃത് പദ്ധതി സംസ്ഥാനത്ത് 9 നഗരങ്ങളിലാണ് നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവയാണ് ഈ നഗരങ്ങൾ. അമൃത് പദ്ധതിയിൽ ഉൾപ്പെട്ട 9 നഗരങ്ങളിലായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1047 കോടി രൂപയുടെ എൺപത്തിയേഴ് (87) കുടിവെള്ള പദ്ധതികളാണ് മൂന്ന് ആക്ഷൻ പ്ലാനുകളിലായി (2015-16, 2016-17, 2018-19) കേരള ജല അതോറിറ്റിക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ 863.04 കോടി രൂപയുടെ 53 എണ്ണം താരതമ്യേന വലിയ പദ്ധതികളാണ്.

ഈ പദ്ധതിയുടെ 50 ശതമാനം വിഹിതം കേന്ദ്ര ഗവൺമെന്റും ബാക്കിയുള്ള തുക 30%, 20% എന്നീ അനുപാതത്തിൽ സംസ്ഥാന സർക്കാരും നഗരസഭകളും ചേർന്ന് വഹിക്കുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

മേൽ പദ്ധതികളുടെ പട്ടിക അനുബന്ധം 3-ൽ ചേർക്കുന്നു.*

സ്റ്റേറ്റ് പ്ലാൻ

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം സ്റ്റേറ്റ് പ്ലാനിൽ ഗ്രീൻ ബുക്ക് അടക്കം 8 പദ്ധതികൾക്ക് 224 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ പട്ടിക അനുബന്ധം 4-ൽ ചേർക്കുന്നു* .

നബാർഡ്

ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നബാർഡിന്റെ ധനസഹായത്തോടെ 2016 നവംബറിൽ RIDF XXII-ൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും (57.19 കോടി രൂപ) 2017 ഡിസംബർ 31-ന് RIDF XXIII-ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കും (85.54 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ ഒൻപത് പദ്ധതികളുടെ പട്ടിക അനുബന്ധം 5-ൽ ചേർക്കുന്നു.*

ഭൂജലവകുപ്പ്

ഭൂജലവകുപ്പ് കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. 2017-18 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 14 ചെറുകിട കുടിവെള്ള പദ്ധതികൾക്കും 19 കുഴൽക്കിണർ നിർമ്മാണത്തിനുമുള്ള സാങ്കേതികാനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 347 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ജലനിധി

ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 2174 സ്കീമുകൾക്ക് അംഗീകാരം നൽകി. 1663 പദ്ധതികൾ പൂർത്തീകരിച്ച് കുടിവെള്ള വിതരണം നടത്തിവരുന്നു. 511 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. രണ്ടാംഘട്ട പദ്ധതിയുടെ തുടർച്ച എന്ന നിലയിൽ 50 ഗ്രാമപഞ്ചായത്തുകളിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനു വേണ്ടി ആകെ 1007 കോടി രൂപയുടെ പുതിയ പദ്ധതി നിർദ്ദേശം ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം നബാർഡിന്റെ ധനസഹായത്തോടെ 2016 നവംബറിൽ RIDF XXII-ൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കും 2017 ഡിസംബർ 31-ന് RIDF XXIII-ൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി**

197 (2740) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവവകുപ്പിന്റെ കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ എക്സിക്യൂട്ടിവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി നിലവിൽ എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) ഇത് നിശ്ചയിക്കപ്പെട്ടതെന്നാണെന്ന് വിശദമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പ് പോലുള്ള മറ്റ് വകുപ്പുകളിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ച് നൽകിയിട്ടുള്ള വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ജലവിഭവവകുപ്പിലും സാങ്കേതികാനുമതി നൽകുന്നതിനുള്ള സാമ്പത്തിക പരിധി വർദ്ധിപ്പിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ജലസേചന വകുപ്പ്

(എ & ബി) സംസ്ഥാനത്തെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ളവർ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നിലവിലെ സാമ്പത്തിക പരിധി ചുവടെ ചേർക്കുന്നു.

എക്സിക്യൂട്ടീവ് എഞ്ചിനീയർ -15 ലക്ഷം രൂപ വരെ

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 45 ലക്ഷം രൂപ വരെ

ചീഫ് എഞ്ചിനീയർ പരിധിയില്ല (16-1-2016 മുതൽ)

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും പരിധി 22-3-2000-ലാണ് നിശ്ചയിച്ചിട്ടുള്ളത്.

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റിയിൽ താഴെപ്പറയും പ്രകാരമാണ് സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി.

ചീഫ് എഞ്ചിനീയർ -പരിധിയില്ല.

സൂപ്രണ്ടിംഗ് എഞ്ചിനീയർ - 75 ലക്ഷം രൂപ വരെ

എക്സിക്യൂട്ടീവ് എഞ്ചിനീയർ -25 ലക്ഷം രൂപ വരെ

കേരള ജല അതോറിറ്റിയിൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള പരിധി നിശ്ചയിക്കപ്പെട്ടത് 2-3-2016-ലാണ്.

ഭൂജല വകുപ്പ്

ഭൂജലവകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 25 ലക്ഷം രൂപയുടെയും മെഷിനറി റിപ്പയറുമായി ബന്ധപ്പെട്ട് 15 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. ഭൂജല വകുപ്പിലെ ജില്ലാ ആഫീസർക്ക് പ്രവൃത്തികളുമായി ബന്ധപ്പെട്ട് 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് അധികാരമുണ്ട്. ഇത് നിശ്ചയിക്കപ്പെട്ടത് 11-11-2013-ലാണ്.

(സി & ഡി) ഉണ്ട്. സാങ്കേതികാനുമതിയുടെ പരിധി പുനർ നിർണ്ണയം പരിഗണനയിലാണ്.

## ഭൂജല വകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസറുടെ പ്രവർത്തനം

198 (2741) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ, മേലധികാരി മുഖാന്തരം അല്ലാതെ, നേരിട്ട് സർക്കാരിന് റിപ്പോർട്ട് നൽകുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പ് തലവൻ ചുമതലപ്പെടുത്താതെ എൻക്വയറി റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിജിലൻസ് ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ഭൂജല വകുപ്പിന്റെ ഫയലുകൾ വിരമിച്ച ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പ്രവണത ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നില്ല.

(സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**ഭൂഗർഭ ജല അതോറിറ്റിയുടെ രൂപീകരണം**

199 (2742) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജല അതോറിറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ അതോറിറ്റി എന്നത്തേയ്ക്ക് നിലവിൽ വരുമെന്ന് വിശദമാക്കുമോ;

(സി) കേരളത്തിലെ വിവിധ നദികൾ മാലിന്യമുക്തമാക്കുന്നതിന് ജലവിഭവ വകുപ്പ് മുൻകൈ എടുത്ത് പുതിയ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ അതാതു മേഖലകളിലെ എം.എൽ.എ. മാരെ കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന ഭൂജല അതോറിറ്റി 2004 ജനവരി 16-ന് സംസ്ഥാനത്ത് നിലവിൽ വരികയും 23-9-2017-ലെ ജി.ഒ.(പി)നമ്പർ 19/2017/ജവിവ.

(അനുബന്ധമായി ചേർത്തിരിക്കുന്നു.) പ്രകാരം പുന:സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. *

അതോറിറ്റിയിൽ ആക്ടിലെ വ്യവസ്ഥയനുസരിച്ച് താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

| | | | |
|---|---|---|---|
| i | സർക്കാരിന്റെ ജലവിഭവ വകുപ്പ് സെക്രട്ടറി | - | എക്സ് ഒഫിഷ്യോ (അതോറിറ്റി ചെയർമാൻ കൂടിയായിരിക്കണം) |
| ii | സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി | - | എക്സ് ഒഫിഷ്യോ |
| iii | സർക്കാരിന്റെ തദ്ദേശ സ്വയംഭരണ (ഗ്രാമവികസനം വകുപ്പ് സെക്രട്ടറി) | - | എക്സ് ഒഫിഷ്യോ |
| iv | ഭൂജല വകുപ്പ്-ഡയറക്ടർ | - | എക്സ് ഒഫിഷ്യോ (അതോറിറ്റി ചെയർമാൻ കൂടിയായിരിക്കണം) |
| v | സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന | എ) | രണ്ട് നിയമസഭാംഗങ്ങൾ |
| | | ബി) | ഒരു ജലവിഭവ വിദഗ്ധൻ |
| | | സി) | ഒരു ഗ്രാമ പഞ്ചായത്ത് അംഗം |
| | | ഡി) | ഒരു മുനിസിപ്പൽ കൗൺസിൽ അംഗം |
| | | (ഇ) | പട്ടികജാതിയിൽപ്പെട്ടതോ പട്ടികവർഗ്ഗത്തിൽപ്പെട്ടതോ ആയ ഒരംഗം |
| | | (എഫ്) | ഒരു വനിതാ അംഗം |
| | | (ജി) | ഒരു പൊതുപ്രവർത്തകൻ |
| | | (എച്ച്) | ഒരു പരിസ്ഥിതി പ്രവർത്തകൻ |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇങ്ങനെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷമായിരിക്കും.

(സി) കേരളത്തിലെ നദികൾ മാലിന്യമുക്തമാക്കി ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള ശ്രമമാണ് ഹരിതകേരളം മിഷൻ ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ (ജലസംരക്ഷണം) ഭാഗമായി, നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി, വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഏകോപനത്തോടെ, ജനപങ്കാളിത്തം ഉറപ്പാക്കി പദ്ധതികൾ ഏറ്റെടുത്ത് നദികളെ പുനരുദ്ധരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനുള്ള സാങ്കേതിക സമിതികൾക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്.

(ഡി) അതാത് പ്രദേശത്തെ ജനപ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ച് നിർദ്ദേശങ്ങൾ പരിഗണിച്ചാണ് നീർത്തട പദ്ധതികൾക്ക് രൂപം നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

**വരൾച്ചയെ പ്രതിരോധിക്കാൻ നടപടികൾ**

200 (2743) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഭൂതപൂർവ്വമായ വരൾച്ചയെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ജലലഭ്യത കുറയുന്ന സാഹചര്യത്തിൽ ഭൂഗർഭജലം കൂടി ഊറ്റിയെടുക്കുന്ന കുഴൽ കിണറുകളുടെ വ്യാപനം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ഉപയോഗ ശൂന്യമായിക്കിടക്കുന്ന പൊതുകിണറുകളും അറ്റകുറ്റപ്പണികൾ നടത്തിയാൽ ഉപയോഗിക്കാൻ കഴിയുന്ന കുഴൽ കിണറുകളും പൊതു ജലാശയങ്ങളും ഉപയോഗയോഗ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഉയർന്ന പ്രദേശങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതിനോ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനോ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ - സി) ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്ന ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് ഒരു പരിധിവരെ സഹായകരമാണ്. 117-ഓളം തുറന്ന കിണർ വഴിയുള്ള കൃത്രിമഭൂജല സംപോഷണം പദ്ധതികൾക്കും 3 കുഴൽക്കിണർ റീചാർജ്ജ് പദ്ധതികൾക്കുമുള്ള സാങ്കേതികാനുമതി ഇടുക്കി ജില്ലയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ മുപ്പതോളം തുറന്ന കിണർ വഴിയുള്ള ഭൂജലസംപോഷണ പ്രവൃത്തികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

ഭൂജലവകുപ്പ് 2017-ലെ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 5389 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 347 കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നവീകരണം ആവശ്യമുള്ള ചെറുകിടകുടിവെള്ള പദ്ധതികളുടെയും കുഴൽക്കിണർ കൈപമ്പ് പദ്ധതികളുടെയും ലിസ്റ്റ് തയ്യാറാക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക, മാലിന്യം നീക്കം ചെയ്യുക, ആവശ്യമുള്ളയിടങ്ങളിൽ തടയണകൾ, വി.സി.ബി. നിർമ്മിക്കുക, കനാലുകൾ വഴിയുള്ള ജലനഷ്ടം കുറയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം ഡാമുകളിൽ ശേഖരിക്കാൻ കഴിയുന്ന പരമാവധി ജലം സംഭരിച്ച് നിർത്തുന്നതിനുള്ള ശ്രമവും നടത്തുന്നുണ്ട്. നീർത്തടാധിഷ്ഠിത ആസൂത്രണവും അതനുസരിച്ചുള്ള ജലസംരക്ഷണ പ്രവർത്തനങ്ങളും ഹരിതകേരള മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) യുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് ഭൂജല (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ട് പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജലവകുപ്പിന്റെ അനുമതിയും 10-1-2014 മുതൽ നിർബന്ധമാണ്.

(ഡി) വരൾച്ചയെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി വാട്ടർ കിയോസ്കുകൾ വഴിയും ടാങ്കർ ലോറികൾ മുഖേനയും ജല വിതരണം നടത്തുന്നത് റവന്യൂ-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ്. ഇത്തരത്തിൽ വിതരണത്തിന്

ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്. ഇതിനാവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ വിവിധ ശുദ്ധീകരണ ശാലകളിലും ജല സംഭരണികളോട് അനുബന്ധിച്ചും സ്ഥാപിച്ചിട്ടുണ്ട്.

**ജലസ്രോതസ്സുകളുടെ സംരക്ഷണം**

201 (2744) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷങ്ങളിലുണ്ടായ കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ, ജലസംഭരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിച്ചിരുന്ന കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളിൽ ഗണ്യമായ എണ്ണം ഉപയോഗശൂന്യമായതിനാൽ, ഇവ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റാൻ സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുമോ;

(സി) ഇതിനായി തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ച ജലശ്രീ പദ്ധതിയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും ആയതിന്റെ പുരോഗതി എന്തെന്നും അറിയിക്കുമോ;

(ഡി) നിയമനിർമ്മാണത്തോടൊപ്പം ജനകീയ ഇടപെടൽ കൂടി സാധ്യമാക്കി ജനങ്ങളെ ബോധവൽക്കരിച്ച് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) നിയമനിർമ്മാണം നടത്തുമ്പോൾ, ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ വർഷത്തെ സ്ഥിതിഗതികൾ വിലയിരുത്താൻ ഇതിനകം സംസ്ഥാനതലത്തിൽ രണ്ട് അവലോകന യോഗങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ജലസംഭരണികളിലെ ജലനിരപ്പ് താരതമ്യേന കൂടുതലാണ്. ഭൂഗർഭ ജലവിതാനത്തിലും ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല നദികളിലും ഇതിനകം ഒഴുക്ക് നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം ലഭ്യമായ മഴവെള്ളം ശേഖരിച്ച്

നിർത്താൻ ആവശ്യമായ അളവിൽ ജലസംഭരണികൾ ഇല്ലാത്തതാണ്. മഴക്കാലത്ത് പെയ്യുന്ന മഴവെള്ളം ഏതാനും മണിക്കൂറുകൾക്കുള്ളിൽ കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന സ്ഥിതിയാണുള്ളത്. അനിയന്ത്രിതമായ മണലൂറ്റുകാരണം നദികളുടെ സംഭരണ ശേഷിയും നഷ്ടപ്പെട്ടിരിക്കുന്നു. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ആവശ്യത്തിന് ജല സംഭരണികൾ നിർമ്മിക്കുക എന്നുള്ളതാണ്. എന്നാൽ സ്ഥല ലഭ്യതയും പാരിസ്ഥിതിക പ്രശ്നങ്ങളും കാരണം വൻകിട സംഭരണികൾക്കുള്ള സാദ്ധ്യത കേരളത്തിൽ താരതമ്യേന കുറവാണ്. മേൽ സാഹചര്യത്തിൽ നദികളെത്തന്നെ സംഭരണികളാക്കി മാറ്റുക എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം ചെക്ക് ഡാമുകളും റെഗുലേറ്റർ കം ബ്രിഡ്ജുകളും നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

മഴവെള്ളം പരമാവധി ശേഖരിക്കാനും ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ് നടത്താനും ജനകീയ പങ്കാളിത്തത്തോടെ വിവിധ പരിപാടികൾ ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുകൂടാതെ ജല അതോറിറ്റിയുടെ പദ്ധതികളിൽ ജലനഷ്ടം പരമാവധി പരിഹരിച്ച് ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മുൻ കരുതൽ നടപടികൾ എന്ന നിലയിൽ താഴെപ്പറയുന്ന പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക് പമ്പ് ഹൗസുകളുടെ സമീപത്തായി താല്ക്കാലിക തടയണകൾ നിർമ്മിക്കൽ, ഗാലറി വൃത്തിയാക്കൽ, ഓപ്പൺ വെൽ നിലവിലുള്ള സ്കീമുകളിൽ അവ വൃത്തിയാക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തി വാട്ടർ അതോറിറ്റിയുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ചുവരുന്നു. ജലസ്രോതസ്സുകളിൽ മുന്നറിയിപ്പ് ബോർഡ് സ്ഥാപിച്ച് കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കുന്നതിനെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നു. പമ്പ് ഹൗസും പരിസരവും വൃത്തിയാക്കി സംരക്ഷിക്കുകയും പൈപ്പ് ലൈനുകളുടെയും പമ്പുകളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കിയും ജല ചോർച്ച പരമാവധി ഒഴിവാക്കി ജല വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

ഹരിതകേരളാ മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും ഓഫീസ് പരിസരത്തും ജല അതോറിറ്റിയുടെ കിണറുകൾക്ക് ചുറ്റും സ്ഥല ലഭ്യതയുള്ള സ്ഥലങ്ങളിലും ശാസ്ത്രീയമായി മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതകേരളാ മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി) യുടെ ഭാഗമായി നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു.

കൂടാതെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥന പ്രകാരം ടാങ്കറുകളിൽ ജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി വിവിധ ജലസംഭരണികളോട് ചേർന്ന ഫില്ലിംഗ് സ്റ്റേഷനുകൾ സജ്ജമാക്കുകയും ചെയ്ത് മുടക്കം കൂടാതെ ജലവിതരണം സാധ്യമാക്കുന്നതാണ്.

(ബി) കുളങ്ങൾ പുനരുദ്ധരിച്ച് ഉപയോഗയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 536 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതിയായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, ഹരിതകേരളം മിഷന്റെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള ജലസംരക്ഷണ പ്രവർത്തനമായ ജലശ്രീ നീർത്തടാധിഷ്ഠിത പദ്ധതി തയ്യാറാക്കി ജലസ്രോതസ്സുകളുടെ സംരക്ഷണം, നവീകരണം, ജലസംരക്ഷണം എന്നിവയ്ക്കായി വിവിധ പദ്ധതികൾ വിവിധ വകുപ്പുകൾ, തൊഴിലുറപ്പ് പദ്ധതി എന്നിവ മുഖേന നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. ഇതിന്റെ പ്രവർത്തന പുരോഗതി ജലവിഭവ വകുപ്പിൽ ലഭ്യമല്ല.

(ഡി) ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത് 2017-ലെ 27-ാം നമ്പർ ഓർഡിനൻസായി 7-12-2017-ന് സംസ്ഥാന ഗവർണർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇതോടൊപ്പം ജനകീയ പങ്കാളിത്തത്തോടുകൂടി ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസംരക്ഷണം" (ജലസമൃദ്ധി) യുടെ ഭാഗമായി നടന്നുവരുന്നു.

(ഇ) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 ഭേദഗതി ഓർഡിനൻസ് (2017-ലെ 27) പ്രകാരം ജലസേചന കനാലുകൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്ക് 2 ലക്ഷം രൂപ വരെ പിഴയോ മൂന്ന് വർഷം വരെ തടവോ രണ്ടും കൂടിയോ ശിക്ഷ വിധിക്കാം വിധമാണ് ഓർഡിനൻസ് മുഖേന ശിക്ഷ പുതുക്കിയിട്ടുള്ളത്. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുഖേനയാണ് ഇക്കാര്യത്തിൽ നിയമനടപടികൾ സ്വീകരിക്കേണ്ടത്.

**വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക രേഖകളിലെ കോർപ്പറേഷൻ നമ്പർ**

202 (2745) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക രേഖകളിലും എസ്റ്റിമേറ്റുകളിലും കൊച്ചിൻ കോർപ്പറേഷന്റെ പഴയ ഡിവിഷൻ നമ്പർ ആണ് ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക രേഖകളിൽ കൊച്ചിൻ കോർപ്പറേഷന്റെ പുതിയ നമ്പർ ഉൾപ്പെടുത്തി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക രേഖകളിലും എസ്റ്റിമേറ്റുകളിലും കൊച്ചിൻ കോർപ്പറേഷന്റെ പുതിയ നമ്പറും പഴയ നമ്പറും ഉൾപ്പെടുത്താറുണ്ട്.

**'നീരുറവ' പദ്ധതി**

203 (2746) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ 'നീരുറവ' പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഇതിനകം ഏറ്റെടുത്തിട്ടുള്ളത്;

(സി) 'നീരുറവ' പദ്ധതി ഹരിതകേരളം മിഷനുമായി സംയോജിപ്പിച്ച് ഫലപ്രദമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) വർഷകാലത്ത് സമൃദ്ധമായ മഴവെള്ളത്തെ മണ്ണിൽ താഴാൻ അനുവദിച്ചും മഴവെള്ള സംഭരണം നടത്തിയും വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുക

എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കർമ്മ പരിപാടിയാണ് 'നീരുറവ്'.

(ബി) 'നീരുറവ്' എന്ന കർമ്മ പരിപാടിക്കായി പ്രത്യേകമായി ഒരു ഫണ്ട് നീക്കിവച്ചിട്ടില്ല. വിവിധ പദ്ധതികളിൽപ്പെടുത്തി നടപ്പാക്കുന്ന മഴവെള്ള സംഭരണ സംരക്ഷണ പ്രവർത്തനങ്ങൾ ആണ് 'നീരുറവ്' കർമ്മ പരിപാടിയിൽപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി അതോറിറ്റിയുടെ കേന്ദ്ര കാര്യാലയത്തിന് സമീപം ഒരു കുളം നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ഏകദേശം 20 ഏക്കറിൽ വ്യാപിച്ച് കിടക്കുന്ന ക്യാമ്പസിലെ മഴവെള്ളത്തിന്റെ വലിയൊരു പങ്കും സ്വാഭാവിക നീരൊഴുക്കും പ്രയോജനപ്പെടുത്തിയാണ് കുളം നിർമ്മിക്കുന്നത്. അതുപോലെ തന്നെ 'നീരുറവ്' കർമ്മ പരിപാടിയുടെ ഭാഗമായി അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളായ കിണറുകളുടെ സമീപം മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി. 'നീരുറവ്' കർമ്മ പരിപാടിയുടെ ഭാഗമായി അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനായുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 'നീരുറവ്' ഹരിതകേരളവുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

## കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട്

204 (2747) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് ഭേദഗതി ചെയ്യുന്നത് പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഉദ്യോഗസ്ഥതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) 2008-ൽ ജലനയം രൂപീകരിച്ചപ്പോൾ ചെയ്തതുപോലെ വിപുലമായ ചർച്ചകൾക്കും സംവാദങ്ങൾക്കും ശേഷം മാത്രം ആക്ട് ഭേദഗതി ചെയ്യാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ 7-10-2017-ലെ ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ KWA/JB/HO/E1/13619/2017 നമ്പർ

നടപടിക്രമം പ്രകാരം കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് കാലാനുസൃതമായ ഭേദഗതികൾ ശിപാർശ ചെയ്യുന്നതിന് 8 ഉദ്യോഗസ്ഥരെ അംഗങ്ങളാക്കി ഒരു സമിതി കേരള വാട്ടർ അതോറിറ്റി രൂപവൽക്കരിച്ചിട്ടുണ്ട്.

(സി) വിപുലമായ ചർച്ചകൾ, സമിതി മുഖാന്തരം നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ സംഘടനയ്ക്ക് അംഗീകാരം**

205 (2748) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാരുടെ ഏതെങ്കിലും സംഘടനകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) സ്ഥാപനത്തിലെ ഓഫീസർമാരിൽ അറുപത് ശതമാനത്തിലധികം പേരെ പ്രതിനിധീകരിക്കുന്ന, അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (അക്വ) 2014-ൽ അംഗീകാരത്തിനായി നൽകിയ അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എല്ലാ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് നൽകിയ അപേക്ഷ പ്രകാരം അംഗീകാരം നൽകാൻ അടിയന്തരമായി നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ മുഖേന ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

**ആർ.ഒ.പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി**

206 (2749) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്ന സ്ഥലങ്ങളിലും തീരദേശങ്ങൾ, മലയോരങ്ങൾ എന്നിവിടങ്ങളിലും ശുദ്ധജല വിതരണത്തിനായി ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇത്തരം സംരംഭങ്ങളുമായി മുന്നോട്ടുവരുന്ന സന്നദ്ധസംഘടനകൾക്കും സ്ഥാപനങ്ങൾക്കും സാങ്കേതികവും സാമ്പത്തികവുമായ എന്തെങ്കിലും സഹായം ലഭ്യമാക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ;

(സി) നിലവിലുള്ള ആർ.ഒ.പ്ലാന്റുകളിൽ നിന്നു വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണമേന്മയുള്ളതും നിശ്ചിത നിലവാരം പുലർത്തുന്നതുമാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുമോ?

ഉത്തരം

(എ) ആർ.ഒ.പ്ലാന്റുകൾ സാധാരണഗതിയിൽ ഉപയോഗിക്കുന്നത് ലവണാംശം കൂടുതലുള്ള ജലം ശുദ്ധീകരിക്കുന്നതിനാണ്. നിലവിൽ ഇത്തരത്തിൽ ഗുണനിലവാര പ്രശ്നങ്ങളുള്ള ഏതാനും സ്ഥലങ്ങളിൽ ചെറുകിട താൽക്കാലിക പരിഹാരമെന്ന നിലയിൽ ആർ.ഒ. പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

(ബി) ഇല്ല. പരിഗണനയിലില്ല.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ജല അതോറിറ്റിയുടെ ലാബുകളിൽ പരിശോധന നടത്തി ഉറപ്പുവരുത്തിയാണ് ജനങ്ങളിലെത്തിക്കുന്നത്. ഇതിനായി എല്ലാ ജില്ലകളിലും ഗുണനിലവാര പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു.

**തീരദേശ കുടിവെള്ള പദ്ധതി**

207 (T2750) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ മേഖലയിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്ന എത്ര കുടിവെള്ള പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) കൊയിലാണ്ടിയിലെ പയ്യോളി നഗരത്തിന്റെ തീരപ്രദേശത്ത് രൂക്ഷമായ കുടിവെള്ള പ്രശ്നമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവിടങ്ങളിൽ ജനങ്ങൾക്കുപകാരപ്രദമാകുന്ന തീരദേശ കുടിവെള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തീരദേശ മേഖലയിൽ ജല അതോറിറ്റി പരിപാലിക്കുന്ന പദ്ധതികൾ ഒന്നും തന്നെയില്ല. എന്നാൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടി വാട്ടർ അതോറിറ്റി നിർമ്മാണം പൂർത്തീകരിച്ച് മുനിസിപ്പാലിറ്റി പരിപാലിക്കുന്ന കൊയിലാണ്ടി മത്സ്യഗ്രാമം തീരദേശ കുടിവെള്ള പദ്ധതി ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ഉണ്ട്.

(സി) KIIFB സഹായത്തോടുകൂടിയുള്ള കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള പദ്ധതി അംഗീകാരം കിട്ടി നടപ്പിലാക്കിവരുന്നു. പയ്യോളി ഉൾപ്പെടെയുള്ള തീരപ്രദേശങ്ങളിലേയ്ക്ക് വേണ്ടിയുള്ള ഒരു പദ്ധതി തയ്യാറാക്കി വരുന്നുണ്ട്. മേൽ പദ്ധതികളുടെ വിതരണശൃംഖലയ്ക്കുള്ള പ്രവൃത്തികൾ രണ്ടാംഘട്ടമായി നടപ്പിലാക്കേണ്ടതുണ്ട്.

**ശുദ്ധജല വിതരണം**

208 (2751) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി പഴയ പൈപ്പുകൾ മാറ്റി, പുതിയവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനുള്ള ധനസമാഹരണം എങ്ങനെയാണ് നടത്തുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ശുദ്ധജല വിതരണത്തിൽ അനുഭവപ്പെടുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങൾ സ്രോതസ്സുകളിലെ ജല ലഭ്യതയിൽ ഉണ്ടാകുന്ന കുറവും ജല ശുദ്ധീകരണ വിതരണ സംവിധാനത്തിലെ കാര്യക്ഷമത കുറവും വരുമാന രഹിത ജലത്തിന്റെ വർദ്ധനവുമാണ്. സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ശാസ്ത്രീയ പഠനങ്ങൾക്കനുസൃതമായി നദികൾ തന്നെ ജലസംഭരണികളാക്കുക എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രധാന നഗരങ്ങളിലെ ജലവിതരണത്തിന് വിവിധ

സ്രോതസ്സുകൾ ആസ്പദമാക്കി സമാന്തര പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇത്തരത്തിൽ എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ഇതിനോടകം തന്നെ ആവിഷ്കരിച്ചുകഴിഞ്ഞു. തിരുവനന്തപുരം നഗരത്തിൽ ഇത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. ആവശ്യമായ സ്ഥലങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുവാനും ലവണാംശത്തിന്റെ കടന്നുകയറ്റം തടയുന്നതിന് സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ട്. ജലശുദ്ധീകരണശാലകൾ സ്ഥാപിതശേഷിക്കനുസൃതമായി പ്രവർത്തിപ്പിക്കാനുള്ള പുനരുദ്ധാരണ പ്രവൃർത്തികൾ ഘട്ടംഘട്ടമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. അതുപോലെ തന്നെ കാര്യക്ഷമത കുറഞ്ഞ പമ്പുസെറ്റുകൾ മാറ്റി വയ്ക്കാനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. വിതരണ ശൃംഖലയിലെ പ്രധാന പ്രശ്നം പൈപ്പ് ലൈനിലുണ്ടാകുന്ന ചോർച്ചയാണ്. ഇത്തരം ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ബ്ലൂ ബ്രിഗേഡ് സംവിധാനം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും തുടങ്ങുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലീക്കുകൾ, മറ്റ് പരാതികൾ എന്നിവയുടെ പരിഹാര സംവിധാനം നിരീക്ഷിക്കുവാനും സമയബന്ധിതമായി പരിഹരിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനുമായി ജനമിത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ചു വരുന്നു. ചോർച്ച നിയന്ത്രിക്കുന്ന സ്ഥലങ്ങളിൽ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിതരണ ശൃംഖല മേഖലകളായി തിരിച്ച് മീറ്ററുകളിലൂടെ ജലവിതരണത്തിന്റെ അളവ് കണക്കാക്കി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി പരിഗണനയിലാണ്. എ.ഡി.ബി. യുടെ സഹായത്തോടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 24x7 ജലവിതരണം നടപ്പാക്കാനുള്ള ശ്രമങ്ങളും നടന്നുവരുന്നു. ഇതിന് പുറമെ കിഫ്ബി, അമൃത്, നബാർഡ്, NRDWP, സ്റ്റേറ്റ് പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ കുടിവെള്ള പദ്ധതികളും നടപ്പാക്കുന്നുണ്ട്.

(ബി & സി) കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433. 33 കോടി രൂപയുടെ 148 പ്രൊപ്പോസലുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും ഇവ കിഫ്ബിയുടെ പരിഗണനയിലുമാണ്.

അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കാലഹരണപ്പെട്ട പൈപ്പ് മാറ്റൽ പ്രവൃർത്തികൾക്ക് 140.95 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശുദ്ധജലവിതരണം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള 56 പ്രവൃത്തികൾക്ക് 5957.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**പ്രമാടം ശുദ്ധജല വിതരണ പദ്ധതി**

209 (2752) ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പ്രമാടം പഞ്ചായത്തിൽ പ്രമാടം ശുദ്ധജല വിതരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ശുദ്ധജല വിതരണപദ്ധതി നടപ്പിലാക്കുന്നതിന് എ. എസ്., റ്റി. എസ്. എന്നിവ നൽകിയിരുന്നോ;

(സി) ഈ വർക്ക് ടെണ്ടർ നൽകിയോ; എങ്കിൽ എന്നാണ്;

(ഡി) ഈ പ്രവൃത്തിയുടെ പണി നടക്കാത്തത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഇ) എ. എസ്., റ്റി. എസ്. എന്നിവ നൽകിയതിന് ശേഷം നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(എഫ്) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്താമോ;

(ജി) ഇതിലേയ്ക്ക് മുൻസർക്കാരിന്റെ കാലത്ത് കൈക്കൊണ്ട നടപടിക്രമങ്ങൾ വിശദീകരിക്കുമോ; ഇപ്പോൾ എന്തുകൊണ്ടാണ് അവ നടപ്പിലാക്കാത്തതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) പത്തനംതിട്ട ജില്ലയിലെ പ്രമാടം, വള്ളിയക്കോട്, കോട്ടയം വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്ക് 25-10-2013-ൽ 1500 ലക്ഷം രൂപയുടെ ഭരണാനുമതിയും 1-11-2013-ൽ സാങ്കേതികാനുമതിയും നൽകിയിരുന്നു.

(സി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഇൻടേക്ക് കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ 7 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല എന്നിവയുടെ ടെണ്ടർ 30-9-2016-ൽ നൽകിയിരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതിയുടെ പ്രവൃത്തികൾ ആരംഭിക്കുവാൻ കരാറുകാരൻ തയ്യാറായിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പദ്ധതി പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ഇ) പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും പദ്ധതിക്കാവശ്യാമയ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കിണർ പണിയാൻ ഉദ്ദേശിച്ച സ്ഥലത്തെ മണ്ണ് പരിശോധന നടത്തുകയും ഇൻടേക്ക് കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ ജലശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തികൾക്ക് ടെണ്ടർ വിളിച്ച് കരാർ നൽകുകയും ചെയ്തിരുന്നു.

(എഫ്) എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ ലഭിച്ച പ്രമാടം കുടിവെള്ള പദ്ധതി, പുതിയതായി ആവിഷ്കരിക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ജി) മുൻസർക്കാരിന്റെ കാലത്ത് പദ്ധതിയുടെ ഭരണാനുമതി, സാങ്കേതികാനുമതി, വിവിധ ഘടകങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ എന്നിവ പൂർത്തീകരിച്ചിരുന്നു. എന്നാൽ എൻ.ആർ.ഡി.ഡബ്ല്യു.പി.യിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**ചെറുകിട കുടിവെള്ള പദ്ധതികൾക്ക് നിയന്ത്രണം**

210 (2753) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റി വഴി, ചെറുകിട ഗ്രാമീണ ശുദ്ധജല പദ്ധതികൾ പുതുതായി ആരംഭിക്കുന്നതിന് നിയന്ത്രണവും നിബന്ധനകളും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഇല്ല. എന്നാൽ ഒരു പഞ്ചായത്തിന്റെ പദ്ധതികൾ മാത്രമായി ഏറ്റെടുക്കുന്നത് കഴിയുന്നതും ഒഴിവാക്കുന്നുണ്ട്. ചെറുകിട പദ്ധതികളുടെ സ്രോതസ്സുകളിൽ എല്ലാ സമയത്തും ജലലഭ്യത ഉറപ്പ് വരുത്താൻ സാധിക്കാറില്ല. മാത്രമല്ല, ഇത്തരം

പദ്ധതികളുടെ നടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും ചെലവ് കൂടുതലുമാണ്. അതിനാൽ ഒന്നിൽ കൂടുതൽ പഞ്ചായത്തുകൾക്ക് ശുദ്ധജലം ലഭ്യമാക്കുന്ന ജലശുദ്ധീകരണശാല ഉൾപ്പെടെയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്.

**ജലലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള നടപടികൾ**

211 (2754) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെയും കുളങ്ങളെയും തോടുകളെയും സംരക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നബാർഡ് ഫണ്ട്, ഫിനാൻസ് കമ്മീഷൻ ഫണ്ട് ,ആർ എം എഫ്, ഫ്ലഡ് ഫണ്ട് തുടങ്ങിയവയിൽ നിന്നായി ഈ സർക്കാർ കാലയളവിൽ നടന്ന പ്രവൃത്തികളും ചെലവഴിച്ച തുകയും വിശദമാക്കാമോ; ഇതിന്റെ ഭാഗമായി ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ നദികളെയും കുളങ്ങളെയും തോടുകളെയും സംരക്ഷിക്കുന്നതിന് സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തിയുള്ള സംരക്ഷണ പ്രവൃത്തികളും ഓരു വെള്ളക്കയറ്റം തടയുന്നതിനും ജലസംരക്ഷണം ഉറപ്പാക്കുന്നതിനുമായുള്ള തടയണകളുടെ നിർമ്മാണം കുളങ്ങളിലെ മാലിന്യം നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. ഇതോടൊപ്പം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ ഭാഗമായി ജലസംരക്ഷണത്തിന്റെ പ്രകൃതിദത്ത യൂണിറ്റായ നീർത്തടത്തിന്റെ അടിസ്ഥാനത്തിൽ സമഗ്ര മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞു. ഇത് നിർവ്വഹിക്കുന്നതിനായി സാങ്കേതിക സമിതികൾ ത്രിതല പഞ്ചായത്ത് അടിസ്ഥാനപ്പെടുത്തി രൂപീകരിച്ചുകഴിഞ്ഞു. നീർത്തട പദ്ധതി തയ്യാറാക്കുന്നതിനുള്ള പരിശീലനം പൂർത്തിയാക്കി നീർത്തടമാപ്പുകളും ലഭ്യമാക്കിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടും വിവിധ വകുപ്പുകളുടെ ഏകോപനത്തോടും തയ്യാറാക്കപ്പെടുന്ന നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകളിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ വിവിധ വകുപ്പുകൾ മുഖേന നിർവ്വഹണം നടത്താനും ലക്ഷ്യമിട്ടിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ വരട്ടാർ വീണ്ടെടുക്കൽ, പള്ളിക്കലാർ പുനരുദ്ധാരണം,

കോലറയാർ നവീകരണം, കണ്ണൂർ ജില്ലയിലെ കാനാമ്പുഴ ശുചീകരണം എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഇതുകൂടാതെ 529 കുളങ്ങളുടെ നവീകരണത്തിനായി 7.506 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും നേതൃത്വത്തിൽ ഇതിനകം 2487 കിലോമീറ്റർ നീളത്തിൽ തോടുകൾ വൃത്തിയാക്കുകയും 1391 കിലോമീറ്റർ നീളത്തിൽ തോടുകൾ പുനരുജ്ജീവിപ്പിക്കുകയും 18 കിലോമീറ്റർ നീളത്തിൽ തോടുകൾ നിർമ്മിക്കുകയും 1481 കിലോമീറ്റർ നീളത്തിൽ കനാലുകൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു. ഫിനാൻസ് കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവൃത്തികൾ അനുവദിച്ചിട്ടില്ല. (2015-ഓടു കൂടി ഫിനാൻസ് കമ്മീഷൻ ഫണ്ട് നിർത്തലാക്കി.)

| | 2016-17 | 2017-18 |
|---|---|---|
| നബാർഡ് | 182,70,11,602 | 56,91,62,807 |
| ഫ്ലഡ് ഫണ്ട് | 26,64,91,786 | 26,29,96,184 |
| ആർ.എം.എഫ്. | 18,03,57,223 | (As Amount) |

മേൽപ്പറഞ്ഞ ഫണ്ടുകൾ വിനിയോഗിച്ച് ചുവടെ പറയുന്ന തരം പ്രവൃത്തികളാണ് നിർവ്വഹിച്ചിട്ടുള്ളത്.

നബാർഡ്- റെഗുലേറ്ററുകൾ,വെന്റഡ് ക്രോസ് ബാറുകൾ, നദീ പുന:സ്ഥാപന പദ്ധതി, ചെക്ക് ഡാം, ഓരു വെള്ളക്കയറ്റം പ്രതിരോധിക്കുന്നതിനുള്ള റെഗുലേറ്ററുകൾ, ലിഫ്റ്റ് ഇറിഗേഷൻ തുടങ്ങിയവ

ഫ്ലഡ് ഫണ്ട് - തോട്, പുഴ എന്നിവയുടെ സംരക്ഷണം ആർ.എം.എഫ്. ഫണ്ട്- നദികൾ, വലിയ തോടുകൾ എന്നിവയുടെ സംരക്ഷണം (റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അംഗീകാരം ലഭിച്ച പ്രവൃത്തികൾ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും അതുവഴി ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഈ പ്രവൃത്തികളിലൂടെ കഴിഞ്ഞിട്ടുണ്ട്.

## തിരുവല്ല-ചങ്ങനാശ്ശേരി കുടിവെള്ള വിതരണ പദ്ധതി

212 (2755) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല -ചങ്ങനാശ്ശേരി നഗരങ്ങൾക്കുവേണ്ടി 2017-18 വർഷം പ്രഖ്യാപിച്ച പുതിയ കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിന് അധികമായി എത്ര ജലം ലഭിക്കുമെന്ന് അറിയിക്കുമോ;

(സി) അങ്ങനെ അധികമായി ജലം ലഭിക്കുന്നതുമൂലം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേയും പായിപ്പാട്, തൃക്കൊടിത്താനം, വാഴപ്പള്ളി, മാടപ്പള്ളി, കുറിച്ചി എന്നീ പഞ്ചായത്തുകളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സഹായകരമാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി കിഫ്ബി വഴി ഭരണാനുമതി നൽകിയ പദ്ധതി, 4 പാക്കേജുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

പക്കേജ് 1-ൽ ഉൾപ്പെടുന്ന കല്ലിശേരിയിലെ 10 എം.എൽ.ടി. ജലശുദ്ധീകരണശാലയുടെ നിർമ്മാണവും 25 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ നവീകരണവും തിരുവല്ലയിലെ 33 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ നവീകരണം, കല്ലിശ്ശേരി തിരുമൂലപുരം, തിരുവല്ല പമ്പ് സെറ്റുകളും ക്ലിയർ വാട്ടർ പമ്പ് സെറ്റുകളും എന്നിവയുടെ ദർഘാസ് നടപടികളും അന്തിമ ഘട്ടത്തിലാണ്.

പാക്കേജ് 2-ന്റെ ഭാഗമായുള്ള തിരുമൂലപുരത്തെ 15 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല സംഭരണിയും 2 ദശലക്ഷത്തിന്റെ സമ്പും തിരുവല്ലയിലെ 22 ദശലക്ഷത്തിന്റെ ഉന്നതതല സംഭരണി, തിരുമൂലപുരം സമ്പിലേയ്ക്കും ടാങ്കിലേയ്ക്കുമുള്ള ട്രാൻസ്മിഷൻ മെയിനുകൾ, തിരുമൂലപുരം ടാങ്കിൽ നിന്നുള്ള വിതരണം തിരുവല്ലയിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം, കുറ്റപ്പുഴ പ്രദേശത്തെ വിതരണം, സോളാർപാനലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി മുതലായവയുടെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

പാക്കേജ് 3-ൽ തിരുവൻവണ്ടൂരിലെ 15 ദശലക്ഷത്തിന്റെ ടാങ്കിന്റെ നിർമ്മാണം കുറ്റൂരിലെ 15 ലക്ഷം ലിറ്ററിന്റെ ഉന്നതതല സംഭരണി, തിരുവൻവണ്ടൂർ, കുറ്റൂർ ഭാഗത്തേയ്ക്കുള്ള പമ്പിംഗ് മെയിനുകൾ, കുറ്റൂർ തിരുവൻവണ്ടൂർ പഞ്ചായത്തിന്റെ വിവിധ വിതരണശൃംഖലകൾ എന്നിവ ഉൾപ്പെടുന്നു. മൂന്നാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

പാക്കേജ് 4-ൽ ഉൾപ്പെട്ട കല്ലിശ്ശേരി ഇൻടേക്ക് പമ്പ് ഹൗസ്, കറ്റോട് ഇൻടേക്ക് പമ്പ് ഹൗസ്, ജലശുദ്ധീകരണശാല എന്നിവിടങ്ങളിൽ പുതിയ ഇലക്ട്രിക്കൽ സബ്സ്റ്റേഷനുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തോടെ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കും പഞ്ചായത്തുകൾക്കുമായി അധികമായി 8 എം.എൽ.ഡി. ജലം ലഭ്യമാകുന്നതാണ്.

(സി) അധികമായി ജലം ലഭിക്കുന്നതുമൂലം ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലേയും പായിപ്പാട്, തൃക്കൊടിത്താനം വാഴപ്പള്ളി, മാടപ്പള്ളി, കുറിച്ചി എന്നീ പഞ്ചായത്തുകളിലെയും കുടിവെള്ള പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കുന്നതാണ്.

**വാട്ടർ അതോറിറ്റിയിലെ എഞ്ചിനീയർ തസ്തികകൾ**

213 (2756) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ എത്ര എഞ്ചിനീയർമാരുടെ തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്;

(ബി) തസ്തിക തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) ഈ തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) 3

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർ- 1

അസിസ്റ്റന്റ് എഞ്ചിനീയർ - 2

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)No. 10812/2017 എന്ന കേസ്സിലെ 13-11-2017-ലെ ഇടക്കാല ഉത്തരവ് പ്രകാരമാണ് കേരള വാട്ടർ അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ഒഴിച്ചിട്ടിട്ടുള്ളത്.

നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടെ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി നിയമനം നടത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടിവെള്ള വിതരണ സംവിധാനം സ്മാർട്ട് ആക്കാൻ പദ്ധതി**

214 (2757) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം സ്മാർട്ട് ആക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതിനായുള്ള ധനസഹായം ഏത് ഏജൻസിയിൽ നിന്നാണ് ലഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) നിലവിലുള്ള മീറ്ററുകൾ ഈ പദ്ധതി പ്രകാരം മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ, നിലവിലുള്ള മീറ്റർ റീഡർ തസ്തിക നിർത്തലാക്കേണ്ടിവരുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം ഒരുക്കുന്നതിനുള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്:

1. ഉല്പാദന ഘടകങ്ങളിൽ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളായി തിരിച്ച് ഡി.എം.എ. (District Metering Area) കൾ സ്ഥാപിച്ച് ജലവിതരണം കാര്യക്ഷമമാക്കുകയും ജല ചോർച്ച നിയന്ത്രണത്തിൽ ആക്കുകയും ചെയ്യുക.

4. മർദ്ദ നിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. SCADA (Supervisory control and data acquisition) പോലെയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി GIS (Geographical Information System) മാപ്പ് തയ്യാറാക്കുക.

9. ഐ.റ്റി. അധിഷ്ഠിത MIS (Management Information System) ലൂടെ കൃത്യമായ മാനേജ്മെന്റ് സംവിധാനങ്ങൾ ഉറപ്പാക്കുക.

(ബി & സി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ (എ.ഡി.ബി.) ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രസ്തുത പദ്ധതി കേന്ദ്ര നഗരവികസന മന്ത്രാലയം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ നിലവിലുള്ള മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ പദ്ധതിയിൽ ഉദ്ദേശിക്കുന്നുണ്ട്.

(ഇ) 5 ശതമാനം മീറ്ററുകൾ മാത്രമേ സ്മാർട്ട് മീറ്ററുകൾ ആക്കി മാറ്റുന്നുള്ളൂ. മീറ്റർ റീഡർ തസ്തിക നിർത്തലാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ കൃത്രിമ മഴ**

215 (2758) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം രൂക്ഷമായ വരൾച്ച നേരിടേണ്ടിവരുമെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഡാമുകളുടെ വൃഷ്ടി പ്രദേശങ്ങളിൽ കൃത്രിമ മഴ പെയ്യിക്കാനുള്ള പരീക്ഷണങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ഡാമുകളുടെ വൃഷ്ടി പ്രദേശത്താണ് പരീക്ഷണം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത്, ഏത് ഏജൻസി വഴി നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ജലവിഭവ വകുപ്പ് കൃത്രിമ മഴ പെയ്യിക്കുന്നതിനുള്ള പരീക്ഷണങ്ങൾക്ക് നടപടി ഒന്നും സ്വീകരിച്ചിട്ടില്ല.

**കണ്ണോത്ത് കുടിവെള്ള പദ്ധതി**

216 (2759) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച, മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് കുടിവെള്ള പദ്ധതി നാളിതുവരെയായിട്ടും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു; പദ്ധതിക്ക് ആകെ വേണ്ടിവരുന്ന ചെലവ് എത്രയാണ്;

(സി) മുൻവർഷം പ്രസ്തുത പദ്ധതിക്കായി വരൾച്ചാദുരിതാശ്വാസ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഈ തുക ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾ ചെയ്തു എന്നറിയിക്കാമോ;

(ഡി) വരുന്ന വേനൽക്കാലത്തിന് മുമ്പ് പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പ്രസ്തുത പദ്ധതി 28-9-2015-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. പൂർണ്ണമായി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ടെക്നോളജി മിഷനിൽ ഉൾപ്പെടുത്തി 426.13 ലക്ഷം രൂപ ചെലവഴിച്ചു. പദ്ധതി

പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായുള്ള ചാർജ്ജിംഗ്- കമ്മീഷനിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. ഇതിനായി നിലവിൽ വരൾച്ചാ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി 23 ലക്ഷം രൂപയുടെയും സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 10 ലക്ഷം രൂപയുടെയും പണികൾ നടന്നുവരുന്നു. ഇത് പൂർത്തീകരിക്കുന്നതിലേയ്ക്കായി അധികമായി 22 ലക്ഷം രൂപ കൂടി വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി & ഡി) ഉണ്ട്. വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും 23 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 3 ലക്ഷം രൂപയിൽ ഉൾപ്പെടുന്ന ഇന്റർ കണക്ഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. 20 ലക്ഷം രൂപയുടെ ചാർജ്ജിംഗ്, കമ്മീഷനിംഗ് പ്രവൃത്തികൾ, പൊതുടാപ്പുകൾ സ്ഥാപിക്കൽ, ഇന്റർകണക്ഷൻ വർക്കുകൾ എന്നീ പ്രവൃത്തികളാണ് നടന്നുവരുന്നത്. ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പാറ്റൂർ കുടിവെള്ള പദ്ധതി

217 (2760) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഏറ്റവും പ്രധാന കുടിവെള്ള പദ്ധതിയായ പാറ്റൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ നൂറനാട് പാറ-ഇടപ്പോൺ റോഡിന്റെ ഭാഗത്ത് തകർന്ന പൈപ്പ് ലൈൻ മാറ്റി പുതിയത് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് എം. എൽ. എ. നൽകിയ എസ്റ്റിമേറ്റ് അടക്കമുള്ള കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പൈപ്പ് ലൈൻ മാറ്റി പുതിയത് സ്ഥാപിക്കുന്നതിനാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) നൂറനാട് പാറ്റൂർ-ഇടപ്പോൺ റോഡിന്റെ ഭാഗത്ത് തകർന്ന പൈപ്പ്ലൈൻ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 98 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-19-ലെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള പദ്ധതികൾ

218 (2761) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടപ്പിലാക്കിയ ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നടപ്പിലാക്കാൻ ശേഷിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരോ മുൻ സർക്കാരുകളോ തുടങ്ങിവച്ച ഏതെങ്കിലും പദ്ധതികൾ റദ്ദ് ചെയ്തിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ സംസ്ഥാനത്ത്എത്ര കുഴൽ കിണറുകൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിൽ സർക്കാർ ഫണ്ടുപയോഗിച്ച് നിർമ്മിച്ചതും സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും നിർമ്മിച്ചതും എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ ചെറുതും വലുതുമായ കുടിവെള്ള പദ്ധതികൾ മണ്ഡലം തിരിച്ച് അനുബന്ധം 1 ആയും ജലനിധി പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1A ആയും ഭൂജല വകുപ്പിന്റെ വിവരം അനുബന്ധം 1B ആയും ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കാൻ ശേഷിക്കുന്ന പദ്ധതികൾ മണ്ഡലം തിരിച്ച് അനുബന്ധം 2 ആയും അമൃത് പദ്ധതികൾ 2A ആയും ഭൂജല വകുപ്പിന്റെ വിവരം 2B ആയും ഉള്ളടക്കം ചെയ്യുന്നു.*

(സി & ഡി) ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ അനുവദിച്ച 55 പദ്ധതികൾ നടപ്പാക്കുന്നത് നിർത്തിവച്ചിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്.* ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള കേന്ദ്ര ധനസഹായത്തിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശം കാരണവും കേന്ദ്ര സഹായത്തിലുള്ള ഗണ്യമായ കുറവ് കാരണവുമാണ് മേൽ തീരുമാനം എടുക്കാൻ നിർബന്ധിതമായത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഇ & എഫ്) കഴിഞ്ഞ 5 വർഷത്തിനിടയിൽ കേരള വാട്ടർ അതോറിറ്റി 147 കുഴൽക്കിണറുകൾ സർക്കാർ ഫണ്ട് വിനിയോഗിച്ച് കുഴിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് സർക്കാർ ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 4600 കുഴൽക്കിണറുകളും സ്വകാര്യ വ്യക്തികളുടെ/സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് 4352 കുഴൽക്കിണറുകളും കുഴിച്ചിട്ടുണ്ട്.

**ഇരട്ടക്കുളം നവീകരിക്കാൻ നടപടി**

219 (2762) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യ ജലസ്രോതസ്സുകളായ കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിൻ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിൻ കീഴിൽ വരുന്ന മൂന്നേക്കറോളം വിസ്തൃതിയുള്ള ഇരട്ടകുളം നവീകരിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) ഹരിതകേരളം, കുളങ്ങളുടെ പുനരുദ്ധാരണം, നബാർഡ്, സർക്കാർ പ്രത്യേകമായി പ്രഖ്യാപിക്കുന്ന പദ്ധതികൾ എന്നിവയാണ് പാരമ്പര്യ ജലസ്രോതസ്സുകളായ കുളങ്ങൾ നവീകരിച്ച് സംരക്ഷിക്കുന്നതിന് ജലവിഭവ വകുപ്പിൻകീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ.

(ബി) ഇരട്ട കുളത്തിന്റെ പുനരുദ്ധാരണ പ്രവർത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

220 (2763) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ജലസേചന വകുപ്പ്

ആലത്തൂർ മണ്ഡലത്തിൽ ജലസേചന വകുപ്പിന് കീഴിൽ ഹരിതകേരളം പദ്ധതിയിലുൾപ്പെടുത്തി 7 കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രസ്തുത കുളങ്ങൾ താഴെച്ചേർക്കുന്നു.

1. അനന്തൻ കുളം, ആലത്തൂർ പഞ്ചായത്ത്

2. ഗണപതിക്ഷേത്ര കുളം, കുഴൽമന്ദം പഞ്ചായത്ത്

3. പനയൻചിറ കുളം, തേൻകുറിശ്ശി പഞ്ചായത്ത്

4. ചാത്തംകുളം, എരിമയൂർ പഞ്ചായത്ത്

5. പൈതലക്കുളം, വണ്ടായി പഞ്ചായത്ത്

6. കരുമാനിശ്ശേരി ഗ്രാമക്കുളം, കിഴക്കൻചേരി പഞ്ചായത്ത്

7. കർക്കടക്കോട് കുളം, മേലാർകോട് പഞ്ചായത്ത്

പദ്ധതി വിഭാഗം 1

ഈ കാര്യാലയത്തിനുകീഴിൽ മംഗലം, ചേരാമംഗലം എന്നീ പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പദ്ധതികളുടെ കാഡാഫീൽഡ് കനാലുകളുടെയും ഫീൽഡ് ബോത്തികളുടെയും പുനരുദ്ധാരണത്തിനായി സമർപ്പിച്ച 400 ലക്ഷം രൂപയുടെ (മംഗലം-200 ലക്ഷം, ചേരാമംഗലം-200 ലക്ഷം) പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ചേരാമംഗലം പദ്ധതിയുടെ കനാലുകളുടെ ഷട്ടറുകളും സ്ലൂയിസുകളും പുതുക്കി സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾ, വിളജല കലണ്ടർ എന്നിവ 'നിറ' യിൽ ഉൾപ്പെടുത്തി ചെയ്യുവാൻ നടപടി സ്വീകരിക്കുന്നതാണ്.

കേരള ജല അതോറിറ്റി

ആലത്തൂർ മണ്ഡലത്തിൽ കേരള ജല അതോറിറ്റിയുടെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

221 (2764) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും, ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കപ്പെട്ട ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കുളങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഹരിതകേരളം പദ്ധതി പ്രകാരം എത്ര കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്ന വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ കുളങ്ങളൊന്നും തന്നെ ജലസേചന വകുപ്പ് നവീകരിച്ചിട്ടില്ല.

(ബി & സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 4 കുളങ്ങൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി നൽകിയത്.

1. കുറുമാലി ക്ഷേത്രക്കുളം
2. പൂത്തൂർ കുളം
3. ചെമ്പൻ കുളം
4. ചാണ്ടിക്കുളം

(ഡി) സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കാട്ടാക്കട പഞ്ചായത്ത് ആമച്ചൽ കുളം റീചാർജ്ജ് ചെയ്യുന്നതിന് നടപടി

222 (2765) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്ത് ആമച്ചൽ കുളം റീചാർജ്ജ് ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ ഇതിനായുള്ള തുടർനടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. കാട്ടാക്കട പഞ്ചായത്തിൽ ആമച്ചൽ കുളം റീചാർജ്ജ് ചെയ്യുന്നതിലേയ്ക്കുള്ള 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടക്കൊച്ചി പ്രദേശത്തെ ശുദ്ധജലക്ഷാമം**

223 (2766) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെടുന്ന ഇടക്കൊച്ചി പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കാവശ്യമായ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) ഇടക്കൊച്ചി പദ്ധതിയുടെ അരൂർ പൂജപ്പുര ജംഗ്ഷൻ മുതൽ അരൂർ, ഇടക്കൊച്ചി പാലത്തിന്റെ തെക്കെ അറ്റം വരെ 450 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

അരൂർ, ഇടക്കൊച്ചി പാലത്തിന്റെ സമീപം 650 മീറ്റർ 500 മി.മീ. HDPE സ്ഥാപിക്കുന്ന പ്രവൃത്തിയും പാലത്തിന്റെ വടക്ക് ഭാഗത്ത് നിന്നും 1050 മീറ്റർ 450 മി.മീ. ഡി.ഐ. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ബാക്കി 1000 മീറ്റർ 450 മി.മീ. ഡി.ഐ.പൈപ്പ് സ്ഥാപിക്കുന്നതിന് അമൃത് പദ്ധതിയിൽപ്പെടുത്തി ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. പാമ്പായി മൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് 278 ലക്ഷം രൂപയുടെ അനുമതി നൽകിയിരുന്നെങ്കിലും പുതുക്കിയ നിരക്കിൽ തുക മതിയാകാതെ വന്നതിനാൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്ത് ഈ വർഷം ലഭിച്ച മഴ

224 (2767) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഇതേ വരെ എത്ര മഴയാണ് ലഭിച്ചിട്ടുള്ളത്; മുൻവർഷം ഇതേ തീയതിവരെ ലഭിച്ച മഴയുമായി താരതമ്യം ചെയ്താൽ കൂടുതൽ മഴ ലഭിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മിക്ക നദികളിലും നദീജലത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ശാസ്ത്രീയമായി ഇത് വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുക ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നദികളിലെ ജലത്തിന്റെ അളവ് അപകടകരമാം വിധം കുറയുന്നതുമൂലം ഈ നദികളെ ആശ്രയിച്ച പ്രവർത്തിക്കുന്ന ജലവിതരണ പദ്ധതികൾ പലപ്പോഴും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന് ശാശ്വതപരിഹാരം കാണുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് 2018 വർഷം ജനുവരി 29-ാം തീയതി വരെ 1.0 mm മഴ ലഭിച്ചിട്ടുണ്ട്. എന്നാൽ 2017 ജനുവരി മാസം 29-ാം തീയതി വരെ 11.6 mm മഴ ലഭിച്ചിരുന്നു. 2017 ജനുവരിയിൽ ലഭിച്ച മഴയേക്കാൾ 91.37 ശതമാനം കുറവാണ്.

(ബി) ഉണ്ട്. സംസ്ഥാനത്തുള്ള നദികളിൽ സ്ഥാപിച്ചിട്ടുള്ള റിവർ ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റകൾ വച്ച് ഓരോ നദികളിലും ലഭിക്കുന്ന നീരൊഴുക്കിന്റെ അളവുകളും അളവിൽ വരുന്ന മാറ്റങ്ങളും ഓരോ വർഷവും വിശകലനം ചെയ്യുന്നുണ്ട്. ഭാരതപ്പുഴയിലെ ജലലഭ്യതയെ സംബന്ധിച്ച് ശാസ്ത്രീയ പഠനം ഹൈഡ്രോളജി പ്രോജക്ട് 2-ന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സെൻട്രൽ സെക്ടർ സ്കീമായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ "വാട്ടർ റിസോഴ്സസ് ഓപ്പറേഷൻ ആന്റ്

പ്ലാനിംഗ് സിസ്റ്റം" എന്ന ഘടകത്തിൽ നദീതട അടിസ്ഥാനത്തിലുള്ള മോഡലിംഗ് സ്റ്റഡീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമായി പഠനം നടത്തുവാൻ തൃശ്ശൂർ ഹൈഡ്രോളജി ഡിവിഷന് കീഴിൽ 3 നദികളും (കരുവന്നൂർ, ചാലിയാർ, ചന്ദ്രഗിരി) ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷന് കീഴിൽ 3 നദികളും (വാമനപുരം, പമ്പ, മീനച്ചിൽ) തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദികളിലെ ജലലഭ്യതയിലും നീരൊഴുക്കിലും മുൻ വർഷമുണ്ടായ കുറവ് കാരണം കുടിവെള്ള പമ്പിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നദീജലത്തിൽ ഓരുവെള്ളം കയറിയത് (ഉപ്പുവെള്ളക്കയറ്റം) കാരണവും പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം അഥവാ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കി, മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നിർവ്വഹിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.

കൂടാതെ ജലവിതരണ പദ്ധതികളിൽ ജലം ലഭിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 34 റെഗുലേറ്ററുകൾ പണി കഴിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 9 റെഗുലേറ്ററുകളുടെ ഡിസൈൻ പൂർത്തിയാക്കി ഡ്രോയിംഗുകൾ നൽകിയിട്ടുണ്ട്. 12 റെഗുലേറ്ററുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. 13 റെഗുലേറ്ററുകളുടെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. നദികളെ ചെറിയ ജലസംഭരണികളാക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പാക്കിയ പദ്ധതികൾ പഠിക്കുന്നതിനും ആയത് നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ഗോവയിലെ "ബന്ധാര" സ്കീം സന്ദർശിക്കുകയുമുണ്ടായി. ആയത് പ്രാവർത്തികമാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചുവരുന്നു.

ജലസംഭരണികൾ സ്രോതസ്സുകൾ ആയുള്ള കേരള ജല അതോറിറ്റി പദ്ധതികളിൽ കാര്യമായ ജലലഭ്യതക്കുറവ് അനുഭവപ്പെടുന്നില്ല എന്നത് കണക്കിലെടുത്ത് നദികൾ തന്നെ ജലസംഭരണികൾ ആക്കുക എന്ന ആശയത്തിന് പ്രചാരം ലഭിച്ചിട്ടുണ്ട്. നദിയിലെ നീരൊഴുക്ക് ശാസ്ത്രീയമായി പഠിച്ച് തണ്ണീർത്തട സംരക്ഷണം വഴി നദികളിലെ ഗതിവ്യതിയാനങ്ങൾക്കും ഉയർച്ച താഴ്ചകൾക്കനുസൃതമായി സ്ഥിരം തടയണകളും ആർ.സി.ബി.കളും നിർമ്മിക്കുക എന്നതാണ് ശാശ്വത പരിഹാരം.

## കുളത്തൂപ്പുഴ-ഇട്ടിവ അലൈഡ് കുടിവെള്ള പദ്ധതി

225 (2768) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുളത്തൂപ്പുഴ-ഇട്ടിവ അലൈഡ് കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കുളത്തൂപ്പുഴയ്ക്കും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കുളത്തൂപ്പുഴ, അലയമൺ, ഇട്ടിവ, ഏരൂർ എന്നീ വില്ലേജുകൾ ആണ് ഉൾപ്പെടുന്നത്. കിണർ, ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഉപരിതല ജലസംഭരണി (ഭാരതിപുരം), സോൺ 1 (എ)-യിലെ വിതരണ ശൃംഖല എന്നിവയുൾപ്പെട്ട ഈ പദ്ധതിയുടെ 1-ാം ഘട്ടം പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. ഇട്ടിവ പ്രദേശത്തെ വിതരണ ശൃംഖലയ്ക്കായി പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1815 ലക്ഷം രൂപയുടെ പദ്ധതിക്ക് 2012-ൽ അംഗീകാരം ലഭിച്ചിരുന്നു. ഈ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിരുന്നെങ്കിലും ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്കുള്ള ഫണ്ടിന്റെ അപര്യാപ്തത കാരണം പദ്ധതി നിർവ്വഹണം തടസ്സപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ സോൺ III-ലെ ജലവിതരണം സാധ്യമാക്കുന്നതിനായി 3.4 ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പും പമ്പ് ഹൗസും (തോട്ടുമുക്കം), സോൺ III-ലെ വിതരണശൃഖലയും ഉൾപ്പെടുന്ന ഒരു പദ്ധതിക്ക് സ്റ്റേറ്റ് പ്ലാൻ ഓപ്റ്റിമൈസേഷൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി 410 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

NRDWP-യിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ശേഷിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് DSR 2016 പ്രകാരം തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കൃഷിക്കായുള്ള ജലവിതരണം

226 (2769) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജല ലഭ്യത കുറഞ്ഞതും ഉയർന്ന പ്രദേശങ്ങളും, സമതല പ്രദേശങ്ങളും ഉൾപ്പെടുന്നതുമായ പാടശേഖരങ്ങളിലേയ്ക്കുള്ള ജലവിതരണ സംവിധാനം കുറ്റമറ്റതല്ലെന്നത് സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ജലം ആവശ്യമുള്ള പ്രദേശങ്ങളിലെ കനാലുകളിൽ ശാസ്ത്രീയമായി സ്പൌട്ട് സ്ഥാപിച്ച് കൃഷി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശാസ്ത്രീയമായി പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി**

227 (2770) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ സ്തംഭനാവസ്ഥയിലായ കുടിവെള്ള പദ്ധതി പുനരാരംഭിക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി സംസ്ഥാന പദ്ധതിയുടെ ഓപ്റ്റിമൈസേഷൻ ഹെഡിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിഗണിച്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാറശ്ശാല നിയോജക മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയിൽ ഇനി പൂർത്തിയാക്കാനുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനും അനുബന്ധ ജോലികളുടെ നടത്തിപ്പിനുമായി 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പദ്ധതിയുടെ ഓപ്റ്റിമൈസേഷൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി 380 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കുടിവെള്ളത്തിന്റെ ഗുണനിലവാരം**

228 (2771) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മുഖേന വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ/സംവിധാനങ്ങൾ നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം കൃത്യതയോടെ ഉറപ്പുവരുത്തുന്നതിന് ശാസ്ത്രീയവും ആധുനികവുമായ സംവിധാനങ്ങൾ നടപ്പിലാക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലാബുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ലാബുകൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ ക്വാളിറ്റി കൺട്രോൾ ഡിവിഷനുകളുടെ കീഴിലാണ് പ്രവർത്തിച്ചുവരുന്നത്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന മാനദണ്ഡമനുസരിച്ച് ശുദ്ധീകരണത്തിന്റെയും വിതരണത്തിന്റെയും വിവിധ ഘട്ടങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധന നടത്തി ഉറപ്പുവരുത്തുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം നിരന്തരം പരിശോധിച്ച് വരുന്നുണ്ട്. ഇതിനുപുറമെ കുടിവെള്ളത്തിലെ കീടനാശിനികൾ, ഘനലോഹങ്ങൾ മുതലായവയുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിനുള്ള ആധുനിക സംവിധാനങ്ങളുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും കൊച്ചിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജല ഗുണനിലവാര പരിശോധനയ്ക്കാവശ്യമായ അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്റർ, ഗ്യാസ് ക്രോമാറ്റോഗ്രാഫ് തുടങ്ങിയ ആധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിന് എൻ.എ.ബി.എൽ. അക്രെഡിറ്റേഷനും ലഭിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെ നിറം, കലക്കൽ, അമ്ലത, ക്ഷാരത, കാഠിന്യം, DTS, കാൽഷ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ലൂറൈഡ്, അയൺ, സൾഫേറ്റ്, നൈട്രേറ്റ്, റെഡിഡ്യൂൾ, ക്ലോറിൻ, കോളിഫോം എന്നീ ഘടകങ്ങളും പരിശോധിച്ച് ഗുണനിലവാര മാനദണ്ഡങ്ങൾക്കനുസരിച്ചാണ് എന്നുറപ്പ് വരുത്തുന്നുണ്ട്.

**കുടിവെള്ളമെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

229 (2772) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമാകുന്ന വരൾച്ചയോടനുബന്ധിച്ച് എല്ലാ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) പ്രകൃതിദത്തമായ ശുദ്ധജല സ്രോതസ്സുകളിലേക്ക് ഉപ്പു വെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ;

(സി) ശുദ്ധജല സ്രോതസ്സുകളും കിണറുകളും സംരക്ഷിച്ച് ഭൂഗർഭജല ചൂഷണം കുറയ്ക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുക, അടിക്കടി ലീക്ക്മൂലം ജലനഷ്ടം സംഭവിക്കുന്ന വിതരണക്കുഴലുകൾ മാറ്റി പുതിയവ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾക്ക് മുൻഗണന നൽകി നടപ്പിലാക്കുക. അതോറിറ്റിയുടെ കിണറുകളിലെ ചെളിയും മണ്ണും നീക്കം ചെയ്ത് പ്ലംബിംഗ് സ്റ്റേഷനുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവൃത്തികൾ നടപ്പാക്കുക, തീരെ കാര്യക്ഷമതയില്ലാത്ത പമ്പുകൾ മാറ്റി വയ്ക്കുകയും കേട് വന്ന പമ്പ് സെറ്റുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക. കൂടുതൽ പമ്പിംഗ് ആവശ്യമായ സ്ഥലങ്ങളിൽ ആയതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക, ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിതശേഷി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുക എന്നിവയാണ് പ്രധാനമായും ചെയ്തുവരുന്നത്.

ഇതുകൂടാതെ സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ ബ്ലൂ ബ്രിഗേഡ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. നിയമ വിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും മറ്റും കണ്ടുപിടിക്കുന്നതിനും സ്ക്വാഡ് പ്രവർത്തനം ഊർജ്ജിതമായി നടപ്പിലാക്കിവരുന്നു. ആവശ്യമായ സ്ഥലങ്ങളിൽ ടാങ്കറുകളിൽ വെള്ളം നിറയ്ക്കുന്നതിനുള്ള ഫില്ലിംഗ് സ്റ്റേഷനുകളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ശുദ്ധജല സ്രോതസ്സുകളിലേയ്ക്ക് ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനായി തടയണ കെട്ടുകയും റെഗുലേറ്റർ നിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഉപ്പ് വെള്ളത്തിന്റെ കടന്നുകയറ്റം കാരണം ലവണാംശം അനുവദനീയമായ അളവിലും കൂടുതൽ എല്ലാ വർഷവും ഉണ്ടാകാറുള്ള സ്ഥലങ്ങളിൽ സ്ഥിരം തടയണകൾ അല്ലെങ്കിൽ RCB-കൾ നിർമ്മിക്കുവാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അപ്രതീക്ഷിത ഘട്ടങ്ങളിൽ ഉണ്ടാകുന്ന ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം താല്ക്കാലിക തടയണകൾ നിർമ്മിച്ചാണ് പരിഹരിക്കുന്നത്.

(സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് 2002 പ്രകാരം, കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ ഭൂജല ഉപയോഗത്തിന് കർശനമായ നിബന്ധനകൾ നിഷ്കർഷിച്ചിട്ടുമുണ്ട്. ഇത്തരം പ്രദേശങ്ങളിൽ കുഴൽക്കിണറുകളുടെ നിർമ്മാണത്തിനും നിലവിലുള്ള കിണറുകൾ പരിവർത്തനം ചെയ്യുന്നതിനും അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. നദികളിലെയും തോടുകളിലെയും നീരൊഴുക്ക് ശരിയായ വിധത്തിൽ പുന:സ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഭൂജലവിതരണം താഴാതെ നിലനിർത്തുക എന്നിവയും നടപ്പിലാക്കിവരുന്നു. ഹരിതകേരളം മിഷന്റെ ഉപമിഷനായ 'ജലസമൃദ്ധി' യുടെ ഭാഗമായി ജല സ്രോതസ്സുകളായ കുളങ്ങൾ, നദികൾ, തോടുകൾ എന്നിവയുടെ നവീകരണവും ശുദ്ധീകരണവും ലക്ഷ്യമിട്ട് സംയോജിത നീർത്തടാധിഷ്ഠിത പദ്ധതികൾ തയ്യാറാക്കി വിവിധ വകുപ്പുകളുടെ ഏകോപനവും പങ്കാളിത്തവും ഉറപ്പാക്കി ജലലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന തരത്തിൽ പദ്ധതി നിർവ്വഹിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജ്ജിംഗും ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി വരുന്നു.

**'ജലനിധി' പദ്ധതി**

230 (2773) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതൊക്കെ പഞ്ചായത്തുകളിൽ 'ജലനിധി' പദ്ധതി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതുതായി പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

(സി) മഞ്ചേശ്വരം മണ്ഡലത്തിലെ വൊർക്കാടി, എൻമകജെ, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പുതിയ ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്തിട്ടില്ല.

(ബി & സി) നിലവിലുള്ള ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ പുതിയ ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. ജലനിധി രണ്ടാംഘട്ടം പൂർത്തീകരിച്ച് മൂന്നാംഘട്ടം ആരംഭിക്കുമ്പോൾ മാനദണ്ഡങ്ങൾ അനുസരിച്ച് പുതിയ ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതാണ്.

**ജലനിധി പദ്ധതി**

231 (2744) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി പ്രകാരം എത്ര പദ്ധതികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഇതുമൂലം എത്ര പേർക്കാണ് കുടിവെള്ളം ലഭിക്കുന്നത്;

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ഏതെല്ലാം പദ്ധതികളുടെ വിതരണ ശൃംഖലകളാണ് ജലനിധിക്ക് കൈമാറുന്നത്; ഈ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(സി) ജലനിധി പദ്ധതികളുടെയും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെയും സോഷ്യൽ ഓഡിറ്റ് നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ജലനിധി ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കിയ ചവറ-പന്മന കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃസമിതി എന്ന് വരെയുള്ള വാട്ടർ ചാർജ് വാട്ടർ അതോറിറ്റിക്ക് അടച്ചിട്ടുണ്ടെന്നും എത്ര കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2000-2008 കാലയളവിൽ നടപ്പിലാക്കിയ ജലനിധി ഒന്നാംഘട്ടത്തിൽ 3710 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുകയും അതുവഴി 10.56 ലക്ഷം ജനങ്ങൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു. 2012-2018 കാലയളവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലനിധി രണ്ടാംഘട്ടത്തിൽ 2017 ഡിസംബർ 31 വരെയുള്ള കണക്കനുസരിച്ച് 1663 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കുകയും അതുവഴി 5.62 ലക്ഷം ജനങ്ങൾക്ക് കുടിവെള്ള സൗകര്യം നൽകുകയും ചെയ്തു.

(ബി) കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്ത് ജലനിധി പദ്ധതിയിൻകീഴിൽ പുനരുദ്ധാരണം ചെയ്യുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ജലനിധി കുടിവെള്ള പദ്ധതികൾ എല്ലാംതന്നെ സോഷ്യൽ ഓഡിറ്റിന് വിധേയമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കിയ ചവറ-പന്മന കുടിവെള്ള പദ്ധതിയുടെ ഭാഗമായി പന്മന പഞ്ചായത്തിൽ മൂന്ന് ഉപരിതല സംഭരണികളിലൂടെയാണ് കുടിവെള്ള വിതരണം നടത്തിവരുന്നത്. ഇതിൽ PM1 (കോലത്തുമുക്ക്), PM3 (ഇടപ്പള്ളിക്കോട്ട) എന്നിവയിൽ 12/2013 വരെയുള്ള വാട്ടർ ചാർജ്ജ് അടച്ചിട്ടുണ്ട്. PM2 (പന്മനാശ്രമം)-ൽ 12/2014 വരെയുള്ള വാട്ടർ ചാർജ്ജ് അടച്ചിട്ടുണ്ട്. ചവറ പഞ്ചായത്തിലെ ഗുണഭോക്തൃ സമിതി CH2 (പയ്യലക്കാവ്), CH3 (കൊറ്റംകുളങ്ങര) എന്നിവയിൽ 12/2013 വരെയും CH2 (ചെമ്പേറ്റിക്കാവ്)-ൽ 03/2014 വരെയുമുള്ള വാട്ടർ ചാർജ്ജും അടച്ചിട്ടുണ്ട്. CH4 (ഇടത്തുരുത്ത്), CH5 (കുളങ്ങര ഭാഗം) എന്നിവിടങ്ങളിൽ 03/2016 മുതലും 10/2016 മുതലും യഥാക്രമം കുടിവെള്ള വിതരണം നടത്തിവരുന്നു. ഈ കണക്ഷനുകളിൽ നാളിതുവരെ വാട്ടർ ചാർജ്ജ് അടച്ചിട്ടില്ല. ചവറ കുടിവെള്ള പദ്ധതിയിൽ 31-12-2017 വരെ 2,01,14,056 രൂപയും പന്മന കുടിവെള്ള പദ്ധതിയിൽ 31-12-2017 വരെ 2,79,70,712 രൂപയും ആകെ ചവറ-പന്മന കുടിവെള്ള പദ്ധതിയിൽ 4,80,84,768 രൂപ കുടിശ്ശികയുണ്ട്.

**വാട്ടർ അതോറിറ്റിയുടെ വരുമാന വർദ്ധനവിനുള്ള നടപടി**

232 (2775) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഉൾപ്പെടെയുള്ള പ്രതിമാസ വരുമാനം എത്രയെന്നും മൊത്തം ചെലവ് പ്രതിമാസം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കുപ്പിവെള്ള വിതരണ മേഖല നിലവിൽ സ്വകാര്യ കമ്പനികളുടെ നിയന്ത്രണത്തിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വരുമാന വർദ്ധനവിന് സഹായകരമായതും ജനങ്ങൾക്ക് ഉപകാര പ്രദവുമായ കുപ്പിവെള്ള വിതരണ രംഗത്ത് വാട്ടർ അതോറിറ്റി നൂതന സംരംഭങ്ങൾ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കാമോ?

ഉത്തരം

(എ) വെള്ളക്കരം ഉൾപ്പെടെയുള്ള പ്രതിമാസ വരുമാനം 74.57 കോടി രൂപയും ചെലവ് 106.37 കോടി രൂപയുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. അരുവിക്കരയിൽ 7200 ലിറ്റർ സ്ഥാപിതശേഷിയുള്ള ബോട്ട്ലിംഗ് പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

**കോങ്ങാട് മണ്ഡലത്തിലെ കുടിവെള്ള വിതരണ പദ്ധതികൾ**

233 (2776) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) സമയബന്ധിതമായി അനുമതി ലഭിക്കുന്നതിനായി പ്രസ്തുത പദ്ധതികൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 2017-18 ബഡ്ജറ്റിലെ കിഫ്ബിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട കരിമ്പ, കോങ്ങാട് ഗ്രാമ പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിനുവേണ്ടി 12 എം.എൽ.ഡി. ജലശുദ്ധീകരണ ശാല, 13 എൽ.എൽ. ഉന്നതതല സംഭരണി, റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് ഹൗസ്, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനുകൾ, പമ്പ് സെറ്റുകൾ, ട്രാൻസ്ഫോർമർ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന 27.3 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഡി.എസ്.ആർ. 2016 പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. ആയതിന് തത്വത്തിൽ അംഗീകാരവും കിഫ്ബി അംഗീകാരവും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജല അതോറിറ്റി**

234 (2777) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ജലഅതോറിറ്റി വെള്ളക്കരം ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ജലഅതോറിറ്റി സംസ്ഥാന വൈദ്യുതി ബോർഡിന് എത്ര രൂപ കുടിശ്ശിക അടയ്ക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുതി ബോർഡിന് അടയ്ക്കാനുണ്ടായിരുന്ന കുടിശ്ശിക തുകക്ക് ഇതിന് മുമ്പ് ഇളവ് ലഭിക്കുകയോ ആനുകൂല്യങ്ങൾ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ജലഅതോറിറ്റിയുടെ എത്ര ഓഫീസുകളിൽ വിജിലൻസ് പരിശോധന നടത്തിയിട്ടുണ്ട് ; ഈ പരിശോധനയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും അതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31-1-2018 വരെ വെള്ളക്കരം ഇനത്തിൽ 933.05 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) ജല അതോറിറ്റി സംസ്ഥാന വൈദ്യുതി ബോർഡിന് വൈദ്യുതി ചാർജ്ജിനത്തിൽ 30-9-2017 വരെ 789.62 കോടി രൂപ കുടിശ്ശിക നൽകുവാനുണ്ട്.

(സി) വൈദ്യുതി ബോർഡിന് അടയ്ക്കുവാനുണ്ടായിരുന്ന കുടിശ്ശിക തുകയ്ക്ക് ഇതിനുമുമ്പ് ഉളവുകൾ ലഭിച്ചിട്ടുണ്ട്.

(എ) സർക്കാർ ഉത്തരവ് G.O(Ms) No.45/08/WRD Dated 26-09- 2008 പ്രകാരം 31-3-2008 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയായ 774 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 250 കോടി രൂപയായി നിജപ്പെടുത്തുകയും വാട്ടർ അതോറിറ്റി ഈ തുക ഒടുക്കുകയും ചെയ്തു.

(ബി) സർക്കാർ ഉത്തരവ് G.O (Ms) No.24/2015/PD Dated 29-6-2015 പ്രകാരം വൈദ്യുതി ബോർഡ് സർക്കാരിന് വൈദ്യുതി ഡ്യൂട്ടിയിനത്തിൽ നൽകേണ്ടിയിരുന്ന 500 കോടി രൂപ വാട്ടർ അതോറിറ്റി വൈദ്യുതി ബോർഡിന് നൽകേണ്ടിയിരുന്ന കുടിശ്ശിക തുകയിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജല അതോറിറ്റിയുടെ 6 ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കേരള വാട്ടർ അതോറിറ്റിയുടെ ഒരു മാസത്തെ ചെലവ്**

235 (2778) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ ഒരു മാസത്തെ ചെലവ് ഇനം തിരിച്ച് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ആകെ റവന്യൂ വരുമാനം എത്രയാണ്; എത്ര തുകയാണ് റവന്യൂ ഇനത്തിൽ ഇപ്പോൾ പിരിഞ്ഞു കിട്ടാനുള്ളത്;

(സി) 2016-17 വർഷത്തെ വാട്ടർ അതോറിറ്റിയുടെ റവന്യൂ ചെലവ്, റവന്യൂ വരുമാനം, സർക്കാർ നൽകിയ ഗ്രാന്റ് എന്നിവ എത്രയൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള വാട്ടർ അതോറിറ്റിയിലെ സാമ്പത്തിക വിഭാഗത്തിലെ അക്കൗണ്ട്സ് മെമ്പർ തസ്തിക വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഈ ഒഴിവ് നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

(എ) ഉത്തരം

| ഏകദേശ പ്രതിമാസ ചെലവ് | രൂപ (കോടി) |
|---|---|
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.5 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി.യും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും | 8.17 |
| വൈദ്യുതി ചെലവ് | 23.7 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 8 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പലിശയും | 4 |
| മൊത്തം | 106.37 |

തേയ്മാന ചെലവും സർക്കാർ വായ്പയുടെ പലിശയിനത്തിലുള്ള ചെലവും മുകളിൽ പറഞ്ഞ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) 2017-18 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റ് അനുസരിച്ച് വെള്ളക്കര ഇനത്തിൽ 551.46 കോടി രൂപയാണ് റവന്യൂ

വരുമാനമായി കണക്കാക്കിയിരിക്കുന്നത്. ഇതിൽ 31-1-2018 വരെ കുടിശ്ശിക ഉൾപ്പെടെ 476.04 കോടി രൂപ പിരിച്ചെടുത്തു.

(സി)

| റവന്യൂ വരുമാനം | രൂപ (കോടി) |
|---|---|
| വെള്ളക്കരം | 546.42 |
| പദ്ധതിയേതര വിഹിതം (സർക്കാർ ഗ്രാന്റ്) | 257.56 |
| മറ്റ് വരുമാനം | 23.97 |
| ആകെ വരുമാനം | 827.95 |
| ആകെ ചെലവ് 1133.14 കോടി രൂപ | |

മേൽ പ്രതിപാദിച്ചിരിക്കുന്ന ആകെ ചെലവിനായ 1133.14 കോടി രൂപയിൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം വൈദ്യുതി ബോർഡിന് വാർഷിക വൈദ്യുതി ചാർജ്ജിനത്തിൽ 250.94 കോടി രൂപ നൽകിയിട്ടില്ല. ഇതിനുപുറമെ കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി. ഇനത്തിൽ ഈ കാലയളവിലെ പെൻഷൻകാർക്ക് 39 കോടി രൂപ നൽകുവാനുണ്ട്. തേയ്മാന ചെലവും സർക്കാർ വായ്പയുടെ പലിശയിനത്തിലുള്ള ചെലവും മുകളിൽ പറഞ്ഞ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ഉണ്ട്. IA&AS കേഡറിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ ലഭിക്കുന്നതിനായി കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന് കത്ത് നൽകിയിട്ടുണ്ട്.

**ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം**

236 (2779) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം അയ്മനം പഞ്ചായത്തിൽ കുടമാളൂരിൽ ഓവർ ഹെഡ് ടാങ്കിന്റെ നിർമ്മാണം വാട്ടർ അതോറിറ്റി നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമാണം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) NRDWP പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത പ്രവൃത്തി ഫണ്ടിന്റെ കുറവ് ചൂണ്ടിക്കാട്ടി കരാറുകാരൻ നിർത്തിവച്ചിരിക്കുകയാണ്. ഫണ്ട് ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**പാലായി കുടിവെള്ള പദ്ധതി**

237 (2780) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പാലായി കേന്ദ്രീകരിച്ച് റെഗുലേറ്റർ കം ബ്രിഡ്ജ് പ്രദേശത്തുള്ളവർക്കു വേണ്ടി കുടിവെള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കാര്യംകോട് പുഴയിൽ തന്നെ വെള്ളൂർ എന്ന സ്ഥലത്ത് കിണർ നിർമ്മിച്ച് കാഞ്ഞങ്ങാട്, നീലേശ്വരം എന്നീ പ്രദേശങ്ങളിലേയ്ക്കുള്ള 160 കോടി രൂപയുടെ കുടിവെള്ള പദ്ധതിക്കായി പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്കായി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള വാട്ടർ അതോറിറ്റി**

238 (2781) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വാട്ടർ അതോറിറ്റിയുടെ ശരാശരി പ്രതിമാസ വരുമാനം, ചെലവ്, നഷ്ടം എന്നിവ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വാട്ടർ അതോറിറ്റി ഏതെല്ലാം സംസ്ഥാന, അന്തർ സംസ്ഥാന, വിദേശ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വീതം വായ്പ എടുത്തിട്ടുണ്ട്; ആയതിൽ ഓരോ സ്ഥാപനത്തിനും എത്ര കോടി രൂപ അടച്ചു തീർക്കാനുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ വൈദ്യുതി ബോർഡിനും കരാറുകാർക്കും നൽകുവാനുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ നാളിതുവരെ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണ്;

(ഇ) കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ച വന്നിട്ടുണ്ടോ; എങ്കിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(എഫ്) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ നാളിതുവരെ വെള്ളക്കരം ഒടുക്കാത്തതും വാട്ടർ കണക്ഷൻ മറച്ചുവച്ച് വെള്ളം ഉപയോഗിക്കുന്നവരുമായ വാട്ടർ അതോറിറ്റിയിലെ എത്ര ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇത്തരം ഉദ്യോഗസ്ഥരിൽ നിന്നും പിഴയിനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)

| ഏകദേശ പ്രതിമാസ വരവ് | രൂപ (കോടിയിൽ) |
|---|---|
| വെള്ളക്കരത്തിൽ നിന്നുള്ള വരുമാനവും മറ്റ് വരുമാനവും | 46.57 |
| കേരള സർക്കാർ പദ്ധതിയേതര വിഹിതം | 26.02 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതവും മറ്റ് വരുമാനവും | 1.98 |
| ആകെ വരവ് (A) | 74.57 |
| ഏകദേശ പ്രതിമാസ ചെലവ് | രൂപ (കോടിയിൽ) |
| ശമ്പളവും കരാർ വേതനവും | 38.25 |
| പ്രതിമാസ പെൻഷൻ | 17.50 |
| കമ്മ്യൂട്ടേഷൻ, ഡി.സി.ആർ.ജി.യും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും | 8.17 |

| 1 | 2 |
|---|---|
| വൈദ്യുതി ചെലവ് | 23.70 |
| അറ്റകുറ്റപ്പണികളുടെ ചെലവ് | 8.00 |
| മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6.75 |
| വായ്പാ തിരിച്ചടവും പലിശയും | 4.00 |
| ആകെ ചെലവ് (B) | 106.37 |
| കമ്മി (A-B) | 31.80 |

(ബി)

1. വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന് ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയിൽ (ജൈക്ക) നിന്നും വിദേശ വായ്പ ലഭിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് ഇതുവരെ 2216.74 കോടി രൂപ വായ്പ ഇനത്തിൽ ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്.

2. പി.എച്ച്.ഇ.ഡി. ആയിരുന്ന കാലത്ത് നിലവിലുണ്ടായിരുന്ന എൽ.ഐ.സി. വായ്പ തുകയായ 32.82 കോടി രൂപ 1984-ൽ വാട്ടർ അതോറിറ്റിയായി രൂപീകൃതമായപ്പോൾ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് പല വർഷങ്ങളായി പല പദ്ധതികൾക്കായി 2002-03 സാമ്പത്തിക വർഷം വരെ വായ്പയെടുക്കുകയും ഇവ യഥാസമയം തിരിച്ചടച്ചുവരികയും ചെയ്യുന്നു. 31-3-2003 വരെയുള്ള വായ്പാ കുടിശ്ശിക 230.43 കോടി രൂപയാണ്. അതിനുശേഷം വാട്ടർ അതോറിറ്റി നാളിതുവരെ എൽ.ഐ.സി.യിൽ നിന്നും വായ്പ സ്വീകരിച്ചിട്ടില്ല. അതേസമയം കൃത്യമായ ഇടവേളകളിൽ പലിശ സഹിതം തിരിച്ചടച്ചുവരുന്നു. എൽ.ഐ.സി.യിൽ നിന്നും വിവിധ കുടിവെള്ള പദ്ധതികൾക്കായി എടുത്ത വായ്പയിൽ നിന്നും ഇനി ഒടുക്കാനുള്ള തുക 61.04 കോടി രൂപയാണ് (31-12-2017-ലെ കണക്കനുസരിച്ച്).

(സി) 30-9-2017 വരെ പലിശ, പിഴപ്പലിശ എന്നിവ ഒഴികെ 789.62 കോടി രൂപ വൈദ്യുതി ബോർഡിന് നൽകാനുണ്ട്. വിവിധ പദ്ധതികൾക്കായി (State

Plan, NABARD, NRDWP) 31-12-2017 വരെ 351.50 കോടി രൂപയുടെ ബില്ലുകൾ കൊടുത്തുതീർക്കുവാനുണ്ട്. കൂടാതെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തിയ വകയിൽ 1-1-2017 മുതൽ 31-12-2017 വരെ 73.96 കോടി രൂപ നൽകുവാനുണ്ട്.

(ഡി) വാട്ടർ അതോറിറ്റിക്ക് വെള്ളക്കര കുടിശ്ശികയിനത്തിൽ 12/2017 വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ ഏകദേശം 1388.16 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. പിരിച്ചെടുക്കാനുള്ള തുകയിൽ പ്രധാനമായും പിഴയും പിഴപ്പലിശയുമാണ്. വാട്ടർ ചാർജ്ജ് ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക താരതമ്യേന കുറവാണ്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉദ്യോഗസ്ഥർ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി ഡിമാന്റ് നോട്ടീസും ഡിസ്കണക്ഷൻ നോട്ടീസും നൽകുകയും കുടിശ്ശിക അടയ്ക്കാഞ്ഞാൽ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും കുടിശ്ശിക അടയ്ക്കാഞ്ഞാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എച്ച്.ആർ. ജീവനക്കാർ**

239 (2782) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര എച്ച്ആർ ജീവനക്കാർ ജോലി നോക്കുന്നുണ്ടെന്നും ഇവർ എന്തെല്ലാം ജോലികളാണ് ചെയ്യുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത ജീവനക്കാർക്ക് എത്ര രൂപയാണ് ശമ്പളമായി നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) താൽക്കാലികമായി ജോലി നോക്കുന്ന ജീവനക്കാർക്ക് അവരുടെ ജോലിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് എത്ര രൂപയാണ് വേതനമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ താൽക്കാലിക ജീവനക്കാർക്ക് നൽകുന്ന വേതനം ജലവിഭവവകുപ്പിലെ എച്ച്ആർ ജീവനക്കാർക്കും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പിൽ വിവിധ ജോലികളുടെ ആവശ്യകത അനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിൽ എച്ച്.ആർ. കാരെ നിയമിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ജീവനക്കാർ ഈ വകുപ്പിലെ സ്ഥിരം ജീവനക്കാർ അല്ലാത്തതിനാൽ ടി ജീവനക്കാരുടെ വ്യക്തമായ കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. പമ്പ് ഓപ്പറേഷൻ, പുല്ല് വെട്ടുന്നത്, പരിസരം വൃത്തിയാക്കൽ മുതലായ ജോലികളാണ് ഇവർ ചെയ്യുന്നത്. ഭൂജലവകുപ്പിലും കേരള വാട്ടർ അതോറിറ്റിയിലും എച്ച്. ആർ. ജീവനക്കാരില്ല. ഭൂജലവകുപ്പിൽ സി.എൽ.ആർ. എന്ന വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ 238 പേർ ജോലി ചെയ്യുന്നുണ്ട്. ഡ്രില്ലിംഗ് ജോലികളിൽ സഹായിക്കുക എന്നതാണ് പ്രധാനജോലി. എന്നിരുന്നാലും 19 പേർ ഡ്രൈവിംഗ്, ഓഫീസ് അറ്റന്റന്റ്, ടൈപ്പിസ്റ്റ് എന്നിവ ഉൾപ്പെടെയുള്ള ഓഫീസ് ഡ്യൂട്ടിയും ചെയ്യുന്നുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ പുതിയതായി കമ്മീഷൻ ചെയ്ത് ജലവിതരണ പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിനും സ്ഥിരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുമ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിക്കാൻ വൈകുമ്പോഴും കുടിവെള്ള വിതരണം തടസ്സപ്പെടാതിരിക്കാൻ അംഗീകൃത കരാറുകാർ മുഖേന ആളുകളെ ഏർപ്പാടാക്കാറുണ്ട്. ഇപ്രകാരം 4457 ആളുകൾ ജോലി ചെയ്യുന്നുണ്ട്.

താഴെപ്പറയുന്ന ജോലികൾക്കാണ് ഇവർ നിയോഗിക്കപ്പെടുക.

1. പമ്പ് ഓപ്പറേറ്റർ
2. വാൽവ് ഓപ്പറേറ്റർ
3. വർക്കർ
4. വാച്ച്മാൻ
5. ഗാർഡ്നർ
6. സ്വീപ്പർ
7. പാർട്ട് ടൈം സ്വീപ്പർ
8. മസ്ദൂർ
9. ക്ലീനർ
10. ഷിഫ്റ്റ് അസിസ്റ്റന്റ്

11. ലാബ് അസിസ്റ്റന്റ്

12. ബാക്ടീരിയോളജിസ്റ്റ്

13. കമ്പ്യൂട്ടർ ഓപ്പറേറ്റർ

14. ഡാറ്റാ എൻട്രി ഓപ്പറേറ്റർ

15. ടൈപ്പിസ്റ്റ്

16. ഓഫീസ് അറ്റന്റന്റ്

17. കെമിസ്റ്റ്

18. ക്ലാർക്ക്

19. ഡ്രൈവർ

20. ലൈൻമാൻ

21. മെക്കാനിക്ക്

22. ഇലക്ട്രീഷ്യൻ

23. പ്ലംബർ

24. ഫിറ്റർ

25. മീറ്റർ റീഡർ

(ബി & സി) ജലസേചന വകുപ്പിൽ എച്ച്.ആർ. ജീവനക്കാർക്ക് ഒരു ദിവസത്തെ ജോലിക്ക് 630 രൂപയും ഭൂജലവകുപ്പിലെ സി.എൽ.ആർ. തൊഴിലാളികൾക്ക് 630 രൂപയുമാണ് നൽകുന്നത്. ജല അതോറിറ്റിയിൽ അംഗീകൃത കരാറുകാർ മുഖേന ഏർപ്പാടാക്കിയിട്ടുള്ള ആളുകൾക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കുന്നവർക്കും താഴെപ്പറയുന്ന നിരക്കിലാണ് ദിവസവേതനം നൽകുന്നത്.

താഴെപ്പറയുന്ന ജോലികൾക്കാണ് ഇവർ നിയോഗിക്കപ്പെടുക.

1.പമ്പ് ഓപ്പറേറ്റർ - 396 രൂപ

2. വാൽവ് ഓപ്പറേറ്റർ - 377 രൂപ

3. വർക്കർ - 377 രൂപ

4. വാച്ച്മാൻ - 377 രൂപ

5. ഗാർഡ്നർ - 377 രൂപ

6. സ്വീപ്പർ - 377 രൂപ

7. പാർട്ട് ടൈം സ്വീപ്പർ - 160 രൂപ

8. മസ്ദൂർ - 377 രൂപ

9. ക്ലീനർ - 377 രൂപ

10. ഷിഫ്റ്റ് അസിസ്റ്റന്റ് - 377 രൂപ

11. ലാബ് അസിസ്റ്റന്റ് - 377 രൂപ

12. ബാക്ടീരിയോളജിസ്റ്റ് - 505 രൂപ

13. കമ്പ്യൂട്ടർ ഓപ്പറേറ്റർ -396 രൂപ

14. ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 396 രൂപ

15. ടൈപ്പിസ്റ്റ് - 396 രൂപ

16.ഓഫീസ് അറ്റന്റന്റ് - 350 രൂപ

17. കെമിസ്റ്റ് - 505 രൂപ

18. ക്ലാർക്ക് - 396 രൂപ

19. ഡ്രൈവർ - 396 രൂപ

20.ലൈൻമാൻ - 377 രൂപ

21. മെക്കാനിക്ക് - 471 രൂപ

22. ഇലക്ട്രീഷ്യൻ - 443 രൂപ

23. പ്ലംബർ - 443 രൂപ

24. ഫിറ്റർ - 443 രൂപ

25 മീറ്റർ റീഡർ

a) ഗ്രാമപ്രദേശങ്ങളിൽ ഒരു റീഡിംഗിന് 13 രൂപ

b) നഗരപ്രദേശങ്ങളിൽ ഒരു റീഡിംഗിന് 11.25 രൂപ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി

താൽക്കാലികമായി നിയമിക്കപ്പെടുന്നവരുടെ വേതനം

1. ഓപ്പറേറ്റർ - 400 രൂപ

2. വാച്ച്മാൻ - 350 രൂപ

3. ക്ലീനർ - 350 രൂപ

4. ഡ്രൈവർ - 400 രൂപ

5. വാൽവ് ഓപ്പറേറ്റർ - 350 രൂപ

കൂടാതെ ലാബ് അസിസ്റ്റന്റിന് പ്രതിമാസം 8,000 രൂപയും ബാക്ടീരിയോളജിസ്റ്റിന് പ്രതിമാസം 10,000 രൂപയും നൽകുന്നു.

(ഡി) സംസ്ഥാന ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിന് തുടർച്ചയായി സംസ്ഥാനത്തെ ദിവസവേതനക്കാരുടെ വേതനവും 26-2-2016-ലെ സ.ഉ.(അ) നം. 28/2016/ധന. ഉത്തരവ് പ്രകാരം സർക്കാർ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ജല അതോറിറ്റിയിലുള്ള കരാർ തൊഴിലാളികളുടെ വേതനവർദ്ധനവ് അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഇപ്പോൾ പരിഗണിക്കാനാവില്ലെന്ന് ജല അതോറിറ്റിയുടെ ബോർഡ് യോഗം വിലയിരുത്തിയിട്ടുണ്ട്.

## കേരള വാട്ടർ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II തസ്തിക

240 (2783) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -II തസ്തികയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട് എന്നും നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നും വ്യക്തമാക്കുമോ;

<u>ഉത്തരം</u>

കേരള വാട്ടർ അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II തസ്തികയുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 244 പേരെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നേരിട്ടുള്ള നിയമനത്തിനായി 19 ഒഴിവുകളും ഓവർസിയർമാരുടെ പ്രൊമോഷൻ വഴി നികത്താനുള്ള 14 ഒഴിവുകളും ഉൾപ്പെടെ 33 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ കണക്ക്

241 (2784) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിമം കൂലി നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോ തൊഴിൽ മേഖലയിലെയും മിനിമം കൂലി എത്രയാണ്;

(ബി) സംസ്ഥാനത്ത് മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട 78 തൊഴിൽ മേഖലകളിലെ മിനിമം കൂലി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഓരോ തൊഴിൽ മേഖലയിലും ഉൾപ്പെടുന്ന വിവിധ കാറ്റഗറിയിലുള്ള തൊഴിലാളികൾക്ക് തൊഴിലിന്റെ സ്വഭാവമനുസരിച്ചുള്ള മിനിമം കൂലിയാണ് നിശ്ചയിച്ചിട്ടുള്ളത്. ഓരോ തൊഴിൽ മേഖലയിലെയും ഏറ്റവും കുറഞ്ഞ കൂലി അനുബന്ധമായി ചേർക്കുന്നു.+ *

(ബി) സംസ്ഥാനത്തെ മിനിമം കൂലി ലഭിക്കാത്ത തൊഴിലാളികളുടെ കണക്ക് പ്രത്യേകമായി ശേഖരിച്ച് സൂക്ഷിക്കുന്നില്ല.

## ലേബർ ഇന്റലിജൻസ് സെല്ലിന്റെ രൂപീകരണം

242 (2785) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ കർശനമാക്കുന്നതിനും ഇത് സംബന്ധിച്ച പരാതികളിൽ അന്വേഷണം ഊർജ്ജിതമാക്കുന്നതിനും തൊഴിൽ വകുപ്പിന് കീഴിൽ ലേബർ ഇന്റലിജൻസ് സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരിക്കുമെന്നും ഘടന എപ്രകാരമായിരിക്കുമെന്നും വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അസംഘടിത തൊഴിൽ മേഖലയിലുണ്ടാകുന്ന അവകാശ ലംഘനങ്ങൾക്കെതിരെ എന്തെല്ലാം ഇടപെടലുകളാണ് പ്രസ്തുത സെൽ മുഖേന നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ഥാപന പരിശോധനകളിലൂടെ തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സംസ്ഥാന തൊഴിൽ വകുപ്പിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരും ജില്ലാതലത്തിൽ 14 ജില്ലാ ലേബർ ഓഫീസർ (ഇ) മാരും എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഭാഗമായി സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധനകളും സ്ക്വാഡ് പരിശോധനകളും നടത്തിവരുന്നു. ഇതുകൂടാതെ പ്രത്യേക തൊഴിൽ മേഖലകളിൽ സ്പെഷ്യൽ പരിശോധനകളും നടത്താറുണ്ട്. 2016-ൽ ടെക്സ്റ്റൈൽ മേഖലയിലും 2017-ൽ സ്വകാര്യ ആശുപത്രികൾ, കൺസ്ട്രക്ഷൻ സൈറ്റുകൾ, സെക്യൂരിറ്റി ഏജൻസികൾ എന്നീ മേഖലകളിലും സ്പെഷ്യൽ പരിശോധന നടത്തിയിട്ടുണ്ട്. തൊഴിൽ നിയമലംഘനങ്ങൾ പ്രധാനമായും കണ്ടെത്തുന്നത് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ഇത്തരം പരിശോധനകളിലൂടെയാണ്. തൊഴിൽ നിയമങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധനാക്കുറിപ്പ് നൽകുകയും ലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെ പ്രോസിക്യൂഷൻ, ക്ലെയിം പെറ്റീഷൻ എന്നിവ ഫയൽ ചെയ്യുകയും ചെയ്യുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ, തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന തൊഴിൽ മേഖലകളെ സംബന്ധിച്ചുള്ള പരാതികൾ അറിയിച്ച് പരിഹാരം കാണാവുന്നതാണ്. ഈ സംവിധാനങ്ങൾ മുഖേനയും തൊഴിൽ നിയമലംഘനങ്ങൾ തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്നു.

മികച്ച തൊഴിൽ ദാതാവ്, സംതൃപ്തകരമായ തൊഴിലാളികൾ, സ്ഥാപനത്തിലെ മികവുറ്റ തൊഴിൽ അന്തരീക്ഷം, തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം, സ്ത്രീ സൗഹൃദ അന്തരീക്ഷം, തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ, തൊഴിലിടങ്ങളിലെ സുരക്ഷ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലും മാനദണ്ഡങ്ങൾ പാലിക്കാത്ത തൊഴിൽ സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയും.

തൊഴിൽ വകുപ്പിന്റെ 'ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (എൽ.സി.എ.എസ്.)' മുഖേന സ്വകാര്യ സ്ഥാപനങ്ങൾക്ക് വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, ലൈസൻസ് റിന്യൂവൽ എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ആയതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഇപ്രകാരം എൽ.സി.എ.എസ്. വഴി അറിയാൻ സാധിക്കുന്നു.

(ബി) എൻഫോഴ്സ്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും പ്രാപ്തമാകത്തക്ക രീതിയിൽ ലേബർ ഇന്റലിജൻസ് സെല്ലിന് രൂപം നൽകുന്നതിനും കരട് തൊഴിൽ നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി & ഡി) ലേബർ ഇന്റലിജൻസ് സെല്ലിന്റെ ഘടന, പ്രവർത്തനങ്ങൾ എന്നിവയ്ക്ക് രൂപം കൊടുത്തിട്ടില്ല.

**തൊഴിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ**

243 (2786) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ എന്തെങ്കിലും പ്രവൃത്തികൾ തലശ്ശേരി നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 1. ഇതര സംസ്ഥാന തൊഴിലാളികൾക്കായി രണ്ട് മെഡിക്കൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

2. ആവാസ് പദ്ധതിയുമായി ബന്ധപ്പെട്ട് 1500-ൽ പരം അപേക്ഷകൾ സ്വീകരിക്കുകയും ആയതിന്റെ കാർഡ് വിതരണം നടന്നു വരികയുമാണ്.

3. വേതന സുരക്ഷാ പദ്ധതി (W P S) വഴി 74 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുകയും അതുവഴി ശമ്പളം നൽകുകയും ചെയ്യുന്നു.

(ബി) പുതിയതായി പ്രവൃത്തികളൊന്നും പരിഗണനയിലില്ല.

## തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

244 (2787) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് സർക്കാർ നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) ലേബർ കമ്മീഷണറേറ്റിൽ രൂപീകരിച്ച തൊഴിൽ നിയമ പരിഷ്കരണ സമിതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനായി ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നിയമപരിഷ്കരണ സമിതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. നിയമപരിഷ്കരണ സമിതി കാലഹരണപ്പെട്ട തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പഠനം നടത്തുകയും ശിപാർശ പരിശോധിക്കുകയും ചെയ്തുവരുന്നു.

(സി) നിയമ പരിഷ്കരണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് അപ്പോയ്മെന്റ് ലെറ്റർ നൽകുന്നത് സംബന്ധിച്ചും ഹോസ്റ്റൽ സൗകര്യങ്ങൾ, ക്രഷ്, റസ്റ്റ് റൂം എന്നിവ സജ്ജീകരിക്കുന്നതിന് 1970-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങൾ ഭേദഗതി വരുത്തുകയുണ്ടായി. 1948-ലെ മിനിമം വേതന നിയമപ്രകാരം ക്ലെയിം അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ മിനിമം വേജസ് കേരള അമന്റ്മെന്റ് ആക്ട് പ്രകാരം നിയമിക്കുകയുണ്ടായി. കൂടാതെ മിനിമം വേതന നിയമപ്രകാരമുള്ള പിഴത്തുക ഉയർത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ സെയിൽസ് പ്രൊമോഷൻ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ബിൽ നിയമസഭ അംഗീകരിച്ച് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. WPS സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മിനിമം വേതന നിയമത്തിലും പേയ്മെന്റ് ഓഫ് വേജസ് ആക്ടിലും ഭേദഗതി വരുത്തി. കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി പിഴ

ശിക്ഷ വർദ്ധിപ്പിക്കുന്നതിനും ടെക്സ്റ്റൈൽസുകളിൽ തൊഴിലാളികൾക്ക് ഇരിക്കുവാനുള്ള സൗകര്യം ഉറപ്പാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ഭേദഗതി ബില്ലിൽ ജീവനക്കാരുടെ എണ്ണം അനുസരിച്ചല്ലാതെ എല്ലാ തൊഴിലാളികൾക്കും അവധി ലഭിക്കാൻ ഉതകുന്ന തരത്തിലും രാജ്യത്ത് ഇലക്ഷൻ നടക്കുന്ന ദിവസം തൊഴിലാളികൾക്ക് അവധി അനുവദിക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ടും കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958-ന്റെ ഒരു ഭേദഗതി ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളിൽ എക്സ് പാർട്ടി ഓർഡർ പുറപ്പെടുവിക്കാൻ ട്രൈബ്യൂണലുകൾക്ക് അധികാരം നൽകുന്നതിനും അംഗവൈകല്യ സർട്ടിഫിക്കറ്റ് നൽകുവാൻ ഡോക്ടർമാരെയും മെഡിക്കൽ ബോർഡുകളെയും ചുമതലപ്പെടുത്തുന്ന വ്യവസ്ഥയും പുതുതായി കൂട്ടിച്ചേർത്ത് കേരള എംപ്ലോയീസ് കോമ്പൻസേഷൻ നിയമ ഭേദഗതി സർക്കാരിന്റെ പരിഗണനയിലും 27-9-2017 തീയതിയിലെ ഇ 3/102/2017/ തൊഴിൽ നമ്പർ പ്രകാരമുള്ള പ്രാഥമിക നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സംസ്ഥാനത്ത് ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ ക്ലെയിം അതോറിറ്റിയായി നിയമിക്കാനുള്ള വിജ്ഞാപനം പേയ്മെന്റ് ഓഫ് വേജസ് ആക്ട്-ന്റെ പരിഗണനയിലാണ്. കൂടാതെ മിനിമം വേതനം നിശ്ചയിച്ചിട്ടില്ലാത്ത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിലേയ്ക്കായി കേവല വേതന അവകാശ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഏറ്റവുമൊടുവിലായി Kerala Ease of compliance to maintain Register under Various Labour Laws, Rules, 2018 സർക്കാരിന്റെ പരിഗണനയിലാണ്.

**തൊഴിൽ നയം**

245 (2788) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്.ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം തയ്യാറായിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഉല്പാദന ക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിൽ വൈദഗ്ദ്ധ്യം വികസിപ്പിക്കുന്നതിനും എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കുന്നതിനായി ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് നീക്കമുണ്ടോ;

(ഡി) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉണ്ട്. ചുമട്ടുതൊഴിലാളി മേഖലയിലെ തർക്കങ്ങൾ ഒഴിവാക്കാൻ ചുമട്ടു തൊഴിലാളി ക്ഷേമപദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(ഡി) തൊഴിൽ നയത്തിൽ ഉൾപ്പെടുത്തി കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങളും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാകുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ ഇൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

**തോട്ടം തൊഴിലാളികളുടെ ശമ്പളക്കരാർ പുതുക്കുന്നതിന് അടിയന്തര നടപടി**

246 (2789) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ ശമ്പളകരാർ കാലവധി 2017 ഡിസംബർ31-ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ ശമ്പളകരാർ പുതുക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുമോ ;

(ബി) കാലാനുസൃതമായ ശമ്പളവർദ്ധനവ് ഉറപ്പുവരുത്തുവാൻ ശക്തമായ നിലപാടു സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1948-ലെ മിനിമം വേതന നിയമ പ്രകാരം നിശ്ചയിക്കപ്പെട്ട മിനിമം വേതന വിജ്ഞാപനത്തിന് പരമാവധി 5 വർഷം വരെ കാലാവധിയാണുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നാൽ മുൻകാലങ്ങളിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ള സെറ്റിൽമെന്റ് അനുസരിച്ച് 3 വർഷവും കാലാവധി നിശ്ചയിച്ചിട്ടുണ്ട്. ഈ സാഹചര്യങ്ങളിൽ നിലവിലെ മിനിമം വേതന വിജ്ഞാപനത്തിന് പരമാവധി 5 വർഷം വരെ കാലാവധിയുള്ളതാണെങ്കിലും വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ഡിമാന്റ് തൊഴിലാളി യൂണിയനുകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചെയർമാന് സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കുന്ന ഡിമാന്റുകളുടെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ടി വിഷയം ചർച്ച ചെയ്യുന്നതാണ്.

(ബി) ഇക്കാര്യം സർക്കാർ പരിഗണിക്കുമ്പോൾ കാലാനുസൃതമായി ശമ്പള വർദ്ധനവ് വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് പരിഗണിക്കുന്നതാണ്.

**അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ**

247 (2790) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ തൊഴിലാളികളുടേയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെയും സൗജന്യ ചികിത്സയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിലൂടെയും, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്കു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്) യിലൂടെയും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാന സർക്കാർ പദ്ധതി ആയ ചിസ് പ്ലസ് പ്രകാരം ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ 16 ക്ഷേമനിധി ബോർഡുകളും 11 ക്ഷേമപദ്ധതികളും ഉണ്ട്. പ്രസ്തുത ക്ഷേമപദ്ധതികളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന

തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുമായി 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പുതുതായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു തരത്തിലുള്ള ക്ഷേമപദ്ധതികളിലും ഉൾപ്പെട്ടിട്ടില്ലാത്ത അസംഘടിത ദിവസവേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസ വേതന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ബി) ആർ.എസ്.ബി.വൈ./ചിസ് പദ്ധതിയിൽ എംപാനൽ ചെയ്യപ്പെട്ട സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഒരു വർഷത്തിൽ ഒരു കുടുംബത്തിന് 30,000 രൂപയുടെ സൗജന്യ കിടത്തി ചികിത്സ ലഭിക്കും. RSBY പദ്ധതി BPL കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി ഉള്ളതാണ്. ചിസ് പദ്ധതി, ദാരിദ്ര്യ രേഖ എന്ന മാനദണ്ഡം നോക്കാതെ തെരഞ്ഞെടുക്കപ്പെട്ട ക്ഷേമനിധി അംഗങ്ങൾ, 1000 രൂപയോ അതിൽ കുറവോ മാസപെൻഷൻ കിട്ടുന്ന ഇ.പി.എഫ്. പെൻഷണേഴ്സ്, എ.എ.വൈ. (മഞ്ഞനിറം), മുൻഗണന (പിങ്ക് നിറം), ചികിത്സാർത്ഥം സ്റ്റേറ്റ് പ്രയോറിറ്റി / ബി.പി.എൽ. ആക്കി മാറ്റിയ വെള്ള/നീല റേഷൻ കാർഡ് ഉടമകൾ ഉൾപ്പെട്ട കുടുംബങ്ങൾക്കുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 2017 ഏപ്രിൽ മാസം മുതൽ RSBY-CHIS പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിനു മുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000/- രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിക്കുന്ന പദ്ധതിയാണ് സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS).

(സി) RSBY/CHIS പദ്ധതിയിൽ അംഗമായവർക്ക് ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ക്യാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോറ് എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടം മൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജ്യയിണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം (RCC), മലബാർ ക്യാൻസർ സെന്റർ (MCC), തലശ്ശേരി, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം (SCT) മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്.

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ

248 (2791) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് നിർമ്മാണ തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും അവയുടെ നിരക്കും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ അഞ്ച് ദിവസം ഇൻ-പേഷ്യന്റ് ആയി ചികിത്സ തേടുന്ന തൊഴിലാളികൾക്ക് മാത്രമേ ചികിത്സ ആനുകൂല്യം ലഭിക്കുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) 2017 ഏപ്രിൽ മുതൽ 2017 ഡിസംബർ വരെ ചികിത്സ ആനുകൂല്യമായി എത്ര രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 'എ'യിൽ ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 'ബി'യിൽ ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ ദി ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയീസ് ആന്റ് കണ്ടീഷൻ ഓഫ് സർവ്വീസ്) കേരള റൂൾസ് 1998 ചട്ടം 298 അനുസരിച്ച് അഞ്ച് ദിവസമോ അതിൽ കൂടുതലോ സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്ന തൊഴിലാളികൾക്കാണ് ചികിത്സാ ആനുകൂല്യം നൽകി വരുന്നത്. പ്രസ്തുത നിയമത്തിൽ മാറ്റം വരുത്തണമെങ്കിൽ ചട്ടം 298-ൽ ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതുണ്ട്.

(ഡി) അനുബന്ധം 'സി'യിൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തോട്ടം തൊഴിലാളികളുടെ വേതനം

249 (2792) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവരുടെ വേതനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കുന്നതിനായുള്ള ആവശ്യം തൊഴിലാളി യൂണിയനുകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ നടപടികൾ ഇക്കാര്യത്തിൽ കൈക്കൊള്ളുന്നതാണ്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ ലയനം

250 (2793) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവ് ചുരുക്കലിന്റെ ഭാഗമായി തൊഴിൽ വകുപ്പിന് കീഴിൽ വരുന്നതും വരുമാനം കുറഞ്ഞതുമായ തൊഴിലാളി ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഏതെല്ലാം ബോർഡുകളെയാണ് ഇപ്രകാരം ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനെക്കുറിച്ച് പഠിച്ച ശ്രീനിവാസൻ കമ്മീഷൻ, വി.ജെ.തോമസ് കമ്മീഷൻ എന്നിവരുടെ റിപ്പോർട്ടുകളിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിലാണോ ക്ഷേമനിധി ബോർഡുകളെ ലയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രസ്തുത ശിപാർശകളും പരിശോധിച്ചു വരുന്നു.

**പ്രൈവറ്റ് ഫൈനാൻസ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം വേതനം**

251 (2794) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൈവറ്റ് ഫൈനാൻസ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും ഉള്ള ജീവനക്കാരുടെ കുറഞ്ഞ ശമ്പളം എത്രയായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പ്രൈവറ്റ് ഫൈനാൻസ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് 28-7-2016 തീയതിയായി 20549/ഇ 1/2015/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ കേരള നോൺ ബാങ്കിംഗ് ഫൈനാൻസ് കമ്പനീസ് വെൽഫെയർ അസോസിയേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് നിലനിൽക്കുന്നതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല.

**ദേവികുളത്ത് തോട്ടം തൊഴിലാളികൾക്ക് ഭവനം**

252 (2795) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജകമണ്ഡലത്തിലെ തോട്ടം തൊഴിലാളികൾക്ക് തൊഴിൽവകുപ്പ് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി (Bhavanam Project- Own your own Housing Scheme) വിഭാവനം ചെയ്തിരിക്കുന്നത് കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനായിട്ടാണ്. ഈ സ്കീമിൽ, സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും ഉള്ള തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്ക് വ്യക്തിഗത വീട് നിർമ്മിച്ചു നൽകും, സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് അപ്പാർട്ട്മെന്റ് നിർമ്മിച്ചു നൽകും. 400 ചതുരശ്ര അടിയിൽ 2 ബെഡ്റൂം, ഡ്രോയിംഗ് -കം-ഡൈനിംഗ് ഹാൾ, ടോയ്‌ലെറ്റ്, ബാത്ത് റൂം, അടുക്കള, വർക്ക് ഏരിയ എന്നിവയുള്ള ഒരു ഭവന യൂണിറ്റാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

**മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വം**

253 (2796) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ ബസുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് പകരം ബസുടമകളുടെ ബന്ധുക്കളുടെ പേരിലാണ് പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം രജിസ്റ്റർ ചെയ്യുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ:

(ഇ) സ്വകാര്യബസുകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡും മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വവും ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന വിഷയം ബോർഡ് പരിശോധിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) അംഗത്വം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ ബോർഡ് ഹിയറിംഗ് നടത്തി ഉചിതമായ തീരുമാനം കൈക്കൊള്ളുന്നുണ്ട്.

(ഇ) സ്വകാര്യ ബസുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നിലവിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വവും തിരിച്ചറിയൽ കാർഡും നൽകി വരുന്നു.

## 'കൺസ്യൂമർഫെഡ് തൊഴിലാളികളെ അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തൽ'

254 (2797) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിലെ ദിവസവേതന /കരാർ തൊഴിലാളികളെ അബ്കാരി തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ബോർഡിൽ ഇവർക്ക് അംഗത്വം ലഭിക്കുന്നതിനായുള്ള അപേക്ഷ ചട്ടപ്രകാരം ഇവരുടെ മേലധികാരിയുടെ അനുമതിപത്രം മുഖേനയാണോ ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജീവനക്കാരെ ബോർഡിൽ ഉൾപ്പെടുത്തിയതിനുശേഷം അവരുടെ ഗ്രാറ്റുവിറ്റിയും അംശദായവും കൺസ്യൂമർ ഫെഡിൽ നിന്നും അടച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ബോർഡ് യോഗ തീരുമാനപ്രകാരം മേഖല വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർമാർ നടത്തിയിട്ടുള്ള പരിശോധനയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡിൽ ജോലി ചെയ്യുന്ന അബ്കാരി തൊഴിലാളികളുടെ അപേക്ഷകളിന്മേൽ ക്ഷേമനിധി അംഗത്വം അനുവദിച്ചിരുന്നു. എന്നാൽ തുടർന്നുള്ള പരിശോധനയിൽ ടി തൊഴിലാളികൾ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ അംഗങ്ങളാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 15-11-2017-ലെ 271-ാം ബോർഡ് യോഗ തീരുമാനപ്രകാരം ക്ഷേമനിധി അംഗത്വം റദ്ദാക്കിയിരുന്നു.

(ബി) മേലധികാരിയുടെ സാക്ഷ്യപത്രം ലഭിച്ചിരുന്നില്ല. തൊഴിലുടമകളിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭിക്കാത്തതിനെ തുടർന്നും, അർഹരായ അബ്കാരി തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം ലഭിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും ബോർഡ് യോഗ തീരുമാനപ്രകാരം സ്പോട്ട് വെരിഫിക്കേഷൻ നടത്തിയാണ് തൊഴിലാളികളിൽനിന്നും നേരിട്ട് അപേക്ഷകൾ സ്വീകരിച്ചിരുന്നത്.

(സി) തൊഴിലാളികളുടെ ക്ഷേമനിധി അംഗത്വം റദ്ദാക്കിയിട്ടുള്ളതിനാൽ അംശദായം ബോർഡിൽ അടച്ചിട്ടില്ല.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

255 (2798) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമി സംബന്ധിച്ച് 11-10-2017 ൽ നടന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂരുള്ള ബോർഡിന്റെ സ്ഥലത്ത് കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുവാൻ വേണ്ട നടപടികളുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു. ഇതിലേയ്ക്കായി സ്പിന്നിംഗ് മില്ലിന്റെ ട്രാൻസ്ഫോർമർ സ്ഥിതി ചെയ്യുന്നതും ഇപ്പോൾ ബോർഡിന്റെ കൈവശമുള്ളതുമായ 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിന് വിട്ടുനൽകി പകരമായി 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിൽനിന്നും കൈപ്പറ്റിക്കൊണ്ട് പരസ്പര വസ്തു കൈമാറ്റം ചെയ്യാനും ബോർഡിന്റെ സ്ഥലത്തിനു ചുറ്റും മതിൽ നിർമ്മാണം നടത്തുവാനും തീരുമാനിച്ചു.

(ബി) കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. കെ. എസ്. ചന്ദ്രശേഖരനുമായി 13-11-2017-ന് ബഹുമാനപ്പെട്ട ചെയർമാന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും നിലവിലെ പ്രോജക്ട് റിപ്പോർട്ടിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തണം എന്ന് ഡോ. കെ. എസ്. ചന്ദ്രശേഖർ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കരട് പ്രോജക്ട്

റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീ. ചന്ദ്രശേഖരനെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് 17-1-2018-ൽ അദ്ദേഹം കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുകയും ആയത് 2-2-2018-ന് നടക്കുന്ന ബോർഡ് സബ്കമ്മിറ്റി മുമ്പാകെ വിശദമായി ചർച്ചയ്ക്കും തീരുമാനത്തിനുമായി സമർപ്പിച്ചിരിക്കുകയുമാണ്.

പരസ്പര വസ്തു കൈമാറ്റ നടപടികൾ വേഗത്തിലാക്കുവാനായി ചാത്തന്നൂർ മിൽ അധികാരികളുമായി ചർച്ച നടത്തുകയും തുടർന്ന് പ്രസ്തുത വിഷയം മില്ലിന്റെ ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുകയും തീരുമാനമെടുക്കുകയും ചെയ്തതായി മിൽ അധികാരികൾ ടെലിഫോൺ മുഖാന്തരം അറിയിച്ചിരിക്കുകയാണ്. ആയതിന്റെ മിനിറ്റ്സ് ലഭ്യമായാൽ ഉടൻ തന്നെ വസ്തുകൈമാറ്റ ആധാരം രജിസ്റ്റർ ചെയ്യുന്നതാണ്.

**ആർട്ടിസാൻസ് ക്ഷേമനിധി**

256 (2799) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിസാൻസ് ക്ഷേമനിധിയിൽ അംഗങ്ങളായ പീലിംഗ് തൊഴിലാളികളായിരുന്നവർ അടച്ച വിഹിതത്തിന് അനുസൃതമായി ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം എത്ര പീലിംഗ് തൊഴിലാളികളാണ് അംഗങ്ങളായി ചേർന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പെൻഷനും അടച്ച തുകയും ക്ഷേമനിധി വിഹിതവും ചേർത്തുള്ള വിരമിക്കൽ ആനുകൂല്യങ്ങൾ ആർക്കും ലഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കേരള കൈത്തൊഴിലാളി വിദഗ്ദ്ധതൊഴിലാളി ക്ഷേമപദ്ധതിയിൽ 373 പീലിംഗ് തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പുതുതായി രൂപീകരിച്ച 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി,

കേരള ബാർബർ ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി എന്നിവയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 11-2-2016 മുതൽ പ്രാബല്യത്തിൽ നിലവിൽ വന്നതോടെ മേൽപ്പറഞ്ഞ 6 ക്ഷേമപദ്ധതികൾ റദ്ദായിട്ടുണ്ട്. റദ്ദായി പോയിട്ടുള്ള ക്ഷേമപദ്ധതികളിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾ പ്രസ്തുത തീയതിക്കുശേഷം വിവിധ ആനുകൂല്യങ്ങൾക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം തീർപ്പാക്കി വരുകയാണ്. മുമ്പ് നിലവിലുണ്ടായിരുന്ന പദ്ധതികളിൽ നിന്നും ലഭ്യമായിരുന്ന ആനുകൂല്യങ്ങളേക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങളാണ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പ്രകാരം അംഗങ്ങൾക്ക് നൽകുന്നത്.

## 'ആവാസ്' പദ്ധതി

257 (2800) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി ആവിഷ്കരിച്ച ആവാസ് പദ്ധതി ഫലപ്രദമായി നടന്നുവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ എത്ര പേർക്ക് ഇൻഷ്വറൻസ് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) നാളിതുവരെ 103094 തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽനിന്നും എംപാനൽ ചെയ്ത് സ്വകാര്യ ആശുപത്രിയിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട

ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പു വരുത്തുന്നുണ്ട്. വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡാണ് നൽകുന്നത്. ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂ ആർ കോഡ് എന്നിവ ഉണ്ടായിരിക്കും. ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ പ്രചാരണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് നടത്തിപ്പിന്റെ ചുമതല ചിയാക്കിന് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് മെമ്പർമാരുടെയും പൊതുപ്രവർത്തകരുടെയും വ്യാപാരി വ്യവസായി സംഘടനകളുടെയും സഹായത്തോടുകൂടി ഇതരസംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എൻറോൾമെന്റ് ക്യാമ്പുകൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിയെ സംബന്ധിച്ച് ഇതരസംസ്ഥാന തൊഴിലാളികൾക്ക് മനസ്സിലാകുന്ന ഭാഷയിൽ ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി. ബസ്സുകളിൽ പരസ്യ സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷനുകളിൽ അനൗൺസ്മെന്റിനോടൊപ്പം പരസ്യം നൽകിയിട്ടുണ്ട്. എഫ്.എം. റേഡിയോയിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമിട്ട് (ഹിന്ദി, ഒറിയ, ബംഗാളി ഭാഷകളിൽ) പരസ്യം നൽകി വരുന്നു.

**'ആവാസ്' പദ്ധതി'**

258 (2801) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി ആവിഷ്കരിച്ച ആവാസ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

ആവാസ് പദ്ധതി പ്രകാരം ചികിത്സാ പാക്കേജും ചികിത്സയുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളും നിശ്ചയിക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, പദ്ധതിയുടെ

ഇൻഷ്വറൻസ് നടത്തിപ്പിന്റെ ചുമതല ചിയാക്കിന് നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ 103094 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

259 (2802) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

(ബി) ഏതു സംസ്ഥാനത്ത് നിന്നാണ് ഏറ്റവും കൂടുതൽ പേർ തൊഴിലിനായി എത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇതിൽ കുറ്റവാളികളായി കണ്ടെത്തിയിട്ടുള്ള എത്ര പേരുണ്ട്; ഇവരുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ 2013-ൽ നടത്തിയ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വിവിധ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ സഹായം ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന ആവാസ് പദ്ധതിയുടെ രജിസ്ട്രേഷൻ സംസ്ഥാനത്ത് 2017 നവംബർ 1 മുതൽ ആരംഭിച്ചിട്ടുണ്ട്. ആവാസ് പദ്ധതിയിൻ പ്രകാരം സംസ്ഥാനത്ത് തൊഴിലെടുക്കുന്നതായി 103094 ഇതര സംസ്ഥാന തൊഴിലാളികൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആവാസ് ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായുള്ള രജിസ്ട്രേഷൻ പുരോഗതി പരിശോധിക്കുമ്പോൾ പശ്ചിമ ബംഗാളിലുള്ള തൊഴിലാളികളാണ് ഏറ്റവും കൂടുതൽ തൊഴിലിനായി കേരളത്തിൽ എത്തിയിട്ടുള്ളത്.

(സി) രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവര ശേഖരണം നടത്തുമ്പോൾ ഒരു വ്യക്തിയുടെ ക്രിമിനൽ പശ്ചാത്തലം സംബന്ധിച്ച വിവരം ലഭിക്കുന്നില്ല. ആയതിനാൽ കുറ്റവാളികളെ സംബന്ധിച്ച വ്യക്തമായ വിവരം തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മപദ്ധതികൾ**

260 (2803) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) തദ്ദേശീയരായ തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളിലൂടെ ലഭിക്കുന്ന എല്ലാ പരിരക്ഷയും ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതര സംസ്ഥാന തൊഴിലാളികൾ വ്യാപകമായി ആക്രമിക്കപ്പെടുന്നുവെന്നും അതിനാൽ അവർ കൂട്ടത്തോടെ സംസ്ഥാനം വിടുന്നു എന്നുമുള്ള വ്യാജപ്രചരണങ്ങൾ നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള അടിസ്ഥാനരഹിതമായ ഇത്തരം പ്രചാരണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന തൊഴിലാളികളുടെ ക്ഷേമം ഉറപ്പു വരുത്തുന്നതിലേയ്ക്കായി 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജോലിയെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ആവാസ്) ആരംഭിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും 2,00,000 രൂപയുടെ അപകടമരണ ഇൻഷ്വറൻസുമാണ്

പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും സംസ്ഥാനത്ത് 70 മെഡിക്കൽ ബോധവൽക്കരണ ക്യാമ്പുകൾ നടത്തുകയുമുണ്ടായി. 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 93 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. തൊഴിൽ ചൂഷണങ്ങൾക്കെതിരെയും ലഹരി ഉപയോഗം കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള "ഭവനം ഫൗണ്ടേഷൻ കേരള" നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നാണ് "ആപ്കാ ഘർ" പദ്ധതി. ടി പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സൗകര്യമാണ് ലഭ്യമാക്കുന്നത്. സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഇതര സംസ്ഥാന തൊഴിലാളികൾക്കായി ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഉത്തരവായിട്ടുണ്ട്.

(ബി) കരാർ തൊഴിലാളി നിയമം 1970, ഇതര സംസ്ഥാന തൊഴിലാളി നിയമം 1979, ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് (റെഗുലേഷൻ & എംപ്ലോയ്മെന്റ് ഓഫ് സർവ്വീസസ്) 1996, കേരള ഷോപ്പ്സ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1969 എന്നിവ പ്രകാരം തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ ഇതര സംസ്ഥാന തൊഴിലാളികൾ തൊഴിലെടുക്കുന്ന മേഖലകളിൽ പരിശോധന നടത്തുകയും അവർക്ക് അർഹതപ്പെട്ട വേതനം, തൊഴിൽ സുരക്ഷ, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നു. തദ്ദേശീയരായ തൊഴിലാളികൾക്ക് ലഭിക്കുന്ന അതേ ആനുകൂല്യങ്ങൾ ഇതര സംസ്ഥാന തൊഴിലാളികൾക്കും ലഭിക്കുന്നുണ്ടോ എന്ന് പരിശോധനാ വേളയിൽ ഉറപ്പുവരുത്തുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ പലായനം ചെയ്തു എന്ന വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പ് നടത്തുകയുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിപ്പിക്കുന്ന വിവിധ സ്ഥാപന ഉടമകൾ, ഇതര സംസ്ഥാന തൊഴിലാളികൾ, കരാറുകാർ, പ്രധാനപ്പെട്ട കെട്ടിട ഉടമകൾ എന്നിവരെ വിളിച്ചു ചേർത്ത് ജില്ലാ കളക്ടർ, സിറ്റി പോലീസ് കമ്മീഷണർ, ജില്ലാ ലേബർ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ആശയ വിനിമയവും ബോധവൽക്കരണവും നടത്തുകയുണ്ടായി.

**ആവാസ് ഇൻഷ്വറൻസ് പദ്ധതി**

261 (2804) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി നടപ്പിലാക്കിയ ആവാസ്ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും പദ്ധതിയിൽ നിലവിൽ അംഗമായവർക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാന തൊഴിലാളികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/ തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് എൻറോൾമെന്റ് ഫോമുകൾ വിതരണം ചെയ്ത് അവരുടെ വ്യക്തി വിവരങ്ങൾ ശേഖരിച്ച് സർക്കാർ നൽകിയ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ ജില്ലകളിൽ നടത്തുന്ന എൻറോൾമെന്റ് ക്യാമ്പുകളിൽ രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡുകൾ നൽകുന്നു. ഇതുവരെ 103094 തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. മുഴുവൻ തൊഴിലാളികളെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനുള്ള ഊർജ്ജിത ശ്രമമാണ് നടന്നുവരുന്നത്. തിരിച്ചറിയൽ കാർഡ് ലഭിക്കുന്ന തൊഴിലാളികളാണ് പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നത്.

**തൊഴിൽ നിയമ ഭേദഗതി**

262 (2805) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സ്ഥിരം തൊഴിൽ ഇല്ലാതാക്കുവാൻ കേന്ദ്രസർക്കാർ നീക്കം നടത്തുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1946-ലെ വ്യവസായ തൊഴിൽ ചട്ടങ്ങളിലും 1970-ലെ കരാർ തൊഴിലാളി നിയമങ്ങളിലും ഭേദഗതി കൊണ്ടുവരാനുള്ള കേന്ദ്രനീക്കം സംസ്ഥാനത്തിന്റെ തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണ്; ഈ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നവഉദാരവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി നിരവധി തൊഴിലാളി വിരുദ്ധ നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരം തൊഴിലാളി വിരുദ്ധ നിലപാടുകൾക്കെതിരെ അതിശക്തമായ നിലപാട് സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന സർക്കാർ നിലപാടുകൾ വളരെ വ്യക്തമായി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുമുണ്ട്.

**ഇ.എസ്.ഐ. സബ് റീജിയണൽ ഓഫീസ്**

263 (2806) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കൊല്ലം ഇ.എസ്.ഐ. സബ് റീജിയണൽ ഓഫീസുകൾ നിർത്തലാക്കുന്ന സാഹചര്യമുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഈ രണ്ട് സെന്ററുകളുടെയും കീഴിൽ യഥാക്രമം എത്ര തൊഴിലാളികൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ രണ്ട് സെന്ററുകളുടെയും കീഴിൽ ഏതൊക്കെ ജില്ലകളിൽ നിന്നുള്ള തൊഴിലാളികളാണ് ഉൾപ്പെടുന്നത്;

(ഡി) നിലവിൽ സബ്ബ് സെന്ററുകളുടെ പ്രധാന ചുമതലകൾ എന്തൊക്കെയാണ്;

(ഇ) സെന്ററുകൾ പൂട്ടുന്ന സാഹചര്യമുണ്ടായാൽ സ്വീകരിക്കാനുദ്ദേശിക്കുന്ന ബദൽ സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) മേഖല ഓഫീസുകൾ നിർത്തലാക്കുന്നത് സംബന്ധിച്ച അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) 31-3-2017-ലെ കണക്കുപ്രകാരം കോഴിക്കോട് സബ് റീജിയണൽ ഓഫീസിന്റെ കീഴിൽ 145250 ഉം കൊല്ലം സബ് റീജിയണൽ ഓഫീസിന്റെ കീഴിൽ 126800 ഉം തൊഴിലാളികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) സബ് റീജിയണൽ ഓഫീസ്, കൊല്ലം-

1. കൊല്ലം
2. ആലപ്പുഴ
3. പത്തനംതിട്ട

സബ് റീജിയണൽ ഓഫീസ്, കോഴിക്കോട്-

1. കോഴിക്കോട്
2. മലപ്പുറം
3. വയനാട്
4. കണ്ണൂർ
5. കാസർഗോഡ്

(ഡി) സബ് റീജിയന്റെ കീഴിലുള്ള ബ്രാഞ്ച് ഓഫീസുകളുടെ മേൽനോട്ടം വഹിക്കുക, തൊഴിലാളികളുടെ ആനുകൂല്യ സംബന്ധമായ വിഷയങ്ങളിൽ തീരുമാനമെടുക്കുക, തൊഴിലുടമകളിൽനിന്നും കോൺട്രിബ്യൂഷൻ സ്വീകരിക്കുക, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക, ഓഫീസ് സംബന്ധമായ ഭരണപരവും സാമ്പത്തികപരവുമായ ചുമതലകൾ നിറവേറ്റുക തുടങ്ങിയവയാണ് സബ് റീജിയണൽ ഓഫീസിന്റെ പ്രധാന ചുമതലകൾ.

(ഇ) പൂട്ടാനുള്ള തീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ബദൽ സംവിധാനം പരിഗണിച്ചിട്ടില്ല.

**ഇ.എസ്.ഐ. ഡിസ്പെൻസറികൾ**

264 (2807) <u>ശ്രീ. എൻ .എ.നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ. എസ്. ഐ. ഡിസ്പെൻസറികൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇ. എസ്. ഐ. പദ്ധതിയിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇ.എസ്.ഐ. പദ്ധതിയിൽ ഗുണഭോക്താവാകുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും ലഭ്യമാകുന്ന സേവനങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 143 ഇ.എസ്.ഐ. ഡിസ്പെൻസറികളുണ്ട്. മണ്ഡലം തിരിച്ചുള്ള ഡിസ്പെൻസറികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 31-3-2017 ലെ കണക്കുപ്രകാരം ഇ.എസ്.ഐ. പദ്ധതിയിൽ 9,29,160 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇ. എസ്. ഐ. ആക്ട് ബാധകമാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ 21,000 രൂപ വരെ വേതനത്തോടുകൂടി ജോലി ചെയ്തു വരുന്ന എല്ലാ തൊഴിലാളികളും ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അർഹരാണ്.

ചികിത്സാ ആനുകൂല്യം, രോഗാനുകൂല്യം, ദീർഘകാല രോഗാനുകൂല്യം, കുടുംബാസൂത്രണ ആനുകൂല്യം, അവശതാനുകൂല്യം, സ്ഥിര അവശതാനുകൂല്യം, ആശ്രിതാനുകൂല്യം, പ്രസവാനുകൂല്യം, റിട്ടയർ ചെയ്തവർക്ക്/ തൊഴിലപകടത്തിൽ സ്ഥിരാവശത കാരണം റിട്ടയർ ചെയ്യേണ്ടി വന്നവർക്ക് ചികിത്സാനുകൂല്യം തുടങ്ങിയവയാണ് ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ.

**പുതുതായി അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ**

265 (2808) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി പ്രഖ്യാപിച്ച ഇ.എസ്.ഐ ഡിസ്പെൻസറികളിൽ എവിടെയെല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രഖ്യാപിച്ച ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്നും ഡിസ്പെൻസറിയിൽ നിന്നും ഏതെല്ലാം വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുക എന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 സ്ഥിരം തസ്തികകൾ സൃഷ്ടിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ഈ വിഷയം ഇ.എസ്.ഐ. കോർപ്പറേഷന്റെ സജീവ പരിഗണനയിലാണ്.

സംഘടിത മേഖലയിലെ പത്തോ അതിലധികമോ തൊഴിലാളികൾ സേവനം ചെയ്യുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഇ.എസ്.ഐ. പദ്ധതി പ്രകാരമുള്ള വൈദ്യ ചികിത്സ, രോഗാനുകൂല്യം, അവശതാനുകൂല്യം, ആശ്രിതാനുകൂല്യം, പ്രസവാനുകൂല്യം, ശവസംസ്കാരത്തിനുള്ള ആനുകൂല്യം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

**തൊഴിൽ രഹിത വേതനം**

266 (2809) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേരാണ് തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്തിട്ടുള്ളത്; ഇവരുടെ വേതനം എന്തടിസ്ഥാനത്തിലാണ് നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര നാളത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്; വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് ദിവസവേതനക്കാരുടെ ശമ്പളം ഇരട്ടിയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ തൊഴിൽ രഹിതരുടെ വേതനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ വർദ്ധന നൽകും; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് തൊഴിൽ രഹിതരായി 35,04,958 പേർ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാവർക്കും വേതനം അനുവദിക്കാറില്ല. വിദ്യാർത്ഥികളല്ലാത്തവരും, എസ്.എസ്.എൽ.സി. പാസായവരും കുടുംബ വാർഷിക വരുമാനം 12,000 രൂപയിൽ കവിയാത്തവരും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 18 വയസ്സിനുശേഷം തുടർച്ചയായി 3 വർഷം രജിസ്ട്രേഷൻ സീനിയോറിറ്റി ഉള്ളവരും, 35 വയസ്സ് അപേക്ഷിക്കുന്ന ദിവസം കഴിഞ്ഞിട്ടില്ലാത്തതുമായ

ഉദ്യോഗാർത്ഥികൾക്ക് വേതനത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കാവുന്നതാണ്. പട്ടികജാതി- പട്ടികവർഗ്ഗക്കാരായ അപേക്ഷകരും, അംഗപരിമിതരും എസ്.എസ്.എൽ.സി. പാസ്സാകണമെന്നില്ല. അവർ പരീക്ഷയ്ക്ക് ഹാജരായാൽ മതിയാകും. അംഗപരിമിതർക്ക 2 വർഷത്തെ സീനിയോറിറ്റി മതിയാകും. തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളാണ് അപേക്ഷ പരിശോധിച്ച് വേതനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. പ്രായപരിധി, വിദ്യാഭ്യാസ യോഗ്യത, വരുമാനം എന്നീ മാനദണ്ഡങ്ങളുടെയും, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് തൊഴിൽ രഹിത വേതനം നിശ്ചയിച്ചിട്ടുള്ളത്. നിലവിൽ പ്രതിമാസം 120 രൂപയാണ് തൊഴിൽ രഹിത വേതനമായി അനുവദിക്കുന്നത്.

(ബി) തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകാറില്ല.

03/2017 മുതൽ 07/2017 വരെയുള്ള കാലയളവിലെ തൊഴിൽ രഹിത വേതനം ഓണത്തോടനുബന്ധിച്ച് ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. 08/2017 മുതൽ 02/2018 വരെയുള്ള വേതനം വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ചെറുകിട തോട്ടം മേഖലകളിലെ ജീവനക്കാർക്ക് മിനിമം വേതനം**

267 (2810) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തോട്ടം മേഖലകളിലെ ജീവനക്കാരെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ ചെറുകിട തോട്ടം മേഖലയിലെ ജീവനക്കാരെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്നതിന് 27-7-2016 തീയതിയിൽ 23511/ഇ 1/2015/LBR നമ്പർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**ഗാർഹിക തൊഴിൽ മേഖല**

268 (2811) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ ഗാർഹിക തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ മിനിമം വേതനം 29-12-2016-ലെ ജി.ഒ.(പി) 202/2016/തൊഴിൽ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ.)**

269 (2812) ശ്രീ.അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (കെ.എ.എസ്.ഇ) നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികൾ വിശദീകരിക്കുമോ;

(ബി) സെന്റർ ഓഫ്എക്സലൻസും അക്രഡിറ്റഡ് സ്ഥാപനങ്ങൾ വഴി കെ.എ.എസ്.ഇ നടപ്പിലാക്കുന്ന നൈപുണ്യ പരിശീലന പദ്ധതികളെ നൈപുണ്യ യോഗ്യതാ ചട്ടക്കൂട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്?

ഉത്തരം

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

കൗശൽ കേന്ദ്രങ്ങൾ

അക്രഡിറ്റേഷൻ

കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ

a) എംപ്ലോയബിലിറ്റി സെന്ററുകൾ

b) കരിയർ ഡെവലപ്മെന്റ് സെന്റർ

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)

നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചു വരുന്നു. 4 മാസം ദൈർഘ്യമുള്ള അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം (ANEP) എന്ന കോഴ്സിന് 2 വർഷം ബെഡ്സൈഡ് പ്രവൃത്തി പരിചയം ഉള്ള Bsc/Dilpoma നഴ്സുമാർക്ക് അപേക്ഷിക്കാവുന്നതാണ്. കൂടാതെ 3 മാസം ദൈർഘ്യമുള്ള IELTS എന്ന ഇംഗ്ലീഷ് കോഴ്സിന്റെയും 1 മാസം ദൈർഘ്യമുള്ള Nursing Excellence Programme ന്റെയും പരിശീലന പദ്ധതികൾ പ്രസ്തുത സ്ഥാപനത്തിലൂടെ നൽകി വരുന്നു.

സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി CATS)

സെക്യൂരിറ്റി മേഖലയിൽ നൈപുണ്യ വികസനത്തിനായി ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന Pragmatic Educational Society യുമായി സഹകരിച്ച് CATS (Centre for Advanced Training in Security) എന്ന സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ പ്രവർത്തിച്ചു വരുന്നു. അൺ ആംഡ് സെക്യൂരിറ്റി ഗാർഡ്, സർട്ടിഫിക്കറ്റ് ഇൻ സെക്യൂരിറ്റി മാനേജ്മെന്റ്, ഡിപ്ലോമ/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ സെക്യൂരിറ്റി എന്നീ പരിശീലന പദ്ധതികൾ ആണ് ഈ സ്ഥാപനം വഴി നൽകുന്നത്.

എൻലൈറ്റൻ സ്കിൽ പ്രോഗ്രാം ഫോർ ഓയിൽ ആന്റ് റിഗ് (ESPOiR)

ഓയിൽ ആന്റ് റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ ESPOiR (Enlighten Skills Program for Oil & Rig) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു. ഫാബ്രിക്കേറ്റർ/ ഫിറ്റർ, ജനറൽ ഇലക്ട്രീഷ്യൻ, ഇൻസ്ട്രുമെന്റ് ഫിറ്റർ, വെൽഡർ, ഇൻസ്ട്രുമെന്റ് ടെക്നീഷ്യൻ, മെക്കാനിക്കൽ സൂപ്പർവൈസർ, ഇലക്ട്രിക്കൽ സൂപ്പർവൈസർ, ഇൻസ്ട്രുമെന്റേഷൻ സൂപ്പർവൈസർ എന്നിവയാണ് ESPOiR-ൽ നൽകി വരുന്ന പരിശീലന പദ്ധതികൾ.

സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ് (CRETT)

സദ്ഭാവന ഗ്രൂപ്പുമായി സഹകരിച്ച് ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ പ്രവർത്തിച്ചു വരുന്നു. പ്രോഗ്രാം ഫോർ അച്ചീവിംഗ് കോപിറ്റൻസീസ് ഓഫ് എഡ്യൂക്കേറ്റേഴ്സ് (PACE) എന്ന കോഴ്സിന് B.Ed ബിരുദ ധാരികൾക്ക് അപേക്ഷിക്കാവുന്നതാണ്.

സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED)

ഐ.ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി Entrepreneurship Development Institute of India (EDI), Ahmedabad എന്ന സ്ഥാപനവുമായി ചേർന്ന് CEED (Centre for Excellence in Entrepreneurship Development) എന്ന പേരിൽ മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചു വരുന്നു. CEED ന്റെ 32 ദിവസം നീണ്ടു നിൽക്കുന്ന ടെക്നിക്കൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം ഇൻ ഇന്റർനെറ്റ് ഓഫ് തിങ്സ് (TEDP in IoT) എന്ന പരിശീലന പദ്ധതിയിലൂടെ പരിശീലനം പുരോഗമിച്ചു വരുന്നു.

കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി (KGNLA)

എറണാകുളം ജില്ലയിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമാണ് കേയ്സ് ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി (KGNLA). ആരോഗ്യ പരിപാലനത്തിൽ തങ്ങൾക്കുള്ള അറിവും വൈഭവവും മത്സരക്ഷമതയും ഉയർത്തി മെച്ചപ്പെട്ട കരിയർ സാധ്യമാകുന്നതിന് നഴ്സിംഗ് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിന് അന്തർദേശീയ തലത്തിൽ വികസിപ്പിച്ചെടുത്ത ഒരു വിദ്യാഭ്യാസ പരിശീലനമാണ് മൂന്നു മാസം ദൈർഘ്യമുള്ള നഴ്സിംഗ് കരിയർ അഡ്വാൻസ്മെന്റ് പ്രോഗ്രാം (NCAP).

2. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ IIIC)</u>

അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിച്ച പ്രവർത്തന സജ്ജമാകുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ അക്കാദമി (IIIC) പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി പൊതു-സ്വകാര്യ വ്യവസായ പങ്കാളികളിൽനിന്നും റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിച്ച് സ്കില്ലിംഗ് പാർട്ണറെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളും ഈ അധ്യയന വർഷം തന്നെ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ച് വരുന്നു.

3. <u>കൗശൽ കേന്ദ്രങ്ങൾ</u>

ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുകയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. അസ്സെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ്, ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ, പ്രാഥമിക ഐ.ടി. പരിശീലനം, പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ബേസിക് ആപ്റ്റിറ്റ്യൂഡ് പരിശീലനം എന്നിവയാണ് നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ. നിലവിൽ കൊല്ലം ജില്ലയിലെ ചവറയിലും കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു.

4 <u>അക്രഡിറ്റേഷൻ</u>

ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം ലഭ്യമാക്കുന്ന സ്ഥാപനങ്ങൾക്ക് KASE-ന്റെ അക്രഡിറ്റേഷൻ ലഭ്യമാക്കുക വഴി തങ്ങളുടെ പരിശീലന പദ്ധതി ലോകോത്തര നിലവാരത്തിലുള്ളതാണെന്ന വസ്തുത പൊതു സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാനും അതിന്റെ ഫലമായി മികച്ച ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാനുള്ള അവസരം ലഭ്യമാകുകയും ചെയ്യും. ഇത്തരത്തിൽ ബാങ്കിംഗ് ആന്റ് ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ്, ഹൈടെക് ഓട്ടോമേഷൻ, പെട്രോളിയം, ബ്യൂട്ടി ആന്റ് വെൽനെസ്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ഫിസിയോതെറാപ്പി, ആയുർവേദ, മറൈൻ, ആർക്കിടെക്ചർ, ഡിസൈൻ എഞ്ചിനീയറിംഗ് എന്നീ മേഖലകളിൽ KASE അക്രഡിറ്റേഷൻ നൽകിയിട്ടുണ്ട്. നിലവിൽ 17 സ്ഥാപനങ്ങൾ വഴി 15 വ്യത്യസ്ത മേഖലകളിൽ 52 അക്രഡിറ്റഡ് കോഴ്സുകൾ നടന്നുവരുന്നു.

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ചു, ഡിസൈൻ മേഖലയിൽ സർഗ്ഗ ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. 2015 ആഗസ്റ്റ് മുതൽ ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ, ഇന്റഗ്രേഡഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ എന്നിവയിൽ അഞ്ച് സെമസ്റ്ററുകളിലായി രണ്ടര വർഷം ദൈർഘ്യമുള്ള പോസ്റ്റ് ഗ്രാഡ്യുവേറ്റ് ഡിപ്ലോമ കോഴ്സുകൾ നടന്നു വരുന്നു.

6. എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തി വരുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. കാസർഗോഡ് ജില്ലയിൽ എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

എംപ്ലോയബിലിറ്റി സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (ECMS- Employability Centre Management System) കെൽട്രോണിന്റെ സഹായത്തോടുകൂടി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(www.employabilitycentre.org)

7. കരിയർ ഡെവലപ്മെന്റ് സെന്റർ (CDC)

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. കേരള

അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു. വിദ്യാർത്ഥികൾക്ക് തങ്ങളുടെ ഉപരിപഠനവുമായി ബന്ധപ്പെട്ട എല്ലാവിധ സംശയങ്ങൾക്കും ഈ സെന്ററിൽനിന്നും പരിഹാരം ലഭിക്കും. മികച്ച കോഴ്സുകൾ, പഠനാനന്തരം ഉള്ള തൊഴിൽ സാധ്യത, ഓരോ കാലഘട്ടത്തിലേയും തൊഴിൽ വിപണിയുടെ പൊതുസ്വഭാവം, പുതിയ പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിന് സെന്റർ സഹായകരമാകും. കൂടാതെ വിവിധ സർക്കാർ-പൊതു-സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷാ പരിശീലന രീതികൾ തുടങ്ങിയ വിവരങ്ങളും സെന്ററിൽ നിന്നും ലഭിക്കും. 2017 ഫെബ്രുവരി മാസം മുതൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (CDCMS- Career Development Centre Management System) കെൽട്രോണിന്റെ സഹായത്തോടുകൂടി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

(ബി & സി) ഉൾക്കൊള്ളിച്ചിട്ടില്ല. ഇന്റർനാഷണൽ സ്കിൽ ട്രെയിനിംഗ് ആന്റ് എംപ്ലോയബിലിറ്റി പ്രോഗ്രാം (i-STEP) എന്ന സംവിധാനത്തിനു കീഴിലാണ് നിലവിൽ സെന്റർ ഓഫ് എക്സലൻസും അക്രഡിറ്റഡ് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത്. ഈ സംവിധാനം നവീകരിക്കുന്നതിന്റെ ഭാഗമായി നിലവിലെ എല്ലാ നൈപുണ്യ പരിശീലന പദ്ധതികളെയും ഒരു വർഷത്തിനുള്ളിൽ നൈപുണ്യ യോഗ്യതാ ചട്ടക്കൂട്ടിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുവാൻ വ്യവസായ പങ്കാളികൾക്ക് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മാടായി ഐ.ടി.ഐ.**

270 (2813) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നടന്നുവരുന്നത്; എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യിലെ അടിസ്ഥാന സൗകര്യങ്ങൾ കണക്കിലെടുത്ത് പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മാടായി ഐ.ടി.ഐ.യിലെ എസ്.സി.വി.റ്റി. അംഗീകാരമുള്ള കോഴ്സുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കോഴ്സുകൾ | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (കോപ്പ) (ഏകവത്സരം) | 51 |
| ഇലക്ട്രീഷ്യൻ (ദ്വിവത്സരം) | 21 |
| ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) (ദ്വിവത്സരം) | 26 |

(ബി) ട്രെയിനിംഗ് ഡയറക്ടർ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ സർക്കാർ ഐ.ടി.ഐ.കൾ**

271 (2814) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ നിലവിലു ണ്ടെന്നറിയിക്കാമോ;

(ബി) മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് പ്രയോജനകരമായ മണലൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ രണ്ട് ട്രേഡുകൾ മാത്രമാണുള്ളതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഐ.ടി.ഐ.യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കാനും ഈ സ്ഥാപനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഒന്ന്. മണലൂർ മണ്ഡലത്തിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ മണലൂർ സർക്കാർ ഐ.ടി.ഐ. മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി & സി) ഉണ്ട്. മണലൂർ സർക്കാർ ഐ.ടി.ഐ.യ്ക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. മണലൂർ സർക്കാർ ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.

272 (2815) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരമുള്ള ഐ.ടി.ഐ. ആയി ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ഭാഗമായി എന്തെല്ലാം നവീകരണ, വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ. ഉൾപ്പെടെ 10 ഐ.ടി.ഐ.കളെ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിലേയ്ക്കായി 228,92,31,600 (ഇരുന്നൂറ്റി ഇരുപത്തി എട്ടു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മുപ്പത്തി ഒന്നായിരത്തി അറുന്നൂറു രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ള കേരളാ അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) സ്വീകരിച്ചു വരുന്നു. DPR തയ്യാറാക്കുന്നതിന് വേണ്ടി കൺസൾട്ടന്റിനെ

തീരുമാനിക്കുന്നതിനായി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) ക്ഷണിച്ചിട്ടുണ്ട്. KASE ലഭ്യമാക്കുന്ന ഡി.പി.ആർ. കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും.

(സി & ഡി) KASE ലഭ്യമാക്കുന്ന ഡി.പി.ആർ. കിഫ്ബിയുടെ മുൻപാകെ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എന്തെല്ലാം നവീകരണ, വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടത്, നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും, ഏത് ഏജൻസിയെയാണ് നിർമ്മാണ ചുമതല ഏൽപ്പിക്കേണ്ടത് എന്നിവ സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**കാസർഗോഡ് ജില്ലയിൽ ഐ.ടി.ഐ.**

273 (2816) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലാക്കോട് കേന്ദ്രീകരിച്ച് ഐ.ടി.ഐ. പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് ഈ ഐ.ടി.ഐ.യിൽ അനുവദിച്ചിട്ടുള്ളതെന്നും ഇതിന്റെ പ്രവർത്തനം എന്നാരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് തരുന്ന മുറയ്ക്ക് തുടർ പ്രവർത്തനത്തിന് നടപടി സ്വീകരിക്കും.

**ഗവൺമെന്റ് ഐ.ടി.ഐ.കൾ**

274 (2817) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക പരിശീലന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ-കളുടെ എണ്ണം ജില്ല തിരിച്ച് നൽകാമോ;

(ബി) ഐ.ടി.ഐ നിലവിലില്ലാത്ത ബ്ലോക്കുകളിൽ പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ഓരോ ജില്ലയിലെയും ഗവൺമെന്റ് ഐ.ടി.ഐ. കളിൽ 2017 ആഗസ്റ്റിൽ എൻ സി വി ടി അംഗീകാരമുള്ള ട്രേഡുകളിലേക്ക് പ്രവേശനത്തിനായി ലഭിച്ച അപേക്ഷകളുടെ എണ്ണവും പ്രവേശനം നൽകിയ സീറ്റുകളുടെ എണ്ണവും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വകുപ്പിനു കീഴിൽ 91 സർക്കാർ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 8 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 6 |
| കോട്ടയം | 5 |
| ഇടുക്കി | 3 |
| എറണാകുളം | 6 |
| തൃശ്ശൂർ | 7 |
| പാലക്കാട് | 9 |
| മലപ്പുറം | 6 |
| കോഴിക്കോട് | 12 |
| വയനാട് | 2 |
| കണ്ണൂർ | 9 |
| കാസർഗോഡ് | 7 |

(ബി) ഇല്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സാധ്യതാ പഠനം നടത്തി ഐ.ടി.ഐ.കൾ സ്ഥാപിച്ചു വരുന്നുണ്ട്.

(സി)

| ജില്ല | അപേക്ഷകളുടെ എണ്ണം | പ്രവേശനം നൽകിയ സീറ്റുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 33696 | 2735 |
| കൊല്ലം | 14736 | 1103 |
| പത്തനംതിട്ട | 823 | 252 |
| ആലപ്പുഴ | 7855 | 1017 |
| കോട്ടയം | 8340 | 998 |
| ഇടുക്കി | 1508 | 324 |
| എറണാകുളം | 10081 | 823 |
| തൃശ്ശൂർ | 9813 | 976 |
| പാലക്കാട് | 10687 | 843 |
| മലപ്പുറം | 6525 | 420 |
| കോഴിക്കോട് | 10646 | 998 |
| വയനാട് | 1227 | 105 |
| കണ്ണൂർ | 6641 | 760 |
| കാസർഗോഡ് | 2697 | 441 |

## പള്ളിപ്പാട് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം

275 (2818) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് സർക്കാർ ഐ.റ്റി.ഐ.യ്ക്ക് പുതിയ ട്രേഡുകളും കോഴ്സുകളും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഐ.റ്റി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ?

ഉത്തരം

(എ) നിലവിൽ ഐ.ടി.ഐ. പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമല്ല.

(ബി) നടപ്പ് സാമ്പത്തിക വർഷം ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ പള്ളിപ്പാട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കാൻ കഴിയില്ല. അടുത്ത സാമ്പത്തിക വർഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിശോധിക്കുന്നതാണ്.

## ചാത്തന്നൂർ ഐ.ടി.ഐ.യിലെ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അംഗീകാരം

276 (2819) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിലെ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. യുടെ അംഗീകാരം ലഭിക്കുന്നതിനായി പെയിന്റർ ജനറൽ, ഡ്രസ് മേക്കിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ ട്രേഡുകൾക്ക് ഓരോ യൂണിറ്റ് കൂടി അനുവദിക്കുന്നതിനുള്ള നടപടികളിലെ പുരോഗതി വിശദമാക്കാമോ;

(ബി) ചാത്തന്നൂർ ഐ.ടി.ഐ.-യ്ക്കായി കൊല്ലം മീനാട് വില്ലേജിൽ റീസർവ്വേ 158/2, ബ്ലോക്ക് നമ്പർ 30 ൽപ്പെട്ട ഒരേക്കർ സ്ഥലം ലഭിക്കുന്നതിനായി കളക്ടർക്ക് ലാൻഡ് ട്രാൻസ്ഫർ അപേക്ഷ നൽകിയ ശേഷം പ്രസ്തുത വിഷയത്തിലുണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ബി) ടി ഭൂമി അനുവദിച്ചു നൽകാൻ കഴിയില്ലെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന പദ്ധതി**

277 (2820) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എല്ലാ നഗരങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(സി) പദ്ധതിക്കായി ഫണ്ട് അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടുണ്ടോ;

(ഡി) അസംഘടിത മേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും മറുനാടൻ തൊഴിലാളികൾക്കും തോട്ടം തൊഴിലാളികൾക്കും നടപ്പിലാക്കുന്ന ഭവനപദ്ധതികളും അവയുടെ നിലവിലെ അവസ്ഥയും വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ ഭവനം ഫൗണ്ടേഷൻ വഹിക്കുന്ന പങ്ക് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ അസംഘടിത മേഖലയിലെ വരുമാനം കുറഞ്ഞ തൊഴിലാളികൾക്ക് സ്വന്തം അപ്പാർട്ടുമെന്റ് താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് 'ജനനി'. നിലവിൽ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ അടിമാലി ഗ്രാമപഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം ജില്ലയിൽ പെരുമ്പാവൂരിലെ പോഞ്ഞാശ്ശേരി പഞ്ചായത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. തൃക്കാക്കര നഗരസഭയിലെ കാക്കനാട് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. തൊഴിൽ വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാർ തുക അനുവദിച്ചിട്ടില്ല.

(ഡി) ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി (Bhavanam Project- Own your own Housing Scheme) വിഭാവനം ചെയ്തിരിക്കുന്നത് കേരളത്തിലെ വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് തോട്ടം മേഖലയിൽത്തന്നെ

സ്വന്തമായി വീട് നിർമ്മിച്ചു നൽകുന്നതിനായിട്ടാണ്. ഈ സ്കീമിൽ, സ്വന്തമായി കുറഞ്ഞത് 3 സെന്റ് സ്ഥലമെങ്കിലും തോട്ടം മേഖലയിലുള്ള തൊഴിലാളികൾക്ക് വ്യക്തിഗത വീട് നിർമ്മിച്ചു നൽകും. സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് അപ്പാർട്ടുമെന്റ് നിർമ്മിച്ചു നൽകും. 400 ചതുരശ്ര അടിയിൽ 2 ബെഡ്റൂം, ഡ്രായിംഗ് കം ഡൈനിംഗ് ഹാൾ, ടോയ്‌ലെറ്റ്, ബാത്ത്റൂം, അടുക്കള, വർക്ക് ഏരിയ എന്നിവയുള്ള ഒരു ഭവന യൂണിറ്റാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭവനം പദ്ധതി- തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതി നടപ്പിലാക്കാനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ഹോസ്റ്റൽ നിർമ്മിച്ച് നൽകുന്ന പദ്ധതി 'അപ്നാ ഘർ' പാലക്കാട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) വരുമാനം കുറഞ്ഞ തൊഴിലാളികൾക്കും ജോലിക്കാർക്കും സ്വന്തം അപ്പാർട്ടുമെന്റ് താങ്ങാവുന്ന വിലയ്ക്ക് നൽകുന്ന ജനനി പദ്ധതി, കേരളത്തിലെ തോട്ടം തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും നിലവാരമുള്ള ഭവനം അവരുടെ ജോലി സ്ഥലത്തോ അതിനടുത്തോ തന്നെ നിർമ്മിച്ചു നൽകുന്ന ഭവനം പദ്ധതി, കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന ഹോസ്റ്റൽ നിർമ്മിക്കുന്ന അപ്നാ ഘർ പദ്ധതി എന്നിവ തൊഴിലും നൈപുണ്യവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഭവനം ഫൗണ്ടേഷൻ കേരള ആണ് നടപ്പിലാക്കുന്നത്. നിലവിൽ പാലക്കാട്, അടിമാലി, എറണാകുളം എന്നിവിടങ്ങളിൽ പദ്ധതികൾ പൂർത്തിയായി വരുന്നു.

## കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ

278 (2821) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെമിക്കൽ ഫാക്ടറികളിൽ ഉണ്ടാകുന്ന അപകടം കുറയ്ക്കുന്നതിലേക്കായി എല്ലാ ഫാക്ടറികളിലും കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഫാക്ടറികളാണ് പ്രസ്തുത നിർദ്ദേശം ഇനിയും നടപ്പിലാക്കാനുള്ളത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫാക്ടറികളിൽ കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**തൊഴിലപകട നഷ്ടപരിഹാര കോടതി**

279 (2822) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലപകട നഷ്ടപരിഹാര കോടതിയിൽ കേസുകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലവിളംബം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കോടതി ആഴ്ചയിൽ എത്ര ദിവസമാണ് പ്രവർത്തിക്കുന്നത്; ആയത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അപകടമരണത്തിനും അപകടത്തിൽ പൂർണമായും ഡിസെബിലിറ്റി ഉണ്ടാകുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിലപകട നഷ്ടപരിഹാര കേസുകൾ തീർപ്പാക്കുന്നതിൽ കോടതിയുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൊഴിലപകട നഷ്ടപരിഹാര കേസുകൾ നിലവിൽ വ്യവസായ ട്രൈബ്യൂണലുകളാണ് തീർപ്പാക്കുന്നത്. വിവിധ വ്യാവസായിക ട്രൈബ്യൂണലുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. പ്രസ്തുത കോടതികളുടെ പ്രവർത്തന ദിവസം വർദ്ധിപ്പിക്കുന്നത് നിലവിൽ സർക്കാർ പരിഗണനയിലില്ല.

(സി) നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അപകടമരണത്തിനും അപകടത്തിൽ പൂർണ്ണമായും ഡിസെബിലിറ്റി ഉണ്ടാകുന്നവർക്കും നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യ ഉപഭോഗം**

280 (2823) ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ :
ശ്രീ. എൻ. എ.നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) മദ്യം വാങ്ങാനുള്ള പ്രായപരിധി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെ ഉപഭോഗത്തിൽ എത്ര ശതമാനം കുറവ് വരുത്താൻ ഇതിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നൽകുന്ന ശിക്ഷയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരം ഇളവുകൾ കുറ്റകൃത്യങ്ങൾ പെരുകുന്നതിന് ഇടയാക്കുമെന്ന കാര്യം ഗൗരവമായി പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21-12-2017 തീയതിയിലെ 38/2017-ാം നമ്പർ ഓർഡിനൻസ് പ്രകാരം മദ്യം വാങ്ങാനുള്ള പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സാക്കി ഉയർത്തിയിട്ടുണ്ട്. യുവജനങ്ങൾക്കിടയിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുക എന്നതാണ് പ്രായപരിധി ഉയർത്തിയതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

(ബി) കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നൽകുന്ന ശിക്ഷയിൽ ഇളവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

(സി) കള്ളിന് വീര്യം കൂട്ടാൻ മായം കലർത്തുന്നവർക്ക് നിലവിലെ അബ്കാരി നിയമപ്രകാരം 5 വർഷം വരെ തടവും 50,000 രൂപ വരെ പിഴയും ചുമത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് അബ്കാരി നിയമപ്രകാരം പരമാവധി ശിക്ഷ ലഭിക്കാറുണ്ട്.

**എക്സൈസ് കേസുകൾ**

281 (2824) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് കേസുകൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(ബി) വ്യാജമദ്യ നിർമ്മാണം, വ്യാജ കള്ളിന്റെ നിർമ്മാണം എന്നിവയുൾപ്പെടെയുള്ള കേസുകൾ വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേസുകൾ കഴിഞ്ഞ 6 മാസത്തിനുകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) കള്ളിൽ മായം ചേർക്കുന്നതിനുള്ള ശിക്ഷയിൽ ഇളവു വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചതാണ് ഇത്തരം കേസുകൾ വർദ്ധിക്കാനിടയായതെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിന് കാരണം; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ മദ്യനയം നിലവിൽ വന്ന ശേഷം എക്സൈസ് കേസുകൾ വർദ്ധിക്കാനിടയായത് മദ്യനയത്തിലുണ്ടായ പോരായ്മ കൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അബ്കാരി കേസ്സുകളുടെ കാര്യത്തിൽ കഴിഞ്ഞ വർഷം 11 ശതമാനം കുറവ് വന്നിട്ടുണ്ട്. എൻ.ഡി.പി.എസ്. കേസ്സുകളുടെ കാര്യത്തിൽ 99 ശതമാനം വർദ്ധനവും പുകയില ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ 58 ശതമാനം വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) വർദ്ധിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) മുൻ വർഷങ്ങളെ അപേക്ഷിച്ച് അബ്കാരി കേസ്സുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. മയക്കുമരുന്ന് കേസ്സുകളുടെ കാര്യത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്.

**സ്പിരിറ്റ് കടത്ത് പിടികൂടുന്നതിന് ഊർജ്ജിത സംവിധാനം**

282 (2825) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളവാറ്റ്, സ്പിരിറ്റ്, സെക്കൻഡ്സ് തുടങ്ങിയവ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന സ്പിരിറ്റ് പിടികൂടുന്നതിന് ഊർജ്ജിത സംവിധാനമില്ലാത്തതിനാലാണ് സ്പിരിറ്റ് കടത്ത് വ്യാപകമായതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെ രൂപം നൽകിയ മൂൺഷൈൻ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരം 2017 ജൂൺ മാസത്തിന് ശേഷം എടുത്ത കേസുകളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിലില്ല.

## കുട്ടികളിലെ മദ്യപാന ശീലം

283 (2826) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾ വളരെ കുറഞ്ഞ പ്രായത്തിൽ തന്നെ മദ്യപാനം ആരംഭിക്കുന്നത് കേരളത്തിലാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമങ്ങളെ അപേക്ഷിച്ച് നഗര മേഖലയിലെ കുട്ടികളിൽ മദ്യപാന ശീലം വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പത്ത് വയസ്സിനു മുമ്പ് മദ്യപാനമാരംഭിക്കുന്ന കുട്ടികളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) കുട്ടികൾക്ക് മദ്യം ലഭിക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെ കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/ കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2906 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ- സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനുവേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തി വരുന്നത്. ലഹരി വിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, പി.റ്റി.എ.കളുമായി സഹകരിച്ചുകൊണ്ട് ബോധവൽക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/ കോളേജ്

കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/ കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരിവിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാര ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട്. സമഗ്രമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഒരു സൈക്കോളജിസ്റ്റിനെയും ഒരു സോഷ്യോളജിസ്റ്റിനെയും ഉൾപ്പെടുത്തി റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. 23 വയസ്സിന് താഴെയുള്ളവർ മദ്യം വാങ്ങുന്നതും ഉപയോഗിക്കുന്നതും, 23 വയസ്സിന് താഴെയുള്ളവർക്ക് മദ്യം വിൽക്കുന്നതും നിയമാനുസരണം നിരോധിച്ചിട്ടുണ്ട്.

**ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് നൽകുന്ന ബോണസ്**

284 (2827) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ ജീവനക്കാർക്ക് എക്സ്ഗ്രേഷ്യായിനത്തിലും പെർഫോമൻസ് അലവൻസിനത്തിലും എത്ര ശതമാനം ബോണസാണ് അനുവദിച്ചത്; ഇതിലൂടെ ഒരു തൊഴിലാളിക്ക് എത്ര തുകയാണ് ശരാശരി ബോണസിനത്തിൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വൻതുക ബോണസായി നൽകുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ധനകാര്യ മന്ത്രി കത്ത് നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത കത്തിൽ ചൂണ്ടി കാണിച്ചിരുന്ന വസ്തുതകൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി, സിവിൽ സപ്ലൈസ് തുടങ്ങിയ മേഖലയിലെ തൊഴിലാളികൾക്ക് തുച്ഛമായ ബോണസ് അനുവദിക്കുമ്പോൾ ബിവറേജസ് ജീവനക്കാർക്ക് ഏറ്റവും കൂടുതൽ ബോണസ് നൽകുന്നത്

നീതികരിക്കത്തക്കതാണോ; അല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 വർഷത്തെ മൊത്തം ശമ്പളത്തിന്റെ 19.25 ശതമാനം എക്സ്ഗ്രേഷ്യയും, 10.25 ശതമാനം പെർഫോമൻസ് ഇൻസെന്റീവ് ആയും, ഒരു ജീവനക്കാരന് പരമാവധി അലവൻസ് 85,000 രൂപയായി (രൂപ എൺപത്തി അയ്യായിരം) നിജപ്പെടുത്തിയും 27-8-2017 ലെ സ.ഉ.(സാധാ.) നമ്പർ 718/2017/നി.വ. പ്രകാരം അനുവദിച്ച് നൽകിയിരുന്നു. ഇതുപ്രകാരം ഒരു തൊഴിലാളിക്ക് ശരാശരി 68,374.82 രൂപ (അറുപത്തി എട്ടായിരത്തി മുന്നൂറ്റി എഴുപത്തി നാല് രൂപ എൺപത്തി രണ്ട് പൈസ) ബോണസ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ബോണസും ഫെസ്റ്റിവൽ അലവൻസുമായി 80,000 രൂപയോളം നൽകുന്നത് തെറ്റായ സന്ദേശമായിരിക്കുമെന്നും മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇതൊരു പ്രോത്സാഹനമായിരിക്കുമെന്നും അതിനാൽ 50,000 രൂപയ്ക്കകത്ത് നിൽക്കത്തക്ക രീതിയിൽ മിതമായ നിരക്കിൽ ബോണസും ഉത്സവബത്തയും നൽകുന്നതിനുള്ള നിർദ്ദേശം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനു നൽകണമെന്നും നിർദ്ദേശിച്ചിരുന്നു.

(സി) ബിവറേജസ് കോർപ്പറേഷന്റെ പ്രതിവർഷ ലാഭനിരക്ക് അടിസ്ഥാനമാക്കിയാണ് ജീവനക്കാർക്ക് ഉത്സവകാല ആനുകൂല്യം നൽകി വരുന്നത്. ഇക്കാര്യത്തിൽനിയന്ത്രണം കൊണ്ടുവരുന്ന കാര്യം പരിശോധിച്ചിട്ടില്ല.

**ടാസ്ക് ഫോഴ്സ് ബോർഡർ പട്രോളിംഗ്**

285 (2828) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി കടത്തും മറ്റ് അനധികൃത കടത്തും തടയുന്നതിന് വേണ്ടി ടാസ്ക് ഫോഴ്സ്,ബോർഡർ പട്രോളിംഗ് പ്രവർത്തനം ആരംഭിച്ചത് എന്ന് മുതലാണെന്ന് അറിയിക്കുമോ;

(ബി) പ്രവർത്തനം ആരംഭിച്ചതിന് ശേഷം പട്രോളിംഗ് യൂണിറ്റുകൾ എത്ര സ്പിരിറ്റുവാഹനങ്ങൾ പിടിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) അനധികൃതമായി പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കൾ അടക്കമുള്ള വാഹനങ്ങൾ ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടുമ്പോൾ അത് പിടിച്ചെടുത്ത

ഉദ്യോഗസ്ഥർക്ക് ആർക്കൊക്കെ 17-9-2012 ലെ GO(p)163/ Taxes എന്ന ഉത്തരവ് പ്രകാരം നാളിതുവരെ പാരിതോഷികം നൽകിയിട്ടുണ്ട് എന്ന് ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്ന് പാരിതോഷികം നല്കിയിട്ടില്ലാത്തവരുടെ പേര് വിവരം ഡിവിഷൻ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) അർഹരായവർക്ക് പാരിതോഷികം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ ടാസ്ക് ഫോഴ്സ്, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ പ്രത്യേക ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടില്ല. എന്നാൽ ടി യൂണിറ്റുകളുടെ പ്രവർത്തനം സ്പെഷ്യൽ ഡ്രൈവ് കാലയളവുകളിൽ ലഹരി കടത്തും മറ്റ് അനധികൃത കടത്തും തടയുന്നതിന് വേണ്ടി പ്രവർത്തിച്ചു വരുന്നു.

(ബി) പട്രോളിംഗ് യൂണിറ്റുകൾ സ്പെഷ്യൽ ഡ്രൈവ് കാലയളവുകളിൽ ജീവനക്കാരെ യോജിപ്പിച്ച് നടത്തുന്നതിനാൽ കണ്ടെടുക്കുന്ന സ്പിരിറ്റ് കേസ്സുകളുടെ കണക്ക് പ്രത്യേകിച്ച് സൂക്ഷിച്ചിട്ടില്ല. അപ്രകാരം കണ്ടെടുക്കുന്ന കേസ്സുകൾ അതാത് ഫീൽഡ് ഓഫീസുകളിൽ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പാരിതോഷികം ലഭിച്ചിട്ടുള്ളവരുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ശ്രീ. എ. സജീവ്, സിവിൽ എക്സൈസ് ഓഫീസർ, പാലക്കാട് ജില്ല.

(ഇ) വ്യക്തമായ രേഖകൾ സഹിതമുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹരായവർക്ക് പാരിതോഷികം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## അമരവിള എക്സൈസ് ഓഫീസ്

286 (2829) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള എക്സൈസ് ഓഫീസ് ജീർണ്ണാവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നെയ്യാറ്റിൻകരയിൽ വിവിധ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, റെയിഞ്ച് ഓഫീസ് എന്നിവ അമരവിളയിലേയ്ക്ക് മാറ്റി അവിടെ എക്സൈസ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അമരവിള എക്സൈസ് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എക്സൈസ് കോംപ്ലക്സ് പണിയുന്നതിനുള്ള ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അമരവിളയിൽ എക്സൈസ് ഓഫീസ് നിർമ്മിക്കുന്നത് 2017-18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഓഫീസും എക്സൈസ് റെയ്ഞ്ച് ഓഫീസ് അമരവിള, എക്സൈസ് റെയ്ഞ്ച് ഓഫീസ് തിരുപുറം, എക്സൈസ് റെയ്ഞ്ച് ഓഫീസ് നെയ്യാറ്റിൻകര, എക്സൈസ് റെയ്ഞ്ച് ഓഫീസ് കാട്ടാക്കട എന്നീ ഓഫീസുകൾ പ്രവർത്തിച്ച് വരുന്നതും ഓരോ ഓഫീസിനും പ്രത്യേകം അധികാര പരിധി നിശ്ചയിച്ചിട്ടുള്ളതുമാണ്. ആയതിനാൽ അധികാര പരിധി മറികടന്ന് ടി ഓഫീസുകൾ എല്ലാം ഒരു പ്രത്യേക സ്ഥലത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് ഇടയാക്കും.

(സി) അമരവിള റേഞ്ച് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിൽ നിന്നും കുറച്ചുഭാഗം ദേശീയപാതയുടെ വികസനത്തിനായി നൽകിയിട്ടുള്ളതും, കൂടാതെ നെയ്യാറ്റിൻകര എക്സൈസ് സർക്കിൾ ഓഫീസ് നിലവിൽ സർക്കാർ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചുവരുന്നത്. ആയതിനാൽ സ്ഥലപരിമിതി കാരണം എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) അമരവിളയിൽ എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി 2017-18 ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയതിന്മേൽ നടപടി സ്വീകരിച്ചിട്ടില്ല.

**മഞ്ചേശ്വരത്ത് പുതിയ എക്സൈസ് സർക്കിൾ ഓഫീസ്**

287 (2830) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പുതിയ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം കൂടാതെ പ്രസ്തുത ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

**ചങ്ങനാശ്ശേരിയിലെ എക്സൈസ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ**

288 (2831) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ എക്സൈസ് ഓഫീസുകൾ പ്രവൃത്തിക്കുന്ന കെട്ടിടങ്ങൾ കാലപ്പഴക്കംമൂലം ജീർണ്ണിച്ച് അപകടാവസ്ഥയിലായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ നീക്കം ചെയ്ത് ഓഫീസുകൾക്ക് ആവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പുരോഗമിച്ചു വരുന്നു.

**ഡീ അഡിക്ഷൻ സെന്റർ**

289 (2832) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിനും മയക്കു മരുന്നിനും അടിമകളായവരെ സഹായിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ബാലുശ്ശേരി കിനാലൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ഡീ അഡിക്ഷൻ സെന്ററിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(സി) പ്രസ്തുത സെന്റർ ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ഉത്തരം

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ

'കായികലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ച നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിമുക്തി മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടു മണിമുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലും ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ലഹരിമോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**മദ്യ- ലഹരി വിരുദ്ധ കാമ്പയിൻ**

290 (2833) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യ-ലഹരി വിരുദ്ധ കാമ്പയിന്റെ ഭാഗമായി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എത്ര തുകയാണ് സർക്കാർ വകയിരുത്തുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 'വിമുക്തി' എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായികരംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും

ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. 'വിമുക്തി' മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ടിടങ്ങളിലായി രാവിലെ എട്ടു മണിമുതൽ രാത്രി എട്ടുമണി വരെ ടോൾ ഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഡീ-അഡിക്ഷൻ സെന്റർ അന്താരാഷ്ട്ര നിലവാരത്തിലുള്ളതും നിംഹാൻസ് മാതൃകയിലുമായിരിക്കും. ലഹരി മോചന ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'ക്കായി 2016-17 കാലയളവിലേയ്ക്ക് 10-11-2016 ലെ സ.ഉ.(കൈ) 99/2016/നി.വ. പ്രകാരം 7,28,95,000 (ഏഴുകോടി ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) രൂപയും 2017-18 കാലയളവിലേയ്ക്ക് 21-6-2017-ലെ സ.ഉ.(കൈ) 51/17/നി.വ. പ്രകാരം 21,72,86,000 (ഇരുപത്തിയൊന്ന് കോടി എഴുപത്തിരണ്ടു ലക്ഷത്തി എൺപത്താറായിരം രൂപ മാത്രം) രൂപയും വകയിരുത്തിയിട്ടുള്ളതാണ്. ഇതിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**ലഹരിമുക്ത കേരളം**

291 (2834) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം എത്ര;

(ബി) പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് എത്ര റെയ്ഡുകൾ നടത്തി; ആയതിന്റെ അടിസ്ഥാനത്തിൽ എത്രപേർ അറസ്റ്റിലായി എന്ന് വ്യക്തമാക്കുമോ; റെയ്ഡിൽ കണ്ടെത്തിയവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ അബ്കാരി നയം, കഴിഞ്ഞ സർക്കാർ കാലയളവിലെ നടപടികളെക്കാൾ കൂടുതൽ മെച്ചപ്പെട്ടതാണെന്ന് കരുതുന്നുവോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ലഹരിമുക്ത കേരളം കെട്ടിപ്പടുക്കാനുള്ള എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ 31-12-2017 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

1. അബ്കാരി - 37,605.

2. എൻ.ഡി.പി.എസ്. - 7,979

3. കോട്പ - 1,12,427

(ബി) എക്സൈസ് വകുപ്പ് സംസ്ഥാനത്ത് 2,21,842 റെയ്ഡുകൾ നടത്തി. വിശദാംശം ചുവടെ ചേർക്കുന്നു:

1. അബ്കാരി കേസ്സുകളിൽ ഉൾപ്പെട്ട് അറസ്റ്റിലായവർ- 33,710

2. എൻ.ഡി.പി.എസ്. കേസ്സുകളിൽ ഉൾപ്പെട്ട് അറസ്റ്റിലായവർ- 8,384

| | |
|---|---|
| സ്പിരിറ്റ് | 9525.350 ലിറ്റർ |
| ചാരായം | 6547.415 ലിറ്റർ |
| വിദേശ മദ്യം | 58907.856 ലിറ്റർ |
| കോട | 331609 ലിറ്റർ |
| അരിഷ്ടം | 29624.445 ലിറ്റർ |
| ബിയർ | 9497.33 ലിറ്റർ |
| കള്ള് | 24429.15 ലിറ്റർ |
| വ്യാജമദ്യം | 1924.55 ലിറ്റർ |
| കഞ്ചാവ് | 1834.267 കി.ഗ്രാം |
| കഞ്ചാവ് ചെടി | 2511 |

| | |
|---|---|
| ഹാഷിഷ് | 12774.148 ഗ്രാം |
| ഹെറോയിൻ | 506.080 ഗ്രാം |
| ബ്രൗൺ ഷുഗർ | 292.280 ഗ്രാം |
| ഒപ്പിയം | 4818 ഗ്രാം |
| മയക്ക് മരുന്ന് ഗുളികകൾ | 9218 ഗുളികകൾ |
| പുകയില ഉൽപ്പന്നങ്ങൾ | 893262 പാക്കറ്റ്സും 25371.78 കി.ഗ്രാം |
| തൊണ്ടി രൂപ | 35,43,736 രൂപ |
| വാഹനങ്ങൾ | 2829 എണ്ണം |

(സി) കരുതുന്നുണ്ട്. മുൻ സർക്കാരിന്റെ മദ്യനയത്തിലെ തീരുമാനങ്ങളെ തുടർന്ന് സ്ഥിരമായി മദ്യം ഉപയോഗിച്ചിരുന്നവർ ഉൾപ്പെടെയുള്ള ഉപഭോക്താക്കൾ മയക്കുമരുന്നുകളും വ്യാജമദ്യവും ഉൾപ്പെടെയുള്ള നിയമ വിരുദ്ധ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് തിരിയുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി മുക്തമാക്കി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പുതിയ മദ്യനയം രൂപീകരിച്ച് പ്രാവർത്തികമാക്കി വരുന്നത്. ഇതിനായി ബോധവൽക്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും മദ്യഉപഭോഗം കുറച്ചുകൊണ്ട് വരുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കുന്നതിനായി 'വിമുക്തി' എന്ന ബോധവൽക്കരണ മിഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) ലഹരിമുക്ത കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ 'വിമുക്തി'യെന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ലഹരിക്ക് അടിമപ്പെട്ടവരെ കൗൺസിലിംഗിലൂടെയും ആവശ്യമായ ചികിത്സ നൽകിയും സാധാരണ ജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ട് വരുന്നതിനായുള്ള പ്രവർത്തനങ്ങൾ

നടന്നുവരുന്നു. സംസ്ഥാനത്ത് രണ്ട് ഇടങ്ങളിലായി രാവിലെ 8.00 മണി മുതൽ രാത്രി 8.00 മണി വരെ ടോൾഫ്രീ നമ്പരിലുള്ള ടെലഫോൺ വഴിയും ആവശ്യമെങ്കിൽ നേരിട്ടും കൗൺസിലിംഗ് ലഭ്യമാകുന്ന തരത്തിൽ രണ്ട് കൗൺസിലിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. ലഹരിയുടെ വഴി തെരഞ്ഞെടുക്കുന്നതിൽ നിന്ന് വിദ്യാർത്ഥികളെയും യുവജനങ്ങളെയും മാറ്റിയെടുക്കുന്നതിനുള്ള മികച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലഹരിക്കെതിരെ 'കായിക ലഹരി'യെന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ച് നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 'വിമുക്തി' മിഷന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിമുക്തി മിഷന്റെ എല്ലാ പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുന്നത് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലാണ്.

## സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരണം

292 (2835) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ലഹരി ഉപയോഗ നിർമ്മാർജ്ജനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കുമായി സ്റ്റുഡന്റ് പോലീസ് കേഡറ്റിന്റെ മാതൃകയിൽ സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(സി) സ്റ്റുഡന്റ് എക്സൈസ് കേഡറ്റ് രൂപീകരിക്കുന്നതിനായി ഏതെങ്കിലും സ്കൂളുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കുട്ടികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂൾ, കോളേജ്

കുട്ടികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പകരാനായി കഴിഞ്ഞിട്ടുണ്ട്. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ചു നയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 19 വയസ്സിൽ താഴെയുള്ള സീനിയർ ആൺകുട്ടികൾക്കായി സംസ്ഥാന തലത്തിൽ കബഡി മത്സരം നടത്തുകയുണ്ടായി. സ്പോർട്സ് കൗൺസിലുമായി സഹകരിച്ചുകൊണ്ട് കായിക രംഗത്ത് 'കായിക ലഹരി'യുടെ ഭാഗമായി കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതിയുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തി കേസുകൾ കണ്ടുപിടിച്ച് എൻ.ഡി.പി.എസ്., കോട്പ ആക്ടുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) സ്റ്റുഡന്റ് എക്സൈസ് കേഡറ്റ്സ് രൂപീകരിക്കുന്നത് ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അപേക്ഷകൾ ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

**വനിതാ സിവിൽ എക്സൈസ് ആഫീസർ തസ്തിക**

293 (2836) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ സിവിൽ എക്സൈസ് ആഫീസർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; ഇതിൽ എത്ര എണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ട്; സിവിൽ എക്സൈസ് ആഫീസർ തസ്തികയുടെ എത്ര ശതമാനമാണ് വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സ്കൂൾ വിദ്യാർത്ഥികൾക്കിടയിലും യുവാക്കൾക്കിടയിലും കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ കൂടുതൽ വനിതാ സിവിൽ എക്സൈസ് ആഫീസർ തസ്തികകൾ സൃഷ്ടിച്ച് സ്കൂളുകൾ, കോളേജുകൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 561 തസ്തികകൾ നിലവിലുണ്ട്. ഇതിൽ 91 എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ട്. സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ 10 ശതമാനമാണ് വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ളത്.

(ബി & സി) ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിലേയ്ക്കായി സംസ്ഥാനത്തെ എക്സൈസ് വകുപ്പിൽ 2017-ൽ 138 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ച് വരുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ ബോധവൽക്കരണത്തിനായി സംഘടിപ്പിച്ച് വരുന്നു.

കുടുംബശ്രീ വഴിയും മറ്റ് സംവിധാനങ്ങൾ വഴിയും പൊതുജനങ്ങൾക്കിടയിലും ബോധവൽക്കരണം നടത്തി വരുന്നു. ഈ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടും നൽകി വരുന്നുണ്ട്.

## എക്സൈസ് വകുപ്പിൽ സ്ഥലം മാറ്റത്തിന് പൊതു മാനദണ്ഡം

294 (2837) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പിൽ സ്ഥലംമാറ്റ മാനദണ്ഡം പാലിക്കാതെ ജീവനക്കാരെ സ്ഥലം മാറ്റുന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

എക്സൈസ് വകുപ്പിൽ അച്ചടക്കത്തിന്റെ ഭാഗമായും പൊതുതാൽപര്യവും, ഭരണസൗകര്യവും കണക്കിലെടുത്ത് സ്ഥലംമാറ്റം നടത്താറുണ്ട്. ചില സ്ഥലം മാറ്റങ്ങളെ സംബന്ധിച്ച് സ്വാഭാവികമായി ലഭിക്കാറുള്ള പരാതികളെ കുറിച്ച് വ്യക്തമായ പരിശോധനകൾ നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ബ്രൂവറീസ്

295 (2838) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് യുണൈറ്റഡ് ബ്രൂവറീസ് പ്രവർത്തന സമയത്തിന് ആനുപാതികമായി എക്സൈസ് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ;

(ബി) ഡിസ്റ്റിലറി, ബ്രൂവറീസ് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) സ്പെഷ്യൽ ഡ്യൂട്ടി ചെയ്യുന്നവർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഓവർടൈം ആനുകൂല്യം അടക്കമുള്ള തുക കമ്പനി സർക്കാരിലേയ്ക്ക് അടയ്ക്കാറുണ്ടോ;

(ഡി) Go (Rt)No.474/2015 Dated 30-6-2015 പ്രകാരം സ്പെഷ്യൽ ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാരുടെ ഓവർടൈം അലവൻസായി എത്ര രൂപ പ്രസ്തുത കമ്പനി സർക്കാരിലേക്ക് അടച്ചിട്ടുണ്ട്;

(ഇ) ഓവർടൈം അലവൻസായി സ്പെഷ്യൽ ഡ്യൂട്ടിക്കാർക്ക് നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്;

(എഫ്) മേലുദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ നടപടികൾ കാരണം ഓവർടൈം അലവൻസ് ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഉണ്ടെങ്കിൽ ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അതാത് സ്ഥാപനങ്ങളാണ്.

(സി) ഉണ്ട്.

(ഡി) G.O.(Rt) No. 474/2015/TD dated 30-6-2015 പ്രകാരം പുനർവിന്യാസം വഴി ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് ഉത്തരവായിരുന്നു. ഒക്ടോബർ 2015 മുതൽ ഡിസംബർ 2017 വരെ 30,57,324 രൂപ സർക്കാരിലേയ്ക്ക് കമ്പനി അടച്ചിട്ടുണ്ട്.

(ഇ) തുകയൊന്നും മാറി നൽകിയിട്ടില്ല.

(എഫ്) ഇല്ല.

**സ്പെഷ്യൽ സ്ക്വാഡുകൾ**

296 (2839) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് കമ്മീഷണറുടെ കീഴിൽ ഉണ്ടായിരുന്ന മൂന്ന് സ്പെഷ്യൽ സ്ക്വാഡുകൾ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എപ്പോഴാണ് പിരിച്ചുവിട്ടതെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(സി) പിരിച്ചുവിടപ്പെട്ട സ്ക്വാഡുകളിലെ ഉദ്യോഗസ്ഥരെ എവിടെയാണ് പുനർവിന്യസിച്ചതെന്നും പുതിയ സ്ക്വാഡുകളിൽ നിയമിക്കപ്പെട്ടവരുടെ കാര്യത്തിൽ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) എക്സൈസ് കമ്മീഷണറുടെ കീഴിലുള്ള സ്പെഷ്യൽ സ്ക്വാഡുകൾ 27-9-2017, 9-10-2017 എന്നീ തീയതികളിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(സി) എക്സൈസ് കമ്മീഷണറുടെ സ്ക്വാഡിൽ നിയമിതരാകുന്ന ഉദ്യോഗസ്ഥർ നിലവിൽ ജോലി ചെയ്തു വരുന്ന ലാവണങ്ങളിലെ ജോലിക്ക് പുറമെ അധിക ചുമതലയായിട്ടാണ് സ്ക്വാഡ് ജോലികൾ ചെയ്യേണ്ടത്. അതിനാൽ ജീവനക്കാരെ പുനർവിന്യസിക്കേണ്ട ആവശ്യം വരുന്നില്ല. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ കാര്യപ്രാപ്തിയും വിശ്വസ്തതയും പുലർത്തുന്ന ഉദ്യോഗസ്ഥരെ സ്പെഷ്യൽ സ്ക്വാഡിൽ നിയമിച്ചു വരുന്നു. ഇതിനായി പ്രത്യേക മാനദണ്ഡങ്ങൾ തീരുമാനിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

**ലഹരി ഉപയോഗം മൂലമുള്ള വാഹന അപകടങ്ങൾ**

297 (2840) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടാകുന്ന വാഹന അപകടങ്ങളിൽ ഏറിയ പങ്കും ഡ്രൈവർമാർ മദ്യപിച്ചും ലഹരി മരുന്ന് ഉപയോഗിച്ചശേഷവും വാഹനങ്ങൾ ഓടിക്കുന്നത് മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) ലഹരി ഉപയോഗിച്ച ശേഷം വാഹനം ഓടിക്കുന്നവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ;

(സി) ഇല്ലെങ്കിൽ വിദേശങ്ങളിൽ ഉള്ളതുപോലെ ലഹരി മരുന്ന് ഉപയോഗിക്കുന്നവരെ കണ്ടെത്തുന്നതിന് ഡ്രാഗർ ഡ്രഗ് ടെസ്റ്റ് 5000 എന്ന സംവിധാനം ഇവിടെയും കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടില്ല.

(ബി) മദ്യപിച്ചും ലഹരി മരുന്ന് ഉപയോഗിച്ചശേഷവും വാഹനങ്ങൾ ഓടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്നവർക്കെതിരെ മോട്ടോർ വാഹന നിയമമനുസരിച്ച് ഗതാഗത/ പോലീസ് വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു.

(സി) പരിഗണനയിലില്ല.

**ലഹരി വിമുക്ത കേരളം**

298 (2841) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലഹരി മാഫിയകളുമായി ബന്ധപ്പെട്ട് നാളിതുവരെ എടുത്തിട്ടുള്ള കേസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 6-10-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം വിമുക്തി രൂപീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാൻമാരായും ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബ്ലോക്ക്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത്, വാർഡ് തല കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

'വിമുക്തി' മിഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പദ്ധതികളാണ് ജില്ലാ, താലൂക്ക് തലത്തിൽ നടപ്പിലാക്കി വരുന്നത്. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാൻമാരായും ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും വിവിധ പ്രതിനിധികൾ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ബ്ലോക്ക്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്ത്, വാർഡ് തല കമ്മിറ്റികളും

'വിമുക്തി' മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി- യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനാണ് 'വിമുക്തി മിഷൻ' ലക്ഷ്യമിടുന്നത്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**പാൻമസാല നിരോധനം**

299 (2842) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൻമസാല സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പുകയിലയും നിക്കോട്ടിനും അടങ്ങിയ പാൻമസാലകൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിരോധിച്ചിരുന്നോ;

(സി) ഡൽഹി ആസ്ഥാനമായ ശിവം ബീറ്റിൽ നട്സ് എന്ന കമ്പനി പുറത്തിറക്കുന്ന പാൻരാജ് എന്ന പേരിലുള്ള പാൻ മസാല സംസ്ഥാനത്ത് വിൽക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ നടപടി സമൂഹത്തിന് പ്രത്യേകിച്ച് യുവ തലമുറയ്ക്ക് ദോഷകരമായ ഒന്നാകയാൽ പ്രസ്തുത അനുമതി റദ്ദാക്കുമോ?

<u>ഉത്തരം</u>

(എ) പാൻമസാലയുടെ നിരന്തരമായ ഉപയോഗം വായിൽ കാൻസറിന് കാരണമാകുന്നതായും മറ്റ് പല രോഗങ്ങൾക്കും കാരണമാകുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(ബി) കേരള ഫുഡ് സേഫ്റ്റി വകുപ്പിന്റെ 22-5-2012 തീയതിയിലെ എ/1327/2012/സി.എഫ്.എസ്. നമ്പർ ഉത്തരവ് പ്രകാരം പുകയില, നിക്കോട്ടിൻ എന്നിവ അടങ്ങിയ പാൻ മസാല സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

(സി & ഡി) എക്സൈസ് വകുപ്പ് പാൻമസാലകൾ വിൽക്കുന്നതിനുള്ള അനുമതിയോ ലൈസൻസുകളോ ഒന്നുംതന്നെ നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്കൂൾ പരിസരങ്ങളിൽ ലഹരി ഉൽപ്പന്നങ്ങളുടെ വിതരണം തടയുന്നതിന് നടപടി

300 (T2843) ശ്രീ. <u>പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ പരിസരങ്ങളിൽ ലഹരി, പുകയില ഉൽപന്നങ്ങൾ എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ലഹരി ഉൽപന്നങ്ങൾ ഉപയോഗിക്കുന്ന വിദ്യാർത്ഥികൾ എത്രയുണ്ടെന്നും അതിന്റെ തോത് കുറച്ചു കൊണ്ടു വരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നത് വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ- സാമൂഹ്യ വിരുദ്ധ പ്രവണതകൾ തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.

സ്കൂൾ കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് 'എക്സൈസ് ഷാഡോ' സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണവും നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ നൽകുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 'ലഹരി വിരുദ്ധ ക്ലബ്ബുകൾ' രൂപീകരിക്കുന്നതും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സജീവമാക്കുന്നതും വിമുക്തിയുടെ ഉദ്ദേശ്യലക്ഷ്യമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385 ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(ബി) വിദ്യാർത്ഥികളുടെ ഇടയിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുന്നതിന് ശക്തമായ ഇടപെടൽ നടത്തി വരുന്നുണ്ട്. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി- യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് വരുന്നുണ്ട്. ഇവിടങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് പരിപാടികളും നടത്തി വരികയും ചെയ്യുന്നുണ്ട്.

**സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം തടയാൻ നടപടി**

301 (T2844)ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്കൂൾ വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളുടെ ടോയ്‌ലെറ്റുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിമുക്തി എന്ന പേരിൽ കേരള സംസ്ഥാന ലഹരി വർജജന മിഷൻ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ കുട്ടികളിൽ ലഹരിക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സ്കൂൾ, കോളേജ് കുട്ടികൾക്കായി ക്വിസ്സ്, ചിത്രരചന, കയ്യെഴുത്തുമാസിക തയ്യാറാക്കൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ നടത്തുകയും അതിലൂടെ ലഹരിവിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിച്ചു വരുന്നു. ലഹരിക്കെതിരെ 'കായിക ലഹരി' എന്ന സന്ദേശം ഉയർത്തിപ്പിടിച്ചു കൊണ്ട് കുട്ടികളെയും യുവാക്കളെയും കായിക രംഗത്തേയ്ക്ക് കൈപിടിച്ചു ആനയിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. 19 വയസ്സിൽ താഴെയുള്ള സീനിയർ ആൺകുട്ടികൾക്കായി സംസ്ഥാന തലത്തിൽ കബഡി മത്സരം നടത്തുകയുണ്ടായി. സ്പോർട്സ് കൗൺസിലുമായി സഹകരിച്ചു കൊണ്ട് കായിക രംഗത്ത് കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ പദ്ധതിയുണ്ട്. സ്കൂൾ പരിസരങ്ങളിൽ നിരന്തരം പരിശോധനകൾ നടത്തി കേസ്സുകൾ കണ്ടുപിടിച്ച് എൻ.ഡി.പി.എസ്., കോട്പ ആക്ടുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്കൂൾ ടോയ്‌ലെറ്റുകൾ, ഹോസ്റ്റലുകൾ എന്നിവ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി ഉപയോഗം തടയാൻ പ്രസ്തുത സ്ഥലങ്ങളിൽ ബന്ധപ്പെട്ട സ്കൂൾ, കോളേജ് അധികൃതരുമായി ചേർന്ന് പരിശോധന നടത്തുന്നതിന് എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കഞ്ചാവ്, മയക്കുമരുന്ന് വിൽപ്പന**

302 (2845) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഞ്ചാവ്, മയക്കുമരുന്ന് വില്പന വളരെയധികം കൂടിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനത്തുനിന്നുമാണ് ഇവ കേരളത്തിൽ എത്തുന്നതെന്നത് മനസ്സിലാക്കി, അതിർത്തി ചെക്ക് പോസ്റ്റുകളിൽ വിദദ്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച്, മയക്കുമരുന്ന് കടത്ത് ആരംഭത്തിൽ തന്നെ അവസാനിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ സംസ്ഥാനത്ത് മയക്കുമരുന്ന് പിടിച്ച എത്ര സംഭവങ്ങൾ കേസ് ആക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെക്ക് പോസ്റ്റുകളിൽ വിദഗ്ധരായ ഉദ്യോഗസ്ഥരെ നിയമിച്ച്, കർശന പരിശോധന നടത്തി മയക്കുമരുന്ന് കടത്ത് അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന 2016 മേയ് 25-ാം തീയതി മുതൽ സംസ്ഥാനത്ത് 7997 എൻ.ഡി.പി.എസ്. കേസ്സുകൾ കണ്ടെടുത്തിട്ടുണ്ട്. ആയതിൽനിന്നായി 8384 പ്രതികളെ അറസ്റ്റ് ചെയ്തു. താഴെപ്പറയുന്ന തൊണ്ടി വക മയക്ക് മരുന്നുകൾ കണ്ടെടുത്തിട്ടുണ്ട്.

| | |
|---|---|
| കഞ്ചാവ് | 1834.267 കി.ഗ്രാം |
| കഞ്ചാവ് ചെടികൾ | 2511 |
| ഹാഷിഷ് | 12774.148 ഗ്രാം |
| ഹെറോയിൻ | 506.08 ഗ്രാം |
| ബ്രൗൺ ഷുഗർ | 292.280 ഗ്രാം |
| ഒപ്പിയം | 4818 ഗ്രാം |
| മയക്കുമരുന്ന് ഗുളികകൾ | 9218 ഗുളികകൾ |

**ലഹരിവസ്തുക്കളുടെ വിപണനം**

303 (2846) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിവസ്തുക്കളുടെ വിപണനത്തിനും വ്യാപനത്തിനും മാഫിയാകൾ ആസൂത്രിതമായ ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അതീവ മാരകമായതും അന്താരാഷ്ട്രതലത്തിൽ കുപ്രസിദ്ധവുമായ ലഹരിവസ്തുക്കൾ തുടർച്ചയായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എക്സൈസ് പിടിച്ചെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിതരണക്കാരുടെ ദേശീയ-അന്തർദേശീയ ബന്ധങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) മയക്കുമരുന്ന് വിപണനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തീവ്രവാദ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അതീവ മാരകമായതും അന്താരാഷ്ട്ര തലത്തിൽ കുപ്രസിദ്ധിയാർജ്ജിച്ച എം.ഡി.എം.എ., എൽ.എസ്.ഡി. മുതലായവ പോലുള്ള ലഹരി വസ്തുക്കൾ എറണാകുളം, കൊല്ലം, വയനാട്, കോട്ടയം, പത്തനംതിട്ട, കോഴിക്കോട്, മലപ്പുറം തുടങ്ങിയ ജില്ലകളിൽ നിന്നും കണ്ടെടുത്തിട്ടുണ്ട്. ആയതിലുൾപ്പെട്ടവർക്ക് അന്തർദേശീയ ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).)

9.30 AM]

## II. അടിയന്തരപ്രമേയം

### പ്രവാസി സമൂഹം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ : റൂൾ 50 പ്രകാരം ഒരു നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഈ നോട്ടീസ് സംബന്ധിച്ച് ഒരു പ്രധാനപ്പെട്ട കാര്യം ചെയറിന് പറയാനുണ്ട്. പ്രതിപക്ഷത്തിന്റെ അവകാശമെന്ന നിലയിൽ ഇത് നിഷേധിക്കുന്നില്ല. പക്ഷേ ഇതേ വിഷയം ചട്ടം 304 പ്രകാരം സബ്മിഷനായി ഈ സമ്മേളനത്തിൽ ജനുവരി 25-ാം തീയതി വന്നിരുന്നു. പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദമായ മറുപടി നൽകിയതുമാണ്. മാത്രമല്ല, ചട്ടം 52(iv)-ൽ "ഒരേ സമ്മേളനത്തിൽ ചർച്ച ചെയ്ത ഒരു സംഗതിയെപ്പറ്റിയുള്ള ചർച്ച ആ പ്രമേയം വഴി പുനരാരംഭിക്കാൻ പാടില്ല;" (ix)-ൽ "സംസ്ഥാന ഗവൺമെന്റിന് കാര്യമില്ലാത്ത ഒരു സംഗതിയെ സംബന്ധിച്ചാകരുത് പ്രമേയം" എന്നും പറയുന്നുണ്ട്. ഈ പറയുന്ന ചട്ടങ്ങൾക്കെല്ലാം വിരുദ്ധമായ നോട്ടീസാണ് ഇവിടെ ലഭിച്ചിട്ടുള്ളത്. അത് നിർഭാഗ്യകരമാണ്. സഭയുടെ ചട്ടങ്ങളെയും കീഴ്വഴക്കങ്ങളെയും സംബന്ധിച്ച് നിരന്തരമായി ഓർമ്മപ്പെടുത്തിയിട്ടും ഇത്തരമൊരു സാഹചര്യം സൃഷ്ടിക്കുന്നത് ആശാസ്യമല്ല. പക്ഷേ പ്രതിപക്ഷത്തിന്റെ അവകാശമെന്ന നിലയിൽ അതിനെ നിഷേധിക്കാൻ ചെയർ തയ്യാറാകുന്നില്ല.

ശ്രീ. എസ്. ശർമ്മ : സർ, കഴിഞ്ഞ മാസം 25-ാം തീയതി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് റൂൾ 285 അനുസരിച്ച് അങ്ങേയ്ക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. അതുസംബന്ധിച്ച് റൂളിംഗും ആവശ്യപ്പെട്ടിരുന്നു. നിയമസഭയ്ക്കകത്ത് പരസ്പരം പറയുന്നതിനോ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അവതരിപ്പിക്കുന്നതിനോ അംഗങ്ങൾക്കുള്ള അവകാശം ഒരിക്കലും തടസ്സപ്പെടാൻ പാടില്ല. നിയമസഭയ്ക്ക് പുറത്തുള്ള ഒരാളെക്കുറിച്ച് പറയുമ്പോൾ അവർക്ക് ഇവിടെ വന്ന് മറുപടി പറയാനുള്ള സ്വാതന്ത്ര്യമോ അവകാശമോ ഇല്ല. 1990-ൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ഉമ്മൻ ചാണ്ടിയും ഉൾപ്പെടുന്ന സഭയിൽ സമാനസ്വഭാവമുള്ള ഒരു പ്രശ്നം ഉന്നയിച്ചിരുന്നു. സഭയ്ക്ക് പുറത്തുള്ള ശ്രീ. എ. പി. കുര്യനെക്കുറിച്ചും അലക്സാണ്ടറെക്കുറിച്ചും ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ആക്ഷേപം ഉന്നയിക്കുകയും ആ പ്രശ്നത്തെക്കുറിച്ച് ഡിബേറ്റ് നടത്തുകയും ചെയ്തു. അന്ന് ബഹുമാനപ്പെട്ട സ്പീക്കർ

റൂളിംഗ് നൽകുകയുണ്ടായി. അത് അങ്ങേയ്ക്ക് അറിവുള്ളതാണെങ്കിലും ഉന്നയിക്കുകയാണ്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. "ആരോപണങ്ങൾ ഉത്തമബോധ്യമുണ്ടെങ്കിൽ തെളിവുകൾ സഹിതം ഉന്നയിക്കണം. സഭയ്ക്ക് പുറത്തുള്ളവരെക്കുറിച്ചാണെങ്കിൽ കൂടുതൽ വ്യക്തമായ തെളിവുകൾ വേണം. പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരോപണമുന്നയിക്കുന്നത് ശരിയല്ല" എന്ന് റൂളിംഗ് നൽകിയിരുന്നു. 1990-ൽ സഭയ്ക്ക് പുറത്തുള്ള ഒരാളെക്കുറിച്ച് ഈ സഭയിൽ ആരോപണ സ്വഭാവത്തോടെയുള്ള പ്രശ്നമുന്നയിച്ചപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകി ക്ലോസ് ചെയ്തിട്ടുള്ളതാണ്. സമാനസ്വഭാവമാണ് ഈ വിഷയത്തിലുമുള്ളത്. സഭയ്ക്ക് പുറത്തുള്ളവരെക്കുറിച്ചാണ് ഇതിലും പറയുന്നത്. അങ്ങനെ ഉന്നയിക്കുന്ന രീതി ശരിയല്ല. അത് ചട്ടങ്ങളുടെ ലംഘനമാണ്. ഒരു സെഷനിൽത്തന്നെ ഒന്നിലധികം പ്രാവശ്യം ഒരേ വിഷയം ഉന്നയിക്കുന്നതു സംബന്ധിച്ചും അങ്ങ് ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് ചട്ടലംഘനമാണ്, അവതരണാനുമതി നൽകുന്നത് തെറ്റാണ്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട എസ്. ശർമ്മ നേരത്തെ നൽകിയ നോട്ടീസ് സംബന്ധിച്ച് സഭയിൽ ഞാൻ അറിയിച്ചിരുന്നു. ശ്രീ. എസ്. ശർമ്മയുടെ വിശദീകരണത്തിന്മേൽ പരിശോധിച്ച് യുക്തമായ മറുപടി സഭയെ അറിയിക്കുന്നതാണ്. അങ്ങ് ചൂണ്ടിക്കാണിച്ച റൂളിംഗ് ശരിയാണ്. അതെല്ലാം മനസ്സിൽവച്ചുകൊണ്ടുതന്നെയാണ് ചെയർ ഇക്കാര്യം പറയുന്നത്. .....(ബഹളം)... പ്രതിപക്ഷത്തിന്റെ അവകാശത്തെ ചോദ്യം ചെയ്തു എന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻവേണ്ടി അത് അനുവദിക്കുന്നു എന്നുമാത്രമേയുള്ളൂ, ബഹളം ഉണ്ടാക്കേണ്ട ശ്രീ. കെ. സുരേഷ് കുറുപ്പ് ..... യെസ്.... യെസ് ....

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, അവകാശം എന്നും ചട്ടങ്ങൾക്ക് വിധേയമാണ്. ചട്ടത്തിനപ്പുറം എങ്ങനെയാണ് അവകാശം വരുന്നത്.

<u>മി. സ്പീക്കർ</u> : അങ്ങ് പറയുന്നത് ശരിയാണ്. അടിയന്തരപ്രമേയം കൊണ്ടുവരാനുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിച്ചു എന്ന ആക്ഷേപം കേൾക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ അതേ മര്യാദയോടുകൂടിത്തന്നെ പ്രതികരിക്കണമെന്ന് പ്രമേയാവതാരകനോടും പ്രതിപക്ഷത്തോടും ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതുസംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വിശദീകരിക്കപ്പെട്ടു.

ഭരണകക്ഷിയിലെ പ്രമുഖരായ രണ്ട് എം.എൽ.എ.മാരുടെയും സി.പി.ഐ(എം) സംസ്ഥാന സെക്രട്ടറിയുടെയും അടുത്ത ബന്ധുക്കൾ ഇന്ത്യയ്ക്ക് പുറത്തും അകത്തും നടത്തിയതായി പറയപ്പെടുന്ന തട്ടിപ്പുകൾമൂലം പ്രവാസി മലയാളി

സമൂഹത്തിന്റെ വിശ്വാസ്യതയ്ക്കും ജോലിക്കും മങ്ങലേൽപ്പിച്ചതായും ലോക കേരളസഭയുടെ പ്രവർത്തനത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രതിസന്ധിയും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ കാണിക്കുന്ന കുറ്റകരമായ അനാസ്ഥയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനിൽ അക്കര, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, നിയമസഭാചട്ട പ്രകാരം വ്യക്തികളുടെ ഔദ്യോഗികമല്ലാത്ത കാര്യങ്ങൾ സഭയിൽ ചർച്ച ചെയ്യാനോ പരാമർശിക്കാനോപോലും പാടില്ലാത്തതാണെന്ന് അങ്ങ്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇന്ത്യയിൽ ഏതെങ്കിലും ഭാഗത്ത് കോടതിയിൽ വിചാരണയിലിരിക്കുന്ന കാര്യംപോലും പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടില്ലാത്തതാണ്. ചട്ടം ഇതാണെന്നിരിക്കെ വിദേശ രാജ്യത്ത് നടന്നതായി പറയപ്പെടുന്ന ഒരു പ്രശ്നത്തിന്മേൽ അടിയന്തരപ്രമേയം കൊണ്ടുവരുന്നത് ശരിയാണോയെന്ന് പരിശോധിക്കുന്നത് നല്ലതുതന്നെയാണ്. ദുബായിൽ ബിസിനസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ചില സാമ്പത്തിക ഇടപാടുകൾ ഉണ്ടായിരുന്നുവെന്നും അതിൽ ഇടപാടുകാർക്ക് നൽകിയ ചെക്ക് തിരികെ നൽകാത്തതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടെന്നും ഇതുസംബന്ധിച്ച മാധ്യമ റിപ്പോർട്ടുകൾ വന്ന ഘട്ടത്തിൽത്തന്നെ അതിലുൾപ്പെട്ടവർ വ്യക്തമാക്കിയിട്ടുള്ളതാണ്. മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മാത്രം ഇത്തരത്തിലൊരു വിഷയം അടിയന്തരപ്രമേയമായി സഭയിൽ ഉന്നയിക്കുന്നത് രാഷ്ട്രീയ മുതലെടുപ്പിനുള്ള ശ്രമമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. സംസ്ഥാന സർക്കാരിന് ബന്ധമില്ലാത്തൊരു കാര്യം സംബന്ധിച്ച് സഭയിൽ ഉന്നയിച്ച് അത് ചർച്ച ചെയ്യണമെന്ന ആവശ്യം അഭ്യൂഹങ്ങൾ പരത്താനുള്ള ശ്രമം മാത്രമാണ്. സി.പി.ഐ.(എം)-നോ സംസ്ഥാന സെക്രട്ടറിക്കോ ഇവിടെ പറയുന്ന മാധ്യമ വാർത്തകളായി വന്ന കാര്യങ്ങളിൽ ഒരു ബന്ധവുമില്ലെന്ന് നേരത്തെതന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ സഭയിലെ ഏതെങ്കിലും അംഗങ്ങൾക്ക് ഇക്കാര്യത്തിൽ നേരിട്ട് ബന്ധവുമില്ല. രാഷ്ട്രീയത്തിനതീതമായി എല്ലാവരും പ്രശംസിച്ച ലോക കേരളസഭയെ ഇകഴ്ത്തിക്കാട്ടാനുള്ള പാഴ്‌വേലയാണ് അടിയന്തരപ്രമേയത്തിലൂടെ നടത്തിയിരിക്കുന്നത്. ദുബായിലെ വ്യാപാരവുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകൾക്ക് ഇന്ത്യയിലോ കേരളത്തിലോ പരിഹാരം കാണാൻ ഒരു സാധ്യതയുമില്ല. ചില കേന്ദ്രങ്ങളിൽ ബോധപൂർവ്വമുണ്ടാക്കിയിട്ടുള്ള വിവാദങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു സാഹചര്യവും നിലവിലില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രമേയാവതാരകൻ ഇതിൽനിന്ന് പിൻമാറണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ചട്ടങ്ങൾക്കും കീഴ്‌വഴക്കങ്ങൾക്കും വിരുദ്ധമായി, മുഖ്യമന്ത്രി വിശദീകരണം നൽകിയതിനുശേഷം ഞാൻ അദ്ദേഹത്തോട് ഒന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ദയവായി സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കാൻ സഹകരിക്കണം, ഞാൻ ലംഘിക്കുന്നില്ല. ഞാൻ അഭ്യർത്ഥന നടത്തുകയാണ്.

ശ്രീ. അനിൽ അക്കര : സർ, ബഹുമാന്യനായ സ്പീക്കർ ഈ വിഷയത്തിൽ എന്നോട് അഭ്യർത്ഥന നടത്തേണ്ട കാര്യമുള്ളതായി എനിക്ക് തോന്നുന്നില്ല. കാരണം ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ......(ബഹളം).... ഞാൻ ഇതിൽ നിന്നും പിന്മാറുന്നില്ല. ലോക കേരളസഭ വളരെ മാതൃകാപരമായി നടത്തുന്നതിനുവേണ്ടിയാണ് നമ്മൾ തയ്യാറായത്. ലോക കേരളസഭയിൽ, ഈ സഭയിലെ 141 അംഗങ്ങളെപ്പോലെ ഞാനും ഒരംഗമാണ്. അതുകൊണ്ടാണ് ഈ വിഷയം ഞാൻ അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള സമയത്താണ് 5 കോടി രൂപ ചെലവഴിച്ച് ലോക കേരളസഭ നടത്തിയത്. അടുത്ത ലോക കേരളസഭയ്ക്ക് ഫണ്ട് മാറ്റിവച്ച് വളരെയധികം പ്രാധാന്യത്തോടെ നടത്താമെന്നാണ് ഈ ബഡ്ജറ്റിലും പറഞ്ഞത്. ആ സമയത്താണ് ഇത്തരത്തിലുള്ള വിവാദങ്ങൾ ഉയർന്നുവരുന്നത്. ഇന്നത്തെ മലയാള മനോരമ, മാതൃഭൂമി അടക്കമുള്ള എല്ലാ പത്രങ്ങളിലെയും പ്രധാനപ്പെട്ട വാർത്ത ഇതുമായി ബന്ധപ്പെട്ടാണ്. കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെ പത്രങ്ങളിലും ഈ വാർത്തയുണ്ട്. ചൈനയിലെ പത്രങ്ങളിലും ഈ വാർത്ത വന്നിട്ടുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്. ലോകം മുഴുവൻ വാർത്ത ശ്രദ്ധിക്കുമ്പോൾ ലോക കേരളസഭ മുന്നോട്ട് കൊണ്ടുപോകാൻ വേണ്ടിയാണ് ഞാൻ ഈ അടിയന്തരപ്രമേയം അവതരിപ്പിക്കുന്നത്. ......(ബഹളം).... ഞാനിതുപറയുമ്പോൾ ഭരണപക്ഷത്തിന് ഇത്രയും അസഹിഷ്ണുത ഉണ്ടാകേണ്ട കാര്യമില്ല. ഞാൻ ഇന്ന് രാവിലെ പത്രങ്ങൾ വായിച്ചു. എന്റെ കയ്യിലുള്ളത്, മാതൃഭൂമി പത്രത്തിന്റെ "നഗരം"-ഉം മലയാള മനോരമ പത്രത്തിന്റെ "മെട്രോ"-ഉം ആണ് (പത്രങ്ങൾ ഉയർത്തിക്കാണിച്ചു.). സി.പി.ഐ.(എം)-ന്റെ റെഡ് വോളണ്ടിയർമാരുടെ മാർച്ചിന്റെ ചിത്രമാണ് പത്രങ്ങളിലുള്ളത്. ഇത് കാണുമ്പോൾ എനിക്കുപോലും സത്യത്തിൽ അസൂയയും പാർട്ടിയോട് ആരാധനയും തോന്നിപ്പോവുകയാണ്. കാരണം ഇത്രയും മനോഹരമായ സമ്മേളനം നടക്കുമ്പോൾ ചൈനീസ് പത്രങ്ങൾ ഉൾപ്പെടെ എല്ലാ പത്രങ്ങളും യാത്രാ വിലക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. അത് കണ്ടിട്ട്

എനിക്കുപോലും ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. പാർട്ടിക്കുവേണ്ടി ചോര ചിന്തിയ രക്തസാക്ഷികൾ ഉൾപ്പെടെയുള്ള ആളുകളും സഖാവ് കൃഷ്ണപിള്ളയും സഖാവ് എ.കെ.ജി.യും സഖാവ് കെ.ആർ.ഗൗരിയമ്മയും ഉൾപ്പെടെയുള്ള ആളുകൾ വളർത്തിയ പാർട്ടിയാണ്. വയലാറിലെയും കരിവെള്ളൂരിലെയും പുന്നപ്രയിലെയും നിരവധി സമരങ്ങൾ നടത്തിയ, ആടിനെ വിറ്റ് ദേശാഭിമാനിക്ക് ഫണ്ടുകൊടുത്ത പാർട്ടി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും മക്കളുടെയും തട്ടിപ്പിന് മുന്നിൽ തകർന്നുവീഴുന്നുവെന്ന പ്രധാനപ്പെട്ട വിഷയം നാം കണ്ടില്ലെന്ന് നടിക്കാൻ പാടില്ല.

മി. സ്പീക്കർ : പത്രവാർത്ത മാത്രം അടിസ്ഥാനമാക്കി ആരോപണങ്ങൾ ഉന്നയിക്കുന്നത് ശരിയല്ലെന്ന് ഞാൻ അങ്ങയോട് വീണ്ടും പറയുന്നു. ......(ബഹളം)....

ശ്രീ. കെ. സി. ജോസഫ് : സർ, ഇത് പ്രതിപക്ഷത്തിന്റെ അവകാശമാണ്.

മി. സ്പീക്കർ : ബഹളം വയ്ക്കണ്ട; ഞാൻ പ്രതിപക്ഷത്തിന്റെ അവകാശത്തിന് വേണ്ടിനിന്ന ആളാണ്. ......(ബഹളം).... പത്രവാർത്തയെ മാത്രം അടിസ്ഥാനമാക്കി സംസാരിച്ച് സഭയുടെ അന്തസ്സ് കളയരുത്. ശ്രീ. അനിൽ അക്കര, ലോക കേരള സഭയെക്കുറിച്ചാണ് പറഞ്ഞുവന്നത്. ബഹളം വയ്ക്കുന്നത് ശരിയല്ല.

ശ്രീ. അനിൽ അക്കര : സർ, സി.പി.ഐ.(എം)-ന്റെ മനോഹരമായ സമ്മേളനത്തെക്കുറിച്ച് പ്രകീർത്തിക്കുന്നതിൽ എന്താണ് തെറ്റ്?

മി. സ്പീക്കർ : സഭയിൽ ഇല്ലാത്ത ആരെക്കുറിച്ചാണെങ്കിലും സംസാരിക്കുന്നത് ശരിയല്ല.

ശ്രീ. അനിൽ അക്കര : സർ, ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് ലോക കേരള സഭയുമായി ബന്ധപ്പെട്ടാണ്. ഈ സഭയിലെ രണ്ട് അംഗങ്ങളുടെ മക്കൾ കേസ്സുമായി ബന്ധപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കേസ്സില്ലെന്നാണ് പറയുന്നത്. ആക്സിസ് ബാങ്കിൽ നിന്നും മടങ്ങിയ ചെക്കിന്റെ പകർപ്പാണ് എന്റെ കയ്യിലുള്ളത്. ......(ബഹളം)....

മി. സ്പീക്കർ : പ്ലീസ്......നിങ്ങൾ എല്ലാവരും കൂടി ബഹളം വച്ചാൽ എനിക്ക് കേൾക്കാൻ പറ്റില്ല.

ശ്രീ. അനിൽ അക്കര : സർ, എന്തിനാണ് ബഹളം വയ്ക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. സ്പീക്കർ : ചട്ടത്തിനും കീഴ്വഴക്കത്തിനും വിരുദ്ധമായി ആര് പറയുന്ന കാര്യവും സഭയുടെ രേഖകളിൽ ഉണ്ടാകില്ല. ......(ബഹളം).... ചെയർ പറയുന്നത് ഒന്ന് കേൾക്കൂ...

ശ്രീ. അനിൽ അക്കര : സർ, ഈ സഭയിലെ രണ്ട് അംഗങ്ങളുടെ മക്കൾ നൽകിയ ചെക്കുകളും അതുമായി ബന്ധപ്പെട്ട കേസ്സിന്റെ രേഖകളുമാണിത്. രാഹുൽ കൃഷ്ണന് ശ്രീജിത്ത് വിജയൻ കൊടുത്ത ചെക്കിന്റെ പകർപ്പാണിത്. 10 കോടി രൂപയുടെ വണ്ടിച്ചെക്ക് കൊടുത്തതിന്റെ തെളിവല്ലേ ഇത്, ....(ബഹളം).... ഇതിൽക്കൂടുതൽ എന്ത് രേഖയാണ് വേണ്ടത്? ഈ കേസ്സിന്റെ എഫ്.ഐ.ആർ. സംസ്ഥാന പോലീസ് എടുത്തതല്ലേ? പിന്നെങ്ങനെ തെളിവില്ലെന്ന് പറയാൻ കഴിയും? ലോക കേരള സഭയുടെ മറവിൽ വ്യാപകമായി തട്ടിപ്പ് നടത്താനുള്ള xxxx* ......(ബഹളം).... ഈ വിഷയം പറയുമ്പോൾ നിങ്ങൾ എന്തിനാണ് ഭയപ്പെടുന്നത്?

മി. സ്പീക്കർ : പ്ലീസ്... അങ്ങ് കൺക്ലൂഡ് ചെയ്തുകൊള്ളൂ.

ശ്രീ. അനിൽ അക്കര : സർ, അങ്ങ് ഭരണപക്ഷത്തിനെ നിയന്ത്രിക്കണം.

മി. സ്പീക്കർ : ഇവിടെ വരുന്ന ഏത് വിഷയത്തിനും അടിയന്തര പ്രമേയാനുമതി നൽകാറുണ്ട്. അതിന്റെ പരിധിക്കുള്ളിൽ നിന്ന് സംസാരിക്കണം. ബഹളം വച്ചതുകൊണ്ട് കാര്യമില്ല.

ശ്രീ. അനിൽ അക്കര : സർ, ശ്രീ. എസ്. ശർമ്മ, തെളിവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഞാൻ തെളിവുകളാണ് പറഞ്ഞത്. 10 കോടി രൂപയുടെ തട്ടിപ്പിന്റെ തെളിവാണ് എന്റെ കയ്യിലുള്ളത്. ......(ബഹളം)....

മി. സ്പീക്കർ : കേരളത്തിലെ ക്രിമിനൽ കേസ്സുകളെല്ലാം കൂടി തെളിവായി സഭയിൽ കൊണ്ടുവന്നാണോ പറയുന്നത്?......(ബഹളം)....

ശ്രീ. അനിൽ അക്കര : സർ, എനിക്ക് ആര് സംരക്ഷണം തരും?

മി. സ്പീക്കർ : എല്ലാവരും ഇരിക്കൂ. ശ്രീ. അനിൽ അക്കര..... ലോക കേരള സഭയെക്കുറിച്ച് പറഞ്ഞുവന്നത് പറയൂ.

ശ്രീ. അനിൽ അക്കര : സർ, ഈ സഭയിലെ ശ്രീ. എൻ. വിജയൻ പിള്ളയുടെയും ശ്രീ. ഇ. പി. ജയരാജന്റെയും മക്കൾ കൊടുത്ത കേസ്സുമായി ബന്ധപ്പെട്ട വിഷയമാണിത്. ഇത് ഇവിടെയല്ലാതെ ഞാൻ എവിടെ ഉന്നയിക്കും? ......(ബഹളം).... അങ്ങ് ഭരണപക്ഷത്തുള്ളവരെ നിയന്ത്രിച്ച് എനിക്ക് സംസാരിക്കാനുള്ള പ്രൊട്ടക്ഷൻ തരണം. ഇത് പെരുമ്പിലാവിലെ ചന്തയല്ല; കേരള നിയമസഭയാണ്.

മി. സ്പീക്കർ : പ്ലീസ് ഇരിക്കൂ.

ശ്രീ. അനിൽ അക്കര : xxxxx * ഇത് നിയന്ത്രിക്കണ്ടേ?

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 801/ഇ.ബി./2018/നി.സെ. തീയതി 6-2-2018) രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ : സഭയിലെ അംഗങ്ങളെക്കുറിച്ച് എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ എഴുതിത്തന്ന് ആരോപണമുന്നയിക്കാം. അങ്ങ് എഴുതിത്തന്നിട്ടില്ല.

മി. സ്പീക്കർ : പ്ലീസ്....ഇരിക്കു.

ശ്രീ. അനിൽ അക്കര : സർ, യാത്രാവിലക്ക് ദുബായിലാണെങ്കിൽ ഇവിടെ മാധ്യമ വിലക്കാണ്. ഇവിടെ ഒരു നിയമസഭാംഗത്തിന്റെ വായടക്കുകയാണ്. ......(ബഹളം).... നിയമസഭയിലെ ഒരംഗത്തിനെ സംസാരിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ ഇവർ തെറ്റുകാരല്ലേ? എനിക്ക് ആര് സംരക്ഷണം തരും?

മി. സ്പീക്കർ : അങ്ങേയ്ക്ക് മൈക്ക് തന്നിട്ടുണ്ട്. പറഞ്ഞവസാനിപ്പിക്കു.

ശ്രീ. അനിൽ അക്കര : സർ, അതെങ്ങനെ ശരിയാകും? ......(ബഹളം)....

മി. സ്പീക്കർ : പ്ലീസ്.... ഇരിക്കു.

ശ്രീ. അനിൽ അക്കര : സർ, ഇവിടെ മനസ്സിലാക്കേണ്ട കാര്യം, SAL മാനേജ്മെന്റ് കൺസൾട്ടൻസി സർവ്വീസസ് എന്ന സ്ഥാപനമാണ് തട്ടിപ്പ് നടത്തിയത്. തട്ടിപ്പിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് പറയാൻ നിങ്ങൾക്ക് ധൈര്യമുണ്ടോ? ......(ബഹളം)....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് സഭാ ചട്ടങ്ങൾ അനുസരിച്ച് പ്രതിപക്ഷത്തിന്റെ അവകാശമെന്ന നിലയിൽ റൂൾ 50 അനുവദിച്ചു. നോട്ടീസ് കൊടുത്ത വടക്കാഞ്ചേരി അംഗം ശ്രീ. അനിൽ അക്കര അത് അവതരിപ്പിക്കുന്നതിനിടയിൽ ബഹളമുണ്ടാക്കി തടസ്സപ്പെടുത്തുന്നത് ശരിയാണോ? ബഹുമാന്യനായ മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച ഗവൺമെന്റിന്റെ ഭാഗം വിശദമായി പറയാനുള്ള സാഹചര്യവും ശ്രീ. അനിൽ അക്കര ചട്ടങ്ങൾക്ക് വിരുദ്ധമായി പറഞ്ഞിട്ടുണ്ടെങ്കിൽ പരിശോധിച്ച് അങ്ങേയ്ക്ക് സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യാനുള്ള സാഹചര്യവുമുണ്ട്. പിന്നെന്തിനാണ് സഭയിൽ ഇങ്ങനെ ബഹളമുണ്ടാക്കുന്നത്. അങ്ങ് ബഹുമാനപ്പെട്ട അംഗത്തിന് സംസാരിക്കാനുള്ള പ്രൊട്ടക്ഷൻ കൊടുക്കണം; അതിനുള്ള ഉത്തരവാദിത്വം ബഹുമാനപ്പെട്ട സ്പീക്കർക്കുണ്ട്. അങ്ങ് സഭ നിയന്ത്രിക്കണം.

മി. സ്പീക്കർ : സഭയിൽ ബഹളമുണ്ടാക്കുന്നത് ശരിയല്ല. എന്നാൽ സഭ്യേതരമായ, ആശാസ്യമല്ലാത്ത കാര്യങ്ങൾ സഭയിൽ പറയുന്നതും ശരിയല്ല. സഭയിൽ ഇല്ലാത്തവരെക്കുറിച്ച് പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കരുതെന്ന റൂളിംഗ് ക്വാട്ട് ചെയ്യുകയും അദ്ദേഹത്തിന് അവസരം കൊടുത്തപ്പോൾത്തന്നെ പറയുകയും ചെയ്തു. ലോക കേരളസഭയെക്കുറിച്ചാണ്

സംസാരിക്കുന്നതെങ്കിലും അദ്ദേഹം അതിൽ അല്ല നിൽക്കുന്നത്. സംസ്ഥാന ഗവൺമെന്റുമായി ബന്ധമില്ലാത്ത ഒരു കാര്യം ഇവിടെ ചർച്ച ചെയ്യാൻ നമുക്ക് സാധ്യമല്ല. പ്രതിപക്ഷത്തിന്റെ അവകാശത്തെ നിഷേധിക്കേണ്ട എന്നുള്ളതു കൊണ്ടാണ് അങ്ങേയ്ക്ക് അനുമതി നൽകിയതെന്ന കാര്യം മനസ്സിലാക്കി സംസാരിച്ച് അവസാനിപ്പിക്കുക. ......(ബഹളം)....

ശ്രീ. അനിൽ അക്കര : സർ, ഞാൻ ഇവിടെ സഭയ്ക്ക് നിരക്കാത്തതായി ഒരു വാക്കുപോലും ഉച്ചരിച്ചിട്ടില്ല. കയ്യൂരിലെയും കരിവള്ളൂരിലെയും പുന്നപ്രയിലെയും രക്തസാക്ഷികൾ എന്നുപറയുമ്പോൾ അതെങ്ങനെയാണ് മോശമാകുന്നത്. എന്റെ കയ്യിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ പറഞ്ഞത്. ......... (ബഹളം)........ ഞാനിവിടെ പറഞ്ഞ വിഷയം എന്റെ കയ്യിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിലാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകൻ ബിനീഷ് കോടിയേരിക്കെതിരെ ദുബായിലെ മൂന്നു പോലീസ് സ്റ്റേഷനുകളിൽ കേസുണ്ട്. അദ്ദേഹത്തിന് അവിടേയ്ക്ക് കടക്കാൻ പോലും കഴിയില്ല. ഒരു മകന് അങ്ങോട്ടു കടക്കാൻ കഴിയാത്ത സ്ഥിതി, മറ്റൊരു മകന് അവിടെനിന്ന് ഇങ്ങോട്ട് കടക്കാൻ കഴിയാത്ത സ്ഥിതി. എലി ഇല്ലത്തിനകത്ത് പെട്ടതുപോലെയാണ് ഇപ്പോഴത്തെ അവസ്ഥ. ബിനീഷ് കോടിയേരിക്ക് ദുബായിലെ മൂന്ന് പോലീസ് സ്റ്റേഷനുകളിൽ കേസ്. ബിനോയ് കോടിയേരിക്ക് ഇങ്ങോട്ട് കടക്കാൻ കഴിയാത്ത രീതിയിലുള്ള കേസ്. ജിതിൻ രാജിന് ദുബായ് ബാങ്കിൽനിന്നെടുത്ത അഞ്ചേകാൽ ലക്ഷം ദിർഹം വായ്പ തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ട കേസ്. ശ്രീജിത്തിന്റെ പേരിൽ ചവറ പോലീസ് സ്റ്റേഷനിൽ കേസ്.....(ബഹളം)..

മി. സ്പീക്കർ : കേരള ഗവൺമെന്റുമായി ഇതിനെന്താണ് ബന്ധം?

ശ്രീ. അനിൽ അക്കര : സർ, ഇത് പറയണ്ടേ? ഇവിടെ പ്രവാസികളുമായി ബന്ധപ്പെട്ട് വലിയ രീതിയിൽ തട്ടിപ്പ് നടത്താൻ പോവുകയാണ്. XXXX* എന്റെ കയ്യിൽ മറ്റൊരു രേഖയുണ്ട്. SAL മാനേജ്മെന്റ് കൺസൾട്ടൻസിയിൽ അവർ നടത്തിയ തട്ടിപ്പാണ്. ഇത് മക്കൾ നടത്തിയ തട്ടിപ്പാണ്, അത് അച്ഛന് ബാധകമല്ലായെന്നാണ് ബിനീഷ് കോടിയേരി പറയുന്നത്.

മി. സ്പീക്കർ : കേരള സർക്കാരുമായി ബന്ധമില്ലാത്ത കാര്യങ്ങളാണ് അങ്ങ് പറയുന്നത്. അത് അടിയന്തരപ്രമേയത്തിന്റെ പേരിൽ അനുവദിക്കാൻ കഴിയില്ല. ഇതൊന്നും അംഗീകരിക്കാൻ കഴിയില്ല.

ശ്രീ. അനിൽ അക്കര: സർ, XXXXX* അതുമായി ബന്ധപ്പെട്ട രേഖകളെക്കുറിച്ച് എനിക്ക് സൂചിപ്പിക്കേണ്ടിവരും. അതുകൊണ്ട് ഈ തട്ടിപ്പിനെക്കുറിച്ചും മലയാളികൾക്കുണ്ടായ അഭിമാനക്ഷതത്തെക്കുറിച്ചും ലോക കേരള സഭയുടെ തുടർ

* ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 801/ഇ.ബി./2018/നി.സെ. തീയതി 6-2-2018) രേഖയിൽ നിന്നും നീക്കം ചെയ്തു.

നടത്തിപ്പിന്റെ തടസ്സത്തെക്കുറിച്ചും ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. ....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ സാധാരണ നിലയിൽനിന്ന് വ്യത്യസ്തമായ ഒരു അന്തരീക്ഷം ബോധപൂർവ്വം സൃഷ്ടിക്കാനുള്ള ശ്രമമാണ് നടന്നിട്ടുള്ളത്. ഈ സഭയിൽ ഉന്നയിക്കാൻ പാടില്ലാത്തതെന്ന് പ്രതിപക്ഷത്തിനുതന്നെ നല്ല ബോധ്യമുള്ള കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അതോടൊപ്പം ലോക കേരളസഭയെ അനാവശ്യ വിവാദങ്ങളിലേയ്ക്ക് വലിച്ചിഴയ്ക്കാനുള്ള ചില ശ്രമങ്ങളും ഇവിടെ ഉണ്ടായതായിട്ടാണ് കാണുന്നത്. ലോക കേരളസഭ മാതൃകാപരമെന്ന് ബഹുമാന്യനായ അംഗംതന്നെ ഇവിടെ എടുത്തുപറഞ്ഞിട്ടുണ്ട്. പിന്നീട് അദ്ദേഹം ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ലോക കേരളസഭയുമായി ഒരു തരത്തിലും ബന്ധമുള്ളതല്ല. ഈ സഭയുമായും ബന്ധപ്പെടുന്ന കാര്യങ്ങളല്ല. ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ നേരത്തെ ഉയർന്നുവന്ന കാര്യങ്ങളാണ്. ഈ സഭയിൽ പ്രതിപക്ഷനേതാവ് ഉന്നയിക്കുകയും ആ ഘട്ടത്തിൽ പറയാനുള്ള കാര്യങ്ങൾ വ്യക്തമാക്കുകയും ചെയ്തതാണ്. അതിൽ കൂടുതൽ വസ്തുതകളൊന്നും ഇപ്പോൾ പുതുതായി പറയാനുമില്ല. നാം കാണേണ്ടത് ഇതിന്റെ പിന്നിലുള്ള ഗൂഢോദ്ദേശ്യമാണ്.

ബഹുമാന്യനായ അംഗം അദ്ദേഹത്തിന്റെ സംസാരം അവസാനിപ്പിച്ചത് സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന് ഏതോ ഒരു സ്ഥാപനത്തിൽ പങ്കുണ്ടോയെന്ന് ചോദിച്ചുകൊണ്ടാണ്. യഥാർത്ഥത്തിൽ ഒരു പാർട്ടിയെ അനാവശ്യമായി ഇതിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുന്ന നിലയാണ് ഉണ്ടായിരിക്കുന്നത്. ഇക്കാര്യത്തിൽ സി.പി.ഐ.(എം) നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. സഖാവ് കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻ ബിനോയ് കോടിയേരി യു.എ.ഇ.യിൽ കുറച്ചുകാലമായി ചില ബിസിനസ്സുകൾ നടത്തുന്നുണ്ട്. ബിസിനസ്സുകാർ തമ്മിൽ ചില ഘട്ടങ്ങളിൽ സാമ്പത്തിക ഇടപാടുകളുണ്ടാകാറുണ്ട്. അതുമായി ബന്ധപ്പെട്ട് ചിലപ്പോൾ ചില കേസ്സുകളും ഉണ്ടായിയെന്നുവരും. അതൊക്കെ അവർതന്നെ കൈകാര്യം ചെയ്യുന്നതും തീർക്കുന്നതുമായ പ്രശ്നങ്ങളാണ്. ഇത് അറിയാത്തവരല്ല പ്രതിപക്ഷത്തിരിക്കുന്നത്. എന്നാൽ സി.പി.ഐ.(എം)-നേയും സഖാവ് കോടിയേരി ബാലകൃഷ്ണനേയും ആക്ഷേപിക്കാൻ കഴിയുമോയെന്ന ശ്രമത്തിന്റെ ഭാഗമായാണ് ബിനോയിയുടെ പ്രശ്നം ഈ രൂപത്തിലുന്നയിക്കാൻ തയ്യാറായിട്ടുള്ളത്. സാധാരണഗതിയിൽ സ്വീകരിക്കാൻ പാടില്ലാത്തൊരു നിലപാടാണ് ഇക്കാര്യത്തിലുണ്ടായിട്ടുള്ളത്. ഈ പ്രശ്നത്തിൽ കാര്യങ്ങൾ വ്യക്തമാക്കാൻ ബിനോയ് കോടിയേരിതന്നെ തയ്യാറായിട്ടുണ്ട്. എല്ലാ

ഘട്ടത്തിലും ബിനോയ് കാര്യങ്ങൾ പരസ്യമായി പറഞ്ഞതായിട്ടാണ് കാണുന്നത്. ഇവിടെ എന്താണ് ഇതിൽ ചെയ്യാൻ സാധിക്കുക? നമ്മൾ ചിന്തിക്കേണ്ട കാര്യം, നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ചില പ്രശ്നങ്ങൾ ചിലരുമായി ബന്ധപ്പെട്ട് പലപ്പോഴും ഉയർന്നുവരാറുണ്ട്. മുൻ കേന്ദ്ര പ്രവാസി മന്ത്രിയുടെ മകന്റെ ബിസിനസ് ഇടപാടുകളും നിക്ഷേപ വിവരങ്ങളുമൊക്കെയായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉയർന്നുവന്നത് സഭയിൽ ആരെങ്കിലും ഉന്നയിക്കാൻ തയ്യാറായോ? കാരണം, ആ പറയുന്ന ആൾ ഒരു ബിസിനസിന് തയ്യാറായി, ആ ബിസിനസ്സുമായി ബന്ധപ്പെട്ട് ചില പരാതികൾ വന്നു. അത് സഭയിൽ കൊണ്ടുവരേണ്ട കാര്യമെന്താണ് എന്നുള്ളതുകൊണ്ടാണ് സഭയിൽ ഉന്നയിക്കാതിരുന്നത്. ഇവിടെ ചില രാഷ്ട്രീയ നേതാക്കളുടെ ബന്ധുക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പലപ്പോഴും മാധ്യമങ്ങളിൽ ചർച്ച ചെയ്യാറുണ്ട്. സാധാരണഗതിയിൽ അത്തരം കാര്യങ്ങൾ പാർലമെന്ററി വേദികളിലല്ലല്ലോ ഉന്നയിക്കപ്പെടുന്നത്. അത്തരം പ്രശ്നങ്ങൾ സ്വാഭാവികമായും നിയമപരമായിട്ടാണ് നേരിടുന്നത്. നമ്മുടെ രാജ്യം ഏറ്റവും കൂടുതൽ ചർച്ച ചെയ്ത ഒരു പ്രശ്നമായിരുന്നു റോബർട്ട് വധേരയുടെ പ്രശ്നം. ആ പ്രശ്നം പാർലമെന്ററി വേദികളിലല്ലല്ലോ കൂടുതൽ ചർച്ച ചെയ്തത്. നിയമപരമായ വഴിക്ക് അതിന്റെ കാര്യങ്ങൾ നീങ്ങുകയല്ലേ ചെയ്തത്. നമ്മുടെ രാജ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥാനത്തിരുന്ന കേന്ദ്രമന്ത്രിയായിരുന്നല്ലോ ശ്രീ. പി. ചിദംബരം. അദ്ദേഹത്തിന്റെ മകൻ കാർത്തിക് ചിദംബരത്തിന്റെ പ്രശ്നം വലിയ തോതിൽ മാധ്യമങ്ങൾ ചർച്ച ചെയ്തല്ലോ. ആ പ്രശ്നങ്ങൾ പാർലമെന്ററി വേദിയിലല്ലല്ലോ ചർച്ച ചെയ്തത്. ഇപ്പോഴത്തെ ബി.ജെ.പി.യുടെ ദേശീയ അദ്ധ്യക്ഷൻ ശ്രീ. അമിത് ഷായുടെ മകനെക്കുറിച്ച് ഒട്ടേറെ പ്രശ്നങ്ങൾ ഉയർന്നുവന്നല്ലോ. സ്വാഭാവികമായും ഇതെല്ലാം നിയമപരമായിട്ടാണല്ലോ കൈകാര്യം ചെയ്യുന്നത്. അവർ അവരുടേതായ നടപടികൾ സ്വീകരിക്കുകയും നടപടികൾ നിയമപരമായി കൈക്കൊള്ളുകയും ചെയ്യും. [സാധാരണ നിലയ്ക്ക് നമ്മുടെ സഭ ചർച്ച ചെയ്യുന്നുവെങ്കിൽ, ഇവിടെയുള്ള ഒരു അംഗം പണം തട്ടിപ്പ് കേസ്സിൽപ്പെട്ടാൽ അതല്ലേ നമ്മൾ ചർച്ച ചെയ്യേണ്ടത്? നമ്മൾ അത്തരമൊരു ചർച്ചയിലേയ്ക്ക് കടന്നില്ലല്ലോ].

10.00 AM]

നിയമസഭയിലെ ഒരു അംഗം ബാങ്കിംഗ് ഇടപാടുമായി ബന്ധപ്പെട്ട് പണം തട്ടിപ്പ് നടത്തി എന്നുള്ള വിജിലൻസ് അന്വേഷണം നേരിടേണ്ടി വരുന്നത് എത്രമാത്രം അപമാനകരമാണ്. ആ അപമാനവുംപേറി നടക്കുന്നയാൾ മറ്റുള്ളവരെ കുറ്റപ്പെടുത്താൻ പുറപ്പെട്ടാൽ അത് എത്ര കണ്ടാണ് പൊതുസമൂഹം സ്വീകരിക്കുന്നത്? ചെക്ക് കേസുകൾ ഏതെല്ലാം തരത്തിൽ ഉയർന്നു വന്നിട്ടുണ്ടെന്ന് നാം ശരിക്ക്

പരിശോധിച്ച നോക്കിയാൽ മതി. കേസുകൾ എങ്ങനെയുണ്ടായി, ഉത്തരവാദപ്പെട്ടവർ അതിൽ എങ്ങനെ ഉൾപ്പെട്ടു? ആ പ്രശ്നങ്ങൾ നമ്മൾ ഇവിടെ ചർച്ച ചെയ്തോ? അത്തരം ആളുകളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് എന്തെങ്കിലും ചർച്ച നടത്താൻ നമ്മൾ ആരെങ്കിലും തയ്യാറായോ? നമ്മുടെ സമൂഹമാകെ ശ്രദ്ധിച്ച കാര്യങ്ങളായിരുന്നല്ലോ അത്. അക്കാലത്തും ചർച്ച ചെയ്തിട്ടില്ല, പിന്നീടും ചർച്ച ചെയ്തിട്ടില്ല. അത് എന്തുകൊണ്ടാണ്? സാധാരണ നിലയിൽ സഭയിൽ പാലിക്കേണ്ട ചില മര്യാദകളുണ്ട്, അതിന്റെ ഭാഗമായിട്ടുതന്നെയാണ്. അല്ലാതെ അതിലുൾപ്പെട്ടവർ ചെയ്ത കാര്യങ്ങൾ അറിയാത്തതുകൊണ്ടല്ല. അത് സഭയിൽ ഉന്നയിക്കേണ്ടതല്ല എന്നതുകൊണ്ട് ഉന്നയിക്കാതിരുന്നതാണ്.

ഇവിടെ ഒട്ടേറെപ്പേർ പ്രവാസ ജീവിതം നയിക്കുന്നുണ്ട്. പ്രവാസജീവിതം നയിക്കുന്നവരിൽ പലരും നമ്മുടെ സമൂഹത്തിലെ പ്രധാനപ്പെട്ടവരുടെ മക്കളുമായിരിക്കും. അവരിൽ ചിലർ സ്വന്തമായി ബിസിനസ്സ് നടത്തുന്നുണ്ടാകാം. ആ ബിസിനസ്സ് നടത്തുന്നതുമായി ബന്ധപ്പെട്ട് അവർ ഏതെങ്കിലും തരത്തിലുള്ള കേസുകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആ കേസ് ഏത് തരത്തിലുള്ളവയാണെങ്കിലും സാധാരണ നിലയിൽ അത് ഈ സഭയുടെ വിഷയമല്ല. ഇതാണ് നാം കാണേണ്ടത്. സഭയുടെ വിഷയമല്ലാത്ത ഒരു കാര്യം, സഭയ്ക്കൊന്നും ചെയ്യാനില്ലാത്ത കാര്യം എന്തിന് സഭയിൽ ഉന്നയിക്കണം. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിൽ സംസ്ഥാന ഗവൺമെന്റിനോ നിയമസഭയ്ക്കോ ഒന്നും ചെയ്യാനില്ല.

ബഹുമാന്യനായ അംഗം പെരുമ്പിലാവ് ചന്തയെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. ആ ചന്തയിൽ പറയുന്ന കാര്യങ്ങൾ നിയമസഭയിൽ പറയേണ്ടതല്ല. നിയമസഭയിൽ സാധാരണ നിലയ്ക്ക് സ്വീകരിക്കുന്ന ചില നടപടിക്രമങ്ങളുണ്ട്. അതിന് അനുസൃതമായ മര്യാദയും പാലിക്കണം. അതിനാണ് അങ്ങ് ചട്ടം ഓർമ്മപ്പെടുത്തുന്ന അവസ്ഥയുണ്ടായത്. അതുകൊണ്ട് ഈ ഉന്നയിച്ച പ്രശ്നങ്ങൾ തീർത്തും ദുരുപദിഷ്ടമായ കാര്യങ്ങളാണ്. അത് ഒരു തരത്തിലും അംഗീകരിക്കാൻ കഴിയുന്ന കാര്യങ്ങളല്ല. ഈ സഭയുമായി ഒരു ബന്ധവുമില്ലാത്ത കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. അങ്ങ് പറഞ്ഞതുപോലെ ഒട്ടേറെ കാര്യങ്ങൾ സാധാരണഗതിയിൽ ചട്ടത്തിൽ നിന്ന് വ്യത്യസ്തമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. ആ പറഞ്ഞ കാര്യങ്ങൾ അങ്ങ് പരിശോധിക്കുമെന്നും സഭയുടെ റെക്കോർഡിലുണ്ടാകാൻ പാടില്ലാത്ത കാര്യങ്ങൾ നീക്കം ചെയ്യുമെന്നും പ്രതീക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ഇ. പി. ജയരാജൻ, അദ്ദേഹത്തിന്റെ പേര് പരാമർശിക്കപ്പെട്ട സാഹചര്യത്തിൽ ചട്ടം 258 പ്രകാരം വിശദീകരണത്തിന് അവസരം ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് വിശദീകരിക്കാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, എന്റെ രണ്ട് കുട്ടികളും ഗൾഫിൽ കുറേക്കാലം ജോലി ചെയ്തിരുന്നു. മക്കളുടെ പേരെങ്കിലും മര്യാദയ്ക്ക് അന്വേഷിച്ച് വേണ്ടേ ഇതെല്ലാം എഴുതിക്കൊടുക്കാൻ. അതിലെഴുതിയ പേര് എന്റെ മകന്റേതല്ല. എവിടെ കിടന്നുറങ്ങുമ്പോൾ കിട്ടിയ പേരാണ് അത്? ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അറിയാവുന്ന ഒരു കാര്യമാണ്. അദ്ദേഹത്തിന് പലരുമായി ബന്ധമുള്ളതുമാണ്. ഞാൻ അതിലേയ്ക്കല്ല പോകുന്നത്. അറ്റ്ലസ് രാമചന്ദ്രന്റെ മകളും മകളുടെ ഭർത്താവുമൊക്കെ ഇപ്പോൾ ജയിലിലാണ്. എന്റെ മകനും രണ്ടുമൂന്നുപേരും ചേർന്ന് ഗൾഫിൽ ഒരു ഡീസൽ ഡിസ്ട്രിബ്യൂഷൻ കമ്പനി പ്രവർത്തിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ, അറ്റ്ലസ് രാമചന്ദ്രന്റെ മകളുടെ ഭർത്താവ് അരുൺ എന്റെ മകന്റെ, ആത്മസുഹൃത്തായി നടക്കുമ്പോൾ, 'എനിക്കൊരു ചെറിയ അഡ്ജസ്റ്റ്മെന്റിന് നിങ്ങളുടെ കമ്പനിയുടെ ഒരു ചെക്ക് വേണം' എന്ന് പറഞ്ഞു, അടുത്ത സുഹൃത്തുക്കളായ പലരെയും എന്റെ മകൻ സഹായിച്ചിട്ടുണ്ട്. അങ്ങനെ സഹായിക്കുന്ന കൂട്ടത്തിൽ അടുത്ത സുഹൃത്തായതുകൊണ്ട് എന്റെ മകൻ ചെക്ക് കൊടുത്തു. അറ്റ്ലസ് രാമചന്ദ്രന്റെ മകളുടെ ഭർത്താവ് അരുൺ ആ ചെക്ക് ബാങ്കിൽ കൊടുത്ത് പണം ഡിസ്കൗണ്ട് ചെയ്തു. അക്കാര്യം എന്റെ മകനറിഞ്ഞപ്പോൾത്തന്നെ ശ്രീ. അരുണിനോട് 'നിങ്ങൾ ചെയ്തത് തെറ്റായിപ്പോയി' എന്ന് പറഞ്ഞു. 'എന്റെ ഭാര്യയുടെ ചെക്ക് ഇതിന് സമമായി നൽകാം'' എന്ന് പറഞ്ഞ് ശ്രീ. അരുൺ ചെക്ക് നൽകി. ആ ചെക്ക് എന്റെ മകൻ ബാങ്കിൽ പ്രസന്റ് ചെയ്തെങ്കിലും അതിൽ പണമില്ലായിരുന്നു. അതുസംബന്ധിച്ച് എന്റെ മകൻ പോലീസിൽ പരാതി കൊടുത്തു. അപ്പോൾ അറ്റ്ലസ് രാമചന്ദ്രന്റെ ആൾക്കാരിൽ ചിലർ 'അവർ ഒരു സ്ത്രീ അല്ലേ, നമുക്ക് ആ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കാം, നമ്മൾ ഇടപെടാം' എന്ന് പറഞ്ഞു. അപ്പോഴാണ് അറ്റ്ലസ് രാമചന്ദ്രനും മകളും മകളുടെ ഭർത്താവുമെല്ലാം ജയിലിലാകുന്നത്. മകളുടെ ഭർത്താവ് ഡിസ്കൗണ്ട് ചെയ്ത് വാങ്ങിയ പണത്തിനു പകരം അവന്റെ കമ്പനി ഷെയർ മാറ്റിക്കൊടുത്തു. ഷെയർ സംഖ്യ വാങ്ങി അതിന്റെ അക്കൗണ്ട് തീർക്കുകയാണ് ചെയ്തത്. ചെയ്യാത്ത കുറ്റത്തിന് പണമടച്ച് വ്യക്തിത്വം ഉയർത്തിപ്പിടിക്കുകയാണ് ചെയ്തത്. എന്റെ മകൻ ആരോടും വായ്പ വാങ്ങാറില്ല. അവൻ ഒരു ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുമില്ല. ഇതാണ് നടന്ന സംഭവം. അത് അന്വേഷിക്കണ്ടേ? ഇത് നിങ്ങൾ എന്ത് അടിസ്ഥാനത്തിലാണ് ഉന്നയിച്ചത്. ഞങ്ങളുടെ മക്കൾക്ക് രാജ്യത്ത് ജീവിക്കാൻ കഴിയില്ലേ? അവരെ ജീവിക്കാൻ നിങ്ങൾ അനുവദിക്കില്ലേ? എന്ത് തെറ്റ് ചെയ്തിട്ടാണ് ആ ചെറുപ്പക്കാരൻ ഇത്തരം ആക്ഷേപം കേൾക്കുന്നത്. നിങ്ങൾക്ക് എന്തുമാകാം. ഒരു ചാനൽ, ഒരു പത്രം, ഒരു ജനം ടി.വി. ഇവർ വാർത്ത അങ്ങ് പ്രസിദ്ധീകരിക്കുകയാണ്. ഇത്തരം തെറ്റായ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന ചാനലുകളെയും മാധ്യമങ്ങളെയും നിയന്ത്രിക്കാൻ നിയമ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. xxxx* എന്റെ മകന്റെ പേരിൽ ഉന്നയിക്കാൻ നിങ്ങൾക്ക് എന്ത് ധാർമ്മികതയാണുള്ളത്?

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം (ഫയൽ നമ്പർ 801/ഇ.ബി./2018/നി.സെ. തീയതി 6-2-2018) രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ : അങ്ങ് വിശദീകരണം നൽകിക്കഴിഞ്ഞിരിക്കുന്നു. പ്ലീസ്....

ശ്രീ. ഇ. പി. ജയരാജൻ: സർ, തെറ്റായ, അസംബന്ധമായ കാര്യങ്ങൾ സഭയിൽ ഉന്നയിച്ച് രാഷ്ട്രീയ വിരോധം തീർക്കാൻ വ്യക്തിഹത്യ നടത്തുകയാണ്. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം,. അപ്പുറത്തിരിക്കുന്നവരെക്കുറിച്ചെല്ലാം എനിക്കറിയാം. ഇത് ഞാനും നാളെ തുടങ്ങാം. എല്ലാവരെക്കുറിച്ചും അറിയാം. നിയമസഭയിൽ വന്ന് എന്തും പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇക്കാര്യങ്ങൾ നിയന്ത്രിക്കണം. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. ഇത് എന്ത് നീതിയാണ്? അറ്റ്ലസ് രാമചന്ദ്രന്റെ കേസുകൾക്ക് പരിഹാരം കാണുന്നുവെന്ന് വന്നപ്പോൾ എന്റെ മകൻ അതിന്റെ ആളുകളോട് പറഞ്ഞതാണ് 'എനിക്ക് ഒരു പ്രശ്നമുണ്ട്' എന്ന്. അവർ പറഞ്ഞു, 'ഞങ്ങൾ തീർത്തുതരാം, അയാളുടെ മകൾ ജയിലിലാണ്. നിങ്ങൾ സാവകാശം കാണിക്കു' എന്ന്. അത്രയും വിശാല മനസ്കത കാണിച്ച്, സ്വന്തം കമ്പനി വിറ്റ് പണം അടയ്ക്കാൻ പോകുന്നു. രണ്ട് മാസമായി പണമടയ്ക്കാൻ തുടങ്ങിയിട്ട്. നെറികേടിനും ഒരതിര് വേണം. എന്തിനും നിങ്ങൾക്ക് ഒരു പത്രമുണ്ടെന്നു കരുതി എന്തും ആകാമെന്ന അവസ്ഥയിലേയ്ക്ക് പോകരുത്.

മി. സ്പീക്കർ : ശ്രീ. ജയരാജൻ പ്ലീസ് കൺക്ലൂഡ്....പ്ലീസ്.

ശ്രീ. ഇ. പി. ജയരാജൻ : സർ, എനിക്ക് ഇതാണ് പറയാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പത്രമാധ്യമങ്ങളിൽ വരുന്ന കാര്യങ്ങൾ നിയമസഭ ചർച്ച ചെയ്യരുതെന്ന് പറയുന്നത് മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇവിടെ സോളാർ വിഷയം പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ആറുതവണ ചർച്ച ചെയ്ത ഒരു സഭയാണ്. എനിക്ക് ബഹുമാന്യനായ മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്, അങ്ങ് ആദ്യം പറഞ്ഞു, 'ചില കേന്ദ്രങ്ങൾ ഇത് പ്രചരിപ്പിക്കുകയാണ് ' എന്ന്. എങ്ങനെയാണ് ഈ വിഷയം പുറത്തുവന്നത്? പ്രതിപക്ഷം നിയമസഭയിൽ പറഞ്ഞിട്ടാണോ? ജയ്ഹിന്ദ് ചാനലും വീക്ഷണം പത്രവുമാണോ പുറത്തുകൊണ്ടുവന്നത്. സി.പി.ഐ.(എം)-ന്റെ കേന്ദ്രകമ്മിറ്റിക്ക് കൊടുത്ത ഒരു പരാതി പുറത്തുവരുന്നു. കേരളത്തിലെയും ഇന്ത്യയിലെയും മുഴുവൻ മാധ്യമങ്ങളും അത് പുറത്തുകൊണ്ടുവരുന്നു. ഏതായാലും ശ്രീ. അനിൽ അക്കരയ്ക്ക്

കേന്ദ്ര കമ്മിറ്റിയിൽ യാതൊരു ബന്ധവുമില്ലല്ലോ? സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിക്ക് ഒരാൾ പരാതി കൊടുക്കുന്നു. ആ പരാതിയെക്കുറിച്ച് പത്രസമ്മേളനത്തിലൂടെ ആരും പറഞ്ഞില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞ മറുപടി ശ്രീ. അനിൽ അക്കരയ്ക്കും പ്രതിപക്ഷത്തിനുമെതിരായ മറുപടിയല്ല, മറിച്ച് ശ്രീ. സീതാറാം യെച്ചൂരിക്ക് എതിരായ മറുപടിയാണ്. അദ്ദേഹം കഴിഞ്ഞ ദിവസവും പറഞ്ഞത് ശ്രീ. സീതാറാം യെച്ചൂരിക്ക് എതിരായ മറുപടിയാണ്. ദയവായി നിങ്ങൾ മനസ്സിലാക്കണം, ഞങ്ങളാരുമല്ല ഈ പ്രശ്നം കൊണ്ടുവന്നത്. ഡൽഹിയിൽ നിന്നാണ് ഈ വാർത്തകൾ പുറത്തുവരുന്നത്. പാർട്ടിയുടെ കേന്ദ്രകമ്മിറ്റിക്ക് കൊടുത്ത പരാതി പുറത്തുവരുന്നു. അതിനുശേഷം അദ്ദേഹത്തിന്റെ ഒരു പ്രസ്താവന ഞാൻ വായിച്ചു. 'പദവി ദുരുപയോഗം ചെയ്ത് നേതാക്കളുടെ മക്കൾ പണമുണ്ടാക്കരുത്' എന്ന്. അങ്ങയുടെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞ കാര്യമാണ്. 'ശ്രീ. ബിനോയ് കോടിയേരിക്ക് എതിരെ പരാതി കിട്ടി. തുടർ നടപടികൾ പിന്നീട്' - ഞാൻ വായിക്കുന്നില്ല. ഇവിടെ അങ്ങ് ധാർമ്മികതയെക്കുറിച്ച് ഞങ്ങളെ പഠിപ്പിച്ചല്ലോ. ഞങ്ങളെ ധാർമ്മികത പഠിപ്പിക്കണ്ട. ഒന്ന്, അങ്ങയുടെ അഖിലേന്ത്യാ സെക്രട്ടറിക്ക് കൊടുത്ത പരാതി എങ്ങനെ പുറത്തുവന്നു? രണ്ട്, അദ്ദേഹം നടത്തിയ പത്ര സമ്മേളനത്തിൽ പറഞ്ഞ കാര്യങ്ങൾ. മൂന്ന്, ഇത് ഒരാഴ്ചയ്ക്കകം തീർക്കാമെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ടോ? പ്രതിപക്ഷത്തിന്റെ തലയിൽ കയറിയിട്ട് എന്ത് കാര്യം? നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറിക്ക് കൊടുത്ത പരാതി മാധ്യമങ്ങളിൽ വരുന്നു. അതിനുശേഷം സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടേറിയറ്റ് ഒരു പ്രസ്താവന കൊടുത്തു - 'സാമ്പത്തിക ഇടപാടിന്റെ പേരിൽ ശ്രീ. ബിനോയ് കോടിയേരിക്കെതിരെ ഒരു കേസും ഇന്ത്യയിലും മറ്റൊരിടത്തും ഇപ്പോൾ നിലവിലില്ല. തന്റെ പേരിൽ ദുബായിൽ ഏതെങ്കിലും തരത്തിലുള്ള കേസുകളോ യാത്രാവിലക്കുകളോ നിലവിലില്ല' എന്ന് വ്യക്തമാക്കുന്നു. ഇപ്പോൾ ഇതെല്ലാമുണ്ടല്ലോ? ഞങ്ങളാരും വ്യക്തിഹത്യ നടത്തുന്നയാളുകളല്ല; ഞങ്ങൾക്ക് അതിന്റെ ആവശ്യവുമില്ല; അങ്ങനെ ചെയ്ത പാരമ്പര്യവും ഞങ്ങൾക്കില്ല. ഇതിന്റെയൊക്കെ പേരിൽ നിയമസഭാ വേദികൾ ദുരുപയോഗപ്പെടുത്തിയിട്ടുള്ളത് ആരാണെന്ന് കേരളത്തിലെ പൊതുസമൂഹത്തിന് വ്യക്തമായി അറിയാം. ഞാൻ ഇരിക്കുന്ന ഈ കസേരയിലിരുന്ന് മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ എന്തെല്ലാം വാചകങ്ങൾ പ്രയോഗിച്ചുവെന്നുള്ളത് ഈ സഭ കേട്ടിട്ടുള്ളതാണ്, ഈ നാട് കേട്ടിട്ടുള്ളതാണ്. ഞങ്ങളാരും അതിന് മുതിരില്ല, ഞങ്ങളാരും അത്തരം വാചകങ്ങൾ പറയുന്നവരല്ല. ഞങ്ങൾ ഈ വിഷയം ഉന്നയിച്ചത് എന്തുകൊണ്ട്? ഇതിനകത്ത് ഒരു ധാർമ്മികതയില്ലേ? സംസ്ഥാനം ഭരിക്കുന്ന പാർട്ടിയിലെ ആരുടെയും മക്കൾ ബിസിനസ്സ് നടത്തുന്നതിന് ഞങ്ങളാരും എതിരല്ല.

നിയമപരമായി, രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾക്കനുസരിച്ച് ബിസിനസ്സ് നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ഇവിടെ എല്ലാവർക്കുമുണ്ട്. പക്ഷെ ആ ബിസിനസ്സുകൾ തട്ടിപ്പുകളായി മാറുമ്പോൾ, അത് പൊതുസമൂഹം അറിയുമ്പോൾ, ചർച്ച ചെയ്യപ്പെടുമ്പോൾ..., തീർച്ചയായും പൊതുസമൂഹം ചർച്ച ചെയ്യേണ്ട വിഷയങ്ങൾ നിയമസഭയിൽ ഉന്നയിക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്. ആ ഉത്തരവാദിത്വം ഞങ്ങൾ നിറവേറ്റുകയാണ്. ഇത് എങ്ങനെവന്നു എന്നതിന്റെ പിതൃത്വം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കണ്ട. മാർക്സിസ്റ്റ് പാർട്ടിക്കകത്ത് ഉണ്ടായിരിക്കുന്ന ഗുരുതരമായ അഭിപ്രായ വ്യത്യാസത്തിന്റെ ഉല്പന്നമാണിത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വിഷയമല്ലേ? പൊതുസമൂഹവും എല്ലാ മാധ്യമങ്ങളും ചർച്ച ചെയ്യുന്ന വിഷയമല്ലേ? ഞങ്ങൾ ഒരു എം.എൽ.എ.-മാരുടെ പേരിലും അനാവശ്യമായ ഒരു ആരോപണവും ഇവിടെ ഉന്നയിക്കുന്നില്ല. കഴിഞ്ഞ ദിവസം ചവറ എം.എൽ.എ. ശ്രീ. എൻ. വിജയൻപിള്ള പറഞ്ഞതെന്താണ്? ചവറ പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. ഉള്ളതുകൊണ്ട് പറഞ്ഞതാണ്. എനിക്ക് അദ്ദേഹത്തോട് ഒരു വിരോധവുമില്ല. അദ്ദേഹം നേരത്തെ കോൺഗ്രസ്സുകാരനായിരുന്ന ആളാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഇവിടെ ധാർമ്മികതയെക്കുറിച്ചൊക്കെ പറഞ്ഞു കേട്ടതുകൊണ്ട് പറഞ്ഞതാണ്. പഴയ ഓർമ്മയിൽ നിന്ന് പറയുകയാണ്. 1982-87 കാലഘട്ടത്തിൽ ഒരു പെട്ടിക്കട പോലുമില്ലാതിരുന്ന എനിക്ക് എലൈറ്റ് ഹോട്ടലുണ്ടെന്ന് ഈ നിയമസഭയിൽ പ്രസംഗിച്ചിട്ടുണ്ട്. അന്ന് ഞാൻ അനുഭവിച്ച പ്രയാസം ഇപ്പോൾ എല്ലാവർക്കും മനസ്സിലാകുന്നുണ്ടല്ലോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, 1982-ൽ ഞാൻ നിയമസഭയിൽ വരുമ്പോൾ അന്തരിച്ചുപോയ എന്റെ സുഹൃത്ത് കൂടിയായ വി. കെ. രാജൻ പറഞ്ഞത് കെ. കരുണാകരന്റെ വീട്ടിൽ മഹാഭാരതം മുഴുവൻ ചന്ദനത്തടിയിൽ കൊത്തിവച്ചിട്ടുണ്ടെന്നാണ്. അങ്ങനെയുള്ള ആരോപണങ്ങളൊന്നും ഉന്നയിക്കുന്നവരല്ല ഞങ്ങൾ. തെറ്റിദ്ധാരണയൊന്നും വേണ്ട. ഇവിടെ കേരളത്തിലെ പത്രമാധ്യമങ്ങൾ മുഴുവൻ കാര്യങ്ങളും ഉന്നയിച്ചു. ഇന്നലെ അസാധാരണമായ ഒരു സംഭവം ഇവിടെയുണ്ടായി. മുഖ്യമന്ത്രി അതിനെപ്പറ്റി ഇവിടെ പരാമർശിക്കുമെന്നാണ് ഞാൻ കരുതിയത്. ഇന്നലെ കരുനാഗപ്പള്ളി സബ്കോടതി ഒരു സുപ്രധാനമായ വിധി പ്രഖ്യാപിച്ചു. മുംബൈ സി.ബി.ഐ. പ്രത്യേക കോടതി, സൊറാബുദ്ദീൻ ഷെയ്ഖ് വ്യാജ ഏറ്റുമുട്ടൽ കേസ്സിലെ വിചാരണ നടപടികൾ മാധ്യമങ്ങൾ പ്രസിദ്ധീകരിക്കുന്നത് വിലക്കിക്കൊണ്ട് 2017 നവംബർ 21-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മുംബൈ ഹൈക്കോടതി ആ ഉത്തരവ് റദ്ദാക്കുകയും 'ഏത്

നിയമമനുസരിച്ചാണ് കോടതി നടപടികൾ റിപ്പോർട്ട് ചെയ്യാൻ പാടില്ലെന്ന് വിചാരണ കോടതി മാധ്യമങ്ങളെ വിലക്കിയത് എന്ന് മുംബൈ ഹൈക്കോടതി രൂക്ഷമായ ഭാഷയിൽ ചോദിച്ചു. കേരളത്തിൽ പത്രമാധ്യമങ്ങൾ വാർത്തകൾ പ്രസിദ്ധീകരിക്കരുതെന്ന് കരുനാഗപ്പള്ളി മജിസ്ട്രേറ്റ് കോടതി പറഞ്ഞത് അങ്ങേയറ്റം ദൗർഭാഗ്യകരമായിപ്പോയി. ആ കോടതി നടപടിയെ ഞാൻ ശക്തമായി അപലപിക്കുകയാണ്. സി.പി.ഐ.(എം) പുരപ്പുറത്ത് കയറി ധാർമ്മികതയെപ്പറ്റി പറയുന്നവരാണല്ലോ. ഇത്തരമൊരു സംഭവം വന്നപ്പോൾ നിങ്ങളുടെ ധാർമ്മികത എവിടെപ്പോയി?

ഇവിടെ രണ്ട് ചെറുപ്പക്കാർ നടത്തിയ ബിസിനസ്സ് ഇടപാടുകളെപ്പറ്റിയല്ല, ആ ചെറുപ്പക്കാർ സംസ്ഥാനം ഭരിക്കുന്ന പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയുടെ മക്കളായതുകൊണ്ടാണ് ചർച്ച ചെയ്യപ്പെടുന്നത്. രണ്ട് മക്കൾക്കുമെതിരെ ആരോപണം വന്നതെന്തുകൊണ്ടാണ്? അവരുടെ നടപടികൾ കൊണ്ടാണ്. ഇവിടെ മറ്റ് സി.പി.ഐ.(എം) എം.എൽ.എ. മാരുടെയും മന്ത്രിമാരുടെയും പേരിൽ ഒരു ആരോപണവും ആരും ഉന്നയിച്ചില്ലല്ലോ? ഇവിടെ ശ്രീ. എ. കെ. ബാലന്റെ മക്കളുടെ പേരിലോ വേറെ ഏതെങ്കിലും മന്ത്രിമാരുടെ പേരിലോ ആരോപണം ഉന്നയിച്ചോ? മാധ്യമങ്ങളിലൂടെ വാർത്തകൾ പുറത്തുവന്നപ്പോൾ സത്യസന്ധമായ വാർത്തകളായതുകൊണ്ടല്ലേ ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. അത് നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യമാണ്, ഞങ്ങൾ ശ്രദ്ധിക്കേണ്ടതല്ല. അതിന് ഞങ്ങളുടെ തലയിൽ കയറിയിട്ട് കാര്യമൊന്നുമില്ല. ഈ സംസ്ഥാനത്ത് ഇത്രയും ഗുരുതരമായ ഒരു തട്ടിപ്പുനടന്ന വാർത്തകൾ പുറത്തുവന്നാൽ പ്രതിപക്ഷത്തിന് അത് ഉന്നയിക്കാനുള്ള അർഹതയില്ല എന്ന് പറയുമ്പോൾ, ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങ് ഈ കേസ് ശ്രീ. അമിത് ഷായുടെ മകന്റെ കേസുമായും ശ്രീ. കാർത്തിക് ചിദംബരത്തിന്റെ കേസുമായുമൊക്കെ വലിയ മാനം നൽകി. അങ്ങയുടെ ഉദ്ദേശ്യമെന്താണെന്ന് ഇപ്പോൾ എനിക്ക് മനസ്സിലായി. ഇത് ദേശീയ തലത്തിൽ ചർച്ച ചെയ്യേണ്ട വിഷയമാണെന്ന് മുഖ്യമന്ത്രി ഭംഗ്യന്തരേണ സൂചിപ്പിച്ച കാര്യമാണ്. ശ്രീ. അമിത്ഷായുടെ മകന്റെ കേസ്സും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മകന്റെ കേസ്സും തമ്മിൽ ഉദ്ധരിച്ച് ശ്രീ. അമിത്ഷായെ രക്ഷപ്പെടുത്താൻ അങ്ങ് ശ്രമിച്ചത് തെറ്റായിപ്പോയി. പാർലമെന്റ് ആ കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ഇക്കാര്യം ശ്രീ. സീതാറാം യെച്ചൂരിയോട് പത്രക്കാർ ചോദിച്ചതുമാണ്. ഈ പ്രസംഗം കേട്ട എല്ലാവർക്കും മുഖ്യമന്ത്രിയുടെ ഉദ്ദേശശുദ്ധി ബോദ്ധ്യപ്പെട്ടുവെന്ന് മനസ്സിലാകുന്നുണ്ട്. ഇതെല്ലാം കേരള സമൂഹം കാണുന്നുണ്ട്. ഇതെല്ലാം നമ്മുടെ സമൂഹം ശ്രദ്ധിക്കുന്ന വിഷയങ്ങൾ തന്നെയാണ്. തെറ്റ് ചെയ്തെങ്കിൽ തെറ്റ് ചെയ്തുവെന്ന് പറയാനുള്ള ധാർമ്മികബോധം വേണം. മക്കൾ തെറ്റ് ചെയ്തുവെങ്കിൽ,.. അച്ഛൻ

നേതാവാണെങ്കിലും അല്ലെങ്കിലും മക്കൾ തെറ്റ് ചെയ്തുവെന്ന് പറയാനുള്ള ധാർമ്മികബോധം ശ്രീ. കോടിയേരി ബാലകൃഷ്ണനിൽ നിന്ന് പ്രതീക്ഷിച്ചു, അത് ഉണ്ടായില്ല. അദ്ദേഹം അവരെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അത്തരമൊരു നിലപാട് സ്വീകരിച്ചത് തെറ്റായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. തീർച്ചയായും ഇത്തരം വിഷയങ്ങൾ സഭ ചർച്ച ചെയ്യുന്നതിൽ എന്താണ് തെറ്റ് ? ഇതിനുമുമ്പ് എത്രയോ തവണ ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. പുതിയതായല്ല കേരള നിയമസഭ ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് ഞങ്ങളെ ആരും ചട്ടങ്ങൾ പഠിപ്പിക്കേണ്ട കാര്യമില്ല. ചട്ടം ഞങ്ങളെ പഠിപ്പിക്കാൻ മുന്നോട്ടുവന്ന ആളുകൾ തന്നെ എത്രയോ തവണ ഇക്കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കേരളം കണ്ട വലിയ അഴിമതിയുടെ ഒരറ്റം മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. ഇനിയും വരാനുണ്ട് കാര്യങ്ങൾ. This is only a tip of the iceberg. ഇനിയും കൂടുതൽ കാര്യങ്ങൾ പുറത്തുവരുന്ന സമയത്ത് മുഖ്യമന്ത്രി എന്ത് മറുപടി പറയുമെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എല്ലാ തെറ്റുകളെയും അങ്ങ് സംരക്ഷിക്കരുതെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. തെറ്റ് തെറ്റാണെന്ന് അങ്ങ് പറയണം. അങ്ങയിൽ നിന്ന് ഞങ്ങൾ അത് പ്രതീക്ഷിക്കുന്നു. ഇക്കാര്യം ഈ സഭ ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണെന്ന് വിശ്വസിക്കുന്നു. തെറ്റുകളുണ്ടായാൽ അത് ഏറ്റുപറയാനുള്ള ധാർമ്മിക അവകാശവും ഉത്തരവാദിത്വവും ഉണ്ട്. അത് മൂടിവയ്ക്കാൻ കഴിയുന്ന ഒന്നല്ല. ഇത് പുറത്തുവരുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഈ വിഷയം എല്ലാ ഉത്തരവാദിത്വത്തോടുംകൂടിയാണ് സഭയിൽ ഞങ്ങൾ ഉന്നയിച്ചിട്ടുള്ളത്. കേരള സമൂഹം ചർച്ച ചെയ്യേണ്ട വിഷയമാണ്. ആദ്യമായി നിയമസഭയിൽ വന്ന ശ്രീ. അനിൽ അക്കര എന്ന ചെറുപ്പക്കാരൻ ഈ വിഷയം ഉന്നയിച്ചപ്പോൾ, അങ്ങ് ഏതായാലും ഇത് പറയാൻ പാടില്ലായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ ഒരു കേസ്സും നിലവിലില്ല. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രി ആണല്ലോ; അദ്ദേഹത്തിന്റെ പേരിൽ വിജിലൻസ് കേസ് ഉണ്ടോയെന്ന കാര്യം അങ്ങേയ്ക്ക് അറിയാമല്ലോ? ശ്രീ. അനിൽ അക്കരയുടെ പേരിൽ ഒരു കേസ്സും നിലവിലില്ല. ആ സാഹചര്യത്തിൽ ശ്രീ. അനിൽ അക്കര ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് വ്യക്തിപരമായി അധിക്ഷേപിച്ചത് ഒട്ടും ശരിയല്ല. അക്കാര്യം അങ്ങ് പരിശോധിച്ച് പിൻവലിക്കുമെന്ന് ഞാൻ കരുതുന്നു. ഞങ്ങൾ ഇവിടെ പറഞ്ഞ കാര്യങ്ങളിൽ ഉറച്ചുനിൽക്കുന്നു. ഈ കാര്യങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ : സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പ്രസ്ഥാനം ധാർമ്മികതയിൽ ഊന്നി നിന്നുകൊണ്ട്, വ്യക്തികൾ പാർട്ടിയുടെ സ്വാധീനം ഉപയോഗിച്ച് നേട്ടങ്ങൾ ഉണ്ടാക്കരുതെന്ന കർക്കശ തീരുമാനമെടുത്ത് മുന്നോട്ടുവന്ന സാഹചര്യത്തിലാണ് ഇവിടെ ഈ വിഷയം ഉന്നയിക്കേണ്ടി വന്നത്. ശ്രീ. സീതാറാം യെച്ചൂരി അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നത്, Party leaders or their family members cannot make use of the party or their positions for their personal purposes എന്നാണ്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതിനെയെല്ലാം ഖണ്ഡിച്ചുകൊണ്ട് ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞിരിക്കുന്നത്, 'പാർട്ടി നേതാക്കന്മാരും അവരുടെ കുടുംബാംഗങ്ങളും പാർട്ടിയുടെ പൊസിഷൻസ് വ്യക്തിപരമായ കാര്യങ്ങൾക്ക് വിനിയോഗിക്കാൻ പാടില്ല' എന്നാണ്. അദ്ദേഹം പറഞ്ഞത് സി.പി.ഐ.(എം) സ്റ്റേറ്റ് സെക്രട്ടേറിയറ്റ് തള്ളിയിട്ടുണ്ടെങ്കിലും if there is anything more, then the Politburo will discuss എന്നാണ്. അതിനുപുറമേ, Indicating unhappiness in the issue, Yechury evaded questions on whether he is satisfied with the State Secretariat's statement. Yechury's statements are a clear indication of his differences with the party state leadership's stance the issue is a closed chapter.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഉപനേതാവ് എന്ന നിലയിൽ അങ്ങ് അടിയന്തരപ്രമേയത്തിന് മറുപടി പറയുമ്പോൾ ധാർമ്മികമായി അങ്ങയോട് ഒരു കാര്യം ചോദിക്കുകയാണ്. പ്രതിപക്ഷം ഇന്ന് ഉന്നയിച്ചിരിക്കുന്ന വിഷയത്തെ സംബന്ധിച്ച് മുഖ്യമന്ത്രിയും സ്പീക്കറുമൊക്കെ പറയുകയുണ്ടായി. കവിയായ ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെ കൽബുർഗിയെ ആക്രമിച്ചതുപോലെ ഇന്നലെ കൊല്ലാൻ ശ്രമിച്ച വിഷയം, ഉത്തരവാദപ്പെട്ട പ്രതിപക്ഷമായിരുന്നെങ്കിൽ ആർ.എസ്.എസ്.ന്റെ ആ അക്രമത്തിനെതിരായി അടിയന്തരപ്രമേയം അവതരിപ്പിക്കുകയായിരുന്നു വേണ്ടത്. അതായിരുന്നു പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം എന്ന ബോധം അങ്ങേയ്ക്കുണ്ടോ എന്ന് വിനീതമായി ചോദിക്കുകയാണ്.

ഡോ. എം. കെ. മുനീർ : സർ, ആ ധാർമ്മികതയൊന്നും ഞങ്ങളെ പഠിപ്പിക്കേണ്ട ആവശ്യമില്ല. നിയമസഭയിൽ ഞങ്ങൾ അവതരിപ്പിച്ച എല്ലാ പ്രസംഗങ്ങളും പരിശോധിച്ചാൽ മനസ്സിലാകും. ഫാസിസത്തെ നേരിടുന്നതിന് ഞങ്ങൾ എടുത്ത നിലപാട് വേറെയാണ്. അതിന്റെ പേരിൽ ഇത്തരം കാര്യങ്ങൾ പറയാതെ പോകണ്ടാ എന്നുള്ളതല്ല. യാത്രാവിലക്കുമായി ബന്ധപ്പെട്ട് ഇന്നത്തെ പത്രത്തിൽ വന്ന വാർത്തയാണ്. കേസ്സിന് ഗൗരവമേറുമ്പോഴാണ് യാത്രാവിലക്ക്. ഇവിടെ രേഖകളുണ്ടോയെന്ന് പരിശോധിക്കുമ്പോൾ.... AL BASHA LEGAL TRANSLATION അവിടെ കൊടുത്ത കത്ത് ട്രാൻസ്ലേറ്റ് ചെയ്തിരിക്കുകയാണ്.

Dear client, Binoy Vinodini Balakrishnan, we are sorry to inform you that an order of travel ban has been issued against you in case No. 102/2018/69 order on petition - commercial due to the enforceable sum of 10 lakh Dirham. This is due to the decision No.(1) that has been issued in 1-2-2018 whose text is as follows എന്നുപറഞ്ഞ് കൃത്യമായി ട്രാവൽ ബാനിലേയ്ക്ക് വന്നിരിക്കുകയാണ്. ട്രാവൽ ബാൻ വരുന്നത് എപ്പോഴാണ്? ഒരാൾ കേസ് കൊടുക്കുമ്പോൾ ഈ പറയുന്ന വ്യക്തി പ്രതിയാണെന്നുള്ളത് അയാൾക്ക് ഉറപ്പുണ്ടായിരിക്കണം. അല്ലെങ്കിൽ നേരെ കേസ് കൊടുത്ത ആളുടെ നെഞ്ചിലേയ്ക്ക് തിരിച്ചുവരും. അത്രയ്ക്കും ഉറപ്പുള്ള ഘട്ടത്തിൽ മാത്രമാണ് കേസ് കൊടുക്കുന്നത്. മാത്രമല്ല, undertaking കൂടി എടുക്കേണ്ടതുണ്ട്. ഈ യാത്രാവിലക്ക് തീരുന്നതിന്റെ ഇത്ര ദിവസം മുമ്പ് സിവിൽ കേസ് ഫയൽ ചെയ്തിരിക്കണമെന്ന undertaking കൂടി കൊടുത്തതിനുശേഷമാണ് യാത്രാവിലക്കിലേയ്ക്ക് കാര്യങ്ങൾ വരുന്നത്. അതുകൊണ്ട് എല്ലാ അർത്ഥത്തിലും.....

<u>ശ്രീ. സി. കെ. നാണു</u> : സർ, പ്രായപൂർത്തിയായാൽ മകനോ മറ്റ് ആരായാലും ബന്ധത്തിന് പരിധിയുണ്ട്. നിങ്ങൾ രാഷ്ട്രീയ പ്രവർത്തനം നടത്തി ഇവിടെ നിൽക്കുമ്പോൾ, നിങ്ങളുടെ മകൻ മറ്റെവിടെയോ പോയി ബിസിനസ് നടത്തി കടക്കാരനാകുന്നു, ജയിലിൽ പോകേണ്ട സ്ഥിതി വരുന്നു, കേസ് കൊടുക്കുന്നു തുടങ്ങിയ സ്ഥിതിവിശേഷം ഉണ്ടാകുന്നു. ഒരു മകൻ എന്ന നിലയ്ക്ക് റൗഡിയാകാനും അഴിമതി നടത്താനുമെല്ലാമുള്ള സാധ്യതയുണ്ട്. എല്ലാവരുടെ മക്കളുടെയും കാര്യം തന്നെയാണ് പറയുന്നത്. അങ്ങനെ വന്നാൽ നിങ്ങൾ ഇവിടെ എന്ത് ചെയ്യും? അതിന് ഈ രാജ്യത്ത് കോടതിയുണ്ട്. അത് കൈകാര്യം ചെയ്യേണ്ടത് നിയമസഭയല്ല. നമ്മൾ ഓരോരുത്തരുടെയും മക്കൾ തെറ്റ് ചെയ്താൽ ഇവിടെയാണോ ചർച്ച ചെയ്യുന്നത്. ഇവിടത്തെ നീതിന്യായ കോടതിയുടെ ചുമതല നമുക്ക് തന്നിട്ടുണ്ടോ?

<u>ഡോ. എം. കെ. മുനീർ</u> : സർ, ഞാൻ പറയുന്നത് ഇക്കാര്യം അങ്ങ് ശ്രീ. സീതാറാം യെച്ചൂരിയെ എഴുതി അറിയിക്കണം. ധാർമ്മികമായി ഉത്തരവാദിത്വം ഉണ്ടെന്ന് പറയുന്നത് അദ്ദേഹമാണ്. കോടതിയുടെ വിധി വല്ലാതെ അത്ഭുതപ്പെടുത്തുന്നു. രണ്ട് പത്രങ്ങളൊഴിച്ച് മറ്റുള്ള എല്ലാ പത്രങ്ങളോടും ഇക്കാര്യം എഴുതരുതെന്ന് പറഞ്ഞിട്ടുണ്ട്. ദേശാഭിമാനിയോടും പീപ്പിൾ ചാനലിനോടും ഇത് എഴുതിയാലും ഇല്ലെങ്കിലും കുഴപ്പമില്ലെന്ന് പറഞ്ഞിട്ടുണ്ട്. ബാക്കി ആരും എഴുതാൻ പാടില്ലെന്ന് പറയുമ്പോൾ, ഇത് വളരെ അത്ഭുതമാണ്. നാട്ടിലുള്ള എല്ലാ പത്രങ്ങളെയും വിലക്കിയിരിക്കുകയാണ്. പക്ഷെ, ഈ രണ്ട് പത്രങ്ങളെ മാത്രം ഒഴിവാക്കിയത് എന്നെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. ഇവിടെ മുൻ പ്രതിപക്ഷ

നേതാവ് ഇരിക്കുന്നുണ്ട്. അദ്ദേഹം ഇവിടെ നിന്നുകൊണ്ട് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ മക്കളെക്കുറിച്ച് പറഞ്ഞിട്ടുള്ളത് മനഃസാക്ഷിയുള്ള ഏതെങ്കിലും ഒരാൾക്ക് കേട്ടിരിക്കാൻ പറ്റുന്നതായിരുന്നോ? ഞങ്ങൾ ഇത് പറയുമ്പോൾ നിങ്ങൾക്ക് വേദന തോന്നുന്നില്ലേ? മുഖ്യമന്ത്രിയുടെ മക്കളെക്കുറിച്ച് ഞങ്ങൾ പറഞ്ഞില്ലല്ലോ? ഇല്ലാത്ത സംഭവത്തെക്കുറിച്ച് പറയാറില്ല. ഇതുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള വാർത്തകൾ ശരിയോ തെറ്റോ എന്നുള്ളതല്ല. ഇത് യാത്രാവിലക്കുമായി ബന്ധപ്പെട്ട ഒറിജിനൽ കോപ്പി തന്നെ ഇവിടെയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസാരിക്കുന്നത്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പറയുമ്പോൾ നിങ്ങളും ഓർക്കേണ്ടതുണ്ട്. വ്യക്തിഹത്യയിലേയ്ക്ക് പോകുന്നത് ഞങ്ങളാരും ആഗ്രഹിക്കുന്നില്ല. പക്ഷെ, എത്രയെത്ര ആളുകളുടെ തൊലിയുരിഞ്ഞ് വ്യക്തിഹത്യ നടത്തി, അവരുടെ കുടുംബത്തിന്റെ ഉള്ളിന്റെയുള്ളിൽ കയറിച്ചെന്ന് നിങ്ങൾ പോസ്റ്റുമോർട്ടം ചെയ്തു. ഇത് നിങ്ങളുടെ ഭാഗത്തുവരുമ്പോൾ വേദന വരുന്നുണ്ട്. മറ്റുള്ളവരുടെ കാര്യത്തിൽ വരുമ്പോൾ ഒരു വേദനയുമില്ലാതെ, ചങ്കുറപ്പില്ലാതെ അറുത്തുമുറിക്കുന്നുണ്ടല്ലോ; അതുകൊണ്ട് ഇക്കാര്യം ഗൗരവമായ ചർച്ചയ്ക്ക് വിധേയമാകേണ്ട വിഷയമാണെന്ന് അറിഞ്ഞതുകൊണ്ടുതന്നെയാണ് പ്രതിപക്ഷം ഇവിടെ കൊണ്ടുവന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, വ്യക്തിഹത്യയുടെ ഒരു വിഷയം ഇവിടെ ഉദിക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ മക്കൾക്കെതിരെ ഉയർന്നിരിക്കുന്ന ആരോപണങ്ങൾ സ്വാഭാവികമായും പൊതുസമൂഹം ചർച്ച ചെയ്യുന്നു. അത് സഭയിൽ ഉന്നയിക്കുക എന്നുള്ളത് പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വമാണ്. ഇതിനെ സംബന്ധിച്ച യാഥാർത്ഥ്യങ്ങളും സത്യാവസ്ഥയും അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. എന്തായാലും അദ്ദേഹത്തിന് കേസുണ്ടെന്നും യാത്രാ വിലക്കുണ്ടെന്നും വ്യക്തമായിരിക്കുകയാണ്. ഇത്തരം വിഷയങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് ചില നിലപാടുകളെടുക്കാൻ കഴിയുന്നതാണ്. ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന പാർട്ടി സെക്രട്ടറിക്കെതിരെയും അദ്ദേഹത്തിന്റെ കുടുംബത്തിനെതിരെയും വരുന്ന ആരോപണങ്ങളെ ലഘുവായി കാണാൻ പാർട്ടി തയ്യാറാകുമെന്ന് ഞാൻ കരുതുന്നില്ല. അവരുടെ അഖിലേന്ത്യാ സെക്രട്ടറി തന്നെ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. എന്തായാലും ഇത്തരത്തിലുള്ള വിഷയങ്ങൾ വളരെ ഗൗരവമേറിയതാണ്. ഈ വിഷയങ്ങൾ ആവർത്തിക്കാതിരിക്കുക എന്നുള്ളത് നാടിനും നിങ്ങളുടെ പാർട്ടിക്കും നല്ലതാണ്. കരുനാഗപ്പള്ളി കോടതിയിൽനിന്നും വന്നിരിക്കുന്ന ഉത്തരവ് തികച്ചും അപലപനീയമായ ഒന്നാണ്. അഭിപ്രായ സ്വാതന്ത്ര്യവും അറിയാനുള്ള

അവകാശവുമൊക്കെ നിഷേധിക്കാൻ ഒരു കോടതി തന്നെ മുൻകൈയെടുക്കുന്നുവെന്ന് പറയുമ്പോൾ തീർച്ചയായും അതിൽ ദുരൂഹതയുണ്ടെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇന്ന് വളരെയേറെ ചർച്ച ചെയ്യുന്ന വിഷയമായി ഇത് മാറുകയാണ്. മാധ്യമങ്ങളുടെ വാ അടച്ചിടാൻ കോടതി തയ്യാറാകുന്നുവെന്ന് പറയുമ്പോൾ അത് ജനാധിപത്യത്തെ ഏത് നിലയിലേയ്ക്ക് കൊണ്ടുപോകുമെന്ന് സ്വയം വിചിന്തനം നടത്തേണ്ട ഒരു സന്ദർഭത്തിൽ നാം എത്തിയിരിക്കുകയാണ്. വളരെ ഗൗരവമേറിയ ഈ വിഷയം ചർച്ച ചെയ്യേണ്ടിയിരുന്നതാണ്. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം അനിൽ അക്കര ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തെ വ്യക്തിഹത്യ ചെയ്യുന്ന നിലയിലേയ്ക്ക് നിങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായ സമീപനം ഒട്ടും ശരിയായില്ല. തെരഞ്ഞെടുക്കപ്പെട്ടുവന്ന ഒരംഗത്തിന് ഇവിടെ ഇത് അവതരിപ്പിക്കാനുള്ള അവകാശമുണ്ട്. അദ്ദേഹത്തിന് സംസാരിക്കാനുള്ള സന്ദർഭവും അവസരവും നിഷേധിച്ചുകൊണ്ട് നിങ്ങൾ ഇവിടെ ബഹളം വച്ചതിൽ ശക്തമായ പ്രതിഷേധം ഞാൻ രേഖപ്പെടുത്തുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

Shri. K. M. Mani : Sir, Adjournment motion related to a matter pending in a Foreign Court, let it to be adjudicated by them. ഇത് സഭ ചർച്ച ചെയ്യേണ്ട കാര്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നില്ല.

ശ്രീ. ഒ. രാജഗോപാൽ : സർ, സാധാരണ നിലയ്ക്ക് രാജ്യത്തിന് പുറത്തുള്ള വ്യക്തികളുടെ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നുള്ളത് ശരിയാണ്. സംസ്ഥാനം ഭരിക്കുന്ന പ്രധാനപ്പെട്ട കക്ഷിയുടെ ഏറ്റവും ഉന്നതരായ നേതാക്കന്മാർ തന്നെ ആശങ്ക പ്രകടിപ്പിക്കുകയും അത് ഈ രാജ്യത്തിലെ എല്ലാ പത്രങ്ങളും ചാനലുകളും ചർച്ച ചെയ്യുന്ന അവസരത്തിൽ കേരളത്തിലെ ജനങ്ങളുടെ പ്രതിനിധി സഭയായ ഇവിടെ അക്കാര്യം ചർച്ച ചെയ്യേണ്ടത് ആവശ്യമല്ലേ? അത് മൂടിവയ്ക്കണമെന്ന് പറയുന്ന അവസരത്തിലാണ് അതിൽ എന്തൊക്കെയോ കൂട്ടതലായുണ്ടെന്ന് സംശയമുണ്ടാക്കുന്നത്. ഈ വിഷയം അവതരിപ്പിക്കാൻ അങ്ങ് അനുവാദം കൊടുത്തതിനെ ഞാൻ അനുമോദിക്കുന്നു. പക്ഷേ ഈ സർക്കാരിന്റെ നിലപാട് തികച്ചും അപലപനീയവും ജനാധിപത്യവിരുദ്ധവും ഫാസിസ്റ്റ് സ്വഭാവത്തിന്റെ പ്രകടനവുമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാർ നയത്തിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) ശബരിമല ഭക്തർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഇന്ത്യക്ക് അകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാരെയും പുണ്യപൂങ്കാവനമായ ശബരിമലയുടെ പരിസ്ഥിതിയേയും വനമേഖലയേയും ബാധിക്കുന്ന ഒരു പ്രധാന വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. മലകയറി അയ്യപ്പനെ കണ്ട് തൊഴാൻവേണ്ടി ഒരുദിവസം 18 മുതൽ 20 മണിക്കൂർ വരെ അയ്യപ്പന്മാർ ശബരിമലയിൽ കാത്തുനിൽക്കേണ്ട അവസ്ഥയാണ് ഇപ്പോൾ സംജാതമായിട്ടുള്ളത്. അവിടെ എത്തിയാൽ അതിനേക്കാൾ കഷ്ടമാണ്. മറ്റെങ്ങുമില്ലാത്തതു പോലെ ക്ഷേത്രത്തിന്റെ വലതുവശത്തുനിന്നും ഇടതുവശത്തേയ്ക്ക് ഒരു ക്യൂ കടന്നു പോകുകയാണ്. കർണ്ണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും ചെരുപ്പുകൾ പോലും ഉപയോഗിക്കാതെ റോഡിലൂടെ മൈലുകളോളം നടന്ന് അനേകം അയ്യപ്പന്മാർ ശബരിമലയിലേയ്ക്ക് വരുന്നുണ്ട്. അവർ ഇവിടെയെത്തിയാൽ 20 മണിക്കൂർ കാത്തുനിന്നാണ് പടി കയറി മുകളിലെത്തേണ്ടത്. പോലീസുകാർ തള്ളിവിട്ട് അയ്യപ്പന്റെ മുമ്പിലുള്ള ചെറിയ കവാടത്തിന്റെ മുന്നിലെത്തുമ്പോൾ കാലിൽ ആരെങ്കിലും ചവിട്ടുകയോ കയ്യിലുള്ള കുഞ്ഞിന്റെ പിടി വിട്ടെന്ന് തോന്നിയാലോ ഇരുമുടിക്കെട്ട് താഴെ വീഴുമെന്ന് തോന്നിയാലോ അല്പമൊന്ന് തിരിഞ്ഞുനോക്കുന്നതിനിടയിൽ ക്യൂ കടന്നുപോകുന്നതിനാൽ പലപ്പോഴും ഭഗവാനെ തൊഴാൻ കഴിയുന്നില്ല. പക്ഷേ പലരും ഭക്തികൊണ്ട് വെളിയിൽ മിണ്ടാതെ പോകുകയാണ്. ഭഗവാനെ കാണാൻ പറ്റിയില്ലെങ്കിൽ ചിലർ ഒന്നുകൂടി കറങ്ങി നോക്കും. ചിലർ ഒരിക്കൽ കണ്ടാലും ഒന്നുകൂടി കാണാൻവേണ്ടി കറങ്ങും. അങ്ങനെ ഒരു വലിയ സംഘം ശബരിമലയിൽ തങ്ങുകയാണ്. 50 ആളുകൾ ഒരുമിച്ച് ശബരിമലയിൽ പോയാൽ ഇവർക്കെല്ലാം അരവണയും അപ്പവും വാങ്ങാനായി 5 ആളുകൾ ക്യൂവിൽ നിൽക്കും. ഇത് വാങ്ങാനുള്ള കൂപ്പൺ ഇന്ത്യയുടെ പല ഭാഗങ്ങളിലുള്ള ബാങ്കുകളിൽ നിന്നും എടുത്തുകൊണ്ട് വരും. ഈ 5 ആളുകളെ കാത്ത് ബാക്കി 45 പേരും സന്നിധാനത്ത് തങ്ങുകയാണ് ചെയ്യുന്നത്. അതുപോലെ നെയ്യഭിഷേകത്തിന് കൊടുത്താൽ അതിന്റെ വഴിപാട് വാങ്ങാൻ വേണ്ടി ആയിരക്കണക്കിന് ആളുകൾ ശബരിമലയിൽ തങ്ങുകയാണ്. വളരെക്കുറച്ച് സ്ഥലമുള്ള ശബരിമല സന്നിധാനത്ത് നെയ്യഭിഷേകത്തിന്റെ പ്രസാദവും അരവണയും അപ്പവും

വാങ്ങാനായി ലക്ഷക്കണക്കിന് ആളുകൾ തമ്പടിക്കുകയാണ്. അരവണയും അപ്പവും ഒരു ഫുഡ് പ്രോഡക്ടാണ്. ഹോർലിക്സും ബോൺവിറ്റയും വാങ്ങുന്നതുപോലെ എക്സ്പയറി ഡേറ്റിട്ട ഒരു പ്രോഡക്ടാണ്. അത് പൂജിക്കാറില്ല. ഭഗവാന്റെ മുമ്പിൽ നിവേദിച്ചശേഷം പൂജ കഴിഞ്ഞ് പുറത്തുകൊണ്ടുവന്ന് മറ്റുള്ളവർക്ക് കഴിക്കാൻ കൊടുക്കുന്നതാണ് പ്രസാദം. ശബരിമലയിലെ പ്രസാദമെന്ന് പറയുന്ന അരവണയും അപ്പവും മറ്റൊരു സ്ഥലത്തുവച്ചുണ്ടാക്കി വിളക്ക് കത്തിച്ചുവച്ച് ഒരു പൂജാരി വന്ന് അതിൽ കുറച്ച് വെള്ളം തളിക്കും. അടുത്ത പുരയിടത്തിൽവച്ച് വെള്ളം തളിച്ചതുകൊണ്ട് ഇത് പ്രസാദമായി മാറില്ല. തിരുപ്പതിയിലും മറ്റും ചെയ്യുന്നതുപോലെ ആദ്യം പതിനായിരം ലഡു കൊണ്ടുവന്ന് ഭഗവാന്റെ മുമ്പിൽ നിവേദിച്ച ശേഷം പുറത്തുകൊണ്ടുവരും. ഇപ്പുറത്ത് ഒരു പ്ലാന്റിൽ കോടിക്കണക്കിന് ലഡു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിലേയ്ക്ക് മിക്സ് ചെയ്യുകയാണ്. ഇങ്ങനെ മിക്സ് ചെയ്യുന്നതോടെ എല്ലാം പ്രസാദമായി മാറും. അതിനുപകരം ശബരിമലയിൽ ചെയ്യുന്നത്, മൂന്ന് മാസം മുമ്പ് ഡേറ്റിട്ട് തയ്യാറാക്കി വയ്ക്കുന്ന അരവണയും അപ്പവും നവംബർ, ഡിസംബർ മാസത്തിൽ നട തുറക്കുമ്പോൾ കൊടുക്കുകയാണ്. പല്ലിന് കുഴപ്പമുള്ളവർ ഇത് കടിച്ചാൽ പല്ല് അതിലിരിക്കും. അല്ലെങ്കിൽ ദന്തിസ്റ്റിനെ കാണേണ്ടിവരും. കാരണം ഇത് നെയ്യിൽ ഉണ്ടാക്കിയിട്ട് മൂന്ന് മാസം ഇരിക്കുന്നതുകൊണ്ട് പാറപോലെയാകും. ഇതൊരു പ്രോഡക്ട് എന്നതിലപ്പുറം പ്രസാദമായി കാണാൻ കഴിയില്ല.

അരവണയും അപ്പവും നിർമ്മിക്കാനും വിതരണം ചെയ്യാനുമായി ഒരു ദിവസത്തെ ഒരു ഷിഫ്റ്റിൽ 150 ആളുകൾവച്ച് മൂന്ന് ഷിഫ്റ്റ് കഴിയുമ്പോൾ ഏറ്റവും കുറഞ്ഞത് അഞ്ഞൂറോളം ആളുകൾ സന്നിധാനത്ത് തങ്ങുന്നുണ്ട്. അങ്ങനെ തങ്ങുമ്പോൾ, സമുദ്ര മലിനീകരണത്തെക്കുറിച്ചുള്ള ഒരു കണക്കുണ്ട്. അതിൽ പറയുന്നത്, നാന്നൂറോളം ആളുകൾ ഉൾക്കൊള്ളുന്ന ഒരു കപ്പൽ യാത്രചെയ്യുമ്പോൾ ആ കപ്പലിൽ നിന്ന് ഒരാഴ്ചകൊണ്ട് അഞ്ചര ലക്ഷം ലിറ്റർ മലമൂത്രവിസർജ്ജ്യമാണ് പുറന്തള്ളുന്നത് എന്നാണ്. ഒരു വർഷം 28 കോടി ലിറ്റർ മാലിന്യം തള്ളുന്നു. രണ്ടുതരം വെള്ളമാണ് കപ്പലിൽനിന്നും പുറന്തള്ളുന്നത്. ശുചിമുറികളിലും മെഡിക്കൽ ആവശ്യങ്ങൾക്കുമായി ഉപയോഗിച്ചശേഷം പുറന്തള്ളുന്ന വെള്ളമാണ് ബ്ലാക്ക് വാട്ടർ. ഇത് വളരെ അപകടകാരിയാണ്. അതിൽ ബാക്ടീരിയകളും കോളിഫോം ബാക്ടീരിയകളും വൈറസുകളും ഉൾപ്പെടെയുള്ള രോഗാണുക്കളുണ്ടാകും. പാത്രം കഴുകുന്നതിനും തുണികൾ അലക്കുന്നതിനും ഉപയോഗിച്ച് മലിനമാകുന്ന ജലമാണ് ഗ്രേ വാട്ടർ. അതിലുള്ള അലക്കുകാരം, ലോഹങ്ങൾ, എണ്ണ, ഓർഗാനിക് സംയുക്തങ്ങൾ, ഭക്ഷണപദാർത്ഥങ്ങൾ എന്നിവയെല്ലാം ആ മാലിന്യത്തിൽ വരും. ഇങ്ങനെയുള്ള ബ്ലാക്ക് വാട്ടറും ഗ്രേ വാട്ടറും ശബരിമലയിൽ വീഴുന്നുണ്ട്. അരവണയും അപ്പവും തയ്യാറാക്കി വിതരണം ചെയ്യാനായി അവിടെ തങ്ങുന്ന 450 ആളുകളുടെ ആഹാരവും അരവണയും അപ്പവും തയ്യാറാക്കാനുള്ള സാധനങ്ങളും താഴെനിന്നും ചുമക്കണം. പണ്ട് കഴുതയായിരുന്നു ചുമന്നിരുന്നത്. ഇപ്പോൾ ട്രാക്ടറാണ്. ഈ സാധനങ്ങൾ ചുമന്നുകൊണ്ടുവരുന്ന ലേബർ

ചാർജും ഈ 450 ആളുകൾക്കുള്ള താമസ സൗകര്യത്തിന്റെയും ആഹാരത്തിന്റെയും ചെലവും വരുന്നുണ്ട്. അവരുടെ മാലിന്യങ്ങൾ പുണ്യപൂങ്കാവനത്തിൽ തള്ളുകയാണ്. എന്ത് അന്യായമാണ് അവിടെ നടക്കുന്നത്? ഈ അപ്പവും അരവണയും എന്തിനാണ് അവിടെവച്ച് ഉണ്ടാക്കുന്നത്? ഇവയുണ്ടാക്കുന്ന മെഷീൻ ഇളക്കി പമ്പയിൽ കൊണ്ടുവച്ച് തയ്യാറാക്കിയശേഷം കുറച്ച് ഭഗവാന്റെ മുമ്പിൽ കൊണ്ടുപോയി പൂജിച്ചതിനു ശേഷം താഴെ അരവണ പ്ലാന്റിൽ ഉല്പാദിപ്പിക്കുന്ന അരവണയുമായി മിക്സ് ചെയ്ത് ടിന്നിൽ അടച്ചുകൊടുക്കണം. വാങ്ങണമെന്നുള്ളവർ താഴെ വന്ന് വാങ്ങട്ടെ. നെയ്യഭിഷേകത്തിന് കൊടുത്തിട്ട് ആളുകൾ അവിടെ തങ്ങുകയാണ്. നെയ്യഭിഷേകത്തിന് കൊടുക്കുന്ന നെയ് ടിന്നിലടച്ച് രസീതുള്ള അയ്യപ്പന്മാർക്കെല്ലാം ചന്ദ്രാനന്ദൻ റോഡ് ഇറങ്ങുന്ന ഭാഗത്തുവച്ച് വിതരണം ചെയ്യണം. അവർ അതും വാങ്ങി താഴോട്ട് വരും. സന്നിധാനത്ത് നിന്ന് കറങ്ങേണ്ട കാര്യമില്ല. വൃദ്ധരേയും സ്ത്രീകളേയും അംഗവൈകല്യമുള്ളവരേയും കുഞ്ഞുങ്ങളേയും ആവശ്യമുണ്ടെങ്കിൽ നടപ്പന്തലിൽ നിൽക്കാൻ അനുവദിക്കണം. ഒരു അയ്യപ്പൻ ശബരിമലയിലെത്തിയാൽ അര മണിക്കൂർ കൊണ്ട് പടി ചവിട്ടി തൊഴുത് അവിടെനിന്നും മാളികപ്പുറത്തേയ്ക്കുപോയി വാവര് സ്വാമിയെ തൊഴുത് താഴെ വന്ന് നെയ്യഭിഷേകത്തിനുള്ള നെയ്യും ഒഴിച്ച് പുറത്തേയ്ക്ക് പോകാനുള്ള സൗകര്യം ചെയ്യണം. മാത്രമല്ല, ഭഗവാനെ ഒരു സെക്കന്റ് കാണുന്നതിന് പകരം ഗുരുവായൂരിലും തിരുപ്പതിയിലും ആറ്റുകാലിലും ചെയ്യുന്നതുപോലെ ഭഗവാനെ നേരിട്ട് കാണാൻ അനുവാദം നൽകണം. സൈഡിൽക്കൂടി പോകാൻ അനുവദിക്കരുത്.

ശ്രീ. പി. സി. ജോർജ് : സർ, അതിന് കോടതി ഇടപെടണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, കോടതി ഇടപെടേണ്ട കാര്യമില്ല. സത്യസന്ധമായ കാര്യം പറഞ്ഞാൽ കോടതിയൊന്നും ഇടപെടില്ല. ഒരു അയ്യപ്പൻ സന്നിധാനത്ത് എത്തിയാൽ രണ്ട് മിനിട്ട് ഭഗവാനെ കാണാൻ കഴിയണം. ഗുരുവായൂരിലും തിരുപ്പതിയിലും നേരെയാണ് ചെല്ലുന്നത്. എല്ലാ അമ്പലങ്ങളിലും കൊടി മരം കഴിഞ്ഞ് ശ്രീകോവിലിന്റെ അടുത്തേയ്ക്ക് നേരെയാണ് ചെല്ലുന്നത്. ശബരിമലയിൽ ആരോ നടപ്പിലാക്കിയ ഒരു പരിഷ്കാരത്തിന്റെ ഫലമായി ഒരു സെക്കന്റുപോലും ഭഗവാനെ തൊഴാൻ കഴിയാതെ അയ്യപ്പന്മാർ വിഷമിക്കുകയാണ്. അതുകൊണ്ട് തിരുപ്പതിയിലൊക്കെ ചെയ്തിട്ടുള്ളതുപോലെ ആളുകൾ വീഴാതിരിക്കാൻ തടികൊണ്ട് റാംപുണ്ടാക്കി ശ്രീകോവിലിന് മുന്നിലൂടെ തന്നെ അയ്യപ്പന്മാരെ കടത്തിവിട്ട് ഭഗവാനെ തൊഴുത്, പാലത്തിലൂടെ മാളികപ്പുറത്തേയ്ക്ക് പോകുന്ന വഴിക്ക് പ്രസാദത്തിനുള്ള നെയ്യും ഒഴിച്ചുവയ്ക്കാനുള്ള സൗകര്യമൊരുക്കണം. അങ്ങനെ നെയ് ഒഴിച്ചുവച്ചാൽ അത് ശേഖരിച്ച് മുഴുവൻ നെയ്യും അഭിഷേകം ചെയ്ത് ചെറിയ ടിന്നുകളിലാക്കണം. നെയ്യഭിഷേകത്തിന് കൊടുക്കുന്നതിന്റെ ഒരംശം മാത്രമാണ് പ്രസാദമായി വീടുകളിൽ കൊണ്ടുവയ്ക്കുകയും കഴിക്കുകയും ചെയ്യുന്നത്. ഒരു

ദിവസം ഒന്നര ലക്ഷം ലിറ്റർ കക്കൂസ് മാലിന്യങ്ങളും തുണി അലക്കുന്ന മാലിന്യങ്ങളും ഭക്ഷണ മാലിന്യങ്ങളുമെല്ലാം ശബരിമലയിൽ അടിഞ്ഞുകൂടുകയാണ്. ശബരിമലയ്ക്കുവേണ്ടി കുറച്ച് സ്ഥലമേ വനം വകുപ്പ് നൽകിയിട്ടുള്ളൂ. അവിടെ എൻക്രോച്ച്മെന്റിന്റെ തർക്കവും വനം വകുപ്പിനെ കൊണ്ടുള്ള ശല്യവുമെല്ലാം ഒഴിവാക്കാം. വനം വകുപ്പ് നൽകിയ സ്ഥലത്തിന്റെ കണക്കുവച്ച് അവർ അവിടെ ഫെൻസിംഗ് സ്ഥാപിക്കട്ടെ. പോക്കറ്റടിക്കാർ, മാലപൊട്ടിക്കുന്നവർ ഇവരെല്ലാം ഓടിക്കയറുന്നത് കാട്ടിലേയ്ക്കാണ്. അത് തടയാൻ ഒരു ഫെൻസിംഗ് നിർമ്മിച്ചാൽ സന്നിധാനം പുണ്യപൂങ്കാവനമായി നിൽക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു പുതിയ കമ്മിറ്റിയെ നിയമിച്ചിരുന്നു. ഈ വിഷയങ്ങൾ ആ കമ്മിറ്റിയുടെ മുന്നിൽ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി അവസരം നൽകണം. മാത്രമല്ല, അങ്ങുതന്നെ ഇതിനൊരു ചർച്ച വിളിക്കണം. ഞാൻ ഇതിന്റെ വിശദമായ ഒരു രൂപരേഖ തയ്യാറാക്കി അങ്ങേയ്ക്ക് സമർപ്പിക്കാം. അത് ഗവൺമെന്റ് സ്വീകരിക്കണം. ഭക്തജനങ്ങൾക്ക് കൂടുതൽ സമയം അയ്യപ്പനെ കാണാനും തിക്കും തിരക്കും ഒഴിവാക്കാനും ഇരുപതും മുപ്പതും മണിക്കൂർ കാത്തുനിൽക്കാതെ സന്നിധാനത്ത് എത്താനും വൻതോതിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് അവസാനിപ്പിക്കാനുമുള്ള നടപടി എത്രയും വേഗം സ്വീകരിക്കണമെന്ന വളരെ പ്രധാനപ്പെട്ട വിഷയം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ശബരിമല തീർത്ഥാടനകാലത്ത് ഭക്തജനങ്ങളുടെ അഭൂതപൂർവ്വമായ തിരക്ക് അനുഭവപ്പെടുന്നുണ്ടെന്ന് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. എന്നാൽ ശബരിമലയിൽ എത്തുന്ന ഭക്തർക്ക് ദർശനം ലഭിച്ചിട്ടില്ലായെന്നുള്ള പരാതി ഇതുവരെ ഉയർന്നുവന്നിട്ടില്ല. ഏറ്റവും കൂടുതൽ ഭക്തജനത്തിരക്ക് അനുഭവപ്പെടുന്നത് മണ്ഡല-മകരവിളക്ക്, വിഷു നാളുകളിലാണ്. ആ സമയത്ത് എത്തിച്ചേരുന്ന എല്ലാ ഭക്തർക്കും ദർശനം ലഭിക്കത്തക്ക രീതിയിലുള്ള സംവിധാനമാണ് പോലീസും ദേവസ്വം ജീവനക്കാരും ഒരുക്കിയിട്ടുള്ളത്. മണ്ഡല-മകരവിളക്ക്-വിഷു കാലയളവിലും മാസപൂജയ്ക്കായി എല്ലാ മലയാള മാസം 5 ദിവസവും നടതുറന്ന് ഭക്തർക്ക് തൃപ്തികരമായ ദർശനം നടത്തുന്നതിന് സൗകര്യമൊരുക്കുന്നുണ്ട്. കഴിഞ്ഞ വർഷം പമ്പയിൽ ബഹു. മുഖ്യമന്ത്രി പങ്കെടുത്ത ഒരു അവലോകന യോഗത്തിൽ ഭക്തജനത്തിരക്കുമൂലം ദർശന സൗഭാഗ്യം കിട്ടാതിരിക്കാനിടയുള്ളതു കൊണ്ട് അതിന് ഒരു ക്രമീകരണമുണ്ടാക്കണമെന്ന് തീരുമാനിക്കുകയും തന്ത്രിയുടെ നിർദ്ദേശാനുസരണം വെളുപ്പിന് 3 മണിക്ക് നടതുറന്നാൽ ഉച്ചയ്ക്ക് 1.30-ന് അടയ്ക്കുക, വീണ്ടും 3.30-ന് നടതുറന്നാൽ രാത്രി 11 മണിക്ക് അടയ്ക്കുക, അങ്ങനെ ഒരു ദിവസം തീർത്ഥാടകർക്ക് 18 മണിക്കൂർ ദർശനസൗകര്യം ലഭിക്കത്തക്ക തരത്തിൽ 5 മണിക്കൂറിന്റെ വ്യത്യാസം വരുത്തുകയുമുണ്ടായി. കൂടാതെ മണ്ഡല-മകരവിളക്കു കാലത്ത് നട അടച്ചിരിക്കുന്ന സമയത്ത് 18-ാം പടി കയറുന്നതിനുള്ള സൗകര്യവും ഇപ്പോൾ നിലവിലുണ്ട്. അങ്ങനെ കയറുന്ന

തീർത്ഥാടകർക്ക് പിറ്റേദിവസം രാവിലെ നടതുറക്കുമ്പോൾ വടക്കേനട വഴി ദർശനസൗകര്യവും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദശലക്ഷക്കണക്കിന് തീർത്ഥാടകർ എത്തുന്ന ശബരിമലയിൽ സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളും ചേർന്ന് ഭക്തജനങ്ങൾക്ക് പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എത്രയും വേഗം ദർശനം നടത്തി തിരിച്ചുപോകാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവർക്കാവശ്യമായിട്ടുള്ള മറ്റ് സൗകര്യങ്ങളും സംവിധാനങ്ങളും ഒരുക്കുന്നതിനായി ശബരിമലയിൽ വലിയതോതിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുകയാണ്. ഏതാണ്ട് 304 കോടി രൂപയുടെ വിവിധ പ്രോജക്ടുകളാണ് ശബരിമലയുടെ വികസനാവശ്യങ്ങൾക്കുവേണ്ടി നടപ്പിലാക്കിവരുന്നത്. നിശ്ചയമായും മെമ്പർ പറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്. പ്രസാദത്തെ പ്രോഡക്ടായി കാണാൻ സാധിക്കില്ല; അത് പ്രസാദമാണ്. പമ്പയിൽവച്ച് പ്രസാദം നിർമ്മിക്കുകയാണെങ്കിൽ ഭക്തരുടെ വിശ്വാസത്തെയും താല്പര്യങ്ങളെയും ഹനിക്കുന്ന കാര്യങ്ങളായി അത് മാറും. പ്രസാദം (അപ്പം, അരവണ) സമയത്തിന് ലഭിക്കാതെ പോകുന്നതാണ് ഒരു മണ്ഡല-മകരവിളക്ക് കാലത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന വിഷയം. അതുകൊണ്ട് മൂന്നുമാസമെടുത്തില്ലെങ്കിലും ഒരുമാസത്തിനു മുമ്പുതന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടി വരുന്നുണ്ട്. പക്ഷേ കുറ്റമറ്റ രീതിയിൽതന്നെയാണ് നടക്കുന്നത്. അത് ശബരിമലയിൽ നിന്ന് മാറ്റി പമ്പയിലേയ്ക്ക് കൊണ്ടുപോയാൽ ഇതിനപ്പുറം വിവാദങ്ങളായിരിക്കും ഉണ്ടാകുന്നത്. അതുകൊണ്ട് ബുദ്ധിമുട്ടില്ലാത്ത തരത്തിൽ അവിടെത്തന്നെ പ്രസാദം കൊടുക്കാൻ സാധിക്കുന്ന കാര്യങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഇതൊരു എക്സിക്യൂട്ടീവാണ്. ഗവൺമെന്റിന് ജനങ്ങളുടെ ഇഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യാൻ അവകാശവും അധികാരവുമുണ്ട്. എന്നാൽ ശബരിമലയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ടിരിക്കുകയാണ്. എന്തുകാര്യമുണ്ടെങ്കിലും കോടതിയുടെ അനുവാദം വേണം. അതിനെതിരെ അപ്പീൽ കൊടുക്കാൻ കഴിഞ്ഞില്ല. അന്നത്തെ ദേവസ്വം ബോർഡ് കട്ടുമുടിച്ചപ്പോൾ ജനങ്ങൾ പരാതികൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി വിധി വരികയും ചെയ്തു. നമ്മളാരും എതിർത്തില്ല. ഇപ്പോൾ അവിടെ കക്കാനും മുടിക്കാനും ബോർഡില്ല. ആ നിലയ്ക്ക് ഹൈക്കോടതിയുടെ ഈ ഇടപെടൽ അവസാനിപ്പിക്കുന്നതിന് സുപ്രീംകോടതിയിൽ അപ്പീൽ കൊടുക്കാനുള്ള ധാർമ്മികത അങ്ങ് പ്രകടിപ്പിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഇത് ചർച്ചയല്ല. ആ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹത്തിന് പറയാനുള്ള കാര്യം കേൾക്കുകയാണുണ്ടായത്. ആ മണ്ഡലത്തെപ്പറ്റിയുള്ള കാര്യവും വരുന്നുണ്ട്. അദ്ദേഹം പറഞ്ഞ കാര്യം ഗൗരവത്തോടുകൂടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ശ്രീ. ടി. കെ. എ. നായർ അദ്ധ്യക്ഷനായ ഒരു ഉപദേശക സമിതി ഇപ്പോൾ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ യോഗം

അടിയന്തരമായി ചേർന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ അടക്കമുള്ള അംഗങ്ങളുടെ അഭിപ്രായങ്ങൾ മാനിച്ചുകൊണ്ട് യുക്തമായ തീരുമാനങ്ങളെടുക്കാം. ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച ആശങ്ക ഉൾക്കൊണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ തന്നെയാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, അങ്ങ് ചെയ്ത കാര്യങ്ങൾ കുറവാണെന്ന് ഞാനൊരിക്കലും പറഞ്ഞില്ല. ചെയ്തതെല്ലാം നല്ലതാണ്; കോടിക്കണക്കിന് രൂപ ചെലവാക്കുന്നുമുണ്ട്. രാവിലെ കിഴക്കുവശത്തുകൂടി കയറി തൊഴുതവർക്ക് പിറ്റേദിവസം വടക്കുവശത്തുകൂടി കയറാൻ അവസരം കൊടുക്കുന്നില്ലായെന്ന് അങ്ങ് തന്നെ ചോദ്യോത്തര വേളയിൽ പറഞ്ഞു. അത്രയും ആളുകൾ ആ ദിവസങ്ങളിൽ രാത്രി അവിടെ തങ്ങുന്നുണ്ട്. ഓരോ മണിക്കൂർ തങ്ങുമ്പോഴും അവരുടെ മാലിന്യങ്ങൾ കൂടിക്കൊണ്ടിരിക്കുകയാണ്. മാലിന്യങ്ങൾ തള്ളാൻ പറ്റിയ സ്ഥലമല്ല, പുണ്യപൂങ്കാവനമായ സന്നിധാനം എന്ന് ഞാൻ വിശ്വസിക്കുകയാണ്. പണ്ടുകാലത്ത് അവിടെ അധികം ആളുകളൊന്നും വരില്ലായിരുന്നു. ഇന്ന് ലക്ഷക്കണക്കിന് ആൾക്കാർ വരുന്നതിനാൽ വിസർജ്ജ്യ മാലിന്യങ്ങളും ഭക്ഷണ മാലിന്യങ്ങളും അവിടെ കുന്നുകൂടുകയാണ്. അങ്ങ് താഴെവച്ച് പ്രസാദം തയ്യാറാക്കുന്നത് ശരിയല്ലായെന്ന് പറഞ്ഞു. അത് ആചാര ലംഘനമല്ല; ഞാൻ മറ്റ് ആചാരങ്ങളിലേയ്ക്ക് കടന്നതല്ല. പ്രസാദമാക്കി മാറ്റണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഞാനൊരു വിശ്വാസിയാണ്, കുഞ്ഞുകാലം മുതൽ കണ്ടിട്ടുള്ള എല്ലാ അമ്പലങ്ങളിലും പ്രസാദമെന്നു പറഞ്ഞാൽ നിവേദിക്കുന്ന സാധനമാണ്. ഉദ്യോഗസ്ഥർ എഴുതിത്തരുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഒരു വിശ്വാസിയല്ലേ? വേണമെങ്കിൽ ഞാൻ അങ്ങയെ ബോധ്യപ്പെടുത്തുകയും തന്ത്രിയുമായി സംസാരിക്കുകയും ചെയ്യാം. പ്രോഡക്ട് എന്ന് ഞാൻ കളിയാക്കി പറഞ്ഞതല്ല, ടിന്നിലടച്ച് ഡേറ്റുവച്ച് കൊടുക്കുന്നതുകൊണ്ട് പറഞ്ഞതാണ്. മലിനീകരണം ഒഴിവാക്കാൻ നടപടിയെടുക്കണം. കാരണം വലിയ അപകടത്തിലേയ്ക്കാണ് നമ്മൾ പോകുന്നത്. വന്യമൃഗങ്ങളുള്ള നിബിഡമായ വനംതന്നെയാണത്. കക്കൂസ് മാലിന്യങ്ങളും തുണി നനയ്ക്കുന്ന മാലിന്യങ്ങളും അവിടെ വന്നുകൂടുകയാണ്. സന്നിധാനത്ത് കഴിയുന്നതും ആളുകളുടെ എണ്ണം കുറയ്ക്കാനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം. ചുമക്കുന്ന പൈസ കുറച്ച് കൊടുത്താൽ അപ്പം, അരവണ എന്നിവയ്ക്ക് ഒരു രൂപ കുറച്ചുകൊടുക്കാനും ആ ഒരു രൂപകൊണ്ട് ദേവസ്വം ബോർഡിന് കോടിക്കണക്കിന് രൂപ ലാഭമുണ്ടാക്കാനും കഴിയും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ശബരിമലയിൽ മലിനീകരണ നിയന്ത്രണ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നുണ്ട്. അത് അവസാന ഘട്ടത്തിലാണ്. അതുകൂടി പൂർത്തീകരിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉയർത്തിയ ആശങ്കയ്ക്ക് പരിഹാരം കാണാൻ സാധിക്കുമെന്നാണ് തോന്നുന്നത്. ഏതായാലും ഇക്കാര്യങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കാം.

## (2) വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ

ശ്രീ. മോൻസ് ജോസഫ് : സർ, വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള വിവിധ സർക്കാർ പദ്ധതികൾ ന്യൂനതകൾ പരിഹരിച്ച് നടപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. നൂറ്റാണ്ടുകൾക്കു മുമ്പ് മുതൽ പ്രപഞ്ചത്തിന്റെയും മനുഷ്യരാശിയുടെയുമെല്ലാം ആവശ്യങ്ങൾക്കുവേണ്ടി പ്രതിഫലേച്ഛ കൂടാതെ പ്രത്യക്ഷമായും പരോക്ഷമായും അഹോരാത്രം കഠിനാധ്വാനം ചെയ്ത് ഭാരതത്തിന് നിരവധി നിർമ്മിതികൾ സംഭാവന നൽകിയ വിശ്വകർമ്മ വിഭാഗത്തിന്റെ സാമൂഹ്യ പിന്നോക്കാവസ്ഥയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിയമസഭയിൽ പലപ്രാവശ്യം ചർച്ച ചെയ്തിട്ടുണ്ട്. ജനസംഖ്യയുടെ പത്ത് ശതമാനത്തിലധികം വരുന്ന അതിവിദഗ്ദ്ധ പരമ്പരാഗത തൊഴിൽ വിഭാഗമെന്ന നിലയിൽ വിശ്വകർമ്മ സമൂഹത്തിന്റെ ആവശ്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് എടുക്കുന്ന നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ സൂചിപ്പിക്കുകയുണ്ടായി. വിശ്വകർമ്മ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് വന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓരോ വകുപ്പിനോടും ഗവൺമെന്റ് റിപ്പോർട്ട് ചോദിച്ചിരിക്കുകയാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഇക്കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്ത് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെടാനുള്ളത്. കേരളത്തിൽ വിശ്വകർമ്മ സമൂഹത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ ഡോ. പി. എൻ. ശങ്കരൻ കമ്മീഷനെ നിയമിക്കുകയും പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഓരോ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇത് ഉന്നയിക്കുന്നതിന്റെ മുഖ്യമായ കാരണം കഴിഞ്ഞ ദിവസങ്ങളിൽ എല്ലാ പ്രദേശങ്ങളുടെയും പ്രാതിനിധ്യത്തോടെ ഏതാണ്ട് പതിനായിരക്കണക്കിന് വിശ്വകർമ്മ സമൂഹത്തിൽപ്പെട്ട ജനങ്ങളാണ് സെക്രട്ടേറിയറ്റ് പടിക്കലിൽ വന്ന് സമര പരിപാടികളിലേയ്ക്ക് കടന്നത്. അവർ ഉന്നയിക്കുന്ന ആവശ്യങ്ങളെ അനുഭാവപൂർവ്വം പരിഗണിക്കാനും സാമൂഹ്യനീതി ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എടുക്കുന്ന ഉത്തരവാദിത്വങ്ങളുടെ കൂടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായി ഇക്കാര്യങ്ങൾ പരിഗണിക്കാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. വിശ്വകർമ്മ സമൂഹത്തെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ കമ്മീഷൻ മുന്നോട്ടുവച്ചിരുന്നു. ചികിത്സാച്ചെലവുകൾ കൂടിവരുന്ന കാലഘട്ടത്തിൽ അസംഘടിത മേഖലയിലുള്ളവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ വിശ്വകർമ്മ സമൂഹത്തിനും കൊടുക്കാൻ കഴിയുന്ന സാധ്യതകളെ സംബന്ധിച്ച് പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകണമെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട ആവശ്യം. ന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസ പരിരക്ഷ കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള സ്കോളർഷിപ്പുകളും സഹായ പദ്ധതികളുമെല്ലാം ഇന്ന് നിലവിലുണ്ട്. പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വിശ്വകർമ്മജർക്കും ഇത് അവകാശപ്പെട്ടതാണ്. പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തി ഈ രംഗത്തുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. പരമ്പരാഗത തൊഴിൽ രംഗത്താണ് ഇവർ നിന്നിരുന്നതെങ്കിലും ഇന്നത്തെ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസൃതമായി പുത്തൻ സാങ്കേതികവിദ്യ അഭ്യസിപ്പിച്ച്, പ്രാവീണ്യവും കഴിവും പ്രാഗൽഭ്യവും തെളിയിച്ചിട്ടുള്ള ഒരു വിഭാഗമെന്ന നിലയിൽ പുതിയ സാധ്യതകൾക്കനുസരിച്ച് അവരുടെ കഴിവുകളെ വളർത്തിക്കൊണ്ടുവരുന്നതിനും അതിലൂടെ തൊഴിൽ രംഗത്ത് പുതിയ പരിഗണന കൊടുക്കുന്നതിനും ആവശ്യമായ പരിശീലനം കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ പ്രധാനമായും ഉന്നയിക്കപ്പെട്ടിരിക്കുന്നത് സാമൂഹ്യസുരക്ഷയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വകുപ്പുതലത്തിൽ നടപ്പാക്കാൻ കഴിയുന്ന കാര്യങ്ങൾ പരിശോധിച്ച് പരമാവധി വേഗത്തിൽ നടപ്പാക്കുന്നതിനും അവർക്ക് നീതിപരമായ പരിഗണന ഉറപ്പുവരുത്താനുള്ള സാഹചര്യം ഉണ്ടാക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സംസ്ഥാനത്ത് വിശ്വകർമ്മ സമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ 14-11-2012 മുതൽ പ്രവർത്തനമാരംഭിക്കുകയും 31-12-2014-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട ശിപാർശകൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ വിവിധ വകുപ്പുകളുടെ അഭിപ്രായം പരിഗണിച്ചശേഷം മാത്രമേ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കുന്നതിന് അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട മറ്റു പെൻഷനുകളൊന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് (മരം, ഇരുമ്പ്, കല്ല് ആശാരിമാർ, സ്വർണ്ണപ്പണിക്കാർ, മൂശാരികൾ എന്നിവർക്ക്) 29-8-2013-ലെ ഉത്തരവ് പ്രകാരം 500 രൂപയായിരുന്നു പെൻഷൻ അനുവദിച്ചിരുന്നത്. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പെൻഷന് അർഹരായ 1694 പേരുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മറ്റ് സുരക്ഷാ പെൻഷനുകൾ കൈപ്പറ്റാത്തതും എല്ലാ സാക്ഷ്യപത്രങ്ങളും ഹാജരാക്കിയതുമായ 493 പേർക്ക് പിന്നോക്ക വിഭാഗ വികസനവകുപ്പ് മുഖേന പെൻഷൻ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ

സബ്മിഷൻ കിട്ടിയതിനുശേഷം 23-1-2018-ലെ ഉത്തരവുപ്രകാരം 500 രൂപയെന്നത് 1100 രൂപയാക്കിയും വാർഷിക വരുമാന പരിധി 50,000 രൂപയായിരുന്നത് 1,00,000 രൂപയാക്കിയും വർദ്ധിപ്പിച്ചിട്ടുണ്ട്. ഉദ്യോഗ നിയമനങ്ങളിൽ ക്ലാസ് ഫോർ തസ്തികയിൽ 2 ശതമാനവും ഇതര തസ്തികകളിൽ 3 ശതമാനവും സംവരണം വിശ്വകർമ്മ സമുദായത്തിന് നിലവിൽ അനുവദിച്ചിട്ടുണ്ട്. അത് വർദ്ധിപ്പിക്കണമെന്ന നിർദ്ദേശങ്ങളൊന്നും പൊതുവിൽ വന്നിട്ടില്ല. ഈ ശതമാനത്തിൽ നിന്നുകൊണ്ടുതന്നെ മാന്യമായിട്ടുള്ള സംവരണം അവർക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. അതുപോലെ, പിന്നോക്ക വിഭാഗ വികസനവകുപ്പ് വഴി നടപ്പിലാക്കിവരുന്ന ഒ.ബി.സി. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, പ്രീ മെട്രിക് സ്കോളർഷിപ്പ്, മത്സര പരീക്ഷകൾക്ക് ധനസഹായം അനുവദിക്കുന്ന 'എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം', വിദേശ പഠനത്തിന് ധനസഹായം അനുവദിക്കുന്ന 'ഓവർസീസ് സ്കോളർഷിപ്പ്' എന്നീ പദ്ധതികൾ വിശ്വകർമ്മ വിഭാഗത്തിന് പ്രയോജനപ്പെടുത്താവുന്നതാണ്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പല ആനുകൂല്യങ്ങളും ഇത്തരം വിഭാഗക്കാർ അറിയുന്നില്ലെന്നൊരു പ്രശ്നമുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിശ്വകർമ്മ ഉൾപ്പെടെയുള്ള പരമ്പരാഗത കരകൗശല വിഭാഗങ്ങൾക്ക് പരമാവധി 25,000 രൂപ അനുവദിക്കുന്ന നൈപുണ്യ വികസനത്തിനും ആധുനിക പണിയായുധങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതിയും 2016-17 മുതൽ നടപ്പിലാക്കിവരികയാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ അനുപാതം ഒരു പ്രത്യേക ശതമാനത്തിൽ നിജപ്പെടുത്തണമെന്ന ആവശ്യം അംഗീകരിക്കാൻ കഴിയില്ല, അത് പ്രായോഗികവുമല്ല. വിശ്വകർമ്മ വിഭാഗങ്ങൾക്കുവേണ്ടി കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രധാനപ്പെട്ട തനത് പദ്ധതികൾകൂടി ഉപയോഗിക്കാം. അതിനുള്ള ശക്തമായ പ്രചരണം ഇപ്പോൾ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 6 ശതമാനം പലിശനിരക്കിൽ പരമാവധി 2 ലക്ഷം രൂപവരെ പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ, 6 ശതമാനം പലിശ നിരക്കിൽ പരമാവധി 3 ലക്ഷം രൂപവരെ തൊഴിൽ സാധ്യതയുള്ള കോഴ്സുകൾ പഠിക്കുന്നതിനായി വിദ്യാർത്ഥികൾക്കായി 'വിദ്യാശ്രീ' വായ്പ, 8 ശതമാനം പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപവരെ ഭവന നിർമ്മാണ വായ്പ, 8 ശതമാനം പലിശ നിരക്കിൽ പരമാവധി 2 ലക്ഷം രൂപവരെ വിദേശത്ത് ജോലിതേടി പോകുന്നവർക്കുള്ള വായ്പ, 9 ശതമാനം പലിശ നിരക്കിൽ പരമാവധി 6 ലക്ഷം രൂപവരെ വാഹന വായ്പ, 10 ശതമാനം പലിശ നിരക്കിൽ പരമാവധി 5 ലക്ഷം രൂപവരെ 'സ്വസ്ഥഗൃഹ' എന്ന പേരിൽ ഭവന പുനരുദ്ധാരണ വായ്പ എന്നിങ്ങനെ വിവിധ വായ്പകൾ ഉണ്ടെങ്കിലും അപേക്ഷകർ വളരെ കുറവാണ്. അതുപോലെ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ വഴി നമ്മുടെ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുമുണ്ട്. സി.ഡി.എസ്. മുഖേന 4 ശതമാനം പലിശ നിരക്കിൽ 'മഹിളാ സമൃദ്ധി യോജന' എന്ന പേരിൽ വനിതകൾക്കുള്ള പ്രത്യേക പദ്ധതികൾക്ക് പരമാവധി ഒരു കോടി രൂപയും സ്വയം സഹായ സംഘങ്ങൾക്ക് പരമാവധി 5 ലക്ഷം രൂപയും നൽകുകയാണ്. കഴിഞ്ഞ പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ട ഏതാണ്ട് 245 പഞ്ചായത്തുകളിൽ സി.ഡി.എസ്.കൾക്ക് ഒരു കോടി രൂപ വീതം നൽകി.

അതിനൊക്കെ നല്ല ഡിമാന്റാണുള്ളത്. ഇപ്പോൾ അതിൽ വിശ്വകർമ്മ വിഭാഗത്തിൽ നിന്നും ആളുകൾ വരുന്നുണ്ട്. മൂന്നര ശതമാനം പലിശ നിരക്കിൽ പെൺകുട്ടികൾക്കും 4 ശതമാനം പലിശ നിരക്കിൽ ആൺകുട്ടികൾക്കും പരമാവധി 20 ലക്ഷം രൂപ വരെ വിദേശത്ത് പഠിക്കുന്നതിനും 10 ലക്ഷം രൂപവരെ ഇന്ത്യയിൽ പഠിക്കുന്നതിനും വിദ്യാഭ്യാസ വായ്പ നൽകിവരുന്നുണ്ട്. കൂടാതെ പ്രവാസ ജീവിതത്തിനുശേഷം നാട്ടിൽ മടങ്ങിയെത്തുന്നവർക്കു വേണ്ടി കഴിഞ്ഞ വർഷം രൂപം കൊടുത്ത 'റിട്ടേൺ' പദ്ധതിക്ക് നോർക്ക റൂട്ട്സിന്റെ സഹായത്തോടുകൂടി വെറും 3 ശതമാനം പലിശ നിരക്കിൽ പരമാവധി 20 ലക്ഷം രൂപ വായ്പ നൽകുന്നുണ്ട്. 20 ലക്ഷം രൂപ വായ്പ എടുത്താൽ 17 ലക്ഷം രൂപ മാത്രം തിരിച്ചടച്ചാൽ മതിയാകും. 3 ലക്ഷം രൂപ വായ്പയെടുക്കുന്നവർക്ക് കിട്ടും. 5 ശതമാനം പലിശ നിരക്കിൽ ഒരു ലക്ഷം രൂപ വരെ 'ന്യൂ സ്വർണ്ണിമ' എന്ന പേരിൽ വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പയുണ്ട്. 8 ശതമാനം പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പയുണ്ട്. 5 ശതമാനം പലിശ നിരക്കിൽ തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തമാക്കുന്നതിന് ലഘുവായ്പ നൽകുന്നുണ്ട്. സർക്കാരിതര ഏജൻസികൾക്ക് പരിധിയില്ല, സി.ഡി.എസ്-ന് ഒരു കോടി രൂപയുണ്ട്. വിശ്വകർമ്മ വിഭാഗത്തെ ഇ.എസ്.ഐ. പെൻഷൻ പദ്ധതിയിൽപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. അത് സംബന്ധിച്ച് ആലോചിക്കാം. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികളും തൊഴിൽ രംഗത്തെ നൈപുണ്യ പദ്ധതിയും സാമൂഹ്യ സുരക്ഷാ പദ്ധതികളും ആരംഭിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ കൊണ്ടുവന്ന ഈ സബ്മിഷൻ വളരെ ഉചിതമാണ്. പരമാവധി സഹായങ്ങൾ ഈ വിഭാഗത്തിനുവേണ്ടി ഗവൺമെന്റ് ചെയ്തിട്ടുണ്ട്.

11.00 AM]

ശ്രീ. മോൻസ് ജോസഫ് : സർ, ഇക്കാര്യത്തിൽ നീതിപൂർവ്വമായ ഒരു പരിശോധന നടത്താനും സാധ്യമായ നടപടികൾ സ്വീകരിക്കുവാനും തയ്യാറായ ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. വർഷങ്ങളായി ഉന്നയിച്ചുവന്ന, പെൻഷന്റെ വാർഷിക വരുമാന പരിധി അൻപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം അംഗീകരിച്ചത് സന്തോഷകരമാണ്. മുൻ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട കെ. എം. മാണിസാറാണ് ആദ്യമായി വിശ്വകർമ്മ വിഭാഗത്തിന് പെൻഷൻ പദ്ധതി പ്രഖ്യാപിച്ചത്. 500 രൂപയാണ് ആദ്യം അനുവദിച്ചത്, അത് ഇപ്പോൾ 1100 രൂപയാക്കി വർദ്ധിപ്പിച്ചതും ഉചിതമാണ്. വരുമാനപരിധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചതിനെത്തുടർന്ന് അർഹതപ്പെട്ടവർക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസരം കൂടി നൽകണം. പെൻഷന്റെ കാര്യത്തിൽ അർഹതപ്പെട്ട കുറേപേർ ഒഴിവാക്കപ്പെട്ടുവെന്ന ആക്ഷേപമുണ്ടായിരുന്നു. പുതിയ ഉത്തരവ് ഇറങ്ങിയ പശ്ചാത്തലത്തിൽ അർഹതപ്പെട്ട എല്ലാവർക്കും അപേക്ഷ സമർപ്പിക്കുന്നതിനും എല്ലാവർക്കും പെൻഷൻ നൽകുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, പുതിയ ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പെൻഷന് അർഹതപ്പെട്ടവർക്ക് അപേക്ഷ നൽകുന്നതിനുള്ള തീയതിയിൽ ആവശ്യാനുസരണം മാറ്റംവരുത്തുന്നതാണ്. ഏത് തീയതിവരെയെന്നുള്ളത് പിന്നീട് തീരുമാനിക്കും.

## IV. സബ്മിഷൻ

### (1) കുരീപ്പുഴ ശ്രീകുമാറിന് നേരെയുണ്ടായ ആക്രമണം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലെ താമസക്കാരൻ കൂടിയാണ് കേരളത്തിന്റെ പ്രിയപ്പെട്ട കവിയായ ശ്രീ. കുരീപ്പുഴ ശ്രീകുമാർ. ആ മണ്ഡലത്തിലെ ഇട്ടിവ പഞ്ചായത്തിൽ നടന്ന പലയോഗങ്ങളിലും അദ്ദേഹം വന്ന് പ്രസംഗിച്ചിട്ടുള്ളതാണ്. കേരളത്തിലെ ഏറ്റവും കൂടുതൽ സാംസ്കാരിക സംവാദങ്ങൾ നടക്കുന്ന ഗ്രന്ഥശാലകളുള്ള ഒരു പഞ്ചായത്ത് കൂടിയാണ് ഇട്ടിവ ഗ്രാമപഞ്ചായത്ത്. പ്രസ്തുത പഞ്ചായത്തിലെ കോട്ടുക്കൽ ജംഗ്ഷനടുത്തുള്ള കൈരളി ഗ്രന്ഥശാലയുടെ മൂന്ന് ദിവസങ്ങളായി നടക്കുന്ന പരിപാടിയുടെ സമാപന സമ്മേളനവുമായി ബന്ധപ്പെട്ട് ഒരു യോഗത്തിൽ പങ്കെടുക്കാനാണ് ഇന്നലെ അദ്ദേഹം വന്നത്. പ്രസംഗം കഴിഞ്ഞ് വേദിയിൽ നിന്ന് ഇറങ്ങിയപ്പോൾ ഒരു കൂട്ടം ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകർ അദ്ദേഹത്തെ തടയുകയും ചീത്തവിളിക്കുകയും ചെയ്തു. ശാരീരിക ആക്രമണം നടത്താതിരുന്നത് അവിടെയുള്ള ഇടതുപക്ഷ പ്രവർത്തകരുടെയും വായനശാലാ പ്രവർത്തകരുടെയും സമയോചിതമായ ഇടപെടൽ കൊണ്ടാണ്. കടയ്ക്കൽ പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ വരുന്നതാണ് ഈ സ്ഥലം. ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സ്റ്റേഷനിൽ ഒരു കേസ്സുണ്ട്. മറ്റെവിടെയും അഭിപ്രായ സ്വാതന്ത്ര്യത്തിന് അതിരുകളുണ്ടെങ്കിലും കേരളത്തിൽ, നമ്മുടെ സമൂഹത്തിൽ, അതില്ലെന്നാണ് ഇതുവരെയും കരുതിയിരുന്നത്. എം.ടി.-യുടെ പേരിൽ ചില ആക്രമണങ്ങളുണ്ടായപ്പോൾ നമുക്ക് ആശങ്കയുണ്ടായെങ്കിലും ഗോവിന്ദ് പൻസാരെയും ദബോൽക്കറും ഗൗരി ലങ്കേഷും ഉൾപ്പെടെ രാജ്യത്ത് ധാരാളം പേർ, സിനിമയുടെ പേരിലും പശുവിന്റെ പേരിലുമുള്ള വിവാദങ്ങളിൽ വധിക്കപ്പെടുമ്പോഴും നമ്മൾ അതിലൊന്നും ഉൾപ്പെടാതെ, വെളിച്ചമുള്ള നവോത്ഥാനം കഴിഞ്ഞ, സ്വതന്ത്ര സമൂഹമായി, സ്വതന്ത്ര ചിന്തയ്ക്കും അഭിപ്രായത്തിനും തടസ്സമില്ലാതെ നിലനിൽക്കാൻ സാധിക്കുമെന്നാണ് വിചാരിച്ചിരുന്നത്. അതിനാണ് ഭീഷണി വന്നിരിക്കുന്നത്. കുരീപ്പുഴ ശ്രീകുമാറിനെപ്പോലെ പ്രിയപ്പെട്ട ഒരു കവിക്ക്, അദ്ദേഹത്തിന്റെ കവിതയിലൂടെയും പ്രഭാഷണങ്ങളിലൂടെയും സ്വതന്ത്രമായ അഭിപ്രായങ്ങൾ ഉന്നയിക്കാൻ സാധിക്കാത്ത വിധത്തിൽ വർഗ്ഗീയശക്തികളും ഫാസിസ്റ്റ് അഭിപ്രായങ്ങൾ കൊണ്ടുനടക്കുന്നവരും ഭീഷണിപ്പെടുത്തുമ്പോൾ കേരളം വളർന്നുവന്ന സാഹചര്യങ്ങളെ അ ടിച്ചമർത്താനും തകർക്കാനുമുള്ള ശക്തികൾ ഇവിടെയും രൂപപ്പെട്ടു വരുന്നതായി കാണാൻ

സാധിക്കും. ഇതിന്റെ ഗൗരവം ഉൾക്കൊണ്ട് ഇതുമായി ബന്ധപ്പെട്ട് എടുത്ത കേസ്സിന്റെ കാര്യങ്ങൾ അങ്ങ് നേരിട്ട് പരിശോധിച്ച് ആവശ്യമായ നടപടികളെടുക്കണം. കുരീപ്പുഴ ശ്രീകുമാറിനെയോ എം.ടി.-യെ പോലെയോ ഉള്ളവരുടെ അഭിപ്രായ സ്വാതന്ത്ര്യത്തിനും വാക്കുകൾക്കും വിലങ്ങ് വീഴ്ത്താതിരിക്കാൻ, സ്വാതന്ത്ര്യ ചിന്ത അവസാനിക്കാതിരിക്കാൻ, ഈ കേരളം വളർത്തിയെടുത്ത നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ നടപടികളെടുക്കേണ്ടത് അത്യാവശ്യമാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു. ഞാൻ ഇന്നുരാവിലെ ശ്രീ. കുരീപ്പുഴ ശ്രീകുമാറുമായും അവിടത്തെ വായനശാലാ പ്രവർത്തകരുമായും ഈ വിഷയത്തിൽ ഇടപെട്ട ആളുകളുമായും സംസാരിച്ചു. എല്ലാവർക്കും ആശങ്കയുണ്ട്. അങ്ങയുടെ കൃത്യവും ശാസ്ത്രീയവുമായ ഇടപെടലുകൾ ഇക്കാര്യത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, ചിതറയ്ക്കടുത്തു വച്ച് ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെതിരായി ഉണ്ടായ അക്രമം അങ്ങേയറ്റം ദൗർഭാഗ്യകരമാണ്. എല്ലാവരും ഒത്തുചേർന്ന് അപലപിക്കേണ്ടതാണ്. കേരളത്തിൽ സ്വതന്ത്രമായി അഭിപ്രായം നടത്തുന്ന സാഹിത്യകാരന്മാർക്ക് നേരെ ഇതുപോലുള്ള അക്രമങ്ങൾ ഉണ്ടാകാറില്ല. ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും നേതൃത്വത്തിലാണ് ഇന്നലെ ഈ അക്രമമുണ്ടായത് എന്നാണ് മാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. അതിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ കർശന നടപടി സ്വീകരിക്കണമെന്ന ശ്രീ. മുല്ലക്കര രത്നാകരന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, അതീവ ഗൗരവമായ പ്രശ്നം തന്നെയാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇന്നലെ രാത്രി ഒൻപത് മണിയോടെ കടയ്ക്കൽ, കോട്ടുക്കൽ എന്ന സ്ഥലത്ത് കൈരളി ഗ്രന്ഥശാലയുടെ സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം കഴിഞ്ഞ് പോയ പ്രശസ്ത കവി ശ്രീ. കുരീപ്പുഴ ശ്രീകുമാറിനെ പഞ്ചായത്ത് മെമ്പർ ദീപുവിന്റെ നേതൃത്വത്തിൽ പതിനഞ്ചോളം ബി.ജെ.പി.-ആർ.എസ്.എസ്. പ്രവർത്തകർ വാഹനം തടഞ്ഞുനിർത്തി ഭീഷണിപ്പെടുത്തി കയ്യേറ്റശ്രമം നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ പഞ്ചായത്ത് മെമ്പർ ദീപു ഉൾപ്പെടെ ഒരു സംഘം ആൾക്കാരെ പ്രതികളാക്കി ഐ.പി.സി. 143, 147, 149, 341, 294 (B), 506 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 216/18 ആയി കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ആറുപേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിനുനേർക്ക് വർദ്ധിച്ച തോതിലുള്ള ആക്രമണങ്ങളാണ് കുറെക്കാലമായി നമ്മുടെ രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിയോജനാഭിപ്രായങ്ങളെ ഞെരിച്ചുകൊല്ലുന്ന വിധത്തിൽ ദേശവ്യാപകമായിത്തന്നെ ആക്രമണങ്ങൾ നടക്കുകയാണ്. ബഹുമാന്യനായ മുല്ലക്കര

രത്നാകരൻ ചൂണ്ടിക്കാണിച്ചതുപോലെ ഗോവിന്ദ് പൻസാരെയ്ക്കും നരേന്ദ്ര ദബോൽക്കറിനും എം.എം. കൽബുർഗിക്കും ഗൗരി ലങ്കേഷിനുമൊക്കെ ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നത് ഈ വിധത്തിലുള്ള വർഗ്ഗീയതയുടെയും അസഹിഷ്ണുത നിറഞ്ഞ ആക്രമണത്തിന്റെയും ഫലമായിട്ടാണ്. കേരളത്തിൽത്തന്നെ എം.ടി.-യുടെയും കമലിന്റെയും എം. എം. ബഷീറിന്റെയും നേർക്ക് ഭീഷണികളുണ്ടായി. ഇത് ഒരു തരത്തിലും അനുവദിക്കുന്ന പ്രശ്നമില്ല. അഭിപ്രായ സ്വാതന്ത്ര്യത്തിന് സർവ്വ സംരക്ഷണവും നൽകുമെന്ന കാര്യത്തിൽ ഒരു സംശയവുമുണ്ടാകേണ്ടതില്ല. അഭിപ്രായ സ്വാതന്ത്ര്യത്തിന് എതിരെയുണ്ടാകുന്ന ആക്രമണങ്ങളെ അതിശക്തമായി അമർച്ച ചെയ്യുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഇത്തരം സംഭവങ്ങൾ കേരളത്തിൽ ആവർത്തിക്കാൻ ആര് ശ്രമിച്ചാലും അതിനെ കർശനമായി തന്നെ സർക്കാർ നേരിടും. അഭിപ്രായ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം രാജ്യവ്യാപകമായി നടക്കുമ്പോഴും നമ്മുടെ സംസ്ഥാനം ഒരു പച്ച തുരുത്തായി നിലനിൽക്കുന്നത് ഇവിടത്തെ പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ശക്തികൊണ്ടുകൂടിയാണ്. ആ ശക്തിയുടെ തണലിൽ തന്നെ അഭിപ്രായ സ്വാതന്ത്ര്യ സംരക്ഷണത്തിനായി സർക്കാർ മുന്നോട്ട് പോകുകതന്നെ ചെയ്യും. ജനാധിപത്യത്തെയും മതനിരപേക്ഷതയേയും മാനിക്കുന്ന പ്രബുദ്ധമായ കേരള ജനത സർക്കാരിനൊപ്പം ഇക്കാര്യത്തിൽ നിൽക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്തരത്തിൽ നമുക്ക് മുന്നോട്ട് പോകാം.

## (2) കുട്ടികളെ തട്ടിക്കൊണ്ടുപോകൽ

ഡോ. എം. കെ. മുനീർ : സർ, "കുട്ടികൾ ഉണ്ടാക്കുന്ന കലപില ശബ്ദമാണ് ഏറ്റവും അസഹിഷ്ണീയമായത്. എന്നാൽ അവർ ഇല്ലാത്ത നേരത്തുണ്ടാകുന്ന നിശബ്ദതയാണ് അതിനേക്കാൾ ദുഃഖകരം" എന്ന് ബ്രോക്കൺ എംപയർ എന്ന നോവലിന്റെ രചയിതാവായ മാർക് ലോറൻസ് പറയുകയുണ്ടായി. എത്രയോ വീടുകളിൽ കുഞ്ഞുങ്ങളില്ലാത്തതിന്റെ നിശബ്ദത അനുഭവിക്കുന്ന അമ്മമാരുടെ കഥയാണ് ലോകത്ത് മുഴുവൻ നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. പക്ഷേ പതുക്കെ പതുക്കെ നമ്മുടെ സംസ്ഥാനത്തേയ്ക്കും അത് കടന്നുവരുന്നു. 2017-ൽ ഏകദേശം 738 കുട്ടികളെ കാണാതായി. അതിൽ 648 കുട്ടികൾ തിരിച്ചുവന്നുവെന്നാണ് പോലീസ് പറയുന്നത്. പക്ഷേ ശേഷിക്കുന്ന 90 കുട്ടികളെ ഇപ്പോഴും കണ്ടെത്താനായിട്ടില്ല. ദിവസം മൂന്ന് കുട്ടികൾ എന്ന നിലയ്ക്ക് കാണാതാവുകയാണ്. ആലപ്പുഴ പൂച്ചാക്കലിൽ ഒരു കൊച്ചുകുട്ടിയെ കളിപ്പാട്ടങ്ങൾ കാണിച്ച് തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച ചിന്നപ്പ എന്ന ആന്ധ്ര സ്വദേശിയെ പിടികൂടി. അദ്ദേഹത്തിന്റെ സഞ്ചിയിൽ നിന്നും ബേക്കറി പലഹാരങ്ങൾ, കളിപ്പാട്ടം, കത്തി, ബ്ലേഡ്, ഐസ്ക്രീമിന്റെ ഒഴിഞ്ഞ ബോളുകൾ എന്നിവ കണ്ടെത്തി.

കക്കോടിയിൽ അപർണ്ണ എന്ന സ്ത്രീ ഒക്കത്തുവച്ചിരുന്ന ഒന്നരവയസ്സുള്ള കുട്ടിയെ അടുക്കളയിൽ കയറി പിടിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ സമയോചിതമായി, സംയമനത്തോടെ കൈകാര്യം ചെയ്യാൻ അമ്മയ്ക്ക് സാധിച്ചതുകൊണ്ട് രക്ഷപ്പെടുകയാണുണ്ടായത്. ഇത്തരം കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുട്ടികൾ നഷ്ടപ്പെടുന്നത് തടയുന്നതിനു വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കണം. പോലീസിൽ ഒരു ആർ.എഫ്.ഐ.ഡി. (റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ) എന്ന ടാഗ് കൊടുക്കാനുള്ള തീരുമാനം ഉണ്ടായിരുന്നു. കുട്ടികളുടെ ശരീരത്തിൽ ബന്ധിപ്പിച്ചാൽ റേഡിയോ ആക്ടീവ് ഫ്രീക്വൻസിയിലൂടെ കുട്ടി എവിടെയാണെന്ന് ട്രെയ്സ് ചെയ്യാൻ പറ്റുന്ന സംവിധാനമാണത്. ഇങ്ങനെയുള്ള ധാരാളം കാര്യങ്ങൾ നമുക്ക് ഇക്കാര്യത്തിൽ ചെയ്യാനുണ്ട്. കൊച്ചുകുട്ടികൾ നമ്മുടെ വീട്ടിലെ സന്തോഷമാണ്. മുഖ്യമന്ത്രിക്ക് പേരക്കുട്ടികളുമായിട്ടുള്ള ബന്ധം നമുക്കറിയാം. പേരക്കുട്ടികളും പിഞ്ചുകുഞ്ഞുങ്ങളും നഷ്ടപ്പെടുമ്പോൾ അച്ഛനമ്മമാരും അപ്പൂപ്പന്മാരും അനുഭവിക്കുന്ന വേദന അങ്ങേയ്ക്ക് ബോദ്ധ്യമാകുമെന്ന വിശ്വാസത്തിൽ ഇത് വളരെ ഗൗരവമായെടുത്ത്, എന്താണ് ഇക്കാര്യത്തിൽ ചെയ്യാൻ സാധിക്കുക എന്നുള്ളതിനെക്കുറിച്ചുള്ള മറുപടി അങ്ങയിൽനിന്നും പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം സഭയുടെ ശ്രദ്ധയിൽ പെടുത്തിയത്. എന്നാൽ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന മാഫിയ സംഘം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി അന്വേഷണങ്ങളിൽ തെളിഞ്ഞിട്ടില്ല. ആലപ്പുഴ പൂച്ചാക്കൽ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുട്ടിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം നടന്നിട്ടുണ്ട്. പ്രതിയായ ആന്ധ്രാപ്രദേശ് സ്വദേശിയെ കസ്റ്റഡിയിലെടുത്ത് കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കോഴിക്കോട് കക്കോടി ചെലപ്പുറത്തുണ്ടായ കാര്യം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് അങ്ങ് പറഞ്ഞ രീതിയിലാണെങ്കിലും കുട്ടിയുടെ കഴുത്തിൽ നിന്ന് മാല തട്ടിയെടുക്കാനുള്ള ശ്രമമായിരുന്നു എന്നാണ് എനിക്ക് ലഭിച്ച റിപ്പോർട്ടിൽ കാണുന്നത്. അത് ആ ഘട്ടത്തിൽ അങ്ങ് പറഞ്ഞതുപോലെ സംഭവിച്ചു. പോലീസ് കേസ്സെടുത്ത് അന്വേഷണം നടത്തിവരുന്നു. 2017-ൽ സംസ്ഥാനത്ത് കാണാതായ കുട്ടികളിൽ മഹാഭൂരിഭാഗം പേരെയും അന്വേഷണത്തിലൂടെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇനി 49 കുട്ടികളെ കണ്ടെത്താനുണ്ട്. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് 2017-ൽ പിടിയിലായ 199 പേരിൽ 188 പേരും കേരളീയരാണ്. ഭിക്ഷാടനത്തിനായോ മറ്റേതെങ്കിലും തരത്തിലുള്ള കുറ്റകൃത്യം ചെയ്യുന്നതിനു വേണ്ടിയോ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നത് തടയുന്നതിന് ക്രൈം ബ്രാഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കാണാതാകുന്ന കുട്ടികളെ ദ്രുതഗതിയിൽ കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി

കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തുടർന്നും ആവശ്യമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്. സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന തരത്തിൽ ഭയാനകമായ ഒരവസ്ഥ നിലവിലില്ല. സമൂഹമാധ്യമങ്ങളുടെ പ്രചരണത്തിന്റെ രീതി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് തോന്നുന്നത്. ഭിക്ഷാടനത്തിനായി വന്ന ഒരാളുടെ ഫോട്ടോ സമൂഹ മാധ്യമങ്ങൾ കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നയാൾ എന്ന രീതിയിൽ പ്രചരിപ്പിച്ചു. അയാൾ ആ പ്രദേശത്ത് തന്നെയുണ്ട്. മറ്റാരും ഒന്നും അറിയുന്നില്ല. സമൂഹമാധ്യമത്തിൽ ഇതുകണ്ട ആളുകൾ അയാളെ ക്രൂരമായി തല്ലിച്ചതച്ചു. യഥാർത്ഥത്തിൽ അയാൾ അങ്ങനെയുള്ളയാളല്ല, ഒരു പാവമാണെന്ന് തോന്നുന്നു, അവിടെ ഭിക്ഷാടനത്തിന് വന്നതാണ്. അത് നമ്മുടെ സമൂഹമാധ്യമങ്ങൾ ചെയ്ത് വളരെ ക്രൂരമായ നടപടിയായിപ്പോയി. എന്നാൽ അല്ലാത്ത ഒരു പ്രചരണം ചില ഘട്ടങ്ങളിൽ സമൂഹമാധ്യമങ്ങളിൽ ഉയർന്നുവരുന്നുണ്ട്. ഈ വിഷയത്തിൽ സർക്കാരും പോലീസ് സംവിധാനവും ഉണർന്ന് പ്രവർത്തിക്കുന്നുണ്ട്. അതിൽ ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും നിലവിലില്ല. കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

### (3) ദേശീയപാത

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ദേശീയപാത 766-ലും കോഴിക്കോട്-മൈസൂർ റോഡിലും മാനന്തവാടി-ബാവ്‌ലി-മൈസൂർ റോഡിലും ദേശീയപാത 181 – ഊട്ടി-ഗുഡല്ലൂർ റോഡിലും നിരവധി വർഷങ്ങളായി രാത്രിയാത്രാ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഇതുസംബന്ധിച്ച കേസ് സുപ്രീം കോടതിയിൽ വന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് അഡ്വ. ഗോപാൽ സുബ്രഹ്മണ്യത്തെ നിയമിച്ച് കേസ് വാദിക്കുകയുണ്ടായി. കേന്ദ്ര പരിസ്ഥിതി വകുപ്പുസെക്രട്ടറി ചെയർമാനായി മൂന്ന് സംസ്ഥാനങ്ങളെയും പ്രതിനിധീകരിച്ചു കൊണ്ടുള്ള അംഗങ്ങൾ ഉൾപ്പെടുന്ന കമ്മീഷനെയും നിയമിച്ചിട്ടുണ്ട്.

അതുപോലെ നഞ്ചൻകോട്-വയനാട്-നിലമ്പൂർ റെയിൽപ്പാതയുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി തലത്തിൽ ഒന്നിലേറെ തവണ ചർച്ചകൾ നടത്തുകയുണ്ടായി. ബദൽ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ആ ചർച്ചയിലെ തീരുമാനമായി നിർദ്ദേശിച്ചിരുന്നു. തുരങ്കങ്ങൾ, ഫ്ലൈ ഓവർ, ജൈവ ബ്രിഡ്ജ്, കോൺവോയ് സിസ്റ്റത്തിൽ വരുന്ന മാറ്റങ്ങൾ ഉൾപ്പെടെയുള്ള ബദൽ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥതല ചർച്ചയ്ക്കുപുറമെ മന്ത്രിമാരെയും ഉൾപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയതല ചർച്ചയ്ക്കുകൂടി വിധേയമാക്കാൻ സർക്കാർ മുൻകയ്യെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, കേരള - കർണ്ണാടക അതിർത്തിയിലെ ബന്ദിപ്പൂർ വനമേഖലയിലൂടെയുള്ള രാത്രിയാത്ര നിരോധിച്ച് ബഹുമാനപ്പെട്ട കർണാടക ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ ഫയൽ ചെയ്ത ഹർജി ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. രാത്രിയാത്രാ നിരോധനത്തിനുപകരം

പോലീസിന്റെയും വനംവകുപ്പിന്റെയും മേൽനോട്ടത്തിൽ കോൺവോയ് ആയി വാഹനങ്ങൾ കടത്തിവിടുക, നിരോധനം ഏർപ്പെടുത്തുന്നപക്ഷം നിലവിലുള്ള പാത വികസിപ്പിച്ച് പകൽ സമയത്ത് കൂടുതൽ വാഹനങ്ങൾ കടത്തിവിടുക, തൂണുകളിൽ പിടിപ്പിക്കുന്ന രീതിയിൽ ഇരട്ടവരിപ്പാതകൾ പണിയുക, വന്യജീവികൾക്ക് ഉപദ്രവമുണ്ടാകാത്തവിധം വാഹനം ഓടിക്കുന്നതിന് ഡ്രൈവർമാർക്ക് പരിശീലനം നൽകുക, ഇക്കാര്യങ്ങൾ പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദഗ്ദ്ധ സമിതിയെ നിയമിക്കുക എന്നീ ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ ഉന്നയിച്ചത്. ഈ ആവശ്യങ്ങൾകൂടി പരിഗണിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി പ്രസ്തുത കേസ്സിൽ 2018 ജനുവരി 10-ന് പുറപ്പെടുവിച്ച ഉത്തരവിൽ കേന്ദ്ര ഉപരിതല ഗതാഗത സെക്രട്ടറി അദ്ധ്യക്ഷനായി കേരള-കർണ്ണാടക-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു ഉന്നതതല സമിതിയും രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്ന് ഉപരിതല ഗതാഗത മന്ത്രാലയത്തിന് ബഹുമാനപ്പെട്ട കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഈ കമ്മിറ്റിയിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്ത് ഉത്തരവായിട്ടുണ്ട്. അതോടൊപ്പം മേൽ സംസ്ഥാനങ്ങൾ തമ്മിലുള്ള പ്രശ്നമെന്ന നിലയിൽ കർണ്ണാടകത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വിഷയം ചർച്ച ചെയ്യാനും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറി തലത്തിലും ഇക്കാര്യത്തിലുള്ള ചർച്ചകൾ നടത്തും.

നിർദ്ദിഷ്ട നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണത്തിലുള്ള തടസ്സങ്ങൾ കണക്കിലെടുത്ത് 2017 മാർച്ച് 17-ന് കർണ്ണാടക അടിസ്ഥാന സൗകര്യ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് പരിസ്ഥിതി ലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയെ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം സംയുക്തമായി പരിശോധിച്ചുവരുന്നു.

## (4) ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനം

<u>ശ്രീമതി വീണാ ജോർജ്ജ്</u> : സർ, ആറന്മുള മണ്ഡലത്തിലെ കുമ്പനാട് കഴിഞ്ഞ ദിവസം പെന്തക്കോസ്തൽ വിഭാഗമായ ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനത്തിനുനേരെ നടന്ന ആക്രമണവുമായി ബന്ധപ്പെട്ടതാണ് ഈ സബ്മിഷൻ. ഒരു കൂട്ടം ബി.ജെ.പി. പ്രവർത്തകർ കൊടികളുമായി വന്ന് ചർച്ച് ഓഫ് ഗോഡിന്റെ ആസ്ഥാനത്തുള്ള ഗേറ്റ് പൊളിച്ചെറിയുകയും ഈ കോമ്പൗണ്ടിന്റെ ഏതാണ്ട് മധ്യഭാഗത്ത് അവരുടെ കൊടി നാട്ടുകയും ചെയ്തു. ഈ കോമ്പൗണ്ടിലാണ് അവരുടെ ആരാധനാലയവും അവർ നടത്തുന്ന കോളേജും ഹോസ്റ്റലുമുള്ളത്. സമാധാനപരമായും സാഹോദര്യത്തിലും ജീവിക്കുന്ന എല്ലാ മതവിഭാഗത്തിൽപ്പെട്ടവരുമുള്ള ഒരു പ്രദേശമാണത്. അവിടെ മനഃപൂർവ്വം മതസ്പർദ്ധ

പടർത്തുകയും മതവൈര്യം വളർത്തുകയും ചെയ്തുകൊണ്ട് സമൂഹത്തെ വർഗ്ഗീയവൽക്കരിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് ബി.ജെ.പി. നടത്തുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കി വർഗ്ഗീയവൽക്കരിക്കാനുള്ള ഈ ശ്രമങ്ങളെ ശക്തമായി ചെറുക്കണമെന്നും ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഇന്ന് സബ്മിഷൻ ആരംഭിച്ചതുതന്നെ ഇതുപോലെയുള്ള ഒരു പ്രശ്നവുമായി ബന്ധപ്പെട്ടാണ്, കവിക്കുനേരെ നടന്ന ആക്രമണം. ഇവിടെ മറ്റൊരു പ്രശ്നവും വന്നിരിക്കുന്നു. പത്തനംതിട്ട കോയിപ്പുറം കുമ്പനാട് ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ (ഫുൾ ഗോസ്പൽ) ചർച്ചിന്റെ വളരെക്കാലമായി നിലനിൽക്കുന്ന ഗേറ്റ് ഫെബ്രുവരി ഒന്നിന് ഒരു സംഘം ബി.ജെ.പി. പ്രവർത്തകർ ഇളക്കിമാറ്റുകയും ബി.ജെ.പി.യുടെ കൊടി പള്ളിയുടെ തൂണിൽ കെട്ടുകയും ചെയ്ത സംഭവമുണ്ടായിട്ടുണ്ട്. ഈ കേസ്സിൽ ക്രൈം നമ്പർ 117/18 ആയി ബി.ജെ.പി. പ്രവർത്തകരായ 11 പേർക്കെതിരെ കോയിപ്പുറം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയാണ്. എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തിയിരുന്ന IPC 143, 147, 149, 153, 447, 427 വകുപ്പുകൾക്കു പുറമെ IPC 295 (A) വകുപ്പുകൂടി ഉൾപ്പെടുത്തി അന്വേഷണം നടത്തിവരുന്നു. പ്രതികളെ ഇതുവരെയും അറസ്റ്റ് ചെയ്യാത്തത് ഗൗരവമായി കാണണമെന്നും ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് കേസ് അന്വേഷണം നടത്തണമെന്നും പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥലത്ത് പോലീസ് ശക്തമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുകയും ചെയ്യും. മതസ്വാതന്ത്ര്യം ഹനിക്കുന്ന ഇത്തരം ചെയ്തികളെ ഒരു കാരണവശാലും സർക്കാർ വച്ചുപൊറുപ്പിക്കുന്നതല്ല. കുറ്റക്കാരുടെമേൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യും.

## (5) വില്ലേജ് രേഖകളിലെ അപാകത

ശ്രീ. കെ. എം. മാണി : സർ, മീനച്ചിൽ താലൂക്കിലെ പൂവരണി വില്ലേജിൽപ്പെട്ട സ്ഥലങ്ങൾ, വില്ലേജിലെ ബേസിക് ടാക്സ് രജിസ്റ്ററിൽ പുരയിടം എന്നുള്ളത്, തൊണ്ണൂറുകളിലെ റീ-സർവ്വേ കഴിഞ്ഞപ്പോൾ തോട്ടം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സർവ്വേ ഡയറക്ടറേറ്റിലെ രജിസ്റ്ററിൽ അതേ സ്ഥലം പുരയിടമെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വില്ലേജ് രജിസ്റ്ററുകളിൽ ഈ ഭൂമി തോട്ടമെന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വീട് വയ്ക്കുവാൻ നിയമപരമായി തടസ്സമില്ലെങ്കിലും വിവരണ വ്യത്യസ്തതയുടെ അടിസ്ഥാനത്തിൽ അതിന് അനുമതി നൽകുന്നതിൽ ഉദ്യോഗസ്ഥർ വിമുഖത പ്രകടിപ്പിക്കുകയാണ്. ബാങ്കിൽ ഈ സ്ഥലം ഈടുവച്ച് വായ്പയെടുക്കുന്നതിനും കഴിയുന്നില്ല. ആയതിനാൽ വില്ലേജ് രേഖകളിലെ അപാകത പരിഹരിക്കുന്നതിനും വില്ലേജ് ഓഫീസിലെ ഉദ്യോഗസ്ഥരുടെ തെറ്റായ വ്യാഖ്യാനം തിരുത്തുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ഓരോരുത്തരും വീട് വയ്ക്കുന്നതിനുള്ള അനുമതി വാങ്ങുവാൻ തിരുവനന്തപുരത്തുള്ള സർവ്വേ ഡയറക്ടറുടെ ഓഫീസിൽ വന്ന് പ്രത്യേകാനുമതി വാങ്ങേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിനാൽ വില്ലേജ് രേഖകളിൽ വന്നിട്ടുള്ള തെറ്റുകൾ തിരുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, റീ-സർവ്വേ റെക്കോർഡുകൾ തയ്യാറാക്കുമ്പോൾ ഭൂമിയുടെ തരം നിലം അല്ലെങ്കിൽ പുരയിടം എന്ന രണ്ടിനങ്ങളിൽ ഒന്ന് മാത്രമേ ഉൾപ്പെടുത്താനാവുകയുള്ളൂ. എന്നാൽ മീനച്ചിൽ താലൂക്കിലെ വിവിധ വില്ലേജുകളിൽ, പ്രത്യേകിച്ച്, കൊണ്ടൂർ, പൂവരണി, മുന്നിലവ് വില്ലേജുകളിലെ റീ-സർവ്വേ റെക്കോർഡുകൾ തയ്യാറാക്കിയപ്പോൾ മൂന്നാമതൊരു ഇനമായി തോട്ടം എന്ന് ചേർക്കാനിടയായിട്ടുള്ളതാണ്. തോട്ടമെന്ന് രേഖപ്പെടുത്തിയ പ്രസ്തുത വസ്തുവിന്റെ ഈടിന്മേൽ ലോൺ കൊടുക്കാൻ ബാങ്കുകൾ വിസ്സമ്മതിക്കുന്നതുമൂലം നിയമാനുസൃതം തിരുത്തി നൽകുന്നതിനുവേണ്ടി ധാരാളം അപേക്ഷകൾ ലഭിച്ചുവരുന്നുണ്ട്. 26-8-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം റീ-സർവ്വേ പൂർത്തിയാക്കി റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിലെ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽനടപടി സ്വീകരിക്കേണ്ട ചുമതല ഭൂരേഖ തഹസിൽദാർക്ക് ആയതിനാൽ റീ-സർവ്വേ പിശക് പരിഹരിച്ചു നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ജില്ലയിലെ എല്ലാ ഭൂരേഖാ തഹസിൽദാർമാർക്കും നിർദ്ദേശം നൽകിയിരിക്കുകയാണ്.

## (6) സേവന വേതന വ്യവസ്ഥകൾ

ശ്രീ. സി. ദിവാകരൻ: സർ, ഒരു ഗവൺമെന്റിന്റെ നാട്ടിൻപുറത്തുള്ള മുഖമാണ് വില്ലേജ് ഓഫീസുകൾ. വില്ലേജ് ഓഫീസർ ആ ഗവൺമെന്റിന്റെ പ്രതിനിധിയാണ്. കേരളത്തിൽ 1535 വില്ലേജ് ഓഫീസുകളാണുള്ളത്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലാണ് ഗവൺമെന്റ് ഏറ്റവും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. പക്ഷേ, നിർഭാഗ്യവശാൽ ഈ 1535 വില്ലേജ് ഓഫീസർമാരും ഇന്ന് കടുത്ത നിരാശയിലാണ്. ശമ്പള കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ചുള്ള ഒരു ഗ്രേഡ് പ്രൊമോഷൻ, അവരുടെ ഡെസിഗ്നേഷൻപോലും മാറ്റുന്നില്ല. സർക്കാരിന് സാമ്പത്തിക ഭാരം വരാതെ ലാന്റ് റവന്യൂ വകുപ്പിൽ വർഷങ്ങളായി പ്രൊമോഷൻ കാത്തിരിക്കുന്ന ജീവനക്കാരാണിവർ. ഇതിൽ ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ഗവൺമെന്റിന് കൊടുത്തിട്ടുണ്ട്. അത് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ഇരിക്കുകയാണ്. അവർക്ക് ശമ്പളപരിഷ്കരണമൊന്നും വേണ്ട. സാമ്പത്തിക ബാദ്ധ്യതയില്ലാത്ത ഒരു ചെറിയ കാര്യം ദയവുചെയ്ത് അനുവദിച്ചുകൊടുത്താൽ അവർ സന്തുഷ്ടരായിരിക്കും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട വിഷയമാണ്. ഇതിന്റെ അധിക ബാദ്ധ്യതകളെക്കുറിച്ചുള്ള വിവരങ്ങൾ അന്വേഷിച്ച് ഫയൽ അയച്ചിട്ടുണ്ട്, മറുപടി ലഭിക്കുമ്പോൾ അത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്. ഇതിലെ 19-1-2010-ലെ ധന. നമ്പർ സർക്കുലർ പ്രകാരം സാമ്പത്തിക അച്ചടക്കം പാലിച്ച് പദ്ധതിയിതര ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം ശമ്പളസ്കെയിലും അലവൻസും വർദ്ധിപ്പിക്കുന്നതിനും ഉയർന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിനും നൽകിയിട്ടുള്ള പരാതികളും ഭരണ വകുപ്പിന്റെ നിർദ്ദേശങ്ങളും അടുത്ത ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കുമ്പോൾ ടി കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ വെളിച്ചത്തിൽ വില്ലേജ് ഓഫീസർ തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് സമാനമായി ഉയർത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നാണ് വച്ചിരിക്കുന്നത്. പക്ഷെ, അങ്ങ് ഉന്നയിച്ച സബ്മിഷന്റെ അടിസ്ഥാനത്തിൽ ഇത് പരിശോധിക്കാം. ഇതിന് സാമ്പത്തിക ബാദ്ധ്യതകളൊന്നും ഉണ്ടാകില്ലെന്നാണ് അങ്ങ് പറയുന്നത്. പക്ഷേ പിന്നീട് സൂപ്പർവൈസറി സ്റ്റാഫ് മാത്രമേ ഉണ്ടാകുകയുള്ളൂ, താഴെത്തട്ടിൽ ഉണ്ടാകില്ലെന്നതാണ് വന്നിരിക്കുന്ന പ്രായോഗികമായ പ്രശ്നം. എന്നിരുന്നാലും അങ്ങ് പറഞ്ഞതുകൊണ്ട് പരിശോധിക്കാം.

## (7) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

ശ്രീ. പാറക്കൽ അബ്ദുല്ല : സർ, വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസം പകരാനാണ് സർക്കാർ വിദ്യാഭ്യാസ വായ്പാ കുടിശ്ശികയ്ക്ക് കടാശ്വാസം പ്രഖ്യാപിച്ചത്. 2016 മാർച്ച് വരെ വിദ്യാഭ്യാസ വായ്പയെടുത്ത് കുടിശ്ശികയായവർക്കാണ് സഹായം പ്രഖ്യാപിച്ചത്. 40 ശതമാനം തുക വിദ്യാർത്ഥികളും 60 ശതമാനം തുക സർക്കാരും നൽകും. പലിശ അതാത് ബാങ്കുകൾ കുറച്ചുകൊടുക്കുമെന്നതായിരുന്നു സ്കീം. കഴിഞ്ഞ ഡിസംബർ 31 ആയിരുന്നു അപേക്ഷിക്കാനുള്ള അവസാന തീയതി. 900 കോടി രൂപ സർക്കാർ ഈ പദ്ധതിക്കായി നീക്കിവച്ചതായാണ് അറിവ്. എന്നാൽ എസ്.ബി.ഐ.-യിൽ ലയിച്ച എസ്.ബി.ടി.-യിൽനിന്നും ലോണെടുത്ത ഏകദേശം 20000-ത്തിൽപ്പരം വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ആനുകൂല്യം കിട്ടാത്ത അതിദയനീയമായ സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ബാങ്കുകളുടെ ലയനത്തിന് മുമ്പുതന്നെ എസ്.ബി.ടി. അവരുടെ വിദ്യാഭ്യാസ വായ്പയുടെ ഒരു ഭാഗം റിലയൻസ് അസറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനിക്ക് വിറ്റിരുന്നു. അത് പിരിച്ചെടുക്കാനുള്ള അവകാശം റിലയൻസിനാണ്. അതുകൊണ്ടുതന്നെ ഈ വായ്പകൾ

സാങ്കേതികമായി ഇപ്പോൾ എസ്.ബി.ഐ.യുടേതല്ല. അപേക്ഷ സമർപ്പിക്കാൻപോലും വിദ്യാർത്ഥികൾക്കാവുന്നില്ല. ബാങ്കേഴ്സ് സമിതിയുമായാണ് സംസ്ഥാന സർക്കാരിന്റെ പദ്ധതി സംബന്ധിച്ച ധാരണ. റിലയൻസ് ഇതിന്റെ ഭാഗമല്ല. ചുരുക്കത്തിൽ ആരും ഉത്തരവാദിത്വം ഏറ്റെടുക്കാനില്ലാതെ ലോണെടുത്തവർ ഒറ്റപ്പെട്ടിരിക്കുകയാണ്. എസ്.ബി.ടി. വായ്പാ കുടിശ്ശിക പിരിക്കാൻ റിലയൻസിനെ ഏൽപ്പിച്ചതിന്റെ പേരിൽ സർക്കാർ സഹായം പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോകുന്നത് കടുത്ത നീതിനിഷേധമാണ്. ഈ സാഹചര്യത്തിൽ സർക്കാരും ബാങ്കും കുടിശ്ശിക പിരിക്കാൻ കരാറെടുത്ത ഏജൻസിയും ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിന് മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മെരിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് മാത്രമേ വിദ്യാഭ്യാസ വായ്പ ഇപ്പോൾ ലഭിക്കുന്നുള്ളൂ. പരീക്ഷ പാസ്സായി അഡ്മിഷൻ ആഗ്രഹിക്കുന്ന മുഴുവൻ കുട്ടികൾക്കും വായ്പ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ മുമ്പ് നൽകിയതും റിലയൻസ് അസറ്റ് റീ-കൺസ്ട്രക്ഷൻ കമ്പനിക്ക് കൈമാറിയതുമായ വിദ്യാഭ്യാസ വായ്പകൾ, സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താത്തതിനാലും പ്രസ്തുത കമ്പനി ഒരു ബാങ്കിംഗ് ഇതര കമ്പനിയായതിനാലും ഇങ്ങനെ കൈമാറിയ വായ്പകൾക്ക് ധനസഹായം നൽകുന്നതിന് പ്രയാസമാണ്. എങ്കിലും സർക്കാരിന് അതിൽ എന്താണ് ചെയ്യാൻ സാധിക്കുന്നതെന്ന് പരിശോധിക്കാം. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽനിന്നും മുമ്പ് വിദ്യാഭ്യാസ വായ്പയെടുത്തിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ-സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള ലയനത്തെത്തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരമുള്ള സർക്കാർ സഹായം ലഭിക്കുന്നതിന് തടസ്സമില്ല. ഇത്തരക്കാർക്ക് ധനസഹായത്തിനു വേണ്ടി പ്രസ്തുത പദ്ധതി പ്രകാരമുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഓൺലൈൻ പോർട്ടൽ വഴി സമർപ്പിക്കാവുന്നതും അർഹതപ്പെട്ട അപേക്ഷയ്ക്ക് ധനസഹായം ലഭിക്കുന്നതുമാണ്. ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകൾ മുഴുവൻ പ്രോസസ്സ് ചെയ്തതിനുശേഷം മാത്രമേ പുതിയ വിഭാഗങ്ങളെ ഇതിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

## (8) മൃതസഞ്ജീവനി പദ്ധതി

ശ്രീ. വി. എസ്. ശിവകുമാർ : സർ, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മരണാനന്തര അവയവദാന പദ്ധതിയായ മൃതസഞ്ജീവനി ഇന്ന് നിശ്ചലാവസ്ഥയിലാണ്. ഈ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇന്ന് ജീവിതശൈലീ രോഗങ്ങളുടെ കേന്ദ്രമായി മാറിയിരിക്കുന്ന നമ്മുടെ നാട്ടിൽ രോഗങ്ങൾ നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയിൽ കരൾ, വൃക്ക, ഹൃദയം,

ശ്വാസകോശം തുടങ്ങിയ പ്രധാന അവയവങ്ങളുടെ കാര്യക്ഷമത കുറഞ്ഞ് പ്രവർത്തനം പൂർണ്ണമായും നിലയ്ക്കുന്നു. ഈ രോഗികളെ അകാല മരണത്തിൽനിന്നും രക്ഷിക്കാനുള്ള ഏക മാർഗ്ഗം അവയവം മാറ്റിവയ്ക്കുക എന്നതാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം കടാവർ വഴി ലഭിക്കുന്ന അവയവങ്ങളാണ് ഇതിനുള്ള പോംവഴി. 2012 വരെ കടാവർ ട്രാൻസ്പ്ലാന്റേഷനിൽ ഒരു വ്യക്തതയില്ലായിരുന്നു. കേരളത്തിലെ ആരോഗ്യ മേഖലയിൽ ഒരു പുത്തൻ കുതിച്ചുചാട്ടമാണ് 2012-ൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ആരംഭിച്ച മൃതസഞ്ജീവനി പദ്ധതി. മസ്തിഷ്ക മരണംമൂലം മരണപ്പെടുന്ന വ്യക്തിയുടെ അവയവങ്ങൾ നഷ്ടപ്പെട്ടുപോകാതെ ആവശ്യമുള്ള രോഗികൾക്ക് നൽകി വിലപ്പെട്ട ജീവൻ രക്ഷിക്കുകയെന്നതാണ് മൃതസഞ്ജീവനി പദ്ധതിയുടെ ഉദ്ദേശ്യം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇരുന്നൂറോളം ഡോണേഴ്സിൽനിന്ന് കിഡ്നി, കരൾ, ഹൃദയം, ശ്വാസകോശം, പാൻക്രിയാസ്, ചെറുകുടൽ, കൈ, ഹൃദയവാൽവ്, കോർണിയ എന്നീ അവയവങ്ങൾ മൃതസഞ്ജീവനി വഴി മാറ്റിവയ്ക്കുകയും അറുന്നൂറിൽപ്പരം ആളുകളുടെ ജീവൻ രക്ഷിക്കുകയും ചെയ്തു. പക്ഷെ ഈ സർക്കാർ വന്നതിനുശേഷം 2017-ൽ 18 പേരാണ് അവയവങ്ങൾ ദാനം ചെയ്തത്. ഇതിന്റെ കാരണങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾക്ക് ആത്മാർത്ഥമായ പരിഹാരമുണ്ടാകണം. 2016-17 കാലഘട്ടത്തിൽ 650-ഓളം ആളുകൾ അവയവങ്ങൾ ലഭ്യമാകാത്തതുകൊണ്ട് മരണപ്പെട്ടുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്പോൾ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 1658 പേരും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി 341 പേരും ഹൃദയ ശസ്ത്രക്രിയയ്ക്കായി 30 പേരും ശ്വാസകോശ ശസ്ത്രക്രിയയ്ക്കായി 4 പേരും ചെറുകുടൽ ശസ്ത്രക്രിയയ്ക്കായി 2 പേരും കാത്തിരിക്കുകയാണ്. അതിന് അടിയന്തരമായ നടപടിയുണ്ടാകണം. അതോടൊപ്പം, മൃതസഞ്ജീവനി പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷനുവേണ്ടി ഒരു യൂണിറ്റ് 11 കോടിയോളം രൂപ മുടക്കി മുഴുവൻ എക്വിപ്മെന്റ്സും സ്ഥാപിച്ചിരുന്നെങ്കിലും അതിന്റെ പ്രവർത്തനം ഇന്ന് നടക്കുന്നില്ല. ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സിനും ട്രെയിനിംഗ് കൊടുത്തു. അവിടെ ഒരു ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ നടന്നുകഴിഞ്ഞതാണ്. പക്ഷേ ഇന്നത് അടച്ചുപൂട്ടിയിരിക്കുകയാണ്. അടിയന്തരമായി അത് തുറക്കണം. സ്വകാര്യ ആശുപത്രികളിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തണമെങ്കിൽ 20 ലക്ഷം മുതൽ 40 ലക്ഷം രൂപ വരെ കൊടുക്കണം. എന്നാൽ സർക്കാർ ആശുപത്രികളിൽ അതിന് 2 ലക്ഷം രൂപ കൊടുത്താൽ മതി. സ്വകാര്യ ലോബികളെ സഹായിക്കുന്നതിനുവേണ്ടിയാണ് ഇത് പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടുവരാത്തതെന്ന് സാമാന്യ ജനങ്ങൾ ചിന്തിക്കും. അടിയന്തരമായി കടാവർ ലിവർ ട്രാൻസ്പ്ലാന്റേഷൻ പുനരാരംഭിക്കണം. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരള സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ 2012-ൽ മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'മൃതസഞ്ജീവനി' എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 1994-ലെ Transplantation of Human Organ Act പ്രകാരമാണ് മസ്തിഷ്ക മരണാനന്തര അവയവദാനം നടത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി കേന്ദ്രമാക്കി Kerala Network of Organ Sharing എന്ന സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 'മൃതസഞ്ജീവനി' പദ്ധതിയുടെ കീഴിൽ www.knos.org.in എന്ന പേരിൽ ഒരു വെബ്സൈറ്റും നിലവിലുണ്ട്. മരണാനന്തര അവയവദാനത്തിന് തയ്യാറാകുന്നവർക്ക് വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇതുകൂടാതെ 'മൃതസഞ്ജീവനി' പദ്ധതിയുടെ ഓഫീസ് മുഖാന്തരവും അവയവദാന സമ്മതപത്രം സമർപ്പിക്കാവുന്നതാണ്. ഈ പദ്ധതി പ്രകാരം പേര് ചേർക്കപ്പെട്ട രോഗികൾക്ക് മുൻഗണനാടിസ്ഥാനത്തിലാണ് അവയവ വിന്യാസം നടപ്പിലാക്കുന്നത്. ജീവിച്ചിരിക്കുമ്പോൾ ഒരു വ്യക്തി മസ്തിഷ്ക മരണാനന്തര അവയവദാനത്തിന് സമ്മതം നൽകിയിട്ടുണ്ടെങ്കിലും ആ വ്യക്തിയുടെ മരണശേഷം അടുത്ത ബന്ധുക്കളുടെ സമ്മതത്തോടുകൂടി മാത്രമേ അവയവദാനം സാധ്യമാവുകയുള്ളൂ. മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ മരണം സംഭവിച്ച വ്യക്തിയുടെ ബന്ധുക്കളുടെ സമ്മതമാണ് ഏറ്റവും പ്രധാനം. പദ്ധതിയുടെ ആരംഭം മുതൽ നാളിതുവരെ 269 മസ്തിഷ്ക മരണാനന്തര ദാതാക്കളിൽനിന്ന് 743 അവയവങ്ങളാണ് 'മൃതസഞ്ജീവനി' പദ്ധതിവഴി മാറ്റിവച്ചിട്ടുള്ളത്. 460 വൃക്കകൾ, 212 കരൾ, 49 ഹൃദയം, 3 ശ്വാസകോശം, 3 ചെറുകുടൽ, 8 കൈ, 7 ആഗ്നേയഗ്രന്ഥി എന്നീ അവയവങ്ങളും 546 നേത്രപടലങ്ങൾ, 60 ഹൃദയവാൽവുകൾ എന്നിവയും മാറ്റിവച്ചിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിലെ മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഡോ. ഗണപതി ഒരു പൊതുതാൽപ്പര്യ ഹർജി സമർപ്പിച്ചിരുന്നു. ഇതിനെ തുടർന്ന് ദൃശ്യ നവ മാധ്യമങ്ങളിലും പ്രിന്റ് മീഡിയയിലുമെല്ലാം വന്ന വാർത്തകൾ പൊതു സമൂഹത്തിൽ മസ്തിഷ്കമരണ സ്ഥിരീകരണത്തെക്കുറിച്ച് ആശങ്ക ഉണ്ടാക്കുകയും അതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടക്കുകയും ചെയ്തു. തുടർന്ന് മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള 4 ഡോക്ടർമാരുടെ പാനലിൽ രണ്ട് ഡോക്ടർമാർ മസ്തിഷ്ക മരണ സ്ഥിരീകരണം നടത്തുന്ന ആശുപത്രിക്ക് പുറത്തുള്ളവർ ആയിരിക്കണമെന്നും അതിലൊരാൾ നിർബന്ധമായും സർക്കാർ സർവ്വീസിലുള്ള ഡോക്ടറായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ആരോഗ്യ വകുപ്പിലും വിദഗ്ദ്ധ ഡോക്ടർമാരടങ്ങുന്ന പാനലുകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ

തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിനുവേണ്ടി 6 മണിക്കൂർ ഇടവേളയിൽ നടത്തുന്ന രണ്ട് 'Apnea' ടെസ്റ്റുകൾ വീഡിയോയിൽ പകർത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. മസ്തിഷ്കമരണം സംഭവിച്ചിട്ട് തെറ്റായ രീതിയിൽ മരിക്കാതെ മരിച്ചെന്ന് സാക്ഷ്യപ്പെടുത്തുന്ന എന്ന പരാതി വളരെ വ്യാപകമായി ഉണ്ടായപ്പോഴാണ് സർക്കാർ ഈ നിബന്ധന വച്ചത്. ടെസ്റ്റ് നടത്തുന്നതിൽ ഒരു ഡോക്ടർ ഗവൺമെന്റ് ഡോക്ടറായിരിക്കണമെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അംഗീകരിക്കാൻ കഴിയാത്ത യാതൊരു കാര്യവും ഇതിലില്ല. സാധാരണ പോസ്റ്റ്മോർട്ടം അടക്കം വീഡിയോ റെക്കോർഡിംഗ് ചെയ്യാറുണ്ട്. അതുപോലെ റെക്കോർഡ് ചെയ്യണമെന്നുള്ളത് സാധാരണ മെഡിക്കൽ നിയമങ്ങളുമായി ബന്ധപ്പെട്ട ഒരു കാര്യം മാത്രമാണ്. അതൊന്നുകൂടി നിഷ്കർഷിക്കുകയാണ് ഗവൺമെന്റ് ചെയ്തത്. ഏറ്റവും ന്യായമായ കാര്യം മാത്രമാണ് ഗവൺമെന്റ് ഈ ഓർഡറിലൂടെ ചെയ്തത്. എന്നാൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2017-ൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടായതായി കാണുന്നു. അക്കാര്യം പരിശോധിക്കേണ്ടതായിട്ടുണ്ട്. എന്നാൽ ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തിൽ ഇക്കാലത്ത് യാതൊരു കുറവും ഉണ്ടായിട്ടില്ല എന്നും കാണുന്നുണ്ട്. മസ്തിഷ്ക മരണാനന്തര അവയവദാനവുമായി ബന്ധപ്പെട്ടിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ KNOS നിരവധി ശിൽപ്പശാലകളും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്. ഈ കുറവ് കണ്ടപ്പോൾ ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും നല്ല പ്രചരണ പരിപാടികൾ സംഘടിപ്പിച്ച് മസ്തിഷ്ക മരണാനന്തര അവയവദാനത്തെ പ്രോത്സാഹിപ്പിക്കാൻ എല്ലാ ശ്രമവും നടത്തുന്നുമുണ്ട്. അവയവദാനത്തിന്റെ പ്രാധാന്യം സൂചിപ്പിച്ചുകൊണ്ട് മെഡിക്കൽ കോളേജിലെ ഡോക്ടർമാർ അഭിനയിച്ച വളരെ ഹൃദയസ്പർശിയായ ഒരു ലഘു സിനിമയും പ്രചരിപ്പിക്കുന്നുണ്ട്.

മസ്തിഷ്കമരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുംവേണ്ടി ജില്ലാതലത്തിൽ Directorate of Health Service -ന്റെ ഭാഗമായി ഡെപ്യൂട്ടി ഡി.എം.ഒ.മാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ മസ്തിഷ്ക മരണ സ്ഥിരീകരണത്തിനു വേണ്ടി ഏകദേശം മൂന്നൂറോളം സർക്കാർ ഡോക്ടർമാർക്ക് പരിശീലനം നൽകി എംപാനൽ ചെയ്തിട്ടുണ്ട്. മസ്തിഷ്ക മരണാനന്തരം അവയവം ദാനം ചെയ്ത ദാതാക്കളെ അനുസ്മരിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്നതിനുമായി 27-11-2017-ന് ഒരു ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. എല്ലാ തരത്തിലും സർക്കാർ പ്രോത്സാഹനം നൽകുന്നുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റിന്റെ കാര്യത്തിൽ വേണ്ടത്ര സജ്ജീകരണങ്ങൾ പൂർത്തിയാകാതെ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തിയതിന്റെ ഭാഗമായി അത് പരാജയപ്പെടുകയും ആ രോഗി മരണപ്പെടുകയും ചെയ്തു എന്നുള്ളതാണ് ഖേദകരമായ വസ്തുത. നമ്മുടെ മെഡിക്കൽ കോളേജുകളുടെ സാങ്കേതിക

സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. പലതും വളരെ പ്രാകൃതമായ രീതിയിലാണുള്ളത്. എന്നാൽ അത്യന്താധുനികമായ സൗകര്യങ്ങൾ ചില ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിനുശേഷം മാത്രമേ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്താൻ സാധിക്കുകയുള്ളൂ. അത് ഉണ്ടാക്കിയെടുക്കാനുള്ള പരിശ്രമം ഈ ഗവൺമെന്റ് നടത്തുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## (9) കാലടി സമാന്തര പാലത്തിന്റെ നിർമ്മാണം

ശ്രീ. റോജി എം. ജോൺ : സർ, ആദിശങ്കരന്റെ ജന്മനാടായ കാലടിയിലെ എം.സി. റോഡിൽ പെരിയാറിന് കുറുകെയുള്ള കാലടി പാലം മധ്യകേരളത്തിന് അപമാനമായി മാറിക്കൊണ്ടിരിക്കുകയാണ്. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ഉൾപ്പെടെ അതിലൂടെ കടന്നുപോകുന്ന ആയിരക്കണക്കിന് യാത്രക്കാരും നൂറുകണക്കിന് വാഹനങ്ങളും മണിക്കൂറുകളോളം കാലടി ടൗണിൽ ഗതാഗത കുരുക്കിൽപ്പെട്ട് കിടക്കുകയാണ്. ഇതുവഴി കടന്നുപോകുന്ന യാത്രക്കാർക്കും കാലടി, അങ്കമാലി പ്രദേശത്തുള്ള ജനങ്ങൾക്കുമുണ്ടാകുന്ന ദുരിതത്തിന് അടിയന്തരമായി പരിഹാരം കാണേണ്ടതായിട്ടുണ്ട്.

27-3-2012-ന് കാലടിയിൽ ഒരു പാലം പണിയുന്നതിനുവേണ്ടി 42 കോടി രൂപയുടെ ഭരണാനുമതി കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നൽകിയിരുന്നെങ്കിലും വിവിധ കാരണങ്ങളാൽ അതിന്റെ പണി തുടങ്ങുവാനോ അതുമായി മുന്നോട്ട് പോകുവാനോ കഴിഞ്ഞിട്ടില്ല. നിരവധി തവണ ഇതുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ യോഗം ചേർന്ന് ചർച്ചചെയ്യുകയുണ്ടായി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഞാൻ ഉൾപ്പെടെ ശ്രീ. അൻവർ സാദത്തും ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലും വകുപ്പുദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിച്ചുചേർത്ത് ഇതിന്റെ നടപടികൾ വേഗത്തിലാക്കുന്നതിനും രണ്ട് മാസത്തിനകം അന്തിമ ഡിസൈൻ സമർപ്പിച്ച് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കാനുള്ള നിർദ്ദേശവും കൊടുത്തു. 2012-ൽ 42 കോടി രൂപയുടെ ഭരണാനുമതി കൊടുത്ത പാലം നിർമ്മിക്കുന്നതിന് ഇപ്പോൾ കണക്കാക്കിയിരിക്കുന്നത് ഏകദേശം 92 കോടി രൂപയാണ്. ഇപ്പോൾ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിരിക്കുകയാണ്. അതിന്റെ ഡിസൈൻ ഫൈനലായി സമർപ്പിക്കേണ്ടതായിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് പുതുക്കിയ ഭരണാനുമതി ലഭിക്കേണ്ടതുണ്ട്. കാലടിയിൽ സമാന്തര പാലവും ബൈപ്പാസും എന്നത് ഒരു ചിരകാല സ്വപ്നമാണ്. മാത്രമല്ല, മധ്യകേരളത്തിലൂടെ യാത്ര ചെയ്യുന്ന എല്ലാവരെയും സംബന്ധിച്ച് വളരെ ഗുരുതരമായ വിഷയമാണിത്. ആയതിനാൽ പാലം നിർമ്മിക്കുന്നതിനാവശ്യമായ എല്ലാ അടിയന്തര നടപടികളും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ മണ്ഡലത്തിൽ ഉൾപ്പെടുന്ന വിഷയമായതിനാൽ അദ്ദേഹവും ഇതുസംബന്ധിച്ച് സംസാരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, കാലടി പാലം എന്റെ നിയോജക മണ്ഡലമായ പെരുമ്പാവൂർ കൂടി ഉൾപ്പെടുന്നതും കേരളത്തിന്റെ തെക്കു വടക്ക് യാത്രക്കാർക്ക് വളരെയധികം പ്രയോജനപ്രദമാകുന്ന ഒന്നുമാണ്. ഇതിന്റെ ബൗണ്ടറി സ്റ്റോൺ പ്ലാന്റ് ചെയ്യാനുള്ള കാര്യങ്ങൾ ടെണ്ടർവരെ എത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഏഴു മാസങ്ങൾക്കു മുമ്പ് ഇതിന്റെ ഡിസൈൻ പൂർത്തിയാക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടും പൊതുമരാമത്തു വകുപ്പിന്റെ ഡിസൈൻ വിംഗ് "റിക്ക്" ഇതുവരേയും നൽകിയിട്ടില്ല. ഡിസൈൻ കിട്ടിയാൽ മാത്രമേ ഡി.പി.ആർ. തയ്യാറാക്കി, എ.എസ്.ഉം ടി.എസ്.ഉം കൊടുത്ത് വർക്ക് ആരംഭിക്കാൻ കഴിയൂ. ഈ രീതിയിൽ പോയിക്കഴിഞ്ഞാൽ ഒരു പാലം യാഥാർത്ഥ്യമാക്കുക എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇന്നുതന്നെ എന്നത്തേക്ക് ഈ പാലത്തിന്റെ നിർമ്മാണം തുടങ്ങാൻ കഴിയുമെന്നതിനെപ്പറ്റി പറയണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കാലടിയിൽ സമാന്തരപാലം പണിയുന്നതിന് 2012 മാർച്ച് 27-ൽ 42 കോടി രൂപയുടെ ഭരണാനുമതി നൽകിയതാണ്. കഴിഞ്ഞ ഗവൺമെന്റ് അഞ്ചു വർഷമെടുത്തിട്ടും യാതൊരു തരത്തിലുള്ള നിർമ്മാണവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കേരളത്തിലെങ്ങുമില്ലാത്ത ഒരു സാഹചര്യമാണ് എറണാകുളത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുറേ ആളുകൾ വന്ന് സമ്മർദ്ദം ചെലുത്തുന്നതു കാരണം അവിടെ ഒരു കാര്യവും ചെയ്യാൻ കഴിയാത്ത സ്ഥിതിയാണ്. വേറെ വേറെ പ്രമാണിമാർ വരുന്നു, പത്രങ്ങൾ എഴുതുന്നു, ഇങ്ങനെ സ്വതന്ത്രമായി പി.ഡബ്ല്യു.ഡി. ക്ക് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതി കേരളത്തിൽ വേറൊരു സ്ഥലത്തുമില്ല. അഞ്ചുവർഷം യു.ഡി.എഫ്. ഗവൺമെന്റ് വിചാരിച്ചിട്ടും പണിയാൻ സാധിക്കാത്തത് ഗവൺമെന്റിന്റെ കുറ്റമല്ല, കാരണം അലൈൻമെന്റ് മൂന്ന് തവണ മാറ്റി. ആരാണ് അലൈൻമെന്റ് മാറ്റിയതെന്ന് അന്വേഷിക്കണം. വൈറ്റിലയിൽ ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ട് പണിയുന്ന പാലത്തിൽ പതിനെട്ട് പില്ലർ കയറിയതിനുശേഷം പാലം മാറ്റണമെന്ന് പറയുന്നു. അങ്ങനെയൊന്നും ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയുകയില്ല. എഞ്ചിനീയർമാരെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം.

ആദ്യത്തെ അലൈൻമെന്റിന് 42 കോടിരൂപ; രണ്ടാമത് വീണ്ടും അലൈൻമെന്റ് മാറ്റുന്നു, അത് 26-6-2014-ൽ അംഗീകരിച്ചു. വീണ്ടും അലൈൻമെന്റ് മാറ്റി. മൂന്നാമത്തെ അലൈൻമെന്റ് 19-9-2015-ൽ അംഗീകരിച്ചു. അതിനുശേഷം മണ്ണ് പരിശോധന നടത്തി, ഡിസൈൻ ചെയ്യുന്നതിനുവേണ്ടി കൊടുത്തു. സാങ്കേതികവിദ്യയുടെ കോംപ്ലിക്കേഷൻ ഉള്ള

വലിയ പാലമാണിത്. പ്രധാനപ്പെട്ട ഒരു കോംപ്ലിക്കേഷൻ ഉള്ളത്, 600 മീറ്റർ നീളമുള്ള പാലം നദിക്കു കുറുകെ ഏകദേശം 45 ഡിഗ്രി സ്ക്യൂ ആകുന്നതുകൊണ്ട് ചരിഞ്ഞാണ് വരുന്നത് എന്നതാണ്. സത്യാഗ്രഹം കിടക്കുന്നവർക്ക് രാത്രി എഴുന്നേറ്റുപോയാൽ മതി. പാലം താഴെ വീണാൽ ആര് സമാധാനം പറയും? അതുകൊണ്ട് സമരമൊന്നും അവിടെ ആവശ്യമില്ല. സാങ്കേതികമായി നല്ല വൈദഗ്ദ്ധ്യത്തോടെ പണിഞ്ഞില്ലെങ്കിൽ വീണ്ടും പ്രശ്നമാകും. 45 ഡിഗ്രി സ്ക്യൂ ആകുന്നതുകൊണ്ടും രൂപകൽപ്പനയിൽ സങ്കീർണ്ണമായ മാറ്റമുണ്ടാകുന്നതുകൊണ്ടും സമയമെടുക്കും. സമയം നിശ്ചയിച്ചുകൊടുത്തെങ്കിലും സാങ്കേതികമായി വർക്ക് പൂർത്തിയാക്കാൻ സമയം തികയാതെ വരും. എഞ്ചിനീയറിംഗ് ഡിസൈൻ വിഭാഗം ഉറപ്പു നൽകിയിരിക്കുന്നത് ഫെബ്രുവരി മാസം അവസാനം ഡിസൈൻ പൂർത്തിയാകുമെന്നാണ്. അന്ന് എടുത്ത തീരുമാനമാണ് ഇതിനെല്ലാം കാരണമെന്ന് നിങ്ങൾ മനസ്സിലാക്കേണ്ടതുണ്ട്. ഡിസൈൻ മാറിയതോടുകൂടി അപ്രോച്ച് റോഡിന് കൂടുതലായി ഏഴര ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടി വന്നു. അതിന് ആരെങ്കിലും സ്ഥലം തരണ്ടേ? അത് യാഥാർത്ഥ്യമാകുന്നതിന് ക്ഷമ വേണം എന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. പെരുമ്പാവൂർ ഭാഗത്ത് 50 സെന്റും കാലടി ഭാഗത്ത് 700 സെന്റും മറ്റൂർ വടക്കുഭാഗം ഒക്കൽ വില്ലേജുകളിൽ ഉൾപ്പെട്ടിട്ടുള്ള ഈ സ്ഥലം ഏറ്റെടുക്കുന്നതിന്, പുതിയ നിയമപ്രകാരമുള്ള അർത്ഥനാപത്രം 11.5.2017-ൽ ജില്ലാ കളക്ടർക്ക് കൊടുത്തിട്ട് 9 മാസം കഴിഞ്ഞു. കളക്ടറാണ് അത് ചെയ്യേണ്ടത്. പുതുക്കിയ അലൈൻമെന്റ് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞു. ഏത് പ്രവൃത്തിക്കും ടെണ്ടർ ചെയ്യുന്നതിനുമുൻപ് സ്ഥലം ആവശ്യമായിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് ശരിയായ രീതിയിൽ തന്നെ പണി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. സ്ഥലം ഏറ്റെടുക്കാതെ തറക്കല്ലിടാനും, പണി നടത്താനും പോകാതിരിക്കുന്നതാണ് നല്ലത്. ഇതെല്ലാം ആഗസ്റ്റ് 2016-ലും അതിനുശേഷവും കൂടിയ കോൺഫറൻസിൽ എടുത്ത തീരുമാനങ്ങളാണ്. തീർച്ചയായും കാലടി പാലം സാക്ഷാത്കരിക്കുവാൻ ഗവൺമെന്റും അവിടെയുള്ള ബഹുമാനപ്പെട്ട എം.എൽ.എ മാരും മറ്റ് ലോക്കൽ ബോഡീസും ചേർന്ന് മുന്നോട്ടു പോകാം.

## (10) ആഭരണത്തൊഴിലാളികളുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. എസ്. ശർമ്മ : സർ, സംസ്ഥാനത്ത് ആഭരണ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സി.ഐ.റ്റി.യു. നേതൃത്വത്തിലുള്ള ഫെഡറേഷൻ ഇന്ന് സംസ്ഥാന സെക്രട്ടേറിയറ്റിനു മുമ്പിലേക്ക് മാർച്ച് നടത്തുകയാണ്. അവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ സംഘടന നിവേദന രൂപത്തിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ വ്യാപാരികളിൽ നിന്ന് സെസ്സ് പിരിച്ചും ആഭരണത്തൊഴിലാളികളുടെ ക്ഷേമനിധി സംരക്ഷിക്കുന്നതിന് ഗവൺമെന്റ് ചില ഇടപെടലുകൾ നടത്തിയെങ്കിലും നിയമഭേദഗതിയിലൂടെ കഴിയും എന്നാണ് സംഘടനക്കാർ വിശദീകരിക്കുന്നത്. അതിന്റെ വസ്തുതകൾ പരിശോധിച്ച് സെസ്സ് പിരിച്ചെടുത്ത്

ആഭരണത്തൊഴിലാളികളുടെ ക്ഷേമനിധിയുടെ പ്രവർത്തനം ഫലപ്രദമാക്കി തീർക്കുന്നതിനും പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും കൂലിയുടെയും തൊഴിലിന്റെയും കാര്യത്തിൽ സംരക്ഷണം ഉറപ്പാക്കാൻ സഹായിക്കുന്നതിനും ഗവൺമെന്റ് നടത്തിവരുന്ന പരിശ്രമങ്ങളോടൊപ്പം കൂടുതൽ അടിയന്തര സ്വഭാവത്തോടുകൂടി ഇടപെട്ട് ഈ ആവശ്യങ്ങൾ പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, 2009-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിലിരുന്ന ഘട്ടത്തിലാണ് കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി നിയമവും അതിന്റെ തുടർച്ചയായി 2010-ൽ ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡും നിലവിൽ വന്നത്. പതിനേഴായിരത്തിലധികം ആഭരണത്തൊഴിലാളികളാണ് ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തിട്ടുള്ളത്. 10 ലക്ഷത്തിലധികം രൂപ വാർഷിക വിറ്റുവരവുള്ള വ്യാപാരികളിൽ നിന്നും വിറ്റുവരവിന്റെ 0.25 ശതമാനം തുക സെസ്സായി ഈടാക്കാനാണ് ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥ. എന്നാൽ ഈ വ്യവസ്ഥയ്ക്കെതിരെ നിരവധി വ്യാപാരികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ സമ്പാദിക്കുകയുണ്ടായി. ഇതുമൂലം സെസ്സ് തുക പിരിച്ചെടുക്കാൻ കഴിയാത്തത് ക്ഷേമനിധി ബോർഡിന്റെ വരുമാനത്തേയും തൊഴിലാളികളുടെ ആനുകൂല്യങ്ങളേയും ദോഷകരമായി ബാധിച്ചു. ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോർഡിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വ്യാപാരി പ്രതിനിധികളുടേയും തൊഴിലാളി പ്രതിനിധികളുടേയും യോഗം ചേരുകയുണ്ടായി. സെസ്സ് തുക പിരിച്ചെടുക്കുന്നത് ആഭരണങ്ങളുടെ വിൽപ്പന ഘട്ടത്തിൽ മാത്രമായി പരിമിതപ്പെടുത്താനും സെസ്സ് തുക 0.1 ശതമാനമായി കുറയ്ക്കാനുമുള്ള നിർദ്ദേശം വ്യാപാരി-തൊഴിലുടമ പ്രതിനിധികൾ മുന്നോട്ടുവച്ചു. ഇതിന്റെയടിസ്ഥാനത്തിൽ ആഭരണത്തൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. ബോർഡിന്റെ ചരിത്രത്തിലാദ്യമായി അർഹതപ്പെട്ട മുഴുവൻ തൊഴിലാളികൾക്കും പെൻഷൻ വിതരണം ചെയ്യുന്നതിന് ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവാഹ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, മരണാനന്തര സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ ഇപ്പോൾ കൃത്യമായി വിതരണം ചെയ്തുവരുന്നുണ്ട്. ആഭരണത്തൊഴിലാളികളുടെ മിനിമം വേതനം എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുണ്ട്. വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനും ആഭരണത്തൊഴിലാളികളുടെ തൊഴിലും കൂലിയും ഉറപ്പു വരുത്തുന്നതിനും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്.

## (11) കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. പി. സി. ജോർജ്ജും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എം. നൗഷാദ് : സർ, കശുവണ്ടി വ്യവസായം കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസായങ്ങളിലൊന്നാണ്. അതിന്റെ കേന്ദ്രം കൊല്ലം ജില്ലയാണ്. 2017 മാർച്ച് 8-ാം തീയതി ഇതേ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. കേരള ഗവൺമെന്റ് കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നിരവധി പദ്ധതികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. കഴിഞ്ഞ ബഡ്ജറ്റിലും പൊതുമേഖലയ്ക്ക് 54 കോടി രൂപയും സ്വകാര്യ മേഖലയ്ക്ക് 20 കോടി രൂപയും ഈ ഗവൺമെന്റ് വകയിരുത്തിയിട്ടുണ്ട്. ആ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധികളിലൊന്ന് കശുവണ്ടിയുടെ ലഭ്യതക്കുറവാണ്. അത് ലഭ്യമാക്കാൻ കാഷ്യുബോർഡ് രൂപീകരിച്ച് അതിനാവശ്യമായ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും സർക്കാരിനെയും ഇക്കാര്യത്തിൽ അഭിനന്ദിക്കുകയാണ്. ആ വ്യവസായം ഇപ്പോൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, ബാങ്കുകളുടെ കണ്ണിൽച്ചോരയില്ലാത്ത നടപടികളാണ്. ലാഭക്കൊതിയന്മാരായ ഷൈലോക്കുമാരെപ്പോലെയാണ് ബാങ്കുകളുടെ ഇപ്പോഴത്തെ നടപടികൾ. SARFAESI Act വന്നതിനുശേഷം അതിന്റെ ദുരുപയോഗമാണ് കൊല്ലത്തെ കശുവണ്ടി മേഖലയിൽ ബാങ്കുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. രണ്ടര ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ തൊണ്ണൂറ് ശതമാനവും സ്വകാര്യ മേഖലയിലുള്ളവരാണ്. കാഷ്യൂ കോർപ്പറേഷനിലും കാപ്പെക്സിലും വരുന്നത് വെറും പത്ത് ശതമാനം മാത്രമാണ്. 683 ഫാക്ടറികളുള്ളതിൽ 630 ഉം സ്വകാര്യ മേഖലയിലാണ്. തോട്ടണ്ടിയുടെ ലഭ്യതക്കുറവും വിലയിലുണ്ടായ വർദ്ധനവും കാരണം വർഷങ്ങളായി വ്യവസായം ചെയ്തുകൊണ്ടിരുന്ന വ്യവസായികളുടെ കൈവശം പണമില്ലാതാകുന്ന അവസ്ഥയുണ്ടായി. വ്യവസായികൾ അവരുടെ നിരവധി വർഷക്കാലത്തെ ലാഭം ബിൽഡിംഗുകളും വസ്തുക്കളുമൊക്കെയാക്കി മാറ്റിയിട്ടുണ്ട്. പക്ഷേ വിലക്കയറ്റമുണ്ടായപ്പോൾ സ്വാഭാവികമായും കാഷ്യൂ വാങ്ങാനുള്ള സമ്പത്തില്ലാതെ വരികയും ബാങ്കിനെ സമീപിച്ചപ്പോൾ നൽകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടായി, ഇതുമൂലം തോട്ടണ്ടിയുടെ ലഭ്യതക്കുറവുണ്ടാകുകയും ബിസിനസ്സ് നടത്താൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു. തൊണ്ണൂറ് ദിവസം മുടക്കമുണ്ടായാൽ N.P.A (Non Performing Asset) ആക്കി മാറ്റുകയാണ്. അങ്ങനെ ചെയ്താൽ പിന്നീടൊരിക്കലും അവർക്ക് ബിസിനസ്സുമായി മുന്നോട്ടുപോകാൻ കഴിയില്ല. എന്റെ മണ്ഡലത്തിൽ തന്നെയുള്ള ചോതി കാഷ്യൂ വർക്ക്സിലെ മണി എന്നയാൾ ബാങ്ക്

പണം കൊടുക്കാത്തതിനാൽ ആത്മഹത്യ ചെയ്തു. അപ്പോൾ അദ്ദേഹത്തിന്റെ അക്കൗണ്ടിൽ നാല് കോടി രൂപയുണ്ടായിരുന്നു. 2004 മുതൽ ബിസിനസ്സ് നടത്തുന്ന ഈണം എന്ന കമ്പനിക്കെതിരെ ബാങ്ക് ജപ്തി നടപടികൾ കൈക്കൊണ്ടതിനെതിരായി കഴിഞ്ഞ ദിവസം അവിടെ ജനകീയ സമരം നടന്നു. 2016-ൽ ബെസ്റ്റ് കസ്റ്റമർ അവാർഡിനർഹനായ വ്യക്തിയാണ് ഈണം നാസറുദ്ദീൻ. അദ്ദേഹത്തിന്റെ നൂറ് കോടിയിലധികം വരുന്ന സ്വത്തുക്കൾ ഒൻപത് കോടി രൂപയ്ക്ക് ലേലം ചെയ്തു. ഈ കാലയളവിൽ അറുപത് കോടി രൂപ ലോണെടുത്തിട്ടുണ്ട്, അതിൽ ഒൻപത് കോടി രൂപ മാത്രമാണ് തിരിച്ചടവ് ബാക്കിയുള്ളത്. അദ്ദേഹത്തിന്റെ മൊത്തം അസറ്റും ജപ്തി ചെയ്ത് വീട്ടിൽ നിന്നും ഇറക്കിവിടുന്ന സ്ഥിതിവിശേഷം വരെയുണ്ടായി. തിരിച്ചടവിനായി എൺപത് തവണകൾ അനുവദിച്ചിട്ടും നാൽപ്പത്തഞ്ച് തവണയായി ലോണർ അറിയാതെ തവണ വെട്ടിച്ചുരുക്കുകയാണ്, ഇവരുടെ സി.സി. അക്കൗണ്ടിലുള്ള ക്യാഷ് എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റുകയാണ്. പലിശയും കൂട്ടുപലിശയും ചേർത്ത് അവരെ ശ്വാസംമുട്ടിച്ച് കൊല്ലുന്ന സ്ഥിതിയാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. ഈ മേഖലയെ രക്ഷപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ഇടപെടൽ നടത്തുന്നുണ്ടെന്നറിയാം. ലോൺ റീസെറ്റിൽ ചെയ്ത് അവർക്ക് തിരിച്ചടയ്ക്കാനുള്ള സാവകാശം നല്കിക്കൊണ്ട് ജപ്തി നടപടികൾ താൽക്കാലികമായെങ്കിലും നിർത്തിവയ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ പരമാവധി നടത്തുവാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. ജോർജ് : സർ, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ ഏറ്റവും പ്രമുഖ വ്യവസായമാണ് കശുവണ്ടി വ്യവസായം. ഇതിന്റെ എക്സ്പോർട്ടിലൂടെ ആറായിരം കോടി രൂപയുടെ വരുമാനമാണ് ഈ പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികൾ രാജ്യത്തിനുണ്ടാക്കിക്കൊടുക്കുന്നത്. എന്റെ കണക്കു പ്രകാരം രണ്ട് പൊതുമേഖല സ്ഥാപനങ്ങളിലും കൂടി പതിനയ്യായിരം തൊഴിലാളികളാണുള്ളത്, മന്ത്രിക്ക് മറ്റൊരു കണക്കുണ്ടാകാം. 335000 തൊഴിലാളികളെ പോറ്റുന്നതും അവരുടെ കാര്യങ്ങൾ നോക്കുന്നതും ഈ മുതലാളിമാരാണ്. മുഖ്യമന്ത്രിയെ വന്നു കണ്ട് കടമടയ്ക്കാൻ മാർഗ്ഗമില്ല, രക്ഷിക്കണം എന്നു പറഞ്ഞ് തിരികെ കൊല്ലത്ത് പോയി ആത്മഹത്യ ചെയ്തത് ഒരു മുതലാളിയാണ്. തൊഴിലാളിയെക്കാൾ ഗതികേടിലാണ് മുതലാളി. ഇന്ന് അറുനൂറോളം കാഷ്യൂ ഫാക്ടറികൾ പൂട്ടിക്കിടക്കുകയാണ്, ഇവർ ജപ്തി ഭീഷണിയിലാണ്. നൂറ്റിപ്പന്ത്രണ്ട് വ്യവസായികൾ N.P.A. ആയി. നാളിതുവരെ 51 വ്യവസായികൾക്ക് ജപ്തി നടപടികളിൽ സ്വന്തം വീടും വ്യവസായ ശാലകളും നഷ്ടപ്പെട്ടിട്ടുണ്ട്. ഈ പാവപ്പെട്ടവരോട് ഒരു ഉത്തരവാദിത്വം നമുക്ക് വേണ്ടേ? 6000 കോടി രൂപ വിദേശ നാണയം നേടിത്തരുന്ന ഒരു

വ്യവസായത്തെ നശിപ്പിക്കുന്നത് ശരിയല്ല. കശുവണ്ടി കയറ്റുമതിയിൽ ഒന്നാംസ്ഥാനം വിയറ്റ്നാമിനും രണ്ടാം സ്ഥാനം ഇന്ത്യയ്ക്കുമാണ്. ഇങ്ങനെ ഇന്ത്യയ്ക്ക് വരുമാനമുണ്ടാക്കിക്കൊടുക്കുന്ന കശുവണ്ടി തൊഴിലാളികൾക്കായി ഒരു പാക്കേജുണ്ടാക്കണം. ഇവരെ തൊഴിലുറപ്പിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണം. ബാങ്കുകാർ കാരണമാണ് ആത്മഹത്യ നടക്കുന്നത്. 3 മാസം കൂടുമ്പോൾ പലിശയും മുതലും കൂട്ടി അതിന്മേൽ വീണ്ടും പലിശ കൂട്ടുകയാണ്. ലോകത്തിൽ മറ്റെങ്ങും ഇതു പോലൊരു പിടിച്ചുപറിയില്ല. കുറേയേറെ നടപടികൾ സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്താൻ ഞാനില്ല. ബാങ്ക് ഉദ്യോഗസ്ഥരെയും ഉത്തരവാദിത്വപ്പെട്ടവരെയും മന്ത്രി വിളിച്ചു വരുത്തി ഉത്തരവ് നൽകണം. ആദ്യത്തെ ഉത്തരവ് നടപ്പിലായിട്ടില്ല. മന്ത്രി നൽകിയ ഉത്തരവ് നടപ്പിലാക്കാതെ ബാങ്കുകൾ ഈ മേഖലയിൽ കാണിക്കുന്ന മര്യാദകേട് അംഗീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പേഴ്സണലായി ഇടപെട്ട് 6000 കോടി രൂപ വിദേശനാണ്യം നേടിത്തരുന്ന ഈ മൂന്നരലക്ഷം തൊഴിലാളികളെയും മുതലാളിമാർ എന്നു വിളിക്കുന്ന പാവങ്ങളെയും സംരക്ഷിക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ബഹുമാനപ്പെട്ട 2 അംഗങ്ങൾ ഈ സഭയിൽ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നതിന് പ്രധാന കാരണം ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമല്ലാത്തതും ഉയർന്ന വിലയുമാണ്. കാരണം ഫാക്ടറികൾ പ്രവർത്തനക്ഷമമല്ലാതെ വന്നു. ബാങ്ക് വായ്പയെടുക്കുന്നതിന്റെ ഇരട്ടി പണമുണ്ടെങ്കിൽ മാത്രമേ തോട്ടണ്ടി വാങ്ങാൻ കഴിയൂ എന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വന്നു. വ്യവസായികൾ ധനകാര്യസ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പയ്ക്ക് ഉയർന്ന തോതിലുള്ള പലിശയും 18 ശതമാനത്തോളം പിഴപ്പലിശയും കൂടിയായപ്പോൾ അവർ കടക്കെണിയിലേയ്ക്ക് വീഴുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയുമുണ്ടായി. കടക്കെണിമൂലം അടഞ്ഞുകിടന്ന സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമടക്കം നിരവധി യോഗങ്ങൾ വിളിച്ചുചേർത്ത് ചെറുകിട വ്യവസായികളിൽ നിന്നുതന്നെ പ്രശ്നങ്ങൾ മനസ്സിലാക്കി. ബാങ്കുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പരിഹാരം നിർദ്ദേശിക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റി യോഗത്തിൽ വ്യവസായത്തിനെതിരെ സ്വീകരിക്കുന്ന നടപടി തൽക്കാലം നിർത്തിവയ്ക്കണമെന്നും പ്രതിസന്ധിയിൽ അകപ്പെട്ട വ്യവസായികൾക്ക് ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ട ധനസഹായം നൽകണമെന്നും ആ ധനസഹായത്തിനുള്ള പലിശയ്ക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമെന്നും ധനകാര്യ സ്ഥാപനങ്ങൾക്ക് സർക്കാർ ഉറപ്പ് നൽകി. ഈ നിർദ്ദേശത്തിൻമേൽ ധനകാര്യ സ്ഥാപനങ്ങൾ ക്രിയാത്മകമായി ഇനിയും പ്രതികരിക്കേണ്ടതുണ്ട്. റിസർവ് ബാങ്ക് ടെക്സ്റ്റൈൽ വ്യവസായത്തിന്റെ കാര്യത്തിൽ അഖിലേന്ത്യാതലത്തിൽ

സ്വീകരിച്ചതുപോലെയുള്ള ഉദാരസമീപനം കശുവണ്ടി വ്യവസായത്തിന്റെ കാര്യത്തിൽ സ്വീകരിക്കണമെന്നും അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുവാൻ ആത്മാർത്ഥമായി സഹായിക്കുന്ന തരത്തിലുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കണമെന്നും സർക്കാർ ബാങ്ക് പ്രതിനിധികളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സഹായകരമായ പുനരുദ്ധാരണ പ്രോജക്ട് പ്രൊപ്പോസൽ വ്യവസായികളോട് തയ്യാറാക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവ തയ്യാറാക്കി ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കുകളുടെ കൺസോർഷ്യം പ്രസ്തുത റിപ്പോർട്ടിന്റെ പ്രായോഗികത പരിശോധിച്ചശേഷം സ്വകാര്യ ഫാക്ടറികളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഫാക്ടറികളെ പ്രത്യേകം പ്രത്യേകം യൂണിറ്റായിക്കണ്ട് പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. വ്യവസായികളുടെ കൂട്ടായ്മ പുതിയ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരികയാണ്. പുതുക്കിയ പ്രൊപ്പോസലിന്മേൽ തീരുമാനമെടുക്കുന്നതുവരെ വ്യവസായികൾക്കെതിരെ ബാങ്കുകൾ നടപടി സ്വീകരിക്കരുതെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. യഥാർത്ഥ കണക്കിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ നടപടിയെടുത്തതിനെതിരെ വ്യവസായികൾ ബാങ്കിന് മുന്നിൽ ധർണ്ണ ഉൾപ്പെടെയുള്ള സമരം നടത്തുന്ന സ്ഥിതിയിലേയ്ക്ക് വന്നിട്ടുണ്ട്. ഒരു വ്യവസായി ആത്മഹത്യ ചെയ്യാൻ ഇടയായത് ബാങ്ക് സ്വീകരിച്ച സമീപനത്തിൽ മനംനൊന്താണ്. ബാങ്കുകൾ അദ്ദേഹത്തെ പറഞ്ഞുപറ്റിച്ച് 4 കോടി രൂപ ഡെപ്പോസിറ്റ് ചെയ്യിപ്പിച്ചു. തുടർവായ്പ കൊടുക്കുമെന്ന ഉറപ്പിന്മേലാണ് അദ്ദേഹം എല്ലായിടത്തുനിന്നും വായ്പയെടുത്ത് ഡെപ്പോസിറ്റ് ചെയ്തത്. ബാങ്ക് പണം വാങ്ങുകയും വായ്പ കൊടുക്കാതിരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള അങ്ങേയറ്റം മനുഷ്യത്വരഹിതമായ സമീപനമാണ് ബാങ്കുകൾ സ്വീകരിക്കുന്നത്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽനിന്നും ഇതര സ്ഥാപനങ്ങളിൽനിന്നും വ്യവസായങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും സംസ്കരിച്ച പരിപ്പ് വിപണനം ചെയ്യുന്നതിനും ഈ മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി സർക്കാർ കേരള കാഷ്യൂ ബോർഡ് എന്ന കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാഷ്യൂ ബോർഡിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആകുന്നതോടുകൂടി ഈ വ്യവസായം നേരിടുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഓരോ സ്വകാര്യ ഫാക്ടറിയുടെയും കശുവണ്ടി വറുക്കുന്നതിനുള്ള കപ്പാസിറ്റിയും മറ്റ് സൗകര്യങ്ങളുമൊക്കെ പരിശോധിച്ച് വായ്പ റീഷെഡ്യൂൾ ചെയ്യണമെന്ന് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികളെ വിളിച്ചുചേർത്ത് വീണ്ടുമൊരു ചർച്ചയ്ക്ക് ഉടനെ സമയം കണ്ടെത്തും. അതോടുകൂടി ബാങ്കുകൾ ഇന്ന് സ്വീകരിക്കുന്ന നിലപാടിൽ മാറ്റം വരുത്താൻ ശ്രമിക്കുന്നതാണ്. നിലനിൽക്കുന്ന വായ്പകൾക്ക് തൽക്കാലം മൊറട്ടോറിയം പ്രഖ്യാപിക്കാനും വായ്പ റീഷെഡ്യൂൾ ചെയ്യാനും കശുവണ്ടി വ്യവസായ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുന്നതിനാവശ്യമായ സഹായം നൽകണമെന്നതാണ് ഗവൺമെന്റിന്റെ സമീപനം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും സഹായത്തോടുകൂടി ഇതുമായി ബന്ധപ്പെട്ട നടപടി തീർച്ചയായും സ്വീകരിക്കുന്നതാണ്.

12.00 Noon]

## (12) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക്

ശ്രീ. എം. ഉമ്മർ : സർ, മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് പ്രവർത്തനം ആരംഭിച്ചിട്ട് ഇപ്പോൾ മൂന്നാം വർഷത്തിലേയ്ക്ക് കടക്കുകയാണ്. പോളിടെക്നിക്കിന്റെ കെട്ടിട നിർമ്മാണത്തിനായി 12 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ ടെണ്ടർ നടപടി ആരംഭിച്ചിട്ടില്ല. ഗവൺമെന്റ് പോളിടെക്നിക്കിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ 2 വർഷത്തിനകം ലഭ്യമാക്കാമെന്ന് എ.ഐ.സി.റ്റി.ക്ക് ഗവൺമെന്റ് സത്യവാങ്മൂലം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകിയത്. അധ്യയനവർഷം മൂന്നാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ നാളിതുവരെയും അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചിട്ടില്ല. ഈ അവസ്ഥമൂലം എ.ഐ.സി.റ്റി.-യുടെ അംഗീകാരംതന്നെ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. കുട്ടികളുടെ പഠനം വളരെ മെച്ചപ്പെട്ട രീതിയിലാണ് നടന്നുവരുന്നത്. ഏതാണ്ട് 80 പോളിടെക്നിക്കുകളുള്ളതിൽ പുതുതായി ആരംഭിച്ച മഞ്ചേരി പോളിടെക്നിക്കിന് ഇത്തവണത്തെ പൊതുപരീക്ഷയിൽ 80-ൽ 14-ാം സ്ഥാനമുണ്ട്. അതുകൊണ്ട് അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2016-17-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ നിലവിൽ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിലായി 60 വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി പ്രധാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ ഉത്തരവ് പ്രകാരം 1000 ലക്ഷം രൂപയും വർക്ക്ഷോപ്പ് മന്ദിര നിർമ്മാണത്തിനായി 220 ലക്ഷം രൂപയും നബാർഡിന്റെ ആർ.ഐ.ഡി.എഫ്.ൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പ്രധാന മന്ദിരത്തിന്റെ സ്കെച്ച് സ്ഥാപന മേധാവി അംഗീകരിച്ച് പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. നിലവിലെ കെട്ടിടത്തിൽ താൽക്കാലിക നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2017-18-ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പണി പൂർത്തിയായിവരുന്നു. 2017-18-ൽ മാത്രം ഈ സ്ഥാപനത്തിന് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 29.68 ലക്ഷം രൂപയും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 41.6 ലക്ഷം രൂപയും ഫർണിച്ചറിനായി 6.10 ലക്ഷം രൂപയും ലൈബ്രറിക്കായി 80,000 രൂപയും അനുവദിച്ചിട്ടുണ്ട്. ഇവ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. മൊത്തം 1338 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## (13) ഹൈഡൽ ടൂറിസം പദ്ധതി

ശ്രീ. പുരുഷൻ കടലുണ്ടി : സർ, ബാലുശ്ശേരി മണ്ഡലത്തിലെ കക്കയം ടൂറിസ്റ്റ് കേന്ദ്രവും പേരാമ്പ്രയിലെ പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രവും വയനാട്ടിലെ ബാണാസുരസാഗർ ടണൽ വഴിയുള്ള ടൂറിസം പദ്ധതിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിരുന്നു. കക്കയം ഹൈഡൽ ടൂറിസം പദ്ധതി കേന്ദ്ര മന്ത്രി

സന്ദർശിച്ചശേഷം 300 കോടി രൂപയുടെ പദ്ധതികൾക്ക് അദ്ദേഹം ചർച്ച ചെയ്ത് തീരുമാനിച്ചു. വനം, ജലസേചനം, ടൂറിസം, വൈദ്യുതി ബോർഡ് തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയിൽ ജനങ്ങൾക്ക് വലിയ പ്രതീക്ഷയായിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുമായി നടന്ന അന്നത്തെ ചർച്ചയിൽ കൺവെൻഷൻ സെന്റർ, റോപ്പ്‌വേ, തുറന്ന മൃഗശാല, കക്കയം ഡാമിലേയ്ക്കുള്ള പാത്ത്‌വേ, ട്രക്കിംഗ്, ടണൽ ടൂറിസം, ക്രാഫ്റ്റ് വില്ലേജുകൾ, ആർട്ട് ഗ്യാലറി, ഹോംസ്റ്റേകൾ, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവ ഉൾപ്പെടുത്തിയിരുന്നു. കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള ഹൈഡൽ ടൂറിസം വിഭാഗത്തോടാണ് ഡി.പി.ആർ. തയ്യാറാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചത്. ഏറെ പ്രാധാന്യമുള്ള ഈ പദ്ധതി യാഥാർത്ഥ്യമാകാൻ ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ, ബാണാസുരസാഗർ, കക്കയം, പെരുവണ്ണാമൂഴി എന്നീ പ്രകൃതിരമണീയമായ കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുള്ള 300 കോടി രൂപയുടെ ടൂറിസം പദ്ധതിയെ സംബന്ധിച്ചാണ് മെമ്പർ ഉന്നയിച്ചത്. പ്രസ്തുത പ്രദേശങ്ങളെ കൂട്ടിയിണക്കിയുള്ള ഒരു ടൂറിസം കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം കേരളാ ഹൈഡൽ ടൂറിസം സെന്ററിന്റെ മുന്നിലുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാക്കാമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് വനം വകുപ്പിൽ നിന്നുള്ള ചില തടസ്സങ്ങൾ നിലവിലുണ്ട്. കക്കയത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ഹൈഡൽ ടൂറിസം പദ്ധതിയെ തടസ്സപ്പെടുത്തുന്ന സമീപനം വനം വകുപ്പിൽനിന്നു മുണ്ടായിരുന്നു. 1972-ൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതി നിർമ്മാണത്തിനായി വൈദ്യുതി ബോർഡ് സ്വകാര്യ ഉടമകളിൽനിന്നും വാങ്ങിയ ഭൂമി വനഭൂമിയായി നോട്ടിഫൈ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചതുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടായത് പരിഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ടൂറിസം പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ടെണ്ടറിൽ ചില സാങ്കേതിക ന്യൂനതകളുള്ളതായി പരാതികൾ വന്നതിനെ തുടർന്ന് ടെണ്ടർ റദ്ദ് ചെയ്ത് റീ-ടെണ്ടർ നടത്തുന്നതിന് തീരുമാനിക്കുകയുണ്ടായി. വനം വകുപ്പിൽനിന്നുള്ള തടസ്സങ്ങളുൾപ്പെടെ നീക്കി വൈദ്യുതി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഫലപ്രദമായ ടൂറിസം പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## V . മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ്-1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i)ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 779/2017 | ജി.ഒ.(ആർറ്റി.) നമ്പർ 3078/ 2017/ഹോം. | 20-11-2017 | അല്ല |
| 2 | 803/2017 | ജി.ഒ.(ആർറ്റി.) നമ്പർ 3370/ 2017/ഹോം. | 16-12-2017 | അല്ല |
| 3 | 861/2017 | ജി.ഒ.(പി.)നമ്പർ 12/2017/ പി &എആർഡി | 29-12-2017 | അല്ല |
| 4 | 12/2018 | ജി.ഒ.(ആർറ്റി) നമ്പർ 3385/ 2017/ ഹോം. | 19-12-2017 | അല്ല |
| 5 | 20/2018 | നമ്പർ 3945/സി3/2017-I/വിജ്. | 16-1-2018 | അല്ല |
| 6 | 21/2018 | നമ്പർ 3945/സി3/2017-II/വിജ്. | 16-1-2018 | അല്ല |
| 7 | 22/2018 | നമ്പർ 3945/സി3/2017-III/ വിജ്. | 16-1-2018 | അല്ല |
| 8 | 23/2018 | നമ്പർ 3945/സി3/2017-IV/വിജ്. | 16-1-2018 | അല്ല |
| 9 | 28/2018 | ജി.ഒ.(ആർറ്റി) നമ്പർ 3423/ 2017/ഹോം. | 22-12-2017 | അല്ല |
| 10 | 39/2018 | ജി.ഒ.(ആർറ്റി.) നമ്പർ 139/ 2018/ഹോം. | 11-1-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 5/2018 | ജി.ഒ.(പി.) നമ്പർ 1/2018/ പിഎഡി. | 3-1-2018 | അല്ല |
| 2 | 29/2018 | ജി.ഒ.(എംഎസ്.) നമ്പർ 14/2018/നിയമം. | 18-1-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി | 2014-15 | ഓഡിറ്റ് റിപ്പോർട്ട് | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 38/2016 | ജി.ഒ.(പി.) നമ്പർ 24/2016/ ആർഡി. | 13-1-2016 | അതെ |
| 2 | 238/2016 | ജി.ഒ.(പി.) നമ്പർ 183/ 2016/ ആർഡി. | 27-2-2016 | അതെ |

| | | | | |
|---|---|---|---|---|
| 3 | 812/2017 | ജി.ഒ.(പി.) നമ്പർ 72/2017/ ആർഡി. | 11-12-2017 | അല്ല |
| 4 | 813/2017 | ജി.ഒ.(പി.) നമ്പർ 75/2017/ ആർഡി. | 11-12-2017 | |
| 5 | 25/2018 | ജി.ഒ.(പി.) നമ്പർ 1/2018/ ആർഡി | 5-1-2018 | അല്ല |

IV. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 855/2017 | ജി.ഒ.(പി.) നമ്പർ 5/2017/ സിഎൽഎഡി. | 26-12-2017 | അല്ല |

V. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ.ശശീന്ദ്രൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 490/2017 | ജി.ഒ. (പി.) നമ്പർ19/2017/ ട്രാൻസ്. | 19-7-2017 | അതെ |
| 2 | 807/2017 | ജി.ഒ. (പി.) നമ്പർ2 8/2017/ ട്രാൻ. | 13-12-2017 | അല്ല |
| 3 | 857/2017 | ജി.ഒ. (പി.) നമ്പർ 30/2017/ ട്രാൻ. | 20-12-2017 | അല്ല |

| | | | | |
|---|---|---|---|---|
| 4 | 6/2018 | ജി.ഒ.(പി.) നമ്പർ 29/2017/ ട്രാൻസ്. | 19-12-2017 | അല്ല |
| 5 | 18/2018 | ജി.ഒ.(പി.) നമ്പർ 31/2017/ ട്രാൻ. | 27-12-2017 | അല്ല |
| 6 | 32/2018 | ജി.ഒ.(പി.) നമ്പർ 1/2018/ ട്രാൻ. | 12-1-2018 | അല്ല |

VI. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 764/2017 | ജി.ഒ. (പി.) നമ്പർ 175/2017/ ടാക്സസ് | 24-11-2017 | അല്ല |
| 2 | 782/2017 | ജി.ഒ. (പി.) നമ്പർ 181/ 2017/ ടാക്സസ്. | 6-12-2017 | അല്ല |
| 3 | 783/2017 | ജി.ഒ. (പി.)നമ്പർ 182/2017/ ടാക്സസ്. | 6-12-2017 | അല്ല |
| 4 | 784/2017 | ജി.ഒ. (പി.)നമ്പർ 183/2017/ ടാക്സസ്. | 6-12-2017 | അല്ല |
| 5 | 785/2017 | ജി.ഒ. (പി.)നമ്പർ 184/2017 /ടാക്സസ്. | 6-12-2017 | അല്ല |
| 6 | 806/2017 | ജി.ഒ. (പി.) നമ്പർ 73/2017/ ഐഡി. | 14-12-2017 | അല്ല |

VII. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 804/2017 | ജി.ഒ. (പി.) നമ്പർ 75/2017/ എച്ച്& എഫ്ഡബ്ല്യൂ ഡി. | 12-12-2017 | അല്ല |
| 2 | 805/2017 | ജി.ഒ. (പി.) നമ്പർ 76/ 2017/ എച്ച്& എഫ്ഡബ്ല്യൂ ഡി. | 12-12-2017 | അല്ല |

VIII. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 868/2017 | സ.ഉ.(അച്ചടി) നമ്പർ 109/ 2017/ തൊഴിൽ. | 23-12-2017 | അല്ല |
| 2 | 1/2018 | സ.ഉ.(അച്ചടി) നമ്പർ 110/ 2017/എൽബിആർ. | 31-12-2017 | അല്ല |
| 3 | 2/2018 | സ.ഉ.(അച്ചടി) നമ്പർ 111/ 2017/ തൊഴിൽ. | 31-12-2017 | അല്ല |
| 4 | 3/2018 | സ.ഉ.(അച്ചടി) നമ്പർ 112/ 2017/തൊഴിൽ. | 31-12-2017 | അല്ല |
| 5 | 7/2018 | ജി.ഒ. (എം. എസ്) നമ്പർ 109/2017/എൽബിആർ. | 31-12-2017 | അല്ല |

| | | | | |
|---|---|---|---|---|
| 6 | 8/2018 | ജി.ഒ. (എം.എസ്) നമ്പർ 110/2017/എൽബിആർ. | 31-12-2017 | അല്ല |
| 7 | 13/2018 | ജി.ഒ. (പി) നമ്പർ 1/2018/ എൽബിആർ. | 8-1-2018 | അല്ല |
| 8 | 14/2018 | സ.ഉ.(അച്ചടി) നമ്പർ 3/2018/ തൊഴിൽ. | 8-1-2018 | അല്ല |
| 9 | 35/2018 | ജി.ഒ. (പി) നമ്പർ 10/ 2018/ എൽബിആർ. | 20-1-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | ഭരണ, ഓഡിറ്റ് റിപ്പോർട്ടുകൾ | അതെ |

IX. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 9/2018 | ജി.ഒ. (പി.) നമ്പർ 1/2018/ സിഎഡി. | 8-1-2018 | അല്ല |
| 2 | 24/2018 | ജി.ഒ. (പി.) നമ്പർ 2/2018/എഫ്&സിഎസ്ഡി | 8-1-2018 | അല്ല |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 387/2017 | ജി.ഒ.(പി.) നമ്പർ 33/2017/കോ-ഓപ്. | 24-6-2017 | അതെ |
| 2 | 484/2017 | ജി.ഒ.(പി.) നമ്പർ 38/2017/കോ-ഓപ്. | 18-7-2017 | അതെ |
| 3 | 789/2017 | ജി.ഒ.(പി.) നമ്പർ 71/2017/കോ-ഓപ്. | 20-11-2017 | അല്ല |
| 4 | 808/2017 | ജി.ഒ.(പി.) നമ്പർ 67/2017/കോ-ഓപ്. | 8-11-2017 | അല്ല |
| 5 | 809/2017 | ജി.ഒ.(പി.) നമ്പർ 77/2017/കോ-ഓപ്. | 11-12-2017 | അല്ല |
| 6 | 810/2017 | ജി.ഒ.(പി.) നമ്പർ 78/2017/കോ-ഓപ്. | 11-12-2017 | അല്ല |
| 7 | 864/2017 | ജി.ഒ.(പി.) നമ്പർ 82/2017/കോ-ഓപ്. | 27-12-2017 | അല്ല |
| 8 | 867/2017 | ജി.ഒ.(പി.) നമ്പർ 72/2017/കോ-ഓപ്. | 25-11-2017 | അല്ല |
| 9 | 4/2018 | ജി.ഒ.(പി.) നമ്പർ 79/2017/കോ-ഓപ്. | 15-12-2017 | അല്ല |
| 10 | 16/2018 | ജി.ഒ.(പി.) നമ്പർ 1/2018/കോ-ഓപ്. | 4-1-2018 | അല്ല |

| | | | | |
|---|---|---|---|---|
| 11 | 27/2018 | ജി.ഒ.(ആർറ്റി.) നമ്പർ 205/2018/ ആർഡി. | 17-1-2018 | അല്ല |
| 12 | 30/2018 | ജി.ഒ.(പി.) നമ്പർ 4/2018/ആർഡി. | 15-1-2018 | അല്ല |

XI. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 766/2017 | ജി.ഒ. (പി.) നമ്പർ 33/2017/ഐഡി. | 21-11-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പു മന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | ജി.ഒ. (പി.) നമ്പർ 5/2016/എഫ് & പിഡി. | 17-2-2016 | അതെ |
| 2 | 793/2016 | ജി.ഒ. (പി.) നമ്പർ 21/2016/എഫ് & പിഡി. | 28-12-2016 | അതെ |

XIII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനം വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XIV. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 792/2017 | ജി.ഒ. (പി.) നമ്പർ 93/2017/എൽഎസ് ജിഡി. | 1-12-2017 | അല്ല |
| 2 | 11/2018 | ജി.ഒ. (പി.) നമ്പർ 97/2017/എൽഎസ് ജിഡി. | 8-12-2017 | അല്ല |

XV. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 154/2016 | ജി.ഒ.(പി.) നമ്പർ 1/2016/പിഡി. | 05.02.2016 | അതെ |

(2) ലിസ്റ്റ്-2 പ്രകാരം

(ചട്ടം 236 (5) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-2017 | 1 | 27, 28 |
| VI— വിദ്യാഭ്യാസം | 2015-2016 | 5 | 60 |
| XIII—സാമൂഹ്യ സേവനം | 2015-2016 | 5 | 55 |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII—സാമൂഹ്യ സേവനം | 2016-2017 | 1 | 23, 24, 25, 26, 27, 28, 29 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II—ഭൂനികുതിയും ദേവസ്വവും | 2016-2017 | 1 | 1, 2, 31 |
| | 2016-2017 | 1 | 25 |
| | 2011-2012 | 1 | 1, 4 |
| IX—തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2014-2015 | 4 | 23, 24, 25 |
| | 2016-2017 | 1 | 50, 51, 52, 53, 54, 57, 58, 59 |

4. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX—തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2016-2017 | 1 | 16 മുതൽ 24 വരെ |

5. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII—വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2016-2017 | 1 | 94 |

6. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III —ജലവിഭവം | 2016-2017 | 1 | 1, 2, 3, 4, 5, 6, 7, 8, 11, 12, 46 |

7. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV—വ്യവസായവും ധാതുക്കളും | 2013-2014 | 3 | 57, 68 |
| | 2014-2015 | 4 | 61 |
| | 2015-2016 | 5 | 25 മുതൽ 32 വരെ |
| | 2016-2017 | 1 | 1, 3, 4, 5, 6-15, 25, 30-38, 41, 42, 43, 44, 45, 51, 53, 57, 58, 59, 62, 63 |
| VI — വിദ്യാഭ്യാസം | 2015-2016 | 5 | 81, 82, 83 |

8. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII — വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2014-2015 | 4 | 2, 3, 27, 40 |
| | 2015-2016 | 5 | 39 |
| | 2016-2017 | 1 | 18, 21, 30, 31, 37, 38 |

9. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI—വിദ്യാഭ്യാസം | 2015-2016 | 5 | 22, 26, 28, 30, 40 |
| | 2016-2017 | 1 | 19, 20, 21, 24, 25, 30, 31 |
| | 2016-2017 | 1 | 1 മുതൽ 11 വരെ |

10. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII —ആരോഗ്യവും കുടുംബക്ഷേമവും | 2015-2016 | 5 | 1, 2, 3, 4, 32, 33, 34, 40, 41, 42, 43, 44, 45, 46, 47, 48 |
| | 2015-2016 | 5 | 7, 19, 30, 35 |

11. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V—മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 115, 129 |

12. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I—കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2015-2016 | 5 | 2, 5, 10 |
| | 2016-2017 | 1 | 33 |

13. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XI—ഭക്ഷ്യം | 2016-2017 | 1 | 23 |

14. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII—സാമ്പത്തിക കാര്യങ്ങൾ | 2016-2017 | 1 | 1-12, 34-39, 54 |

(3) ലിസ്റ്റ്-3 പ്രകാരം

(ചട്ടം 236 (6) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| 1 | 2 | 3 |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2016-17 | ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ.) വകുപ്പ് |
| XII—പോലീസ് വിജിലൻസ് | 2016-17 | വിജിലൻസ് വകുപ്പ് |
| XVI—പെൻഷനും പലവകയും | 2016-17 | സൈനിക ക്ഷേമ വകുപ്പ് |
| | | പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് |
| | | പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ് |
| XXI—ഭവനനിർമ്മാണം | 2016-17 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് |
| XXIII—വാർത്താവിതരണവും പ്രചാരണവും | 2016-17 | വിവര പൊതുജന സമ്പർക്ക വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2016-17 | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് |
| XXIX—കൃഷി | 2016-17 | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം |
| | | സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് |
| | 2014-15 | പശ്ചിമഘട്ട സെൽ |
| XXXVII—വ്യവസായങ്ങൾ | 2016-17 | ഇലക്ട്രോണിക്സ് & വിവര സാങ്കേതി വിദ്യാ വകുപ്പ് |
| | | സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് |

| | | |
|---|---|---|
| XLI —ഗതാഗതം | 2013-14 | ഗതാഗത വകുപ്പ് |
| | 2014-15 | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് |
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2016-2017 | പൊതുഭരണ (സൈനികക്ഷേമം) |

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2016-2017 | നിയമ വകുപ്പ് |
| III—നീതിന്യായ നിർവ്വഹണം | 2016-2017 | നിയമ വകുപ്പ് |
| XXV—പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നോക്ക വിഭാഗങ്ങൾ/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2016-2017 | പിന്നോക്ക വിഭാഗ വികസന വകുപ്പ് |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVI—പെൻഷനും പലവകയും | 2012-13 | റവന്യൂ (ബി) വകുപ്പ് |
| XXI—ഭവന നിർമ്മാണം | 2016-17 | ഭവന നിർമ്മാണ വകുപ്പ് |

4. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI—ജില്ലാഭരണവും പലവകയും | 2011-2012 | റവന്യൂ (ദേവസ്വം) വകുപ്പ് |
| XX—ശുദ്ധജല വിതരണവും ശുചീകരണവും | 2011-2012 | റവന്യൂ (ദേവസ്വം) വകുപ്പ് |
| XLII—വിനോദസഞ്ചാരം | 2016-2017 | വിനോദസഞ്ചാര വകുപ്പ് |

5. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V—കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 2016-2017 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX— വൈദ്യുത പദ്ധതികൾ | 2016-2017 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |

6. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII—വ്യവസായങ്ങൾ | 2016-2017 | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |

| | | |
|---|---|---|
| | | സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് |
| | | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) |
| | | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| | | കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾ |
| XXXVII—വ്യവസായങ്ങൾ | 2015-2016 | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് |
| | | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2014-2015 | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് & ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | സെയിൽ - എസ്.സി.എൽ കേരള ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2013-14 | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |

| | | |
|---|---|---|
| XXXVII—വ്യവസായങ്ങൾ | 2012-2013 | പബ്ലിക്ക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| | | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2011-12 | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| | | സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ് |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| | | കേരള സിറാമിക്സ് ലിമിറ്റഡ് |
| XXXVII—വ്യവസായങ്ങൾ | 2010-11 | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് (റിയാബ്) |
| | | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |

| | | |
|---|---|---|
| | | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) |
| | | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| | | കേരള സിറാമിക്സ് ലിമിറ്റഡ് |

7. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് /സ്ഥാപനം |
| XXXI— മൃഗസംരക്ഷണം | 2016-17 | മൃഗസംരക്ഷണ വകുപ്പ് |

8. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് /സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2012-13 | ഉന്നത വിദ്യാഭ്യാസ വകുപ്പ് |
| | 2013-14 | |
| | 2014-15 | |

9. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VIII—എക്സൈസ് | 2016-17 | കേരള സംസ്ഥാന എക്സൈസ് വകുപ്പ് |
| XVIII—വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2014-15 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| | 2015-16 | |
| | 2016-17 | |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2011-12 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് കേരള |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2012-13 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് കേരള, തൊഴിൽ വകുപ്പ് |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2013-14 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് കേരള, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2014-15 | നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസ് കേരള, ഫാക്ടറീസ് & ബോയിലേഴ്സ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി |

| | | |
|---|---|---|
| | | തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, |
| | | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്സ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| XXIV—തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2016-17 | കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ |

| | | |
|---|---|---|
| | | തൊഴിലാളി ക്ഷേമ നിധി ബോർഡ്, കേരള കർഷത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൊഴിൽ വകുപ്പ്, കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ബോർഡ് |

10. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് /സ്ഥാപനം |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2016-17 | ആരോഗ്യ കുടുംബക്ഷേമ വകുപ്പ് |
| XIX—കുടുംബക്ഷേമം | | |
| XX—ശുദ്ധജലവിതരണവും ശുചീകരണവും | | |
| XXX—ഭക്ഷ്യം | | |

11. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി | 2016-17 | സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ, കേരള |
| | | വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരള |
| | | കേരള കാർഷിക സർവ്വകലാശാല |

12. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV—പൊതുമരാമത്ത് | 2016-17 | പൊതുമരാമത്ത് വകുപ്പ് |

13. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXX—ഭക്ഷ്യം | 2016-17 | ഭക്ഷ്യ-പൊതു വിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

14. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II—സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2016-17 | ധനകാര്യ വകുപ്പ് |
| X—ട്രഷറികളും അക്കൗണ്ടുകളും | 2016-17 | ട്രഷറി വകുപ്പ്,<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് |
| XI—ജില്ലാ ഭരണവും പലവകയും | 2016-2017 | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് |
| XVI—പെൻഷനും പലവകയും | 2016-2017 | ധനകാര്യ (പെൻഷൻ) വകുപ്പ് |
| | | ധനകാര്യ (ലോൺസ്) വകുപ്പ് |
| XLIII—നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 2016-2017 | ധനകാര്യ (എസ്.എഫ്.സി. സെൽ എ) വകുപ്പ് |
| XLV—പലവക വായ്പകളും മുൻകൂറുകളും | 2016-2017 | ധനകാര്യ (ലോൺസ്) വകുപ്പ് |
| | | ധനകാര്യ (എച്ച്.ബി.എ.) വകുപ്പ് |
| XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2016-2017 | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് |
| XXXVII —വ്യവസായങ്ങൾ | 2016-17 | കയർ വികസന വകുപ്പ് |

# VI ക്രമപ്രശ്നം

## (1) ചട്ടങ്ങളുടെ രൂപീകരണം

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, മൂന്ന് ആക്ടുകളുമായി ബന്ധപ്പെട്ട ക്രമപ്രശ്നങ്ങളാണ് ഉന്നയിക്കാനുള്ളത്. ഒന്നാമതായി, 2015-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല ആക്ട്. ടെക്നിക്കൽ എഡ്യൂക്കേഷൻ എല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരാൻവേണ്ടി രൂപീകരിച്ചിട്ടുള്ള ആക്ടാണിത്. ഇതിന്റെ സ്റ്റാറ്റ്യൂട്ടുകളുടെ അഭാവത്തിൽ ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം ഇന്ന് അവതാളത്തിലാണ്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസം എല്ലാംകൂടി ഒരു കുടക്കീഴിൽ കൊണ്ടുവന്നു. ഇതിന്റെ Chapter V-ൽ കൃത്യമായി പറയുന്നത്, സ്റ്റാറ്റ്യൂട്ടുകൾ ഇല്ലെങ്കിൽ ഈ യൂണിവേഴ്സിറ്റിക്ക് പ്രവർത്തിക്കാൻ കഴിയില്ല, ഡിഗ്രി കൊടുക്കാൻ കഴിയില്ല എന്നാണ്. ഇന്ന് ഡിഗ്രി കൊടുക്കുന്നില്ല, മറ്റ് മീറ്റിംഗുകൾ ചേരുന്നില്ല. ഗവേണിംഗ് കൗൺസിൽ ചേരാൻ കഴിയുന്നില്ല. സർവ്വകലാശാല-യിലെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും നിർവ്വചിക്കേണ്ടത് സ്റ്റാറ്റ്യൂട്ടിലാണ്. ഓണററി ബിരുദങ്ങൾ, പദവികൾ, ബഹുമതികൾ എന്നിവ നൽകുന്നതിനും ബിരുദദാന സമ്മേളനം നടത്തുന്നതിനും സ്റ്റാറ്റ്യൂട്ട് വേണം. 2015-ൽ ആക്ട് വന്നെങ്കിലും 2018 ആയിട്ടും സ്റ്റാറ്റ്യൂട്ട് ആയിട്ടില്ല. സർവ്വകലാശാല വകുപ്പുകൾ, സ്ഥാപനങ്ങൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, ഉന്നത പഠനസ്ഥാപനങ്ങൾ, ഗവേഷണത്തിനോ വിദഗ്ദ്ധ പഠനങ്ങൾക്കോ വേണ്ടിയുള്ള കേന്ദ്രങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനവും നടത്തിപ്പും എന്നിവയ്ക്കെല്ലാം സ്റ്റാറ്റ്യൂട്ട് വേണം. സർവ്വകലാശാല ജീവനക്കാരുടെ സീനിയോറിറ്റിയും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന തത്വങ്ങൾ, there is no statute at all. സർവ്വകലാശാലയുടെ അധികാര സ്ഥാപനങ്ങളിലെയോ, നികായങ്ങളിലെയോ, സമിതികളിലെയോ അംഗങ്ങളെ അയോഗ്യരാക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥ എന്നിങ്ങനെ ഒരുപാട് കാര്യങ്ങൾ ഇതിലുണ്ട്. ഒരു യൂണിവേഴ്സിറ്റി പ്രവർത്തിക്കണമെങ്കിൽ അതിന്റെ സ്റ്റാറ്റ്യൂട്ട് നിർബന്ധമാണ്. അതുപോലെ കോളേജുകൾ അഫിലിയേറ്റ് ചെയ്യുന്നതിനും പിൻവലിക്കുന്നതിനുമുള്ള വ്യവസ്ഥകൾക്കും സ്റ്റാറ്റ്യൂട്ട് ആവശ്യമാണ്. വൈസ്ചാൻസലറുടെ സേവന വ്യവസ്ഥകൾക്കും സ്റ്റാറ്റ്യൂട്ട് ആയിട്ടില്ല. വ്യക്തികളിൽ നിന്നോ സംഘടനകളിൽ നിന്നോ ട്രസ്റ്റുകൾ, മരണശാസനങ്ങൾ, സംഭാവനകൾ, എൻഡോവ്മെന്റുകൾ, ഗ്രാന്റുകൾ എന്നിവ സ്വീകരിക്കണമെങ്കിലും സ്റ്റാറ്റ്യൂട്ടിൽ വ്യവസ്ഥകൾ വേണം. അതും വന്നിട്ടില്ല. ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർവ്വകലാശാലയുടെ ആദ്യ സ്റ്റാറ്റ്യൂട്ട് സർക്കാർ ഉണ്ടാക്കേണ്ടതാണ്. അതുകൊണ്ട് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടുകൾ അടിയന്തരമായി രൂപീകരിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ : രണ്ട് ആക്ട് സംബന്ധിച്ചും ഒരുമിച്ച് അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, വ്യത്യസ്ത മന്ത്രിമാരാണ് മറുപടി പറയേണ്ടത്.

മി. സ്പീക്കർ : അതിന് കുഴപ്പമില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഭക്ഷ്യഭദ്രതാ നിയമം, ഇന്ത്യ കണ്ട ഏറ്റവും സാമൂഹ്യ പ്രതിബദ്ധതയുള്ള നിയമനിർമ്മാണങ്ങളിൽ ഒന്നാണ്. ഇതിന്റെ സെക്ഷൻ 40 പ്രകാരം അത്യാവശ്യ ചട്ടങ്ങൾ ഇതുവരെയും പുറപ്പെടുവിക്കുകയോ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയോ ചെയ്തിട്ടില്ല. കേന്ദ്ര നിയമമാണെങ്കിലും റൂൾസ് രൂപീകരിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണെന്നാണ് നിയമത്തിൽ പറയുന്നത്. 2013-ൽ പാസ്സാക്കിയ നിയമത്തിന് 2018 ആയിട്ടും റൂൾസില്ല. സെക്ഷൻ 40-ൽ ഒന്നുരണ്ടു കാര്യങ്ങൾ കൂടി പറയാം. റൂൾസ് ഉണ്ടാകേണ്ടതിന്റെ ആവശ്യകത രാജ്യത്ത് പൊതുവിതരണവുമായി ബന്ധപ്പെട്ട് നമുക്ക് ബോദ്ധ്യമാകും. Power of State Government to make rules.- (1)" The State Government may, by notification, and subject to the condition of previous publication, and consistent with this Act and the rules made by the Central Government, make rules to carry out the provisions of this Act. ആക്ട് carry out ചെയ്യണമെങ്കിൽ റൂൾസ് നിർബന്ധമാണ്.

മാത്രമല്ല, (2) (b) Internal grievance redressal mechanism under section 14; ഇതിന് ഇതുവരെ റൂൾസ് വന്നിട്ടില്ല. (d) Method and terms and conditions of appointment of the District Grievance Redressal Officer under sub-section (3) of section 15; ഇതിനും ഓർഡർ ഉണ്ടായിട്ടില്ല.

ഞാൻ ഒന്നുകൂടി വായിച്ച് ഇത് അവസാനിപ്പിക്കാം. (3) Every rule, notification and guidelines made or issued by the State Government under this Act shall, as soon as may be after it is made or issued, be laid before each House of the State Legislature where there are two Houses, and where there is one House of the State Legislature, before that House. ഇതുകൂടാതെ ഇതിന്റെ റൂളുണ്ടാക്കി 165 ദിവസത്തിനുള്ളിൽ സഭയുടെ മേശപ്പുറത്ത് നിർബന്ധമായും വയ്ക്കണമെന്നും പറയുന്നുണ്ട്. എൻ.എഫ്.എസ്.എ. ആക്ട് വളരെ പ്രധാനപ്പെട്ടതാണ്. അത് ജനങ്ങൾക്ക് പൊതുവിതരണ സമ്പ്രദായത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തേണ്ടതിനും ഉള്ളതാണ്.

മി. സ്പീക്കർ : അങ്ങയുടെ പോയിന്റ് വളരെ ക്ലിയറാണ്. നിയമം ഉണ്ടാക്കുമ്പോൾ ചട്ടം ഉണ്ടാക്കുന്നില്ല എന്നാണ് അങ്ങ് പറയുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, സമയക്കുറവുള്ളതുകൊണ്ടാണ് ചുരുക്കിപ്പറയുന്നത്. മേശപ്പുറത്ത് വയ്ക്കണമെന്ന് പ്രത്യേകം പറഞ്ഞിട്ടും ഇതുവരെയും നടപ്പായിട്ടില്ല എന്ന കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

മൂന്നാമത്തെ ആക്ട്, കേരള സംസ്ഥാന യുവജന കമ്മീഷനാണ്. വളരെയേറെ താൽപ്പര്യമെടുത്ത് യുവാക്കളുടെ ശാക്തീകരണത്തിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുംവേണ്ടി 2014-ൽ പാസ്സാക്കിയ ഈ ആക്ടിനും ഇതുവരെ ചട്ടങ്ങൾ ഉണ്ടായിട്ടില്ല. ചട്ടങ്ങളില്ലാതെ ആക്ട് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയില്ല. ഇത് അങ്ങ് പലതവണ റൂൾ ചെയ്തിട്ടുള്ളതാണ്. ഈ നിയമത്തിൽ പേജ് 10, 11-ൽ പരാമർശിച്ചിട്ടുള്ള യോഗത്തിന്റെ നടത്തിപ്പ്, സെക്രട്ടറിയുടെ കർത്തവ്യങ്ങൾ, വാർഷിക കണക്കിന്റെയും റിപ്പോർട്ടിന്റെയും ഫോറം തുടങ്ങിയവയെല്ലാം ചട്ടങ്ങളിലൂടെയാണ് വരുന്നത്. ഈ ആക്ട് ഇംപ്ലിമെന്റ് ചെയ്യുന്നതിന് ചട്ടം എത്രമാത്രം പ്രസക്തമാണെന്ന് ചൂണ്ടിക്കാണിക്കാൻ വേണ്ടി പറഞ്ഞതാണ്. ബോർഡ്, ജീവനക്കാർ എന്നിവരുടെ വേതന വ്യവസ്ഥകളൊന്നുമില്ല. അതുകൊണ്ട് യുവജനങ്ങളുമായി ബന്ധപ്പെട്ട, വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനം എന്നുള്ള നിലയിൽ 2014-ലെ ആക്ടിന്റെ റൂൾസ് രൂപീകരിക്കാനുള്ള നിർദ്ദേശം കൂടി ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, സാങ്കേതിക സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിന്റെ കരട് നിയമവകുപ്പ് പരിശോധിച്ചിരുന്നു. നിയമവകുപ്പിന്റെ പരിശോധനയിൽ ചില അപാകതകൾ കണ്ടെത്തിയതിനാൽ അത് പരിഹരിച്ച് പുതുക്കിയ കരട് ലഭ്യമാക്കാൻ സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നു. രജിസ്ട്രാർ ലഭ്യമാക്കിയ പുതുക്കിയ കരടിൽ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തി കരട് സ്റ്റാറ്റ്യൂട്ട് തയ്യാറാക്കാൻ രജിസ്ട്രാറോട് വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേരള റേഷനിംഗ് ഓർഡർ 1966, TPDS (Control) Order എന്നിവ പ്രകാരമാണ് സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം പ്രവർത്തിച്ച് വന്നിരുന്നത്. 2013-ൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയ സാഹചര്യത്തിൽ, സംസ്ഥാന ഭക്ഷ്യ ഭദ്രതാ നിയമത്തിന്റെ കരട് ചട്ടങ്ങൾ തയ്യാറായിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമം അടിസ്ഥാനപരമായി നടപ്പാക്കുന്നതിനുള്ള പ്രാഥമിക വ്യവസ്ഥകളും നിർദ്ദേശങ്ങളും ഭക്ഷ്യഭദ്രതാ നിയമത്തിലും 2015-ലെ കേന്ദ്ര ടി.പി.ഡി.എസ്. ഓർഡറിലും അടങ്ങിയിട്ടുണ്ട്. അതനുസരിച്ചാണ് സംസ്ഥാനങ്ങൾ പ്രാരംഭജോലികൾ നിർവ്വഹിച്ച് നിയമം പ്രാവർത്തികമാക്കിയത്. ആക്ടിന്റെ സെക്ഷൻ 101 (b)-ൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രൊവൈസോ പ്രകാരമാണ് സംസ്ഥാനങ്ങൾ ഇക്കാര്യങ്ങൾ

സമയബന്ധിതമായി നടപ്പാക്കേണ്ടിയിരുന്നത്. ആക്ടിന്റെ 40 (1) (2) പ്രകാരം സംസ്ഥാനങ്ങൾ ചട്ടങ്ങൾ രൂപീകരിക്കാൻ ബാദ്ധ്യതപ്പെട്ടിരിക്കുന്നു. അതനുസരിച്ച് രൂപീകരിച്ച സമിതി കരട് ചട്ടങ്ങൾ സർക്കാരിന് സമർപ്പിക്കുകയും ആയത് 2016 ജനുവരി 23-ന് പൊതുജനാഭിപ്രായം ലഭിക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം ചെയ്യുകയും ലഭിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ച് ആവശ്യമായ ഭേദഗതി വരുത്തി, വിവിധ വിഭാഗങ്ങളുമായുള്ള ആശയസംവാദത്തിനുശേഷം തയ്യാറാക്കിയ കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ പരിശോധനയ്ക്കു ശേഷമുള്ള ഭേദഗതി നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചിട്ടപ്പെടുത്തി തയ്യാറാക്കി മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കാനുള്ള അനുമതി തേടിയിരിക്കുകയാണ്. മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചാലുടൻ സെക്ഷൻ 40 (3) അനുശാസിക്കും പ്രകാരം ഒട്ടും താമസം കൂടാതെ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരള സംസ്ഥാന യുവജന കമ്മീഷൻ, 2012 നവംബർ ഒന്നിലെ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്നു. 2014 ഫെബ്രുവരി 14-നാണ് യുവജന കമ്മീഷൻ ആക്ട് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത ആക്ടിലെ 18-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനായി തയ്യാറാക്കിയ കരട് ചട്ടങ്ങൾ നിയമവകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് അയച്ചിരുന്നു. 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട് 4-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം കമ്മീഷൻ ചെയർപേഴ്സൺ, ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയുള്ള ഉദ്യോഗസ്ഥനാണ്. ഈ വകുപ്പുപ്രകാരം ടിയാന്റെ ശമ്പളം സർക്കാർ ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ ടിയാന്റെ പദവി കണക്കിലെടുത്തുകൊണ്ട് സർക്കാർ ശമ്പളവും ആനുകൂല്യങ്ങളും സർക്കാർ ചട്ടങ്ങളിൽത്തന്നെ നിർദ്ദേശിക്കേണ്ടതുണ്ടെന്നും കാലാകാലങ്ങളിൽ സർക്കാരിന് പുതുക്കാമെങ്കിലും ആയത് എപ്രകാരമായിരിക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യേണ്ടതാണെന്നും നിയമവകുപ്പ് അഭിപ്രായപ്പെട്ടു. അതനുസരിച്ച് ചെയർപേഴ്സന്റെ ശമ്പളം ധനകാര്യ വകുപ്പ് നിർണ്ണയിച്ച് നൽകിയിട്ടുള്ളതാണ്. രണ്ട് മാസത്തിനുള്ളിൽ ചട്ടങ്ങൾ രൂപീകരിച്ച് സഭയുടെ മേശപ്പുറത്ത് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

### (2) ചട്ടങ്ങൾ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലെ കാലതാമസം

ശ്രീ. എം. ഉമ്മർ : സർ, ചട്ടങ്ങൾ മേശപ്പുറത്ത് വയ്ക്കുന്നതിൽ നാല് വർഷത്തെ ഡിലേ സംഭവിച്ചുവെന്നാണ് ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പറഞ്ഞത്. ഇതിൽ 24 വർഷത്തെ ഡിലേയാണ് ഉണ്ടായിട്ടുള്ളത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടപ്രകാരം "ഭരണഘടനയോ, പാർലമെന്റിന്റെ ഒരു ആക്റ്റ് വഴി സംസ്ഥാന സർക്കാരിനോ അല്ലെങ്കിൽ സഭ ഒരു സബോർഡിനേറ്റ് അതോറിറ്റിക്കോ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരമോ ഉപയോഗിച്ച് ഉണ്ടാക്കപ്പെട്ട റെഗുലേഷനുകൾ,

ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവയെല്ലാം ഭരണഘടനയിലോ പ്രസക്ത ആക്റ്റിലോ വിനിർദ്ദേശിക്കപ്പെട്ട കാലയളവിലേക്ക് നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്" എന്നാണ്. 127/2011, 82/2011, 35/2011 എന്നീ എസ്.ആർ.ഒ.-കൾ ഏഴ് വർഷത്തിനുശേഷം 24-1-2018-ലാണ് സഭയുടെ മേശപ്പുറത്തുവച്ചത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, കേരള മുനിസിപ്പാലിറ്റി ആക്റ്റ് എന്നിവ നിലവിൽ വന്നിട്ട് 24 വർഷം പിന്നിട്ടിരിക്കുകയാണ്. ഏഴുവർഷങ്ങൾക്കുശേഷം രൂപീകരിച്ച ചട്ടങ്ങളാണ് ഇപ്പോൾ സഭയുടെ മേശപ്പുറത്തുവച്ചത്. 2011-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ 2018-ൽ മേശപ്പുറത്ത് വയ്ക്കുന്നത് സഭയോടുള്ള അനാദരവാണ്. എസ്.ആർ.ഒ. നടപ്പിലാക്കി ഏഴ് വർഷം കഴിഞ്ഞ് ഒരു പരിശോധന നടത്തിയതുകൊണ്ട് എന്ത് പ്രയോജനമാണുമുള്ളത്? നിയമസഭയോട് അക്കൗണ്ടബിലിറ്റിയുള്ള, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം അലംഭാവം നിയമനിർമ്മാണത്തിന് ഒട്ടും ആശാസ്യമല്ല. കാലവിളംബം കൂടാതെ ചട്ടങ്ങൾ സഭയുടെ മേശപ്പുറത്തുവച്ചെങ്കിൽ മാത്രമേ ജനങ്ങൾക്ക് ഹാനികരമായ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനോ റദ്ദാക്കുവാനോ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം യഥാവിധിയാണോ നിർവ്വഹിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ. ഇത്തരം പ്രവണതകൾ ആവർത്തിക്കാൻ പാടില്ലാത്തതാണ്. ഇങ്ങനെ കാലതാമസത്തോടുകൂടി സഭയിൽ വയ്ക്കുകയാണെങ്കിൽ ഡിലേയ്ക്ക് എക്സ്പ്ലനേഷൻ ഉണ്ടാകണം. 'പ്രസ്തുത വിജ്ഞാപനങ്ങൾ സഭയുടെ മേശപ്പുറത്തുവയ്ക്കാനായി അയച്ച് കൊടുത്തിരുന്നെങ്കിലും ആയത് സമയബന്ധിതമായി സമർപ്പിച്ചിട്ടില്ലെന്നും അവ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി കാലതാമസ പത്രിക ലഭ്യമാക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും അറിയിച്ചിരുന്നു. പ്രസ്തുത വിജ്ഞാപനങ്ങൾ നിയമസഭ മുമ്പാകെ സമർപ്പിക്കാനുണ്ടായ കാലതാമസം മന;പൂർവ്വമല്ല എന്ന വിവരവും ഇപ്രകാരം സംഭവിക്കാതിരിക്കാൻ ഭാവിയിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതാണെന്നും സഭയെ ബോധിപ്പിക്കാവുന്നതാണ് എന്നുള്ളതാണ് മറുപടി. ഇതൊക്കെ നിയമസഭയോട് ചെയ്യുന്ന അങ്ങേയറ്റത്തെ അനാദരവാണ്. അങ്ങും അങ്ങയുടെ മുൻഗാമികളും വളരെ ശക്തമായ റൂളിംഗുകൾ നൽകിയിട്ടും ഇതൊക്കെ അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. പഞ്ചായത്തി രാജ് നിയമമെന്നത് ഭരണഘടനാ ഭേദഗതി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണ്. അതിൽ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, ഉദ്യോഗസ്ഥരുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ തുടങ്ങിയ സാധാരണക്കാരെ ബാധിക്കുന്ന നിരവധി അടിസ്ഥാന പ്രശ്നങ്ങൾ 24 വർഷത്തിനുശേഷം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ എന്ത് കാര്യമാണുള്ളത്? നിയമസഭയെ അവഹേളിക്കുക, നിയമസഭാ സാമാജികർക്ക് ഇവ പരിശോധിക്കാനുള്ള അവസരങ്ങൾ നഷ്ടപ്പെടുത്തുക എന്നുള്ളതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയർ നിരന്തരം റൂളിംഗുകൾ നൽകിയിട്ടും ഫലം കാണുന്നില്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവിനെ, ഉദ്യോഗസ്ഥരെ നിയമസഭ മുമ്പാകെ വിളിച്ചുവരുത്തി ശാസിക്കാനോ നടപടിയെടുക്കാനോ ഉള്ള അധികാരം

ഉപയോഗപ്പെടുത്തണം. ഇതിനൊരു അവസാനം കാണണം. ഇത് ഗവൺമെന്റിന്റേയോ അല്ലെങ്കിൽ ഒരു മന്ത്രിയുടേയോ കുറ്റമായിട്ടല്ല, സഭയോടും നിയമനിർമ്മാണത്തോടുമുള്ള അനാദരവായിട്ടാണ് ഞങ്ങൾ കാണുന്നത്. അങ്ങ് ഈ പ്രശ്നം ഗൗരവമായെടുത്ത് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ക്രമപ്രശ്നം ഗൗരവപൂർവ്വമുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 14-2-2011-ൽ പ്രസിദ്ധീകരിച്ച കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011, 25-1-2011-ൽ പ്രസിദ്ധീകരിച്ച 2011-ലെ കേരള മുനിസിപ്പാലിറ്റി ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ, 14-1-2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ എന്നിവ 2011-ലാണ് പ്രസിദ്ധീകരിച്ചതെങ്കിലും 2018-ലാണ് സഭയിൽ സമർപ്പിച്ചതെന്നാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചിരിക്കുന്നത്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 7-6-2011-ൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി അയച്ചുകൊടുത്തിരിക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2011-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ 12-5-2011-ൽ സഭയുടെ മേശപ്പുറത്തുവയ്ക്കാനായി അയച്ചുകൊടുത്തതായാണ് രജിസ്റ്ററിൽ കാണുന്നത്. പ്രസ്തുത എസ്.ആർ.ഒ.-കൾ സഭയുടെ മേശപ്പുറത്ത് വച്ചിട്ടില്ലെന്നും ആയത് വയ്ക്കുന്നതിനായി ഡിലേ സ്റ്റേറ്റുമെന്റ് ലഭ്യമാക്കണമെന്നും നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും 12-10-2017-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് ഡിലേ സ്റ്റേറ്റുമെന്റിന്റെ 150 പകർപ്പുകൾ വീതം 17-1-2018-ലെ കത്ത് പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിച്ചിരുന്നു. ഡിലേ സ്റ്റേറ്റുമെന്റ് മാത്രമാണ് 2018-ൽ സമർപ്പിച്ചത്. ചട്ടങ്ങൾ 2011-ൽ ബഹുമാനപ്പെട്ട സഭ മുമ്പാകെ സമർപ്പിച്ചിരുന്നു. തദ്ദേശസ്വയംഭരണ വകുപ്പിലാണോ നിയമസഭാ സെക്രട്ടേറിയറ്റിലാണോ കുറ്റകരമായ ഈ കാലതാമസം ഉണ്ടായതെന്ന് പരിശോധിച്ച് ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ : ചട്ടം 303 പ്രകാരം ശ്രീ. എൻ. ഷംസുദ്ദീനും ശ്രീ. എം. ഉമ്മറും വളരെ പ്രസക്തമായ രണ്ട് ക്രമപ്രശ്നങ്ങളാണ് സഭ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളത്. ഈ വിഷയങ്ങൾ സംബന്ധിച്ച് നിരവധി തവണ സഭ മുമ്പാകെ ഉയർന്നു വന്നിട്ടുള്ളതും വ്യക്തവും ശക്തവുമായ റൂളിംഗുകൾ ചെയറിൽനിന്നും ഉണ്ടായിട്ടുള്ളതുമാണ്. 14-ാം കേരള നിയമസഭയിൽത്തന്നെ ഒന്നിലേറെ തവണ സഭ മുമ്പാകെ ഇക്കാര്യം ഉന്നയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശക്തമായ റൂളിംഗ് നൽകിയിട്ടുണ്ട്. എന്നിട്ടും ഇത് ആവർത്തിക്കുന്നു എന്നത് നിർഭാഗ്യകരമാണ്. ഇക്കാര്യത്തിൽ ചെയർ കടുത്ത അസംതൃപ്തി പ്രകടിപ്പിക്കുന്നു. നിയമങ്ങൾ നിർമ്മിച്ചതിനുശേഷം

ചട്ടങ്ങളുണ്ടാക്കുന്നതിൽ കാണിക്കുന്ന കാലതാമസം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. സർക്കാർ കാര്യം മുറപോലെ എന്ന രീതി നിയമസഭയോട് കാണിക്കുന്നത് അടിയന്തരമായി അവസാനിപ്പിക്കണമെന്ന് ചെയർ ഒരിക്കൽക്കൂടി പറയാൻ ആഗ്രഹിക്കുന്നു.

ഇപ്പോൾ സൂചിപ്പിക്കപ്പെട്ട 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല നിയമം, 2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ട്, കേന്ദ്ര നിയമമായ 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാനിയമം എന്നിവ പ്രകാരം സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നിർമ്മിക്കേണ്ട ചട്ടങ്ങൾ നാളിതുവരെ നിർമ്മിക്കാതിരുന്നതു സംബന്ധിച്ചാണ് ഇപ്പോൾ ശ്രീ. എൻ. ഷംസുദ്ദീൻ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട മന്ത്രിമാർ ഇക്കാര്യം സംബന്ധിച്ച് കാലതാമസം ഉണ്ടായതിനുള്ള വിശദീകരണവും നൽകിയിട്ടുണ്ട്. വിശദീകരണം വ്യക്തമാണെങ്കിലും എവിടെയാണ് കാലതാമസത്തിന് കാരണക്കാർ എന്ന് കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട മന്ത്രിമാർക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കണം എന്നുകൂടി ചെയർ ഓർമ്മപ്പെടുത്തുകയാണ്.

നമുക്കൊക്കെ അറിയാവുന്നതുപോലെ നിയമനിർമ്മാണം എന്ന പ്രകിയ കേവലം ഒരു ബിൽ സഭ പാസ്സാക്കി നിയമമായി പ്രസിദ്ധീകരിക്കുക എന്ന കർത്തവ്യത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ആ നിയമത്തിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി ആവശ്യമായ ചട്ടങ്ങൾ കൂടി സമയബന്ധിതമായി നടപ്പാക്കുമ്പോൾ മാത്രമാണ് പ്രാഥമികമായി ആ കർത്തവ്യം പൂർണ്ണമാകുന്നത്. തുടർന്നുള്ള പ്രവർത്തനവും അതോടൊപ്പം പ്രധാനപ്പെട്ടവ തന്നെയാണ്. എന്നാൽ സുപ്രധാനമായ ചട്ടങ്ങൾ നിർമ്മിക്കുന്ന കാര്യത്തിൽ കാലതാമസം വരുന്നു എന്നത് ആവർത്തിച്ചുവരുന്ന ഒരു പ്രവണതയായി മാറിയിരിക്കുന്നു. ഈ പ്രവണത സംബന്ധിച്ച് എന്തൊക്കെ വിശദീകരണങ്ങൾ പറയാമെങ്കിലും അതൊന്നും ന്യായീകരിക്കുവാൻ കഴിയുന്നതല്ല. ചട്ടങ്ങൾ സമയബന്ധിതമായി തയ്യാറാക്കിയാൽത്തന്നെ അവ കരട് രൂപത്തിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ വയ്ക്കേണ്ടതും സമിതിയുടെ അംഗീകാരം വാങ്ങേണ്ടതുമുണ്ട്. എന്നാൽ നമുക്ക് മനസ്സിലാക്കാവുന്ന ഒരു കാര്യം, നിലവിൽ നമ്മുടെ സബ്ജക്ട് കമ്മിറ്റികളൊക്കെത്തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്. അവിടെ കാലതാമസം വരുന്നില്ല. സബ്ജക്ട് കമ്മിറ്റി മുമ്പാകെ വരുന്ന കരട് ചട്ടങ്ങളൊക്കെത്തന്നെ സമയബന്ധിതമായി പരിഗണിച്ച് നൽകുന്ന കാര്യത്തിൽ സബ്ജക്ട് കമ്മിറ്റി ഊർജ്ജിതമായി പ്രവർത്തിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് ഇത്തരത്തിലുള്ള കാലതാമസമൊന്നും ഇപ്പോൾ നിയമസഭയിൽ അനുഭവപ്പെടുന്നില്ല എന്നത് അഭിമാനകരമാണ്.

എന്നാൽ കരട് ചട്ടങ്ങൾ സമയബന്ധിതമായി രൂപീകരിക്കുന്ന കാര്യത്തിൽ ഇവിടെ ചൂണ്ടിക്കാണിച്ച പ്രത്യേക നിയമങ്ങളുടെ കാര്യത്തിലും മറ്റ് നിയമങ്ങളുടെ കാര്യത്തിലും കാലതാമസം ഉണ്ടായിട്ടുണ്ട് എന്നതും അത് ഒഴിവാക്കേണ്ടതാണ് എന്നതും വസ്തുതകളായിരിക്കെ ഇതുസംബന്ധിച്ച് സഭാതലത്തിൽ വീണ്ടും വീണ്ടും ക്രമപ്രശ്നങ്ങൾ

ഉയർന്നുവരുന്നത് ഒട്ടും അഭികാമ്യമായ കാര്യങ്ങളല്ല. ഈ സാഹചര്യത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട നിയമങ്ങൾക്കുള്ള ചട്ടങ്ങൾ സംബന്ധിച്ച എല്ലാ നടപടികളും ഒരു മാസത്തിനകം പൂർത്തീകരിക്കണമെന്നും അതുസംബന്ധിച്ച് ഒരു റിപ്പോർട്ട് ചെയറിന് ലഭ്യമാക്കണമെന്നും മനഃപൂർവ്വമായ വീഴ്ച ആരുടെയെങ്കിലും ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ തക്കതായ നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. എം. ഉമ്മർ ചട്ടം 303 പ്രകാരം ഇവിടെ ഉന്നയിച്ചത് അതിലേറെ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി ജനുവരി 24-ാം തീയതി സഭയുടെ മേശപ്പുറത്ത് വച്ച ചില എസ്.ആർ.ഒ.കൾ വളരെ കാലപ്പഴക്കം ചെന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇക്കാര്യം ചെയർ വിശദമായി പരിശോധിച്ചു. 2008, 2011, 2012, 2016 വർഷങ്ങളിലായി പുറപ്പെടുവിച്ച പന്ത്രണ്ടോളം എസ്.ആർ.ഒ.കൾ വളരെ കാലതാമസം വരുത്തിയാണ് സഭയുടെ മേശപ്പുറത്ത് വച്ചിരിക്കുന്നത്. ഇത് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഏറെ ഗുരുതരമായതും അംഗങ്ങളുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ ഒരു നടപടി തന്നെയാണ് എന്ന കാര്യത്തിൽ രണ്ടഭിപ്രായമില്ല. നിയമനിർമ്മാണ പ്രക്രിയയെത്തന്നെ അപഹാസ്യമാക്കുന്ന ഒരവസ്ഥയാണ് സംഭവിച്ചിരിക്കുന്നത്.

സ്റ്റാറ്റ്യൂട്ടറി ഡോക്യുമെന്റുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച് നമ്മുടെ സഭയിൽ വ്യക്തമായ ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ട്. എന്നുമാത്രവുമല്ല, ഇക്കാര്യങ്ങൾ സമഗ്രമായി പരിശോധിക്കുന്നതിനായി ഒരു നിയമസഭാസമിതി തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നിട്ടും ഇത്രയും കാലതാമസം എന്തുകൊണ്ടുണ്ടായി എന്നത് ചെയറിനെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യം തന്നെയാണ്. ഏതായാലും നിയമസഭാ സെക്രട്ടേറിയറ്റിൽ ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് ചെയർ പരിശോധിക്കുന്നതാണ്. അതോടൊപ്പം ഇതുസംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണമെന്നും കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കണമെന്നും മേലിൽ ഒരു കാരണവശാലും ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുവാൻ കർശന നടപടികൾ സ്വീകരിക്കണമെന്നും അതുസംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

## VII റിപ്പോർട്ട് സമർപ്പണം

### പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ആറ് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## VIII ധനകാര്യം

മി. സ്പീക്കർ : ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച ആരംഭിക്കുകയാണ്. ഒരു വിഭാഗം നിയമസഭാംഗങ്ങൾക്ക് വളരെ അത്യാവശ്യമായ ഒരു പരിപാടിയിൽ പങ്കെടുക്കാനുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഇന്ന് എല്ലാവരും നിശ്ചിത സമയത്തിനുള്ളിൽനിന്ന് സംസാരിക്കാൻ പരമാവധി സഹകരിക്കണം. നിശ്ചയിച്ചിട്ടുള്ള സമയത്തിൽ കുറവ് വരുത്താൻ കഴിയുന്നവർ അങ്ങനെ ചെയ്യണമെന്നും അഭ്യർത്ഥിക്കുകയാണ്.

## 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച (തുടർച്ച)

ശ്രീ. പി. ഉണ്ണി : സർ, 2018 ഫെബ്രുവരി 2-ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാരിന്റെ നോട്ട് നിരോധനത്തിന്റെയും ജി.എസ്.ടി.-യുടെയും ഫലമായി കേരളം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ക്ഷാമകാലത്താണ് ധനകാര്യ വകുപ്പുമന്ത്രി ഈ ക്ഷേമ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള തികച്ചും ജനകീയമായ ഒരു ബഡ്ജറ്റാണെന്ന് രാഷ്ട്രീയ എതിരാളികൾപോലും സമ്മതിക്കുന്ന ബഡ്ജറ്റാണിത്. ഓഖി പ്രകൃതി ദുരന്തം ഏൽപ്പിച്ച കനത്ത ആഘാതത്തിന്റെ ഞെട്ടലിൽനിന്നും നാം തികച്ചും മുക്തരായി എന്നുപറയാൻ കഴിയാത്ത സന്ദർഭത്തിലാണ് ഈ ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. സ്വാഭാവികമായും തീരദേശവാസികളുടെ തകർന്ന ജീവിത സ്വപ്നങ്ങൾക്ക് നിറം പകരുന്നതിനും ആത്മവിശ്വാസം കൊടുക്കുന്നതിനും വിലമതിക്കാനാകാത്ത ധനസഹായം ഈ ബഡ്ജറ്റിൽ ചേർത്ത ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. തീരദേശ പുനരുദ്ധാരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും കണ്ണീരൊപ്പാൻ 2000 കോടി രൂപ എന്നതിനുപുറമെ കിഫ്ബിയിലെ നിക്ഷേപം ഉപയോഗിച്ച് 900 കോടി രൂപയുടെ വികസന പദ്ധതികളും നടപ്പിലാക്കുമെന്നത് ഒരു ഇച്ഛാശക്തിയുടെ പ്രതിഫലനമായിട്ടാണ് ഞാൻ കാണുന്നത്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഐശ്വര്യ കേരളത്തിനായുള്ള കരുത്തുറ്റ ചുവടുവയ്പാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

ഇടതുപക്ഷ കാഴ്ചപ്പാടിന്റെ പ്രതിഫലനമാണ് ഈ ബഡ്ജറ്റെന്ന് ഞാൻ കരുതുന്നു. മധ്യപ്രദേശ് ഉൾപ്പെടെയുള്ള വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ധാരാളം ആക്രമണങ്ങൾ നടക്കുന്നതായി മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. 'സ്ട്രെക്ചർ നൽകിയില്ല, നടന്നു നീങ്ങവെ പെറ്റുവീണ കുഞ്ഞ് മരിച്ചു' - മധ്യപ്രദേശിലെ ബേഡൂൾ ജില്ലാ ആശുപത്രിയിലാണ് ഈ സംഭവമുണ്ടായത്.

എന്നാൽ സ്ത്രീകളോടും കുട്ടികളോടും നമ്മുടെ സർക്കാരിന്റെ സമീപനം തികച്ചും വ്യത്യസ്തമാണ്. ഈ ബഡ്ജറ്റ് സ്ത്രീ സൗഹൃദ ബഡ്ജറ്റാണ്, സ്ത്രീകളെ ബഹുമാനിക്കുന്നവരുടെ ബഡ്ജറ്റാണ്. സ്ത്രീ സൗഹൃദ ഗ്രാമം പദ്ധതി ഏറ്റെടുക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായത്തിനായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു. ആധുനിക വ്യവസായ മേഖലയിലെ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് പരിശ്രമിക്കുമെന്ന ഈ പ്രഖ്യാപനം സ്ത്രീ സൗഹൃദ സർക്കാർ എന്ന പ്രതിച്ഛായയ്ക്ക് തിളക്കം വർദ്ധിപ്പിക്കുന്നതാണ്. അതിനായി 20 കോടി രൂപ വകയിരുത്തുന്നു എന്നത് പ്രഖ്യാപനങ്ങൾ പാഴ്‌വാക്കാകില്ല എന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ തൊഴിലാളി മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ പുരുഷ തൊഴിലാളികൾക്ക് പ്രവർത്തന മികവിന്റെ പേരിൽ അംഗീകാരം എന്ന നിലയിൽ തൊഴിലാളി ശ്രേഷ്ഠ അവാർഡ് പ്രഖ്യാപിക്കും എന്ന് പറയുന്നുണ്ട്. ഇതിൽ വീഴ്ച വരുത്താതെ, പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണം ഇന്നിന്റെ ബാധ്യതയാണെന്ന തിരിച്ചറിവ് മഹത്തരമാണ്. ഓരോ സ്ത്രീയും സുരക്ഷിതയായിരിക്കണ മെന്ന കരുതലോടെ ഇന്ത്യയ്ക്കുതന്നെ മാതൃകയായിരിക്കുകയാണ് നമ്മുടെ കേരളം. ഒറ്റയ്ക്കും കൂട്ടായും നഗരങ്ങളിൽ ആവശ്യങ്ങൾക്കായി എത്തപ്പെടുന്ന സ്ത്രീകൾക്ക് ഷീ ലോഡ്ജുകൾ എന്നത് തികച്ചും മാതൃകാപരവും ഇതര സംസ്ഥാനങ്ങൾക്ക് അനുകരണീയവുമാണ്. സ്ത്രീ ശക്തിയുടെ കൂട്ടായ്മയായ കുടുംബശ്രീക്ക് 200 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2018-19 വർഷം അയൽക്കൂട്ടവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ഒറ്റപ്പാലം ശ്രീകൃഷ്ണപുരത്ത് സ്ത്രീ ശക്തിയുടെ ഒരു വിജയഗാഥ - ലാഭനഷ്ടക്കണക്ക് നിരത്തി നെൽകൃഷി നടത്തുന്നവർക്ക് ഒരു ഗുണപാഠം നൽകിക്കൊണ്ട് ഈ മണ്ഡലത്തിലെ മണ്ണമ്പറ്റ-ചെങ്കൻകോട് പാടശേഖരത്തിൽ സ്ത്രീ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന നെൽകൃഷി ഒരു മാതൃകയായിരുന്നു. കുടുംബശ്രീ അയൽക്കൂട്ടം, തൊഴിലുറപ്പ് പ്രവർത്തകരുടെ നേതൃത്വത്തിൽ നാല് ഏക്കർ സ്ഥലത്ത് വിളവിറക്കുകയുണ്ടായി. പഴയ തലമുറയിൽപ്പെട്ട പാറുക്കുട്ടി അമ്മയും അവരുടെ സംഘാടനത്തിൽ പുതിയ തലമുറയിലെ സുനിതയും ബീനയും ചേർന്ന് പൊന്മണി വിത്തിറക്കി കൃഷി ചെയ്തു. നെൽകൃഷി നഷ്ടമല്ല, ലാഭമാണെന്നാണ് ഈ സംഘം അനുഭവത്തിൽനിന്നും പറയുന്നത്. ജീവിതത്തിന്റെയും സമൂഹത്തിന്റെയും സമസ്ത മേഖലകളിലും കടന്നുകയറി വിജയഗാഥ രചിക്കുന്ന കുടുംബശ്രീ പ്രവർത്തകരെ അഭിനന്ദിക്കാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ വിവിധ പദ്ധതികളുടെ പുരോഗതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിലയിരുത്തുകയുണ്ടായി. 2018 ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം 64 ശതമാനമാണ് പദ്ധതി ചെലവ്. നമ്മുടെ രാജ്യത്ത് ലക്ഷത്തിൽ 100 പേർക്ക് കാൻസർ രോഗം ഉണ്ടാകുന്നു എന്നാണ് കണക്ക്. എന്നാൽ കേരളത്തിൽ ലക്ഷത്തിൽ 180 പേരാണ് അർബുദ രോഗികൾ. 2011-ലെ കണക്കുപ്രകാരം

പാലക്കാട് ജില്ലയിൽ 4000 മുതൽ 5000 രോഗികൾ വരെ അർബുദ രോഗത്തിന് ചികിത്സ തേടുന്നതും മരണം മുന്നിൽക്കണ്ട് കഴിയുന്നവരുമാണ്. 2017 ആകുമ്പോൾ കാൻസർ രോഗികളുടെ എണ്ണം ഇരട്ടിയിലധികം വർദ്ധിക്കാനാണ് സാധ്യത. സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അർബുദ ചികിത്സാ കേന്ദ്രം തുടങ്ങുമെന്ന പ്രഖ്യാപനം അർബുദം ബാധിച്ച രോഗികൾക്ക് ഏറെ ആശ്വാസകരമാണ്. ക്യാൻസറിനും മറ്റ് മാരക രോഗങ്ങൾക്കും ജനിതക മരുന്നുകളും വ്യക്തിഗത ചികിത്സാ രീതികളും വികസിപ്പിക്കാൻ തിരുവനന്തപുരം ബയോപാർക്കിൽ പുതിയ സംരംഭം തുടങ്ങുവാൻ നടപടി സ്വീകരിച്ചതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അനുമോദിക്കുന്നു. മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.-യുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതുൾപ്പെടെ, ആരോഗ്യ-ചികിത്സാ മേഖലയിൽ കൂടുതൽ പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് ആരോഗ്യ രംഗത്തോടുള്ള കേരള സർക്കാരിന്റെ പ്രതിബദ്ധതയെ സൂചിപ്പിക്കുന്നു. ധനകാര്യ വകുപ്പുമന്ത്രിയോട് ഇതിന് പ്രത്യേകമായി നന്ദി പറയുന്നു. ഓരോ പഞ്ചായത്തിലും വയോജനങ്ങൾക്ക് സാന്ത്വനം നൽകുന്നതിനും സാമൂഹിക ജീവിതം ഉറപ്പുവരുത്തുന്നതിനും പാലിയേറ്റീവ് നെറ്റ്‌വർക്ക് ഉപയോഗപ്പെടുത്തുമെന്ന പ്രഖ്യാപനം മുതിർന്ന പൗരന്മാർക്കും അർഹിക്കുന്ന പരിഗണന നൽകിയെന്നതിന്റെ ഉത്തമ ഉദാഹരണമാണ്. സ്ത്രീകൾ പഠിക്കേണ്ടതില്ല എന്നത് പഴയകാല ചിന്തയും പഠിച്ചിട്ട് കാര്യമില്ല എന്നത് പഴയകാല സങ്കൽപ്പവുമാണ്. സ്ത്രീകളെ അടുക്കളയുടെ ഉപകരണമായാണ് പഴയകാലത്ത് കണ്ടിരുന്നത്. ബഡ്ജറ്റിൽ ഉന്നത വിദ്യാഭ്യാസത്തിന് 789 കോടി രൂപ വകയിരുത്തിയതിലൂടെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിച്ചിരിക്കുകയാണ്. ഇതിനുപുറമെ ഐ.റ്റി.ഐ.-കളുടെ ആധുനികവൽക്കരണത്തിനായി 55 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയതായി ആരംഭിച്ച 5 എഞ്ചിനീയറിംഗ് കോളേജുകൾക്ക് തുല്യമായി 42 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അതോടൊപ്പം നിലവിലുള്ള മറ്റ് എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലത്തിന്റെ കേന്ദ്രമായ ഒറ്റപ്പാലം നിരവധി സിനിമാ നടിമാരും സിനിമാ രംഗത്ത് പ്രവർത്തിക്കുന്നവരും കലാകാരന്മാരുമുള്ള പ്രദേശമാണ്. എന്നാൽ ഒറ്റപ്പാലത്ത് ഒരു സിനിമാ റിലീസിംഗ് തീയേറ്റർ ഇല്ല. മുൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റും തുടർന്നുവന്ന യു.ഡി.എഫ്. ഗവൺമെന്റും രണ്ട് ഘട്ടങ്ങളിലായി അവിടെ ഫിലിംസിറ്റി ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നു. ആദ്യം ഇടതുപക്ഷ ഗവൺമെന്റ് 50 ലക്ഷം രൂപയും പിന്നീടുവന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒരു ലക്ഷം രൂപയും ഇതിനുവേണ്ടി നീക്കിവച്ചിരുന്നു. എന്നാൽ ഇതിന്റെ പ്രവർത്തനം ഇതുവരെയും ആരംഭിച്ചിരുന്നില്ല. ഈ ബഡ്ജറ്റിൽ ഒറ്റപ്പാലത്ത് ഫിലിം സിറ്റിയെന്ന പേരിൽ ഒരു ഫിലിം കോംപ്ലക്സ് ആരംഭിക്കുന്നതിന് തീരുമാനിച്ചതിൽ പ്രത്യേക അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു. ഞാൻ പുതിയ എം.എൽ.എ. ആണെങ്കിലും പഴയ ആളാണ്. അതുകൊണ്ട് സമയത്തിന്റെ

കാര്യത്തിൽ കുറച്ച് കനിവ് കാണിക്കണം. കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിദ്യാഭ്യാസ യജ്ഞം, വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള ഉണർവ് ഉണ്ടാക്കിയിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 138 സ്കൂളുകൾക്ക് ഭരണാനുമതി ലഭിക്കുകയും കിഫ്ബി-യിൽ നിന്നും ധനസഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടിയിലൂടെ വിദ്യാഭ്യാസ മേഖലയുടെ രക്ഷകനായി മാറാൻ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ ജന്മാവകാശമാണ്. ഇത് ആധുനിക കാലത്തിന് യോജിച്ച രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നത് മഹത്തരമാണ്. ഈ ബഡ്ജറ്റിനെ എല്ലാ നിലയിലും പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റിൽ ഒന്നുമില്ലെന്ന് ഞാൻ പറയുകയില്ല. അങ്ങ് അവതരിപ്പിച്ച മൂന്നാമത്തെ ബഡ്ജറ്റാണിത്. കഴിഞ്ഞ രണ്ട് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ കയ്യടിച്ചവർ ഇന്നിപ്പോൾ വിഷമിച്ചിരിക്കുകയാണ്. അതുകൊണ്ട് എന്ത് നടക്കും എന്നറിയാതെ അതിനെക്കുറിച്ച് പറയുന്നില്ല. ഡോ. ടി. എം. തോമസ് ഐസക് കള്ളം പറയുമെന്ന് ഞാൻ പറയുകയില്ല. പക്ഷെ, കണക്കുകളൊക്കെ അനുകൂലമായ രീതിയിൽ വളച്ചൊടിക്കുന്നതിൽ സമർത്ഥനാണ്. സാമൂഹ്യപെൻഷന്റെ കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 5 വർഷത്തെ ശരാശരി 1680 കോടി രൂപ; 2011-ൽ 13.9 ലക്ഷംപേർ സാമൂഹ്യപെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്നെങ്കിൽ, യു.ഡി.എഫ്. ഭരണത്തിന്റെ 5 വർഷംകൊണ്ട് 42.4 ലക്ഷമായി അത് വർദ്ധിച്ചു. അഞ്ചാമത്തെ വർഷത്തെ ചെലവ് 5030 കോടി രൂപയായിരുന്നു. അങ്ങ് ഇവിടെ പറഞ്ഞത് 1680 കോടി രൂപയെന്നാണ്. അത് കള്ളമാണെന്ന് ഞാൻ പറയുകയില്ല. അഞ്ച് കൊല്ലത്തെ ശരാശരിയെടുത്ത് അഞ്ചാമത്തെ കൊല്ലം അതായത് 2015-16-ൽ 5030 കോടി രൂപയായിരുന്നു ചെലവ്. അത് മറച്ചുവെച്ച് അങ്ങ് ചാർജെടുത്ത ഉടൻതന്നെ സാമൂഹ്യപെൻഷൻ ഇത്രയും കൂടിയതിന്റെ അസ്വസ്ഥത കാണിച്ചു. അത് ഈ പാവപ്പെട്ടവരോട് വേണമായിരുന്നോ; ജി.ഒ. എം.എസ്.34/2017/ഫിൻ. ഉത്തരവുപ്രകാരം രണ്ട് പെൻഷൻ വാങ്ങാൻ പാടില്ലെന്ന് പറഞ്ഞു. അത് വലിയ പാപമാണോ? ഒരു വിധവ പെൻഷൻ, ഒരു വാർദ്ധക്യകാല പെൻഷൻ കിട്ടിയ ആൾ കശുവണ്ടി ക്ഷേമനിധിയിലോ, കയർ ക്ഷേമനിധിയിലോ തയ്യൽത്തൊഴിലാളി ക്ഷേമനിധിയിലോ അംഗമാണെങ്കിൽ 400 രൂപയോ 600 രൂപയോ കിട്ടിയാൽ അതിൽ തെറ്റുണ്ടോ? ആ അസ്വസ്ഥത ശരിയല്ല. ശക്തമായ പ്രതിഷേധം വന്നപ്പോൾ അങ്ങത് പിൻവലിച്ചു. പിൻവലിച്ചതിനകത്ത് ഒരസ്വസ്ഥത, രണ്ടാമത്തെ പെൻഷൻ 600 രൂപയിൽ കൂടാൻ പാടില്ലെന്ന് നിബന്ധന വച്ചു. 400 രൂപകൂടി അവർക്ക്

കിട്ടിയാൽ അത് ബുദ്ധിമുട്ടാകുമോ? ആ ഒരു സമീപനം ശരിയല്ല. ഇപ്പോൾ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് നിബന്ധനകൾക്ക് വിധേയമായി ഈ പെൻഷൻ കുറയ്ക്കുമെന്നാണ്. ഒരിക്കലും അങ്ങനെ ചെയ്യരുത്, അത് വലിയ പാപമാണ്. മാത്രമല്ല, വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനുമൊക്കെ കിട്ടുന്നവരുടെ വീടിന്റെ അളവ് നോക്കിയും അവർക്ക് ഒരു കാർ ഉണ്ടെന്ന പേരിലും പെൻഷൻ നിഷേധിക്കരുത്. ചിലപ്പോൾ അതൊക്കെ അവരുടെ മക്കൾക്കുള്ളതായിരിക്കും. അവർക്ക് സ്വന്തമായി മരുന്ന് വാങ്ങാൻ വേണ്ടിയുള്ള തുകയാണ് പെൻഷൻ. വരുമാനപരിധി നിശ്ചയിക്കുന്നതുപോലും പെൻഷൻ കൈപ്പറ്റുന്ന ആളിന്റെ വരുമാനം ആയിരിക്കണം, അല്ലാതെ ആ കുടുംബത്തിന്റേത് ആകരുത്. ഇങ്ങനെയുള്ള നിബന്ധനകൾ വച്ചുകൊണ്ട് പെൻഷൻ കുറയ്ക്കാൻ ശ്രമിക്കരുത്. 13.9 ലക്ഷത്തിൽനിന്ന് 35 ലക്ഷമായത് ഞങ്ങൾ എങ്ങനെ കുറയ്ക്കാമെന്നല്ല, എങ്ങനെ ആനുകൂല്യങ്ങൾ കൂടുതൽ നൽകാമെന്ന് ചിന്തിച്ചതുകൊണ്ടാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങയുടെ ഭരണം തുടങ്ങിയ കാലത്ത് വരുമാനപരിധി ഒരു ലക്ഷം രൂപയായിരുന്നതിനെ മൂന്ന് ലക്ഷം രൂപയായി ഉയർത്തിയപ്പോൾ പെൻഷൻ വാങ്ങുന്നവരുടെ എണ്ണവും 14 ലക്ഷത്തിൽനിന്ന് 32 ലക്ഷമായി ഉയർന്നു. ഈ രീതിയിലുള്ള പെൻഷൻ വർദ്ധനവ് അനർഹരായ ആളുകൾ ഉപയോഗപ്പെടുത്തുന്നുവെന്ന് പറഞ്ഞ് പൂർവ്വസ്ഥിതി പുനഃസ്ഥാപിച്ചുകൊണ്ട് ഒരു ലക്ഷം രൂപയായി വരുമാനം പരിമിതപ്പെടുത്തി ഒരു ഉത്തരവിറക്കിയില്ലേ? അതിന്റെ അടിസ്ഥാനത്തിൽ 14 ലക്ഷത്തിൽനിന്ന് 32 ലക്ഷത്തിനുള്ളിൽ വന്നവരെ മുഴുവൻ പരിശോധിക്കാൻ ഉത്തരവിൽ തീരുമാനിച്ചില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, എന്റെ കയ്യിൽ ഓർഡറുണ്ട്. ഓർഡറിൽ ഇവരെ സഹായിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. വിധവകൾക്ക് വിധവാ പെൻഷൻ കൊടുക്കണമെങ്കിൽ അവർ പുനർവിവാഹം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. അങ്ങനെയൊരു സർട്ടിഫിക്കറ്റ് ഒരു വില്ലേജ് ഓഫീസിൽനിന്നും കൊടുക്കില്ല. കാരണം, ഇവർ പുനർവിവാഹം ചെയ്തോ ഇല്ലയോ എന്ന് അവർക്ക് അറിയില്ല. അതുകൊണ്ട് സെൽഫ് അറ്റസ്റ്റേഷൻ മതിയെന്ന് തീരുമാനിച്ചു. അതായത് 'ഞാൻ പുനർ വിവാഹം കഴിച്ചിട്ടില്ല' എന്ന് അവർ തന്നെ സ്റ്റേറ്റ്മെന്റ് കൊടുത്താൽ മതി. അതുപോലെതന്നെ ആൺമക്കളുള്ളവർക്ക് പെൻഷൻ കൊടുക്കാൻ പാടില്ല എന്നൊരു നിബന്ധനയുണ്ടായിരുന്നു. പക്ഷേ ആൺമക്കളുണ്ടെങ്കിലും പെൻഷൻ കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ള ഓർഡറാണ് എന്റെ കയ്യിലിരിക്കുന്നത്. എങ്ങനെ കൂടുതൽപേർക്ക് പെൻഷൻ കൊടുക്കാമെന്നാണ് ഞങ്ങൾ ആലോചിച്ചത്. യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് നിശ്ചയിച്ചിരുന്ന വരുമാനപരിധി ഒരു ലക്ഷം രൂപ എന്നുള്ളതാണ് ഇപ്പോഴും നിലനിൽക്കുന്നത്. അങ്ങനെയാണ് 13.9 ലക്ഷം എന്നുള്ളത് 35 ലക്ഷമായി ഉയർന്നത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഒരു ലക്ഷം രൂപയായിരുന്ന വരുമാനപരിധിയെ അങ്ങ് മൂന്നുലക്ഷമായി ഉയർത്തി. അപ്പോൾ ആളുകളുടെ എണ്ണം 14 ലക്ഷത്തിൽനിന്നും 32 ലക്ഷമായി ഉയർന്നു. അതിനെത്തുടർന്ന് അങ്ങ് ഒരുലക്ഷം രൂപയുടെ വരുമാനപരിധി പുനഃസ്ഥാപിച്ചുകൊണ്ട് ഉത്തരവിറക്കി എന്നാണ് ഞാൻ പറഞ്ഞത്.

ഡോ. എം. കെ. മുനീർ : സർ, 25,000 രൂപ എന്നുള്ളതാണ് മൂന്നു ലക്ഷം രൂപയായി ഉയർത്തിയത്. 25,000 രൂപ എന്നത് മൂന്നു ലക്ഷം രൂപ എന്നാക്കണമെന്നുള്ള പ്രൊപ്പോസൽ വന്നു. പക്ഷേ അത് ഒരു ലക്ഷം രൂപയായി നിജപ്പെടുത്തി. അപ്പോൾ 25,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുകയുമാണ് ചെയ്തിട്ടുള്ളത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, നാളത്തെ മറുപടി പ്രസംഗത്തിൽ ഞാൻ ആ ഉത്തരവ് ഹാജരാക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമ്മൾ പരമാവധി ലിബറലൈസ് ചെയ്യുകയാണ് ചെയ്തത്. അതായത് വരുമാനപരിധി 25000/-രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തി. പഞ്ചായത്തുകൾക്കും അവസരം കൊടുത്തതുകൊണ്ടാണ് 35.8 ലക്ഷം, ഏതാണ്ട് മൂന്നിരട്ടിയോളം ആയിട്ടുള്ളത്. യു.ഡി.എഫ്. ന്റെ ഭരണ കാലത്ത് 634 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി ചെയ്തു. 38 കുട്ടികൾക്ക് സാങ്ഷൻ കൊടുത്തു. ഈ ഗവൺമെന്റ് വന്ന് രണ്ടുവർഷത്തിനുള്ളിൽ 90 കുട്ടികൾക്കു മാത്രമേ സാങ്ഷൻ കൊടുത്തിട്ടുള്ളൂ. നിങ്ങൾ സാങ്ഷൻ കൊടുത്ത 90-ഉം യു.ഡി.എഫ്. ന്റെ കാലത്ത് സാങ്ഷൻ കൊടുത്ത 38-ഉം ചേർത്ത് 128 പേർക്കാണ് നിങ്ങളുടെ കാലത്ത് ഇംപ്ലാന്റേഷൻ നടത്തിയത്. ഇന്ന് ആരോഗ്യമേഖലയിൽ ഒരു പുതിയ കണ്ടുപിടുത്തം വന്നിരിക്കുന്നു. നാമൊന്ന് ശ്രദ്ധിച്ചാൽ നമ്മുടെ സമൂഹത്തിൽ ഇനി ബധിര-മൂക കുട്ടികളുണ്ടാകില്ല. ആ പാവപ്പെട്ട കുടുംബങ്ങൾക്ക് ഭാരിച്ച ചെലവ് വഹിക്കാൻ സാധിക്കില്ല. അവരെ സഹായിക്കണം, അത് പ്രത്യേകമായി മോണിറ്റർ ചെയ്യണം. അതുപോലെ ഓപ്പറേഷൻ ചെയ്ത കുട്ടികൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകളുണ്ട്. അതിന്റെ അപ്ഗ്രഡേഷനുമായിട്ടുള്ള ചില പ്രശ്നങ്ങളുണ്ട്. അത് പ്രത്യേകം ശ്രദ്ധിച്ച് പരിഹാരമുണ്ടാക്കണം. നമ്മുടെ സമൂഹത്തിൽ മെന്റലി ചലഞ്ച്ഡ്, സെറിബ്രൽ പാൾസി, ഓട്ടിസം എന്നിവ ബാധിച്ചവർക്ക് ഏറ്റവുമധികം പരിഗണന വേണ്ടതാണ്. ആ കുട്ടികളുടെ സ്കൂളുകൾക്കുള്ള ഗ്രാന്റ് 13 കോടിരൂപയിൽനിന്നും 40 കോടിരൂപയായി വർദ്ധിപ്പിച്ചുവെന്നൊരു അനൗൺസ്മെന്റ് സഭയിൽ നടത്തിയപ്പോൾ ഭരണകക്ഷി അംഗങ്ങൾ ഭയങ്കരമായി കയ്യടിച്ചു. അതിന്റെ കാര്യം അങ്ങേയ്ക്കുമാത്രം അറിയാം. വിദ്യാഭ്യാസരംഗത്ത് നടക്കുന്ന ഏറ്റവും വലിയ അനീതി അവസാനിപ്പിക്കാനാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനമെടുത്തത്. പ്ലസ് ടു വരെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം കൊടുക്കുക എന്നതാണ് ആ തീരുമാനം. പക്ഷേ, ഒരു വിഭാഗം

കുട്ടികൾ മാത്രം ഫീസ് കൊടുത്ത് പഠിക്കണം, അല്ലെങ്കിൽ ആരുടെയെങ്കിലും ഔദാര്യത്തിൽ പഠിക്കണം. അവരാണ് മെന്റലി ചലഞ്ച്ഡ്, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ചിട്ടുള്ള കുട്ടികൾ. അവരുടെ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കാൻ തീരുമാനിച്ചു. അപ്പോൾ ശക്തമായ എതിർപ്പുവന്നു. ആകെ 288 സ്കൂളുകളുള്ളതിൽ ഒരു സ്കൂൾ മാത്രമേ ഗവൺമെന്റിനുള്ളൂ, ബാക്കി 287 സ്കൂളുകളുംകൂടി ഒന്നിച്ച് എയ്ഡഡ് ആക്കിയാലുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഉദ്യോഗസ്ഥർ ചൂണ്ടിക്കാണിച്ചു. ഈ കുട്ടികൾ സാധാരണ കുട്ടികളായിരുന്നെങ്കിൽ ഇവരെ പഠിപ്പിക്കേണ്ട ബാധ്യത ഗവൺമെന്റിനില്ലേയെന്ന് ഞാൻ അവരോട് ചോദിച്ചു. പിന്നെ അവർ പ്രകടിപ്പിച്ച വികാരം ഉൾക്കൊണ്ടുകൊണ്ട് മൂന്ന് സ്റ്റേജാക്കി മാറ്റി. ആദ്യം 100 കുട്ടികൾ പഠിക്കുന്ന സ്കൂളുകളും പിന്നീട് 50 കുട്ടികൾ പഠിക്കുന്ന സ്കൂളുകളും അവസാനം 25 കുട്ടികൾ പഠിക്കുന്ന സ്കൂളുകളും എയ്ഡഡ് ആക്കാനും 25 കുട്ടികളിൽ താഴെയുള്ള സ്കൂളുകൾക്ക് പ്രത്യേക ഗ്രാന്റ് കൊടുക്കാനും തീരുമാനിച്ചു. 100 കുട്ടികളിൽ കൂടുതലുള്ള 33 സ്കൂളുകൾ എയ്ഡഡ് ആക്കിക്കൊണ്ടുള്ള ഓർഡർ ഇറക്കി. നിങ്ങൾ ഇപ്പോഴും അവർക്ക് സാങ്ഷൻ കൊടുക്കുന്നില്ല. അത് ശരിയാണോ? ഇപ്പോൾ നിങ്ങൾ എയ്ഡഡ് ആക്കുന്ന നിർദ്ദേശം തള്ളിക്കളയുകയാണ്. എന്നിട്ട് 13 കോടിരൂപ കൊടുത്തു കൊണ്ടിരിക്കുന്നത് 40 കോടിരൂപയാക്കാം എന്നു പറയുന്നു. അങ്ങനെ ചെയ്യുന്നത് ഏറ്റവും വലിയ തെറ്റാണ്. അതുകൊണ്ട് നിശ്ചയമായും ആ തീരുമാനം മാറ്റി ആവശ്യമായ നടപടി സ്വീകരിക്കണം.

മറ്റൊരു പ്രധാനപ്പെട്ട വിഷയം ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്നത്, റേഷൻ രംഗത്ത് ഫുഡ് സെക്യൂരിറ്റി ആക്ട് വന്നത് ഇന്ത്യയുടെ വലിയൊരു മാറ്റമാണ്. പക്ഷെ കേരളത്തിനുമാത്രം അത് ഗുണം ചെയ്തില്ല, ദോഷമാണുണ്ടായത്. കാരണം, സ്റ്റാറ്റ്യൂട്ടറി റേഷൻ സിസ്റ്റം നമ്മൾ വളരെ നേരത്തെതന്നെ തുടങ്ങിക്കഴിഞ്ഞിരുന്നു. അതിൻപ്രകാരം 16 ലക്ഷം ടൺ അരി ലഭിക്കേണ്ട സ്ഥാനത്ത് ഇപ്പോൾ 14 ലക്ഷം ടൺ അരി മാത്രമേ ലഭിക്കുന്നുള്ളൂ. അന്നത്തെ യു.ഡി.എഫ് ഗവൺമെന്റ് അംഗങ്ങൾ യു.പി.എ. ഗവൺമെന്റിനോടും ബി.ജെ.പി. ഗവൺമെന്റിനോടും ഇത് പറ്റില്ലെന്ന് പറഞ്ഞു. കൂടാതെ ഞങ്ങൾ അവിടെ പോയി പ്രധാനമന്ത്രിയെ കണ്ട് നിരന്തരമായി ഫൈറ്റ് ചെയ്തുകൊണ്ട് 2016 സെപ്റ്റംബർ വരെ 16 ലക്ഷം ടൺ അരി ലഭിച്ചു. ഇപ്പോൾ അത് 14 ലക്ഷം ടണ്ണാക്കിക്കുറച്ചു. അപ്പോൾ നോൺ പ്രയോറിറ്റി/നോൺ സബ്സിഡി ഗ്രൂപ്പിൽപ്പെട്ട 15,80,000 കുടുംബങ്ങൾക്ക് ഒരു മാസം ഒരു കുടുംബത്തിന് ഒരു കിലോ അരിയാണ് കിട്ടുന്നത്. എങ്ങനെയാണ് ഒരു കുടുംബം കഴിയുന്നത്? ഓപ്പൺ മാർക്കറ്റിൽ അരിക്ക് വില കൂടുതലാണ്. അതുകൊണ്ട് റേഷൻ വിഹിതം കൂട്ടിത്തന്നേ മതിയാകൂ എന്നുപറഞ്ഞ് നമുക്ക് ഒന്നിച്ചുനിന്ന് ഫൈറ്റ് ചെയ്യാം. അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുമുണ്ടാകും. കാരണം, നമ്മുടെ മുഖ്യ ആഹാരം അരിയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അക്കാര്യത്തിൽ നമുക്കൊന്നിച്ചുതന്നെ നിൽക്കാം. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്രത്തിൽനിന്നും കൂടുതൽ അരിവിഹിതം തന്നേ മതിയാകൂ എന്നുള്ള നിലപാടെടുക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സന്തോഷകരമായ ഒരു സമീപനമാണിത്. ഒരു കുടുംബത്തിന് ഒരു മാസം ഒരു കിലോ അരി കിട്ടിയിട്ട് എന്ത് ചെയ്യാൻ കഴിയും? നമുക്ക് കിട്ടാനുള്ളത് കിട്ടിയേ മതിയാകൂ. അതിനുവേണ്ടി ഒത്തൊരുമിച്ച് പ്രവർത്തിക്കാം. ഒരു അനീതികൂടി നിങ്ങളുടെ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അരിക്ക് ഒരു ശതമാനം നികുതിയുണ്ടായിരുന്നതിനെ എടുത്തുകളഞ്ഞു. പക്ഷെ നിങ്ങൾ വന്നതിനുശേഷം ബ്രാൻഡഡ് അരിക്ക് 5 ശതമാനം ടാക്സ് ഏർപ്പെടുത്തി. അങ്ങനെ ഒരിക്കലും ചെയ്യരുതെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ബ്രാൻഡഡ് അരി ഉപയോഗിക്കുന്നത് സമ്പന്നരായതുകൊണ്ട് 5 ശതമാനം ടാക്സ് ഇരിക്കട്ടെയെന്ന്. ഇപ്പോൾ എന്താണ് സംഭവിച്ചത്; ബ്രാൻഡഡ് അരിയും ലൂസ് അരിയും വിൽക്കുന്നത് ഒരേ കടയിലാണ്. ബ്രാൻഡഡ് അരിക്ക് വില കൂടിയപ്പോൾ ലൂസ് അരിക്കും വിലകൂടി. അപ്പോൾ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡി പറഞ്ഞു, നിങ്ങൾ അരിക്ക് ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് അത് ജി.എസ്.ടി.-യിലേയ്ക്ക് ഇരിക്കട്ടെയെന്ന്. ഇപ്പോൾ ജി.എസ്.ടി.-യിലും അരിക്ക് അഞ്ച് ശതമാനം ടാക്സ്. അതുകൊണ്ട് അടുത്ത കൗൺസിലിൽ പറഞ്ഞ് ടാക്സ് പിൻവലിക്കണം. ഒരു കാരണവശാലും അരിക്ക് ടാക്സ് പാടില്ല. അത് അംഗീകരിക്കാൻ കഴിയുന്ന കാര്യവുമല്ല.

ഓഖി ചുഴലിക്കാറ്റിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പക്ഷെ ഇവിടെ പലരും ഗവൺമെന്റ് ചെയ്ത കാര്യങ്ങളെക്കുറിച്ചൊക്കെ അഭിനന്ദിച്ചു പറഞ്ഞു. നിങ്ങൾ നിങ്ങളുടെ പാർട്ടി നേതാക്കന്മാരെക്കൂടി ഒന്ന് ഓർമ്മപ്പെടുത്തണം. ജില്ലാ സമ്മേളനങ്ങളിലൊക്കെ നടന്ന ചർച്ചകൾ പത്രങ്ങളിൽ വായിക്കുമ്പോൾ നിങ്ങൾക്കുണ്ടായ ബോധ്യം അവർക്കില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും നമുക്ക് വലിയൊരു ദുരന്തം സംഭവിച്ചു. ഇനിയെങ്കിലും ഇങ്ങനെയൊരു ദുരന്തം ഉണ്ടാകാതിരിക്കാനും മത്സ്യബന്ധനത്തിന് കടലിൽ പോകുന്നവർക്ക് സുരക്ഷിതമായി തിരിച്ചുവരാനും ഏത് പ്രതികൂല സാഹചര്യങ്ങളും അതിജീവിക്കാനും കഴിയുന്ന തരത്തിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തണം. അതിനെന്ത് ചെലവ് വന്നാലും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും വേണമെങ്കിൽ സാമൂഹ്യ പ്രതിബന്ധതയുള്ളവരുടെ സഹായവുംകൂടി തേടണം. നമ്മുടെ മത്സ്യത്തൊഴിലാളികളെ മരണത്തിലേയ്ക്ക് വലിച്ചെറിയുന്ന ഒരു സാഹചര്യമുണ്ടാകാൻ പാടില്ല. കഴിഞ്ഞ ദിവസം ഇവിടെ ആരോ പറഞ്ഞു, സുനാമി ഉണ്ടായപ്പോൾ ഇതിൽക്കൂടുതൽ ആളുകൾ മരിച്ചില്ലേയെന്ന്. ഒന്നോർക്കണം, സുനാമി ഉണ്ടായപ്പോൾ ഒരാളുപോലും കടലിൽ മരിച്ചില്ല. സമയത്തുതന്നെ മുന്നറിയിപ്പ് കൊടുത്തതുകൊണ്ട് ഒരാളുപോലും കടലിൽ പോയില്ല. കരയിലാണ് മരിച്ചത്. ഇനിയൊരിക്കലും ഇങ്ങനെയൊരു ദുരന്തം ഉണ്ടാകാതിരിക്കാൻ പ്രത്യേകമായി ശ്രദ്ധിച്ചേ മതിയാകൂ.

1.00 PM]

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന മാണിസാർ പ്രത്യേക താൽപ്പര്യമെടുത്ത് റബ്ബർ കർഷകർക്ക് 150 രൂപ ലഭിക്കുന്ന രീതിയിൽ കാർഷിക വിലസ്ഥിരതാരംഗത്ത് ഒരു മാതൃകയാക്കാവുന്ന ഏറ്റവും നല്ല സിസ്റ്റം കൊണ്ടുവന്നു. ആദ്യത്തെ വർഷം 300 കോടി രൂപയും രണ്ടാമത്തെ വർഷം 500 കോടി രൂപയും ഉൾപ്പെടെ 800 കോടി രൂപ ചെലവഴിച്ചു. ഇന്ന് വേണ്ടത്ര കാര്യക്ഷമതയോടുകൂടി അത് നടപ്പാകുന്നില്ല. അത് കാര്യക്ഷമതയോടുകൂടി നടപ്പാക്കുന്ന ഒരു രീതിയുണ്ടാകണം. അതുപോലെ റബ്ബർ കർഷകർക്ക് 150 രൂപ എന്നത് 200 രൂപയാക്കി വർദ്ധിപ്പിക്കണം. ഇന്ന് മാർക്കറ്റിൽ 121 രൂപ വിലയുണ്ട്. മാർക്കറ്റിൽ 90 രൂപ വരെ വന്നപ്പോഴും അന്നത്തെ ഗവൺമെന്റ് 150 രൂപ കൊടുത്തിരുന്നു. 150 രൂപ എന്നത് വർദ്ധിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പ്രകടന പത്രികയിൽ നിങ്ങളുടെ ഗവൺമെന്റ് വന്നാൽ കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ ലഭിക്കുന്നത് ഉറപ്പാക്കുമെന്ന് പറഞ്ഞു. പക്ഷേ രണ്ടുകൊല്ലമായി ഇപ്പോഴും ആലോചിക്കുന്നതേയുള്ളൂ. നിങ്ങൾ ആലോചിക്കുന്നത് സഹകരണ ബാങ്കിൽ നിന്ന് ലോണെടുക്കുന്നതിനെക്കുറിച്ചാണ്. അതിന് സ്ഥിരമായ ഒരു സംവിധാനമുണ്ടാക്കണ്ടേ? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 50 ശതമാനം തുക ഗവൺമെന്റ് വഹിക്കുന്നതിനും 50 ശതമാനം കെ.എസ്.ആർ.ടി.സി.-ക്ക് വഹിക്കാൻ സാധിക്കത്തക്ക വിധത്തിലുള്ള സംവിധാനമുണ്ടാക്കി. കെ.എസ്.ആർ.ടി.സി. പെൻഷൻ പൂർണ്ണമായും നൽകുന്നതിന് നടപടി സ്വീകരിക്കണം. പങ്കാളിത്ത പെൻഷനെ നിങ്ങൾ എത്രമാത്രം എതിർത്തു. നിങ്ങൾ വന്നാൽ ആദ്യം അത് തിരുത്തുമെന്നു പറഞ്ഞു, തിരുത്താൻ പറ്റിയോ? ഇതുവരെ തിരുത്തിയിട്ടില്ല. പഠിക്കാൻ കമ്മിറ്റിയെ വയ്ക്കുന്നുവെന്ന് ഇന്നലെ മറുപടിയിൽ പറഞ്ഞു. നിങ്ങൾക്ക് തിരുത്താൻ കഴിയില്ല. കാരണം, 20 വർഷം കഴിയുമ്പോൾ ഇന്നത്തെ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതിയാകും സംസ്ഥാന ഗവൺമെന്റിന്റെ കാര്യവും. അതുകൊണ്ട് കഴിയില്ല. പ്രായോഗിക സമീപനത്തിന് നിങ്ങൾ തയ്യാറാകണമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ബഡ്ജറ്റിൽ സ്പിന്നിംഗ് മിൽസിന് കാര്യമായ പാക്കേജ് ഇല്ല. ഇന്നത്തെ വ്യവസായങ്ങളിൽ വച്ച് ഏറ്റവുമധികം പ്രതിസന്ധി നേരിടുന്ന ഒന്നാണ് അത്. അക്കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അടയ്ക്കാ വ്യാപാരികൾക്ക് ഒരു ആംനസ്റ്റി സ്കീം അങ്ങ് പ്രഖ്യാപിച്ചു. അതുകൊണ്ട് ആ മേഖല രക്ഷപ്പെടുമോ? 100 കോടി രൂപയുണ്ടെന്ന് പറയുന്നു. 38 കോടി രൂപയും പൊതുമേഖലാ സ്ഥാപനമായ കാംകോയുടേതാണ്. അതുകൊണ്ട് അവർ പിരിക്കാത്ത നികുതിയെ അടയ്ക്കണമെന്ന് പറയുന്ന സാഹചര്യം ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോൺഗ്രസിന്റെ ജനപിന്തുണ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് ഇവിടെ പറഞ്ഞു. ജനാധിപത്യത്തിൽ ജയവും തോൽവിയുമുണ്ടാകും. ജയിച്ചാൽ അഹങ്കരിക്കരുത്, തോറ്റാൽ നിരാശപ്പെടരുത്. ഇതാണ് കോൺഗ്രസ് എന്നും ചെയ്തുകൊണ്ടിരിക്കുന്നത്. തോൽപ്പിച്ച ജനങ്ങളെ ഞങ്ങൾ ഇന്നുവരെ കുറ്റം പറഞ്ഞിട്ടില്ല. തോറ്റതിന്റെ കാരണം കണ്ടെത്തി അത് തിരുത്തി ജനങ്ങളോടൊപ്പം നിന്ന് വീണ്ടും ജനവിശ്വാസം ആർജ്ജിച്ച് തിരിച്ചുവരികയാണ് കോൺഗ്രസ് എന്നും സ്വീകരിച്ചിട്ടുള്ള സമീപനം. പശ്ചിമബംഗാളിൽ കോൺഗ്രസ് തോറ്റാൽ അത് വാർത്തയല്ല. പക്ഷേ പശ്ചിമബംഗാൾ 34 വർഷം അടക്കിവാണിരുന്ന നിങ്ങളുടെ സ്ഥിതി എന്താണ്? ഇപ്പോൾ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മൂന്നാം സ്ഥാനത്തായി. ഞങ്ങൾ അതിൽ ദുഃഖിക്കുന്നവരാണ്, ഒരിക്കലും സന്തോഷിക്കുന്നവരല്ല. ഇന്ന് ഇന്ത്യയിൽ നമ്മുടെ മുഖ്യശത്രു ബി.ജെ.പി.യാണ്, അതിൽ യാതൊരു സംശയവുമില്ല. കാരണം, 1984-ൽ കോൺഗ്രസ് ഇന്ത്യയിൽ വലിയ വിജയം നേടി. ബി.ജെ.പി.ക്ക് ലഭിച്ചത് വെറും രണ്ടു സീറ്റാണ്. വാജ്പേയിയും, ശ്രീ. അദ്വാനിയും ശ്രീ. മുരളീമനോഹർ ജോഷിയും തോറ്റു. എന്നിട്ടും ബി.ജെ.പി.മുക്തഭാരതമെന്ന് കോൺഗ്രസ് വിളിച്ചില്ല, അത് ജനാധിപത്യമല്ല. ശ്രീ. നരേന്ദ്രമോദിക്ക് 34 ശതമാനം വോട്ട് കിട്ടി ഭൂരിപക്ഷം ആയപ്പോൾ വിളിച്ച മുദ്രാവാക്യം കോൺഗ്രസ് മുക്തഭാരതം എന്നാണ്. ആ ഒരു സമീപനത്തോട് നമുക്ക് യോജിക്കാൻ കഴിയുമോ? ഇന്ന് രാജ്യത്തിന്റെ അടിസ്ഥാനഘടകങ്ങളെ ചോദ്യം ചെയ്തുകൊണ്ട് മതേതരത്വത്തിനെതിരെ ജനാധിപത്യം പിച്ചിച്ചീന്തിക്കൊണ്ട് പ്രവർത്തിക്കുകയല്ലേ. ഇന്ന് ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച സബ്മിഷനിൽ പറഞ്ഞ കാര്യം രാജ്യത്തൊട്ടാകെ നടക്കുകയല്ലേ. അതിനെ സംഘടിതമായി എതിർത്ത് പരാജയപ്പെടുത്തിയേ മതിയാകൂ. ബി.ജെ.പി.യാണ് ഇന്ന് ഇന്ത്യയിൽ ഏറ്റവും അധികം എതിർക്കപ്പെടേണ്ട രാഷ്ട്രീയശക്തിയെന്ന് കോൺഗ്രസ് വിശ്വസിക്കുന്നു. അതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ആ സംശയം മാറ്റാൻ എന്നെക്കൊണ്ട് കഴിയില്ല. കോൺഗ്രസിന്റെ ലക്ഷ്യവും ദൗത്യവും ഉത്തരവാദിത്വവും കോൺഗ്രസ് നിറവേറ്റും. മതേതരത്വ ജനാധിപത്യ ശക്തികളെ കൂട്ടിയിണക്കിക്കൊണ്ട് ബി.ജെ.പി.യെ അധികാരത്തിൽനിന്ന് മാറ്റുന്നതിനുവേണ്ടി ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ശ്രമങ്ങളുമായി മുന്നോട്ടുപോകും. കാലഘട്ടത്തിന്റെ വെല്ലുവിളികൾ മനസ്സിലാക്കുന്നവർ നിശ്ചയമായും ആ മൂവ്മെന്റിനോടൊപ്പം ഉണ്ടാകും. ചെറിയ അഭിപ്രായ വ്യത്യാസങ്ങളൊക്കെകാണും. ആ അഭിപ്രായ വ്യത്യാസങ്ങൾ ഉയർത്തേണ്ട അവസരമല്ല ഇത്. ഒരു പ്രത്യേക കാലഘട്ടത്തിന് അനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി കോൺഗ്രസ് മുന്നോട്ടുപോകും. കോൺഗ്രസിന് ഇന്നും ആത്മവിശ്വാസമുണ്ട്, ജനങ്ങളിൽ വിശ്വാസമുണ്ട്. ആ വിശ്വാസവുമായി മുന്നോട്ടുപോകുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. ബഡ്ജറ്റിനെ എതിർത്തുകൊണ്ട് പ്രതിപക്ഷ അംഗങ്ങൾ സംസാരിക്കുമ്പോൾ സാമൂഹ്യക്ഷേമ

പദ്ധതികളിൽ ഗവൺമെന്റ് എടുക്കേണ്ട നിലപാടുകളാണ് സൂചിപ്പിക്കുന്നത്. ദേശീയതലത്തിലെ രാഷ്ട്രീയം പരിശോധിക്കുമ്പോഴും ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇന്ത്യയിൽ ബി.ജെ.പി.യുടെ വളർച്ചയ്ക്ക് ആധാരമായ വിഷയങ്ങൾ, കോൺഗ്രസിന്റെ ഇന്നത്തെ രാഷ്ട്രീയ പരാജയം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുമ്പോഴും ജനങ്ങളിൽ നിന്ന് കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനം അകന്നുപോയതെന്തുകൊണ്ടാണെന്ന് പരിശോധിക്കണം. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങളിൽ നിന്നും കോൺഗ്രസ് അകലാനുള്ള കാരണം അവരുടെ സാമ്പത്തികനയ സമീപനങ്ങളാണെന്നും ആ നയസമീപനങ്ങളിലൂടെ നമ്മുടെ രാജ്യത്തെ സാധാരണക്കാരായ പാവപ്പെട്ടവരെ അനാഥമാക്കിക്കൊണ്ട്, കോർപ്പറേറ്റുകളുടെ പിന്നിൽ അവരെ തന്ത്രപരമായി എല്ലാ മേഖലയിലും പ്രലോഭിപ്പിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന, ആനുകൂല്യങ്ങൾ കൊടുക്കുന്ന തരത്തിലേക്ക് ഭരണകൂടത്തിന്റെ സാമ്പത്തിക നയ സമീപനങ്ങൾ കൊണ്ടുപോയതിന്റെ ഫലമായാണ് ഒറ്റപ്പെടൽ വന്നതെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയേണ്ടതുണ്ട്. അവിടെയാണ് ഈ ബഡ്ജറ്റിന്റെ പ്രസക്തി എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ 'സാഗര ഗീതം' എന്ന കൃതിയിൽ പറയുന്നതുപോലെ ധീരമായ ഒരു പരിവർത്തനോത്സാഹത്തിന്റെ ഗൗരവം ഈ ബഡ്ജറ്റിൽ നാട് കാണുകയാണ്. നമ്മുടെ രാജ്യത്ത് ഇന്ത്യൻ ജനാധിപത്യ രാഷ്ട്രീയത്തിന്റെ ഭാവിതന്നെ ആശങ്കയിലായിരിക്കുന്ന ഈ കാലത്ത് കോൺഗ്രസ് പിന്തുടർന്നതുപോലുള്ള സാമ്പത്തികനയവും കോർപ്പറേറ്റ് വൽക്കരണവുമായ സമീപനങ്ങൾ തന്ത്രപരമായ സമീപനങ്ങളിലൂടെ കോർപ്പറേറ്റ് ഭീമൻമാർക്ക് എല്ലാ ഇളവുകളും സൗജന്യങ്ങളും നൽകിക്കൊണ്ട്, നോട്ട് നിരോധനത്തിലൂടെ വേണ്ടത്ര അവധാനതയില്ലാതെ ജി.എസ്.ടി. നടപ്പിലാക്കിയതിലൂടെ അധിക നികുതികളടിച്ചേൽപ്പിച്ച്, എണ്ണ വിലയും പാചകവാതക വിലയും വർദ്ധിപ്പിച്ച്, പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റുതുലച്ച്, വിദ്യാഭ്യാസ ആരോഗ്യ മേഖലയുടെയെല്ലാം വിഹിതങ്ങൾ ഗണ്യമായി കുറച്ച്, ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ അനാഥമാക്കി ഗവൺമെന്റ് മുന്നോട്ട് പോകുമ്പോഴാണ് കേരളത്തിലെ പാവപ്പെട്ട മനുഷ്യർക്കുവേണ്ടി ഓഖി വിതച്ച ദുരന്തങ്ങളുടെയും ബി.ജെ.പി. സർക്കാർ അടിച്ചേൽപ്പിച്ച ദുരന്തങ്ങളുടെയുമെല്ലാം പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ട് തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ യഥാർത്ഥ ജനാധിപത്യ ഭരണകൂടം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാടോടുകൂടി നമ്മുടെ രാജ്യത്ത് സമാനതകളില്ലാത്ത സമ്പൂർണ്ണമായ സാമൂഹിക സുരക്ഷ ഉറപ്പാക്കിക്കൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

ജീവിതത്തിന്റെ കടലിൽനിന്നും രൂപപ്പെടുത്തിയ ബഡ്ജറ്റാണിത്. കടലിനെ ആശ്രയിച്ചുജീവിക്കുന്ന പാവങ്ങളുടെ വിഹ്വലമായ ജീവിതത്തിൽ നിന്നും രൂപപ്പെടുത്തി; സ്ത്രീപക്ഷ രചനകളിലൂടെയും സ്ത്രീസൗഹൃദ പദ്ധതികളിലൂടെയും പുരോഗമിച്ച് സമ്പൂർണ്ണ

സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന ഈ ബഡ്ജറ്റ് സ്നേഹത്തിന്റെ തുരുത്തായി ഈ രാജ്യത്ത് രൂപപ്പെടുകയാണ്.

'അത്തലിൻ കെട്ടുപായലിൽ മീതെ-
യുൾത്തെളിവിന്റെ നെല്ലിപ്പൂന്തോട്ടം' എന്ന് മഹാകവി വൈലോപ്പിള്ളിയുടെ കന്നിക്കൊയ്ത്തിൽ പാടുന്നതുപോലെയുള്ള ഒരു സാമൂഹിക ചുറ്റുപാടാണ് ഈ ബഡ്ജറ്റിലൂടെ ഇന്ന് കേരളം ഈ രാജ്യത്ത് സംഭാവന ചെയ്യുന്നത്.

'സ്നേഹിക്കുകയില്ല ഞാൻ നോവുമാത്മാവിനെ,
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' എന്നും
'ഈശ്വരനല്ല ഞാൻ മാന്ത്രികനല്ല ഞാൻ,

പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ' എന്നും വയലാർ പാടിയതുപോലെ ഈശ്വരന്റെ മായാവിലാസങ്ങളില്ലാതെ, മാന്ത്രികന്റെ ഇന്ദ്രജാലങ്ങളില്ലാതെ, ഈ നാട്ടിലെ സാധാരണ മനുഷ്യനുവേണ്ടി, മനുഷ്യത്വത്തിന്റെ മുഖം നൽകി ഡോ. ടി. എം. തോമസ് ഐസക് സൃഷ്ടിച്ചതാണ് ഈ ബഡ്ജറ്റ്. എല്ലാവർക്കും വീട്, നല്ല ഭക്ഷണം, മെച്ചപ്പെട്ട വിദ്യാഭ്യാസം, ജീവിതശൈലീരോഗങ്ങൾക്ക് സൗജന്യചികിത്സ, സാമൂഹിക പെൻഷൻ, പശ്ചാത്തലമേഖലയിൽ വൻകുതിപ്പ്, മെച്ചപ്പെട്ട സാമ്പത്തിക അച്ചടക്കം എന്നിവ കൂടി ഉറപ്പാക്കുന്ന ബഡ്ജറ്റാണിത്. 2018-19-ൽ ധനകമ്മി 3.1 ശതമാനവും റവന്യൂകമ്മി 1.6 ശതമാനവുമായിരിക്കും എന്ന് ഉറപ്പുനൽകിക്കൊണ്ടാണ് സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുന്നത്. പാവപ്പെട്ടവർക്ക് കയറിക്കിടക്കാൻ ഒരിടം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്ന ലൈഫ് മിഷന് 2500 കോടി രൂപ, ഭക്ഷ്യ സബ്സിഡിക്കും വിപണി ഇടപെടലിനും 1200 ഓളം കോടി രൂപ, തീരദേശ പാക്കേജിന് 2000 കോടി രൂപ; വളരെ ആവേശത്തോടുകൂടിയാണ് കേരളം ഈ പ്രഖ്യാപനങ്ങളെ കാണുന്നത്. സ്ത്രീകൾ ഗുണഭോക്താക്കളായിട്ടുള്ള പദ്ധതികൾക്കു വേണ്ടി മാത്രം രണ്ടായിരത്തോളം കോടി രൂപയാണ് ഈ ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുന്നത്. പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലകൾക്കൊക്കെ സമാനതകളില്ലാത്ത തരത്തിൽ സുരക്ഷാ കവചമൊരുക്കുന്ന ഒരു ബഡ്ജറ്റ് എന്ന രീതിയിലാണ് ഇതിനെ നമുക്ക് കാണാൻ കഴിയുന്നത്.

സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് പ്രൊവിഷൻ വച്ചിട്ടുണ്ട്. ചാത്തന്നൂർ സ്പിന്നിംഗ് മില്ലിനുവേണ്ടി 30 കോടി രൂപയുടെ നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും 3 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല, പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ അഭ്യർത്ഥന ആ സ്പിന്നിംഗ് മില്ലിനുവേണ്ടി 30 കോടി രൂപ

വകയിരുത്തണമെന്നാണ്. തീരദേശമേഖലകളിലെ ആശുപത്രികൾ, സ്കൂളുകൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, ആദിവാസികളെക്കാൾ വല്ലാത്ത കഷ്ടപ്പാടുകൾ അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ ഏത് കാലത്തെ ബഡ്ജറ്റിലാണുണ്ടായിട്ടുള്ളത്? പരവൂരിലുള്ള തീരദേശമേഖലയിലെ നെടുങ്കോലം താലൂക്കാശുപത്രി അതിൽ നിന്നും വിട്ടുപോയിട്ടുണ്ട്, ആ താലൂക്കാശുപത്രിയെ കൂടി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. സാമൂഹിക സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ-രണ്ടര ഏക്കർ ഭൂമി, വരുമാനം തുടങ്ങിയ മാനദണ്ഡങ്ങൾ കേരളത്തിലെ എല്ലാ സ്ഥലത്തും ഒരു പോലെ എടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അക്കാര്യത്തിൽ ഒരു ആശങ്ക ഉയർന്നുവരുന്നതുകൊണ്ട് അങ്ങ് ഗൗരവമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ സാമൂഹിക സുരക്ഷാ മേഖലകളിൽ, ആരോഗ്യമേഖലയിൽ, വിദ്യാഭ്യാസ മേഖലയിലുമൊക്കെ ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ എത്ര പ്രശംസിച്ചാലാണ് മതിയാവുക. ഞാൻ രണ്ടാമത്തെ തവണ എം.എൽ.എ. ആകുന്നയാളാണ്. ഇടതുപക്ഷ കാഴ്ചപ്പാടോടു കൂടി ഈ നാടിനെ നോക്കിക്കാണുന്ന; ആർക്കും ഉപേക്ഷിക്കാൻ കഴിയാത്ത മേഖലകളെയാണ് ഇപ്പോൾ ഈ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസമേഖല, ആരോഗ്യമേഖല ഇതെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായതല്ലല്ലോ? പാവപ്പെട്ടവന്റെ കഷ്ടപ്പാടുകൾ ഇപ്പോൾ കണ്ടുതുടങ്ങിയതല്ലല്ലോ? ഈ സഭയിലുള്ള ഒരുപാട് എം.എൽ.എ.-മാർ വിദ്യാഭ്യാസമേഖലയിലും ആരോഗ്യമേഖലയിലും നിരവധി പ്രോജക്ടുകൾ അവരവരുടെ മണ്ഡലങ്ങളിൽ ആരംഭിച്ച് നടപ്പിലാക്കിയ അനുഭവങ്ങളുണ്ട്. അന്നൊന്നും പത്ത് നയാപൈസയുടെ സപ്പോർട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമായിരുന്നില്ല. എന്റെ നിയോജക മണ്ഡലത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട് 6 കോടി രൂപ നാട്ടിൽ നിന്ന് പിരിവെടുത്ത് സ്കൂളുകൾ നന്നാക്കിയിട്ടുണ്ട്. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അഡീഷണലായി ഒരു നയാപൈസയുടെ സപ്പോർട്ടുണ്ടായില്ല. ചാത്തന്നൂർ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കുകയും ചാത്തന്നൂർ സമഗ്ര വിദ്യാഭ്യാസ പദ്ധതി എന്ന അതേപേരിൽ തുടരുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേകമായി ഉത്തരവ് നൽകുകയുമുണ്ടായി. കഴിഞ്ഞ ഗവൺമെന്റ് ഒരു നയാപൈസ സപ്പോർട്ട് ചെയ്തിരുന്നില്ല. ജനകീയ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിയത്. ആരോഗ്യരംഗത്ത് ആർദ്രം പദ്ധതി വിപ്ലവകരമായ മാറ്റമാണ് കേരളത്തിലുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ 'ആരോഗ്യരക്ഷ ചാത്തന്നൂർ' എന്ന പേരിൽ ആർദ്രം പദ്ധതി വിഭാവന ചെയ്യുന്നതുപോലെ, നിയോജകമണ്ഡലത്തിലെ മുഴുവൻ ആശുപത്രികളിലും 'കാഷ് അക്രഡിറ്റേഷൻ നേടുന്ന തരത്തിലേയ്ക്കും ജനസൗഹൃദ ആശുപത്രിയാക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ 2013 മുതൽ ആരംഭിച്ചു. കൊല്ലം ഡി.എം.ഒ. കൺവീനറായ കമ്മിറ്റി

ഉൾപ്പെടെ ആരംഭിച്ചു. ആരോഗ്യവകുപ്പിൽ നിന്നും ഒരു നയാപൈസയുടെ സഹായമുണ്ടായില്ല. ഇപ്പോൾ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇത്തരം കാര്യങ്ങൾ ജനപങ്കാളിത്തത്തോടുകൂടി ചെയ്യാനുള്ള ആവേശമാണ് ജനപ്രതിനിധികൾക്കുണ്ടാകുന്നത്. അത് ഗവൺമെന്റിന്റെ നേതൃത്വമാണ്. അതിനെയാണ് സാമൂഹിക സുരക്ഷാകവചമെന്ന് ഞങ്ങൾ വിശേഷിപ്പിക്കുന്നത്. എല്ലാ മേഖലയിലും ജനങ്ങളുടെ ആ കാഴ്ചപ്പാട്, താല്പര്യം, സപ്പോർട്ട് അതിനെ കൂട്ടിയിണക്കിക്കൊണ്ട് 'ജനപക്ഷ വികസനം ജനപങ്കാളിത്തത്തോടുകൂടി' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. തീർച്ചയായും ഈ ഗവൺമെന്റിന്റെ അഞ്ചുവർഷം കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ആശ്വാസകരമായ പ്രവർത്തനങ്ങൾ നടത്തുന്ന സാമൂഹികസുരക്ഷാപക്ഷ ഗവൺമെന്റായിരിക്കുമെന്നുള്ളതിന് യാതൊരു സംശയവും വേണ്ട. അതിനുള്ള എല്ലാ പിന്തുണയും കേരളത്തിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. ഉദാരവത്കരണത്തിന്റെയും ആഗോളവത്കരണത്തിന്റെയും സാമ്പത്തിക ശാസ്ത്രത്തിനും രാഷ്ട്രീയകാഴ്ചപ്പാടിനും ശക്തവും പ്രായോഗികവുമായ ബദലാണ് ഇടതുപക്ഷത്തിന്റെ ലക്ഷ്യം. അത്തരം ഒരു ബദലിന് കേരളത്തിന് നേതൃത്വം നൽകാനാവുമെന്ന ആത്മവിശ്വാസവും പ്രായോഗിക കാഴ്ചപ്പാടുമാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ ബഡ്ജറ്റിനെ മുക്തകണ്ഠം പ്രശംസിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : സർ, ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി ഒന്നും രണ്ടും തീയതികളിലായാണ് കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകൾ നമ്മൾ കേൾക്കാനിടയായത്. ഒന്നാം തീയതി അവതരിപ്പിച്ച ബഡ്ജറ്റ് നാനാവിഭാഗം ജനങ്ങൾക്കും നിരാശ തോന്നുന്ന വിധത്തിൽ, കോർപ്പറേറ്റുകളെ പ്രീണിപ്പിക്കുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങളുമായാണ് വന്നത്. പെട്രോൾ, ഡീസൽ വില കുറയ്ക്കുന്നതിനും അതിന്റെ വിലനിയന്ത്രണാധികാരം തിരിച്ചെടുക്കുന്നതിനും പൊതുമേഖലകളെ സംരക്ഷിക്കുന്നതിനുമുള്ള യാതൊരു നടപടിയും സ്വീകരിക്കാത്ത ബഡ്ജറ്റാണ് നമ്മൾ കണ്ടത്. പ്രതികൂല സാഹചര്യങ്ങളുണ്ടായിട്ടും വലിയ ഒരു ആശ്വാസം തോന്നുന്ന തരത്തിൽ സമൂഹത്തിന്റെ സമസ്ത മേഖലകളെയും സർവ്വ ഡിപ്പാർട്ടുമെന്റുകളെയും എല്ലാ വിഭാഗം ജനങ്ങളെയും സ്പർശിക്കുന്ന തരത്തിലുള്ള ശ്രദ്ധേയമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് രണ്ടാം തീയതി അവതരിപ്പിച്ചിട്ടുള്ളത്.

യു.പി.എ. ഗവൺമെന്റ് തുടങ്ങിവച്ച ജി.എസ്.ടി., ഡോ. മൻമോഹൻ സിംഗിന്റെ കാലത്ത് തുടങ്ങിവച്ച ഉദാരവത്ക്കരണ നയങ്ങൾ, മനുഷ്യരെ വളരെയേറെ പ്രയാസപ്പെടുത്തുന്ന വിലക്കയറ്റം, രൂക്ഷമാക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും വിലനിയന്ത്രണാധികാരം യു.പി.എ. ഗവൺമെന്റും തുടർന്നുവന്ന ബി.ജെ.പി. ഗവൺമെന്റും

എടുത്തുകളഞ്ഞു. യു.പി.എ. ഗവൺമെന്റ് തുടങ്ങിവച്ച കാര്യങ്ങൾ ബി.ജെ.പി. അതിശക്തമായി തുടർന്നുകൊണ്ട് മനുഷ്യരെ വലയ്ക്കുന്ന, ഫെഡറൽ സംവിധാനത്തിന് കോട്ടംതട്ടുന്ന തരത്തിൽ ജി.എസ്.ടി. അടിച്ചേൽപ്പിക്കുകയും ബഡ്ജറ്റിൽ പറയാതെ നോട്ട് നിരോധനം നടത്തി ജനങ്ങളെ ശ്വാസംമുട്ടിച്ച അവസരത്തിലുള്ള ബഡ്ജറ്റെന്ന നിലയിലാണ് ഏറ്റവും ശ്രദ്ധേയമായി അതിനെ വീക്ഷിക്കാൻ കഴിയുന്നത്. പ്രതീക്ഷിക്കുന്ന പണം ലഭിക്കാതെ വരിക, തരേണ്ട സമയത്ത് തരാതിരിക്കുക തുടങ്ങിയവയെല്ലാം നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ പരിമിതിക്കുള്ളിൽനിന്ന് 4 മിഷനുകൾ രൂപീകരിച്ച്, വളരെ ശ്രദ്ധേയമായ 4 വിഭാഗങ്ങളാക്കി സമൂഹത്തിൽ വലിയ നേട്ടം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ തുകകൾ വകയിരുത്താനുള്ള പരിശ്രമം നടത്തിയിട്ടുണ്ട്.

സ്ത്രീകൾക്ക് നല്ല അംഗീകാരം കൊടുത്തുകൊണ്ട്, സ്ത്രീകളെ കൈപിടിച്ച്, ആധുനിക കാലഘട്ടത്തിന് യോജിക്കുന്ന തരത്തിലുള്ള ബിസിനസ് ചെയ്യാൻ കഴിയുന്നവിധം കുടുംബശ്രീ ശാക്തീകരണത്തിനായുള്ള പദ്ധതികൾക്ക് നീക്കിവച്ചിട്ടുള്ള തുക കോടികൾ കഴിഞ്ഞിരിക്കുകയാണ്. ഇത് അങ്ങേയറ്റം അഭിനന്ദനീയമാണ്. ഇത് നന്നായി ഉപയോഗപ്പെടുത്തിയെടുക്കുവാനുള്ള കപ്പാസിറ്റി കൂടി സ്ത്രീകൾക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. ഇത് വലിയ സഹായം തന്നെയാണ്.

ഇടതുപക്ഷ സർക്കാർ വിദ്യാഭ്യാസ വായ്പയ്ക്ക് വലിയ സഹായമാണ് ചെയ്തത്. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾക്ക് പൂർത്തിയാക്കാനുള്ള സഹായം കൊടുത്ത ഗവൺമെന്റാണിത്. ഓഖി ദുരന്തം വന്നപ്പോൾ ശക്തമായ നടപടി സ്വീകരിക്കുകയും ദുരിതബാധിതർക്ക് ധനസഹായം വിതരണം ചെയ്യുകയും ചെയ്തു. ഞാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരിക്കുന്ന സമയത്താണ് സുനാമി ദുരന്തം ഉണ്ടാകുന്നത്. അന്ന് ചുവന്ന ബോർഡ് വച്ച വാഹനം അതുവഴി പോയാൽ ആളുകൾ ആക്രമിക്കുന്ന സ്ഥിതിയായിരുന്നു. തിരിഞ്ഞുനോക്കാത്തതിന്റെ പ്രയാസം നമ്മൾ കണ്ടിട്ടുള്ളതാണ്.

പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി മേഖലയെ സംരക്ഷിച്ചുകൊണ്ട് 200 തൊഴിൽ ദിനങ്ങൾ കൊടുക്കാൻ കഴിയുന്ന വിധത്തിൽ ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് സ്കൂൾ കുട്ടികൾക്ക് യൂണിഫോം കൈത്തറി വസ്ത്രങ്ങളാക്കി മാറ്റി രണ്ട് വകുപ്പുകളെയും രക്ഷപ്പെടുത്തുന്ന നീക്കങ്ങളാണ് നടത്തുന്നതെന്നുള്ളത് സന്തോഷകരമാണ്.

എസ്.സി.പി. യുടെ അടങ്കൽ തുക കേന്ദ്ര സർക്കാർ കുറച്ചപ്പോൾ സംസ്ഥാന സർക്കാർ 2599 കോടി രൂപയിൽ നിന്ന് 2859 കോടി രൂപയായും പട്ടികവർഗ്ഗ ഉപപദ്ധതിയുടെ (ടി.എസ്.പി) അടങ്കൽ തുക 750 കോടി രൂപയിൽ നിന്ന് 826 കോടി രൂപയായും വർദ്ധിപ്പിച്ചു. പട്ടികജാതി വിഭാഗത്തിനുള്ള വിദ്യാഭ്യാസ ആനുകൂല്യം 25 ശതമാനം വർദ്ധിപ്പിച്ച് കൊടുത്തിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ, സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ എല്ലാ സർക്കാർ വിദ്യാലയങ്ങളെയും പൊതുവിദ്യാലയങ്ങളെയും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതിന്റെ ഫലമായി ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ വളരെ സജീവമായി ഈ പദ്ധതികൾ നടപ്പിലാക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, പൊളിഞ്ഞുവീണ കെട്ടിടങ്ങൾ നന്നാക്കുന്നതിന് തുക അനുവദിക്കണമെന്ന് ഞാൻ എഴുതികൊടുത്തിട്ടും ഒരു രൂപ പോലും അനുവദിച്ചിട്ടില്ലായെന്നുള്ളത് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ സ്കൂളുകൾക്കെല്ലാം പണം അനുവദിച്ചു എന്നുള്ളത് യാഥാർത്ഥ്യമാണ്. സമൂഹത്തിൽ സ്വന്തം വീടുകളിൽ പോലും സുരക്ഷിതരല്ലാത്ത കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്കുവേണ്ടി കൗൺസലിംഗ് കൊടുത്തുകൊണ്ടിരിക്കുന്ന കൗൺസിലർമാരുണ്ട്. വളരെ ശ്രദ്ധേയമായ പ്രവർത്തനമാണ് അവർ കാഴ്ചവയ്ക്കുന്നത്. പൊതുസമൂഹത്തിൽ പ്രവർത്തിക്കാൻ ബിരുദാനന്തര ബിരുദമുള്ള പെൺകുട്ടികളാണ് കൗൺസിലേഴ്സായി പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസ മേഖലയിൽ സമഗ്ര വിദ്യാഭ്യാസ യജ്ഞത്തിലൂടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുമ്പോൾ മാനസികമായി വിൽപ്പവറുള്ള ആളുകളായി പെൺകുട്ടികളെ ഉൾപ്പെടെയുള്ളവരെ മാറ്റുന്നതിന് കൗൺസിലേഴ്സിന്റെ സഹായം വളരെ ആശ്വാസകരമാണ്. ഈ സർക്കാർ വന്നതിനുശേഷം അവർക്ക് നിലവിൽ ഉണ്ടായിരുന്ന 12,500 രൂപ ശമ്പളത്തിൽനിന്നും 50 ശതമാനം തുക വർദ്ധിപ്പിച്ചിരിക്കുകയാണ്. അതോടൊപ്പം അഞ്ചുവർഷം ജോലി ചെയ്തവർക്ക് 1000 രൂപ അധികമായി നൽകാൻ തീരുമാനിച്ചു. സർക്കാർ ഉത്തരവ് പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഒരാളുടെ ശമ്പളം 1500 രൂപയാണ്. ഭാവിയിൽ തീർച്ചയായും അവർക്ക് അത് കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവരുടെ സേവനം സ്കൂളുകളിൽ മാത്രമല്ല, സാമൂഹിക മേഖലയിൽ കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ഐ.സി.ഡി.എസ്.ന്റെ കീഴിലാണ് അവർ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ അവർ ഇടപെടേണ്ടതിനാൽ അവർക്കാവശ്യമായ ടി.എ. കൊടുക്കണം. സ്ത്രീകൾ മാത്രം പ്രവർത്തിക്കുന്ന വിഭാഗമായതിനാൽ ശമ്പളത്തോടുകൂടിയുള്ള മെറ്റേണിറ്റി ലീവ് നൽകണം. പല സ്ഥലങ്ങളിലും വാഹനങ്ങളിൽ കുഞ്ഞുങ്ങളെ കൊണ്ടുപോകാനുള്ളതിനാൽ അതിനാവശ്യമായ സഹായം കൂടി കൊടുക്കേണ്ടതുണ്ട്.

ചെറിയ പ്രായം മുതൽ കുട്ടികളെ കുറച്ചുകൂടി മെച്ചപ്പെടുത്തി വളർത്തിയെടുക്കാൻ സാമൂഹ്യക്ഷേമ വകുപ്പ് അങ്കണവാടി വഴിയുള്ള പ്രവർത്തനം നടത്തുന്നുണ്ട്. അങ്കണവാടി ഹെൽപ്പർമാർ വർക്കർമാർ എന്നിവർക്ക് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ശമ്പളം കൂട്ടി കൊടുക്കാൻ തീരുമാനിച്ചത്. എന്നാൽ അത് കൃത്യമായി അവർക്ക് കിട്ടാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ അവരുടെ ക്വാളിറ്റി വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിന് സഹായിക്കുന്നതിനുള്ള നടപടികൾ നടക്കുന്നുണ്ട്.

ആർദ്രം പദ്ധതിയിലൂടെ വളരെയേറെ ശ്രദ്ധേയമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എല്ലാ താലൂക്കാശുപത്രികളിലും ക്യാൻസർ ചികിത്സ കൊടുക്കുന്നത് പാവപ്പെട്ട ആളുകൾക്ക് വളരെയേറെ സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. കൊട്ടാരക്കര താലൂക്കാശുപത്രിക്ക് ട്രോമാകെയർ യൂണിറ്റും ഡയാലിസിസ് യൂണിറ്റുമെല്ലാം അനുവദിച്ചുതന്നിട്ടുണ്ട്. അതിന്റെ ഒന്നാംഘട്ട പ്രവർത്തനത്തിനുള്ള എക്യുപ്മെന്റ്സ് മാത്രമാണ് വന്നിട്ടുള്ളത്. മറ്റ് ഉപകരണങ്ങൾ കൂടുതൽ വേഗത്തിൽ നൽകാനുള്ള നടപടികൾ സ്വീകരിക്കണം.

കൊട്ടാരക്കര പഞ്ചായത്തിനെ ആദ്യമായി മുനിസിപ്പാലിറ്റി ആക്കിയതാണ്. അതോടൊപ്പം പഴയ പഞ്ചായത്തിനെയും മുനിസിപ്പാലിറ്റി ആക്കിയതാണ്. അത് നന്നായി പ്രവർത്തിക്കണമെങ്കിൽ ഒരുപാട് ഭൗതിക സാഹചര്യങ്ങൾ വേണം. അതിനാവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഇറിഗേഷൻ വകുപ്പിന്റെ വസ്തുക്കൾ ലഭ്യമാക്കുന്നതിനും അവർക്ക് കെട്ടിടം പണിയുന്നതിനാവശ്യമായ സഹായവും ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. നല്ല നിലയിൽ ജനങ്ങളെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകണം. ഇപ്പോൾ ആശാ വർക്കേഴ്സിന് രണ്ടായിരം രൂപ വർദ്ധിപ്പിച്ചതിൽ സന്തോഷമുണ്ട്. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അവരുടെ പ്രവർത്തനങ്ങളെ മാറ്റിയെടുക്കാൻ സഹായിക്കണം.

ഈ ഗവൺമെന്റിന്റെ ഏറ്റവും ശ്രദ്ധേയമായ, ദീർഘവീക്ഷണമുള്ള ഹരിതകേരളം മിഷൻ പദ്ധതിയിലൂടെ ഇന്ന് കാണുന്ന അസുഖങ്ങളെ നല്ല നിലയിൽ മാറ്റിയെടുത്ത് ആരോഗ്യമുള്ള സമൂഹമാക്കാനും നമ്മുടെ ജലസ്രോതസ്സുകളെ സംരക്ഷിച്ച് മാലിന്യമുക്തമാക്കാനും കഴിയുന്നതാണ്. അതോടൊപ്പം ജൈവകൃഷി വ്യാപിപ്പിക്കാനും വലിയ തോതിൽ കീടനാശിനി പ്രയോഗിച്ചുകൊണ്ടുള്ള പച്ചക്കറികളെ ഒഴിവാക്കി സ്വയംപര്യാപ്തതയിലേയ്ക്ക് പോകാനുമുള്ള ശക്തമായ നടപടിയാണിത്. എന്റെ നിയോജകമണ്ഡലത്തിൽ നാല് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും ചേരുന്നതാണ് പുലമൺ തോട്. പ്രസ്തുത തോടിനെ ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തി നവീകരിച്ചാൽ ശ്രദ്ധേയമായ മാറ്റം ഉണ്ടാക്കാൻ കഴിയും. ഇവിടെ ഒരിക്കലും വറ്റാത്ത ജലസ്രോതസ്സുണ്ട്. അത് ഇന്ന് നാശോന്മുഖമായി, വലിയ തോതിലുള്ള മാലിന്യങ്ങൾ നിറഞ്ഞ് കയ്യേറ്റങ്ങളോടുകൂടി കിടക്കുകയാണ്. കയ്യേറ്റങ്ങൾ കുറേ ഒഴിപ്പിക്കാനും കുറേ നടപടികൾ ആരംഭിക്കാനും കഴിഞ്ഞു. എല്ലാ വകുപ്പുകളും വഴി അതിന്റെ നടപടികൾ വളരെ വേഗത്തിലാക്കിയിട്ടുണ്ട്. അത് ചെയ്തുതീർക്കാനുള്ള അംഗീകാരവും സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഒരുപാട് കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയം അവസാനിച്ചതുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ബഡ്ജറ്റിനെ എതിർക്കുന്നു. പണ്ട് കാട്ടിലെ രാജാവായി വിലസിയ നീലക്കുറുക്കന്റെ കഥ അറിയാമോ? അലക്കുകാരന്റെ നീലം കലക്കിയ

ബക്കറ്റിൽ വീണ കുറുക്കന്റെ നിറം നീലയായി. ഞാൻ ഈ കാട്ടിലെ രാജാവാണെന്നും രാജാവാകാൻ വേണ്ടി ദൈവം അയച്ചതാണെന്നും പറഞ്ഞ് വിലസുമ്പോഴാണ് മഴ പെയ്ത് നീലനിറമെല്ലാം ഇളകിപ്പോയി യാഥാർത്ഥ്യം പുറത്തുവന്നത്. അതുപോലെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. പർവ്വതീകരിച്ച് കൊട്ടിഘോഷിച്ചുകൊണ്ടുവന്ന മഞ്ഞുമല യാഥാർത്ഥ്യത്തിന്റെ ചൂടിൽ ഉരുകിയൊലിച്ച് ഇല്ലാതാകുന്നതാണ് നാം കാണുന്നത്. ഭാവനയും സ്വപ്നങ്ങളുമെല്ലാം പലപ്പോഴും നമുക്ക് സുഖകരമായിരിക്കും. അത് യാഥാർത്ഥ്യത്തിന് അപ്പുറത്തുള്ള കാര്യങ്ങളാണ്. കിഫ്ബിയിലൂടെ കോടികളുടെ വികസന പെരുമഴ ഒഴുകുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും പറയുന്നത്. അണ്ടിയോടടുക്കുമ്പോൾ മാത്രമേ മാങ്ങയുടെ പുളി അറിയാൻ സാധിക്കു. പെരുമഴ വേണമെന്നില്ല, ചാറ്റൽ മഴയെങ്കിലും കിട്ടിയാൽ മതിയായിരുന്നു എന്നാണ് ആഗ്രഹിക്കുന്നത്. കിഫ്ബി എന്ന പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കി വരുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കിഫ്ബിയിലുള്ള പ്രവൃത്തികളെക്കുറിച്ചും അവയുടെ നിലവിലെ അവസ്ഥകളെക്കുറിച്ചും സാമ്പത്തിക സ്ഥിതിയെക്കുറിച്ചും കിഫ്ബിയിൽ ഉൾപ്പെട്ട ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോയെന്നും എത്ര പദ്ധതികളുടെ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചുവെന്നും വ്യക്തമാക്കണമായിരുന്നു.

സംസ്ഥാനം കനത്ത വരൾച്ചയെ നേരിടാൻ പോവുകയാണ്. കേരളത്തിലെ ഭൂഗർഭ ജലനിരപ്പ് ദേശീയ ശരാശരിയെക്കാളും അപകടകരമാംവിധം താഴ്ന്ന കൊണ്ടിരിക്കുകയാണ്. കടുത്ത വരൾച്ചയെ മുന്നിൽ കണ്ടിട്ടും അതിനെ പ്രതിരോധിക്കാൻ എടുത്തുപറയത്തക്ക പദ്ധതികൾപോലും ബഡ്ജറ്റിൽ ഇടംപിടിച്ചിട്ടില്ല. ജനങ്ങളുടെ പ്രശ്നങ്ങൾ നിറവേറ്റാനാകില്ലെങ്കിൽ ബഡ്ജറ്റ് കൊണ്ടുള്ള പ്രയോജനം എന്താണ്?

കാർഷിക മേഖലയുടെ അവസ്ഥയും ഇതുതന്നെയാണ്. കേര കർഷകരുടെയും നെല്ല്, അടയ്ക്ക, റബ്ബർ എന്നീ കർഷകരുടെയും ഉന്നമനത്തിനോ ഈ മേഖലകളെ തകർച്ചയിൽ നിന്ന് രക്ഷിക്കുന്നതിനോ വേണ്ട ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. കേരകർഷകരുടെ സ്വപ്നമായിരിക്കുന്ന നീരയെ പ്രോത്സാഹിപ്പിക്കാൻ ഒരു രൂപ പോലും ബഡ്ജറ്റിൽ നീക്കിവച്ചിട്ടില്ല. അധിക നികുതി ചുമത്തിയതിനാൽ അടയ്ക്ക വ്യാപാരികളുടെ സ്ഥിതി പ്രയാസത്തിലാണ്. ഇത് പുനഃപരിശോധിക്കാനുള്ള നടപടികളുണ്ടാകണം. അന്താരാഷ്ട്ര വിപണിയിൽ പെട്രോളിയം ഉല്പന്നങ്ങളുടെയും ക്രൂഡ് ഓയിലിന്റെയും വില കുത്തനെ കുറഞ്ഞു കൊണ്ടിരിക്കുമ്പോഴും നമ്മുടെ നാട്ടിൽ പെട്രോളിന്റെയും ഡീസലിന്റെയും വില കുത്തനെ വർദ്ധിച്ച് ലിറ്ററിന് 100 രൂപയിലേയ്ക്ക് കടക്കുകയാണ്. ഇതുമൂലം ചരക്കുകൂലി വർദ്ധനവും അവശ്യസാധനങ്ങളുടെ വിലയും ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ ജനങ്ങൾ വലിയ പ്രയാസത്തിലാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പെട്രോളിയം ഉല്പന്നങ്ങളുടെ വില ക്രമാതീതമായി ഉയർന്നപ്പോൾ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സംസ്ഥാനത്തിന്റെ അധിക നികുതി വേണ്ടെന്നുവച്ച് മാതൃക കാണിച്ചിട്ടുള്ള സർക്കാരും

ഇവിടെ ഉണ്ടായിട്ടുണ്ടെന്നുള്ളത് നാം ഓർക്കണം. ജനപക്ഷ സർക്കാരെന്നും പാവങ്ങളുടെ സർക്കാരെന്നും വീമ്പുപറയുന്ന നിങ്ങൾ ഇപ്പോൾ അതിന് തയ്യാറാകുന്നില്ലെന്നുള്ളത് ജനങ്ങളോടുള്ള വെല്ലുവിളിയായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഭൂവിനിമയത്തിന്റെ ചെലവുകളും കുത്തനെ വർദ്ധിപ്പിച്ചിരിക്കുകയാണ്. കുടുംബാംഗങ്ങൾ തമ്മിലുള്ള വിനിമയത്തിന് മുദ്രവില വർദ്ധിപ്പിച്ചത് നീതീകരിക്കാനാവില്ല. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവൻ പണം നൽകി ഭൂമി വാങ്ങുന്നതു പോലെയാണോ കുടുംബാംഗങ്ങൾ തമ്മിലുള്ള വിനിമയം? ഇക്കാര്യത്തിൽ പുനരാലോചന നടത്താൻ സർക്കാർ തയ്യാറാകണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

പങ്കാളിത്ത പെൻഷൻ ഒഴിവാക്കുമെന്ന് പറഞ്ഞ് ഭരണത്തിലേറിയ സർക്കാർ പങ്കാളിത്ത പെൻഷൻ ഒഴിവാക്കിയില്ലെന്നുമാത്രമല്ല, നിയമന നിരോധനം കൂടി ഏർപ്പെടുത്തിയിരിക്കുകയാണ്. പുതിയ ഒരു നിയമനവും നടത്തേണ്ടതില്ലെന്ന തീരുമാനമാണ് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളത്. അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളുടെ ഭാവിയെ ഇരുട്ടിലാക്കുന്ന നടപടിയാണ് പുതിയ തസ്തികകൾക്കുള്ള നിയന്ത്രണം. യുവതലമുറയെ വിശ്വാസത്തിലെടുക്കാതെ ഒരു സർക്കാരിനും മുന്നോട്ടുപോകാൻ കഴിയില്ല. സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണെന്ന് ആണയിടുമ്പോഴും ഖജനാവിലെ പണം പല കാര്യങ്ങൾക്കും സർക്കാർ ധൂർത്തടിക്കുകയാണ്. പാവങ്ങളുടെ പടത്തലവനായ എ.കെ.ജി.-യുടെ പേരിൽ സ്മാരകമുണ്ടാക്കുന്നതിനായി പണം നീക്കിവച്ചിട്ടുണ്ട്. എ.കെ.ജി. യോട് സ്നേഹം കാണിക്കേണ്ടത് അദ്ദേഹത്തിന്റെ പേരിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പുതിയ പദ്ധതികൾ എന്തെങ്കിലും കൊണ്ടുവന്നുകൊണ്ടാകണം. ഇ.എം.എസ്. നമ്പൂതിരിപ്പാട് തന്റെ സ്വത്തുക്കൾ മുഴുവൻ പാർട്ടിക്കുവേണ്ടി നൽകിയ ചരിത്രമാണുള്ളത്.

വിദ്യാഭ്യാസ മേഖലയിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു സ്കൂളിനെയെങ്കിലും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന പ്രഖ്യാപനം ഉണ്ടായെങ്കിലും ഇതുവരെ ഒന്നും നടപ്പിലാക്കിയിട്ടില്ല. അതുപോലെ 45000 ക്ലാസ് മുറികൾ ഹൈടെക് ആക്കുമെന്നുപറഞ്ഞ പദ്ധതിയും ഇതുവരെ തുടങ്ങിയിട്ടില്ല.

സാമൂഹ്യസുരക്ഷാ പദ്ധതി, സുരക്ഷാ പെൻഷൻ എന്നിവയ്ക്കും ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. 1200 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വീടുള്ളവർക്ക് പെൻഷൻ പദ്ധതിയിൽ അംഗത്വം ലഭിക്കില്ലെന്നാണ് പറയുന്നത്. കയ്യിലുള്ള വരുമാനംകൊണ്ട് ആകെയുള്ള സ്ഥലത്ത് വീടുണ്ടാക്കുകയും പിന്നീടുള്ള ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ പ്രയാസപ്പെടുന്നതുമായ ഒട്ടേറെ കുടുംബങ്ങളുണ്ട്. ഇത്തരം കുടുംബങ്ങളെ പെൻഷൻ പദ്ധതിയിൽനിന്നും ഒഴിവാക്കുന്നത് തികച്ചും അന്യായമാണ്. വീടിന്റെ അളവിന് പകരം അവരുടെ വരുമാനമാണ് മാനദണ്ഡമാക്കേണ്ടത്. സാമ്പത്തിക മാനദണ്ഡം

കണക്കാക്കുകയാണെങ്കിൽ അനർഹരെ ഒഴിവാക്കാൻ സാധിക്കും. 1500 സ്ക്വയർ ഫീറ്റുള്ള വീടുണ്ടെന്ന് കരുതി ഭർത്താവ് മരണപ്പെട്ട മറ്റ് വരുമാനമാർഗ്ഗമില്ലാത്ത വിധവകൾ, മാനസിക വെല്ലുവിളി നേരിടുന്നവർ, വാർദ്ധക്യസഹജമായ അസുഖമുള്ളവർ എന്നിവരെ ഈ പദ്ധതിയിൽനിന്നും ഒഴിവാക്കുന്നത് നീതീകരിക്കാനാവില്ല.

ആരോഗ്യ മേഖലയിൽ വേണ്ടത്ര പരിഗണന ബഡ്ജറ്റിൽ നൽകിയിട്ടില്ല. പി.എച്ച്.സി.കളിൽ കിടത്തി ചികിത്സ തുടങ്ങുമെന്നും ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുമെന്നുമുള്ള വാഗ്ദാനങ്ങളും വെറും പാഴ്‌വാക്കായി. പി.എച്ച്.സി.കളിൽ വൈകുന്നേരം 4 മണിവരെയെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. അവശ്യ മരുന്നുകളുടെ ലഭ്യതയ്ക്ക് പണം മാറ്റിവയ്ക്കണം. പലതരത്തിലുള്ള ജീവിതശൈലീ രോഗങ്ങളാൽ പ്രയാസമനുഭവിക്കുന്ന പാവപ്പെട്ട രോഗികൾക്ക് മരുന്നുകൾ ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. മാനസിക വെല്ലുവിളികൾ നേരിടുന്ന ധാരാളം രോഗികൾ നമ്മുടെ ഇടയിലുണ്ട്. ഇവർക്ക് ആഴ്ചയിൽ ഒരിക്കലെങ്കിലും പരിചരണ ക്ലിനിക്കുകൾ പി.എച്ച്.സി. കളിലൂടെ ലഭ്യമാക്കണം. കൊച്ചിയിൽ പുതിയ ക്യാൻസർ സെന്ററിന്റെ പ്രഖ്യാപനമുണ്ടായത് സ്വാഗതാർഹമാണ്. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രാഥമിക നടപടികൾ ആരംഭിച്ച മലപ്പുറം ക്യാൻസർ സെന്ററിനെ ഒഴിവാക്കിയതിലുള്ള അമർഷം ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ മലപ്പുറം ക്യാൻസർ സെന്ററിന്റെ പ്രഖ്യാപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പ്രഖ്യാപിച്ച മിഷനുകളിലൊന്നാണ് ലൈഫ് പദ്ധതി. കഴിഞ്ഞ രണ്ട് വർഷമായി ഈ പദ്ധതിയിൽ ഒരു വീടുപോലും നൽകാൻ സാധിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. 2017 നവംബർ ഒന്നിന് 72000 വീടുകൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഒരു വീടിനുപോലും തറക്കല്ലിട്ടതായി പത്രമാധ്യമങ്ങളിലൊന്നും കണ്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്ലാൻ ഫണ്ട്, എസ്.പി. ഫണ്ട്, ഇന്ദിര ആവാസ് യോജന, മൈനോറിറ്റി ഫണ്ട് എന്നിവ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും നിരവധി വീടുകൾ നൽകാൻ സാധിച്ചിരുന്നു. എന്നാൽ ലൈഫ് പദ്ധതി വന്നതിനുശേഷം ഒരു വീടുപോലും നിർമ്മിച്ച് നൽകാൻ സാധിക്കുന്നില്ല. രണ്ട് വർഷമായിട്ടും ഇതാണ് അവസ്ഥ. ലൈഫ് പദ്ധതി പ്രകാരം പഞ്ചായത്തുകളിലും ഗ്രാമസഭകളിലും ലഭിക്കുന്ന അപേക്ഷകൾ ജില്ലാ നോഡൽ ഓഫീസർക്ക് അയച്ചുകൊടുത്ത് അദ്ദേഹം പട്ടിക തയ്യാറാക്കുമ്പോൾ അർഹരായവർ പുറത്താകുന്നു, അനർഹർ കയറിക്കൂടുന്നു. മാത്രമല്ല, ഇത് അധികാര കേന്ദ്രീകരണത്തിലേയ്ക്കുള്ള തിരിച്ചുപോക്കുംകൂടിയാണ്. 1994-ൽ സി. ടി. അഹമ്മദ് അലി സാഹിബ് തദ്ദേശസ്വയംഭരണ

വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് പഞ്ചായത്തീരാജ് നിയമം പാസ്സാക്കുകയും അതുവഴി അധികാര വികേന്ദ്രീകരണം നടപ്പാക്കുകയും ചെയ്തത്. ലൈഫ് പദ്ധതിയുടെ അധികാരം ഉദ്യോഗസ്ഥർക്കാണ് നൽകുന്നത്. ഇതിന് മാറ്റംവരുത്താനുള്ള നടപടികളുണ്ടാകണം.

എന്റെ നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 133 കോടി രൂപ വകയിരുത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയോട് നന്ദി പറയുന്നു. ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെയും പാലൊളി കമ്മിറ്റിയുടെയും ശിപാർശ പ്രകാരം ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന്റെയും ശാക്തീകരണത്തിന്റെയും ഭാഗമായി എന്റെ നിയോജക മണ്ഡലത്തിൽ അനുവദിച്ച എൽ.ബി.എസ്.-ന്റെ കീഴിലുള്ള ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തങ്ങളെല്ലാം കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി 50 കോടി രൂപ ആവശ്യമുണ്ട്. പോളിടെക്നിക്ക്, എഞ്ചിനീയറിംഗ്, അപ്ലൈഡ് സയൻസ്, മാസ് കമ്മ്യൂണിക്കേഷൻ, മൾട്ടി മീഡിയ തുടങ്ങിയ കോഴ്സുകൾ എല്ലാം കൂടിയുള്ള ഒരു സമുച്ചയമാണ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി. ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മീഷന്റെയും പാലൊളി കമ്മീഷന്റെയും ശിപാർശകളനുസരിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണിത്. അതിനായി 50 കോടി രൂപ നീക്കിവയ്ക്കാൻ കഴിഞ്ഞ സബ്ജക്ട് കമ്മിറ്റിയിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും അനുവദിക്കുകയുണ്ടായില്ല. ഈ ബഡ്ജറ്റിലും അതിനെക്കുറിച്ച് പരാമർശമില്ല. എത്രയും പെട്ടെന്ന് സ്ഥലമുടമകൾക്ക് പണം കൊടുക്കുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനുമായി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ 50 കോടിരൂപ വകയിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട അപ്ലൈഡ് സയൻസ് കോളേജ് 2 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ ആദ്യ ബാച്ച് അടുത്ത വർഷം വിജയകരമായി കോഴ്സ് പൂർത്തീകരിച്ച് പുറത്തിറങ്ങുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ ഇതിന് 50 കോടി രൂപ വകയിരുത്തണമെന്ന് അപേക്ഷിക്കുന്നു. നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളെയും വികസന കാര്യങ്ങളെയും മുന്നോട്ട് നയിക്കേണ്ടത് മാറിമാറി വരുന്ന സർക്കാരുകളുടെ ഉത്തരവാദിത്വമാണ്. നമ്മുടെ സമീപനവും അത്തരത്തിലായിരിക്കണം.

ഗൾഫ് മേഖല വലിയ പ്രതിസന്ധിയിലാണ്. ഈ ബഡ്ജറ്റിലും കഴിഞ്ഞ ബഡ്ജറ്റിലുമെല്ലാം കൊട്ടിഘോഷിച്ച് കൊണ്ടുവന്ന കിഫ്ബിയുടെ പ്രധാന വരുമാനമായി പറയുന്നത് പ്രവാസി ചിട്ടികളാണ്. പ്രവാസികളുടെ സ്വന്തം നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയാണുള്ളത്. കഴിഞ്ഞ ബഡ്ജറ്റിലും ഇതുപോലെ നിരവധി സ്വപ്ന പ്രഖ്യാപനങ്ങൾ നടത്തിയിരുന്നെങ്കിലും ഒന്നും നടന്നില്ല. ഈ ബഡ്ജറ്റിലും ഇതുതന്നെയാണ് അവസ്ഥ. ഏറെ കൊട്ടിഘോഷിച്ച് രണ്ട് ദിവസംകൊണ്ട് നടത്തിയ ലോക കേരള സഭ

പ്രവാസികൾക്ക് വലിയ പ്രതീക്ഷ നൽകിയിട്ടുണ്ട്. അതുവഴി സംസ്ഥാനത്തിനും വലിയ പ്രതീക്ഷകളുണ്ടെങ്കിലും അതിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് യാതൊരു വ്യക്തതയും കൈവന്നിട്ടില്ല. നടുക്കടലിൽ അകപ്പെട്ട് ദാഹിച്ച് വലയുന്ന ഒരു നാവികന്റെ അവസ്ഥയിലാണ് കേരള ജനത. മഹാസമുദ്രം പോലെ സ്വപ്ന പ്രഖ്യാപനങ്ങളും എന്നാൽ ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികളോ പദ്ധതി നടപ്പാക്കാനാവശ്യമായ തുകയോ ഇല്ല. അതുകൊണ്ടുതന്നെ യാഥാർത്ഥ്യബോധമില്ലാത്ത ഈ ബഡ്ജറ്റിനെ അനുകൂലിക്കാൻ നിവർത്തിയില്ല.

ശ്രീ. സി. കെ. നാണു : സർ, ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. സംസ്ഥാനത്ത് പാവപ്പെട്ട ആളുകളുടെ മക്കൾക്ക് ഏറ്റവും നന്നായി പഠിക്കാൻ സാധിക്കുന്ന സാഹചര്യമാണ് ഈ സർക്കാർ ഉണ്ടാക്കിയിരിക്കുന്നത്. പബ്ലിക് സ്കൂളുകളിലേയ്ക്ക് പോകുന്നവരുടെ കുട്ടികൾ സർക്കാർ സ്കൂളുകളിലേയ്ക്ക് തിരിച്ചുവരുന്നു. എന്റെ മണ്ഡലത്തിലുള്ള 8 ഹയർ സെക്കൻഡറി സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലുമുള്ള കുട്ടികൾ എസ്.എസ്.എൽ.സി.ക്കും മറ്റും 100 ശതമാനം വിജയമാണ് കരസ്ഥമാക്കിയത്. അതുപോലെ എൽ.പി./യു.പി. സ്കൂളുകളിൽ പ്രൈവറ്റ് സ്കൂളുകളിലേയ്ക്ക് പോയ കുട്ടികൾ സർക്കാർ സ്കൂളുകളിലേയ്ക്ക് തിരിച്ചുവരുന്നു. വിദ്യാഭ്യാസ മേഖലയിൽ നല്ല പുരോഗതിയുണ്ട്. 1957-ൽ കേരളം രൂപീകൃതമായ ഘട്ടത്തിൽ വടകരയിലെ രാഷ്ട്രീയ-സാമൂഹിക നേതാക്കൾ ആരംഭിച്ചതാണ് മലബാറിലെ പ്രധാനപ്പെട്ട കോളേജുകളിൽ ഒന്നായ മടപ്പള്ളി കോളേജ്. ആ കോളേജ് ആരംഭിച്ച കാലത്തുള്ള കെട്ടിടങ്ങൾ മാത്രമാണ് അവിടെയുള്ളത്. ധാരാളം പുതിയ കോഴ്സുകൾ അവിടെ വന്നു, പുതിയ ലേഡീസ് ഹോസ്റ്റൽ നിർമ്മിച്ചു. കൂടാതെ ബോയ്സ് ഹോസ്റ്റൽ കൂടി നിർമ്മിക്കുന്നതിനും ആവശ്യമായ പുതിയ കെട്ടിടങ്ങൾ സ്ഥാപിക്കുന്നതിനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം.

വടകരയിൽ ഒരു ജില്ലാ ആശുപത്രിയാണുള്ളത്. ഫിഷറീസ് ആശുപത്രി, ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ തുടങ്ങി ജില്ലാ ആശുപത്രികൾക്കുവരെ വളരെയേറെ സൗകര്യങ്ങൾ ഗവൺമെന്റ് ചെയ്തിട്ടുണ്ട്. സാധാരണ സർക്കാർ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ആളുകൾക്ക് ലക്ഷക്കണക്കിന് രൂപ വീട്ടിലുണ്ടെങ്കിൽപ്പോലും ഒരു മാസം പ്രൈവറ്റ് ആശുപത്രിയിൽ കിടന്നാൽ അത് തികയാതെ വീണ്ടും എവിടെനിന്നെങ്കിലും കടം വാങ്ങി ചികിത്സിക്കേണ്ട അവസ്ഥയാണ് വരുന്നത്. അതുകൊണ്ട് ആളുകൾക്ക് രോഗം വന്നാൽ പ്രൈമറി ഹെൽത്ത് സെന്ററിൽ തുടങ്ങി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, മെഡിക്കൽ കോളേജ് എന്ന രീതിയിൽ സർക്കാർ ആശുപത്രിയിൽ ചികിത്സ നടത്താൻ സാധിക്കുന്ന ഒരു സാഹചര്യം നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് വരുന്നത് അഭിമാനകരമാണ്. പുതിയ പ്രൈവറ്റ് ആശുപത്രികളിൽ നല്ല ചികിത്സയായിരിക്കാം. എന്നാൽ ബഹുഭൂരിപക്ഷം ആളുകൾക്കും ആ ആശുപത്രിയിൽ പോയി ചികിത്സിക്കാൻ

സാധിക്കുന്ന സാമ്പത്തികസ്ഥിതിയില്ല. അതുപോലെ ധാരാളം ഡയാലിസിസ് സെന്ററുകൾ ഡെവലപ് ചെയ്തുവരുന്നു; ക്യാൻസർ പേഷ്യന്റ്സും കൂടിവരുന്നു. ക്യാൻസർ എന്തുകൊണ്ട് വരുന്നു? ക്യാൻസർ ഇല്ലാതാക്കാൻ ഏതു തരത്തിലുള്ള റിസർച്ചും നടത്തി അതിനെല്ലാമുള്ള ചികിത്സാ സംവിധാനവും ഏർപ്പെടുത്തണം. കേരളത്തിൽ ആയുർവേദ, അലോപ്പതി, ഹോമിയോ മേഖലകളിൽ ഈ രോഗം വരുന്നതുമായി ബന്ധപ്പെട്ട് പരിശോധിക്കാൻ സാധിക്കും. കോഴിക്കോട് ജില്ലയിൽ വടകര ഏരിയായിൽ ക്യാൻസർ ജാസ്തിയാണെന്ന് പറയുന്നു. അവിടെ പുകവലി നിരോധിച്ചു; CWRDM-നെക്കൊണ്ട് വെള്ളം പരിശോധിച്ചു, തകരാറില്ല. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടെങ്കിലും ഈ രോഗം എന്തുകൊണ്ട് വരുന്നുവെന്നുള്ളതു സംബന്ധിച്ച് ഒരു റിസർച്ച് ഗവൺമെന്റ് നടത്തുന്നത് വളരെയേറെ സഹായകരമായിരിക്കും. ഓരോ പഞ്ചായത്തിലുമുള്ള സാമൂഹ്യ സംഘടനകൾ ഇങ്ങനെയുള്ള സഹായങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഗവൺമെന്റ് പ്രത്യേകമായി ഇതുസംബന്ധിച്ച് നടപടിയെടുക്കണം.

രോഗത്തിൽനിന്ന് രക്ഷപ്പെടാൻ പ്രധാനമായി വേണ്ടത് നല്ല കുടിവെള്ളമാണ്. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി എല്ലാ പ്രദേശത്തും, പ്രത്യേകിച്ച് കുടിവെള്ളത്തിനുള്ള പദ്ധതികളില്ലാത്ത സ്ഥലത്തും നല്ല കുടിവെള്ളം എത്തിക്കുന്നതിനും ജലസേചനം വഴി കൂടുതലായി കൃഷി ചെയ്യാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിലും എനിക്ക് സന്തോഷമുണ്ട്. ഇന്ന് എല്ലായിടത്തും വലിയ കോൺക്രീറ്റ് വീടുകളുള്ളതുകൊണ്ട് നല്ല ഓക്സിജൻ ശ്വസിക്കാനാവശ്യമായ അന്തരീക്ഷമില്ല. നമ്മുടെ വിദ്യാലയങ്ങളിലും നാട്ടിൻപുറത്തുമൊക്കെ നല്ല മരങ്ങൾ വച്ചുപിടിപ്പിച്ച് ഓക്സിജൻ ലഭിക്കാനാവശ്യമായ സാഹചര്യം ഉണ്ടാക്കാൻ സാധിക്കണം.

നമ്മുടെ കാടിനെ തകർക്കുന്ന രൂപത്തിൽ വെട്ടിത്തെളിക്കുന്നതിനെ ഒരുകാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല, അത് സംരക്ഷിക്കപ്പെടണം. കാരണം, ആ കാടിലൂടെയാണ് നമുക്ക് നദികൾ വഴി ശുദ്ധജലം ലഭിക്കാനിടയാകുന്നത്. നമ്മുടെ നാടിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്. കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ, കൃഷിചെയ്യാതിരുന്ന പ്രദേശത്ത് കൃഷി ചെയ്യുക, കൃഷി മെച്ചപ്പെടുത്താൻ ശ്രമിക്കുക, ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്ന് കനാലുകൾ നന്നാക്കുക തുടങ്ങിയ നല്ല പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്.

എന്റെ മണ്ഡലത്തിൽ കൊല്ലത്തിൽ 6 മാസംപോലും ജോലിയില്ലാതെയിരുന്ന ആറോ ഏഴോ കൈത്തറി സൊസൈറ്റികളുണ്ടായിരുന്നു. കുട്ടികളുടെ യൂണിഫോം കൈത്തറിയാക്കിയതിന്റെ ഫലമായി ആ സഹകരണ സംഘങ്ങളിലെല്ലാം കുട്ടികൾക്കുള്ള യൂണിഫോമിന്റെ പണി നടക്കുകയാണ്. അങ്ങനെ കൈത്തറി വളരെ മെച്ചപ്പെട്ട നിലയിലേയ്ക്ക് വരുന്നു. കൈത്തറിയെയും ഖാദിയെയും സംരക്ഷിക്കാനാവശ്യമായ

രൂപത്തിലുള്ള നീക്കങ്ങൾ നടക്കുന്നു. റിബേറ്റിന്റെ അടിസ്ഥാനത്തിൽ കൈത്തറിയെ സംരക്ഷിക്കാൻ നമുക്ക് സാധിക്കണം. മന്ത്രിമാരും അതുപോലെ ഉത്തരവാദപ്പെട്ടവരുമെല്ലാം ഒരാഴ്ചയിൽ ഒന്നോ രണ്ടോ ദിവസമെങ്കിലും കൈത്തറി/ഖാദി വസ്ത്രം ധരിക്കാൻ ശ്രമിച്ചാൽ നന്നായിരുന്നു. നമ്മൾ സഭയിൽ ഓരോ നിമിഷവും കണ്ടുകൊണ്ടിരിക്കുന്ന ഗാന്ധിജിയുടെ സമരായുധമായ ഖാദിയെയും കൈത്തറിയെയും എങ്ങനെ സംരക്ഷിക്കാൻ സാധിക്കുമെന്നുള്ളത് പ്രധാനപ്പെട്ട ഘടകമായിരിക്കുന്നു.

ഇവിടെ രാഷ്ട്രീയത്തെ സംബന്ധിച്ച് പറഞ്ഞു. കുട്ടികൾ ലോണെടുത്ത കാശ് റിലയൻസിന് മാറ്റിയിരിക്കുന്നു എന്നാണ് ഒരു ചോദ്യത്തിന് ഉത്തരമായി അറിയാൻ കഴിഞ്ഞത്. മുമ്പ് വൻകിട കുത്തകകൾ ഏതൊക്കെ മേഖലകളിൽ പ്രവർത്തിക്കണമെന്നതു സംബന്ധിച്ച് നിയന്ത്രണമുണ്ടായിരുന്നു. ഇന്ന് ആ നിയന്ത്രണമുണ്ടോ? ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

ഇവിടെ ഭരണമാറ്റത്തെ സംബന്ധിച്ച് പറഞ്ഞു. ബി.ജെ.പി. വർഗ്ഗീയ സംഘടന എന്നുള്ള നിലയ്ക്ക് മാത്രമല്ല, ഇൻഡ്യാ രാജ്യത്തിലെ കുത്തകകളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു കക്ഷി ആയതുകൊണ്ടാണ് ബി.ജെ.പി.-യെ മാറ്റണമെന്നുള്ള കാര്യത്തെ സംബന്ധിച്ച് പറയുന്നത്. ജാതീയമായും മതപരമായ ഏറ്റുമുട്ടലുകളുണ്ടാക്കിയും പാവപ്പെട്ട ആദിവാസികളെ മർദ്ദിച്ചും അവരുടെ താല്പര്യമാണ് സംരക്ഷിക്കുന്നത്, ഇൻഡ്യയിലെ ഏറ്റവും വലിയ കുത്തകകളെയാണ് സംരക്ഷിക്കുന്നത്. നോട്ട് നിരോധിച്ച ഘട്ടത്തിൽ ചാനലുകളോട് 'ഇത് വളരെ നന്നായി' എന്ന് പുഞ്ചിരിച്ചുകൊണ്ട് പ്രസംഗിച്ചത് അംബാനിയാണ്. അവരുടെ ഗവൺമെന്റാണ് ബി.ജെ.പി. അവരെ ആരാണ് ഈ രൂപത്തിലാക്കിയത്? അംബാനിമാർക്ക് വളരാനുള്ള സഹായം ചെയ്തുകൊടുത്തത് കോൺഗ്രസ്സല്ലേ? ഇൻഡ്യാ രാജ്യത്ത് ഈ കുത്തകകൾ മുഴുവൻ വളരുന്നതിനെ സഹായിക്കുകയും ആ പാതയിലൂടെ ബി.ജെ.പി. ഗവൺമെന്റ് മുന്നോട്ടുപോകുന്ന അവസരത്തിൽ അവരിൽ നിന്ന് രാജ്യത്തെ രക്ഷിക്കുവാൻ വസ്തുതകൾ വിലയിരുത്തി പറയാൻ നിങ്ങൾക്ക് സാധിക്കുമോ? ഇൻഡ്യാ രാജ്യത്തിലെ വൻകിട കുത്തകകൾക്കെതിരായിട്ടുള്ള പോരാട്ടത്തിൽ ഇടതുപക്ഷജനാധിപത്യ മുന്നണിയുടെകൂടെ സഹകരിക്കാൻ നിങ്ങൾ സന്നദ്ധമാകുമോ? ഇൻഡ്യാ രാജ്യത്തിന് മാതൃകയാകുന്ന രൂപത്തിൽ വൻകിട കുത്തകക്കാരുടെ താല്പര്യങ്ങൾക്ക് എതിരായുള്ള നീക്കത്തിന്റെ മുമ്പിൽ ഞങ്ങളുണ്ടെന്ന് സംയുക്തമായി കേരളത്തെ ബോദ്ധ്യപ്പെടുത്തിയാൽ നിങ്ങൾ പറയുന്നതിൽ ന്യായമുണ്ട്.

പല ഘട്ടങ്ങളിലായി ഭരണമാറ്റങ്ങളുണ്ടായെങ്കിലും എന്തുകൊണ്ട് 5 കൊല്ലം നിങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിച്ചില്ല? അടിസ്ഥാനപരമായും നയപരമായും പ്രശ്നമുള്ളതുകൊണ്ടും ജനങ്ങളെ വിശ്വാസത്തിലെടുക്കാൻ നിങ്ങൾക്ക് കഴിയാത്തതു കൊണ്ടുമാണ്. ഒരു ഭരണമാറ്റം വരികയും വീണ്ടും ആ കക്ഷികൾ തന്നെ തിരിച്ചു വരാനുള്ള സാഹചര്യമല്ല ഇൻഡ്യയ്ക്ക്

ആവശ്യം. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി, അങ്ങയോട് ഞാൻ പറയുകയാണ്, അടിസ്ഥാനപരമായ പ്രശ്നത്തിന്റെ പേരിലുള്ള പോരാട്ടങ്ങൾ നിങ്ങൾക്ക് നടത്താൻ സാധിച്ചില്ല. നിർണ്ണായകമായ അടിയന്തരാവസ്ഥ ഈ രാജ്യത്ത് ഉണ്ടായപ്പോൾ അതിനെതിരായി ഒരു ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നശേഷം അവർ സ്വീകരിച്ച പഴയ നിലപാടുകൾ തെറ്റായി എന്നുള്ളതുകൊണ്ട് രാഷ്ട്രീയമായ മാറ്റം നടത്തിയിരുന്നു. സാധാരണക്കാരന്റെ താല്പര്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി കൂടുതൽ വരുമാനം എങ്ങനെയുണ്ടാക്കാൻ സാധിക്കും, ഏതെല്ലാം തരത്തിൽ ഗവൺമെന്റിനാവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഉണ്ടാക്കാൻ സാധിക്കും എന്നുള്ള കാര്യങ്ങളിൽ ഈ സർക്കാർ മുന്നോട്ടുപോകുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ നല്ല നിലയിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ നിർത്തുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുകയാണ്. സാമ്പത്തികമാന്ദ്യ കാലത്ത് വമ്പൻ പ്രഖ്യാപനങ്ങൾ നടത്താതെ ജനങ്ങൾക്ക് ക്ഷേമം നൽകാൻ കരുതലോടെ ഒരു ക്ഷേമ ബഡ്ജറ്റ് അവതരിപ്പിക്കാനും ഏത് ദുരിതത്തിലും സർക്കാർ ജനങ്ങൾക്കൊപ്പമുണ്ടെന്ന് വ്യക്തമാക്കാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിരിക്കുന്നു. ജി.എസ്.ടി. വഴി സംസ്ഥാനത്തിന് പ്രതീക്ഷിച്ച വരുമാനം ലഭിക്കാതെ പോയതുകൊണ്ട് രജിസ്ട്രേഷൻ, ഭൂമിയുടെ ന്യായവില വർദ്ധന, മദ്യനികുതി എന്നിവയിലൂടെ കഴിയുന്നത്ര വരുമാനം കണ്ടെത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഓഖി ദുരന്ത പശ്ചാത്തലത്തിൽ സമഗ്രമായ തീരദേശസംരക്ഷണം ഉറപ്പുവരുത്തി വികസന പ്രവർത്തനം കൊണ്ടുവരാൻ കഴിയുന്ന നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. കർശന ചെലവുചുരുക്കൽ നടപടി ശിപാർശ ചെയ്യുന്നുണ്ടെങ്കിലും സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള തുക വെട്ടിക്കുറച്ചിട്ടില്ല. ഒരു മഹത് വചനം ഇപ്പോൾ ഓർമ്മപ്പെടുത്തുകയാണ്. 'നിങ്ങൾ എന്തെങ്കിലും നടപ്പാക്കുന്നതിനുമുമ്പ് ഒന്ന് നിർത്തി, നിങ്ങൾ എന്നെങ്കിലും കണ്ട പാവപ്പെട്ടവനും നിസ്വനുമായ ഒരുവന്റെ മുഖം ഓർക്കുക, ഞാൻ ഇപ്പോൾ ചെയ്യാൻ പോകുന്നത് ആ പാവപ്പെട്ടവന് എങ്ങനെ സഹായകമാകുമെന്ന് സ്വയം കണ്ടെത്തുക, നിങ്ങൾക്ക് ഉത്തരം കണ്ടെത്താനാകും.' ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ കാഴ്ചപ്പാട് ആ നിലയിലാണ് ബഡ്ജറ്റിലൂടെ പ്രകടിപ്പിച്ചിട്ടുള്ളത്. ലൈഫ് പാർപ്പിട പദ്ധതിക്ക് 2500 കോടി രൂപ മാറ്റിവച്ചതിലൂടെ സുരക്ഷിതമായ താമസസൗകര്യം ഇടതുപക്ഷ ഗവൺമെന്റ് ഒരുക്കുകയാണ്. പ്രതികൂല കാലാവസ്ഥയിലും ചോർന്നൊലിക്കുന്ന മഴയത്തും സ്വന്തം കുഞ്ഞുങ്ങളെ പറവകൾ ചിറകിനടിയിൽ സൂക്ഷിക്കുന്നതു പോലെ മക്കളെ പോറ്റുന്ന അമ്മമാർക്കാണ് ഇതുവഴി ആശ്വാസം ലഭിച്ചത്. പിടിപ്പുകെട്ടതും അശാസ്ത്രീയവുമായ നടത്തിപ്പിന്റെ കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാനും ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൊടുക്കുന്നതിനുള്ള പുതിയ കണ്ടെത്തലുകൾ നടത്തി നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്.

പട്ടിണിയുടെ കാര്യത്തിൽ ലോക രാജ്യങ്ങളുടെ കണക്കിൽ ഇന്ത്യ മുന്നിലാണല്ലോ. ഏഴ് പതിറ്റാണ്ടുകൾ പിന്നിട്ട സ്വതന്ത്ര ഇന്ത്യയിൽ അഞ്ച് പതിറ്റാണ്ട് ഭരിച്ചവരാണ് കോൺഗ്രസ്. 'ഒരു രാജ്യം രാഷ്ട്രമാകുന്നത് ആ രാജ്യത്തെ എല്ലാ ദരിദ്രരുടെയും കണ്ണുനീർ മാറുമ്പോഴാണെന്ന് മഹാത്മാഗാന്ധി പറഞ്ഞു. അഞ്ച് പതിറ്റാണ്ട് ഇന്ത്യയെ ഭരിച്ച കോൺഗ്രസ് ആസൂത്രണ രംഗത്ത് സ്വീകരിച്ച നയങ്ങൾ ജനങ്ങളെ തീരാദുരിതത്തിലാഴ്ത്തി. ഒരു കൈകൊണ്ട് കൊടുക്കുകയും മറു കൈകൊണ്ട് തിരിച്ച് പിടിക്കുകയും ചെയ്യുന്ന തലതിരിഞ്ഞ ആസൂത്രണമാണ് നമ്മുടെ രാജ്യത്തെ പട്ടിണിക്കാരുടെ രാജ്യമാക്കി മാറ്റിയത്. കേരളത്തിൽ ഒരാളും വിശന്ന് കിടക്കേണ്ടതില്ല, ഒരു നേരമെങ്കിലും ഭക്ഷണം നൽകാൻ സർക്കാർ ബഡ്ജറ്റിലൂടെ തുക മാറ്റി വച്ചിട്ടുണ്ട്. ഒരു നാടിന്റെ ഭാസുരമായ ഭാവിയെ ലക്ഷ്യം വയ്ക്കുന്ന സർക്കാർ പരമാവധി നിക്ഷേപം നൽകേണ്ടത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. സാങ്കേതിക വിദ്യാഭ്യാസം, ആധുനിക വിദ്യാഭ്യാസം, വിവര വിജ്ഞാന മേഖല ഈ രംഗത്ത് നടത്തുന്ന പ്രവർത്തനം നാടിന്റെ അടിസ്ഥാന സമ്പത്താണ്. അത് തിരിച്ച് പിടിക്കാനോ തിരിച്ചെടുക്കാനോ കഴിയുന്നതല്ല. ലോകം കണ്ട നവോത്ഥാന നായകനാണല്ലോ ശ്രീനാരായണഗുരു; അദ്ദേഹം സാങ്കേതിക വിദ്യാഭ്യാസം, കൃഷി ഈ മേഖലയിൽ സമൂഹത്തിന് നൽകിയ നിർദ്ദേശം ചരിത്രത്തിലൂടെ വായിച്ചറിയാവുന്നതാണ്. അധഃസ്ഥിതനോട് അമ്പലം പണിയാനും വിഗ്രഹം സ്ഥാപിക്കാനും ആദ്യം അദ്ദേഹം പറഞ്ഞു. ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇനി നിങ്ങൾക്ക് വിദ്യാഭ്യാസമാണ് ആവശ്യം; പിന്നീട് കൃഷിയാണ് ആവശ്യമെന്നും പറഞ്ഞു. കൃഷി മാത്രമല്ല, കൃഷിയിൽ സാങ്കേതിക വിദ്യാഭ്യാസം കൂടി വേണം, സാങ്കേതിക വിജ്ഞാനത്തിന്റെ ആവശ്യവും അദ്ദേഹം ഊന്നിപ്പറഞ്ഞിരുന്നു. എൽ.പി. മുതൽ ഹയർ സെക്കണ്ടറിവരെ ഡിജിറ്റൽ ക്ലാസ് റൂമുകൾ, അതുവഴി ഹൈടെക് സ്കൂളുകൾ; ആധുനിക വിദ്യാഭ്യാസം നൽകി രാജ്യത്തിന്റെ ഭാവി സുസ്ഥിരമാക്കുകയാണ് ബഹുമാനപ്പെട്ട പിണറായി സർക്കാർ ചെയ്യുന്നത്.

ജീവിതശൈലീരോഗങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന സാധാരണ ജനങ്ങൾക്ക് ചികിത്സാചെലവ് നിമിത്തം കുടുംബഭദ്രതയും സാമ്പത്തിക അടിത്തറയും തകരുകയാണ്. അവരെ സഹായിക്കാനായി ചികിത്സ സൗജന്യമാക്കി, ക്രമമായി അവർക്ക് ഉറപ്പുവരുത്തുകയാണ് ഈ സർക്കാർ ചെയ്യുന്നത്. അതിനുള്ള വരുമാനം ഭാഗ്യക്കുറിയിൽ നിന്ന് കണ്ടെത്താനുള്ള പരിശ്രമവും ബഡ്ജറ്റിലൂടെ നിർദ്ദേശമായി വച്ചിട്ടുണ്ട്. സ്ത്രീശാക്തീകരണത്തിന് നൽകുന്ന പ്രാമുഖ്യം ശ്രദ്ധേയമാണ്. ബഡ്ജറ്റിന്റെ 14.6 ശതമാനം തുക വനിതാ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 3.1 ശതമാനം കൂടുതലാണ്. എന്നാൽ 97 ശതമാനം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ദേശീയ തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികളിൽ 100 ദിവസം ജോലി ലഭിച്ച കുടുംബത്തിന് 1000 രൂപ ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നു. ജോലി ചെയ്യുന്ന എല്ലാവർക്കും ഫെസ്റ്റിവൽ അലവൻസ് കൊടുക്കണമെന്ന നിർദ്ദേശംകൂടി ഈ ബഡ്ജറ്റിൽ ഉണ്ടാകണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുകയാണ്.

അയ്യങ്കാളി നഗര പദ്ധതി പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന വേതനം 240 രൂപയിൽ നിന്നും 300 രൂപയായി ഉയർത്തുന്നതിനുള്ള നടപടികൾ കൂടി ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഒരു കരാർ തൊഴിലാളിക്ക് 630 രൂപ വരെ ലഭിക്കാനിടയുള്ള സംസ്ഥാനത്ത് 300 രൂപയെങ്കിലും ലഭിക്കുന്നത് എന്തുകൊണ്ടും ഗുണകരമായിരിക്കും. ആ നിർദ്ദേശം കൂടെ പരിഗണിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ഇന്നത്തെ സാമ്പത്തിക ഘടനയിൽ നിന്നുകൊണ്ട് ഉയർത്തിയിരിക്കുന്ന ബദൽ ഇന്ത്യയ്ക്ക് മാതൃകയാണ്. ആ മാതൃക ഇന്ത്യയിലെ മറ്റ് ഇതര സംസ്ഥാനങ്ങളിലെ ജനങ്ങളും പിന്തുടരേണ്ടതുണ്ട്. രാഷ്ട്രീയ ചർച്ച പൊതുവായി നമ്മുടെ നിയമസഭയിൽ നടക്കാറുണ്ട്. ഇടതുപക്ഷം പ്രത്യേകിച്ച് ഇടതുപക്ഷത്തിന് സ്വാധീനമുള്ള സംസ്ഥാനങ്ങളെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ബദൽ ഉയർത്തുന്ന നിങ്ങളുടെ സ്വാധീനശക്തിയെ അവർ അളന്ന് തിരിച്ച് തിട്ടപ്പെടുത്തി പറയാറുണ്ട്. കേരളവും ത്രിപുരയും അതുപോലുള്ള ഒന്നോ രണ്ടോ സംസ്ഥാനങ്ങളുടെ സ്വാധീനം ഉപയോഗപ്പെടുത്തി ഇടതുപക്ഷത്തിന് ദേശീയതലത്തിൽ ഞങ്ങൾ കൂടെ ഇല്ലെങ്കിൽ ബദൽ ഉയർത്താനാകുമോ എന്ന ചോദ്യം ചോദിക്കുന്നവരുണ്ട്. അവരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം ശരിയായ തോതിൽ നിരീക്ഷിക്കുകയും പഠിക്കുകയും ചെയ്യണമെന്നാണ്. ഇടതുപക്ഷ ബദൽ എന്നുപറയുന്നതും ഇടതുപക്ഷ ഹൃദയമെന്നു പറയുന്നതും ഏതെങ്കിലും ഒരു പാർട്ടിയുടെ സ്വാധീന ശക്തിയെ ഉപയോഗപ്പെടുത്തി അളന്ന് തിട്ടപ്പെടുത്താൻ കഴിയുന്നതല്ല. ഈ രാജ്യത്ത് പ്രവർത്തിക്കുന്ന വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ കോൺഗ്രസ്സിനകത്ത് പോലും ഇടതുപക്ഷ ഹൃദയമുള്ളവരുണ്ട്. ഇടതുപക്ഷ ബദൽ എന്ന ആശയം ഉയർത്തിപ്പിടിക്കാൻ ആഗ്രഹിക്കുന്ന രാഷ്ട്രീയ പാർട്ടികളിലെ ജനവിഭാഗങ്ങളെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്നിൽ അണിനിരത്തുക, ഇടതുപക്ഷ ഹൃദയത്തെ യോജിപ്പിച്ച് അണിനിരത്തുക, അതുവഴി നമ്മുടെ രാജ്യം നേരിടുന്ന ഇന്നത്തെ ഗൗരവതരമായിട്ടുള്ള സ്ഥിതി തരണം ചെയ്യാൻ പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയുള്ള പരിശ്രമമാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ അസാദ്ധ്യമായതിനെപ്പറ്റി ചിന്തിക്കാൻ ധൈര്യം കാണിച്ചവരാണ് മനുഷ്യന്റെ പരിമിതികളെയെല്ലാം തകർത്തവരെന്ന് ചരിത്രം തെളിയിച്ചിട്ടുള്ളത്. മനുഷ്യന്റെ എല്ലാ ഉദ്യമത്തിലും ശാസ്ത്രം, ആരോഗ്യം, കായികം, കല, സാങ്കേതികം തുടങ്ങിയ ഏത് മേഖലയിലായാലും അസാദ്ധ്യമായതിനെ മനസ്സിൽ കാണുകയും മഹത്വം കൈവരിക്കുകയും ചെയ്തവരുടെ പേരുകൾ നമ്മുടെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തങ്ങളുടെ ഭാവനയുടെ അതിരുകളെ തകർത്തുകൊണ്ടാണ് അവർ ലോകത്തെ മാറ്റിയെടുത്തത്. നാം വ്യത്യസ്തമായി സംസാരിച്ചില്ലെങ്കിൽ വ്യത്യസ്തമായി ചിന്തിക്കുകയുമില്ല. നാം മുട്ടുകുത്തുന്നതിനാലാണ് വലിയവർ നമ്മുടെ കണ്ണുകളിൽ വലിയവരാകുന്നത്. നമുക്ക് നിവർന്നു നിൽക്കാം. നിവർന്ന് നിൽക്കാൻവേണ്ടി യോജിക്കുകയെന്ന കാര്യമാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

2.00 PM]

ശ്രീ. റോഷി അഗസ്റ്റിൻ : സർ, സാമ്പത്തിക മുരടിപ്പ് സൃഷ്ടിച്ച അനിശ്ചിതാവസ്ഥയെ സൂചിപ്പിച്ചുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ചരക്ക് സേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്ത പ്രതികൂല സാഹചര്യത്തിലും ഒട്ടേറെ സുരക്ഷാ പദ്ധതികൾക്ക് പണം നീക്കിവച്ചുവെന്നത് സ്വാഗതാർഹമാണ്. ഓഖി ദുരന്തത്തിന്റെ അലയടികൾ നമ്മുടെ മനസ്സുകളിൽ നിന്നും ഉടനെയൊന്നും നീങ്ങിപ്പോകുകയില്ല. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് കണ്ണുനീരിൽ കഴിയുന്ന കുടുംബങ്ങളെയും അനാഥരായ കുട്ടികളെയും ആശ്വസിപ്പിക്കാൻ വാക്കുകളില്ല. ഓഖി ദുരന്തത്തിന്റെ വെളിച്ചത്തിൽ, തീരദേശത്തിന്റെ സമഗ്ര വികസനത്തിനും എല്ലാവരും ഏറ്റവും കൂടുതൽ ആവശ്യപ്പെടുന്നതുമായ 2000 കോടി രൂപയുടെ പാക്കേജ് തീർച്ചയായും സ്വാഗതാർഹമാണ്. അതോടൊപ്പം ദീർഘകാല പദ്ധതി വിഭാവന ചെയ്തിട്ടുള്ള തീരദേശ ദുരന്ത നിവാരണ പദ്ധതിക്ക് അംഗീകാരം നേടിയെടുക്കാനും അങ്ങേയ്ക്ക് കഴിഞ്ഞു.

ജനാധിപത്യ ക്ഷേമരാഷ്ട്രമെന്ന നിലയിൽ അഭിമാനം കൊള്ളുന്ന, സാക്ഷരതയിലും സംസ്കാരത്തിലും മുന്നിൽനിൽക്കുന്ന കേരളത്തിലെ ഒരു വിഭാഗം നിസ്സഹായത അനുഭവിക്കുന്നവരെ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. ശാരീരിക ന്യൂനതയുള്ളവരുടെയും ബുദ്ധിവികാസമില്ലാത്തവരുടെയും സംരക്ഷണവും പരിപാലനവും സൗകര്യപൂർവ്വം വിസ്മരിക്കുന്ന അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിൽ ഭിന്നശേഷിക്കാരുടെ സുരക്ഷ എന്ന തലക്കെട്ടിൽ നൽകിയ പ്രഖ്യാപനങ്ങൾ കേരള ജനത ഏറെ സന്തോഷത്തോടുകൂടിയാണ് നോക്കിക്കാണുന്നത്. അതുകൊണ്ടുമാത്രം പരിഹരിക്കപ്പെടാവുന്ന ഒരു വിഷയമായി അതിനെ ഞാൻ കണക്കാക്കുന്നില്ല. പൊതുവിദ്യാഭ്യാസ രംഗത്ത് 43 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠിക്കാനുള്ള അവസരം ലഭിക്കുമ്പോൾ ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന ഓട്ടിസം ബാധിച്ചവരെയും സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ടവരെയും മേൽനിരയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ വിഭാഗത്തിൽപ്പെട്ട 100 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന 33 സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേയ്ക്ക് ഉയർത്താനുള്ള തീരുമാനമെടുത്തു. എൽ.ഡി.എഫ്.ന്റെ പ്രകടന പത്രികയിലും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഇരുവിഭാഗവും ഒരുപോലെ ആഗ്രഹിക്കുന്ന ഇക്കാര്യം നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 50 വിദ്യാർത്ഥികൾവരെ പഠിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ ആ പരിധിയിലേയ്ക്ക് ഉയർത്തുന്നതോടൊപ്പം അവരെ പഠിപ്പിക്കുന്ന അദ്ധ്യാപകരെയും തുച്ഛമായ വരുമാനംകൊണ്ട് നിലനിൽക്കാനാകാത്ത ആയമാരെയും സംരക്ഷിക്കാനുള്ള തീരുമാനമുണ്ടാകണം.

ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കാർഷികമേഖലയ്ക്ക് ആവശ്യമായ പരിരക്ഷ കിട്ടിയില്ലെന്ന് കാണാൻ സാധിക്കും. കേരളത്തിലെ ശരാശരി കർഷക കുടുംബത്തിന് ഇന്ന് ജീവിക്കാൻ സാധിക്കാത്ത സാഹചര്യമായതുകൊണ്ട് അവരെ സംരക്ഷിക്കാനാവശ്യമായ നിയമവും നയവും ഉണ്ടാകണം. കൂടാതെ അവർക്കുവേണ്ടി പ്രത്യേക പാക്കേജും വേണം. ഇന്ന് ഇടുക്കി പോലുള്ള മലയോര ഗ്രാമങ്ങൾ പരിശോധിച്ചാൽ കാർഷിക രംഗത്തെ ബുദ്ധിമുട്ട് മനസ്സിലാക്കാൻ സാധിക്കും. കാലാവസ്ഥാ വ്യതിയാനത്തിലൂടെയും പ്രകൃതിക്ഷോഭംമൂലവും കൃഷിനാശം സംഭവിക്കുന്നുണ്ട്. അത്തരത്തിലുള്ള കർഷകരെ സംരക്ഷിക്കാൻ വയനാട് ജില്ലയ്ക്ക് അനുവദിച്ച സ്പെഷ്യൽ പാക്കേജ് ഏറെ സ്വാഗതാർഹമാണ്. അത്തരം കാര്യങ്ങളിൽ ഇടുക്കിയെക്കൂടി പരിരക്ഷിക്കാനാവശ്യമായ നടപടിയുണ്ടാകണം.

ഏലം ഉല്പാദിപ്പിക്കുന്ന പ്രദേശത്തുതന്നെ വിപണനം ചെയ്യുന്നതിന് സൗകര്യമുണ്ടാകുക എന്നത് ഇടുക്കി ജില്ലയിലെ ഏലം കർഷകരുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. പുറ്റടിയിലുണ്ടായിരുന്ന സ്പൈസസ് ബോർഡിന്റെ ഓക്ഷൻ സെന്റർ ഇപ്പോൾ തമിഴ്നാട്ടിലെ ബോഡിനായ്ക്കന്നൂരിലേയ്ക്ക് മാറ്റിയിരിക്കുകയാണ്. ഇപ്പോഴത്തെ കേന്ദ്രഗവൺമെന്റ് വന്നതിനുശേഷം ഏലം കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഫീൽഡ് ഓഫീസുകളെല്ലാം മാറ്റുകയാണ് ആദ്യം ചെയ്തത്. രണ്ടാമതായി, ഏലത്തിന് സ്പൈസസ് ബോർഡ് നൽകിയിരുന്ന സബ്സിഡി മുഴുവൻ നിർത്തലാക്കി. മൂന്നാമതായി, പുറ്റടിയിൽ പ്രവർത്തിച്ചിരുന്ന ഓക്ഷൻ സെന്റർ ഇപ്പോൾ തമിഴ്നാട്ടിലേയ്ക്ക് മാറ്റിയിരിക്കുന്നു. ഇക്കാര്യങ്ങൾക്കെതിരെ കേന്ദ്രഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തണം. കേരള കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിൽ എല്ലാ കർഷക സംഘടനകളും ഉൾപ്പെടെ 9-ാം തീയതി സ്പൈസസ് ബോർഡ് ഓഫീസിലേയ്ക്ക് മാർച്ച് നടത്തുന്നുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റിൽ നിന്നും ഇടപെടലുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

ക്ഷീര കാർഷികമേഖലയ്ക്ക് ചെറിയ കൈത്താങ്ങ് ഈ ബഡ്ജറ്റിലുണ്ടെങ്കിലും ചില ന്യൂനതകളുമുണ്ട്. ശരാശരി രണ്ടായിരം മുതൽ മൂവായിരം ലിറ്റർ വരെ പാൽ അളക്കുന്ന ക്ഷീരസംഘങ്ങളെ സഹായിക്കാൻ ത്രിതല പഞ്ചായത്തുകൾക്കും എം.എൽ.എ., എം.പി. മാർക്കും കഴിയുമായിരുന്നു. അവരുടെ ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്തുന്നതിനായി നൽകിയിരുന്ന ഫണ്ടിന്റെ തുക ഓഡിറ്റിനുശേഷം ഒരു ലക്ഷമായി നിജപ്പെടുത്തിയതിൽ തടസ്സം നേരിട്ടത് പുനഃപരിശോധിക്കണം. ആ മേഖലയിലുള്ളവരെ സംരക്ഷിക്കാൻ വേണ്ട നടപടിക്ക് അത് ഉപകാരപ്രദമാകും.

ഒരേക്കർ ഭൂമിയുള്ള ചെറുകിട കർഷകന്റെ മാസവരുമാനം 5000 രൂപയും വാർഷിക വരുമാനം 60,000 രൂപയും എന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്. 5000 രൂപ കൊണ്ട് ഒരു കുടുംബത്തിന് ജീവിക്കാൻ കഴിയില്ല. ഇടനിലക്കാരും സാധാരണക്കാരും തകർന്നുപോകും. ഒരേക്കർ ഭൂമിയുള്ളതുകൊണ്ട് ബി.പി.എൽ. ഗണത്തിൽപ്പെടില്ല. കേന്ദ്ര ഗവൺമെന്റ്

പരിഗണനാർഹമായ നിലയിലേയ്ക്ക് വന്നില്ലെങ്കിലും ആ വിഭാഗത്തെ സംരക്ഷിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കനിയണം. അവർക്ക് പ്രത്യേക പാക്കേജുണ്ടാക്കാനും ഒരു പ്രത്യേക നിയമം തന്നെയുണ്ടാക്കാനും തയ്യാറാകണം, അല്ലെങ്കിൽ കേരളത്തിൽ ആത്മഹത്യാ നിരക്ക് വർദ്ധിക്കും. അവർക്ക് വിദ്യാഭ്യാസ ചെലവ് സഹിക്കാൻ നിർവ്വാഹമില്ല, മാരക രോഗങ്ങൾ വന്നാൽ ചികിത്സിക്കാൻ നിർവ്വാഹമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. റോഷി അഗസ്റ്റിൻ.....പ്ലീസ് കൺക്ലൂഡ്...

ശ്രീ. റോഷി അഗസ്റ്റിൻ : സർ, അവർ ബാങ്കിൽ നിന്നും ലോൺ എടുക്കുന്നത് കൃഷിക്കുവേണ്ടി മാത്രമല്ല, ചികിത്സിക്കാൻ വേണ്ടി എടുക്കുന്ന ലോൺപോലും തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ, കർഷക കുടുംബത്തെ സംരക്ഷിക്കാൻ ഉതകുന്ന വിധത്തിൽ ഒരേക്കറിൽ താഴെ ഭൂമിയുള്ള കർഷകർക്ക് സംസ്ഥാനത്ത് ബി.പി.എൽ. കുടുംബങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യം ലഭിക്കത്തക്കവിധമുള്ള നയസമീപനം, ഒരു നിയമനിർമ്മാണം ഈ നിയമസഭ പാസ്സാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുകയാണ്. കേരളം എന്താണെന്നും എങ്ങനെ ആവണമെന്നും വ്യക്തമായി മനസ്സിലാക്കി യാഥാർത്ഥ്യ ബോധത്തോടുകൂടി ശക്തമായിട്ടുള്ള ചുവടുവയ്പുകളാണ് ഈ ബഡ്ജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി പുറത്തെടുത്തിട്ടുള്ളത്.

മണ്ണിനെയും മനുഷ്യനെയും ഒരുപോലെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ഏത് വികസന പദ്ധതികളും ലക്ഷ്യപ്രാപ്തിയിലെത്തുന്നത്. മണ്ണിനുവേണ്ടി മനുഷ്യനെയും മനുഷ്യനുവേണ്ടി മണ്ണിനെയും വിസ്മരിച്ചപ്പോൾ പരാജയങ്ങൾ മാത്രമാണ് നമ്മൾ ഏറ്റുവാങ്ങിയിട്ടുള്ളത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിൽ മണ്ണിനും മണ്ണിന്റെ മക്കൾക്കും മനുഷ്യർക്കും മറ്റ് ജീവജാലങ്ങൾക്കും തുല്യമായ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ ഹരിത കേരളം എന്ന് ഉദ്ദേശിച്ചതും അതുതന്നെയാണ്. അർഹിക്കുന്നിടത്തെല്ലാം വെള്ളവും വെളിച്ചവും വളവും എത്തിക്കുക, അത് സസ്യലതാദികളായാലും പക്ഷിമൃഗാദികളായാലും മനുഷ്യരായാലും എല്ലാവർക്കും തുല്യ അളവിൽ വീതിച്ചുനൽകാനുള്ള വലിയൊരു ശ്രമമാണ് അങ്ങയുടെ ഈ ബഡ്ജറ്റിലുള്ളത്. കടലിനോട് മല്ലടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസത്തിന്റെ ഘടകങ്ങളായി നിരവധി പാക്കേജുകളുടെ രൂപത്തിൽ, അഗതികൾക്കും അശരണർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ രൂപത്തിൽ, ഭിന്നശേഷിക്കാർക്ക് നിരവധി പദ്ധതികളുടെ രൂപത്തിൽ, രോഗങ്ങളോട് മല്ലിടുന്നവർക്ക് ആരോഗ്യ പരിപാലന പദ്ധതിയുടെ ഭാഗമായി, വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വിദ്യാകേന്ദ്രങ്ങൾ

പ്രഖ്യാപനങ്ങളുടെ രൂപത്തിൽ അങ്ങനെ സമൂഹത്തിന്റെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. സ്ത്രീ-പുരുഷ സമത്വം എന്ന ആശയം നമ്മുടെ രാഷ്ട്രത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നത് രാഷ്ട്രപിതാവായ ഗാന്ധിജിയാണ്. ഈ രാജ്യം പുരുഷന്മാരുടേത് മാത്രമല്ല സ്ത്രീകളുടേതും കൂടിയാണെന്ന് അദ്ദേഹം ആവർത്തിച്ച് പറഞ്ഞിരുന്നു. മഹാത്മാഗാന്ധിയുടെ വാക്കുകൾ ഇവിടെ ഉദ്ധരിക്കുകയാണ്. ' ഇന്ത്യയിൽ ഏത് നഗരത്തിലും ഏത് ഗ്രാമത്തിലും ഏത് നേരത്തും ഏത് സ്ത്രീക്കും ഒറ്റയ്ക്ക് യാത്ര ചെയ്യാവുന്ന സാഹചര്യം ഉണ്ടായാൽ മാത്രമേ ഇന്ത്യ സ്വതന്ത്ര്യയായി എന്ന് ഞാൻ പറയുകയുള്ളൂ.' ഈ മഹത്തായ വാക്കുകൾ പൂർണ്ണമായും അങ്ങയുടെ ബഡ്ജറ്റിൽ ഉൾക്കൊണ്ടിട്ടുണ്ട്. അതിനായി നീക്കിവച്ച പദ്ധതികളും സ്ത്രീഗുണഭോക്തൃ പദ്ധതികളും അതിനായി വലിയ മാറ്റങ്ങളും കേരളത്തിലുണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. തന്റെ പ്രസംഗത്തിലുടനീളം മലയാളത്തിലെ കവികളുടെ നിരവധി കവിതാ ഭാഗങ്ങൾ അങ്ങ് വായിക്കുകയുണ്ടായി. ചില മാധ്യമങ്ങൾ മോശമായ രീതിയിലാണ് അതിനെ വളച്ചൊടിച്ചത്. 'പെണ്ണെഴുത്ത്' എന്ന രീതിയിൽ പോലും ചില പത്രങ്ങൾ എഴുതാൻ തയ്യാറായി. ഈ രാജ്യത്ത് എഴുത്തിനെ പെണ്ണെഴുത്തായും പ്രവാസി എഴുത്തായും വേർതിരിച്ചത് ഇവിടത്തെ ഏതാനും ചില തൽപ്പരകക്ഷികൾ തന്നെയാണ്. അതുകൊണ്ടുതന്നെ അങ്ങ് അത്തരം കാര്യങ്ങളിൽ സ്വീകരിച്ച നിലപാടുകൾ വളരെ ശ്രദ്ധേയമാണ്.

കേന്ദ്ര സർക്കാർ ഒന്നാം തീയതി അവതരിപ്പിച്ച ബഡ്ജറ്റ് പരിശോധിച്ചാൽ കേരളം എന്നൊരു സംസ്ഥാനമില്ല എന്നാണ് കാണാൻ സാധിക്കുന്നത്. കാരണം സംസ്ഥാനത്തിന് അർഹമായ ഒരു പദ്ധതിപോലും കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഏത് കേന്ദ്ര പദ്ധതി പരിശോധിച്ചാലും കേരളത്തിന്റെ വിഹിതം വെട്ടിച്ചുരുക്കുന്ന നടപടികളാണ് കഴിഞ്ഞ വർഷങ്ങളിലെല്ലാം നാം കണ്ടുവരുന്നത്. ഇത് ഏറെക്കാലം തുടർന്നുകൊണ്ടു പോകാൻ കേന്ദ്ര ഭരണത്തിന് നേതൃത്വം നൽകുന്നവർക്ക് കഴിയും എന്ന ധാരണ അവർക്കുണ്ട്. പക്ഷേ കൃത്രിമമായി സൃഷ്ടിച്ച പുകമറയിലാണ് ഇന്ന് ആ ഭരണകൂടം നിൽക്കുന്നത്. അതുകൊണ്ടുതന്നെ ശക്തമായ ഒരു കാറ്റടിച്ചാൽ തകരുന്ന ഫാസിസ്റ്റ് ഭരണകൂടമാണ് കേന്ദ്രത്തിലുള്ളത്. അത് അവരും അവരുടെ പാർട്ടിയും മനസ്സിലാക്കിയാൽ നല്ലതാണ് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്ത്യൻ ദേശീയത സ്നേഹത്തിലും അഹിംസയിലും അധിഷ്ഠിതമാണ്. അതിന് വിരുദ്ധമായി കൃത്രിമമായവ സൃഷ്ടിച്ചെടുക്കാനുള്ള ശ്രമം ആ ഭരണകൂടം ചെയ്യുന്നത് തെറ്റായിട്ടുള്ള അല്ലെങ്കിൽ രാജ്യത്തിന്റെ ഭാവിയെ ബാധിക്കുമെന്നുള്ള വലിയൊരു ആശങ്ക ഇന്ന് ജനങ്ങളിലുണ്ട്. ആർ.എസ്.എസ്.ന്റെയും സംഘപരിവാറിന്റെയും അക്രമങ്ങൾ സംബന്ധിച്ച് നിരവധിപേർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ താനൂരിൽ ഞങ്ങളുടെ പ്രിയപ്പെട്ട മുൻ ഏരിയ സെക്രട്ടറിയും ജില്ലാ കമ്മിറ്റി അംഗവുമായ ശ്രീ. ഇ. ജയനെയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന എട്ട് സി.പി.ഐ.(എം) പ്രവർത്തകരെയും ആർ.എസ്.എസ്.കാർ ആക്രമിച്ചിരുന്നു. ഗവൺമെന്റിന് അക്രമത്തെ

എങ്ങനെ നിയന്ത്രിക്കണമെന്ന് അറിയാം. പക്ഷേ അതിന് കുടപിടിച്ചുകൊണ്ട് മുസ്ലീംലീഗിന്റെ ഒരു വിഭാഗം ആളുകൾ മോട്ടോർ സൈക്കിളിൽ ശ്രീ. ഇ. ജയന്റെ വീടിനുസമീപം പോയി ആഹ്ലാദപ്രകടനത്തോടെ നടത്തിയ ജാഥയെക്കുറിച്ച് പരിശോധിക്കണം. ബഹുമാന്യനായ ഉമ്മൻ ചാണ്ടി അവരുടെ മതേതര പ്രസ്ഥാനത്തെക്കുറിച്ചും കൂടെയുള്ളവരെക്കുറിച്ചും പ്രസംഗിക്കുകയുണ്ടായി. ഈ അവസരത്തിൽ അദ്ദേഹം ഇക്കാര്യം ഓർമ്മിക്കുന്നത് നല്ലതാണ്. താനൂർ പോലുള്ള പ്രദേശത്ത് ആർ.എസ്.എസ്.-ന് പിന്തുണ പ്രഖ്യാപിക്കുന്ന ലീഗിന്റെ നയം ഇനിയെങ്കിലും മാറ്റണം. കാരണം, താനൂർ നഗരസഭയിൽ ഇന്ന് പത്ത് സീറ്റുകളിൽ ബി.ജെ.പി.യാണ്. ആ സീറ്റുകൾ വന്നവഴി ഏതാണെന്ന് നിങ്ങൾക്കും ഞങ്ങൾക്കും നല്ലതുപോലെ അറിയാം. അത് നല്ല രീതിയിലല്ല എന്നുപറയാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്.

മുൻകരുതലിന്റെ ഭാഗമായിട്ടാണ് ലക്ഷദ്വീപിൽ കൂടുതൽ അപകടങ്ങളുണ്ടാകാത്തതെന്ന് ബഹുമാനപ്പെട്ട കോൺഗ്രസ് അംഗം പറയുകയുണ്ടായി. രാവിലെ മത്സ്യബന്ധനത്തിനു പോയാൽ ഉച്ചയ്ക്കുമുമ്പ് തിരിച്ചുവരുന്ന രീതി അവിടെ ഉള്ളതുകൊണ്ടാണ് കൂടുതൽ അപകടങ്ങൾ സംഭവിക്കാത്തത്. അതുമാത്രമല്ല, അവിടെയുള്ള മത്സ്യവള്ളങ്ങൾ അപകടം വരുന്ന സമയത്ത് അതിന്റെ അടിയിലെ പലക നീക്കി അതിൽ മണ്ണും വെള്ളവും നിറച്ച് കരയിൽ സൂക്ഷിക്കുന്ന രീതി ഉള്ളതുകൊണ്ടാണ് വലിയ അപകടങ്ങൾ ഇല്ലാതിരുന്നത്. ഓഖി ദുരന്തത്തിനുശേഷമുള്ള ഈ ബഡ്ജറ്റിൽ തീരദേശത്തിന് ആശ്വാസകരമായ പദ്ധതികളാണ് കൊണ്ടുവന്നിട്ടുള്ളത്. തീർച്ചയായും ബഹുമാന്യയായ ജെ. മേഴ്സിക്കുട്ടി അമ്മയെ പോലുള്ള ഒരു മന്ത്രിക്ക് കൃത്യമായും സമയബന്ധിതമായും പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല.

പൊതുമരാമത്ത് വകുപ്പിൽ നിരവധി പദ്ധതികൾ നടന്നുവരികയാണ്. വകുപ്പിനെ അഴിമതിരഹിതമായി മുന്നോട്ടുകൊണ്ടുപോകാൻ ബഹുമാന്യനായ മന്ത്രി ജി. സുധാകരൻ നടത്തുന്ന ശ്രമങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുകയാണ്. അഴിമതിയിൽ നിന്നും പൊതുമരാമത്ത് വകുപ്പിനെ മുക്തമാക്കാനും നിയന്ത്രിക്കാനും അദ്ദേഹത്തിന് സാധിക്കുന്നു. കഴിഞ്ഞ ഭരണകാലത്ത് ഏത് രീതിയിലാണ് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോയിരുന്നതെന്ന് നമുക്കറിയാം. നിരവധി കാര്യങ്ങൾ ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ളതിനാൽ ഇതിനെ വസ്തുതാപരമായി എതിർക്കാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ല എന്നത് ബഹുമാന്യനായ തിരൂരങ്ങാടി എം.എൽ.എ.യുടെ വാക്കുകളിൽ നിന്നും ബോധ്യമായിട്ടുണ്ട്. കാരണം, അദ്ദേഹം ബഡ്ജറ്റിൽ എതിർക്കുന്ന കാര്യങ്ങൾക്ക് വളരെ ശബ്ദം കുറയ്ക്കുകയും അതോടൊപ്പം ഫിഷിംഗ് ഹാർബറിന്റെ കാര്യവും പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി രണ്ടോ മൂന്നോ പ്രാവശ്യം അവിടെ സന്ദർശിച്ചിരുന്നതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ്..........കൺക്ലൂഡ്

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പിലാക്കാൻ സാധിക്കാത്ത ഫിഷിംഗ് ഹാർബർ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുന്ന സമയത്ത് പരപ്പനങ്ങാടിയിൽ വരുന്നുവെന്ന് പറയുമ്പോൾ കിഫ്ബിയെയും കിഫ്ബിയുടെ പ്രവർത്തനങ്ങളെയും വിമർശിക്കുന്നവർ കാര്യങ്ങൾ മനസിലാക്കി പറയണം. എന്റെ മണ്ഡലമായ താനൂരിൽ കിഫ്ബിയിലൂടെ 100 കോടി രൂപ ചെലവിൽ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നടക്കുകയാണ്. അങ്ങയുടെ മണ്ഡലത്തിൽ കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റായ ഫിഷിംഗ് ഹാർബർ 133 കോടി രൂപ ചെലവിൽ ഈ സാമ്പത്തിക വർഷം ആരംഭിക്കുമെന്നുള്ള കാര്യം ആലോചിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ചെയ്യാവുന്ന താനൂർ മണ്ഡലത്തിലെ ചില കാര്യങ്ങളെക്കുറിച്ച് അഭ്യർത്ഥിച്ചിട്ടുണ്ടായിരുന്നു. അതും അങ്ങയുടെ ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു സമീപനം ഈ ബഡ്ജറ്റിൽ ഇല്ല എന്നുള്ളത് വസ്തുതയാണ്. അതിൽ ഏറ്റവും പ്രധാനമായും റബ്ബർ മേഖലയോടുള്ള അവഗണനയാണ് ഇന്നലെയും ഇന്നുമായി ഞങ്ങൾ ഇവിടെ സൂചിപ്പിച്ചത്. എന്തുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അങ്ങനെയുണ്ടായി എന്നുള്ളത് ഇപ്പോഴും വ്യക്തമല്ല. റബ്ബർ കർഷകരെ പരിപൂർണ്ണമായും അവഗണിക്കുന്ന സമീപനമാണ് ഈ ബഡ്ജറ്റിൽ കാണാൻ കഴിഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 150 രൂപ അടിസ്ഥാനവിലയായി പ്രഖ്യാപിച്ചത് റബ്ബർ മേഖലയിലെ കർഷകരെ സംബന്ധിച്ച് ഏറെ ആശ്വാസമായിരുന്നു. ഇന്ന് അത്തരത്തിലുള്ള നടപടികളുണ്ടാകുന്നില്ല എന്നുള്ളത് മാത്രമല്ല, തുക യഥാസമയം കിട്ടാത്ത സാഹചര്യവും വരുന്നു. റബ്ബറിന്റെ വില വീണ്ടും വളരെ താഴോട്ട് പോയിരിക്കുന്ന സാഹചര്യത്തിൽ അടിസ്ഥാന വില വർദ്ധിപ്പിക്കുവാനുള്ള സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. കൂടാതെ, അവർക്ക് ആശ്വാസകരമായ പദ്ധതികൾ പ്രഖ്യാപിക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് സൂചിപ്പിക്കുകയാണ്.

വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവൺമെന്റിന്റെ ഇടപെടലുകൾ ഫലപ്രദമായി മുമ്പോട്ടുപോകുന്നില്ല എന്നുള്ളത് വസ്തുതയാണ്. അതോടൊപ്പം ഏകദേശം 250 കോടിരൂപയാണ് കൺസ്യൂമർ ഫെഡിനും സപ്ലൈകോയ്ക്കുമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. കഴിഞ്ഞ ബഡ്ജറ്റിൽ 200 കോടി രൂപ സപ്ലൈകോയ്ക്കും 150 കോടി രൂപ കൺസ്യൂമർ ഫെഡിനുമായി ആകെ 350 കോടി രൂപ പ്രഖ്യാപിച്ചപ്പോൾ ഇത്തവണ രണ്ടിനുംകൂടി 250 കോടി രൂപയാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അത് വിലക്കയറ്റത്തെ നേരിടാനുള്ള ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ പ്രഖ്യാപനങ്ങളിൽ മാത്രം നിൽക്കുന്നുവെന്നത് സ്വാഭാവികമായും സംശയിക്കേണ്ടതായിവരുന്നു. രജിസ്ട്രേഷന്റെ

കാര്യത്തിൽ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗാധാരത്തിനും മറ്റുള്ള കാര്യങ്ങൾക്കും 2 ശതമാനം നികുതി ഏർപ്പെടുത്താനുള്ള നടപടികൾ അങ്ങയുടെ ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിൽ ഉണ്ടായി. അതിനെതിരെ ശക്തമായ വിമർശനങ്ങളും സമരങ്ങളും വന്നപ്പോൾ പിൻവലിച്ചു. വീണ്ടും അത് കൊണ്ടുവരാനുള്ള ശ്രമമുണ്ടാകുന്നത് അപലപനീയമാണ് അതിൽ നിന്ന് പിന്മാറണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഭൂമിയുടെ ന്യായവില വീണ്ടും കൂട്ടുക എന്നത് ജനങ്ങൾക്ക് ഇരുട്ടടിയാകുന്ന സാഹചര്യത്തിലേയ്ക്ക് നീങ്ങുമെന്നതിൽ സംശയമില്ല.

സർക്കാരിന്റെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതിയുടെ കൃത്യമായ ഗുണം യഥാർത്ഥത്തിൽ വിദ്യാർത്ഥികൾക്ക് ലഭ്യമല്ല. ലോൺ എടുത്ത വിദ്യാർത്ഥികൾ ഇന്ന് ജപ്തി ഭീഷണിയുടെ വക്കിലെത്തി നിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ആയിരക്കണക്കിന് കുട്ടികളുടെ കുടുംബങ്ങൾ അരക്ഷിതാവസ്ഥ നേരിടുകയാണ്. വായ്പാ തിരിച്ചടവ് പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് നടക്കുന്നില്ല എന്നുള്ളത് വസ്തുതയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന്റെ ഉദ്ഘാടനം കോട്ടയത്തുവച്ച് നടത്തിയെങ്കിലും തുടർന്ന് യാതൊരുകാര്യങ്ങളും നടക്കുന്നില്ല. നഴ്സിംഗ് കോഴ്സുകൾക്കായി തമിഴ്നാട്ടിലേയ്ക്കും കർണ്ണാകയിലേയ്ക്കും പോകുന്ന വിദ്യാർത്ഥികൾ വിദ്യാഭ്യാസ വായ്പയ്ക്കുവേണ്ടി സമീപിക്കുമ്പോൾ ബാങ്കുകൾ നിരുത്തരവാദപരമായ സമീപനം സ്വീകരിക്കുന്നു. തന്മൂലം വായ്പ ലഭ്യമാകാത്ത സാഹചര്യം ഇന്ന് വർദ്ധിച്ചുവരുന്നുണ്ട് എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂരിൽ 100 ഏക്കർ ഭൂമിയിൽ ഹാർഡ്‌വെയർ പാർക്കിന്റെ നിർമ്മാണ പ്രവർത്തനം നടക്കുന്നതായി പറഞ്ഞു. ഹാർഡ്‌വെയർ പാർക്കുകൾക്കായി ഗവൺമെന്റ് കാണിക്കുന്ന താൽപ്പര്യം തീർച്ചയായും നല്ല കാര്യമാണ്. ഇതുവരെയും പൂർണ്ണമായും ഭൂമി ഏറ്റെടുത്തിട്ടില്ല. അതിന്റെ നടപടികൾ രണ്ടുവർഷം മുമ്പ് എങ്ങനെയായിരുന്നോ അതുപോലെ തന്നെ ഇപ്പോഴും നിൽക്കുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്ത തുകപോലും പൂർണ്ണമായും ഭൂവുടമകൾക്ക് വിതരണം ചെയ്തിട്ടില്ല. ആ സന്ദർഭത്തിലാണ് അങ്ങ് അതിന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടു പോകുന്നുവെന്ന് പറഞ്ഞത്. ആദ്യഘട്ടമായി 100 ഏക്കറും രണ്ടാംഘട്ടമായി 200 ഏക്കറുംകൂടി ഏറ്റെടുക്കാനുള്ള നടപടികളുണ്ടാകണം.

അടിസ്ഥാന സൗകര്യ വികസനത്തിനായി വലിയ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിൽ അങ്ങ് ആവശ്യപ്പെട്ടതനുസരിച്ച് എക്സൈസ് കടവ് പാലം ഉൾപ്പെടെ പ്രധാനപ്പെട്ട 50 വർക്കുകൾ ഞാൻ എഴുതി നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ എം.എൽ.എ.മാരും എഴുതി നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള പദ്ധതികൾക്ക് ഒരു ടേക്ക് ഓഫ് ഉണ്ടാകണം. പദ്ധതികൾക്ക് ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. ടോക്കൺ

പ്രൊവിഷൻ ടോക്കൺ പ്രൊവിഷനായി നിൽക്കുന്ന സാഹചര്യമുണ്ടാകുമോ എന്നുള്ള വലിയ ഭയപ്പാട് പൊതുവായി എല്ലാ സ്ഥലങ്ങളിലുമുണ്ട്. അത്തരത്തിലുള്ള സന്ദർഭങ്ങളുണ്ടാകരുത്. അടിസ്ഥാന സൗകര്യ വികസനത്തിന് എല്ലാ നിയോജകമണ്ഡലങ്ങളിലും അതിന്റേതായ നടപടികളുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. ആൻസലൻ : സർ, ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുന്നു. കേരളം പോലൊരു സംസ്ഥാനത്ത് ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ച പശ്ചാത്തലം പ്രതിപക്ഷം മനസ്സിലാക്കുന്നത് നന്നായിരിക്കും. 1957 മുതൽ 2011 വരെയുള്ള 54 വർഷക്കാലം കേരളത്തിലെ 12 ഗവൺമെന്റുകൾ വരുത്തിവച്ച ആഭ്യന്തര കടമെന്ന് പറയുന്നത് എഴുപത്തെട്ടായിരത്തിലധികം കോടി രൂപയാണ്. എന്നാൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന 2011 മുതൽ 2016 വരെയുള്ള 5 വർഷംകൊണ്ട് അത്രയും തുക ആഭ്യന്തര കടമായി വർദ്ധിപ്പിച്ച പശ്ചാത്തലത്തിലാണ് ഈ ഗവൺമെന്റ് രണ്ടാമത്തെ പൊതു ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. നോട്ട് പിൻവലിക്കൽ, ജി.എസ്.ടി., നമുക്ക് ലഭ്യമാകേണ്ട നികുതി ലഭ്യമല്ലാത്ത പശ്ചാത്തലം, കേരളത്തിലെ റവന്യൂ വരുമാനം പൂർണ്ണമായും ഉദ്യോഗസ്ഥർക്ക് ശമ്പളവും പെൻഷനുമടക്കം കൊടുത്ത് ബാക്കിയില്ലാത്ത ഒരവസ്ഥയിൽ കേരളത്തിന്റെ പൊതുവികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് മറ്റ് നികുതി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും സമാന്തരമായ ഒരു സാമ്പത്തിക സ്രോതസ്സിന്റെ സാധ്യതകൾ കിഫ്ബിയിൽക്കൂടി ആരായുകയും ചെയ്തുകൊണ്ടാണ് കേരളത്തിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും മറ്റും ഊന്നൽ നൽകി ഫലപ്രദമായ ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം, സ്ത്രീകളുടെ അടിസ്ഥാന സൗകര്യങ്ങളും അവരുടെ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ഊന്നൽ, ഭിന്നശേഷിക്കാർക്ക് ആവശ്യമായ പരിഗണന, പ്രവാസികളെ പരിഗണിക്കൽ, തീരദേശത്തിന് ഇതുവരെയില്ലാത്ത പരിഗണന, ഓഖിയിൽനിന്നുള്ള പാഠം പഠിച്ചുകൊണ്ടുള്ള പരിഗണന, പ്രാഥമിക വിദ്യാഭ്യാസം മുതൽ ഉന്നത വിദ്യാഭ്യാസം വരെയുള്ള രംഗത്ത് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കൽ, ഭക്ഷ്യസുരക്ഷയ്ക്ക് ആവശ്യമായ സബ്സിഡി, വിലക്കയറ്റം മൂലമുണ്ടാകുന്ന ഒരു പ്രതിഭാസത്തിൽനിന്നും കേരളത്തെ സംരക്ഷിക്കുന്നതിന് ആവശ്യമായ നിലയിലുള്ള സബ്സിഡിക്ക് പണം മാറ്റിവയ്ക്കൽ, കൈത്തറി അടക്കമുള്ള പരമ്പരാഗത മേഖലകൾക്ക് ഊന്നൽ നൽകി ആവശ്യമായ പരിരക്ഷ തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഈ ബഡ്ജറ്റിലുണ്ട്. കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് പറയുമ്പോൾ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. മാത്യു ടി. തോമസ് ഗതാഗത വകുപ്പുമന്ത്രി ആയിരുന്നപ്പോൾ പിടിച്ചുനിന്ന ഒരു പൊതുമേഖലാ വ്യവസായ സ്ഥാപനത്തെയാണ് കഴിഞ്ഞ ഗവൺമെന്റ് ഓരോ ഡിപ്പോയും പണയപ്പെടുത്തി പണം

കടമെടുത്ത് ശമ്പളം കൊടുക്കുകയെന്ന എക്സർസൈസ് എന്നതിനപ്പുറം ദീർഘവീക്ഷണത്തോടുകൂടി കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനും അവിടെയുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി യാതൊരുനിലപാടും സ്വീകരിച്ചിരുന്നില്ല. അങ്ങനെ കുഴച്ചുമറിച്ച് വല്ലാത്തൊരു അവസ്ഥയിലേക്ക് എത്തിച്ച കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിനും അവിടത്തെ പെൻഷൻകാരുടെ പെൻഷൻ കുടിശ്ശികയടക്കം കൊടുത്തുതീർക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആരോഗ്യ മേഖലയിൽ വലിയതോതിലുള്ള മാറ്റമുണ്ടാക്കാൻ സാധിച്ചു.

പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ തങ്ങൾക്ക് ഇത്ര തുക കിട്ടണമെന്ന രൂപത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അഴിമതിയുടെ കേന്ദ്രമാക്കിമാറ്റിയതിനെ ശരിയായ നിലയിൽ ക്രമവൽക്കരിക്കുന്നതിനുവേണ്ടി ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനായി വകുപ്പിന് ആയിരക്കണക്കിന് കോടി രൂപയും കൂടാതെ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനുമായി ആയിരക്കണക്കിന് കോടി രൂപയും ഈ ബഡ്ജറ്റിൽ മാറ്റി വച്ചിട്ടുണ്ട്.

കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങളെന്താണെന്ന് മനസ്സിലാക്കി ഓരോരോ മേഖലയിലും എന്തെല്ലാം ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് കൃത്യമായ പഠനം നടത്തി, ദുർവിനിയോഗമില്ലാതെ ജനങ്ങൾക്ക് ക്ഷേമകരമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള പുതുമയാർന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. ആ ബഡ്ജറ്റിന്റെ ഭാഗമായി സംസ്ഥാനത്ത് ആരംഭിക്കുന്ന 10 ഡി-അഡിക്ഷൻ സെന്ററിന്റെ ഒന്ന് നെയ്യാറ്റിൻകരയിൽ അനുവദിച്ചിട്ടുണ്ട്. ലഹരിയുടെ വ്യാപനവും അതിന്റെ ഉപയോഗവും ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ്. അതൊരു പ്രത്യേക തലത്തിൽ ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതാണ്. കേരളത്തിൽ സാമൂഹികമായ വളർച്ചയുണ്ടാകുമ്പോഴും നമുക്ക് ഭീഷണിയായി പുതിയ തലമുറ ലഹരിക്ക് അടിമപ്പെടുകയാണ്. അവിടെ ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് കൂടുതൽ ഊന്നൽ നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. എക്സൈസ് വകുപ്പുമായി ബന്ധപ്പെട്ട് ആരംഭിച്ചിട്ടുള്ള വിമുക്തി അടക്കമുള്ള പ്രവർത്തനങ്ങൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടത്തപ്പെടേണ്ടതായിട്ടുണ്ട്.

നെയ്യാറ്റിൻകരയിലെ പൊഴിയൂർ പ്രദേശം തീരദേശം വരുന്ന ഭാഗമാണ്. ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ തമിഴ്നാട്ടിലെ പല പ്രദേശങ്ങളിൽ നിന്നും വിഴിഞ്ഞത്തുവന്ന് മത്സ്യബന്ധനം നടത്തുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. വിഴിഞ്ഞം തുറമുഖമായി മാറ്റപ്പെടുമ്പോൾ അവിടെനിന്നും മത്സ്യബന്ധനത്തിന് വരാൻ കഴിയില്ല. പൊഴിയൂർ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്നുള്ളത് ദീർഘകാലമായുള്ള ഒരു ആവശ്യമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അതിനാവശ്യമായ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ആർ.ടി.സി.യെ

സംബന്ധിച്ച് നെയ്യാറ്റിൻകര താലൂക്ക് എന്നു പറയുന്നത് ഒരു ദേശസാൽകൃത റൂട്ടാണ്. ഇത് വലിയ തോതിലുള്ള യാത്രാക്ലേശം നേരിടുന്ന ഒരു പ്രദേശമാണ്. സംസ്ഥാനത്തിന്റെ മറ്റ് പ്രദേശത്തുള്ളതുപോലെ സ്വകാര്യ ബസ്സിന് അവിടെ പെർമിറ്റ് കൊടുത്തിട്ടില്ല. ഏഴോളം കെ.എസ്.ആർ.ടി.സി. ഡിപ്പോകളുള്ളിടത്ത് ബസ്സുകൾ അനുവദിക്കുന്നതിനും ഇടറോഡുകളിൽ സുഗമമായി യാത്രചെയ്യുന്നതിനും ആവശ്യമായ കട്ട്-ചേസ് ബസ്സുകൾ ഉൾപ്പെടെ അനുവദിച്ച് ഇവിടത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നടപടി ബന്ധപ്പെട്ട വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്ന് ഉണ്ടാകണം.

വ്യാപാര മേഖലയാകെ വല്ലാത്തൊരു പ്രതിസന്ധിയിലാണ്. കേരളത്തിലെ ഏറ്റവും സമ്പന്നമായ വ്യാപാര മേഖലയിൽ ചെറുകിട, ഇടത്തര കച്ചവടക്കാരും 4 ലക്ഷത്തിലധികം വരുന്ന വ്യാപാര സ്ഥാപനങ്ങളും കൂടാതെ കാൽ കോടിയിലധികം ജനങ്ങൾ അതുമായി ബന്ധപ്പെട്ട് ജീവിക്കുന്നുമുണ്ട്. നോട്ട് നിരോധനവും ജി.എസ്.ടി.യും അടക്കമുള്ള പ്രതിസന്ധികളിൽനിന്ന് അവരെ കരകയറ്റുന്നതിന് കേരളത്തിൽ സമ്പൂർണ്ണമായ ധനവിനിയോഗത്തിന് ഒരു മേഖലയുണ്ടാകണം. ആരോഗ്യരംഗത്തെ ഇടപെടലുകൾ, ലൈഫ് പാർപ്പിട പദ്ധതി, സ്കൂളുകളുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട് നടക്കുന്ന ധനവിനിയോഗം ഇതെല്ലാം വ്യാപാരമേഖലയ്ക്ക് ആവശ്യമായ അഭിവൃദ്ധിയുണ്ടാക്കുമെന്നാണ് ആഗ്രഹിക്കുന്നത്.

ഇവിടെ പലരും കേരളത്തിന്റെ ചരിത്രം അറിയാത്തതുകൊണ്ടാണ് പലതും സൂചിപ്പിക്കുന്നത്. മാത്രമല്ല, എ.കെ.ജി.യെ സംബന്ധിച്ചും വളരെ മോശമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും അതിൽ ഊറ്റംകൊള്ളുകയും ചെയ്യാറുണ്ട്. ആരാണ് എ.കെ.ജി.? എ.കെ.ജി.യുടെ ചരിത്രമെന്താണ്; അത് അറിയുന്നതിനുവേണ്ടി കുട്ടികോൺഗ്രസ്സുകാരെന്ന് അഭിമാനിക്കുന്ന, ഫേസ്ബുക്ക് വഴി ചാമ്പ്യന്മാരാകുന്ന ആളുകൾ ഒന്ന് തിരിഞ്ഞുചിന്തിക്കണം. എ.കെ.ജി.-യുടെ ആത്മകഥ എന്ന പുസ്തകം 1988-ൽ 85/- രൂപ കൊടുത്ത് വാങ്ങിച്ചുവായിച്ച ഒരാളാണ് ഞാൻ. ഇന്ന് എ.കെ.ജി.-യുടെ ആത്മകഥയുടെ പുതിയ പ്രിന്റ് ചൂടപ്പംപോലെ വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. എ.കെ.ജി.യുടെ ആത്മകഥയിലെ ചെറിയൊരു ഭാഗമെടുത്ത്, അവിടെ എന്താണ് അശ്ലീലമുണ്ടായിട്ടുള്ളത്? രാഷ്ട്രപിതാവിന്റെയടക്കം ആത്മകഥകൾ ഈ രാജ്യത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് വായിച്ചുനോക്കുന്ന ശ്രീ. വി. ടി. ബൽറാമിന് അത്തരമൊരു പ്രതികരണം നടത്താൻ കഴിയുമോ? മഹാന്മാരായിട്ടുള്ള നേതാക്കളുടെ ആത്മകഥകളെന്ന് പറയുന്നത് അവരുടെ ജീവിതത്തിന്റെ ചരിത്രം മാത്രമല്ല, ഒരു സമൂഹത്തിന്റെ ചരിത്രമാകെ അതോടൊപ്പം സഞ്ചരിക്കുകയാണ്. ആ ചരിത്രത്തെ തെറ്റായി വ്യാഖ്യാനിച്ച് ക്രെഡിറ്റിനും പബ്ലിസിറ്റിക്കും വേണ്ടി ഉപയോഗിക്കുന്ന മ്ലേച്ഛമായ സമീപനം സ്വീകരിക്കുന്ന അത്തരം ഒരാളിനെ നിർലജ്ജം പിന്തുണയ്ക്കുന്ന സമീപനമാണ് പ്രതിപക്ഷനേതാവ് ഇവിടെ സ്വീകരിച്ചത്. ഏറ്റവുമധികം പുസ്തകം വായിക്കുന്ന

പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല എ.കെ.ജി.യുടെ ആത്മകഥ വായിച്ചുനോക്കി തെറ്റ് പറ്റിയെങ്കിൽ അത് തിരുത്തി ശ്രീ. വി. ടി. ബൽറാമിനെ നിയന്ത്രിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഇടതുപക്ഷത്തെ സംബന്ധിച്ച് പറഞ്ഞല്ലോ. ഇടതുപക്ഷത്തിന് ചരിത്രമുണ്ട്, കേരളത്തിൽ 61 വർഷം പൂർത്തീകരിക്കാൻ പോകുകയാണ്. അതിൽ 39 വർഷവും ഈ സംസ്ഥാനം ഭരിച്ചത് കോൺഗ്രസ്സിന് മേധാവിത്വമുള്ള ഗവൺമെന്റുകളാണ്. 21 വർഷമാണ് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റുകൾ ഭരണം നടത്തിയിട്ടുള്ളത്. ആ 21 വർഷക്കാലത്തിനിടയിൽ 1957-ലെ ഇ.എം.എസ്. ഗവൺമെന്റ് കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമവും 1980-ലെ കർഷകത്തൊഴിലാളി പെൻഷനും 1987-ലെ സാക്ഷരതാ പ്രവർത്തനവും 1996-ലെ ജനകീയാസൂത്രണ പ്രവർത്തനവും ഇപ്പോൾ നടക്കുന്ന ലൈഫ് പാർപ്പിട പദ്ധതിയും ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയതാണ്. കേരളത്തിന്റെ സാമൂഹിക മാറ്റത്തിന് കഴിയുന്ന ഏതെങ്കിലുമൊരു നടപടി സ്വീകരിക്കാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് പറയാൻ സാധിക്കുമോ? ഇടതുപക്ഷ - കമ്മ്യൂണിസ്റ്റ് ഗവൺമെന്റുകൾ നടപ്പാക്കുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങളെ അട്ടിമറിക്കുകയും ഇല്ലാതാക്കുകയും ഖജനാവ് കൊള്ളയടിച്ചുകൊണ്ടുപോകുകയും ചെയ്യുന്ന നിലപാട് യു.ഡി.എഫ്. ഗവൺമെന്റുകൾ സ്വീകരിക്കുമ്പോൾ മുസ്ലീംലീഗടക്കമുള്ള പാർട്ടികൾ അതിന് പിന്തുണ നൽകുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യം പുനഃപരിശോധിക്കണം. കേരളത്തിലെ ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് നിങ്ങളുടെ ഏതെങ്കിലുമൊരു നടപടി മാറ്റം വരുത്തിയിട്ടുണ്ടോ; നിങ്ങൾ ഇടതുപക്ഷത്തിന്റെ പിന്തുണയെക്കുറിച്ച് പറയുന്നു, ഈ കേരളത്തിൽ കഴിഞ്ഞ 21 മാസക്കാലത്തിനിടയിൽ 96 ഗ്രാമപഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ വാർഡുകളിൽ തെരഞ്ഞെടുപ്പ് നടന്നു. 96-ൽ 61 സ്ഥലത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി കേരളത്തിലെ സാധാരണക്കാരായവർ വോട്ട് ചെയ്തു. എന്തുകൊണ്ട് വോട്ട് ചെയ്തു? 2014-ലെ മലപ്പുറം പാർലമെന്റ് ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർത്ഥി ശ്രീമതി പി. കെ. സൈനബ നേടിയതിനേക്കാൾ 1,19,000 വോട്ട് അധികം നേടി മലപ്പുറത്തിന്റെ മണ്ണിൽപ്പോലും അതിശക്തമായ മുന്നേറ്റം നടത്തി. വേങ്ങര നിയമസഭാ മണ്ഡലം യു.ഡി.എഫ്.-ന്റെ പട്ടികയിലെ ഒന്നാമത്തേതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പട്ടികയിൽ നൂറ്റിനാൽപ്പതാമത്തെ മണ്ഡലവുമാണ്. ആ മണ്ഡലത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി പതിനായിരത്തിലധികം വോട്ട് അധികം നേടി. മുസ്ലീംലീഗിന്റെ 42,000 ഭൂരിപക്ഷം 19,000 ആയി ഇടിഞ്ഞ് 23,000-ൽ എത്തി. ഇക്കഴിഞ്ഞ 21 മാസക്കാലമായി കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കുന്ന ജനക്ഷേമകരമായ പ്രവർത്തനങ്ങളെ കേരളത്തിലെ സാധാരണ ജനങ്ങൾ നോക്കിക്കാണുകയാണ്. നിങ്ങളുടെ പിത്തലാട്ടങ്ങളും കള്ളക്കഥകളും എല്ലാം പൊളിച്ചുകൊണ്ട് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് അനുകൂലമായി

അണിനിരക്കുകയാണ്. കേരളത്തിലെ ബി.ജെ.പി.യുടെ സ്ഥിതിയെന്താണ്? മലപ്പുറം ഉപതെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ഉം ബി.ജെ.പി.-യും തമ്മിലാണ് മത്സരമെന്ന് ബി.ജെ.പി. പറഞ്ഞു. പക്ഷേ, ബി.ജെ.പി. എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തിയിട്ടു പോലും കഷ്ടിച്ച് 900 വോട്ടുകൾ മാത്രമാണ് അധികം നേടാൻ കഴിഞ്ഞത്. വേങ്ങരയിൽ ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. അമിത് ഷായുമടക്കമുള്ളവർ പങ്കെടുത്ത് ഇടതുപക്ഷത്തിനെതിരെ ബഹുജന റാലി നടത്തിയെങ്കിലും ബി.ജെ.പി.-യുടെ സ്ഥാനാർത്ഥിക്ക് കിട്ടിയ വോട്ടിന്റെ എണ്ണത്തിൽ 1500 കുറയുകയാണുണ്ടായത്. കേരളം ഇടതുപക്ഷത്തേയ്ക്കാണ്. ബി.ജെ.പി.ക്കും യു.ഡി.എഫ്.നും എതിരായി നിലപാടെടുക്കുന്ന, അതിന് ശക്തമായ അടിത്തറ പാകുന്ന ഒരു ബഡ്ജറ്റായി കേരളത്തിൽ തുടർഭരണത്തിന്റെ സാധ്യതകളാരാഞ്ഞുകൊണ്ട് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുപോകുമ്പോൾ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. എ. എൻ. ഷംസീർ : സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ പ്രിയപ്പെട്ട കവി കുരീപ്പുഴ ശ്രീകുമാറിന് നേരെ നടന്ന ആക്രമണമായിരിക്കും ഇന്ന് അടിയന്തരപ്രമേയമായി യു.ഡി.എഫ്. കൊണ്ടുവരിക എന്നാണ് ഞാൻ ധരിച്ചിരുന്നത്. പക്ഷേ തങ്ങളുടെ ചേട്ടന്മാർ ചെയ്ത തെറ്റ് ഒരിക്കലും സഭയ്ക്കകത്ത് ഉന്നയിക്കണമെന്ന് ഈ അനിയൻബാവമാർ ധരിച്ചിട്ടുണ്ടാകില്ല. അതുകൊണ്ടാണ് ഇക്കാര്യം അടിയന്തരപ്രമേയമായി അവർ കൊണ്ടുവരാതിരുന്നത്.

മാർജിനലൈസ് ചെയ്യപ്പെട്ട വിഭാഗത്തിന്റെ കൂടെനിൽക്കുന്നതാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ്. കാടിന്റെ മക്കളും കടലിന്റെ മക്കളും ഈ സംസ്ഥാനത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് പ്രഖ്യാപിച്ച ബഡ്ജറ്റാണിത്. നോട്ട് നിരോധനവും ജി.സ്.ടി.-യും നടപ്പിലാക്കിയതുവഴി കടുത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടും അതിനെ മറികടക്കാൻ ഗൃഹപാഠം ചെയ്തുകൊണ്ടാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റ് തയ്യാറാക്കിയത്. ഇതിനെ വിലയിരുത്താൻ യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ആകില്ലെന്ന കാര്യത്തിൽ ഞങ്ങൾക്കാർക്കും തർക്കമില്ല. അപ്രതീക്ഷിതമായാണ് ഓഖി വീശിയടിച്ചത്. പക്ഷേ ഓഖി കൊടുങ്കാറ്റ് വീശിയടിക്കുമെന്ന് കേരളത്തിൽ ആദ്യം പറഞ്ഞത് നവംബർ ഒന്നാം തീയതി കാസർഗോഡുവച്ച് പടയൊരുക്കം ജാഥ ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ആയിരുന്നു. ആ ജാഥ അവസാനിക്കുമ്പോൾ തലസ്ഥാനത്ത് കൊടുങ്കാറ്റടിക്കും എന്ന് അദ്ദേഹം പ്രസംഗിച്ചു. യഥാർത്ഥത്തിൽ ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തലയെ കോൺഗ്രസ് കാലാവസ്ഥാ വകുപ്പിന് വിട്ടുകൊടുക്കണം. ഇത്ര കൃത്യമായി കാലാവസ്ഥ പ്രവചിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്കാണ് സാധിക്കുക?

കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റും ഈ സർക്കാരിന്റെ ബഡ്ജറ്റും നിങ്ങൾ താരതമ്യം ചെയ്യണം. ഫെബ്രുവരി 1, 2 തീയതികളിലാണ് പ്രസ്തുത ബഡ്ജറ്റുകൾ അവതരിപ്പിക്കപ്പെട്ടത്. ഫെബ്രുവരി ഒന്നിന് അവതരിപ്പിക്കപ്പെട്ട കേന്ദ്ര ബഡ്ജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും വിറ്റഴിക്കുന്ന സമീപനമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളെ പൂർണ്ണമായും ലാഭത്തിലാക്കി മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രഖ്യാപനമാണ് ശ്രീ. പിണറായി വിജയൻ സർക്കാരിന്റെ ബഡ്ജറ്റിലുള്ളത്. ഈ സർക്കാർ എല്ലാ വിഭാഗത്തെയും അഡ്രസ് ചെയ്യുന്നു. പരമ്പരാഗത മേഖലകളായ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയവയെ പരിഗണിക്കുന്നു. അതിനോടൊപ്പം ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക്കിനോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, ഞങ്ങളൊക്കെ ധർമ്മടത്തെ ബീഡി കമ്പനികളിൽ പ്രസംഗിച്ചാണ് പ്രസംഗം തുടങ്ങിയത്. ആ ബീഡിത്തൊഴിലാളികളെക്കൂടി ഉൾക്കൊള്ളാൻ അദ്ദേഹത്തിനാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യത്തൊഴിലാളികളോട് പൂർണ്ണമായും നീതിപുലർത്താനും അവരുടെ പ്രശ്നങ്ങൾ പൂർണ്ണമായും ഹൃദയത്തിലേറ്റുവാങ്ങാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കിഫ്ബിയെ ആക്ഷേപിക്കുന്നവരോട് വിനയത്തോടെ ഞാൻ ചോദിക്കുന്നു, കിഫ്ബിക്കെതിരെ നെഞ്ചത്ത് കൈവച്ചുകൊണ്ട് സംസാരിക്കാൻ നിങ്ങൾക്ക് സാധിക്കുമോ? ഒരുപക്ഷേ രാഷ്ട്രീയമായി നിങ്ങളിതിനെ എതിർക്കുന്നതിനപ്പുറം കിഫ്ബിയെ എതിർക്കുന്നതിൽ യാതൊരു ധാർമ്മികതയുമില്ല.

ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പ്രസംഗിച്ചപ്പോൾ കോൺഗ്രസ് തിരിച്ചുവരുമെന്ന് പറഞ്ഞു. എങ്ങനെയാണ് കോൺഗ്രസ് തിരിച്ചു വരിക? കോൺഗ്രസ് ബി.ജെ.പി.-യുടെ സെറോക്സല്ലേ. കോൺഗ്രസിന്റെ ദേശീയ അദ്ധ്യക്ഷനായ ശ്രീ. രാഹുൽ ഗാന്ധി ഗുജറാത്ത് തെരഞ്ഞെടുപ്പിന്റെ ഘട്ടത്തിൽ നടത്തിയ പ്രസംഗം (Janeu-Dhari Hindu), അത് മുസ്ലീം ലീഗുകാർക്ക് മനസ്സിലാകില്ല. A sacred thread wearing Hindu, ഞാനൊരു ബ്രാഹ്മണൻ എന്നാണ് പറയുന്നത്. എങ്ങനെയാണ് അദ്ദേഹം ബ്രാഹ്മണനാകുന്നത്? അദ്ദേഹം പാഴ്സിമതവിശ്വാസിയാണ്. ഇന്ത്യയെപ്പോലെ ബഹുസ്വരതയുള്ള നാട്ടിൽ ഞാനൊരു ന്യൂനപക്ഷമാണെന്ന് അവകാശപ്പെടാൻ ധൈര്യം കാണിക്കാത്ത കോൺഗ്രസിന്റെ അദ്ധ്യക്ഷന് എങ്ങനെ ഈ നാട്ടിലെ എല്ലാ വിഭാഗത്തിന്റെയും വികാരം ഉൾക്കൊള്ളാൻ സാധിക്കും? കോൺഗ്രസ് എവിടെയാണ് മതന്യൂനപക്ഷങ്ങളെ രക്ഷിച്ചത്? മുസ്ലീം ലീഗ് അവരെ ഒട്ടിപ്പിടിച്ചു നിൽക്കുകയല്ലേ. മുസ്ലീം ലീഗിന് സച്ചാർ കമ്മിറ്റി എന്താണെന്ന് അറിയാമോ? അവർക്ക് ബിരിയാണിക്ക് തൊട്ടുകൂട്ടുന്ന അച്ചാറിനെ മാത്രമേ അറിയുകയുള്ളൂ. ഇന്ത്യയിലെ ദളിതരുടെയും മറ്റിതര മതസ്ഥരേക്കാളും പുറകിലാണ് മുസ്ലീങ്ങളുടെ സ്ഥിതിയെന്ന് രജീന്ദർ സച്ചാർ സമിതിയുടെ റിപ്പോർട്ടിലുണ്ട്. ഈ മുസ്ലീങ്ങളെ മുന്നോട്ടുകൊണ്ടുവരാൻ കോൺഗ്രസ്സിനായോ? മുസ്ലീങ്ങളുടെ വോട്ട് വാങ്ങി, അവരുടെ

ചോരകുടിച്ച് തടിച്ചുകൊഴുത്ത ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വീകരിച്ച സമീപനം എന്താണ്? മതന്യൂനപക്ഷങ്ങളെയും ദളിതരെയും പലഘട്ടത്തിലും പറ്റിക്കുന്ന സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. രാഹുൽ ഗാന്ധി എവിടെനിന്നാണ് പ്രസംഗം തുടങ്ങിയത്? ഞാൻ പ്രതീക്ഷിച്ചത് അദ്ദേഹം സബർമതി ആശ്രമത്തിൽ പോകുമെന്നായിരുന്നു, പക്ഷേ നിരാശപ്പെടുത്തി. കോൺഗ്രസിന്റെ മുൻ എം.പി. ആയിരുന്ന Ehsan Jafri-യുടെ ഖബറിടത്തിൽ സന്ദർശിക്കുമെന്ന് പ്രതീക്ഷിച്ചു, പക്ഷേ അവിടെയും പോയില്ല. കാരണം, അദ്ദേഹത്തിന്റേത് ഒരു മൃദു ഹിന്ദുത്വ നിലപാടാണ്. ബഹുമാനപ്പെട്ട കെ. മുരളീധരന്റെ വാക്കുകൾ കടമെടുത്താൽ അഹമ്മദ് പട്ടേലിന്റെ സ്ഥാനം എവിടെയായിരുന്നു; ഇക്കഴിഞ്ഞ ഗുജറാത്ത് തെരഞ്ഞെടുപ്പിൽ അലൂമിനിയം പട്ടേലെന്ന് കോൺഗ്രസിന്റെ ചില നേതാക്കന്മാർ വിളിക്കുന്ന അഹമ്മദ് പട്ടേലിന്റെ സ്ഥാനം ശ്രീ. രാഹുൽ ഗാന്ധിക്ക് ചായ ഉണ്ടാക്കി കൊടുക്കലല്ലാതെ വേറൊന്നുമില്ല. തെരഞ്ഞെടുപ്പിൽ എവിടെയും അഹമ്മദ് പട്ടേലിനെ ഇറക്കിയില്ല. എന്തായിരുന്നു കാരണം? കോൺഗ്രസ് ജവഹർലാൽ നെഹ്റുവിന്റെ പൈതൃകം ഉൾക്കൊള്ളുന്ന പാർട്ടിയാണ്. ആ legacy പുതിയ കോൺഗ്രസ് നേതൃത്വം മറന്നുപോയി. അദ്ദേഹത്തിന്റെ legacy purely secure ആയിരുന്നു. Evolution Theory നാം വായിച്ചിട്ടുണ്ട്, അതിൽ പറയുന്നത് കുരങ്ങിൽനിന്ന് മനുഷ്യനുണ്ടായി എന്നാണ്. മതേതര നിലപാട് ഉയർത്തിപ്പിടിച്ച കോൺഗ്രസ് ഇപ്പോൾ വർഗ്ഗീയതയിലേയ്ക്ക് പോകുന്ന കാഴ്ചയാണ് ഗുജറാത്തിൽ കണ്ടത്. അതിന്റെ പരിണിതഫലമാണ് ഗുജറാത്തിൽ ജയിക്കാനുണ്ടായ സാഹചര്യംപോലും ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല എന്നുള്ളത്. മറ്റിതര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഉള്ളിടത്ത് അവർ കോൺഗ്രസിനെ ഒരുകാലത്തും പിന്തുണയ്ക്കാൻ തയ്യാറല്ല. ഗുജറാത്തിൽ പട്ടീദാർ സംവരണ സമരം നടന്ന മേഖലകളിൽ മാത്രമാണ് കോൺഗ്രസ് മുന്നേറിയത്. ഡീമോണിറ്റൈസേഷന്റെ ഏറ്റവും വലിയ പ്രത്യാഘാതമേറ്റ മേഖലയായിരുന്ന സൂറത്തിൽ കോൺഗ്രസ് തോറ്റുതുന്നംപാടി. അതുകൊണ്ട് കോൺഗ്രസ് ഇന്ത്യൻ രാഷ്ട്രീയത്തിൽ തിരിച്ചുവരുമെന്ന് ആരും പ്രതീക്ഷിക്കേണ്ട കാര്യമില്ല.

രാജസ്ഥാനിലെ വിജയത്തെക്കുറിച്ച് പറഞ്ഞത് ശരിയാണ്, കോൺഗ്രസിൽ നിന്നും ബി.ജെ.പി.-യിലേയ്ക്ക് ചാടാൻ ശ്രമിക്കുന്നവരുടെ ചാട്ടത്തിന്റെ വേഗതകുറച്ചു എന്നല്ലാതെ അതിനപ്പുറത്ത് മറ്റെന്തെങ്കിലും മാറ്റമുണ്ടാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. കോൺഗ്രസ് ബി.ജെ.പി.-യുടെ സെറോക്സാകുന്നു എന്നുമാത്രമല്ല, കോൺഗ്രസിൽനിന്ന് ആളുകൾ കൂട്ടത്തോടെ ബി.ജെ.പി.യിലേയ്ക്ക് ചേക്കേറുന്നു, ഇതാണ് ഇപ്പോൾ കോൺഗ്രസിന്റെ സ്ഥിതി. ശ്രീ. എസ്. എം. കൃഷ്ണയും ശ്രീ. ബിരേന്ദർ സിംഗും ശ്രീ. എൻ.ഡി. തിവാരിയും ഇന്ന് ആരുടെ കൂടാരത്തിലാണ്? കോൺഗ്രസിന്റെ നേതൃനിര ഒന്നടങ്കം ബി.ജെ.പി.യിലേയ്ക്ക് പോകുന്ന

കാഴ്ചയാണ് കാണുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലുമുള്ള പാർട്ടിയായ കോൺഗ്രസിന് ഈ രാജ്യത്തെ മതന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ സാധിക്കില്ലേ? കോൺഗ്രസ്സ് ഭരിക്കുമ്പോൾ എണ്ണിയാലൊടുങ്ങാത്ത വർഗ്ഗീയ കലാപങ്ങൾ ഈ രാജ്യത്ത് അരങ്ങേറി, ആർ.എസ്.എസ്.-ഉം സംഘ്പരിവാറും കൊലക്കത്തിയുമായി മുസ്ലീങ്ങൾക്കും ദളിതർക്കും നേരെ തിരിയുമ്പോൾ അരുതെന്ന് പറയാൻ കോൺഗ്രസിന്റെ കൈ പൊങ്ങിയോ? എന്തേ പൊങ്ങാതെ പോയത്? എന്നിട്ടും മുസ്ലീംലീഗ് കോൺഗ്രസിനെ താങ്ങിനടക്കുന്നതിന് നാണമില്ലേ? കോൺഗ്രസ് നിങ്ങളുടെ രക്ഷയ്ക്കെത്തുമെന്ന് ധരിക്കുന്നുവെങ്കിൽ വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നതെന്നേ എനിക്ക് പറയാനുള്ളൂ. കോൺഗ്രസ് ഒരുകാലത്തും ന്യൂനപക്ഷത്തെ രക്ഷിച്ചിട്ടില്ല. ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രങ്ങളിൽ മാത്രമാണ് മതന്യൂനപക്ഷങ്ങൾ സുരക്ഷിതരായിട്ടുള്ളത്. ഞാൻ ഉറപ്പിച്ചും തറപ്പിച്ചും പറയുന്നു, ഇടതുപക്ഷത്തിന്റെ ശക്തികേന്ദ്രങ്ങളിൽ ദളിതരും മുസ്ലീംങ്ങളും ആക്രമിക്കപ്പെടണമെങ്കിൽ അവസാനത്തെ ഇടതുപക്ഷ പ്രവർത്തകന്റെയും ശവത്തിനുമുകളിൽ കയറിനിന്ന് മാത്രമേ അവർക്കതിന് സാധിക്കുകയുള്ളൂ എന്ന്; അല്ലാതെ പറ്റില്ലെന്ന് ഞങ്ങൾക്ക് ഉറപ്പിച്ച് പറയാൻ കഴിയും.

കോൺഗ്രസിന്റെ ദേശീയ നേതാവാണ് ശ്രീമതി സോണിയ ഗാന്ധി. Sunil Khilnani എന്ന ചരിത്രകാരൻ ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് പഠനം നടത്താൻ വേണ്ടി കോൺഗ്രസിന്റെ നേതാക്കൻമാരോട് നെഹ്റു മെമ്മോറിയൽ മ്യൂസിയത്തിൽനിന്ന് അവരുടെ രേഖകൾ ആവശ്യപ്പെട്ടു. പക്ഷേ അവരത് കൊടുക്കാൻ തയ്യാറല്ല. നെഹ്റുവിന്റെ പൈതൃകം, അദ്ദേഹത്തിന്റെ ചരിത്രം എന്നിവ പുതുതലമുറ പഠിക്കുന്നതുപോലും ഭയപ്പെടുന്ന നേതൃത്വമാണ് കോൺഗ്രസിന്റേത്. അത് കോൺഗ്രസിന് അപമാനമാണ് എന്നുമാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

കഴിഞ്ഞ സർക്കാർ സോഷ്യൽ വെൽഫെയർ പെൻഷനുകൾ വർദ്ധിപ്പിച്ചു എന്ന് ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. അത് ശരിയാണ്. പക്ഷേ 'വെള്ളാനകളുടെ നാട്' എന്ന സിനിമയിലെ പപ്പുവിനെ പോലെ 'ഇപ്പം ശരിയാക്കിത്തരാം' എന്നാണ് പറഞ്ഞത്. ശരിയാക്കി തരാമെന്ന് പറഞ്ഞതല്ലാതെ ആർക്കെങ്കിലും കൊടുത്തോ? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 56 ദിവസം ക്യാമ്പയിൻ ചെയ്ത ആളാണ് ഞാൻ. ഞാൻ മാത്രമല്ല, നിങ്ങളെല്ലാം ഇറങ്ങിയതാണ്. സാമൂഹിക സുരക്ഷാ പെൻഷൻ കിട്ടുന്നില്ല എന്നായിരുന്നു അപ്പോഴത്തെ ഏറ്റവും വലിയ ആക്ഷേപം. യു.ഡി.എഫ്. എന്ന രാഷ്ട്രീയ സംവിധാനം തട്ടിപ്പും വെട്ടിപ്പും നടത്തി ആളുകളെ പറ്റിച്ചുപോയ കാലമായിരുന്നില്ലേ. ഈ സർക്കാർ വാഗ്ദാനം കൊടുത്തിട്ടുണ്ടെങ്കിൽ അത് പൂർണ്ണമായും നിർവ്വഹിച്ച് മുന്നോട്ടു പോകുമെന്ന് ഞങ്ങൾക്ക് ഉറപ്പിച്ചും തറപ്പിച്ചും പറയാൻ സാധിക്കും.

ഇതര സംസ്ഥാന തൊഴിലാളികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിയ സർക്കാരാണിത്. മാത്രമല്ല, അവഗണനയോടുകൂടി മാറ്റിനിർത്തിയിരുന്ന ട്രാൻസ്ജെന്റേഴ്സിനെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ പരിശ്രമിക്കുന്ന ബഡ്ജറ്റാണിത്. ഇതിനെ എങ്ങനെയാണ് നിങ്ങൾക്ക് എതിർക്കാൻ സാധിക്കുക? ഈ ബഡ്ജറ്റിൽ എല്ലാ മേഖലയിലും ഡോ. ടി. എം. തോമസ് ഐസക് ഗൃഹപാഠം ചെയ്തിട്ടുണ്ട്. മാലിന്യ സംസ്കരണത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഏർപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കണമെന്നാണ് ഞാൻ യു.ഡി.എഫ്.നോട് അഭ്യർത്ഥിക്കുന്നത്. രാഷ്ട്രീയമായി നിങ്ങൾ എതിർത്തുപറയും. കാരണം, റിയാലിറ്റി ഷോയിൽ കുട്ടികൾ എത്ര നന്നായി പാടിയാലും അത് നന്നായില്ല, കുറച്ചുകൂടി നീട്ടിപ്പാടാമായിരുന്നു എന്നൊക്കെ ജൂറിമാർ പറയും. രാഷ്ട്രീയത്തിനപ്പുറത്ത് നിങ്ങൾക്ക് ഈ ബഡ്ജറ്റിനെ എതിർക്കാൻ സാധിക്കില്ല. അല്ലെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ; അതുകൊണ്ട് ഈ ബഡ്ജറ്റിനെ ശക്തമായി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, 2018-19 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഈ ബഡ്ജറ്റിനെ നെഞ്ചത്തടിച്ച് നെഞ്ചത്ത് കൈവച്ച് തന്നെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഉള്ളടക്കത്തോട് എനിക്ക് വിരോധമുണ്ടെങ്കിലും അതിന്റെ തിരക്കഥയിൽ എനിക്ക് താൽപ്പര്യമുണ്ടായിരുന്നു. ശ്രീ. എം. ടി.-യേയും, ഒ.എൻ.വി. യേയും, എഴുത്തച്ഛനേയുമൊക്കെ ഉദ്ധരിച്ച് അദ്ദേഹത്തിന്റെ രണ്ടുവർഷംമുമ്പുള്ള ബഡ്ജറ്റിൽ ഒരു താളവും ഇമ്പവും ഉണ്ടായിരുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ 19-ഓളം എഴുത്തുകാരികളിൽ, മലയാളികൾക്ക് ഏറ്റവും പ്രിയപ്പെട്ട മാധവിക്കുട്ടിയുടെ പേരില്ല എന്നൊരു വിഷമം എനിക്കുണ്ട്. ഇപ്രാവശ്യത്തെ ബഡ്ജറ്റിനെക്കുറിച്ച് ഞാൻ പറയുന്നത് ഇതൊരു മെഗാ സീരിയൽ പോലെയാണ്. മെഗാ സീരിയലിന്റെ പ്രത്യേകത, പറഞ്ഞ കാര്യങ്ങൾ തന്നെ വീണ്ടും വീണ്ടും പല ആംഗിളുകളിൽ നിന്നു കാണിക്കും എന്നതാണ്. ഒരു എപ്പിസോഡ് തുടങ്ങുന്നതിനുമുമ്പുള്ള റീക്യാപ്പിൽ കഴിഞ്ഞ എപ്പിസോഡിന്റെ കാര്യങ്ങൾ 20 മിനിറ്റ് പറയും. അത്തരത്തിൽ ആർക്കുമറിയാതെ എന്തോ പറഞ്ഞുകൊണ്ട് പോകുന്ന ഒരു മെഗാസീരിയലായി അങ്ങയുടെ ബഡ്ജറ്റ് പോയി എന്നുപറഞ്ഞാൽ അതിൽ തെറ്റിദ്ധാരണയില്ല. രണ്ടാമതായി, ഈ വർഷത്തെ ബഡ്ജറ്റിനെ ഞാൻ ഏറ്റവും കൂടുതൽ എതിർക്കുന്നതിനുള്ള പ്രധാനപ്പെട്ട കാര്യം ഇതിലെ കമ്മിറ്റ്മെന്റിന്റെ കുറവാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയും വിഭവ ഞെരുക്കവുമുണ്ടെന്ന് അങ്ങുതന്നെ പറയുന്നുണ്ട്. ഞാനൊരു കാര്യം ചോദിക്കുന്നു, ജി.എസ്.ടി. വന്നാൽ 3000 കോടി രൂപയുടെ ഗുണം കേരളത്തിന് കിട്ടുമെന്ന് കഴിഞ്ഞ നിയമസഭയിൽ അഞ്ച് തവണ അങ്ങ് പറഞ്ഞു. അതിനുശേഷം നികുതി വരുമാനം 20 ശതമാനം കൂടുമെന്നും അങ്ങ് ആണയിട്ടു പറഞ്ഞു. 6 മാസങ്ങൾക്കുമുൻപ് ജി.എസ്.ടി. വന്നതുകൊണ്ട് 20 ശതമാനം എന്നുള്ളത്

14 ശതമാനമായി കുറയുമെന്നും കാര്യങ്ങൾ ഇത്ര ദുഷ്കരമാകുമെന്നും എം.എൽ.എ.-മാരോടും മലയാളികളോടും പറഞ്ഞില്ല. ഇന്ന് ജി.എസ്.ടി.യിൽ നമ്മൾ പുറകോട്ട് പോയിട്ടുണ്ടെങ്കിൽ സർക്കാരിന്റെ നികുതി പിരിവ് 20 ശതമാനത്തിൽനിന്നും 10 ശതമാനമായി കുറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ജി.എസ്.ടി.-യും നോട്ട് നിരോധനവും മാത്രമല്ല സർക്കാരിന്റെ പിടിപ്പുകേടും കൂടിയാണ്.

കിഫ്ബിയുടെ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട എ. എൻ. ഷംസീർ പറഞ്ഞ കാര്യങ്ങൾ ഞാൻ ഖണ്ഡിക്കാം. അങ്ങയുടെ മണ്ഡലവും എന്റെ മണ്ഡലവും ഉൾപ്പെടെ 50,000 കോടി രൂപയുടെ പദ്ധതികൾ തുടങ്ങാമെന്ന് പറഞ്ഞിട്ട് ഇപ്പോൾ വെറും 300 കോടി രൂപയുടെ 18 പദ്ധതികൾ മാത്രമാണ് തുടങ്ങാൻ കഴിഞ്ഞത്. 50,000 കോടി രൂപയിൽ വെറും 4000 കോടി രൂപ മാത്രമാണ് കിട്ടിയത്. ഇനിയും കിട്ടാൻ പോകുന്നത് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയിൽ നിന്നാണെന്ന് പറയുന്നു. അങ്ങയുടെ മണ്ഡലത്തിൽ ഉൾപ്പെടെയുള്ള ആളുകൾ നിതാഖത് കാരണം തിരികെ നാട്ടിലേക്ക് വരികയാണ്. ആ സമയത്ത് എവിടെ നിന്നാണ് അങ്ങ് പറയുന്നതുപോലെ 5000 കോടി രൂപ പ്രവാസികൾ തരാൻ പോകുന്നത്. അതുപോലെ ലോക് സഭാ ഇലക്ഷൻ വരുമ്പോൾ കോർപ്പറേറ്റ് മാർക്കറ്റിൽ നിന്ന് ഈ പണം വരാൻ പോകുന്നില്ല. ആ ഭയം ഉള്ളതുകൊണ്ടാണ് നിയമസഭയ്ക്കകത്തുവച്ച് ഈ തീരുമാനം തെറ്റാണെങ്കിൽ അത് തിരുത്തണമെന്ന് എല്ലാവരും ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിനോട് പറയുന്നത്. മൂന്നാമത്തെ കാര്യം, സ്ത്രീ സുരക്ഷയെക്കുറിച്ചാണ്. അങ്ങ് സ്ത്രീപക്ഷ നിലപാടെടുത്തുകൊണ്ട് ഈ ബഡ്ജറ്റ് അവതരിപ്പിച്ചത് നല്ല കാര്യമാണ്. എന്നാൽ ഒരു ചോദ്യം ഞാൻ അങ്ങയോടും ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറോടും ചോദിക്കുകയാണ്. 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വകുപ്പാണ് വുമൺ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ്. വനിതകളുടെയും ശിശുക്കളുടെയും സംരക്ഷണത്തിനായി ഒരു വകുപ്പ് പ്രഖ്യാപിച്ച് 2 വർഷം കഴിഞ്ഞിട്ടും ഒരു സെക്രട്ടറിയെ നിയമിച്ചതല്ലാതെ ആ ഡിപ്പാർട്ടുമെന്റിൽ ഒരു പോസ്റ്റുപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യനീതി വകുപ്പിലെ വണ്ടികളും സ്റ്റാഫും വിഭജിച്ച് അവർക്ക് കൊടുത്തിട്ടുള്ള ബഡ്ജറ്റ് ഇൻക്രീസുമല്ലാതെ ഡബ്ല്യൂ.സി.ഡി. വകുപ്പിനുവേണ്ടി ഒരു രൂപപോലും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കാര്യങ്ങളിൽ ആത്മാർത്ഥതക്കുറവുള്ള ബഡ്ജറ്റാണിത്.

അതുപോലെ പല പ്രധാനപ്പെട്ട കാര്യങ്ങളിലും അങ്ങ് നിശബ്ദത പാലിക്കുകയാണ്. ഇത്രയധികം യുവാക്കളും യുവനേതാക്കളുമുള്ള സ്ഥലമായിട്ടും യുവാക്കൾക്കുവേണ്ടി ഒരു കാര്യവും ബഡ്ജറ്റിൽ ചെയ്തിട്ടില്ല. അപ്രഖ്യാപിത നിയമന നിരോധനം കൊണ്ടുവന്ന് അതിന് 'ബോക്സ് സ്റ്റഡി' എന്ന ഓമനപ്പേര് കൊടുത്തുകൊണ്ട് അൺറിട്ടൺ ആയിട്ടുള്ള ഒരു സാങ്ഷൻ ഇവിടെ വരാൻ പോകുന്നു. റബ്ബറിന്റെ താങ്ങു വിലയെക്കുറിച്ചോ

സബ്സിഡിയെക്കുറിച്ചോ ഒരു വാക്കുപോലും ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. ഞാൻ തിരുവനന്തപുരത്തുള്ള ഒരു ജനപ്രതിനിധിയാണ്. ആയിരം ദിവസം കൊണ്ട് വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാർ എടുത്ത തീരുമാനത്തെക്കുറിച്ചോ ലൈറ്റ് മെട്രോ പദ്ധതിയെക്കുറിച്ചോ എന്റെ മണ്ഡലമടക്കമുള്ള തീരദേശപദ്ധതികളെയും മറ്റ് പദ്ധതികളെയും സംബന്ധിച്ചോ ഒരു വാക്ക് പറയാൻപോലും ഈ ബഡ്ജറ്റിൽ കഴിഞ്ഞിട്ടില്ല. ശ്രീ. എ. എൻ. ഷംസീർ, കോൺഗ്രസ് -ബി.ജെ.പി.യുടെ ബി ടീമാണെന്ന് പറഞ്ഞു. മോദി സർക്കാരിന്റെയും ഗുജറാത്ത് മോഡലിന്റെയും ബി ടീമായി ഇന്ന് ഇടതുപക്ഷ സർക്കാർ മാറുകയാണ് എന്നാണ് എന്റെ അഭിപ്രായം. മോദി സർക്കാരിന്റെ ഗുജറാത്ത് മോഡൽ പോലെ നമ്മൾ പുതിയ 'Ease of doing business' കൊണ്ടുവരികയും അതിൽ പറഞ്ഞിരിക്കുന്നത്, കമ്പനിയുടമ രേഖാമൂലം അറിയിച്ച് ഫീസടച്ചാൽ എത്രമാത്രം വെള്ളം ഊറ്റാമെന്ന തീരുമാനമാണ് ഇടതുപക്ഷ സർക്കാർ കേരളത്തിൽ കൊണ്ടു വന്നിരിക്കുന്നതെന്നാണ്.

സാമൂഹ്യസുരക്ഷയെക്കുറിച്ച് വാതോരാതെ പ്രസംഗിച്ചു. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ സമയത്ത് 300-ഉം 500-ഉം രൂപയായിരുന്ന പെൻഷൻ 1000 രൂപയാക്കുകയും അത് 11 ലക്ഷം ആളുകളിൽ നിന്ന് 33 ലക്ഷം ആളുകളിലേക്ക് ഉയർത്തുകയും ചെയ്തു. എന്നാൽ കഴിഞ്ഞ 10 മാസമായി ഒരാൾക്കെങ്കിലും കൂടുതലായി പെൻഷൻ നിങ്ങൾ കൊടുത്തിട്ടുണ്ടോ? സാമൂഹ്യനീതിക്കുവേണ്ടി 2017-18-ൽ ബഡ്ജറ്റ് റിവൈസ്ഡ് എസ്റ്റിമേറ്റ് 5800 കോടി രൂപയായിരുന്നു. എന്നാൽ 2018-19 -ൽ അതിൽനിന്നും 1200 കോടി രൂപ കുറച്ച് 4600 കോടി രൂപയാക്കിയിരിക്കുന്നത് ഈ സർക്കാരും ഈ ബഡ്ജറ്റും തന്നെയാണ്. ഞാൻ മറ്റ് രാഷ്ട്രീയമൊന്നും പറയുന്നില്ല, എനിക്ക് രണ്ട് തരത്തിലുള്ള പ്രവാസികളെയാണ് അറിയാവുന്നത്. ഒന്ന്, ബെന്യാമിന്റെ 'ആടു ജീവിതം' എന്ന പുസ്തകത്തിൽ വായിച്ചതുപോലെ മരുഭൂമിക്കകത്ത് നിയമങ്ങളില്ലാതെ/ പേപ്പറുകളില്ലാതെ അകപ്പെട്ടിരിക്കുന്ന ആളുകൾ. അവർക്കൊരിക്കലും തിരിച്ച് നാട്ടിൽ വരാൻ പറ്റുകയില്ല. അതുപോലെ സ്വന്തം മകളുടെ കല്യാണത്തിന് ഫ്ലൈറ്റിൽ വരികയാണെങ്കിൽ, ആ പണം ഒരുപക്ഷെ കുട്ടിക്ക് സ്വർണ്ണം വാങ്ങാൻ ഇരിക്കട്ടേ എന്നുവിചാരിച്ച് നാട്ടിൽ വരാത്ത പ്രവാസികളെ എനിക്കറിയാം. എന്നാൽ മൂന്നാമത്തെ പ്രവാസി ഗ്രൂപ്പിനെ കഴിഞ്ഞ രണ്ടു ദിവസമായി കാണുകയാണ്. വിജയ് മല്യയെപ്പോലെ, ലളിത് മോഡിയെപ്പോലെ, സാഗർ ഏലിയാസ് ജാക്കിയെപ്പോലെ ബിസിനസ്സ് നടത്തി തിരിച്ച് കേരളത്തിലേക്ക് വരാൻ പറ്റാത്ത പ്രവാസികളുടെ കാലഘട്ടംകൂടി ഇന്ന് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട എ. എൻ. ഷംസീർ സംസാരിച്ചപ്പോൾ നിങ്ങളുടെ പാർട്ടിയുടെ പോളിറ്റ്ബ്യൂറോ അംഗവും ഒരു ന്യൂനപക്ഷ സി.പി.ഐ.(എം) മുഖത്തിന്റെ ഏറ്റവും വലിയ മുഖമായ സഖാവ് മുഹമ്മദ് സലീം ഇന്നലെ ഇ. അഹമ്മദ് സാഹിബിന്റെ അനുസ്മരണത്തിൽ ഉയർത്തെഴുന്നേൽക്കുന്ന ഇന്ത്യയുടെ വിഗ്രഹമാണ് ശ്രീ. രാഹുൽ ഗാന്ധിയെന്ന് പറയുകയുണ്ടായി. അതുമാത്രമല്ല,

ഗുജറാത്തിൽ 27 അമ്പലങ്ങളിൽ ശ്രീ. രാഹുൽ ഗാന്ധി പോയിട്ടുണ്ടെങ്കിൽ അത്രമാത്രം പള്ളികളിലും അജ്മീർ ദർഹയിലും ഗുരുദ്വാരകളിലും സിനഗോഗുകളിലും പോയിട്ടുണ്ട്. അമ്പലത്തിൽ പോകുന്ന ശ്രീ. രാഹുൽ ഗാന്ധി ഇവിടെയെല്ലാം പോകും. ഇന്ത്യയുടെ മതനിരപേക്ഷതയുടെ മുഖമായി രാഹുൽ ഗാന്ധിയും കോൺഗ്രസും ഉണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. ബി. സത്യൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്തെ വിവിധ ബഡ്ജറ്റുകൾ പരിശോധിച്ചാൽ അന്ന് പ്രഖ്യാപിക്കപ്പെട്ട പല കാര്യങ്ങളും ശ്രീ. കെ. എസ്. ശബരീനാഥൻ ഇവിടെ പറഞ്ഞതുപോലെ എപ്പിസോഡിന്റെ തുടർച്ചയും പഴയതിന്റെ പുനരാവർത്തനവുമാണ്. കഴിഞ്ഞ സഭയിൽ അംഗമായിരുന്ന ഞങ്ങളെപ്പോലെയുള്ള ആളുകൾക്ക് അതറിയാം. അന്ന് പ്രഖ്യാപിക്കപ്പെട്ട വമ്പൻ പദ്ധതികളിൽ ഏതെങ്കിലുമൊരെണ്ണം ആ കാലഘട്ടത്തിൽ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ജനക്ഷേമകരമായ കാര്യങ്ങളിൽ യാതൊരു തരത്തിലുമുള്ള താൽപ്പര്യവുമെടുക്കാത്ത ബഡ്ജറ്റുകൾ ആ ഘട്ടത്തിൽ കടന്നുപോയെന്ന് ഈ സന്ദർഭത്തിൽ ഓർക്കുന്നത് നന്നായിരിക്കും. കാരണം, ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് ഇത്രയും കാലമായി നീതി നിഷേധിക്കപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സ്ത്രീസമൂഹത്തിന്റെയും ട്രാൻസ്ജെൻഡേഴ്സിന്റേതുമായി മാറുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെയും ഒന്നും ചെയ്യാൻ കഴിയാതെ സമൂഹത്തിൽ ഒറ്റപ്പെട്ടുപോയവരുടെയും ശബ്ദമില്ലാത്തവരുടെയും ശബ്ദമായി ഈ ബഡ്ജറ്റ് മാറുകയാണ്. അങ്ങനെ തുല്യനീതിയും തുല്യപങ്കാളിത്തവും നൽകാൻ ഈ സർക്കാരിനുവേണ്ടി അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റാണിത്.

ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പല പ്രധാനപ്പെട്ട പദ്ധതികളും തയ്യാറാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ പറഞ്ഞ പല കാര്യങ്ങളിലും നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. ശ്രീനാരായണ ഗുരുദേവൻ 'ദൈവദശകം' എഴുതിയതിന്റെ 100 വർഷം പിന്നിട്ട കേരളമാണിത്. ശതാബ്ദി കഴിഞ്ഞ് ഏതാനും വർഷങ്ങളും മാസങ്ങളുമായെങ്കിലും അദ്ദേഹം 'ദൈവദശകം' എഴുതിയതിന്റെ പശ്ചാത്തലം എല്ലാവർക്കുമറിയാം. വർക്കലയിലെ ആശ്രമത്തിൽ ഗുരുദേവനെ കാണാൻ വന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷത്തിന് പാടുന്നതിനായാണ് ദൈവദശകം എഴുതിയത്. ഉച്ചനീചത്വങ്ങളും അനീതിയും നിലനിന്നിരുന്ന, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ള പിന്നോക്ക സമുദായക്കാർക്ക് അമ്പലങ്ങളിൽ കയറുന്നത് നിഷേധിക്കപ്പെട്ടിരുന്ന കാലത്താണ് ആ രചന ഉണ്ടായതെങ്കിൽ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് പൂജാരിയായി ക്ഷേത്രത്തിൽ പൂജാകർമ്മങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിൽ കാലം

മാറിയതനുസരിച്ചുള്ള അതിപ്രധാനമായ ചുവടുവയ്പ്പാണ് ഭരണപരിഷ്കാര രംഗത്ത് നടപ്പിലാക്കിയത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ള 140 പേരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തി ദേവസ്വം ബോർഡുകളിലേയ്ക്ക് തെരഞ്ഞെടുത്ത് അവർക്ക്, ക്ഷേത്രങ്ങളിലേക്ക് പൂജാരിമാരായി പൂജാദി കർമ്മങ്ങൾ ചെയ്യാൻ അവസരം ഒരുക്കിക്കൊടുത്തത് ഇക്കാലത്താണ്. പഠിക്കാനും ജീവിത ലക്ഷ്യങ്ങൾ പ്രാപ്തമാക്കാനും കഴിയാത്ത സാഹചര്യത്തിൽ ഉത്തരേന്ത്യയിൽ രോഹിത് വെമൂല എന്ന ചെറുപ്പക്കാരൻ ആത്മഹത്യ ചെയ്തത് നാം കണ്ടതാണ്. രോഹിത് വെമൂലമാരുടെ നാട്ടിലാണ് നാം നിൽക്കുന്നത്. ജനുവരി 31-ാം തീയതി അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റിന്റെ വാർത്തകൾ ഫെബ്രുവരി 1-ാം തീയതി വന്നിരുന്നു. ശ്രീ. കെ. എസ്. ശബരീനാഥനെപ്പോലെ ചിന്തിക്കുകയും പറയുകയും ചെയ്യുന്ന ആളുകൾ അതിനെപ്പറ്റി ഒരു വാക്ക് പോലും സൂചിപ്പിച്ചില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ഇവിടെ പറഞ്ഞ ചില കാര്യങ്ങൾ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. കേന്ദ്ര ബഡ്ജറ്റും സംസ്ഥാന ബഡ്ജറ്റും ഒരേ സമയം അവതരിപ്പിക്കപ്പെടുമ്പോൾ സ്വാഭാവികമായും പറയേണ്ടതല്ലേ? കേന്ദ്ര ബഡ്ജറ്റിലെ ഏതാണ്ട് പത്ത് കോടി കുടുംബങ്ങളിലെ അൻപത് കോടിയോളം വരുന്നയാളുകൾക്ക് നേരിട്ട് ഗുണം ലഭിക്കത്തക്ക നിലയിലുള്ള ഇൻഷ്വറൻസ് പദ്ധതി ഏറ്റവും വലിയ തട്ടിപ്പാണ്. ബി.ജെ.പി. ഗവൺമെന്റിന് അവസാനത്തെ ആണിയും അടിക്കുന്ന പ്രഖ്യാപനമാണത്. അഞ്ചു കൊല്ലം കൊണ്ട് എന്തെല്ലാം പറഞ്ഞു? ഡിജിറ്റൽ ഇന്ത്യ തുടങ്ങി രാജ്യത്ത് നടപ്പിലാക്കാൻ പോകുന്ന അനേകം പദ്ധതികൾ അവസാനം പവനായി ശവമായി മാറുന്ന ചിത്രം നമ്മൾ കണ്ടു. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലെയും സാമൂഹ്യ സുരക്ഷാ മേഖലയിലെയും പദ്ധതികൾക്ക് കേന്ദ്ര വിഹിതം വെട്ടിക്കുറച്ചത് അതിൽ ഒളിഞ്ഞിരിക്കുന്ന കാര്യങ്ങളാണ്. ഇക്കാര്യങ്ങളെക്കുറിച്ച് ആരുമിവിടെ ശക്തിയായി പറയുന്നത് കേട്ടില്ല. അതിനോട് ചേർത്തുവച്ചാണ് സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത് എന്ന യാഥാർത്ഥ്യം നമ്മൾ കാണണം. ജി.എസ്.ടി. യും, നോട്ട് നിരോധനവുമടക്കമുള്ള മഹാദുരന്തത്തിലൂടെയാണ് ഈ പറയപ്പെടുന്ന നാളുകൾ കടന്നുപോയതെന്ന കാര്യം ഗൗരവതരമായ വിഷയമാണ്.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് പാവപ്പെട്ട ആളുകളുടെ കിട്ടാതിരുന്ന ആറും, എട്ടും, പന്ത്രണ്ടും മാസത്തെ കുടിശ്ശികയുൾപ്പെടെയുള്ള പെൻഷൻ ഒരുമിച്ച് നൽകുമെന്നായിരുന്നു പുതിയ ഗവൺമെന്റിന്റെ ആദ്യപ്രഖ്യാപനം. പെൻഷൻ തുകയായി ഏതാണ്ട് മുപ്പത്തയ്യായിരം രൂപവരെ ആ പാവപ്പെട്ടയാളുകളുടെ കുടുംബങ്ങളിൽ അതാത് സ്ഥലങ്ങളിലെ സഹകരണ ബാങ്കുകൾ വഴി എത്തിച്ച അനുഭവത്തിന്റെ വെളിച്ചത്തിലാണ് ഇക്കാര്യങ്ങൾ പറയുന്നത്. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്തെ അവസ്ഥ എന്തായിരുന്നു; പെൻഷൻ കൊടുക്കാൻ കഴിഞ്ഞിരുന്നില്ല, മാത്രമല്ല, 500, 600 രൂപയായിരുന്ന പെൻഷൻ 1100 രൂപയായി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചുവെന്ന

യാഥാർത്ഥ്യം മറക്കരുത്. സമ്പൂർണ്ണ പെൻഷൻ പദ്ധതി യു.ഡി.എഫ്. ഗവൺമെന്റിന്റെ പ്രഖ്യാപനമായിരുന്നു. കാര്യങ്ങൾ വ്യക്തമായി മനസ്സിലാക്കിയിട്ടോ എവിടെയെങ്കിലും ചർച്ച ചെയ്തിട്ടോ ആയിരുന്നില്ല ആ പ്രഖ്യാപനം. ഒരു പഞ്ചായത്തിലെ മുഴുവനാളുകൾക്കും പെൻഷൻ നൽകുക എന്നത് ഒരു സർക്കാരിനും താങ്ങാനാകില്ല. വസ്തുനിഷ്ഠമായ വിലയിരുത്തലോ സാമ്പത്തിക പരിശോധനകളോ ഒന്നും തന്നെയില്ലാതെ പഞ്ചായത്തിലെ മുഴുവനാളുകൾക്കും പെൻഷൻ നൽകുക എന്ന പദ്ധതി ആവിഷ്കരിച്ചു. അതിന്റെ ദുരന്തമാണ് ഇപ്പോൾ കാണുന്നത്. ഇതിൽ അയോഗ്യരായ ധാരാളമാളുകളുണ്ട്, അവരെ കണ്ടെത്തേണ്ടേ; റേഷൻ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിൽ വലിയ പരിശ്രമം നടന്നിട്ടുണ്ട്. അതിൽ അനർഹരായിട്ടുള്ള ലക്ഷക്കണക്കിന് ആളുകളുണ്ടായിരുന്നു. അവരെ മാറ്റി അർഹരായിട്ടുള്ള ആളുകൾക്ക് കൊടുക്കാൻ ഗവൺമെന്റ് സ്വീകരിച്ച ഒരു മെക്കാനിസം ഇവിടെയുണ്ട്. അതുപോലെ പെൻഷനിലും അപാകതകൾ കടന്നു കൂടിയിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇപ്പോഴും ദുർബല വിഭാഗത്തിൽപ്പെട്ടവർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ, പാവങ്ങളിൽ പാവങ്ങൾ ഇവരിൽ പലരും ദാരിദ്ര്യ രേഖയ്ക്ക് മുകളിലോ, പെൻഷൻ പോലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിട്ടും കിട്ടാത്തവരോ ആണെന്നുള്ളത് യാഥാർത്ഥ്യമാണ്, അത് പരിശോധിക്കപ്പെടണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പലതും പുസ്തകങ്ങളിൽ അച്ചടിച്ചുവയ്ക്കുകയും അടുത്തവർഷം കഴിയുമ്പോൾ അത് എടുത്ത് മാറ്റുകയും ചെയ്യുന്ന സ്ഥിതിയായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. പറഞ്ഞ കാര്യങ്ങളെല്ലാം വസ്തുതാപരമാണ്. സ്ത്രീശാക്തീകരണം, പട്ടികജാതി-പട്ടികവർഗ്ഗ വിഭാത്തിൽപ്പെട്ടവരുൾപ്പെടെയുള്ള ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ, ഇവയെല്ലാം അറിഞ്ഞും പഠിച്ചും മനസ്സിലാക്കിയുമാണ് പ്രായോഗിക പദ്ധതികൾ ഇവിടെ പ്രഖ്യാപിച്ചത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ലംപ്സം ഗ്രാന്റ് 25 ശതമാനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിലും ഇരുപത്തഞ്ച് ശതമാനം വർദ്ധിപ്പിച്ചിരുന്നു. അങ്ങനെ ആകെ 50 ശതമാനം വർദ്ധനവ് ഈ പാവങ്ങൾക്ക് ലഭിക്കുകയാണ്. അദ്ധ്യയന വർഷാരംഭം തന്നെ ഇത് ലഭിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി ജോലി ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞു. ആ നിലയിൽ നാട്ടിലെ പാവപ്പെട്ടവരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തിയ പരിശ്രമം ഞങ്ങൾ കാണുന്നുണ്ട്. സംസ്ഥാനത്തെ അടിസ്ഥാന ജനവിഭാഗങ്ങൾ, പാവപ്പെട്ടവർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവരുടെ ജീവിതപ്രശ്നങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കാനുതകുന്ന വിധത്തിൽ തയ്യാറാക്കിയിട്ടുള്ള ഈ ബഡ്ജറ്റിന് പിന്തുണ പ്രഖ്യാപിക്കുന്നു.

ഡോ. എൻ. ജയരാജ് : സർ, കവിതയുടെയും കഥകളുടെയും സ്പർശനം ഉൾക്കൊണ്ടുകൊണ്ട് വളരെ കാവ്യഭംഗിയോടെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി

ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ആദ്യമായി വർഗ്ഗീയതക്കെതിരെയുള്ള വലിയ പ്രതിരോധത്തെക്കുറിച്ചാണ് പറയുന്നത്. ഇന്നലെ കുരീപ്പുഴ ശ്രീകുമാറിനെ യോഗസ്ഥലത്തുനിന്നും തിരിച്ചുവരുമ്പോൾ ആക്രമിച്ച സംഭവം ഇവിടെ സൂചിപ്പിച്ചതുപോലെ വർഗ്ഗീയതയുടെ വിഷവിത്തുകൾ ഇപ്പോഴും സജീവമാണ്. ആവിഷ്കാര സ്വാതന്ത്ര്യത്തിനെതിരെയുള്ള ഇത്തരം ഇടപെടലുകൾ തീർച്ചയായും അപലപിക്കപ്പെടേണ്ടതാണ്.

ബഡ്ജറ്റിന്റെ ആമുഖത്തിൽ ധനകാര്യ പ്രതിസന്ധിയെക്കുറിച്ചുള്ള വിഹ്വലതകൾ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഇവിടെ പങ്കുവയ്ക്കുകയുണ്ടായി. അദ്ദേഹം സുഗതകുമാരി ടീച്ചറുടെ കവിതയിലാണ് ആരംഭിച്ചത്. എന്നാൽ ഈ ധനകാര്യ പ്രതിസന്ധിയിൽ സുഗതകുമാരി ടീച്ചറുടെ തന്നെ കുറച്ചുകൂടി മനോഹരമായ മറ്റൊരു കവിതയിലെ "ഇന്നീ മനസ്സിൽ കവിതയില്ല, മണമില്ല, മധുവില്ല, മധുരമില്ല" എന്ന വരികളായിരുന്നു ഉചിതമെന്ന് തോന്നുന്നു. ഈ വരികൾ ധനകാര്യ വകുപ്പുമന്ത്രിയെക്കുറിച്ചല്ല. ധനകാര്യ സാഹചര്യങ്ങൾ വളരെ പ്രതിരോധമായി നിൽക്കുന്ന അവസരത്തിൽ കുറേക്കൂടി മനോഹരമായ കവിത അതായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ഏതായാലും കാവ്യഭംഗിക്കപ്പുറത്ത് സാമൂഹ്യപരമായ കുറേ നല്ല വീക്ഷണങ്ങൾ ബഡ്ജറ്റിലുണ്ട് എന്നുള്ളത് അംഗീകരിക്കാതിരിക്കാൻ കഴിയില്ല. സാമൂഹ്യ സുരക്ഷാ പദ്ധതികളും ദുരന്തങ്ങളെ പ്രതിരോധിക്കാനുള്ളവയുൾപ്പെടെ സാമൂഹ്യക്ഷേമത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ള ഒട്ടേറെ നല്ല പദ്ധതികൾ ബഡ്ജറ്റിന്റെ ഭാഗമായിട്ടുണ്ട് എന്നത് നിഷേധിക്കാൻ കഴിയില്ല. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമുള്ള മാറ്റങ്ങൾ, പ്രത്യേകിച്ച് കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ അതിന്റെ പ്രയോജനമുണ്ട്. കോട്ടയം ജില്ലയിലെ ഏക കാത്ത്‌ലാബ് പ്രവർത്തിക്കുന്നത് കാഞ്ഞിരപ്പള്ളിയിലാണ്. ശ്രീ. പി. സി. ജോർജിന് കാത്ത്‌ലാബിന്റെ ആവശ്യമില്ലെങ്കിലും പൂഞ്ഞാറുകാർക്കുകൂടി കാഞ്ഞിരപ്പള്ളിയിലെ കാത്ത്‌ലാബ് ഉപയോഗപ്പെടുത്താം.

വിദ്യാഭ്യാസ രംഗത്താണെങ്കിലും വളരെയേറേ മാറ്റങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിലെ തന്നെ മുപ്പത്തിയൊൻപതോളം സ്കൂളുകൾ ഹൈടെക് നിലവാരത്തിലേയ്ക്ക് മാറുകയാണ്. ഇതോടൊപ്പം ചില പ്രശ്നങ്ങൾ കൂടി ബഡ്ജറ്റുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുണ്ട്. വളരെ മനോഹരമായ ഒരു സംവിധാനത്തിലൂടെയാണ് ബഡ്ജറ്റ് പോകുന്നതെങ്കിലും കേരളത്തിലെ കൃഷിക്കാരോട്, പ്രത്യേകിച്ച് റബ്ബർ മേഖലയോട് കാണിച്ച താല്പര്യക്കുറവ് വളരെ ഗൗരവമായി ചിന്തിക്കേണ്ടതാണ്. ഞങ്ങളുടെ മേഖലയിൽ റബ്ബറിന്റെ വിലയിടിവ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് ജി.എസ്.ടി. വന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമെന്ന് സൂചിപ്പിക്കുമ്പോൾ, അടിസ്ഥാനപരമായി അടുത്തകാലത്ത് വന്ന കണക്ക് പരിശോധിച്ചാൽ കേരളത്തിന്റെ പൊതുവായ വിഭവ സമാഹരണത്തിൽ കാര്യമായ കുറവുവന്നിരിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ

പത്ത് വർഷക്കാലത്തെ വിഭവ സമാഹരണത്തിന്റെ തോത് പരിശോധിച്ചാൽ കേരളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുറകോട്ടുപോകുന്ന കാഴ്ചയാണുള്ളത്. പൊതുവായിട്ടുള്ള വിഭവ സമാഹരണത്തിലെ കുറവിനുള്ള ഏറ്റവും പ്രധാന കാരണം കേരളത്തിലെ മധ്യവർഗ്ഗത്തിന്റെ പർച്ചേസിംഗ് കപ്പാസിറ്റി കുറഞ്ഞു എന്നുള്ളതാണ്. പ്രത്യേകിച്ച് നമ്മുടെയൊക്കെ മേഖലയിൽ റബ്ബറിന്റെ വിലയിടിവോടെ കച്ചവടവും വ്യാപാരവും വളരെയേറെ തകർന്നുനിൽക്കുന്ന അവസ്ഥയാണ്. ഇത് വളരെ പ്രധാനമാണ്.

മിഡിൽ ഇൻകം ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം പർച്ചേസിംഗ് കപ്പാസിറ്റിയിലുള്ള കുറവ് എല്ലാ മേഖലകളെയും ബാധിക്കുന്നു. അതുകൊണ്ടായിരിക്കും റബ്ബർ മേഖലയിലെ പ്രതിസന്ധി വ്യാപാരമേഖലയെ വളരെ പ്രതികൂലമായി ബാധിക്കുന്നത്. അതിന് ഇൻസെന്റീവ് കൊടുക്കാനുള്ള നടപടിയുണ്ടാകണം. ഓഗസ്റ്റ് മാസത്തിനുശേഷം റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് അപ്‌ലോഡ് ചെയ്യാനുള്ള സാഹചര്യമുണ്ടായിട്ടില്ല. അടിയന്തരമായി ഇക്കാര്യത്തിൽ ശക്തമായി ഇടപെടണം. ജി.എസ്.ടി. വന്നതുകൊണ്ടുണ്ടായ ദുരന്തങ്ങൾ മാത്രമല്ല, മറ്റിതര നികുതി മാർഗ്ഗങ്ങളെക്കുറിച്ചും നമുക്ക് ചിന്തിക്കാം.

3.00 PM]

കേരളത്തിൽ ഇപ്പോൾ നിർമ്മിക്കുന്നത് ആഡംബര വീടുകളാണ്. ഈ അടുത്ത കാലത്ത് ഞാൻ ഒരു വീട്ടിൽ പോയപ്പോൾ അവിടത്തെ ഒരു കുളിമുറിക്കുള്ള ആകെ നിർമ്മാണച്ചെലവ് നാലര ലക്ഷം രൂപയാണ്, ഹൈടെക് കുളിമുറിയാണ്. ഇങ്ങനെയുള്ള ആഡംബരച്ചെലവുകൾ നിയന്ത്രിക്കേണ്ടതുണ്ട്. പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലാണ് വൺ ടൈം ടാക്സ് കണക്കാക്കുന്നത്. വീടിന്റെ ചുറ്റം കോൺക്രീറ്റ് ചെയ്യുകയോ ടൈൽ ഇട്ട് ഭംഗിയാക്കുകയോ ആണ് ചെയ്യുന്നത്. നിയമസഭാ സമുച്ചയം ഉൾപ്പെടെ അങ്ങനെയാണ് ചെയ്തിരിക്കുന്നത്. എം.എൽ.എ. ഹോസ്റ്റലിൽ നിന്നിറങ്ങിയാൽ ഇവിടെ വരുന്നതുവരെ ഒരു പുൽക്കൊടിപോലും കാണാൻ സാധിക്കുന്നില്ല. കുടിവെള്ള പ്രശ്നം രൂക്ഷമായി നിലനിൽക്കുന്ന സമയത്ത് വെള്ളം ഭൂമിയിലേയ്ക്ക് ആഴ്ന്നിറങ്ങാതിരിക്കാൻ വേണ്ടി നടത്തുന്ന ഇത്തരം ആഡംബരങ്ങളെയും നിർമ്മിതികളെയും തടസ്സപ്പെടുത്തണം. പ്ലിന്ത് ഏരിയായുടെ ഭാഗമായി അത്തരം നിർമ്മിതികളെ മാറ്റണം. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് നികുതി നിർദ്ദേശത്തിന് സാധ്യതകളേറെയുള്ള ഒരു മേഖലയാണിത്. ഇപ്പോൾ എം.എൽ.എ. ഫണ്ട് ബോൺസായി പോലെ അഞ്ച് വർഷമായി യാതൊരു വളർച്ചയുമില്ലാതെ മുരടിച്ച് നിൽക്കുകയാണ്. അതുകൊണ്ട് എം.എൽ.എ. ഫണ്ട് 2 കോടി രൂപയാക്കിയും ആസ്തി വികസന ഫണ്ട് 5 കോടി രൂപയിൽ നിന്ന് ഏഴരക്കോടി രൂപയാക്കിയും വർദ്ധിപ്പിക്കണം. ഇത് എല്ലാവർക്കും ആവശ്യമുള്ള കാര്യമാണ്. പൊതുനിർദ്ദേശമെന്ന നിലയിൽ, ഇതിനെ ബോൺസായി അവസ്ഥയിൽ നിന്നും നല്ല നിലയിലേയ്ക്ക് കൊണ്ടുവരാൻ അങ്ങ് ശ്രമിക്കണം.

ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ട്. കർഷകരുടെ ആശങ്കകൾ അവസാനിപ്പിക്കുന്നതോടൊപ്പം കുടിവെള്ളവുമായി ബന്ധപ്പെട്ട് 600 കോടി രൂപയുടെ ഓൺഗോയിംഗ് പദ്ധതികൾ ഇപ്പോൾ നിശ്ചലാവസ്ഥയിലുമാണ്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെടുമെന്ന് പറഞ്ഞിട്ടുണ്ട്. ആവശ്യമുള്ള ഫണ്ട് നൽകി പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. സി. ദിവാകരൻ : സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതിഗതികൾ, ജനങ്ങളുടെ ജീവിത നിലവാരം, അവശതയനുഭവിക്കുന്ന ആളുകളെ ജീവിതത്തിന്റെ പൊതുധാരയിൽ കൊണ്ടുവരിക, സാമൂഹ്യ-സുരക്ഷാ നടപടികൾക്ക് മുൻതൂക്കം നൽകുക; ഇക്കാര്യങ്ങളിലെല്ലാം കേരളത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ബഡ്ജറ്റിൽനിന്ന് വളരെ വ്യത്യസ്തമായ ഒരു സമീപനമാണ് ധനകാര്യ വകുപ്പും വകുപ്പുമന്ത്രിയും ഈ ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. സ്ത്രീകളുടെ പരാധീനതകളെക്കുറിച്ച് നമ്മളെല്ലാവരും പറയാറുണ്ട്. സ്ത്രീകളുടെ നിലവിളികളാണ് മനുഷ്യ മനസ്സാക്ഷിയെ വിളിച്ചുണർത്തുന്നത്. അവരെ ഒരു പുതിയ ദിശാമുഖത്തിലേയ്ക്ക് തിരിച്ചുവിട്ട് സാമ്പത്തികമായി അവർക്ക് ഒരു അടിത്തറ സൃഷ്ടിക്കുക, 14 ജില്ലകളിലും അവർക്ക് ഏത് സമയത്തും ചെന്നുകയറാൻ സാധിക്കുന്ന ലേഡീസ് ഹോസ്റ്റലുകളുണ്ടാക്കുക എന്നിവയെല്ലാം ശ്ലാഘനീയമായ കാര്യങ്ങളാണ്. 'നിർഭയ' എന്നുപറയുന്നത് യഥാർത്ഥത്തിൽ നിർഭയമായി നമ്മുടെ രാജ്യത്തെ സ്ത്രീകൾ മുന്നോട്ടു പോകണമെന്ന് ആഗ്രഹിക്കുന്ന ഒരു സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് അപ്രോച്ചാണ്. അതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. കമ്മ്യൂണിസ്റ്റുകാർ എപ്പോഴും സ്ത്രീയെ ഒരു കമോഡിറ്റിയായിട്ടല്ല കാണുന്നത്. സ്ത്രീയെ കമോഡിറ്റിയായി കാണുന്നത് മുതലാളിത്തത്തിന്റെ സാമ്പത്തിക നയങ്ങൾ ആവിഷ്കരിക്കുന്ന പഴയ കോൺഗ്രസും ഇപ്പോഴത്തെ ബി.ജെ.പി.-യുമാണ്. സ്ത്രീ സമൂഹത്തെ സംബന്ധിച്ച് 'ഒന്നും ചെയ്യില്ല' എന്ന വാശിക്കാരാണ് അവർ. അക്കാര്യത്തിൽ ഈ ബഡ്ജറ്റ് അവർക്കുകൂടി മാതൃകയാണ്.

'വിശപ്പുരഹിത കേരളം'-ഇങ്ങനെയൊരു ബഡ്ജറ്റ് കേരള ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ആദിമനുഷ്യൻ മുതൽ വിശപ്പിനുവേണ്ടിയാണ് സ്ട്രഗിൾ ചെയ്യുന്നത്. വിശക്കുന്നവന്റെ വിഷയങ്ങൾ കൈകാര്യം ചെയ്യണം. കാറൽമാർക്സ് ഏറ്റവും കൂടുതൽ വിശപ്പ് അനുഭവിച്ച, പട്ടിണി കിടന്ന ഒരാളാണ്. പ്രവാചകനായ നബി (സ) വിശപ്പറിയുന്ന ഒരാളായിരുന്നു. അതുകൊണ്ട് അദ്ദേഹം പറഞ്ഞു, നീ അത്താഴം കഴിക്കുമ്പോൾ അയൽവക്കത്തുള്ളവർ അത്താഴം കഴിച്ചോ എന്ന് അന്വേഷിക്കണം. നിങ്ങൾ എങ്ങനെയാണ് ഈ ബഡ്ജറ്റിനെ എതിർക്കുന്നത്? 'വിശപ്പുരഹിത കേരളം' പദ്ധതി കൂടുതൽ തലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് 20 കോടി രൂപ വകയിരുത്തുന്നുവെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്.

റേഷൻ അരിയും പലവ്യഞ്ജനങ്ങളും 'വിശപ്പുരഹിത കേരളം' പദ്ധതിക്ക് സഹായവിലയ്ക്ക് ലഭ്യമാക്കും. പട്ടിണി കിടക്കുന്ന ഒരാളുപോലും ഇനി കേരളത്തിലുണ്ടാകില്ല. മൂന്നുവർഷം കൊണ്ട് ഇത് നടപ്പിലാക്കും. ഇത്രയും നല്ല കാര്യങ്ങളുള്ള ബഡ്ജറ്റിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്?

ബഡ്ജറ്റ് ചർച്ച മുഴുവൻ ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. നിങ്ങൾ ഇതിനെ സംബന്ധിച്ച് ഏതെങ്കിലുമൊരു പോസിറ്റീവ് കാര്യം പറഞ്ഞോ? ഡോ. എൻ. ജയരാജ് മാത്രം പറഞ്ഞു. അദ്ദേഹത്തിന് വിവരമുണ്ട്, പ്രൊഫസറാണ്. നിങ്ങൾ എന്തുകൊണ്ടാണ് ഇത്രയും നെഗറ്റീവായ, അന്ധമായ എതിർപ്പ് ഈ ബഡ്ജറ്റിനോട് കാണിക്കുന്നതെന്ന് എനിക്കറിയില്ല. എന്റെ പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് മാത്രമാണ് ഇപ്പോൾ ഇവിടെയുള്ളത്. അനുയായികളൊക്കെ ഒരു പാർട്ടി പരിപാടിയിൽ പങ്കെടുക്കാനായി പോയിരിക്കുകയാണ്. എന്തുകൊണ്ടാണ് കോൺഗ്രസ്സ് ഈ ബഡ്ജറ്റിനെ എതിർക്കുന്നതെന്ന് എനിക്കറിയില്ല.

ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ ഭീഷണി പ്രതിവർഷം 50000 പുതിയ കാൻസർ രോഗികളെ കണ്ടെത്തുന്നുവെന്നുള്ളതാണ്. ഇരുപതിനായിരത്തിൽപ്പരം കാൻസർ രോഗികൾ ഇവിടെ വർഷംതോറും മരിക്കുന്നു. കാൻസർ കേരളത്തെ കാർന്നുതിന്നുകയാണ്. മലബാർ കാൻസർ സെന്ററും ആർ.സി.സി. യും കാൻസർ രോഗികൾക്ക് മതിയാകില്ല. ചെറിയ തോതിൽ പനി വരുമ്പോൾ ബഹളം വയ്ക്കുന്നവരാണ് നമ്മൾ. നമ്മുടെ കൺമുമ്പിൽ നമ്മുടെ കുഞ്ഞുങ്ങൾ, സഹോദരങ്ങൾ, സഹോദരിമാർ ഈ മാരകരോഗത്തിന് ഇരയായി മരിക്കുകയാണ്. പട്ടിണി കിടന്നല്ല അവർ മരിക്കുന്നത്. ബഡ്ജറ്റിൽ കാൻസർ സെന്ററിനായി ആരോഗ്യ വകുപ്പിന് ഗണ്യമായ തുക നീക്കിവച്ചിട്ടുണ്ട്. എന്തിനാണ് പിന്നെ ഈ ബഡ്ജറ്റിനെ എതിർക്കുന്നത്?

ഇവിടെ പെൻഷനെപ്പറ്റി മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറയുകയുണ്ടായി. പെൻഷൻ എല്ലാവർക്കും കൊടുക്കുന്നത് നല്ല കാര്യമാണ്. അതിന് എന്തെങ്കിലും വ്യവസ്ഥകളുണ്ടെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ വ്യവസ്ഥ മാറ്റി പെൻഷൻ കൊടുക്കണം. പെൻഷൻ 1000 രൂപയായിരുന്നത് 1100 രൂപയാക്കി. കഴിഞ്ഞ സർക്കാർ 32 ലക്ഷം പേർക്ക് പെൻഷൻ നൽകിയെങ്കിൽ ഇപ്പോൾ അത് 42 ലക്ഷമാക്കി ഉയർത്തി. അതിൽ എന്തെങ്കിലും കുഴപ്പങ്ങളുണ്ടെങ്കിൽ കണ്ടുപിടിക്കാം. പക്ഷേ പെൻഷൻ പദ്ധതിയിൽ യാതൊരു നിയന്ത്രണവുമില്ലെന്ന നയമാണ് എൽ.ഡി.എഫ്.-ന്റെ നയം. അത് നമ്മൾ പ്രഖ്യാപിക്കുക തന്നെവേണം. അതിൽ പെൻഷൻ കൊടുക്കാതിരിക്കാനായി എന്തെങ്കിലും കാര്യങ്ങൾ കണ്ടെത്തരുത്.

സ്ത്രീകൾക്കെതിരെയുള്ള ആക്രമണം തടയാൻ ലക്ഷ്യമിട്ടുള്ള വിവിധ പരിപാടികൾക്കായി 50 കോടി രൂപ നീക്കിവയ്ക്കുന്നു. ഇതിൽ എവിടെയാണ് എതിർപ്പുള്ളത്? സ്ത്രീകളുടെയും വയോജനങ്ങളുടെയും അഭയ കേന്ദ്രങ്ങൾ നവീകരിക്കുന്നതിന് 20 കോടി രൂപ

വകയിരുത്തുന്നു. അവിവാഹിതരായ അമ്മമാർക്കുള്ള പ്രതിമാസ സഹായം 'സ്നേഹസ്പർശം' - 1000 രൂപയിൽ നിന്ന് 2000 രൂപയാക്കി; ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എതിർപ്പുണ്ടോ; ഇല്ലല്ലോ? ഇത് ഏകകണ്ഠമായി പാസ്സാക്കേണ്ട ബഡ്ജറ്റാണ്. എവിടെയാണ് ഇതിനകത്ത് എതിർപ്പുള്ളത്; ഇതിന്റെ അപ്രോച്ച് എന്താണ്? നരേന്ദ്ര മോദിയുടെ ബഡ്ജറ്റിന്റെ അപ്രോച്ചാണോ ഈ ബഡ്ജറ്റിനുള്ളത്? നരേന്ദ്ര മോദി പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയർ വിറ്റ് ഇന്ത്യയിലെ ജനങ്ങളുടെ പണമായ ഒരു ലക്ഷം കോടി രൂപയാണ് ധൂർത്തടിച്ചത്. എന്നിട്ടും കേന്ദ്ര ഗവൺമെന്റ് പറയുന്നത് സാമ്പത്തിക വരുമാനം കൂട്ടുകയും സാമ്പത്തിക പ്രതിസന്ധി കുറയ്ക്കുകയും ചെയ്തു എന്നാണ്. ഇതിനെക്കുറിച്ച് നിങ്ങൾക്ക് ഒരു വാക്ക് പറയാൻ കഴിഞ്ഞോ; കേന്ദ്ര ബഡ്ജറ്റ് ഒരു റോൾ മോഡലാണോ? കേന്ദ്ര ബഡ്ജറ്റിനെതിരായി രാജ്യവ്യാപകമായ പ്രക്ഷോഭണത്തിന് കോൺഗ്രസ് എന്തുകൊണ്ട് തയ്യാറായില്ല? നമുക്കെല്ലാവർക്കും യോജിച്ച് പോകാമെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടി അഭിപ്രായപ്പെട്ടത്. കുരീപ്പുഴ ശ്രീകുമാറിനെയും എം.ടി. വാസുദേവൻ നായരെയും വേട്ടയാടിയ ബി.ജെ.പി.ക്കും ആർ.എസ്.എസ്.നും എതിരായി ഒരു വാക്കുപോലും മിണ്ടാതിരിക്കുന്ന, പ്രതിഷേധിക്കാത്ത, ഒരു രോഷവുമില്ലാത്ത കോൺഗ്രസുകാർ എങ്ങോട്ടാണ് പോകുന്നത്; നിങ്ങൾ ഇന്ത്യയെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? ഇന്ത്യ കറുത്ത് ഇരുളുകയാണ്. ശ്രീ. പിണറായി വിജയൻ ഇവിടെ ഇരിപ്പുണ്ട്. സർവ്വ ആക്ഷേപങ്ങളും അപവാദങ്ങളും ഈ സഭയിലാണെന്നാണ് നിങ്ങൾ പറയുന്നത്. ഇന്ത്യയിൽ യു.പി., ഗുജറാത്ത്, ബംഗാൾ, രാജസ്ഥാൻ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കോൺഗ്രസ്സുകാർക്ക് എത്ര സ്റ്റേറ്റാണ് ഉണ്ടായിരുന്നത്? ഈ രാജ്യത്തെ ഈ ഗതിയിലാക്കിയതിൽ ഒന്നാംപ്രതി കോൺഗ്രസ്സാണ്. മഹാത്മാഗാന്ധിയുടെ ജന്മനാടിനെ സ്വർണ്ണത്തളികയിൽ വച്ച് ശ്രീ. നരേന്ദ്രമോദിക്ക് കൊടുത്തു. എന്നിട്ടും നിങ്ങൾക്ക് കമ്മ്യൂണിസ്റ്റ് വിരോധം തീരുന്നില്ല. കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടുകയാണ്. എത്ര നാളായി ഇതെല്ലാം നടക്കുന്നു. സ്വാതന്ത്ര്യം കിട്ടിയപ്പോൾ, 1948-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ച് കുളംകോരി, വീടുകൾ തകർത്തു, ആളുകളുടെ തലയ്ക്ക് വില പറഞ്ഞു. ഇപ്പോഴും പറയുന്നുണ്ട്, ശ്രീ. പിണറായി വിജയന്റെ തലയ്ക്ക് ഇപ്പോൾ ഒരു കോടി രൂപ വിലയുണ്ട്. കമ്മ്യൂണിസ്റ്റുകാരെ വേട്ടയാടുന്നത് തുടരുകയാണ്. കോൺഗ്രസ്സുകാർ പിൻമാറിയപ്പോൾ ബി.ജെ.പി. ഈ ജോലി ഏറ്റെടുത്തിരിക്കുകയാണ്. ലോകത്തെ മുഴുവൻ മനുഷ്യരാശി വിചാരിച്ചാലും കമ്മ്യൂണിസ്റ്റുകാരെ ഒന്നും ചെയ്യാൻ സാധിക്കില്ല. ഞങ്ങൾ ഇവിടെ കാണും. സീറ്റിലും വോട്ടിലും ഭരണത്തിലും മാത്രമല്ല, യൂറോപ്പിൽ വാൾ സ്ട്രീറ്റ് കാപ്ച്ചർ, യൂറോപ്പ് ഇളകിമറിഞ്ഞു. യൂറോപ്പുകാർ അവസാനം ഡിമാന്റ് ചെയ്തത് where is that Das Kapital, we want Das Kapital എന്നാണ്. എന്നിട്ട് അവർ പറഞ്ഞു വാൾ സ്ട്രീറ്റ്കാർ ഒരു ശതമാനം, ഞങ്ങൾ 90 ശതമാനം എന്ന ആ സമരം ആരംഭിച്ചിരിക്കുകയാണ്. അത് മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പടർന്നു. മുല്ലപ്പൂ വസന്തം. ലോകത്തിലെ ജനങ്ങളാകെ നിലവിലുള്ള ഭരണകൂടത്തിന് എതിരായി മാറുകയാണ്. ജനാധിപത്യ അവകാശത്തിനുവേണ്ടി ചോദ്യം

ചെയ്യുകയാണ്. ബഹറിൻ, സൗദി അറേബ്യ, കെയ്റോ, സുഡാൻ, ടുണീഷ്യ എന്നിവിടങ്ങളിൽ ജനകീയസമരം വരുമെന്ന് അവർ ഒരിക്കലും പ്രതീക്ഷിച്ചില്ല. ജനകീയ സമരം ഒഴുകിയെത്തുകയാണ്. പ്രതിപക്ഷ നേതാവേ, മദ്ധ്യപ്രദേശിലും രാജസ്ഥാനിലും കർഷക സമരം നടന്നപ്പോൾ കർഷകരെ ബി.ജെ.പി. ഗവൺമെന്റ് വെടിവച്ചുകൊന്നില്ലേ? ഇതാണോ ശ്രീ. നരേന്ദ്ര മോദിയുടെ വാഗ്ദാനം? ഇത് നിങ്ങളല്ലേ ചോദിക്കേണ്ടത്; ഭൂരിപക്ഷം ഇല്ലെങ്കിലും പാർലമെന്റിൽ പ്രതിപക്ഷത്ത് ഇരിക്കുന്നത് നിങ്ങളല്ലേ? പക്ഷേ നിങ്ങൾ ഒന്നും ചെയ്യുന്നില്ല.

ഇന്ത്യയിലുള്ള വിദ്യാർത്ഥികൾ അസ്വസ്ഥരാണ്, യൂണിവേഴ്സിറ്റികളും കോളേജ് കാമ്പസുകളും കത്തിപ്പടരുകയാണ്, തൊഴിലാളികൾ യോജിച്ച് നിൽക്കുകയാണ്. ബി.എം.എസ്. പാർട്ടിക്കാരാണ് നരേന്ദ്ര മോദി സർക്കാരിന്റെ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് സംസാരിക്കുന്നത്. ഇന്ത്യ മാറിക്കൊണ്ടിരിക്കുകയാണ്, ജനകീയ രോഷമാണ്, ജനാധിപത്യ അവകാശമാണ്, പുതിയ ഒരു ഇന്ത്യയ്ക്കുവേണ്ടി ജനങ്ങൾ കാത്തുനിൽക്കുകയാണ്. അതുകൊണ്ട് കോൺഗ്രസ് തിരിച്ചുവന്ന് പുതിയ ഇന്ത്യയുണ്ടാക്കാമെന്ന് വിചാരിക്കേണ്ട. തിരിച്ചുവരണമെങ്കിൽ ജനങ്ങളോടൊത്ത് നില്ക്കണം, അടി കൊള്ളണം, വെടി ഏറ്റു വാങ്ങണം, ജയിലിൽ പോകണം, സമരം ചെയ്യണം. അത്തരം ജനകീയ സമരങ്ങളിൽ കൂടിയല്ലാതെ മേശയ്ക്ക് ചുറ്റുമിരുന്ന് സീറ്റ് പങ്കുവച്ച് ഒരു മുന്നണിയുണ്ടാക്കി ഇന്ത്യ പിടിക്കാമെന്ന് തെറ്റായി ധരിക്കരുത്. അതിന് 'ഉറങ്ങാൻ കള്ള് വേറെ കുടിക്കണം'. ശ്രീ. നരേന്ദ്ര മോദിയുടെ ജനാധിപത്യ വിരുദ്ധമായ, വർഗ്ഗീയമായ ഈ കൊടുംകാട്ടിൽ നിന്ന് ഇന്ത്യയിലെ ജനങ്ങളെ മോചിപ്പിക്കണം. ഞങ്ങളുടെ ലക്ഷ്യം അതാണ്. ഞങ്ങൾക്ക് സീറ്റ് വേണ്ട, സർവ്വ ജനങ്ങളെയും പുതിയ തലമുറയെയും അണിനിരത്താം. ശ്രീ. നരേന്ദ്ര മോദിയുടെ count down ആണ് ഇന്ത്യ കാണാൻ പോകുന്നത്. അതിൽ ഞങ്ങൾക്ക് വലിയ വിശ്വാസമാണ്, അതിന് നിങ്ങൾക്കും പങ്കെടുക്കാം. എന്തെങ്കിലും കാര്യമുണ്ടായിട്ടാണോ ഈ കൊച്ചു ഗവൺമെന്റിനെതിരെ പറയുന്നത്? കേരളത്തിലെ പാവപ്പെട്ട കൃഷിക്കാരെ സഹായിക്കുന്നതിന് നിങ്ങൾ എതിരാണോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് റബ്ബർ കർഷകരെ സഹായിക്കണം; അതോടൊപ്പം നെടുമങ്ങാട് കേന്ദ്രീകരിച്ച് ഒരു റബ്ബർ വ്യവസായം കൂടി തുടങ്ങണം. അരുവിക്കര, നെടുമങ്ങാട്, വാമനപുരം, നെയ്യാറ്റിൻകര എന്നീ സ്ഥലങ്ങൾ റബ്ബർ കർഷകരുടെ കേന്ദ്രങ്ങളാണ്. പുതിയ വ്യവസായം വരണം, വ്യവസായ സ്ഥാപനങ്ങൾ വരണം. അതിന് തൊഴിലാളികൾ അനുകൂലമാണ്, തൊഴിലാളികൾക്ക് സമരങ്ങളില്ല, പണി മുടക്കുന്നില്ല, ജോലികൾ സ്തംഭിപ്പിക്കുന്നില്ല. ഇത്രയും അനുകൂലമായ കാലാവസ്ഥയിൽ നമുക്ക് സമ്പത്തുണ്ടാക്കാം. പക്ഷേ നിങ്ങളുടെ ബഡ്ജറ്റിൽ ഒരു പുതിയ വ്യവസായം ഇതുവരെയും വന്നിട്ടില്ല. ജി.എസ്.ടി.യുടെ വരുമാനം ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. അതിനെ പെരുപ്പിച്ച് പ്രതിപക്ഷം സംസാരിക്കരുത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിരാശപ്പെടരുത്.

വരുമാനം നമുക്ക് വരും. അങ്ങയുടെ കയ്യിലാണ് കേരളത്തിന്റെ ഭാവി. അതുകൊണ്ട് തൊഴിലാളികളെയും അവശത അനുഭവിക്കുന്ന കൃഷിക്കാരെയും ഉദാരമായി സഹായിക്കാൻ ഖജനാവിന്റെ അവസാനത്തെ തുള്ളി കാശും നിങ്ങൾ ചെലവാക്കണം. ധനകാര്യവകുപ്പിന് ചവിട്ടിപ്പിടിക്കുന്ന ഒരു ഏർപ്പാടുണ്ട്. ഇത് വളരെ പെട്ടെന്ന് പോകുന്നതാണ്, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ ഇത് ശ്രീ. നരേന്ദ്ര മോദിക്കെതിരായിട്ടുള്ള ബദലാണ്. എവിടെ ബദൽ എന്നാണ് നിങ്ങൾ ചോദിക്കുന്നത്? നിങ്ങൾ ഇന്ത്യ മുഴുവൻ പോകുന്നയാളാണ്, ഇന്ത്യയിൽ നിങ്ങൾക്ക് എവിടെ വേണമെങ്കിലും പ്രസംഗിക്കാം. നിങ്ങൾ ഞങ്ങളുടെ കേരളത്തിനെ നോക്ക്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയും പ്രതിപക്ഷവും അതിമനോഹരമായി ജനങ്ങൾക്കനുകൂലമായ കാലാവസ്ഥയും ഗവൺമെന്റും ബഡ്ജറ്റും സാമ്പത്തികനയവും ഇതാണ് ബദൽ. ഈ ബദൽ നമുക്ക് ഇന്ത്യ ഒട്ടാകെ കൊണ്ടുവരണം. ഇതിനുവേണ്ടി ഏത് എക്സ്റ്റന്റുവരെ കോൺഗ്രസ്സുകാർക്ക് പങ്കെടുക്കാൻ കഴിയുമെന്ന് നോക്കണം.

ഇവിടെ ധാരാളം കാര്യങ്ങൾ രാഷ്ട്രീയമായി പറയുകയുണ്ടായി. Bertil Falk എഴുതിയ 'FEROZE the forgotten GANDHI' എന്ന പുസ്തകമാണ് എന്റെ കൈവശമിരിക്കുന്നത്. അതിൽ ഫാസിസം വന്ന വഴി പറഞ്ഞിട്ടുണ്ട്. "He thought it was undemocratic to dismiss an elected Government, whether it was a communist Government or otherwise. The issue had came up at the breakfast table at Teen Murti Bhavan, and there had been quite a row between Indira and Feroze, with Nehru looking on very distressed. "It is just not right" Feroze had said, "You are bullying people. You are a fascist" എന്ന് ഇന്ദിരാഗാന്ധിയോട് പറയുകയാണ്. Indira had flared up. "You are calling me a fascist? I can't take that." And she bad walked out of the room in rage." തീൻ മൂർത്തി ഭവനിൽ ജവഹർലാൽ നെഹ്റു, ഇന്ദിരാഗാന്ധി, ഫിറോസ് ഗാന്ധി എന്നിവരുടെ രാവിലെയുള്ള പ്രാതലാണ്. ദിവസവും തീൻ മൂർത്തി ഭവനിൽ കാര്യങ്ങൾ ചർച്ച ചെയ്യും. "...under the presidency of his wife made the situation even worse to ensure that the Communists could not return to power." 1957-ലെ ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യുന്നതിന് ഗൂഢാലോചന നടന്നത് ഡൽഹിയിലാണ്. അതിന് ഫിറോസ് ഗാന്ധി എതിരായിരുന്നു. ഇന്ദിരാഗാന്ധിയുടെ ഭർത്താവ്, ജവഹർലാൽ നെഹ്റുവിന്റെ സൺ ഇൻ ലാ ഇതിന് എതിരായിരുന്നു. Feroze spoke out - not as a member of the Lok Sabha, but at a Congress meeting : We intend to have electoral alliance in Kerala. I really do not know what it all means. We are going to have and we will have alliances with Muslim League, with the leaders of casteism. Where is the Congress? Where are the principles of the Congress?

Sir, Shri Padmanabhan Nair, the day that the President's proclamation is issued, asked the Governor "come on, now suspend the Education Act, suspend Agrarian Reforms Bill." Are we going to be dictated by a caste monster we have produced? Has the Congress organization come to this level? Has it fallen so low that we are going to be dictated by communal elements, by leaders of caste and by those who can enthuse religious feelings into people and create situations where we get caught?" അവസാനം അദ്ദേഹം പറയുന്നു. "And he concluded : 'Today in Kerala you have forged the instrument of your own destruction. If this instrument is not destroyed, this instrument is going to destroy us. That's all that I have to say'." മുസ്ലീം ലീഗുമായിട്ടുള്ള കേരളത്തിലെ ആന്റി കമ്മ്യൂണിസ്റ്റ് മുന്നണി ഉണ്ടാക്കാൻ നിങ്ങൾ നടത്തിയ ആലോചനയെ ഓണസ്റ്റ് ആയിട്ടുള്ള കോൺഗ്രസ്സ് കുടുംബത്തിലെ ഫിറോസ് ഗാന്ധിയാണ് ആദ്യമായി എതിർത്തത്. ഈ ബുക്ക് വായിക്കാൻ ഞാൻ ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നൽകാം.

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട സി. ദിവാകരൻ ഈ ഗവൺമെന്റിന്റെ നന്മകളെക്കുറിച്ചാണ് സൂചിപ്പിച്ചത്. എനിക്ക് ഒരു ചോദ്യമേ നിങ്ങളോട് ചോദിക്കാനുള്ളൂ, അങ്ങയുടെ പാർട്ടിയുടെ നാല് മന്ത്രിമാർ ഒരുമിച്ച് രേഖാമൂലം എഴുതിക്കൊടുത്ത് മന്ത്രിസഭാ യോഗം ബഹിഷ്കരിച്ചത് എന്തിനാണ്? ഇങ്ങനെ മന്ത്രിസഭായോഗം ബഹിഷ്കരിച്ച ചരിത്രം കേരളത്തിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. സാധാരണക്കാരായ ജനങ്ങളാണ് അതിന്റെ ദുരിതം അനുഭവിക്കുന്നത്. ഇതിന്റെ പ്രതികാരമെന്നോണം സി.പി.ഐ. കൈകാര്യം ചെയ്യുന്ന വകുപ്പുകൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. അതിന്റെ പ്രയാസം അനുഭവിക്കുന്നത് സി.പി.ഐ. മന്ത്രിമാരല്ല, സാധാരണക്കാരായ ജനങ്ങളാണ്. കേരളമെന്ന് പറയുന്നത്, കർഷകരുടെ നാടാണ്. 'കേരം തിങ്ങും കേരള നാട്, കെ. ആർ. ഗൗരി ഭരിച്ചോട്ടെ' എന്നാണ് പഴയ കമ്മ്യൂണിസ്റ്റുകാരുടെ മുദ്രാവാക്യം. ആ കേരള നാട്ടിലെ കേര കർഷകരുടെ ഇന്നത്തെ സ്ഥിതിയെന്താണ്? കേര കർഷകരെ രക്ഷിക്കുന്നതിനു വേണ്ടിയാണ് 'നീര' പദ്ധതിക്ക് യു.ഡി.എഫ്. സർക്കാർ രൂപം നൽകിയത്. പ്രസ്തുത പദ്ധതിയെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പരാമർശിക്കുന്നില്ല.

റബ്ബർ കർഷകരുടെ സ്ഥിതിയെന്താണ്? കേന്ദ്ര, സംസ്ഥാന സർക്കാരുകൾ റബ്ബർ കർഷകരെ അവഗണിച്ചു. സംസ്ഥാന സർക്കാർ നൽകിയിരുന്ന സബ്സിഡി മാത്രമായിരുന്നു അവർക്ക് ആകെയുണ്ടായിരുന്ന ആശ്വാസം. ആ സബ്സിഡിയെ സർക്കാർ ഉപേക്ഷിച്ച്

റബ്ബർ കർഷകരെ ദുരിതത്തിലാക്കിയിരിക്കുകയാണ്. കൃഷി വകുപ്പ് സി.പി.ഐ. യുടെ കയ്യിൽ ഉള്ളതുകൊണ്ടാണ് കർഷകരെ അവഗണിക്കുന്ന ഈ നയം, സി.പി.ഐ.(എം) തുടരുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്.

(അദ്ധ്യക്ഷ വേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. കെ. നാണു)

അടയ്ക്ക വ്യാപാരമേഖല ഇന്ന് വളരെ പ്രതിസന്ധിയിലാണ്. അടയ്ക്ക വ്യാപാരികൾ സംസ്ഥാനത്തിന് പുറത്ത് വിൽപ്പന നടത്തുമ്പോൾ അവിടത്തെ കച്ചവടക്കാർ നൽകിയിട്ടുള്ള സി-ഫോം ഇപ്പോൾ നിയമ വിധേയമല്ല എന്ന് കണ്ടെത്തിയതിനാൽ അവർ നേരത്തെ നൽകിയിട്ടുള്ള രണ്ട് ശതമാനം നികുതിക്കുപുറമേ മൂന്ന് ശതമാനം നികുതിയും കൂടി അഞ്ച് വർഷത്തെ കുടിശ്ശിക സഹിതം അടച്ചുതീർക്കണമെന്ന നിർദ്ദേശമാണ് വന്നിട്ടുള്ളത്. ഈ നിർദ്ദേശം അടയ്ക്ക വ്യാപാര മേഖലയെ പ്രതികൂലമായി ബാധിക്കുന്നതാണ്. അവരുടേതല്ലാത്ത കുറ്റം കൊണ്ട് അടയ്ക്ക വ്യാപാരികളുടെ പേരിൽ വലിയ സാമ്പത്തിക ബാധ്യത അടിച്ചേൽപ്പിക്കുകയാണ്. അതുകൊണ്ട് അടയ്ക്ക വ്യാപാരികളെ ഈ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

'തൊഴിൽ അല്ലെങ്കിൽ ജയിൽ' എന്ന മുദ്രാവാക്യം വിളിച്ച് യുവജന സമരങ്ങൾക്ക് നേതൃത്വം കൊടുത്ത് കയറിവരുന്ന ചെറുപ്പക്കാർ എങ്ങനെയാണ് ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുന്നത്? 25 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഒരു പരാമർശം ഈ ബഡ്ജറ്റിൽ ഉണ്ടോ? ചെറുപ്പക്കാർക്ക് തൊഴിലവസരമില്ല എന്നുമാത്രമല്ല, നിലവിലുള്ള തൊഴിലവസരങ്ങൾ, തസ്തികകൾ വെട്ടിക്കുറയ്ക്കണമെന്നാണ് ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. ഇതിനെ പിന്തുണയ്ക്കാൻ പാവപ്പെട്ട ചെറുപ്പക്കാരെ അടികൊള്ളിച്ച് നിയമസഭയിലേയ്ക്ക് കടന്നുവന്ന യുവനേതാക്കൾക്ക് നാണമില്ലേ? എഞ്ചിനീയറിംഗ് ബിരുദമെടുത്ത മുപ്പത്തയ്യായിരത്തോളം ചെറുപ്പക്കാർ തൊഴിൽ അന്വേഷിച്ച് പുറത്ത് നിൽക്കുമ്പോൾ ഈ വിഭാഗത്തിൽ ആവശ്യമായ ഉദ്യോഗസ്ഥരില്ല; അതിന്റെ പ്രയാസം വികസന രംഗത്ത് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. എഞ്ചിനീയറിംഗ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ജോലി കൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാൻ സമയമില്ല, അതിനെക്കുറിച്ച് ബഡ്ജറ്റിൽ യാതൊരു നിർദ്ദേശവുമില്ല.

പ്രവാസികൾ നമ്മുടെ രാജ്യത്തിന്റെ നട്ടെല്ലാണ്. രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്ന പ്രവാസി സഹോദരന്മാർ തിരിച്ച് വന്നുകൊണ്ടിരിക്കുകയാണ്. അവരുടെ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലേയ്ക്ക് തിരിച്ചുവന്നാൽ നമ്മുടെ നാട്ടിലുണ്ടാകുന്ന അവസ്ഥ എന്തായിരിക്കും? അതും പരിശോധിക്കേണ്ടതാണ്. അവർക്കുകൂടി തൊഴിലവസരമുണ്ടാക്കുന്നതിന് മുൻകൂട്ടി കണ്ടുകൊണ്ട് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. യാതൊരു കാഴ്ചപ്പാടുമില്ലാതെയാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

സംസ്ഥാനം ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന രൂക്ഷമായ വിലക്കയറ്റത്തെ പിടിച്ചുനിർത്താൻ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല, ബഡ്ജറ്റിൽ അതുസംബന്ധിച്ച് യാതൊരു പരാമർശവുമില്ല. കേന്ദ്ര സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വില ദിവസേന വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില ഇതുപോലെ വർദ്ധിപ്പിച്ച കാലഘട്ടമുണ്ടായിട്ടുണ്ടോ? അങ്ങനെ വില വർദ്ധിപ്പിക്കുമ്പോൾത്തന്നെ അതിൽനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന വിഹിതം ഉപേക്ഷിച്ച് സബ്സിഡി നൽകി ജനങ്ങളുടെമേൽ ഈ അമിത ഭാരം അടിച്ചേൽപ്പിക്കാതിരുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ, ഇപ്പോൾ 'കിട്ടുന്നതെല്ലാം ഇങ്ങോട്ട് പോരട്ടെ' എന്നുള്ള നിലപാടിൽ പാവങ്ങളെ പിഴുതെടുക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. രൂക്ഷമായ വിലക്കയറ്റംകൊണ്ട് ജനജീവിതം ദുസ്സഹമാകുമ്പോൾ അതിന് പരിഹാരം കാണാനുള്ള യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ എത്ര നോക്കിയിട്ടും കാണാൻ കഴിഞ്ഞില്ല.

പാവപ്പെട്ട ജനങ്ങളുടെ ചികിത്സാ ആശ്രയകേന്ദ്രമെന്ന് പറയുന്നത് പ്രൈമറി ഹെൽത്ത് സെന്ററുകളാണ്. എം.എൽ.എ. ഫണ്ടും മറ്റും ഉപയോഗപ്പെടുത്തി പി.എച്ച്.സി.കൾക്ക് കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കി കാത്തിരിക്കുകയാണ്. അവിടെ ഡോക്ടർമാരോ അനുബന്ധ ജീവനക്കാരോ ഇല്ല. അതുകൊണ്ട് ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും അടിയന്തരമായി നിയമിച്ച് 24 മണിക്കൂറും പി.എച്ച്.സി.കൾ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ യാതൊരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ കാണാൻ കഴിഞ്ഞില്ല.

ക്യാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, ആർ.സി.സി.യുടെ നിലവാരത്തിൽ മലബാർ ക്യാൻസർ സെന്ററിനെ ഉയർത്തുമെന്നും കൊച്ചിയിൽ മറ്റൊരു ക്യാൻസർ സെന്റർ കൂടി ആരംഭിക്കുമെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. ക്യാൻസറോ മറ്റ് ഏത് രോഗമോ ആയിരുന്നാലും അതിന് രാഷ്ട്രീയവും ജാതിമതവുമൊന്നുമില്ല. പാവപ്പെട്ടവർ, സമ്പന്നർ തുടങ്ങിയ എല്ലാവരും ഇന്ന് ഇത്തരം രോഗങ്ങൾക്ക് അടിമകളായിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ജനസംഖ്യ ഏറ്റവും കൂടുതലുള്ള മലപ്പുറം ജില്ലയിലാണ് ക്യാൻസർ രോഗികൾ ഏറ്റവും കൂടുതലുള്ളത്. ട്രെയിനിൽ തിരുവനന്തപുരത്തേയ്ക്ക് വരുമ്പോൾ ആർ.സി.സി.യിലേയ്ക്ക് ചികിത്സയ്ക്ക് വരുന്ന ക്യാൻസർ രോഗികളെയും അവരെ പരിചരിക്കാനായി വരുന്നവരെയുമാണ് കൂടുതലായി കാണുന്നത്. മലപ്പുറം ജില്ലയുൾപ്പെടെ മലബാറിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ക്യാൻസർ രോഗികൾ തിരുവനന്തപുരത്തെ ആർ.സി.സി.യിലേയ്ക്ക് ചികിത്സയ്ക്കു വരുന്നുണ്ട്. ഇവരുടെ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനുവേണ്ടിയാണ് മലപ്പുറം ജില്ലയിൽ ഒരു ക്യാൻസർ സെന്റർ ആന്റ്

റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് യു.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയുമുണ്ടായില്ല. നിയമസഭയിൽ ഇതുസംബന്ധിച്ച എന്റെ ചോദ്യത്തിന് 27-2-2017-ൽ ലഭിച്ച മറുപടിയിൽ "ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രി അധ്യക്ഷനായ ഗവേണിംഗ് ബോഡി 25-7-2016-ൽ കൂടുകയുണ്ടായി. ആയതിന്റെ നടപടികളെക്കുറിപ്പ് ഉള്ളടക്കം ചെയ്യുന്നു. പ്രസ്തുത സ്ഥാപനത്തിന് ധനസഹായം നൽകുന്നതിലും സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല" എന്നാണ് പറഞ്ഞിട്ടുള്ളത്. മലപ്പുറത്ത് ക്യാൻസർ സെന്റർ വേണ്ടെന്നാണോ പറയുന്നത്? ഇതിന്റെ പ്രാഥമിക ചെലവുകൾക്കായി ഒരു കോടി രൂപ മാറ്റിവയ്ക്കുകയും ഡി.പി.ആർ. തയ്യാറാക്കുകയും സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്പെഷ്യൽ ഓഫീസറുടെ കാര്യാലയം തുറക്കുകയും ചെയ്തു. എല്ലാം ചെയ്തുകഴിഞ്ഞപ്പോൾ മലപ്പുറത്തെ ക്യാൻസർ സെന്റർ ഉപേക്ഷിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു എന്നാണ് അറിയാൻ കഴിഞ്ഞത്. ആ ജില്ലയോടുള്ള അവഗണന ശരിയാണോ? അതുകൊണ്ട് കൊച്ചിയിൽ ആരംഭിക്കുന്ന ക്യാൻസർ സെന്ററിന്റെ കൂടെ മലപ്പുറം ക്യാൻസർ സെന്റർ കൂടി യാഥാർത്ഥ്യമാക്കുന്നതിന് ഫണ്ട് നീക്കിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചുകഴിഞ്ഞു എന്നാണ് പറഞ്ഞിട്ടുള്ളത്. ഏതൊക്കെ താലൂക്ക് ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന് എനിക്കറിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ മലപ്പുറം ജില്ലാ ആസ്ഥാനത്ത് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ഇതുവരെ ആരംഭിച്ചിട്ടില്ല. അതുകൊണ്ട് മലപ്പുറം താലൂക്ക് ആശുപത്രിയിൽ അടിയന്തരമായി ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ജില്ലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാണ്, അതിന്റെ പ്രാധാന്യം ഞാൻ പറയാതെ അറിവുള്ളതാണ്.

സാമൂഹ്യ സുരക്ഷാ പെൻഷൻ മാത്രം വാങ്ങി ഉപജീവനം നടത്തുന്ന എത്രയോ പാവങ്ങൾ നമ്മുടെ നാട്ടിലുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഈ സർക്കാരിന്റെ നിലപാട് എന്താണ്? 1200 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളിൽ താമസിക്കുന്നവരും നാലുചക്ര വാഹനമുള്ളവരും സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിക്ക് അപേക്ഷിക്കേണ്ടതില്ലെന്നാണ് ഇപ്പോൾ പറയുന്നത്. ഇപ്പോൾ ആർക്കാണ് നാലുചക്ര വാഹനം വാങ്ങാൻ കഴിയാത്തത്? 20,000 രൂപ കൊടുത്താൽ സെക്കന്റ് ഹാൻഡ് വാഹനം ലഭിക്കും. ഇൻകം ടാക്സ് കൊടുക്കുന്ന ആളിന്റെ കൂടെ താമസിക്കുന്ന ആളും പെൻഷന് അർഹനല്ലെന്ന് പറയുന്നുണ്ട്. അങ്ങനെ

പറയുന്നതിന്റെ ലോജിക് എനിക്ക് മനസ്സിലാകുന്നില്ല. ഇപ്പോൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന 40 ശതമാനം ആളുകൾക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്ത സാഹചര്യമുണ്ടാകും. ഫലത്തിൽ കേന്ദ്ര ഗവൺമെന്റിനെപ്പോലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിക്ക് തുരങ്കം വയ്ക്കുന്ന സമീപനമാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. ഞങ്ങൾ അധികാരത്തിൽ വന്നാൽ എല്ലാ പെൻഷനും സമയബന്ധിതമായി വീടുകളിൽ എത്തിച്ചുകൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് 21 മാസം മാത്രം പിന്നിട്ടപ്പോൾ 6 മാസത്തെ പെൻഷൻ ഇപ്പോൾ കുടിശ്ശികയാണ്. പെൻഷന് ഓൺലൈനായി അപേക്ഷിക്കാനുള്ള സൈറ്റ് ഒരു വർഷമായി ക്ലോസ് ചെയ്തിരിക്കുകയാണ്. ഇങ്ങനെയും ഗവൺമെന്റുണ്ടോ? പെൻഷൻ കൊടുക്കാൻ കഴിയില്ലെങ്കിൽ അത് പറഞ്ഞാൽ പോരെ? ഇങ്ങനെ ജനങ്ങളെ ദുരിതത്തിലാക്കുന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻകാർ പെൻഷനുവേണ്ടി സമരം ചെയ്യുകയാണ്. പെൻഷൻ കിട്ടാത്തതുമൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇത്തരക്കാർക്ക് എന്ന് പെൻഷൻ കൊടുക്കും എന്നുപറയാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കെ.എസ്.ആർ.ടി.സി.- യെ രക്ഷിക്കാൻ സഹകരണ ബാങ്കിനെ ആശ്രയിക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. കക്ഷി-രാഷ്ട്രീയത്തിനതീതമായി എല്ലാവരും യോജിച്ചുനിന്ന് വളർത്തിയെടുത്ത ഏറ്റവും വലിയ ജനകീയ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ പ്രസ്ഥാനം. ഈ പ്രസ്ഥാനം ജനജീവിതവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലേയ്ക്കും പടർന്നുപന്തലിച്ച് നിൽക്കുകയാണ്. അങ്ങനെയുള്ള സഹകരണ പ്രസ്ഥാനത്തെ കെ.എസ്.ആർ.ടി.സി.യെപ്പോലെ തകർക്കാനുള്ള നീക്കം അനുവദിക്കാൻ കഴിയില്ല. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ ഗവൺമെന്റ് കണ്ടെത്തണം. മൂന്ന് ലാഭ കേന്ദ്രങ്ങളായി കെ.എസ്.ആർ.ടി.സി.-യെ മാറ്റും എന്നുപറയുന്നതിന്റെ മാജിക് എങ്ങനെയാണെന്ന് അറിയില്ല. അങ്ങനെ മാറ്റാൻ കഴിയുമെങ്കിൽ മാറ്റി കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്തട്ടെ എന്നുതന്നെയാണ് എല്ലാവരുടെയും അഭിപ്രായം.

ഞങ്ങൾ വളരെ ആവേശത്തോടുകൂടിയാണ് ഈ ബഡ്ജറ്റ് സമ്മേളനത്തിന് വന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഓഫീസിൽനിന്ന് വർക്കുകൾ കിഫ്ബിയിൽ നിർദ്ദേശിക്കേണ്ടതില്ല എന്നുപറഞ്ഞിരുന്നു. ഈ വർഷം കിഫ്ബിയിൽ ഇല്ലെങ്കിലും 50 വർക്കുകൾക്കും ആവശ്യമായ പണം ലഭിക്കും എന്നാണ് ഞങ്ങൾ ധരിച്ചത്. എന്നാൽ ഞങ്ങൾ നിർദ്ദേശിച്ച 50 വർക്കുകൾക്ക് 100 രൂപയുടെ ടോക്കൺ എമൗണ്ട് മാത്രമാണ് വച്ചിട്ടുള്ളത്. എന്നാൽ പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിമാർ നിർദ്ദേശിച്ച വർക്കുകൾക്ക് കോടിക്കണക്കിന് രൂപ വകയിരുത്തിയിട്ടുണ്ട്. അതിന്റെ ഉദാഹരണമാണ്

ഞാൻ രാവിലെ ചോദ്യോത്തരവേളയിൽ പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ളമില്ലാത്ത മൊറയൂർ, പൂക്കോട്ടൂർ, പുൽപ്പറ്റ എന്നീ പഞ്ചായത്തുകളിൽ ചാലിയാറിൽനിന്ന് കുടിവെള്ളമെത്തിക്കാൻ നാൽപ്പൊത്തൻപതര കോടി രൂപ ചെലവിൽ ഒരു പദ്ധതിക്ക് രൂപം നൽകി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ പഞ്ചായത്തുകളോടൊപ്പം മഞ്ചേരി മണ്ഡലത്തിലെയും വണ്ടൂർ മണ്ഡലത്തിലെയും ഓരോ പഞ്ചായത്തുകൾ കൂടി ഉൾപ്പെടുത്തി 5 പഞ്ചായത്തുകൾക്കുംകൂടി സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുവെന്ന് പറഞ്ഞു. ഏത് മണ്ഡലമായാലും പഞ്ചായത്തായാലും അവിടെയൊക്കെ കുടിവെള്ളമെത്തിക്കണമെന്ന കാര്യത്തിൽ നമുക്ക് എല്ലാവർക്കും ഒരേ അഭിപ്രായമാണുള്ളത്. മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതിക്കുവേണ്ടി സർവ്വേ നടത്താൻ 3 ലക്ഷം രൂപ വീതം ഗ്രാമപഞ്ചായത്തുകൾ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ ആ പഞ്ചായത്തുകൾ ഇപ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നില്ല. എം.എൽ.എ. മാർ പോലുമറിയാതെ പാർട്ടിയാണ് ഇതൊക്കെ തീരുമാനിക്കുന്നത്. ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. എന്നാൽ സർവ്വേ നടത്താനായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത പഞ്ചായത്തുകളെ എന്തിനാണ് ഒഴിവാക്കിയത് എന്ന് വ്യക്തമാക്കണം.

ബഡ്ജറ്റ് സമ്മേളനത്തിന് വന്നിട്ട് ഒന്നും കിട്ടിയില്ല എന്ന് പറയാൻ കഴിയില്ല. ഒന്നര മണിക്കൂർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി ക്ലാസ് ഞങ്ങൾക്ക് കിട്ടിയിരുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി പറഞ്ഞുകൊണ്ട് ഒന്നര മണിക്കൂർ മുഖ്യമന്ത്രി നടത്തിയ പാർട്ടി ക്ലാസ് ശ്രീ. സീതാറാം യെച്ചൂരിക്കും ശ്രീ. കാനം രാജേന്ദ്രനും നൽകിയിരുന്നെങ്കിൽ നന്നായിരുന്നു. ഞങ്ങൾക്ക് ഈ കാര്യങ്ങളെക്കുറിച്ചൊക്കെ പരിപൂർണ്ണ ബോധ്യമുണ്ട്. ഇവിടെ നേരത്തെ ആരോ ശ്രീ. രാഹുൽഗാന്ധിയെ കുറ്റം പറഞ്ഞു. ഇന്നലെ ശ്രീ. ഇ. അഹമ്മദ് സാഹിബിന്റെ അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്ത് സി.പി.ഐ (എം)-ന്റെ മറ്റൊരു പോളിറ്റ് ബ്യൂറോ മെമ്പർ ശ്രീ. മുഹമ്മദ് സലീം പ്രസംഗിച്ചത് ഉണരുന്ന ഇന്ത്യയുടെ പ്രതീകമാണ് ശ്രീ. രാഹുൽ ഗാന്ധി എന്നാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിന് മറുപടിപറഞ്ഞ് ഒന്നരമണിക്കൂർ മുഖ്യമന്ത്രി നടത്തിയ പാർട്ടി ക്ലാസ് ശ്രീ. സീതാറാം യെച്ചൂരിക്കും, ശ്രീ.മുഹമ്മദ് സലീമിനും ശ്രീ. കാനം രാജേന്ദ്രനുമൊക്കെയാണ് നൽകേണ്ടിയിരുന്നത്. ഫാസിസത്തെ എതിർക്കാൻ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് മാത്രമേ ഇന്ത്യയിൽ സാധ്യമാവുകയുള്ളൂ. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടൊപ്പം നിൽക്കാതെ കേരളത്തിൽ മാത്രം ഒതുങ്ങിനിൽക്കുകയും പരസ്പരം വിഴുപ്പലക്കുകയും ചെയ്യുന്ന പാർട്ടിക്കൊപ്പം നിന്നാൽ എന്തെങ്കിലും നടക്കുമോ? സി.പി.ഐ.-യുടെ സമ്മേളനത്തിൽ പറഞ്ഞത് "മുഖ്യമന്ത്രി മുണ്ടുടുത്ത മോദി" എന്നാണ്. എന്നാൽ ഇപ്പോൾ പറയുന്നത് "മുഖ്യമന്ത്രി മുണ്ടുടുത്ത മുസ്സോളിനി" എന്നാണ്. സി.പി.ഐ.(എം)-ന്റെ സമ്മേളനത്തിൽ പറഞ്ഞത് "സി.പി.ഐ. മന്ത്രിമാരൊക്കെ അഴിമതിക്കാർ" എന്നാണ്. ഇങ്ങനെ പരസ്പരം

വിഴുപ്പലക്കുന്ന ഇടതുപക്ഷ മുന്നണിയെക്കണ്ട് കോൺഗ്രസ് എന്ന മതേതര പ്രസ്ഥാനത്തെ കൈവിട്ട് ആരോടൊപ്പമാണ് ഇന്ത്യയിലെ ന്യൂനപക്ഷങ്ങളും പിന്നോക്ക വിഭാഗങ്ങളും നിൽക്കേണ്ടത്? വളരെ വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാട് ഞങ്ങൾക്കുണ്ട്. ബി.ജെ.പി.ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടൊപ്പം നിൽക്കും എന്ന് ഒരിക്കൽക്കൂടി ആവർത്തിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. യു. ആർ. പ്രദീപ്:</u> സർ, ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും കേരളത്തിന് മൊത്തത്തിലും പട്ടികജാതി-പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കും വികസന-ക്ഷേമ പ്രവർത്തനങ്ങൾക്കു വേണ്ടി തുക വകയിരുത്തിക്കൊണ്ടുള്ള 2018-19-ലെ ബഡ്ജറ്റാണിത്. ഇവിടെ നേരത്തെ അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, റവന്യൂ വരുമാനത്തിന്റെ മുക്കാൽ ഭാഗവും ശമ്പളത്തിനും പെൻഷനും വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ബാക്കിവരുന്ന 10 മുതൽ 20 ശതമാനം വരെയുള്ള സംഖ്യയാണ് വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നത്. കേരളത്തിൽ ഓഖി ദുരന്തം വരുന്നതിന് മുമ്പുതന്നെ നോട്ട് നിരോധനമെന്ന മഹാദുരന്തം കേന്ദ്ര ഗവൺമെന്റ് ജനങ്ങളിൽ അടിച്ചേല്പിച്ചിരുന്നു. അതോടൊപ്പം തന്നെ ജി.എസ്.ടി.യും വന്നു. ഈ രണ്ട് ദുരന്തങ്ങളും വന്നപ്പോൾ സാമ്പത്തിക നില തകരാറിലായി. ധാരാളം പ്രയാസങ്ങൾക്കിടയിലും വികസന പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ പരമാവധി തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. 2016-17, 2017-18 എന്നീ ബഡ്ജറ്റുകളിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ കിഫ്ബിയിൽ നിന്ന് ഏകദേശം 54,000 കോടി രൂപ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നലെ ശ്രീ. രാജു എബ്രഹാം, കിഫ്ബിയിൽ നിന്ന് ഭരണാനുമതി ലഭിച്ച ഏതാണ്ട് 276 പദ്ധതികളുടെ ലിസ്റ്റ് ഇവിടെ കാണിക്കുകയുണ്ടായി. പുതിയ കേരളത്തെ കെട്ടിപ്പടുക്കാൻ വേണ്ടി വിവിധ മിഷനുകൾക്ക് നേതൃത്വം നൽകുകയുണ്ടായി. ആർദ്രം പദ്ധതി ആരോഗ്യ രംഗത്ത് നല്ല ഇടപെടലാണ് നടത്തിയിട്ടുള്ളത്. ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളെല്ലാം നാം കാണാത്ത നല്ല നിലവാരത്തിലേയ്ക്ക് മാറ്റംവരുത്തുകയാണ്. സ്വകാര്യ ആശുപത്രി പോലെയാണ് പി.എച്ച്.സി.കൾ മാറാൻ പോകുന്നത്. എന്റെ മണ്ഡലത്തിലും അതിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ ഗ്രാമത്തിലെ മുഴുവൻ കുടുംബങ്ങളുടെയും ആരോഗ്യ കണക്ക് ആശുപത്രികളിൽ സൂക്ഷിക്കുക, പരിശോധനാ സമയം നീട്ടിക്കൊടുക, പുതിയ ഡോക്ടർമാരെയും ആവശ്യമായ സ്റ്റാഫിനെയും നിയമിക്കുക എന്നിങ്ങനെ ഗ്രാമത്തിലെ ആളുകൾ സ്വപ്നത്തിൽപ്പോലും വിചാരിക്കാത്ത രീതിയിലുള്ള വലിയ മാറ്റമാണ് പ്രാദേശിക ആശുപത്രികളിൽ വരാൻ പോകുന്നത്.

കാർഷിക രംഗത്ത് വലിയ മാറ്റം സംഭവിക്കാൻ പോകുന്നു. ഹരിത കേരളം പദ്ധതിക്ക് രൂപംകൊടുത്തപ്പോൾ തരിശായ ഭൂമി കൃഷി ചെയ്യാൻ തീരുമാനിച്ചു. പ്രാദേശിക തലത്തിൽ

പ്രതിപക്ഷത്തുള്ള മെമ്പർമാർപോലും കർഷകരുടെ ഇടയിൽ ഒറ്റപ്പെട്ടുപോകുമെന്ന തോന്നൽ വന്നതോടുകൂടി, മാറി നിൽക്കാൻ കഴിയാത്ത അവസ്ഥയിൽ ഇതുമായി സഹകരിക്കുന്നു. കുളം, തോട്, കിണറുകൾ എന്നിവ പഴയ രൂപത്തിൽ വരാൻ പോവുകയാണ്. ഹരിത കേരളത്തിന്റെ ഭാഗമായി നല്ല മുന്നേറ്റം ഈ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന് രൂപം നൽകി ആവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ ഗവൺമെന്റ് മാറുകയും അന്നത്തെ ഗവൺമെന്റ് ആ പദ്ധതി മാറ്റിവയ്ക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്തു. അന്നത് നടപ്പിലാക്കിയിരുന്നു എങ്കിൽ ഇന്ന് വീടില്ലാത്തവരുടെ എണ്ണം ഇത്രയും വലുതാകില്ലായിരുന്നു. ഈ വെല്ലുവിളി നേരിട്ടുകൊണ്ട് ആ രംഗത്ത് നല്ലതുപോലെ ഇടപെട്ട് പാവപ്പെട്ട ആളുകൾക്ക് വീട് കൊടുക്കാൻ തീരുമാനിച്ചു.

പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കുന്നതിനും പദ്ധതി കൊണ്ടുവന്നു. ഇന്ന് സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇതെല്ലാം നല്ല രീതിയിൽ നടക്കുന്നതുകൊണ്ട് പൊതുജനം ഈ സർക്കാരിൽ നല്ല വിശ്വാസമാണ് അർപ്പിച്ചിട്ടുള്ളത്. സ്കൂളുകളുടെ പഴയ അവസ്ഥ നമുക്കറിയാം. ഒരു കുട്ടി സ്കൂളിലെ ക്ലാസ് മുറിയിലിരുന്ന് മുകളിലേയ്ക്ക് നോക്കിയാൽ ആ കുട്ടിയുടെ അച്ഛനും മുത്തച്ഛനും പഠിച്ച കാലത്ത് വരച്ച ചിത്രങ്ങളായിരിക്കും കാണുന്നത്. എന്നാൽ അതിനെല്ലാം ഇപ്പോൾ മാറ്റം വരാൻ പോകുകയാണ്. ക്ലാസ്സുകളെല്ലാം വൃത്തിയുള്ള സ്മാർട്ട് ക്ലാസ്സുകളാവുകയാണ്. വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ 4775 സ്കൂളുകളിലെ 45000 ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സാക്കാൻ ഈ ഗവൺമെന്റ് തീരുമാനിക്കുകയും അതിനാവശ്യമായ ഉപകരണങ്ങൾ സ്കൂളുകളിൽ എത്തിക്കുകയും പണി നടന്നുകൊണ്ടിരിക്കുകയുമാണ്. ഫെബ്രുവരി മാസം അവസാനത്തോടുകൂടി ഒന്നാംഘട്ടമെന്ന നിലയിൽ 22000 ക്ലാസ് മുറികളാണ് പണി പൂർത്തീകരിക്കുന്നത്. പറഞ്ഞ വാക്ക് പാലിക്കുകയെന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സ്ത്രീകൾ പങ്കാളികളാകുന്ന പദ്ധതിക്ക് ആവശ്യമായ 1960 കോടി രൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ സഹായിക്കാൻ ഒന്നാംഘട്ടമായി 1000 കോടി രൂപയാണ് നൽകുന്നത്. അങ്ങനെ എണ്ണിയാൽ തീരാത്ത കാര്യങ്ങളാണ് ബഡ്ജറ്റിൽ കൃത്യമായി പറഞ്ഞിട്ടുള്ളത്. സമയം കുറവായതിനാൽ ഞാൻ ഓരോന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. മുന്നോക്ക സമുദായത്തിലെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 42 കോടി രൂപ വകയിരുത്തി ആ രംഗത്ത് മാതൃക കാണിച്ചിട്ടുണ്ട്. അതുപോലെ കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലയ്ക്കും നല്ല തുക മാറ്റിവച്ചാണ് 2018-19 വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. യഥാർത്ഥ ഇടതുപക്ഷ ജനകീയ ബഡ്ജറ്റിനെ എങ്ങനെ പ്രതിപക്ഷത്തിന് എതിർക്കാൻ കഴിയുന്നുവെന്നാണ് എനിക്ക് മനസ്സിലാകാത്തത്. എന്റെ മണ്ഡലത്തിന്റെ അയൽപക്കത്തുള്ള മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന രണ്ട് അംഗങ്ങൾ ഇന്നലെ ഇവിടെ ബഡ്ജറ്റിനെ കളിയാക്കി എന്തെല്ലാം കാര്യങ്ങളാണ്

പറഞ്ഞത്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി സീനിയറും കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ജൂനിയറുമെന്നാണ് ഒരംഗം പറഞ്ഞത്. തോർത്തുമായി വെള്ളത്തിൽ മീൻ പിടിക്കാൻ പോയെന്നും മീൻ പോയെന്നും വെള്ളം പോയെന്നുമൊക്കെയാണ് മറ്റൊരു അംഗം പറഞ്ഞത്. ഇതുപറയുമ്പോൾ എനിക്ക് ചില കാര്യങ്ങൾ ഓർമ്മ വരികയാണ്. അത് ചിലപ്പോൾ ശ്രീ. എസ്. രാജേന്ദ്രന് അറിയുമായിരിക്കും. 1965-ൽ പുറത്തിറങ്ങിയ തമിഴ് സിനിമയിൽ ശ്രീ. കണ്ണദാസൻ എഴുതിയ പാട്ടിൽ " കണ്ണിലെ അൻപിരുന്താൽ കല്ലിലെ ദൈവം വരും" എന്ന വരിയുണ്ട്. ഇത്ര ജനകീയ പദ്ധതികളുണ്ടാക്കിയിട്ടും പ്രതിപക്ഷം അതിനെ വിമർശിക്കുകയാണ് ചെയ്യുന്നത്. ആ വരിയിൽ പറഞ്ഞതുപോലെ പ്രതിപക്ഷത്തിന്റെ കുപ്പായം ഊരിവച്ച്, അന്ധമായ കമ്മ്യൂണിസ്റ്റ് വിരോധം മാറ്റിവച്ച് ഈ ബഡ്ജറ്റിനെ കണ്ടാൽ തീർച്ചയായും അതിനെ പിന്തുണയ്ക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല.

പൊതുവായി രണ്ട് വിഷയം പറഞ്ഞുപോകാൻ ആഗ്രഹിക്കുകയാണ്. റബ്ബർ കർഷകർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം പ്രത്യേകം പാക്കേജ് പ്രഖ്യാപിച്ചിരുന്നു. അതിനൊരു ചെറിയ മാറ്റം വരുത്തി കാലത്തിനനുസരിച്ച് റബ്ബർ കർഷകരെ സഹായിക്കാൻ താങ്ങുവിലയിൽ ചെറിയ മാറ്റം വരുത്തിക്കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ചേലക്കര മണ്ഡലം പട്ടികജാതി കോളനികളുള്ളതും പിന്നോക്ക കർഷകർ താമസിക്കുന്നതും ചുറ്റും ഭാരതപ്പുഴ ഉണ്ടെന്ന സവിശേഷത കൂടിയുള്ളതുമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അവിടെ നല്ല ഇടപെടൽ നടത്തി ചെക്ക്ഡാമുകൾ പണി പൂർത്തീകരിക്കാനും ചിലതെല്ലാം തുടങ്ങിവയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. ചേലക്കര മണ്ഡലത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് പദ്ധതി അനുവദിച്ചുതരണമെന്ന വിനീതമായ അഭ്യർത്ഥനയുണ്ട്. കഴിഞ്ഞ ദിവസം വില്ല്വാദ്രിനാഥ ക്ഷേത്രത്തിൽ തീപിടുത്തമുണ്ടായപ്പോൾ 30-40 കിലോമീറ്റർ ദൂരത്തുനിന്നാണ് ഫയർഫോഴ്സ് എത്തിയത്. ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സൗജന്യമായി സ്ഥലം അനുവദിച്ചുതരാമെന്നുള്ള കത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. കഴിയുമെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. റോജി എം. ജോൺ : സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിന്റെ സമ്പദ്ഘടന സുസ്ഥിരമാക്കാനോ ഇന്ന് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനോ ഉപകരിക്കുന്നതല്ല എന്നതുകൊണ്ടുതന്നെ ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ കേരളത്തിന്റെ മൊത്തം കടം നടപ്പുവർഷത്തെ 2,10,789 കോടി രൂപയിൽനിന്നും 2,37,265 കോടിരൂപയായി ഉയരും. ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ട് വർഷത്തിനകം സംസ്ഥാനത്തിന്റെ കടം 53,419 കോടി രൂപയായി കൂടിയിരിക്കുന്നു. അതിനനുസൃതമായി സംസ്ഥാനത്ത് അടിസ്ഥാന

സൗകര്യ വികസനത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഈ ബഡ്ജറ്റ് ശ്രീ. എം. കൃഷ്ണൻനായരുടെ സാഹിത്യ വാരഫലം പോലെയാണ്. കഴിഞ്ഞതവണ അങ്ങ് എം. ടി.-യെ പരാമർശിച്ചു. ഇത്തവണ ശ്രീമതി സുഗതകുമാരി ടീച്ചർ മുതൽ ബാലാമണി അമ്മ വരെയുള്ള സമസ്ത സാഹിത്യകാരന്മാരെയും പ്രതിപാദിച്ചു. ഇവരാരും ഈ സഭയിൽ അംഗങ്ങൾ അല്ലാത്തതിനാൽ അങ്ങേയ്ക്ക് ആശ്വസിക്കാം. അംഗങ്ങളായിരുന്നുവെങ്കിൽ തീർച്ചയായും അവർ അവകാശലംഘന നോട്ടീസ് നൽകുമായിരുന്നു. എന്തായാലും ഈ ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ കേരളത്തിലെ ജനങ്ങളുടെ അവസ്ഥ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ 'വഞ്ചകി" എന്ന കവിതയിലെ അവസ്ഥയായിപ്പോയി. കാരണം, സംസ്ഥാനം നേരിടുന്ന കാതലായ പ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിൽ ഇല്ല. വിലക്കയറ്റം നിയന്ത്രിക്കാൻ എന്ത് നടപടിയാണ് ഈ ബഡ്ജറ്റിലുള്ളത്? പെട്രോളിന്റെയും ഡീസലിന്റെയും നികുതിയിനത്തിൽ സംസ്ഥാനം നടത്തുന്ന കൊള്ള നിർബാധം തുടർന്നുകൊണ്ടിരിക്കുമെന്നാണ് ബഹുമാന്യനായ മന്ത്രി പറയുന്നത്. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രി എന്ന നിലയിലാണ് പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിന്റെ കാര്യത്തിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും നിലപാട് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് കേരളത്തിലെ റോഡുകളുടെ അവസ്ഥയെന്താണ്? യു.എസ്. പ്രതിനിധി സഭയിൽ 2 അംഗങ്ങൾ കഴിഞ്ഞ ദിവസം ഒരു ബിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത ബില്ലിൽ പാക്കിസ്ഥാന് നൽകിവരുന്ന തുക ഹൈവേ ട്രസ്റ്റ് ഫണ്ടിലേയ്ക്ക് വകമാറ്റി അമേരിക്കയിലെ റോഡുകൾ നന്നാക്കണമെന്നായിരുന്നു. വിചിത്രമായ കാര്യങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. റോഡുകൾ നന്നാക്കണമെന്നും എം.എൽ.എ.-മാരുടെ നിഷ്ക്രിയത്വം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ.ക്കാർ പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ ഇന്ന് സമരം നടത്തുകയാണ്. എന്താണ് ഇവിടെ നടക്കുന്നത്? സർക്കാർ എന്തെങ്കിലും ഫണ്ട് കൊടുത്താലല്ലേ എം.എൽ.എ.-മാർക്ക് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. എന്റെ നിയോജകമണ്ഡലത്തിൽ 217 കി.മീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താനായി 'ആനവായിൽ അമ്പഴങ്ങ' എന്നപോലെ കിട്ടിയത് വെറും രണ്ട് കോടിരൂപയാണ്. അതുകൊണ്ട് എന്തുചെയ്യാൻ സാധിക്കും? ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെ കുറ്റം പറയുന്നില്ല. കാരണം, അദ്ദേഹം കിട്ടുന്ന തുക വളരെ കൃത്യമായി എല്ലാ എം.എൽ.എ.-മാർക്കും വീതിച്ചുകൊടുക്കുന്നൊരാളാണ്. ധനകാര്യ വകുപ്പുമന്ത്രി കുറച്ചുകൂടി തുക പൊതുമരാമത്ത് വകുപ്പിന് കൊടുത്ത് നമ്മുടെ സംസ്ഥാനത്തെ റോഡുകൾ നന്നാക്കാനുള്ള നടപടിഉണ്ടാകണം. നമ്മുടെ നാട്ടിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത് റോഡുകൾ നന്നാകണമെന്നാണ്. വലിയ പദ്ധതികൾ അങ്ങ് പ്രഖ്യാപിക്കുന്നുണ്ട്. ജില്ലാ പാതകളും ഗ്രാമീണ പാതകളും പൊതുമരാമത്തിന്റെ റോഡുകളും പാലങ്ങളുമൊക്കെ

നന്നാക്കുന്നതിന് ആവശ്യമായിട്ടുള്ള തുക അനുവദിക്കണം. അങ്ങ് എത്രയധികം കവിതകൾ ഉദ്ധരിച്ചു. ശ്രീ. ജി. സുധാകരന്റെ ഒരു കവിതയെങ്കിലും മറുപടി പ്രസംഗത്തിൽ പരാമർശിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് നല്ലൊരു ഗവേഷകനാണ്. ക്ഷേമ പെൻഷനുകൾ വെട്ടിക്കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനുംവേണ്ടി ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആദായ നികുതി കൊടുക്കുന്ന ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവിടെയുള്ളവർക്ക് ക്ഷേമപെൻഷനുകൾക്ക് യോഗ്യതയില്ലെന്നാണ് അങ്ങ് പറയുന്നത്. ഇതെന്ത് ന്യായമാണ്?

(അദ്ധ്യക്ഷ വേദിയിൽ മി. സ്പീക്കർ)

മരുമകൾ അല്ലെങ്കിൽ മരുമകൻ ആദായ നികുതി കൊടുക്കുന്നുണ്ട് എന്ന പേരിൽ അമ്മായിയപ്പനും അമ്മായിയമ്മയ്ക്കും അവർ സംരക്ഷണം കൊടുക്കണമെന്നുണ്ടോ; അവർക്ക് ക്ഷേമപെൻഷൻ കൊടുക്കേണ്ടതില്ലെന്നാണോ ഈ സർക്കാർ ഉദ്ദേശിക്കുന്നത്? ക്ഷേമപെൻഷൻ ലഭിക്കുന്നവരുടെ യോഗ്യതകൾ മാത്രം വിലയിരുത്തി അവർക്ക് പെൻഷൻ ലഭിക്കുന്ന തരത്തിലേയ്ക്ക് പദ്ധതികൾ വികസിപ്പിച്ചെടുക്കണം. അത്തരത്തിലൊരു സമീപനം ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇപ്പോൾ പഞ്ചായത്തുകളിലൊന്നും പദ്ധതികൾ നടക്കുന്നില്ല. അവിടെ എ.ഇ.-മാരോ ഓവർസിയർമാരോ അക്കൗണ്ടന്റുമാരോ ഒന്നുമില്ല. നമ്മൾ ചീഫ് എഞ്ചിനീയർമാരെ വിളിക്കുമ്പോൾ നിയമിക്കാനാളില്ല, ഞങ്ങൾ എവിടെനിന്നെടുത്ത് തരുമെന്നാണ് അവർ ചോദിക്കുന്നത്. ഇത് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തുകളിൽ പദ്ധതികൾ നിർവ്വഹിക്കണമെങ്കിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കണം. അങ്ങിവിടെ അപ്രഖ്യാപിതമായിട്ടുള്ള നിയമന നിരോധനം നടത്തിയിരിക്കുകയാണ്. ഇവിടത്തെ ചെറുപ്പക്കാർക്ക് തൊഴിൽ കിട്ടുന്നില്ല; സർക്കാരുമായും പഞ്ചായത്തുകളുമായും ബന്ധപ്പെട്ട് നടക്കേണ്ട പ്രവൃത്തികൾ നടക്കുന്നില്ല. ഇവിടെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്നാണ് അങ്ങ് ബഡ്ജറ്റിൽ പറഞ്ഞത്. ശ്രീ. ഉബൈദുള്ള സൂചിപ്പിച്ചതുപോലെ എന്റെ മണ്ഡലമായ അങ്കമാലിയിലും ശ്രീ. ശബരീനാഥൻ എം.എൽ.എ.യുടെ മണ്ഡലത്തിലും താലൂക്ക് ആശുപത്രിയുണ്ട്. അവിടെ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാനുള്ള യാതൊരു നടപടിയും ഇതുവരെയും ഉണ്ടായിട്ടില്ല. എന്നിട്ടും എല്ലാ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആയിക്കഴിഞ്ഞിരിക്കുന്നു എന്നാണ് അങ്ങിവിടെ സൂചിപ്പിച്ചത്. ശ്രീ. ഷംസീറിനെപ്പോലുള്ള ആളുകൾ അന്ധമായ കോൺഗ്രസ് വിരോധംകൊണ്ട് യാഥാർത്ഥ്യങ്ങൾ ബോധപൂർവ്വം വിസ്മരിക്കുകയാണ്. അദ്ദേഹം പറയുന്നത്, സി.പി.ഐ.(എം) ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങളും സാഹിത്യകാരൻമാരും പൂർണ്ണ സുരക്ഷിതരാണെന്നാണ്. ഇന്നത്തെ സബ്മിഷനെടുത്ത് പരിശോധിച്ചാൽ അതിൽ ഒന്ന്, ശ്രീ. മുല്ലക്കര രത്നാകരൻ അവതരിപ്പിച്ച സബ്മിഷനിൽ

കവി കുരീപ്പുഴ ശ്രീകുമാറിന് നേരെയുള്ള ആക്രമണം സംബന്ധിച്ചാണ്. രണ്ട്, ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച സബ്മിഷനിൽ കുമ്പനാട് ഒരു ക്രിസ്ത്യൻ പള്ളിയെ ആക്രമിക്കപ്പെട്ടത് സംബന്ധിച്ചാണ്. ഇവിടെ ക്രിസ്ത്യൻ പള്ളികൾ ആക്രമിക്കപ്പെടുന്നു, കുരീപ്പുഴ ശ്രീകുമാറെന്ന കവി ആക്രമിക്കപ്പെട്ടിരിക്കുന്നു. സി.പി.ഐ.(എം) ഭരിക്കുന്ന സംസ്ഥാനത്താണ് ഇത് നടക്കുന്നതെന്ന വസ്തുത നിങ്ങൾ വിസ്മരിക്കാൻ പാടില്ല.

ഈ രാജ്യത്ത് മതേതരത്വം സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്ന മതേതര ജനാധിപത്യ വിശ്വാസികൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ അണിനിരക്കാൻ തയ്യാറായിവരുമ്പോൾ ഇവിടെ അന്ധമായ കോൺഗ്രസ് വിരോധംമൂലം കേരളത്തിലുള്ള സി.പി.ഐ.(എം) സ്വീകരിക്കുന്ന നിലപാടിന് ചരിത്രം മാപ്പുതരില്ലെന്നുമാത്രമല്ല ഇതൊരു ചരിത്രപരമായ മണ്ടത്തരമായിരുന്നു വെന്ന് നിങ്ങൾക്ക് ഏറ്റുപറയേണ്ടിവരുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഞാൻ ബഡ്ജറ്റിനെ പിന്താങ്ങുന്നു. ബഡ്ജറ്റെന്ന നിലയിൽ ഒരുവർഷത്തെ വരവും ചെലവും സംബന്ധിച്ചുള്ള സർക്കാരിന്റെ പരിപ്രേക്ഷ്യം എന്നതിനപ്പുറമായി ഒരു ഇടതുപക്ഷ ബദൽ അവതരിപ്പിക്കാനുള്ള സംവിധാനം ഈ ബഡ്ജറ്റിൽ ഉടനീളം കാണാനാകും. അതിന്റെ ഉള്ളടക്കത്തിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഒന്നുരണ്ട് ആവശ്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിക്കുകയാണ്. വളരെ പ്രശസ്തമായ ഔഷധ സസ്യങ്ങളെക്കുറിച്ച് വിശദീകരിക്കുന്ന ഹോർത്തൂസ് മലബാറിക്കസ് എന്ന മഹത്ഗ്രന്ഥത്തിന്റെ രചയിതാക്കളിൽ പങ്കാളിയായിട്ടുള്ള ശ്രീ. ടി. അച്യുതൻ വൈദ്യർക്ക് ഒരു സംരക്ഷിത സ്മാരകവും അവിടെയൊരു ഔഷധ ഉദ്യാനവും നിർമ്മിക്കുമെന്ന് അങ്ങ് പറഞ്ഞിരുന്നു. അത് ബഡ്ജറ്റിൽ കൂട്ടിച്ചേർക്കണമെന്ന് അറിയിക്കുകയാണ്. അതുപോലെതന്നെ അങ്ങയുടെ ആദ്യ ബഡ്ജറ്റുമുതൽ മൂന്നാമത്തെ ബഡ്ജറ്റുവരെ അവതരിപ്പിക്കുമ്പോൾ ജില്ലാ/താലൂക്ക് ആശുപത്രികളിലെ ഇൻഫ്രാസ്ട്രക്ച്ചറും നാലായിരത്തിൽപ്പരം നിയമനങ്ങളും എല്ലാം നടത്തിയിട്ടുണ്ട്. പക്ഷേ ഇതിനിടയിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുണ്ട്. ഒരു ബ്ലോക്കിൽ ഒരു സി.എച്ച്.സി. എങ്കിലും 24 മണിക്കൂറും ചികിത്സാ സൗകര്യമുള്ള ആശുപത്രിയാക്കി മാറ്റുന്നതിന് ആവശ്യമായ സ്റ്റാഫ് സ്ട്രെങ്ത് നൽകിയാൽ ജില്ലാ/താലൂക്ക് ആശുകളിലേക്കുള്ള ഒഴുക്ക് ഒരു പരിധിയോളം തടയാൻ കഴിയും. അങ്ങ് മൂന്ന് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടും സി.എച്ച്.സി.-കളുടെ കാര്യത്തിൽ ഒരു പരിഗണന നൽകിയിട്ടില്ല. ആലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടെ അഭിമുഖീകരിക്കുന്നൊരു പ്രശ്നമായതുകൊണ്ട് അത് ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മറ്റൊന്ന്, 2006-ൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ഉന്നയിച്ച വിഷയമാണ്; എന്റെ നിയോജകമണ്ഡലമായ അരൂരിൽ സംസ്കൃത സർവ്വകലാശാല സെന്ററിന് ഒരു സബ്സെന്ററിന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നത്തിന്മേൽ കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് ഒരു ജി.ഒ. ഇറങ്ങിയിട്ടുണ്ടായിരുന്നു. അഞ്ച് ഏക്കർ സ്ഥലമെടുക്കുന്നതിനുവേണ്ടി പത്തുകോടി രൂപയെങ്കിലും നീക്കിവച്ചാൽ വളരെ പ്രയോജനമാകും. അതുപോലെ അടയ്ക്കാ കർഷകരുടെ കാര്യത്തിൽ 2011 മുതൽ 2017 വരെ സി-ഫോം ഹാജരാക്കി കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുള്ളതാണ്. ക്ലോസ് ചെയ്തുപോയ കണക്കുകൾ റീ-ഓപ്പൺ ചെയ്ത് വീണ്ടും പണമടയ്ക്കണമെന്ന് പറഞ്ഞാൽ ഭീമമായ ഭാരമായിരിക്കും അടയ്ക്കാ വ്യാപാരികളുടെമേൽ ഉണ്ടാകാൻ പോകുന്നത്. അതിന് പരിഹാരമുണ്ടാക്കാൻ അങ്ങ് ഇടപെടണം.

4.00 PM]

ഈ ബഡ്ജറ്റ് അവതരണ കാലഘട്ടത്തിൽ കോൺഗ്രസിന്റെയും ബി.ജെ.പി.യുടെയും യജമാന രാജ്യമായ അമേരിക്കയുടെ ഖജനാവ് പൂട്ടി. ബാങ്കുകളെല്ലാം പൂട്ടിക്കൊണ്ടിരിക്കുകയാണ്. നിത്യനിദാന ചെലവിനുപോലും അവർ ബുദ്ധിമുട്ടുന്നുവെന്നാണ് വാർത്തകൾ വന്നുകൊണ്ടിരിക്കുന്നത്. 19-ാം തീയതി യോഗി ആദിത്യനാഥിന്റെ ഒരു പ്രസ്താവന കണ്ടു. അതിൽ ശ്രീ. നരേന്ദ്ര മോദിയുടെ വഴിയാണ് ട്രംപ് സ്വീകരിക്കുന്നതെന്നാണ് പറയുന്നത്. മനോരമയിൽ പറഞ്ഞിരിക്കുന്നത് " ട്രംപ് അനുകരിക്കുന്നത് മോദിയുടെ വികസന മാതൃക" - യോഗി ആദിത്യനാഥ് എന്നാണ്. 20-ാം തീയതിയിലെ പത്രത്തിൽ വന്ന വാർത്ത യു.എസ്. ഖജനാവ് പൂട്ടിയെന്നാണ്. എന്തായാലും ശ്രീ. നരേന്ദ്ര മോദിയുടെ വഴിയേ പോയ ട്രംപും ട്രംപിന്റെ വഴിയേ പോകുന്ന ശ്രീ. നരേന്ദ്ര മോദിയും രണ്ട് കൂട്ടരും ആ രാജ്യങ്ങളിലെ ജനങ്ങളെ വഴിയാധാരമാക്കുകയാണ്. ഇന്ത്യ നേരെചൊവ്വേ സഞ്ചരിച്ച് ചൈനയെക്കാളും മുന്നിലെത്തണമെന്നാണ് ഞങ്ങൾ വാദിക്കുന്നത്. പക്ഷേ ഞങ്ങളെ ചൈനാ ചാരൻമാരെന്നാണ് ഇവർ വിളിക്കുന്നത്. പകരം ഇവരെ നമ്മൾ അമേരിക്കൻ ചാരൻമാരെന്നൊന്നും വിളിക്കുന്നില്ല. നോട്ട് അസാധുവാക്കി നടത്തിയ നാടകങ്ങളും ജി.എസ്.ടി.യും ചേർന്ന് തകർത്ത് തരിപ്പണമാക്കിയ ഇന്ത്യൻ സമ്പദ്ഘടനയുടെ അവസ്ഥാവിശേഷം പറയാൻ സമയമില്ല. സ്വിറ്റ്സർലന്റിലെ ദാവോസിൽ നടന്ന ലോക സാമ്പത്തികഫോറം റിപ്പോർട്ടിൽ 79 വികസ്വര രാജ്യങ്ങളുടെ സമഗ്ര വളർച്ചാ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം അറുപതാമതാണ്. ചൈന 15-ാം സ്ഥാനത്തും നേപ്പാൾ 27-ാം സ്ഥാനത്തുമാണ്. ഓക്സ്ഫോർഡ് റിപ്പോർട്ടിലും ഇന്ത്യയെക്കുറിച്ചുള്ള ചിത്രമിതാണ്. ശ്രീ. നരേന്ദ്ര മോദി വന്നതുകൊണ്ട് ഇന്ത്യയുടെ സ്ഥാനം അറുപതാമത് എത്തിച്ചുവെന്നതല്ല, ഐക്യരാഷ്ട്ര സഭയുടെ Poverty Index-ൽ, ദാരിദ്ര്യ രേഖാ സൂചിക പ്രകാരം യു.പി.എ. ഭരണകാലത്ത് ഇന്ത്യയുടെ സ്ഥാനം 112 ആയിരുന്നു. ആ ഇന്ത്യയുടെ ഭാഗമായി നിൽക്കുന്ന കേരളമാണ് ഇവർ വരുത്തിവച്ച കടുത്ത സാമ്പത്തിക ബാധ്യതയും കുടിശ്ശികയും വച്ചുകൊണ്ട് സാധ്യമാകുന്ന അത്ഭുതങ്ങൾ സൃഷ്ടിച്ചത്. അങ്ങനെ ഇവർ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ വിഭാവന ചെയ്തിട്ടും നടക്കാതെ പോയ ഒന്നാണ് കിഫ്ബി. ആ കിഫ്ബിയെ സംബന്ധിച്ച പരാതി ഇതുവരെയും തീർന്നിട്ടില്ല. ഇന്നലത്തെ ചോദ്യോത്തരവേളയിൽ കിഫ്ബിയെ

സംബന്ധിച്ച് ശ്രീ. വി. ഡി. സതീശന്റെ ഒരു പ്രസ്താവനയാണ് ക്വാട്ട് ചെയ്തത്. 'വിവരമില്ലാത്തവർ മനസ്സിലാക്കട്ടെ' എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കമന്റ് ചെയ്തു. 'കേരളത്തെ കടക്കെണിയിലാക്കിയെന്ന പ്രസ്താവന' കൊടുത്തുകൊണ്ടിരിക്കുന്നത് ശ്രീ. വി. ഡി. സതീശനാണ്. എന്തായാലും അവർ പ്രചരിപ്പിക്കുന്ന കള്ള പ്രചാരവേലയ്ക്ക് അങ്ങ് കൊടുത്ത മറുപടിയോടുകൂടി തെളിച്ചം വന്നിട്ടുണ്ടാകും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കിഫ്ബിയെക്കുറിച്ച് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ച നക്ഷത്ര ചിഹ്നമിടാത്ത 3142- ാം നമ്പർ ചോദ്യത്തിന് ഉത്തരമായി അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി മറുപടിയിൽ പറയുന്നത് "അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് വഴി 2015-16 സാമ്പത്തിക വർഷത്തിൽ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വൻകിട പദ്ധതികൾക്കാവശ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ് " എന്നാണ്. ശ്രീ. എസ്. ശർമ്മ 8-2-2016-ന് 95-ാം നമ്പറായി ചോദിച്ച ചോദ്യത്തിൽ പറയുന്നതും "കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികളൊന്നും നേരിട്ട് നടപ്പാക്കുന്നില്ല. എന്നാൽ ഇപ്പോൾ നടന്നുവരുന്നതും സമീപകാലത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതുമായ വിഴിഞ്ഞം തുറമുഖം, കൊച്ചി മെട്രോ രണ്ടാംഘട്ടം, തിരുവനന്തപുരം-കോഴിക്കോട് ലൈറ്റ് മെട്രോ, തിരുവനന്തപുരം-ചെങ്ങന്നൂർ അതിവേഗ റെയിൽ ഇടനാഴി, വൈറ്റില മൊബിലിറ്റി ഹബ്ബ് രണ്ടാംഘട്ടം മുതലായ പദ്ധതികൾക്കാവശ്യമായ ഫണ്ട് സമാഹരിക്കുന്നതിനുള്ള പ്രാരംഭ നടപടി ബോർഡ് സ്വീകരിച്ചുവരുന്നു" എന്നാണ്. 'ഇത് ഞങ്ങളുടെതാണെന്ന്' കഴിഞ്ഞ നിയമസഭാ സമ്മേളനത്തിലും ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ഒരു വർഷക്കാലം കിഫ്ബിയെ ആക്ഷേപിച്ച ഇവർ ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രസംഗം കഴിഞ്ഞപ്പോൾ ശ്രീ. വി. ടി. ബൽറാം കരുതിവച്ചിരുന്ന തോർത്തുമുണ്ട് തലയിലിട്ട് പോകേണ്ട അവസ്ഥയാണ് വന്നത്. എൽ.ഡി.എഫ്, യു.ഡി.എഫ് വ്യത്യാസമില്ലാതെ എല്ലാവരുടെയും മണ്ഡലത്തിൽ 45,000 ക്ലാസ് മുറികൾ ഹൈടെക്ക് ആയിക്കൊണ്ടിരിക്കുന്നു. അതെങ്കിലും പറയാനുള്ള സാമാന്യ മര്യാദ ഇവർ കാണിക്കുന്നുണ്ടോ? ഒന്നരക്കൊല്ലം കൊണ്ട് എന്തൊക്കെ ചെയ്തുവെന്ന് ചോദിക്കുന്നവർക്കുള്ള മറുപടിയാണ് ഇത്. ശ്രീ. കെ. കെ. ജയചന്ദ്രന്റെ 3175-ാം നമ്പർ ചോദ്യം ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാതെ പോയതുമായ പദ്ധതികളെ സംബന്ധിച്ചാണ്. കഴിഞ്ഞ അഞ്ചുവർഷം 85 പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടും നടപ്പാക്കാൻ കഴിയാതെ പോയെന്ന ഉത്തരമാണ് ശ്രീ. ഉമ്മൻ ചാണ്ടി തന്നിരിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കുന്ന പദ്ധതി, ശതാബ്ദി ആഘോഷിക്കുന്ന സ്കൂളുകൾക്ക് 2 ലക്ഷം രൂപ നൽകുന്ന പദ്ധതി ഇങ്ങനെ

ഇവർ പ്രഖ്യാപിച്ച് നടപ്പാക്കാതെപോയ പദ്ധതികൾ ഒന്നരക്കൊല്ലംകൊണ്ട് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ പ്രഖ്യാപിച്ചിട്ട് നടപ്പാക്കാൻ കഴിയാത്ത ആൾക്കാരാണ് ഇതേക്കുറിച്ച് വലിയ വിവാദ കോലാഹലങ്ങൾ ഉയർത്തുന്നത്. ഇന്നത്തെ അടിയന്തര പ്രമേയത്തിൽ സർക്കാരിന് എന്ത് വീഴ്ചയാണുണ്ടായതെന്ന ഒരു വാക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവെങ്കിലും പറഞ്ഞോ? ചെക്ക് കേസുമായി ബന്ധപ്പെട്ട് ഇന്ത്യക്കുപുറത്തുനടന്ന കാര്യങ്ങളെച്ചൊല്ലിയാണ് ഇവർ ആക്ഷേപം ഉന്നയിച്ചത്. അവർ കേൾക്കാനില്ലെങ്കിലും സഭാ രേഖയിൽ വരട്ടെ എന്നാണ് ഉന്നയിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉന്നം, രണ്ടുമൂന്നു പ്രാവശ്യം സോളാർ വിവാദമെന്ന് പറയുകയുണ്ടായി. ഇത് പറയിപ്പിക്കാനുള്ള അദ്ദേഹത്തിന്റെ തന്ത്രമാണ്. അദ്ദേഹം ഉന്നംവയ്ക്കുന്നത് ആരെയാണെന്ന് എല്ലാവർക്കും നന്നായി അറിയാം. അതേക്കുറിച്ചുള്ള വിവാദമുണ്ടാക്കി വീണ്ടും ശ്രീ. ഉമ്മൻ ചാണ്ടിയിലേക്ക് കേന്ദ്രീകരിക്കത്തക്ക രീതിയിലുള്ള അദ്ദേഹത്തിന്റെ തന്ത്രം തത്കാലം വിജയിക്കില്ല.

ഓഖി ദുരന്തം വിതച്ച മുറിവുകളെക്കൂടി കണക്കാക്കിയാണ് ബഡ്ജറ്റ് അവതരണം നടന്നത്. എനിക്ക് ഇപ്പോഴും മനസ്സിലാകാത്ത കാര്യം 29-ാം തീയതി മുന്നറിയിപ്പ് കൊടുത്തോ എന്നുള്ള ചോദ്യങ്ങളാണ് ആ സമയംമുതൽ പ്രതിപക്ഷം ഉയർത്തിക്കൊണ്ടിരിക്കുന്നത്. 29-ാം തീയതി രാവിലെ പത്ത് മണിയാകുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളി കുളിച്ച് റെഡിയായി കടലിലേക്ക് പോവുകയാണോ ചെയ്യുന്നത്; 28-ാം തീയതിയോ 25-ാം തീയതിയോ അതിരാവിലേ പോകും. ചിലപ്പോൾ ആഴ്ചകൾക്കു മുമ്പേ പോകും. അതാണ് അവരുടെ ജീവനും ജീവിതവും. എങ്ങനെയാണ് രാവിലെ അറിയിപ്പ് കിട്ടിയാലുടൻ കടലിൽ എത്തിക്കാൻ കഴിയുന്നത്? അറിയിപ്പ് നൽകുന്നത് കേന്ദ്ര സർക്കാരാണെങ്കിൽ അവരെ രക്ഷിക്കാനുള്ള എല്ലാ സംവിധാനവും കേന്ദ്ര സർക്കാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. നേവി, പ്രതിരോധ സംവിധാനങ്ങൾ, ഹെലികോപ്ടർ, കപ്പലുകൾ എല്ലാം അവരിലാണ്. നമ്മെ അറിയിച്ചാൽ, നമുക്ക് കോസ്റ്റ് ഗാർഡ് മാത്രമാണുള്ളത്. കോസ്റ്റ് ഗാർഡ് രക്ഷിച്ചില്ലെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ കേന്ദ്ര സർക്കാരിനെ പ്രതിക്കൂട്ടിലാക്കി അവർ ചെയ്യാത്ത കാര്യങ്ങൾ ജനമധ്യത്തിൽ അവതരിപ്പിക്കാമായിരുന്നു. അപ്പോഴും ദുഷ്ടലാക്കോടുകൂടി കേരളത്തിലെ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് 29-ാം തീയതി എത്ര മണിക്ക് അറിയിച്ചുവെന്ന് ചോദിച്ചാണ്. വളരെ ദിവസങ്ങൾക്കു മുമ്പേ പോകുന്നവരെ എങ്ങനെ അറിയിക്കാൻ കഴിയും. അതിനുള്ള സംവിധാനം ഐ.എസ്.ആർ.ഒ.-യുമായി ബന്ധപ്പെട്ടുണ്ടാക്കിയാൽ മാത്രമേ രക്ഷിക്കാൻ കഴിയൂ. അതാണ് ഇപ്പോൾ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. 2000 കോടി രൂപയുടെ പാക്കേജിനോടൊപ്പം തന്നെ അവരുടെ ജീവിത സുരക്ഷാ പദ്ധതിക്ക് ഊന്നൽ നൽകുന്നു. ആ മാറ്റത്തെ കണ്ടിട്ടുപോലും നല്ല വാക്ക് പറയാനുള്ള സന്മനസ്സ് അവർക്ക് ഇല്ല. ഇക്കാര്യത്തിലെല്ലാം ശ്രീ. കുമ്മനം രാജശേഖരനോടാണ് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് കടപ്പാട്. ശ്രീ. മോഹൻ ഭഗവതിനെ എന്തുകൊണ്ട് അറസ്റ്റ് ചെയ്യുന്നില്ലെന്ന് ഇടയ്ക്കിടെ അദ്ദേഹം ചോദിക്കും.

ഇതുതന്നെയാണ് ലക്ഷ്യം. ശ്രീ. മോഹൻ ഭഗവതിനെ അറസ്റ്റ് ചെയ്യുന്നില്ലെന്നതാണ് അദ്ദേഹത്തിന്റെ പരാതി. ആർ.എസ്.എസ്-ന്റെ സർസംഘചാലക് മോഹൻ ഭഗവത്, ആർ.എസ്.എസ്. കാരെ സി.പി.ഐ.(എം)-കാർ കൊല്ലുന്നുവെന്ന് പറഞ്ഞ് ശ്രീ. അമിത് ഷായെയും ശ്രീ. രാജ്നാഥ് സിംഗ്-നെയും യോഗി ആദിത്യനാഥിനെയും വിളിച്ചുകൊണ്ട് വന്ന് അലമുറയിട്ട് കരയുകയാണ്. ഇവിടെ രക്ഷയില്ലെന്ന് പറയുമ്പോൾ പണവും സ്ഥാനമാനവും കിട്ടാൻവേണ്ടിയാണ് അലമുറയിടുന്നത്. ഇവിടത്തെ ഗവൺമെന്റിനെ പിരിച്ചുവിടുന്നതിനുള്ള ഗ്രൗണ്ട് ഉറപ്പിക്കുകയാണ് അലമുറയിടുന്നതിന്റെ ഉദ്ദേശം. വിവരംകെട്ട മനേജ്മെന്റ് കാണിച്ച നടപടിയുടെ അടിസ്ഥാനത്തിൽ ആർ.എസ്.എസ്. സർസംഘചാലകിനെ അറസ്റ്റ് ചെയ്താൽ ഇന്ത്യയൊട്ടാകെ മലയാളികളെ ആക്രമിക്കും. അവർക്ക് വല്ല വിവരവും വിദ്യാഭ്യാസവുമുണ്ടോ; ഇന്ത്യയൊട്ടാകെ ആക്രമിച്ച് കൊലവിളി നടത്തും. അതിന്റെ അടിസ്ഥാനത്തിൽ അവിടെയുണ്ടാകുന്ന കലാപത്തിന്റെ പേരിൽ ഈ സർക്കാരിനെ പിരിച്ചുവിടാമെന്നാണ് പ്രതിപക്ഷനേതാവിന്റെ വിചാരം. ശ്രീ. കുമ്മനം രാജശേഖരനും അതേ വിചാരമാണ്. ശ്രീ. കുമ്മനം രാജശേഖരന്റെ അനുജനായി അദ്ദേഹം മാറുന്നോ എന്നതാണ് സംശയം. 'ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണീര് കണ്ടാൽ മതി' എന്നതാണ് അവരുടെ ശൈലി. ഒരു വിഷയവുമില്ലാതെ പ്രതിപക്ഷം വെറുതേ ഓരോന്ന് ആരോപിക്കുകയാണ്. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹ്യക്ഷേമം, പശ്ചാത്തല വികസനം തുടങ്ങിയ രംഗങ്ങളിൽ എന്താണ് കേന്ദ്രത്തിന്റെ നയം? എന്താണ് യു.ഡി.എഫ്-ന്റെ നയം? ഇത് ഒരു താരതമ്യ പഠനത്തിന് വിധേയമാക്കണ്ടേ? അവർ വിത്തെടുത്ത് കുത്തുകയാണ്. ഒരു ലക്ഷം കോടി രൂപയുടെ ഓഹരി വിറ്റഴിച്ചാൽ കിട്ടുന്ന പണമാണ് മൂലധനമായി കണക്കാക്കുന്നത്. 2000 കോടി രൂപയാണ് ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടിയുള്ളത്. അതാണോ ഇവിടത്തെ സ്ഥിതി? 4 കൊല്ലം ഒന്നും ചെയ്യാതിരുന്നശേഷം തെരഞ്ഞെടുപ്പ് തോൽവികൾ വരാൻ തുടങ്ങിയപ്പോൾ ജനമധ്യത്തിൽ ഒറ്റപ്പെട്ടുവെന്ന് മനസ്സിലാക്കിയപ്പോൾ അവതരിപ്പിക്കപ്പെട്ട കേന്ദ്ര ബഡ്ജറ്റിലാണ് കുറേ പ്രഖ്യാപനം നടത്തിയത്. കർഷകർക്ക് ഒരു പണവും നീക്കിവച്ചിട്ടില്ല. ഇന്ത്യയിലൊട്ടാകെ കർഷകരുടെ പ്രക്ഷോഭങ്ങൾ ഉയർന്നുവന്നു. ഇപ്പോഴാണ് കർഷകരെക്കുറിച്ച് ചിന്തിക്കുന്നത്. അത്തരത്തിൽ ഇടതുപക്ഷ ബദൽ എല്ലാ രംഗത്തും അവതരിപ്പിച്ചുകൊണ്ട് ജനകീയ മുഖത്തോടെ ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടുകൊണ്ട് പരിഹാരമുണ്ടാക്കാൻ കഴിഞ്ഞ ഈ ബഡ്ജറ്റിനെക്കുറിച്ച് പൊതുവേ എല്ലാവരും പ്രതിസന്ധിയുടെയും പ്രതിബന്ധങ്ങളുടെയും നടുവിൽ നിന്നുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തിന് വലിയ ഒരു പരിപ്രേക്ഷ്യമാണ് മുന്നോട്ട് വയ്ക്കുന്നത്. അതോടൊപ്പം പശ്ചാത്തല വികസനത്തിൽ കിഫ്ബിയെന്ന പ്രസ്ഥാനം തുടങ്ങിവച്ച പ്രവർത്തനം പൂർത്തീകരിക്കപ്പെടുന്നതോടുകൂടി കേരളത്തിന്റെ വികസനരംഗത്ത് വലിയ മാറ്റമാണ് സംഭവിക്കാൻ പോകുന്നത്. ആ മാറ്റം വലിയ മുന്നേറ്റമായിരിക്കും. അത് കേരളത്തിന്റെ വികസനത്തിന് ഉതകുന്ന ഒന്നായി മാറിത്തീരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

## IX അറിയിപ്പ്

മി. സ്പീക്കർ: ഒരു അറിയിപ്പുണ്ട്, അത് നേരത്തെയും നൽകിയിരുന്നതാണ്. ഇന്ന് സഭാ സമ്മേളനത്തിനുശേഷം ബാങ്ക്വറ്റ് ഹാളിൽ കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രവും കേരള പത്ര പ്രവർത്തക യൂണിയൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ 'കേരളത്തിന്റെ സമ്പദ്ഘടന ജി.എസ്.ടി.ക്ക് ശേഷം' എന്ന വിഷയത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിക്കുന്ന പ്രഭാഷണമുണ്ടായിരിക്കുന്നതാണ്. എല്ലാ നിയമസഭാംഗങ്ങളും പരിപാടിയിൽ പങ്കെടുക്കണമെന്ന് താത്പര്യപ്പെടുന്നു.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ഫെബ്രുവരി മാസം 7-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.13-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.